# MBC

## മലയാളം
## ബൈബിൾ കമെന്ററി

# 1 യോഹന്നാൻ

JOHNSON POOMALA

# മലയാളം ബൈബിൾ കമെന്ററി

## 1 യോഹന്നാൻ
(യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം)

ജോൺസൺ പൂമല

johnsonkk.69@gmail.com
+91 9400503238

# പ്രവേശിക

ദൈവം മനുഷ്യനോട് സ്ഥാപിച്ച നിയമവും ആ നിയമത്തിന്റെ വിശദീകരണവുമാണ് ബൈബിൾ എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ തിരുവെഴുത്തിന്റെ ഉള്ളടക്കം. ദൈവിക മാർഗ്ഗം ആഗ്രഹിക്കുന്ന വർക്കും അവലംബിക്കുന്നവർക്കും ആവശ്യമായ വഴിയും വെളിച്ചവും ഊർജ്ജവും അതിലൂടെ ലഭിക്കുന്നു. എന്നാൽ പ്രവാചകന്മാരായ തന്റെ ദാസന്മാരിലൂടെ ദൈവം എന്തെഴുതിയിരിക്കുന്നു എന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് ഓരോ വ്യക്തിയും അത് എങ്ങനെ വായിക്കുന്നു അഥവാ എങ്ങനെ മനസ്സിലാക്കുന്നു എന്നത് (ലൂക്കൊസ് 10:26).

എഴുതിയിരിക്കുന്നതുപോലെ തന്നെ വായിച്ച് മനസ്സിലാക്കാത്ത തിന്റെ ഫലമായിട്ടാണ് ക്രൈസ്തവ സമൂഹം ഇന്നത്തെ ലോകത്തിന് പലമുഖങ്ങളിൽ വെളിപ്പെട്ടിരിക്കുന്നത്.

ബൈബിൾ ശരിയായി മനസ്സിലാക്കുന്നവരെന്ന് അവകാശപ്പെടുന്ന വരുടെ ഇടയിൽ പോലും ബൈബിൾ ശരിയായി പ്രസംഗിക്കപ്പെടു ന്നില്ലായെന്നതാണ് വസ്തുത. ദൈവത്തോടും ദൈവവചനത്തോടും കൂറും പ്രതിബദ്ധതയും ഇല്ലാത്ത പ്രസംഗികൾ വചനശുശ്രൂഷ എന്ന പേരിൽ അവർക്കിഷ്ടമുള്ള വിഷയങ്ങൾ, മുറിവാക്യങ്ങൾ, കെട്ടു കഥകൾ മുതലായവകൊണ്ട് സ്റ്റേജിൽനിന്നും സ്റ്റേജിലേക്ക് ഓടുന്നു. (യിരെ. 23:21–22; മീഖാ 3:5). ഇത്തരം പ്രസംഗങ്ങൾ കേട്ട് മനസ്സ് മടുത്ത ക്രൈസ്തവ സമൂഹത്തിന് വചനശുശ്രൂഷ കേൾക്കുവാൻ താല്പര്യ മില്ലാതെയായി. അതിനുള്ള അടിസ്ഥാന കാരണം വചനത്തിന്റെ യഥാർത്ഥ രുചിയും മൂല്യവും അവർ അറിയാതെ പോയതുകൊണ്ടാണ്. (സങ്കീ. 119:103,127). അതിന്റെയെല്ലാം ഫലമായി മനുഷ്യനെ ദൈവിക വഴി അഭ്യസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള തിരുവെഴുത്തിന് വേണ്ടവിധം അതിന്റെ പ്രവൃത്തി നിറവേറ്റുവാൻ കഴിയുന്നില്ല; തൻ നിമിത്തം ദൈവ ജനം ക്രമം കെട്ട് നടക്കുന്നു. അവരെ ദൈവികവഴിയിലേക്ക് മടക്കിവ രുത്തണമെങ്കിൽ എസ്രാ ശാസ്ത്രിയെ പോലെ വചനം തെളിവായി

വായിച്ച് കേൾപ്പിക്കുകയും വായിച്ചത് ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞ് കൊടുക്കുകയും (നെഹ. 8:3,8) ചെയ്യുന്ന അഥവാ, വചനം ശരിയായി വിഭജിക്കുന്ന വേലക്കാരാണ് (2 തിമൊ. 2:15) ഇന്നിന്റെ ആവശ്യം.

ഈ മഹത്തായ ലക്ഷ്യത്തിന്റെ ഒരു പങ്ക് നിറവേറ്റുന്നതിനായി ദൈവം നല്കിയ കൃപക്ക് അനുസൃതമായ പരിശ്രമത്തിന്റെ ഫലമാണ് **മലയാളം ബൈബിൾ കമെന്ററി.** വ്യക്തി താല്പര്യങ്ങളും വിഭാഗീയ ചിന്തകളും ആവോളം അകറ്റി നിറുത്തി, ഈ ലേഖനം എഴുതിയപ്പോഴുള്ള ലേഖകന്റെ മനസ്സിനെ ഈ കാലഘട്ടത്തിലുള്ള അനുവാചകരിലേക്ക് പകരുക എന്നോരു ലക്ഷ്യമാണ് ഈ ഭാഷ്യത്തിനുള്ളത്. ഈ കൃതിയുടെ രചനയിൽ സഹായവും പ്രോത്സാഹനവും പ്രചോദനവും നല്കിയ എല്ലാവരെയും ഇത്തരുണത്തിൽ സ്മരിക്കുന്നതിനോടൊപ്പം ആവശ്യമായ പ്രകാശനവും വ്യക്തതയും നല്കിയ ദൈവത്തിന് നന്ദിയും മഹത്വവും അർപ്പിച്ചുകൊണ്ട്.

ക്രിസ്തുവിൽ സഹോദരൻ
**ജോൺസൺ പൂമല**

johnsonkk.69@gmail.com
+91 9400503238

# യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം

## ആമുഖം

യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന്റെ പഠനം ഇപ്പോൾ എത്തിനില്ക്കുന്നത് വലുതും ചെറുതുമായ നൂറോളം വേദപണ്ഡിതരുടെ തലമുറകളിലൂടെയുള്ള അദ്ധ്വാനത്തിന്റെ തോളിലാണ്.

ഓരോ ഗ്രന്ഥവും വ്യത്യസ്തമാണ്; ഓരോ രചനയ്ക്കു പുറകിലും ഗ്രന്ഥകർത്താവിന് പ്രത്യേക ലക്ഷ്യമുണ്ട്. അതുപോലെ തന്നെ **മലയാളം ബൈബിൾ കമന്ററി**യുടെ ആഭിമുഖ്യത്തിൽ യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന് ഒരു വ്യാഖ്യാനം ചമച്ചതിനും വ്യക്തമായ ലക്ഷ്യമുണ്ട്.

ഇംഗ്ലീഷ് ഭാഷയിൽ വേദവ്യാഖ്യാനഗ്രന്ഥങ്ങളുടെ ബാഹുല്യമുണ്ട്; പലതരത്തിലുള്ളതും തലത്തിലുള്ളതും അതിൽ ലഭ്യമാണ്. എന്നാൽ മലയാള ഭാഷയിൽ വ്യാഖ്യാനഗ്രന്ഥങ്ങളുടെ അഭാവമുണ്ടെന്ന് മാത്രമല്ല, വേദവ്യാഖ്യാനനിയമമനുസരിച്ച് ആഴത്തിലും സന്തുലിതമായും വേദഭാഗങ്ങൾ വിശദീകരിക്കുന്ന വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇല്ലെന്ന് പറയുന്നതാണ് കൂടുതൽ ശരി. ഈ കുറവ് നികത്തുക എന്നതാണ് **മലയാളം ബൈബിൾ കമെന്ററി**യുടെ പ്രഥമ ലക്ഷ്യം.

തികച്ചും വേദവ്യാഖ്യാനശാസ്ത്രം അടിസ്ഥാമാക്കിയാണ് യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം **മലയാളം ബൈബിൾ കമെന്ററി**യിൽ വിശദീകരിച്ചിട്ടുള്ളത്. ലേഖനകർത്താവിന്റെ സാഹചര്യം, എഴുതുവാൻ പ്രേരിപ്പിച്ച ചുറ്റുപാടുകൾ, തിരുവെഴുത്ത് സ്വീകരിച്ചവരുടെ ചുറ്റുപാടുകൾ, ലേഖനത്തിന്റെ ശൈലി, മുഖ്യ പ്രതിപാദ്യവിഷയം, ഉപയോഗിച്ചിരിക്കുന്ന വാക്കുകളുടെ ശരിയായ അർത്ഥം, ശരിയായ വ്യാകരണ വിശകലനം, വ്യാഖ്യാനം ദുഷ്കരമായ വേദഭാഗങ്ങൾ ഒന്നും അവഗണിക്കാതെ എല്ലാ വാക്യങ്ങൾക്കും സന്തുലിത വിശദീകരണം, ദൈവിക വീണ്ടെടുപ്പിൻ ചരിത്രത്തിൽ ഈ ലേഖനത്തിനുള്ള സ്ഥാനം, ഈ ലേഖനത്തിന്റെ ഇക്കാലത്തെ പ്രസക്തി, Greek Text അടിസ്ഥാനമാക്കിയുള്ള വിശദീകരണം – ഇതെല്ലാം ഈ വ്യാഖ്യാന ഗ്രന്ഥത്തിന്റെ സവിശേഷതകളാണ്.

ഈ ലേഖനം എഴുതിയപ്പോൾ ലേഖകൻ ഇതിലൂടെ ഉദ്ദേശിച്ച തെല്ലാം മൂലഭാഷയിലെ അർത്ഥം ഒട്ടും നഷ്ടപ്പെടാതെ വിശദീകരിക്കുന്ന ഈ വ്യാഖ്യാനഗ്രന്ഥം സുവിശേഷപ്രസംഗികൾക്കും വേദ അദ്ധ്യാപകർക്കും ആഴത്തിൽ വചനം പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും ഏറെ പ്രയോജനപ്പെടും. മാത്രമല്ല യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന്റെ പഠനത്തിന് നിലവിൽ ഉപദേശപരമായി ഏറ്റവും വിശ്വാസ്യതയുള്ള ഒരു റഫറൻസ് ഗ്രന്ഥമായും എഴുതിരിക്കുന്നു.

ലേഖകൻ

വിശുദ്ധ ബൈബിളിന്റെ പുതിയനിയമ ഭാഗത്തിലെ 23-ാം പുസ്തകമായ **"യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം"** എന്ന തലക്കെട്ടിൽ കാണുന്ന ഈ ലേഖനത്തിൽ, പേരിലൂടെ തന്നെത്താൻ വെളിപ്പെടുത്തുന്നില്ലയെങ്കിലും യേശുവിന്റെ പരസ്യ ശുശ്രൂഷയ്ക്കും അവനിലൂടെ പ്രത്യക്ഷമായ ജീവന്റെ വചനത്തിനും ആദി മുതലുള്ള സാക്ഷിയും പങ്കാളിയുമാണ് താനെന്ന് ഈ ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ ലേഖകൻ അവകാശപ്പെടുന്നുണ്ട് (1:1-3).

പ്രായംകൊണ്ട് വൃദ്ധനും അനുവാചകരുമായി ആത്മിക അടുപ്പമുള്ള വ്യക്തിയും (2:1,28; 3:7; 4:4) അവർക്ക് സുപരിചിതനുമാണ് ലേഖകൻ എന്നുള്ള ചുരുങ്ങിയ സൂചനകൾ മാത്രമാണ് ലേഖകനെക്കുറിച്ച് ഈ ലേഖനത്തിൽനിന്നും ലഭിക്കുന്നത്. ആദ്യത്തെ അനുവാചകർക്ക് താൻ സുപരിചിതൻ ആയതുകൊണ്ടായിരിക്കണം ഒരുപക്ഷേ, ലേഖകൻ തന്റെ പേര് ലേഖനത്തിൽ പ്രത്യേകം രേഖപ്പെടുത്താതിരുന്നത്.

ലേഖനത്തിന്റെ പ്രതിപാദ്യരീതി പരിശോധിക്കുമ്പോൾ, മറ്റ് പുതിയ നിയമ പുസ്തകങ്ങളിൽ നിന്നെല്ലാം വേറിട്ട ഒരു ശൈലിയും അപ്പോൾതന്നെ, നാലാമത്തെ സുവിശേഷത്തോട് വളരെ സാമ്യമുള്ള ഒരു ശൈലിയുമാണ് ഇതിൽ കാണപ്പെടുന്നത്. ഇക്കാരണത്താൽതന്നെ നാലാമത്തെ സുവിശേഷത്തിന്റെയും ഈ ലേഖനത്തിന്റെയും രചയിതാവ് ഒരു വ്യക്തിതന്നെയാണെന്ന് ന്യായമായി അനുമാനിക്കാവുന്നതാണ്. മാത്രമല്ല, ലേഖകനെക്കുറിച്ചുള്ള ആന്തരികവും ബാഹ്യവുമായ തെളിവുകളും ആദി മുതലുള്ള ക്രിസ്തുവിശ്വാസികളുടെ സാക്ഷിമൊഴികളും അടിസ്ഥാനമാക്കി, സെബദിയുടെ മകനും യാക്കോബിന്റെ സഹോദരനും കർത്താവിന്റെ വാത്സല്യശിഷ്യനുമായ യോഹന്നാൻ AD 90-95 കാലഘട്ടത്തിൽ ഈ ലേഖനം എഴുതി എന്നാണ് പൊതുവിൽ

വിശ്വസിക്കപ്പെടുന്നത്. ഈ നിഗമനത്തിന് അപവാദമായി മറ്റൊരു പേരും വസ്തുനിഷ്ഠമായി ഇതുവരെ നിർദ്ദേശിക്കപ്പെട്ടിട്ടില്ലായെന്നും പ്രത്യേകം ശ്രദ്ധേയമാണ്.

ലേഖന പശ്ചാത്തലം

ദുരുപദേഷ്ടാക്കൾ നാലാമത്തെ സുവിശേഷം തെറ്റായി വ്യാഖ്യാനിച്ചതു നിമിത്തം ദൈവപുത്രനായ യേശുവിനെ സംബന്ധിച്ച് അതിന്റെ ആദ്യത്തെ അനുവാചകരുടെ ഇടയിലും അക്കാലത്തെ വിശ്വാസസമൂഹത്തിലും ഉണ്ടായ കൂടിയതും കുറഞ്ഞതുമായ ചിന്താഗതികൾ തിരുത്തുവാനാണ് യോഹന്നാൻ ഈ ലേഖനം എഴുതുന്നത്.

ഒന്നാം നൂറ്റാണ്ടിന്റെ അവസാനദശകം ആരംഭിക്കുന്നതിനു മുമ്പു തന്നെ യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും ജഡവാസത്തെയും നിഷേധിക്കുന്ന ഉപദേശവുമായി ദുരുപദേഷ്ടാക്കളുടെ വിവിധവിഭാഗങ്ങൾ ആത്മികമണ്ഡലത്തിൽ എഴുന്നേറ്റിരുന്നു.

അവരിൽ ഒരു വിഭാഗം അവരുടെ അഭിപ്രായത്തിൽ ദൈവം ആത്മാവും ജഡം തിന്മയും ആയതിനാൽ വിശുദ്ധനായ ദൈവം ഒരിക്കലും തിന്മയായ ജഡം സ്വീകരിക്കുകയില്ലെന്നും ജഡം തിന്മയായതിനാൽ അതിനെ അശുദ്ധിക്കായി എത്രമാത്രം ഉപയോഗിച്ചാലും യാതൊരു തെറ്റുമില്ലെന്നും വാദിച്ചു.

എന്നാൽ അവരിൽ വേറൊരുവിഭാഗം യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ അവഗണിച്ചുകൊണ്ട്, യേശു എന്ന മനുഷ്യനിൽ ക്രിസ്തു എന്ന ആത്മാവ് അവന്റെ സ്നാനത്തിങ്കൽ പ്രവേശിക്കയും അങ്ങനെ ക്രിസ്തുവിന്റെ സഹായത്താൽ യേശു എന്ന മനുഷ്യൻ അത്ഭുതങ്ങളും അടയാളങ്ങളും പ്രവൃത്തിക്കുകയും താൻ ക്രൂശിൽ കിടന്നപ്പോൾ ക്രിസ്തു എന്ന ആത്മാവ് യേശുവിനെ വിട്ടുപോകുകയും അതുകൊണ്ട് ക്രൂശിൽ മരിച്ചത് ക്രിസ്തുവല്ല, മറിച്ച് മനുഷ്യനായ യേശുവാണെന്ന് വാദിക്കുകയും ചെയ്യുന്നു.

അവരുടെ ഇടയിൽതന്നെയുള്ള മറ്റൊരു വിഭാഗം, യേശുക്രിസ്തു യഥാർത്ഥവ്യക്തിയല്ല, മറിച്ച് ഒരു ഭൂതം അഥവാ ഫാന്റം മാത്രമാണെന്ന് വിശ്വസിച്ചിരുന്നു. അവരുടെ അഭിപ്രായത്തിൽ ദൈവം പഴയനിയമ കാലഘട്ടത്തിൽ അബ്രഹാമിനും മോശെക്കും യോശുവയ്ക്കും ഗിദെയോനും വെളിപ്പെട്ടതുപോലെ യേശുവും വെളിപ്പെടുക മാത്രമാണ് ചെയ്ത

തെന്നും അതുകൊണ്ട് തന്റെ ശരീരം യഥാർത്ഥശരീരം ആയിരുന്നി ല്ലെന്നും അവർ വാദിക്കുന്നു.

അക്കാലത്ത് ഇമ്മാതിരി ഉപദേശങ്ങൾ വളരെ വ്യാപകമായിരുന്ന തുകൊണ്ടാണ് യോഹന്നാൻ തന്റെ ഒന്നാം ലേഖനം എഴുതിയപ്പോൾ, ദൈവപുത്രനായ യേശു ജഡത്തിൽ വെളിപ്പെട്ട ദൈവമാണെന്നും അവന്റെ ജഡവാസവും മനുഷ്യത്വവും യാഥാർത്ഥ്യമാണെന്നും മനു ഷ്യന്റെ പാപത്തിന് പ്രായശ്ചിത്തമാകുവാൻ താൻ ജഡത്തിൽ വെളി പ്പെടേണ്ടത് ആവശ്യമായിരുന്നെന്നും മനുഷ്യന് ദൈവിക കൂട്ടായ്മ യുള്ള നിത്യജീവന്റെ ഉറപ്പുണ്ടാകുവാൻ ഇതെല്ലാം ഉൾപ്പെടുന്ന ദൈവിക സുവിശേഷത്തിൽ വിശ്വസിക്കേണ്ടത് ആവശ്യമാണെന്നും ഊന്നിപറയുന്നത്.

അനുവാചകർ

അപ്പൊസ്തലന്റെ പാരിപാലനത്തിൻ കീഴിലുള്ള ആസ്യയിലെ സഭ കളിൽ അക്കാലത്ത് ഉയർന്നുവന്ന ക്രിസ്തുശാസ്ത്രപരമായതും പാപ ശാസ്ത്രപരവുമായ തെറ്റുകളെയാണ് യോഹന്നാൻ ഈ ലേഖനത്തിൽ കൈകാര്യം ചെയ്യുന്നത്. ദുരുപദേശവും ദുരുപദേഷ്ടാക്കളുമായ എതി രാളികളും അവിടെ ഉണ്ടായിരുന്നു. ഈ എതിരാളികൾ യോഹന്നാൻ ഉൾപ്പെടുന്ന വിശ്വാസസമൂഹത്തോട് ചേർന്നു നിന്നവരും ആദ്യത്തെ അനുവാചകരിൽ ഉൾപ്പെട്ടവരുമായിരുന്നു (2:18–19).

യോഹന്നാൻ ദീർഘകാലം ശുശ്രൂഷിച്ച എഫെസൊസിൽവെച്ച്, വിശ്വാസത്തിൽ പിൻതലമുറയായ ആസ്യയിലെ തന്റെ ആത്മിക മക്കൾക്ക് ഈ ലേഖനം എഴുതിയെന്നാണ് പൊതുവിൽ വിശ്വസിക്ക പ്പെടുന്നത്. ദുരുപദേശം നുഴഞ്ഞുകയറിയ ഒരു സഭയ്ക്കൊ, ഒരു പ്രവി ശ്യയിലെ ഒരു കൂട്ടം സഭകൾക്കൊ പൊതുവായിട്ടാണ് ഇത് എഴുത പ്പെട്ടതെങ്കിലും (2:18–28; 4:1–6; വെളിപ്പാട് 1:11). ആത്യന്തികമായി സാർവ്വ ത്രിക ലക്ഷ്യമാണ് ഇതിനുള്ളത്.

ലേഖനത്തിന്റെ പ്രതിപാദ്യരീതി

ലളിതമായ ഒരു സംഭാഷണ ശൈലിയും ഒരു ബ്ലാക്ക് ആന്റ് വൈറ്റ് പ്രതിപാദ്യരീതിയുമാണ് ലേഖകൻ അവലംബിക്കുന്നത്. ദൈവ ത്തിൽനിന്നും ജനിക്കുന്നവരെയും അല്ലാത്തവരെയും തമ്മിൽ താരത മ്യപ്പെടുത്തിയും അവർ തമ്മിലുള്ള വൈരുദ്ധ്യം വെളിപ്പെടുത്തിയും

പല രൂപത്തിലും പല നിറത്തിലും യോഹന്നാൻ അവരെ വരച്ചുകാട്ടുന്നുണ്ട്. പല വിഷയങ്ങളിലും പിതാവ് മക്കളോട് എന്നപോലെ പ്രബോധിപ്പിക്കുകയും (2:12), എതിർക്രിസ്തുവിന്റെ ആത്മാവിനെക്കുറിച്ച് മുന്നറിയിപ്പ് നല്കുകയും ചെയ്യുന്നുണ്ട് (2:18; 4:1-3 c.f. മത്തായി 24:24).

ശൈലികൊണ്ടും പ്രമേയംകൊണ്ടും നാലാമത്തെ സുവിശേഷത്തോട് വളരെ ചേർന്നുനില്ക്കുന്നതും അതിന്റെ ബാക്കിപത്രവുമാണ് യോഹന്നാൻ എഴുതിയ ഒന്നാം ലേഖനം. ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകളും ശൈലിയും അനുവാചകർക്ക് പരിചിതമായിരുന്നതുകൊണ്ടും ലേഖനരചനയ്ക്ക് കാരണമായ അവസ്ഥയിലൂടെ അവർ കടന്നുപോയതുകൊണ്ടും ആദ്യത്തെ അനുവാചകർക്ക് ഇന്നത്തെ അനുവാചകരെ അപേക്ഷിച്ച് ലേഖനം പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയുമായിരുന്നു.

ലേഖനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളാണ് ഈ ലേഖനരചനയ്ക്ക് പുറകിലുള്ളത്:

ഒന്നാമതായി, വ്യാജവിശ്വാസികളെയും ദുരുപദേഷ്ടാക്കളെയും തുറന്നുകാണിക്കുന്നതുതന്നെ. ക്രിസ്തുവിനെ സംബന്ധിച്ച് കൂടിയതും കുറഞ്ഞതുമായ നിലപാടുള്ളവർ യഥാർത്ഥവിശ്വാസികളല്ല. യഥാർത്ഥ വിശ്വാസികളുടെ അടയാളങ്ങളായ ഉപദേശവിശുദ്ധിയും (2:22,23; 4:2-3), ധാർമ്മികവിശുദ്ധിയും (1:6-10; 2:3-4) സാമൂഹിക കടപ്പാടും (2:9,11; 3:14; 4:7-21) അവർക്കില്ല.

രണ്ടാമതായി, കർത്താവിന്റെ ശിഷ്യന്മാരും അപ്പൊസ്തലന്മാരുമായവർ അനുഭവിക്കുന്ന ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പിലേക്കും അതു നിമിത്തമുള്ള പൂർണ്ണ സന്തോഷത്തിലേക്കും മറ്റ് ആത്മിക അനുഗ്രഹങ്ങളിലേക്കും അനുവാചകരെയും ആത്മിക പരിജ്ഞാനത്തിലൂടെ ഉയർത്തുകയും പങ്കാളികളാക്കുകയും ചെയ്യണമെന്നുള്ള ആഗ്രഹത്തിലും ലക്ഷ്യത്തിലും എഴുതപ്പെട്ടതാണിത് (1:3; 5:13 c.f. യോഹന്നാൻ 20:31).

മൂന്നാമതായി, അപ്പൊസ്തലന്മാരിൽനിന്നും ആദി മുതൽ ലഭിച്ച ഉപദേശവും പിന്നീട് ദുരുപദേഷ്ടാക്കളിൽനിന്നും കേട്ട നവീന ഉപദേശവും നിമിത്തം അനുവാചകർക്കുള്ള ആശയക്കുഴപ്പം നീക്കുവാനാണ്

അപ്പൊസ്തലൻ എഴുതുന്നത് (1:5; 2:2; 2:3-11; 3:3-10,14-15; 4:4-6,7,8, 13-15; 5:13, 18-20).

യഥാർത്ഥവിശ്വാസികൾ ചെയ്യുന്നതെന്തെന്നും ചെയ്യാത്തതെന്തെന്നും വ്യക്തമാക്കുന്നതോടൊപ്പം അവൻ എന്ത് വിശ്വസിക്കുന്നുവെന്നും എങ്ങനെ പ്രവൃത്തിക്കുന്നുവെന്നും കൂടെ അപ്പൊസ്തലൻ വിശദീകരിക്കുന്നു. കാരണം, യഥാർത്ഥക്രിസ്ത്യാനിത്തം ശരിയായ വിശ്വാസം മാത്രമല്ല, ശരിയായ ജീവിതവും ഉൾപ്പെട്ടതാണെന്ന് ലേഖകൻ പല നിലയിൽ സമർത്ഥിക്കുന്നു.

ഈ ലേഖന രചനയ്ക്ക് പ്രധാനമായും നാല് കാരണങ്ങൾ യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ഒന്നാമതായി, തന്റെ അനുവാചകർക്ക് ദൈവത്തോടും തങ്ങളോടും (അപ്പൊസ്തലന്മാർ - വിശ്വാസസമൂഹം) കൂട്ടായ്മ ഉണ്ടാകേണ്ടതിനും (1:3); രണ്ടാമതായി, അനുവാചകരുടെ സന്തോഷം പൂർണ്ണമാകുവാനും (1:4); മൂന്നാമതായി, അവർ പാപം ചെയ്യാതിരിപ്പാനും (2:1); നാലാമതായി, ദൈവപുത്രനായ യേശുവിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിത്യജീവന്റെ ഉറപ്പ് ലഭിക്കുവാനുമാണ് (5:13). ഇവ കൂടാതെ ഇതോടു ബന്ധപ്പെട്ടുള്ള മറ്റു ചില കാരണങ്ങളും ലേഖകൻ ചൂണ്ടിക്കാട്ടുന്നുണ്ട് (2:12-14).

പാപം നിമിത്തം മനുഷ്യന് നഷ്ടപ്പെട്ട ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ സാധ്യത യാഥാർത്ഥ്യമാക്കുവാൻ വന്നവനാണ് യേശുക്രിസ്തു; ക്രിസ്തുവിലൂടെ ഇതെങ്ങനെ മനുഷ്യന് ലഭ്യമാകുമെന്ന് അറിയിക്കാനാണ് യോഹന്നാൻ സുവിശേഷം എഴുതിയത് (20:31). എന്നാൽ ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ എങ്ങനെ ഉറപ്പാക്കാമെന്ന് വ്യക്തമാക്കാനാണ് താൻ ഒന്നാമത്തെ ലേഖനം എഴുതിയത് (5:11-13).

ജീവന്റെ വചനം സംബന്ധിച്ച കാര്യങ്ങളിലും അതിനെ ലോകത്തിന് വെളിപ്പെടുത്തിയ ദൈവപുത്രനിലും വിശ്വാസമുള്ളവരായിക്കൊണ്ട് അനുവാചകർക്ക് അത് ഉറപ്പാക്കാമെന്ന് ലേഖകൻ അവരെ പ്രബോധിപ്പിക്കുന്നു.

താത്വികമായി, ഒരാളുടെ വിശ്വാസത്തിൽനിന്നാണ് ഒരാളുടെ പ്രവൃത്തി രൂപപ്പെടുന്നത്. അതുകൊണ്ട് യോഹന്നാനെ സംബന്ധിച്ചിടത്തോളം ഒരാൾ എന്തു പറയുന്നു അഥവാ എന്തു വിശ്വസിക്കുന്നു എന്നതുപോലെതന്നെ, ഒരാൾ എങ്ങനെ ജീവിക്കുന്നു എന്നതും പ്രാധാ

ന്യമുള്ളതാണ്. അതുപോലെതന്നെ ഒരാൾ എന്തായിരുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, ഇപ്പോൾ എന്താകുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരാൾക്ക് ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പ് വരുത്തേണ്ടതെന്ന് പലനിലയിൽ യോഹന്നാൻ സ്ഥാപിക്കുന്നു.

ലേഖനത്തിന് തിരുവെഴുത്തിലെ സ്ഥാനവും ഇക്കാലത്തെ പ്രസക്തിയും

മനുഷ്യനുമായി കൂട്ടായ്മ പുലർത്തുവാനാണ് ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചത് (ഉല്പത്തി 1:27). സൃഷ്ടിക്കപ്പെട്ടതു മുതൽ മനുഷ്യൻ പാപം ചെയ്തതിനു മുമ്പുവരെ ദൈവത്തിന് മനുഷ്യനുമായി ഈ കൂട്ടായ്മ നിലനിന്നിരുന്നു. ആദാമ്യ പാപം നിമിത്തം ദൈവിക കൂട്ടായ്മ മാത്രമല്ല, ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ സാധ്യതയും മനുഷ്യന് നഷ്ടമായി. ഇങ്ങനെ ആദാമിലൂടെ മനുഷ്യകുലത്തിന് നഷ്ടമായതെല്ലാം യഥാസ്ഥാനപ്പെടുത്തുവാനാണ് ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും ലോകത്തിലേക്ക് അയച്ചത് (റോമർ 8:3). പാപികൾക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗത്തിലൂടെ പാപത്തിന് പരിഹാരം വരികയും മാനസാന്തരപ്പെട്ട് ദൈവപുത്രനെ വിശ്വാസത്താൽ കൈക്കൊള്ളുന്നവരെല്ലാം ദൈവിക കൂട്ടായ്മയുള്ള നിത്യജീവന് അവകാശികൾ ആകുകയും ചെയ്തിരിക്കുന്നു. ഈ അവകാശം ഇപ്പോൾ പ്രയോജനപ്പെടുത്തുന്നവർക്ക് ദൈവവുമായി ഒരു സുഹൃത്ത് ബന്ധം മാത്രമല്ല, മറിച്ച് ഒരു പിതൃബന്ധം കൂടിയാണ് ലഭിക്കുന്നത് (യോഹന്നാൻ 1:12; 2 കൊരിന്ത്യർ 6:16). ആത്മാവിനാലും വചനത്താലും ഉണ്ടാകുന്ന ഒരു വീണ്ടും ജനനത്തിലൂടെ അവർ ദൈവത്തിന് എന്നേക്കും മക്കളായി തീരുന്നു, ദൈവം അവർക്ക് എന്നേക്കും പിതാവായിത്തീരുന്നു, അവർ ദൈവ ഭവനത്തിൽ എന്നേക്കും അംഗങ്ങളായിത്തീരുന്നു. ഈ അവസ്ഥയിൽ അവർക്കിപ്പോൾ ദൈവിക പരിപാലനവും സംരക്ഷണവുമുണ്ട്. പിൻതുടരുവാൻ ഒരു മാതൃകയുണ്ട് (യേശുക്രിസ്തു), ജീവിക്കുവാൻ ഒരു ആത്മാവുണ്ട് (പരിശുദ്ധാത്മാവ്), പാലിക്കുവാൻ ഒരു പ്രമാണമുണ്ട് (തിരുവെഴുത്ത്), ആരെങ്കിലും ഈ പ്രമാണം വിട്ട് പ്രവൃത്തിച്ചാൽ ശിക്ഷണമുണ്ട് (ബാലശിക്ഷ). അതു നിമിത്തം ദൈവവുമായി ഇപ്പോൾ അവർക്കുള്ള പിതൃപുത്രബന്ധവും ദൈവിക കൂട്ടായ്മയുള്ള നിത്യജീവനും ഇനി ഒരിക്കലും നഷ്ടപ്പെടുകയില്ല (റോമർ 8:38–39). എന്നാൽ ദൈവപ്രസാദം ലഭിക്കാത്ത പ്രവൃത്തികൾ ആരെങ്കിലും ചെയ്താൽ അവർക്ക് കൂട്ടായ്മയുടെ സന്തോഷം

നഷ്ടപ്പെടും. എങ്കിലും ഇങ്ങനെ നഷ്ടപ്പെടുന്ന കൂട്ടായ്മയുടെ സന്തോഷം വീണ്ടെടുക്കുവാൻ വ്യക്തമായ ഒരു വ്യവസ്ഥയും ക്രമീകരണവും അവർക്കുണ്ട് (1:9; 2:1–2).

അതുകൊണ്ട് ക്രിസതുവിശ്വാസികൾ എന്ന് അവകാശപ്പെടുന്നവർക്ക് ഇന്ന് **എങ്ങനെ ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവർ ആകാം** എന്നതാണ് ഈ ലേഖനത്തിലെ മുഖ്യ പ്രതിപാദ്യവിഷയം. ഇതോട് ബന്ധപ്പെട്ടുള്ള വിവിധ പരിശോധനകളാണ് യോഹന്നാൻ ഈ ലേഖനത്തിൽ നല്കുന്നത്. അക്കാരണത്താൽ വിഷയാധിഷ്ഠിതമായി ഈ ലേഖനത്തെ താഴെക്കാണുന്ന നിലയിൽ വിഭജിക്കാവുന്നതാണ്.

i. ദൈവിക സുവിശേഷത്തിൽ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (1:1–4).

ii. ദൈവിക വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ (1:5–2:2).

iii. ദൈവിക കല്പനകൾ പ്രമാണിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:3–17).

iv. ദൈവപുത്രനിൽ വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:18–28).

v. ദൈവിക നീതി പ്രവൃത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:29–3:10).

vi. ദൈവിക സ്നേഹം വെളിപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ (3:11–24).

vii. ദൈവിക ഉപദേശം സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (4:1–6).

viii. ദൈവിക സ്നേഹത്തിൽ വിജയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (4:7–5:5).

ix. ദൈവിക ബോധ്യത്തിൽ ആശ്രയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (5:6–21).

***

# I

# ദൈവിക സുവിശേഷത്തിൽ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 1:1–4)

**“ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു - ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കുകയും പിതാവിനോടുകൂടെയിരുന്ന് ഞങ്ങൾക്കു പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു - ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിനു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്ക് എഴുതുന്നു.”**

യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശവും ആളത്വവും അടിസ്ഥാനമാക്കിയുള്ള ദൈവിക സുവിശേഷത്തെ (ജീവന്റെ വചനം) മുറുകെപിടിക്കുന്നവർക്കു മാത്രമാണ് ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കുവാൻ കഴിയുന്നത്. ഈ സുവിശേഷത്തിന്റെ വിശ്വാസീയതയ്ക്ക് അപ്പൊസ്തലന്മാർ സാക്ഷികളും അനുഭവസ്ഥരുമാണെന്ന് പ്രാരംഭമായി യോഹന്നാൻ പറയുന്നു.

ഗ്രീക്ക് ബൈബിളിൽ 1:1–4 വാക്യങ്ങൾ ഒരു സമ്പൂർണ്ണ വാചകമായിട്ടാണ് കാണുന്നത്; എന്നാൽ വാചകഘടനയിൽ സാധാരണയായി കാണാറുള്ളതുപോലെ പ്രധാന പ്രതിപാദ്യവിഷയവും പ്രധാനക്രിയയും വാചകത്തിന്റെ ആരംഭത്തിൽ തന്നെ ലേഖകൻ രേഖപ്പെടുത്തുന്നില്ല; പരാമർശിക്കപ്പെടുന്ന വിഷയത്തിന്റെ അടിയന്തിരപ്രാധാന്യത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (c.f. ഉല്പത്തി 1:1; മർക്കൊസ് 1:1; എബ്രായർ 1:1).

**"ജീവന്റെ വചനം"** എന്നതാണ് ഈ വാചകത്തിലെ മുഖ്യവിഷയം; ലേഖനം ആരംഭിക്കുന്നതും അവസാനിക്കുന്നതും ആ വിഷയത്തിലാണ് (1:2; 5:13,20). അതുപോലെ, **"അറിയിക്കയും ചെയ്യുന്നു"** എന്നതാണ് ഈ വാചകത്തിലെ പ്രധാനക്രിയ. അതിന്റെ ഉപവാക്യമാണ് എന്താണ് അറിയിക്കുന്നത് എന്ന നിലയിൽ ഒന്നാം വാക്യത്തിന്റെ ആദ്യം രേഖപ്പെടുത്തിയിരിക്കുന്ന **"ആദിമുതലുള്ളതും"**; ഇതിനെ അടിസ്ഥാനമാക്കിയുള്ളതും ഇതിന്റെ വിശദീകരണമായിട്ടുള്ളതുമാണ് **"ഞങ്ങൾ കേട്ടതും... കണ്ടതും... നോക്കിയതും... തൊട്ടതും"** എന്നിങ്ങനെ തുടർന്നുവരുന്ന നാല് ഉപവാക്യങ്ങൾ.

ചുരുക്കത്തിൽ **"ആദി മുതലുള്ളതും"** എന്നത് **"അറിയിക്കയും ചെയ്യുന്നു"** എന്ന ക്രിയയെ അടിസ്ഥാനപ്പെട്ടിരിക്കുന്നു; അതുപോലെ, **"ഞങ്ങൾ കേട്ടതും... കണ്ടതും... നോക്കിയതും... തൊട്ടതും"**, **"ആദി മുതലുള്ളതും"** എന്ന ഉപവാക്യത്തിന്റെ ക്രിയയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ഈ വാചകം വിശകലനം ചെയ്യുമ്പോൾ ഇതിൽനിന്നും മൂന്ന് വസ്തുതകൾ വ്യക്തമാകുന്നു.

**A. അപ്പൊസ്തലന്മാർ അനുവാചകരെ അറിയിക്കുന്ന വിഷയം**

1. ജീവന്റെ വചനം സംബന്ധിച്ച് (വാ. 2).

a. ജീവന്റെ വചനം സംബന്ധിച്ച് അറിയിക്കുന്നത്

i. ആദി മുതലുള്ളതിനെ.

ആദിമുതലുള്ളതിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു?

കേട്ടത്, കണ്ടത്, നോക്കിയത്, തൊട്ടത്.

2. നിത്യജീവനെ

a. അതിന്റെ പ്രത്യേകത എന്താണ്?

i. ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവൻ.

**B. അപ്പൊസ്തലന്മാർ ജീവന്റെ വചനം സംബന്ധിച്ച് ആദിമുതലുള്ള വസ്തുതകളുടെ സാക്ഷ്യം അനുവാചകരെ അറിയിക്കുന്നതിന്റെ ആവശ്യം**

1. നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന്.

a. നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് ഞങ്ങൾ ചെയ്യുന്നത്.

i. ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങളെ അറിയിക്കുന്നു.

b. ഞങ്ങളുടെ കൂട്ടായ്മയുടെ പ്രത്യേകത.

i. ഞങ്ങളുടെ കൂട്ടായ്മ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു.

**C. അപ്പൊസ്തലന്മാർ ജീവന്റെ വചനം സംബന്ധിച്ച് ആദി മുതലുള്ള വസ്തുതകളുടെ സാക്ഷ്യം അനുവാചകരെ അറിയിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം**

1. അവർക്ക് ദൈവിക കൂട്ടായ്മയുടെ നിത്യജീവന്റെ ഉറപ്പുണ്ടാകുവാനും.
2. അതിലൂടെ അവരുടെ ആത്മിക സന്തോഷം പൂർണ്ണമാകുവാനും.

**A. അപ്പൊസ്തലന്മാർ അനുവാചകരെ അറിയിക്കുന്ന വിഷയം**

**1. ജീവന്റെ വചനം സംബന്ധിച്ച് ആദിമുതലുള്ള വസ്തുതകൾ അറിയിക്കുന്നു**

**"ആദിമുതലുള്ളതും"** എന്നു തുടങ്ങി ഒന്നാം വാക്യത്തിൽ കാണുന്ന **"...കേട്ടതും... കണ്ടതും... നോക്കിയതും... തൊട്ടതും"** മുതലായ ഉപവാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന സർവ്വനാമങ്ങളൊന്നും (that-which-what) പുല്ലിംഗത്തിലല്ല, മറിച്ച് നപുംസകലിംഗത്തിലാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നത്. **"ആദിമുതലുള്ളതും"** എന്നതുകൊണ്ട് ലേഖകൻ ഉദ്ദേശിച്ചത് യേശുക്രിസ്തു എന്ന ജീവിക്കുന്ന വചനം ആയിരുന്നെങ്കിൽ അതിനനുസൃതമായിതന്നെ അതിനോടു ബന്ധപ്പെട്ട സർവ്വനാമങ്ങളും പുല്ലിംഗത്തിൽതന്നെ ലേഖകൻ ഉപയോഗിക്കുമായിരുന്നു. മാത്രമല്ല, **"ആദിമുതലുള്ളതും"** എന്ന വാക്യാംശം ഏതെങ്കിലും വ്യക്തിയോട് ബന്ധപ്പെട്ട് വചനത്തിൽ എവിടെയും ഉപയോഗിച്ചിട്ടുമില്ല. അതുകൊണ്ട് ഇവിടെ കാണുന്ന **"ജീവന്റെ വചനം"** (Word of Life) യേശുക്രിസ്തുവിന്റെ ആളത്വത്തോട് ബന്ധ

പ്പെട്ടുള്ളതല്ല; കാരണം, അതിന് സുവിശേഷത്തിൽ (യോഹ. 1:4) "ജീവൻ" (the life) എന്ന് മാത്രമാണ് പറഞ്ഞിരിക്കുന്നത്. വീണ്ടും, "ആദിയിൽ" എന്നതിനും (യോഹ. 1:1), **"ആദിമുതൽ"** എന്നതിനും (1 യോഹ. 1:1) ഈ ലേഖകൻ വ്യത്യസ്ത മുൻപദങ്ങളാണ് (prepositions en, ap) ഉപയോഗിച്ചിരിക്കുന്നത്. പിന്നെയും **"ആദിമുതലുള്ളതും"** എന്നതിലൂടെ അപ്പൊസ്തലൻ ഇവിടെ ഉദ്ദേശിക്കുന്നത് ഉല്പത്തി 1:1; യോഹ. 1:1 എന്നിവിടങ്ങളിൽ ഉദ്ദേശിക്കുന്നതിൽനിന്നും വളരെ വ്യത്യസ്തമായ അർത്ഥവുമാണ്.

ഉല്പത്തി 1:1 ൽ "ആദിയിൽ" എന്നതുകൊണ്ട് ഭൗമികവും ഭൗതികവുമായ സകലവും സൃഷ്ടിക്കപ്പെട്ട സമയത്തെ അഥവാ അതിനു തൊട്ടുമുമ്പുള്ള സമയത്തെ സൂചിപ്പിക്കുമ്പോൾ, യോഹന്നാൻ 1:1 ൽ "ആദിയിൽ" എന്നതുകൊണ്ട് സകലസൃഷ്ടിക്കും മുമ്പ് ദൈവം മാത്രം ഉണ്ടായിരുന്ന നിത്യത എന്ന ആദിയെ സൂചിപ്പിക്കുന്നതാണ്. എന്നാൽ 1 യോഹന്നാൻ 1:1 ൽ **"ആദിമുതലുള്ളതും"** എന്ന ഉപവാക്യത്തിലെ ക്രിയ ഇവിടെ വ്യാകരണപ്രകാരം (ēn-gnomic imperfect) ചരിത്രത്തിൽ ഒന്നിനുപുറകെ ഒന്നായി സംഭവിച്ചുകൊണ്ടിരുന്ന ഒന്നിനെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ക്രിസ്തുവിന്റെ ആളത്വത്തിലും വാക്കിലും പ്രവൃത്തിയിലും അടിസ്ഥാനമാക്കിയുള്ള **"ജീവന്റെ വചനം സംബന്ധിച്ച"** ചരിത്രവസ്തുതകളെ അതായത്, യോഹന്നാൻ സ്നാപകൻ അവനെ ലോകത്തിന് പരിചയപ്പെടുത്തിയതു മുതൽ, അവന്റെ സ്നാനം മുതൽ, സ്വർഗ്ഗം അവനെ സാക്ഷ്യപ്പെടുത്തിയതു മുതൽ, അവന്റെ പരസ്യ ശുശ്രൂഷയും ജീവിതവും ആരംഭിച്ചതു മുതൽ, യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ആരംഭം മുതൽ സംഭവിച്ചുകൊണ്ടിരുന്ന ചരിത്രവസ്തുതകളെയാണ് വ്യാകരണപ്രകാരം (neuter singular nominative-meaning what) മൊത്തത്തിൽ ഒറ്റപേരിൽ ഒരു കാര്യമായി **"ആദിമുതലുള്ളതും"** എന്നതിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത് (മർക്കൊസ് 1:1; അപ്പൊ. 1:21). അതുകൊണ്ടാണ് **"ആദിമുതലുള്ളതും"** എന്നതിനൊപ്പം വിവേചകഭേദകം (the) ചേർക്കാതിരുന്നത്.

മാത്രമല്ല, **"ആദിമുതലുള്ളതും"** യേശുക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടുള്ള ദൈവികസുവിശേഷത്തിന്റെ സ്ഥിരതയെയും സൂചിപ്പിക്കുന്നു. രോഗാണുക്കൾക്ക് രൂപഭേദം സംഭവിക്കുന്നതനുസരിച്ച് അതിനുള്ള പ്രതിരോധമരുന്ന് വൈദ്യശാസ്ത്രം മാറ്റിക്കൊണ്ടിരിക്കുന്നതു പോലെ, കാലത്തിന്റെ മാറ്റത്തിനനുസരിച്ചും ലൗകികജ്ഞാനത്തിന്റെ

വ്യാപ്തിക്കനുസരിച്ചും ദുരുപദേശത്തിന്റെ വളർച്ചക്കനുസരിച്ചും യേശു ക്രിസ്തുവിന്റെ സുവിശേഷം മാറുന്നില്ല; മാറ്റം വരുത്തേണ്ടതായ ആവശ്യവുമില്ല. കാരണം, മനുഷ്യൻ ഏതെല്ലാം മേഖലകളിൽ വിജയിച്ചാലും പുരോഗമിച്ചാലും മനുഷ്യന്റെ അടിസ്ഥാനപ്രശ്നം അന്നും ഇന്നും ഒന്നു തന്നെയാണ്. അവന് ആത്മികജീവൻ പ്രദാനം ചെയ്ത് അവനെ പുതിയ സൃഷ്ടിയാക്കുവാൻ പുതിയതായി ഒന്നും ആവശ്യമില്ല. ഒന്നിനും കഴിയുകയുമില്ല, മറിച്ച് "**ആദിമുതലുള്ള**" ജീവന്റെ വചനംതന്നെയാണ് അന്നും ഇന്നും എന്നും ആവശ്യമായിരിക്കുന്നത്.

"**ആദിമുതലുള്ളതും**" എന്നതിന്റെ വിശദീകരണമാണ് തുടർന്നു വരുന്ന നാല് ഉപവാക്യങ്ങൾ. ഇവിടെ "**ഞങ്ങൾ കേട്ടതും... കണ്ടതും**" എന്നതിലെ "**ഞങ്ങൾ**" അപ്പൊസ്തലന്മാരും അവരോടു ചേർന്നുള്ള മറ്റ് സാക്ഷികളുമടങ്ങിയ വിശ്വാസസമൂഹത്തെ സൂചിപ്പിക്കുമ്പോൾ (exclusive plural) "**കേട്ടതും... കണ്ടതും**" എന്നത് വ്യാകരണപ്രകാരം ഇവിടെ (extensive perfect) "**നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു**" എന്ന് തുടരുന്ന പ്രവൃത്തിക്ക് അടിസ്ഥാനമായ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികളെ ഊന്നി പറയുന്നു.

ആദിമുതൽ "ഞങ്ങൾ കേട്ടത്"

ജീവന്റെ വചനം സംബന്ധിച്ച് ആദിമുതൽ വിവിധ മുഖാന്തരങ്ങളിലൂടെ വാമൊഴിയായി അപ്പൊസ്തലന്മാർക്ക് ലഭിച്ച വിവിധ സാക്ഷ്യങ്ങളെയാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. പ്രധാനമായും മൂന്ന് മുഖാന്തരങ്ങളിലൂടെയാണ് ജീവന്റെ വചനം സംബന്ധിച്ച സാക്ഷ്യം അവർക്കു ലഭിച്ചത്.

ഒന്നാമതായി, യേശുക്രിസ്തുവിനെക്കുറിച്ചുള്ള യോഹന്നാൻസ്നാപകന്റെ സാക്ഷ്യം, "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29, 35-36). രണ്ടാമതായി, പിതാവിന്റെ സാക്ഷ്യം, "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു (മത്തായി 3:17). മൂന്നാമതായി, യേശുക്രിസ്തു തന്നെത്താൻ പറഞ്ഞ സാക്ഷ്യം, "ഞാൻ ആകുന്നു" - വഴി, സത്യം, ജീവന്റെ വാതിൽ, വെളിച്ചം, പുനരുത്ഥാനം, ജീവന്റെ അപ്പം, നല്ല ഇടയൻ, മുന്തിരിവള്ളി (യോഹ. 6:35; 8:12; 10:7,11; 11:25; 14:6; 15:1). കൂടാതെ, ക്രിസ്തുവിന്റെ പാപരാഹിത്യം തിരിച്ചറിഞ്ഞ പീലാത്തൊസ്, പീലാത്തൊസിന്റെ ഭാര്യ, ഒറ്റുകാരനായ യൂദ, തൂക്കിയ ദുഷ്പ്രവൃത്തിക്കാരിൽ ഒരുവൻ, ശതാധി

പൻ മുതലായവർ (മത്തായി 27:24,54) പറഞ്ഞ സാക്ഷ്യങ്ങളെല്ലാംകൂടി പരിഗണിച്ചാൽ യേശു ദൈവപുത്രൻ ആണെന്നും അവനിൽ നിത്യ ജീവൻ ഉണ്ടെന്നും അവനിലൂടെ ലഭിച്ച ജീവന്റെ വചനം വിശ്വാസ യോഗ്യമാണെന്നും നിസ്തർക്കം തെളിയുന്നു.

ആദിമുതൽ ഞങ്ങൾ "സ്വന്തകണ്ണുകൊണ്ട് കണ്ടത്"

ആദിമുതലുള്ള ഞങ്ങളുടെ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ, യേശുക്രിസ്തുവിൽ ജീവന്റെ വചനം ഉണ്ടായിരുന്നുവെന്നതിനുള്ള ഒരു പ്രധാന തെളിവാണ് അവന്റെ അത്ഭുതപ്രവൃത്തികൾ. പ്രകൃതിയുടെ മേൽ അവനുള്ള അധികാരം മരണത്തിന്റെമേൽ അവനുള്ള അധികാരം (യോഹ. 5:36; 15:24); മാത്രമല്ല, അപ്പൊസ്തലന്മാർ അവന്റെ മഹിമ കണ്ട സാക്ഷികളുമാണ് (2 പത്രൊസ് 1:16-17); വിശുദ്ധപർവ്വതത്തിൽ വെച്ച് അവന്റെ ശക്തിയും പ്രത്യക്ഷതയും നേരിട്ടുകണ്ട സാക്ഷികൾ എന്ന നിലയിൽ യേശുക്രിസ്തുവിൽ ജീവന്റെ വചനം ഉണ്ടായിരുന്നു വെന്നും അത് വിശ്വാസയോഗ്യമെന്നും അപ്പൊസ്തലന്മാർ സാക്ഷ്യ പ്പെടുത്തുന്നു. എന്നാൽ തുടർന്നുവരുന്ന **"ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും"** ഇവിടെ വ്യാകരണ പ്രകാരം (etheasametha, epsēlaphēsan- consumative aorist) ഒരു പ്രത്യേക സമയത്ത് മാത്രം സംഭവിച്ചതും എന്നാൽ പൂർണ്ണമായും നിന്നുപോയ തായ പ്രവൃത്തിയെ ഊന്നിപറയുന്നു.

ആദിമുതൽ "ഞങ്ങൾ നോക്കിയത്"

ആദിമുതലുള്ള ഞങ്ങളുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ജീവന്റെ വചനവുമായി ലോകത്തിലേക്കു വന്ന കർത്താവിനെ അവന്റെ ശിഷ്യന്മാരായ അപ്പൊസ്തലന്മാർ മൂന്നര വർഷം ദൈർഘ്യമുള്ള ഒരു കാലഘട്ടം പരസ്യമായും രഹസ്യമായും അവന്റെ ജീവിതം, പ്രവൃത്തി, ഉപദേശം മുതലായവ നിരീക്ഷിച്ചു. അതിൽനിന്നും അവൻ ജീവിച്ചതു പോലെ ആരും ജീവിച്ചിട്ടില്ല, അവൻ പ്രവൃത്തിച്ചതുപോലെ ആരും പ്രവൃത്തിച്ചിട്ടില്ല, അവൻ ഉപദേശിച്ചതുപോലെ ആരും ഉപദേശിച്ചിട്ടി ല്ലായെന്ന നിഗമനത്തിലാണ് അപ്പൊസ്തലന്മാർ എത്തിച്ചേർന്നത് (മത്തായി 7:28-29 c.f. യോഹ. 3:11-12) അതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിച്ച ജീവന്റെ വചനം വിശ്വാസയോഗ്യമാണ്.

ആദിമുതൽ "ഞങ്ങളുടെ കൈ തൊട്ടത്"

ആദിമുതലുള്ള ഞങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ദൈവത്തിൽനിന്നും ജീവന്റെ വചനവുമായി തങ്ങളുടെ അടുക്കൽ ഇറങ്ങിവന്നവന്റെ ജഡശരീരവും പുനരുത്ഥാനശരീരവും തൊട്ടുനോക്കുവാനും ജഡവാസത്തിന്റെ നിജസ്ഥിതി ഉറപ്പാക്കുവാനും അപ്പൊസ്തലന്മാർക്ക് ധാരാളം അവസരങ്ങൾ ഉണ്ടായിരുന്നു. അതിൽനിന്നും അവന് അസ്ഥിയും മാംസവും ഉണ്ടെന്ന് അവർക്കു ബോദ്ധ്യമായി (ലൂക്കൊസ് 24:36-42). ഇങ്ങനെ ക്രിസ്തുവിനെക്കുറിച്ച് അപ്പൊസ്തലന്മാർക്ക് നേരിട്ടു ലഭിച്ച അറിവിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ യേശുക്രിസ്തുവിലൂടെ ലഭിച്ച ജീവന്റെ വചനം വിശ്വാസയോഗ്യമാണെന്ന് തെളിയുന്നു.

ഇവിടെ **“ജീവന്റെ വചനം”** യേശുക്രിസ്തുവിനെ സൂചിപ്പിക്കുന്നതല്ല, മറിച്ച് യേശുവിലുള്ള ജീവന്റെ വചനത്തെ സൂചിപ്പിക്കുന്നതാണ്. യേശുവാണ് നിത്യജീവൻ നല്കുന്നത്, ജീവന്റെ വചനം അതിനെക്കുറിച്ചുള്ള സന്ദേശമാണ് (യോഹ. 1:4; 5:21,40; 17:2).

മാത്രമല്ല, ജീവൻ എന്ന വാക്കുകൊണ്ട്, ആഹാരത്തിലൂടെയും വസ്ത്രത്തിലൂടെയും ദൈനംദിനം പരിപാലിക്കപ്പെടുന്ന ശാരീരിക ജീവൻ എന്ന അർത്ഥമല്ല. പ്രത്യുത, ദൈവത്തോട് ബന്ധപ്പെട്ടുള്ളതും ദൈവത്തിൽനിന്നും ലഭിക്കുന്നതുമായ “നിത്യജീവൻ” അഥവാ “സാക്ഷാൽ ജീവൻ” എന്ന അർത്ഥമാകുന്നു ഇവിടെ ഉദ്ദേശിക്കുന്നത് (യോഹ. 5:24; 1 തിമൊ. 6:19). അതുകൊണ്ട് **“ജീവന്റെ വചനം”** എന്നതിലൂടെ വചനവുമായി വന്ന ദൂതന്റെ പ്രാധാന്യമല്ല, മറിച്ച് ദൂതിന്റെ പ്രാധാന്യമാണ് ലേഖകൻ ഇവിടെ ഊന്നി പറയുന്നത് (c.f. മത്തായി 13:19; അപ്പൊ. 13:26).

ഇതോടുള്ള ബന്ധത്തിൽ അപ്പൊസ്തലന്മാർക്ക് അനുവാചകരോട് ആത്യന്തികമായി പറയുവാനുള്ളത് ജീവന്റെ വചനം സംബന്ധിച്ച് **“ജീവൻ പ്രത്യക്ഷമായി”** എന്ന സുവാർത്തയാണ്. എന്നാൽ **“പ്രത്യക്ഷമായി”** എന്നതുകൊണ്ട് ഇതുവരെ അദൃശ്യമായിരുന്നത് ദൃശ്യമായി എന്ന അർത്ഥത്തിലല്ല, മറിച്ച് ഇതുവരെ അറിയാതിരുന്നതും അവ്യക്തമായിരുന്നതും വ്യക്തമായിത്തീർന്നു എന്ന അർത്ഥത്തിലാണ് യോഹന്നാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കാരണം “പ്രത്യക്ഷമായി” (ephanerōthē) എന്നതിന് കർമ്മണി പ്രയോഗത്തിൽ അറിയി

ക്കപ്പെട്ടു, വെളിപ്പെടുത്തപ്പെട്ടു എന്നാണർത്ഥം (c.f. യോഹ. 17:6; റോമർ 3:21; 2 തിമൊ. 1:10; 1 യോഹ. 4:9). എന്നാൽ വ്യാകരണപ്രകാരം (ephanerōthē - consumative aorist) ഇവിടെ ഇത് ഒരു പ്രത്യേക സമയത്ത് മാത്രം സംഭവിച്ചതും പൂർണ്ണമായും നിന്നുപോയതുമായ പ്രവൃത്തിയെ സൂചിപ്പിക്കുന്നു. മാത്രമല്ല, ഇവിടെ കാണുന്ന (-) എന്ന രേഖ ഖണ്ഡം (hyphen) പറഞ്ഞുനിർത്തിയ കാര്യത്തിന് തുടർന്നു പറയുന്ന കാര്യത്തിലുള്ള ആശ്രയത്തെയും അതുമായുള്ള ബന്ധത്തെയും സൂചിപ്പിക്കുന്നു. ദൈവം സദാകാലത്തിനും മുമ്പെ വാഗ്ദത്തം ചെയ്ത നിത്യജീവൻ (2 തിമൊ. 1:1; തീത്തൊസ് 1:2) പ്രവാചകരിലൂടെ പിതാക്കന്മാരോട് കാലാകാലങ്ങളിൽ അറിയിക്കുകയും (c.f. സങ്കീർത്തനം 21:4; 49:7; 61:4). കാലസമ്പൂർണ്ണത്തിൽ സുവിശേഷത്തിലൂടെ ലോകത്തിന് വെളിപ്പെടുത്തുകയും ചെയ്തു (തീത്തൊസ് 1:1–2). എന്നാൽ ദൈവം അത് ചെയ്തത് മരണം നീക്കി ജീവനും അക്ഷയതയും വ്യക്തമാക്കിക്കൊണ്ടായിരുന്നുവെന്ന് (2 തിമൊ. 1:9,10) തിരുവെഴുത്ത് പറയുന്നു. അതിനർത്ഥം ദൈവം മരണത്തെ നിരോധിച്ചുകൊണ്ട് മരണഭീതി എല്ലാവരിൽനിന്നും അകറ്റിയെന്നും (എബ്രായർ 2:14–15); സകലത്തിനും മുമ്പെ വാഗ്ദത്തം ചെയ്ത "നിത്യജീവൻ" എന്ത് എങ്ങനെ ആർക്ക് ആരിലൂടെ എപ്പോൾ ലഭ്യമാകുമെന്നും ക്രിസ്തുവിനെ മരിച്ചവരിൽനിന്നും ഉയർപ്പിച്ചതിലൂടെ - പുനരുത്ഥാന ശരീരത്തിലൂടെയും തേജസ്കരിക്കപ്പെട്ട ശരീരത്തിലൂടെയും - അക്ഷയത എന്താണെന്ന് ലോകത്തിന് വ്യക്തമാക്കിക്കൊടുത്തുവെന്നുമാണ്. കാരണം, ഇതെല്ലാം മനുഷ്യർക്ക് അറിയാത്തതും മനസ്സിലാകാത്തതുമായ വസ്തുതകൾ ആയിരുന്നു.

ക്രിസ്തുയേശുവിലൂടെ പ്രത്യക്ഷമായ ഈ നിത്യജീവന്റെ ചരിത്രപരമായ ആരംഭത്തിന് ഞങ്ങൾ സാക്ഷികൾ ആകുന്നു (യോഹ. 21:24).

## 2. ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ അറിയിക്കുന്നു

മനുഷ്യന് എന്നെന്നേക്കുമുള്ള ജീവൻ നല്കുന്ന ദൈവത്തിന്റെ നിത്യജീവൻ യേശുക്രിസ്തുവിലൂടെ ദൈവം വെളിപ്പെടുത്തി (യോഹ. 1:4); തന്റെ പുത്രനിൽ വിശ്വസിക്കുന്നവരുടെ ആത്മാവിന് ദൈവം നല്കുന്ന ജീവന്റെ ശ്രേഷ്ഠതയാണ് "നിത്യജീവൻ" (യോഹ. 3:16); അതുകൊണ്ട് ഇത് ഭൂമിയിലെ ദീർഘായുസ്സിനെയല്ല, മറിച്ച് സാക്ഷാൽ വാഗ്ദത്ത ജീവനെത്തന്നെ സൂചിപ്പിക്കുന്നു. ഇതിന്റെ വാഗ്ദത്തം പഴയ

നിയമത്തിലുണ്ട് (ആവ. 30:6). ഈ നിത്യജീവൻ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തിലും വാക്കിലും പ്രവൃത്തിയിലും മരിച്ചവരിൽനിന്നുള്ള ഉയിർപ്പിലും പ്രത്യക്ഷമായി. ജീവൻ നല്കുന്ന സുവിശേഷവചനം ജീവിക്കുന്ന ദൈവവചനമായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രഘോഷണമായതുകൊണ്ട് വിശ്വസിക്കുന്നവർ സുവിശേഷത്തിലും യേശുക്രിസ്തുവിലും വിശ്വസിക്കണം (മർക്കൊസ് 1:15; അപ്പൊ. 16:31). യേശുക്രിസ്തുവിലൂടെ ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യത്തിന്റെയും അനുഭവത്തിന്റെയും അടിസ്ഥാനത്തിൽ അപ്പൊസ്തലന്മാരായ ഞങ്ങൾ കണ്ട് **"സാക്ഷീകരിക്കയും... ചെയ്യുന്നു"** എന്നത് വ്യാകരണപ്രകാരം ഇവിടെ (martyroumen-progressive present) യേശുക്രിസ്തുവിലുള്ള ജീവന്റെ വചനവുമായി ബന്ധപ്പെട്ട് അപ്പൊസ്തലന്മാർക്കുള്ള മുൻകാല അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു. മാത്രമല്ല, ഇവിടെ സാക്ഷീകരിക്കുകയും ചെയ്യുന്നു (martyroumen) എന്നതിന് കോടതിയിൽ സാക്ഷി പറയുന്ന വാക്കാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നത്, ഒരു പ്രത്യേക പ്രവൃത്തിയെക്കുറിച്ചോ ഒരു വസ്തുതയെക്കുറിച്ചോ നേരിട്ടോ കേട്ടറിവിന്റെയോ അടിസ്ഥാനത്തിൽ തുടർമാനമായി നടത്തുന്ന അഥവാ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ആധികാരികമായ ഒരു പരസ്യപ്രസ്താവനയോ പ്രഖ്യാപനമോ ആണിത്. അതോടു ബന്ധപ്പെട്ട് **"പിതാവിനോടു കൂടെയിരുന്നു ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കയും ചെയ്യുന്നു."** ഇവിടെ **"അറിയിക്കയും ചെയ്യുന്നു"** (apangellomen) എന്നതിന് വിളംബരം ചെയ്യുന്നു, വിജ്ഞാപനം ചെയ്യുന്നു, ഉദ്ഘോഷിക്കുന്നു എന്ന അർത്ഥവും ഇവിടെ വ്യാകരണപ്രകാരം (apangellomen - progressive present) ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെയുമാണ് ഇത് സൂചിപ്പിക്കുന്നത്.

ജ്ഞാനവാദം അനുസരിച്ച് നിത്യജീവനെക്കുറിച്ചുള്ള അറിവ് മറഞ്ഞിരിക്കുകയോ കേവലം കുറച്ചു പേരിൽ മാത്രം പരിമിതപ്പെട്ടിരിക്കുകയോ ചെയ്യുമ്പോൾ ദൈവത്തിൽനിന്നുള്ള ജീവന്റെ വചനം എല്ലാവരും അറിയുവാനായി അപ്പൊസ്തലന്മാർ സാക്ഷീകരിക്കുകയും അറിയിക്കയും ചെയ്യുന്നു. കാരണം, അപ്പൊസ്തലന്മാർ ജീവന്റെ വചനത്തിന് സാക്ഷികളും പ്രഘോഷകരുമാണ്. ഈ ജീവനെ ലോകത്തിന് വെളിപ്പെടുത്തിയ മുഖാന്തരത്തെയും (സുവിശേഷം) പ്രസ്തുത മുഖാ

ന്തരത്തിലൂടെ ഈ ജീവനെ മനുഷ്യന് ലഭ്യമാക്കിയ ആളത്വത്തെയും കുറിച്ച് (യേശുക്രിസ്തു) ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരായ ഞങ്ങൾ സാക്ഷീകരിക്കുന്ന വസ്തുതകൾ കേവലം കെട്ടുകഥകളോ കേട്ടറിവിന്റെ അടിസ്ഥാനത്തിലുള്ളതോ അല്ല (ഗലാത്യർ 1:11–12; 2 പത്രൊസ് 1:16–18). മറിച്ച്, ജീവന്റെ വചനവുമായി ബന്ധപ്പെട്ടുള്ള ആദി മുതലുള്ള എല്ലാ കാര്യങ്ങളും നേരിട്ട് അറിയാവുന്നവരും അനുഭവസ്ഥരും ആകുന്നതിന്റെ അടിസ്ഥാനത്തിലാണ്. ക്രിസ്തുവിലുള്ള ജീവന്റെ വചനത്തെക്കുറിച്ച് ആധികാരികമായി ഉപദേശിക്കുവാനുള്ള അപ്പൊസ്തലന്റെ അവകാശത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. എന്നാൽ ദുരുപദേശത്തിന്റെ അപ്പൊസ്തലന്മാർ ജീവന്റെ വചനം സംബന്ധിച്ച് ആദി മുതലുള്ള കാര്യങ്ങളെ നേരിട്ട് കണ്ടവരോ കേട്ടവരോ അനുഭവസ്ഥരൊ അല്ല; അതുകൊണ്ട് അവരുടെ വചനം വിശ്വാസയോഗ്യമല്ലെന്നും എന്നാൽ **"ഞങ്ങൾ കണ്ടും കേട്ടുമുള്ളത്... നിങ്ങളോടും അറിയിക്കുന്നു"** എന്നതിനാൽ അത് വിശ്വാസയോഗ്യമാണെന്നും യോഹന്നാൻ സമർത്ഥിക്കുന്നു.

ഇവിടെ ഞങ്ങൾ കണ്ടും കേട്ടുമുള്ളവനെയല്ല, മറിച്ച് ജീവന്റെ വചനവുമായി ബന്ധപ്പെട്ട് കണ്ടും കേട്ടുമുള്ള വസ്തുതകളെയാണ് മൊത്തത്തിൽ ഒറ്റപേരിൽ ഒരു കാര്യമായി അറിയിക്കുന്നത് എന്ന് ഇവിടെ വ്യാകരണം (neuter singular accusative-meaning that which or what) സൂചിപ്പിക്കുന്നു (യോഹ. 1:1–2 c.f. യോഹ. 4:42). അതിനർത്ഥം യോഹന്നാൻ ഇത് അറിയിക്കുമ്പോൾ ദൈവപുത്രനായ യേശു എന്ന വ്യക്തി യോഹന്നാന്റെ മനസ്സിൽ നിറഞ്ഞു നില്ക്കുന്നുണ്ടെങ്കിലും ലേഖനത്തിന്റെ ആരംഭത്തിൽ ഊന്നൽ നല്കിയിരിക്കുന്നത് യേശുവിനല്ല, മറിച്ച് യേശുവിനെ സംബന്ധിച്ചുള്ളതും യേശുവിലൂടെ വെളിപ്പെട്ടതുമായ **"ജീവന്റെ"** സന്ദേശത്തിനാണ്.

അങ്ങനെ വരുമ്പോൾ **"ആദിമുതലുള്ളത്"** നിത്യവും സാർവ്വത്രികവും അല്ല, മറിച്ച് ചരിത്രപരവും പ്രാദേശീയവുമാണ്. അർത്ഥാൽ, യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷത്തിന്റെ ആരംഭവും (മർക്കൊസ് 1:1) അതോടു ബന്ധപ്പെട്ടുള്ള അപ്പൊസ്തലന്മാരുടെ പ്രഘോഷണത്തിന്റെ ആരംഭവും ആകുന്നു (1 യോഹ. 2:7,24; 3:11).

ഈ ലേഖനത്തിന്റെ ഉള്ളടക്കം ആദ്യവാക്യങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നു (1:1–4). ഇത് അനുവാചകരിലേക്ക് വേഗത്തിൽ കൈമാറു

ന്നതിനാണ് മറ്റ് ചിട്ടവട്ടങ്ങൾ ഒന്നും കൂടാതെ ലേഖനത്തിന്റെ ആരംഭത്തിൽതന്നെ വിഷയം അവതരിപ്പിക്കുന്നത്. ഒരു പുതിയ വെളിപ്പാടിനെയല്ല, മറിച്ച് അപ്പൊസ്തലന്മാർ വ്യക്തമായും വ്യക്തിപരമായും കാണുകയും കേൾക്കുകയും ചെയ്ത **"ഞങ്ങൾ കണ്ടും കേട്ടുമുള്ള"** പൂർണ്ണമായ ഒരു വെളിപ്പാടിന്റെ അടിസ്ഥാനത്തിലാണ് തങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ **"നിങ്ങളോട് അറിയിക്കുകയും"** ചെയ്യുന്നതെന്ന് ഇവിടെ വ്യാകരണം (heōrakamen, akēkoamen - extensive perfect) സൂചിപ്പിക്കുന്നു (c.f. ഗലാത്യർ 1:11-12; 2 പത്രൊസ് 1:16-18). എന്നാൽ ജ്ഞാനവാദികളുടെ ഉപദേശം ഇതുപോലെ വ്യക്തതയുള്ള പൂർണ്ണമായ വെളിപ്പാടിന്റെ അടിസ്ഥാനത്തിൽ ആയിരുന്നില്ല.

അതിനർത്ഥം, ആറ് പതിറ്റാണ്ടുകൾക്കു മുമ്പ് അപ്പൊസ്തലന്മാർ ക്രിസ്തുവിനെ ജഡത്തിൽ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്ത അനുഭവം നവതി കഴിഞ്ഞ യോഹന്നാന്റെ ഓർമ്മയിൽ ഇപ്പോഴും പുതുമയോടെ നില്ക്കുകയും അത് ഇപ്പോൾ തന്നെ സ്വാധീനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴും താൻ അക്കാര്യങ്ങൾ സാക്ഷീകരിക്കുകയും അറിയിക്കുകയും ചെയ്യുന്നു എന്നാണ്.

എന്നാൽ **"ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ"** എന്നീ ക്രിയാപദങ്ങൾ വ്യാകരണപ്രകാരം ഇവിടെ (consumative aorist) പൂർത്തിയായതും നിന്നുപോയതുമായ പ്രവൃത്തികൾക്കാണ് ഊന്നൽ നല്കുന്നത്. അതിനർത്ഥം യോഹന്നാനും മറ്റ് അപ്പൊസ്തലിക സാക്ഷികളും യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയുടെ കാലഘട്ടത്തിൽ പലപ്പോഴായി അവനെ നോക്കുകയും സ്പർശിക്കുകയും ചെയ്ത അനുഭവം ഒരു കാലഘട്ടത്തിൽ മാത്രം നടന്ന സംഭവമാണ്. പിന്നീട് ഒരിക്കലും അങ്ങനെ സംഭവിച്ചിട്ടില്ല; അവന്റെ ശരീരസാന്നിദ്ധ്യം പിന്നീട് ഒരിക്കലും അവർ അനുഭവിച്ചിട്ടില്ല (2 കൊരി. 5:16). ജഡത്തിൽ അവനെ ഭയംകൂടാതെ കാണുകയും സ്പർശിക്കുകയും ചെയ്യാവുന്ന കാലം കഴിഞ്ഞു. അതിന് തുടർമാനതയൊ ആവർത്തനമൊ ഇനി ഇല്ലായെന്നതിനെ ഇതു സൂചിപ്പിക്കുന്നു.

ഇക്കാലത്ത് രഹസ്യദർശനത്തിലൂടെ കർത്താവിനെ കണ്ടു എന്നും കർത്താവിനെ തൊട്ടു എന്നും അവകാശപ്പെടുന്നവരുടെ അവകാശവാദങ്ങൾ വ്യാജമാണെന്ന് തെളിയിക്കുന്ന ഒരു പ്രസ്താവനയാണിത്. കാരണം, സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് പിന്നീട് പലർക്കും

പ്രത്യക്ഷനായിട്ടുണ്ടെങ്കിലും പിന്നീടുള്ള കർത്താവിന്റെ പ്രത്യക്ഷത കളെല്ലാം മനുഷ്യന് സാധാരണനിലയിൽ നോക്കുവാനോ സ്പർശി ക്കുവാനോ കഴിയാത്ത നിലയിൽ തേജസ്ക്കരിക്കപ്പെട്ട അവസ്ഥയി ലുള്ളതായിരുന്നു (അപ്പൊ. 9:3–9; 26:13–15; വെളി. 1:12–17).

**B. അപ്പൊസ്തലന്മാർ അനുവാചകരെ ഈ വിഷയം അറിയി ക്കുന്നതിന്റെ ആവശ്യം**

**"ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു"** (വാ. 3).

ജീവന്റെ വചനം സംബന്ധിച്ച്, ആദിമുതലുള്ള വസ്തുതകളെ കാണാത്ത കേൾക്കാത്ത നിങ്ങളെ കണ്ടും കേട്ടുമുള്ള ഞങ്ങൾ അറി യിക്കുന്നു. അങ്ങനെ ചെയ്യുന്നതിന്റെ ആവശ്യം നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ്. **"കൂട്ടായ്മ"** (koinōnian) വിവാഹ ബന്ധം പോലെ അന്യോന്യം ജീവിതം പങ്കുവയ്ക്കുന്ന അടുത്ത ഉറച്ച ബന്ധത്തെ സൂചിപ്പിക്കുന്നു.

അനുവാചകർക്ക് കൂട്ടായ്മ ഉണ്ടാകേണ്ടതിനുള്ള അടിസ്ഥാനം യേശുക്രിസ്തുവിലുള്ള ജീവന്റെ വചനം സംബന്ധിച്ച അപ്പൊസ്തല ന്മാരുടെ പ്രഘോഷണവും അതിനോട് അനുവാചകർക്ക് വിശ്വാസത്താ ലുള്ള പ്രതികരണവുമാണ്. എന്നാൽ ഈ ലേഖനം എഴുതുന്നത് അനു വാചകർക്ക് കൂട്ടായ്മ ഉണ്ടാകുവാൻ വേണ്ടിയല്ല, മറിച്ച് കൂട്ടായ്മ ഉണ്ടാ യിരിക്കുവാൻ വേണ്ടിയാണ് (not to fellowship, but to have fellowship) എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

**"ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു"** (യോഹ. 14:19–20,23). ഇവിടെ പിതാവിനെയും പുത്രനെയും പ്രത്യേകം പ്രത്യേ കമായി വേർതിരിച്ചും എന്നാൽ ചേർത്തും പറഞ്ഞിരിക്കുന്നതുകൊണ്ട് ("with the Father and with the Son") ആളത്വത്തിലും പ്രവൃത്തിയിലും ഒന്നായിരിക്കുന്നതും ഒരേ ഗണത്തിൽപ്പെട്ടതും ബഹുമാനത്തിനും ആരാധനയ്ക്കും ഒരുപോലെ യോഗ്യരായ രണ്ട് വ്യത്യസ്ത ആളത്വ ങ്ങളെ സൂചിപ്പിക്കുന്നു (1 യോഹ. 2:23; 5:20; യോഹ. 5:22–23).

തന്നെക്കാൾ വലിയ ഒരു ആളത്വത്തോട് കൂട്ടായ്മ ബന്ധം സ്ഥാപി ക്കുക എന്നത് ഏതു മനുഷ്യന്റെയും എക്കാലത്തുമുള്ള വാഞ്ഛയും സ്വപ്നവുമാണ്. അതുകൊണ്ടാണ് ദൈവത്തോട് അടുത്തിരിക്കുന്ന

തായി അവകാശപ്പെട്ടിരുന്ന വിജാതീയ പുരോഹിതന്മാരെ സാധാരണ ജനങ്ങൾ ബഹുമാനത്തോടെ കണ്ടിരുന്നത് (c.f. അപ്പൊ. 14:11-13).

ഇവിടെ "കൂട്ടായ്മ" എന്നതുകൊണ്ട് പങ്കുപറ്റൽ അഥവാ പങ്കാളിത്തം എന്നാണർത്ഥം. ആത്മിക കൂട്ടായ്മ അഥവാ ക്രിസ്തീയ കൂട്ടായ്മ എന്നത് കൂട്ടുകാർ തമ്മിലുള്ള സൗഹൃദബന്ധമല്ല, ഒരേ ആശയങ്ങളുടെ ഏകോപനവുമല്ല, കേവലം ഒരു സാമൂഹികബന്ധവുമല്ല, മറിച്ച് ദൈവത്താൽ സ്ഥാപിതമായതും സ്ഥായിയായതുമായ ഒരു ആത്മബന്ധമാണ്. അപ്പൊസ്തലന്മാർക്ക് തമ്മിൽ തമ്മിൽ ഈ നിലയിലുള്ള ഒരു കൂട്ടായ്മബന്ധം ഉള്ളതുപോലെ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും അവർക്ക് കൂട്ടായ്മ ബന്ധമുണ്ട്. ഈ കൂട്ടായ്മയാണ് ദൈവജനത്തോടുള്ള കൂട്ടായ്മക്ക് നിധാനമായിരിക്കുന്നത്.

നിത്യതയിൽ ദൈവിക ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾ തമ്മിലായിരുന്നു കൂട്ടായ്മ; എന്നാൽ ഈ കൂട്ടായ്മ മനുഷ്യനുമായി പങ്കുവയ്ക്കുവാൻ ദൈവം പ്രസാദിച്ചിരിക്കുന്നു. അങ്ങനെ നാം നിത്യജീവനും നിത്യതേജസ്സിനും ദിവ്യസ്വഭാവത്തിനും പങ്കാളികൾ ആകുവാൻ ഇടവരുന്നു (1 യോഹ. 3:24; 4:16; യോഹ. 5:26,24; 14:23).

അപ്പൊസ്തലന്മാരുടെ ഈ കൂട്ടായ്മ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. ദൈവത്വത്തിലെ പിതാവും പുത്രനും തമ്മിലുള്ള ഈ കൂട്ടായ്മ അതിശയകരവും അവർണ്ണനീയവുമാണ്. സർവ്വശക്തരും സർവ്വജ്ഞാനികളും അമർത്യരും പൂർണ്ണവിശുദ്ധരും പൂർണ്ണസ്നേഹമുള്ളവരും മനസ്സുകൊണ്ടും ആഗ്രഹംകൊണ്ടും പൂർണ്ണ ഐക്യമുള്ളവരും അന്യോന്യം പൂർണ്ണമായി അറിയുന്നവരും എപ്പോഴും കാണുന്നവരും അന്യോന്യമുള്ള മഹത്വത്തിനായി പരസ്പരം പ്രവൃത്തിക്കുന്നവരും എപ്പോഴും പിതാവ് പുത്രനിലും പുത്രൻ പിതാവിലും ഇരിക്കുന്നവരുമായവരുടെ ഒരു കൂട്ടായ്മ അതിശയകരവും അവർണ്ണനീയവുമാണ്.

ആഗിരണത്തിലൂടെ അനുരൂപരാക്കി രൂപാന്തരപ്പെടുത്തുന്ന ഒരു സ്വഭാവം കൂട്ടായ്മക്കുണ്ട്. അതുകൊണ്ട് പിതാവിനോടും പുത്രനോടും കൂട്ടായ്മയുള്ളവർ സകലവും പിതാവും പുത്രനും കാണുന്നതുപോലെ കാണുകയും അനുഭവമാക്കുകയും പ്രവൃത്തിക്കുകയും ചിന്തിക്കുകയും വിചാരപ്പെടുകയും വിലയിരുത്തുകയും വിധിക്കുകയും ചെയ്യുന്നു. അത് വിശക്കുന്നവർക്ക് ആഹാരം കൊടുക്കുന്ന കാര്യത്തിലും സഭയുടെ

കെട്ടുപണിയുടെ കാര്യത്തിലും രോഗികൾക്ക് സൗഖ്യം വരുത്തുന്ന കാര്യത്തിലും കാണാതെപോയതിനെ തിരഞ്ഞു രക്ഷിക്കുന്ന കാര്യത്തിലും അങ്ങനെതന്നെയാണ്.

അതുകൊണ്ട് തങ്ങൾക്ക് തമ്മിൽ തമ്മിൽ കൂട്ടായ്മയുള്ളതുപോലെയും ദൈവികകൂട്ടായ്മയിൽ പങ്കാളികളായിരിക്കുന്നതുപോലെയും അനുവാചകരും ഈ കൂട്ടായ്മയിൽ പങ്കാളികളായിരിക്കുവാൻ അപ്പൊസ്തലൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ സാധ്യത ഉറപ്പാക്കുന്നതിനോടുള്ള ബന്ധത്തിലും കൂട്ടായ്മയിലെ സന്തോഷം നിലനിർത്തുന്നതിനോടുള്ള ബന്ധത്തിലും തങ്ങൾ ദൈവപുത്രനിൽനിന്നും നേരിട്ട് കണ്ടും കേട്ടുമുള്ള വസ്തുതകൾ അപ്പൊസ്തലൻ അനുവാചകരെ അറിയിക്കുന്നത്. കാരണം, ശരിയായ കൂട്ടായ്മക്ക് ശരിയായ അറിവ് ആവശ്യമാണ്. മാത്രമല്ല. ദൈവത്തോട് കൂട്ടായ്മയുള്ളവർക്കു മാത്രമേ ദൈവമക്കളോട് ദൈവിക കൂട്ടായ്മ അനുഭവിക്കുവാൻ കഴിയുകയുള്ളൂ.

നാമെല്ലാം ഒരേ പിതാവിന്റെ മക്കൾ ആകുന്നു. ഒരു ഭവനത്തിലെ അംഗങ്ങൾ ആകുന്നു, ഒരു ജീവന്റെ അംശികൾ ആകുന്നു. നാം ഏതു നിലയിൽ ഒറ്റപ്പെട്ടാലും ഏത് അളവിൽ ഏകാന്തത അനുഭവിച്ചാലും കഷ്ടമോ നഷ്ടമോ പട്ടിണിയോ ആപത്തോ വാളോ എന്തുതന്നെ നമുക്കെതിരായി വന്നാലും അവയെ നാം ഒരിക്കലും ഒറ്റക്കൊറ്റക്ക് നേരിടുന്നവരല്ല, മറിച്ച് ഒരുമിച്ച് നേരിടുന്നവരാണ്. സ്ഥായിയായ ബന്ധമുള്ള ഒരു ഭവനത്തിലെ അംഗങ്ങളാണ് നാം ഏവരുമെന്ന ബോധ്യം ക്രിസ്തീയ ജീവിതത്തിലെ പ്രതിസന്ധികളെ പ്രത്യാശയോടെ തരണം ചെയ്യുവാൻ നമുക്ക് ധൈര്യം തരുന്നു. ദൈവത്തോടും ദൈവമക്കളോടും കൂട്ടായ്മ സ്ഥാപിച്ചാലുണ്ടാകുന്ന ഇഹത്തിലെ പ്രഥമനേട്ടം അതാകുന്നു. അപ്പൊസ്തലിക ഉപദേശം, അപ്പം മുറിക്കൽ, പ്രാർത്ഥന, ഭൗതികനന്മകളെ പങ്കുവെക്കൽ മുതലായവയെല്ലാം ദൈവത്തോടും ദൈവജനത്തോടുമുള്ള കൂട്ടായ്മയുടെ ബാഹ്യമായ ഫലങ്ങൾ ആകുന്നു.

**C. അപ്പൊസ്തലന്മാർ അനുവാചകരെ ഈ വിഷയം അറിയിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം (വാ. 4)**

**“നമ്മുടെ (നിങ്ങളുടെ) സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇത് നിങ്ങൾക്ക് എഴുതുന്നു.”**

ലേഖനരചനയുടെ ആത്യന്തികലക്ഷ്യം ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവരായിത്തീർന്ന് അനുവാചകരെ പൂർണ്ണസന്തോഷത്തിലേക്ക് എത്തിക്കുക എന്നതാണ് (യോഹ. 15:11 c.f. സങ്കീ. 16:11). പിതാവിനോടും പുത്രനോടും അപ്പൊസ്തലന്മാരോടും കൂടെയുള്ള ദൈവികകൂട്ടായ്മയിൽ ഇരിക്കുന്നുവെന്ന തിരിച്ചറിവിന്റെ ഫലമാണ് പൂർണ്ണമായ സന്തോഷം.

കർത്താവിന്റെ രണ്ടാം വരവിൽ ദൈവിക കൂട്ടായ്മയിലെ സന്തോഷം ആക്ഷരീകമായി അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരും. കാരണം, യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുമ്പോഴാണ് ഒരു ദാസന്റെ സന്തോഷം പൂർണ്ണമാകുന്നത് (മത്തായി 25:21,23). ആ പ്രത്യാശയിൽ ഇപ്പോൾ ഇവിടെയും ആനന്ദിക്കുന്നു (1 പത്രൊസ് 1:8-9). യഥാർത്ഥ വിശ്വാസിയിൽനിന്നും ഈ സന്തോഷത്തെ എടുത്തുകളയുവാൻ ആർക്കും കഴികയില്ല (യോഹ. 16:22; 17:12-13). "**പൂർണ്ണമാകുവാൻ**" എന്നത് ഇവിടെ വ്യാകരണത്തിൽ (peplērōmenē - intesive perfect) വിശ്വസിക്കുന്നവർ എന്ന നിലയിൽ അവർക്കുള്ള സന്തോഷം ലേഖനരചനയുടെ ഫലമായി പൂർണ്ണമാക്കപ്പെടണമെന്നുള്ള തീവ്രമായ ആഗ്രഹത്തെയും എന്നാൽ അതിലെ കർമ്മണി പ്രയോഗം (passive voice) ദൈവമാണ് ഈ സന്തോഷം പൂർണ്ണമാക്കുന്നതെന്നും സൂചിപ്പിക്കുന്നു.

ഒരളവിൽ അനുവാചകർ ആത്മിക സന്തോഷം അനുഭവിക്കുന്നവരാണ്. എന്നാൽ ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പില്ലാതെ (c.f. ലൂക്കൊസ് 10:17,20). ക്രിസ്തുവിശ്വാസികൾക്ക് ആത്മികസന്തോഷം പൂർണ്ണമാകുകയില്ല. അതുകൊണ്ട് "**ഞങ്ങൾ ഇത് നിങ്ങൾക്ക് എഴുതുന്നു.**" ഇവിടെ "**എഴുതുന്നു**" എന്നത് വ്യാകരണത്തിൽ (graphomen - progressive present) പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

ലേഖനത്തിൽ ആദ്യം മുതൽ അവസാനം വരെ അനുവാചകർക്ക് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പ് വരുത്തുവാനുള്ള വിവിധ പരിശോധനകളും അതിലൂടെ അവരുടെ സന്തോഷം പൂർണ്ണമാക്കുവാനുള്ള അപ്പൊസ്തലിക ഉപദേശവുമാണ് ലേഖകൻ എഴുതുന്നത്.

യേശുക്രിസ്തുവിലുള്ള നിത്യജീവനെ തന്റെ അടുക്കലേക്ക് എത്തി

ക്കുന്ന ജീവന്റെ വചനമായ സുവിശേഷത്തിൽ മനുഷ്യൻ പൂർണ്ണമായി വിശ്വസിച്ച് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവനായിത്തീരുമ്പോഴാണ് അതിന്റെ സന്തോഷം പൂർണ്ണമാകുന്നതും അവൻ പൂർണ്ണകൃതാർത്ഥനാവുകയും ചെയ്യുന്നത്. തന്റെ അനുവാചകർ ഈ അവസ്ഥയിൽ എത്തിച്ചേരണമെന്ന് അപ്പൊസ്തലനായ യോഹന്നാൻ ആഗ്രഹിക്കുന്നു (c.f. 2 കൊരി. 5:19-20). കാരണം, ഈ സന്തോഷവും അതിന്റെ മഹത്വവും അതിന്റെ പൂർണ്ണതയിൽ അനുഭവിപ്പാൻ ഓരോ വിശ്വാസിയും കൃപായുഗത്തിലേക്കും നിത്യതയിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു (1 കൊരി. 1:9).

അതുകൊണ്ട് ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുതരുന്ന ജീവന്റെ വചനം സംബന്ധിച്ചുള്ള വസ്തുതകളെല്ലാം ശരിയായി അറിയാതെ, ദുരുപദേശത്താൽ ആകൃഷ്ടരായി നിത്യജീവനിൽനിന്നും അകന്നവർക്കും ദൈവിക കൂട്ടായ്മയിലെ സന്തോഷം നഷ്ടപ്പെട്ടവർക്കും ദൈവിക കൂട്ടായ്മയുള്ള നിത്യജീവന് അവകാശികൾ ആകുവാനും അതിലെ സന്തോഷം പൂർണ്ണമായി അനുഭവിക്കുവാനും ജീവന്റെ വചനം സംബന്ധിച്ചുള്ള ദൈവികസുവിശേഷം പൂർണ്ണമായി വിശ്വസിക്കേണ്ടത് ആവശ്യമാണ്.

***

## II

# ദൈവിക വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 1:5–2:2)

"ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടുകേട്ടു നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. അവനോടു കൂട്ടായ്മ ഉണ്ട് എന്നു പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു; അവന്റെ വചനം നമ്മിൽ ഇല്ലാതെയായി. എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിക്കുവാൻ ഞാൻ ഇതു നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിനു മാത്രം അല്ല, സർവലോകത്തിന്റെ പാപത്തിനും തന്നെ."

പിതാവിനോടും പുത്രനോടും കൂടെ അപ്പൊസ്തലന്മാർക്കുള്ള കൂട്ടായ്മയിൽ അനുവാചകരും പങ്കാളികളായി അവരുടെ സന്തോഷം പൂർണ്ണമാകണമെന്നുള്ള ലക്ഷ്യമാണ് അപ്പൊസ്തലിക പ്രഘോഷണ

ത്തിലും ലേഖന രചനയിലുമുള്ളത്. ഇതിന്റെ സാധ്യതയിലേക്കാണ് തുടർന്ന് ലേഖകൻ അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്.

1:4-5 വാക്യങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സമുച്ചയപദം (And) പ്രതിപാദ്യവിഷയത്തിന്റെ അനുബന്ധ തുടർച്ചയെയാണ് സൂചിപ്പിക്കുന്നത് (2:25; 3:23; 5:4,11,14).

അപ്പൊസ്തലന്മാർക്ക് യേശുക്രിസ്തുവിൽനിന്നും ദൈവത്തെക്കുറിച്ച് വ്യക്തിപരമായി ലഭിച്ച ഉപദേശമാണ് **"ഞങ്ങൾ അവനോട് കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു"** എന്നതിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത്. ഒരുപക്ഷേ, ഇത് ഗിരിപ്രഭാഷണം പോലെയുള്ള ഏതെങ്കിലും പരസ്യശുശ്രൂഷയിൽവെച്ച് കർത്താവിൽനിന്ന് കേട്ടതാകാം അല്ലെങ്കിൽ മാളികമുറി പ്രഭാഷണം പോലെ ശിഷ്യന്മാർ മാത്രമുള്ള സന്ദർഭത്തിൽ കർത്താവിൽനിന്നും കേട്ടതാകാം. ഏതവസരത്തിൽ ലഭിച്ചതാണെങ്കിലും ദൈവികപ്രകൃതത്തെക്കുറിച്ച് ദൈവപുത്രനിൽനിന്നും യോഹന്നാൻ അടക്കമുള്ള അപ്പൊസ്തലന്മാർ നേരിട്ട് കേട്ട സാക്ഷ്യത്തെയാണ് ലേഖകൻ ഇവിടെ ഉദ്ദേശിക്കുന്നത്. അതിലൂടെ ദൈവത്തെക്കുറിച്ചുള്ള ആധികാരിക ഉപദേശമാണ് അനുവാചകർക്ക് ലഭിക്കുന്നത് (c.f. യോഹ. 8:26-28).

ഇവിടെ **"കേട്ട്"** എന്നത് വ്യാകരണപ്രകാരം (akēkoamen - extensive perfect) പൂർത്തിയായ ഒരു സംഭവമാണെന്നും എന്നാൽ കേട്ടതിന്റെ ഫലമായുള്ള വിവരം **"അറിയിക്കുന്ന"** പ്രവൃത്തി ഇപ്പോൾ തുടരുന്നുവെന്നുമാണ് വ്യാകരണം (anagelomen - peogressive present) ഇവിടെ സൂചിപ്പിക്കുന്നത്. അതുപോലെ **"ദൂതാകുന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (estin - equative present) ദൂതിന്റെ വർത്തമാനകാല പ്രാധാന്യത്തെയും ദൂതിന് മുമ്പുള്ള വിവേചക ഭേദകം (the) ദൂതിന്റെ പ്രത്യേകതയെയുമാണ് സൂചിപ്പിക്കുന്നത്.

ഒരാൾ ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കേണ്ടത് ദൈവിക വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആകണമെന്ന് യോഹന്നാൻ ഇവിടെ പറയുന്നു (1:5-2:2). അതോടുള്ള ബന്ധത്തിൽ, വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനം, അർത്ഥം, അനുഗ്രഹം, അടയാളം, ആത്യന്തിക ഉറപ്പ് മുതലായ വസ്തുതകൾ യോഹന്നാൻ ഈ ഭാഗത്ത് വിശദീകരിക്കുന്നു.

### A. വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനം (1:5)

വെളിച്ചത്തിൽ നടക്കുന്നതിനുള്ള അടിസ്ഥാനം, "**ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടുമില്ല**" എന്ന യാഥാർത്ഥ്യമാകുന്നു. തിരുവെഴുത്തിൽ ദൈവത്തിന് അനേകം പേരുകൾ കാണപ്പെടുന്നുണ്ട്. അതിൽ ഒറ്റ പേരുകളും ഇരട്ട പേരുകളും വിശദീകരണ പേരുകളും സ്ഥാന പേരുകളും ഉണ്ട്. ദൈവത്തിന് അങ്ങനെ ഉപയോഗിച്ചിരിക്കുന്ന ചില രൂപകാലങ്കാരങ്ങളാണ് "ദൈവം ആത്മാവ് ആകുന്നു" (യോഹ. 4:24). "ദൈവം സ്നേഹം ആകുന്നു" (1 യോഹ. 4:8,16), അതുപോലെ, ഇവിടെ "**ദൈവം വെളിച്ചം ആകുന്നു**" എന്നത് (c.f. യാക്കോബ് 1:17). "**ആകുന്നു**" എന്നത് ഇവിടെ വ്യാകരണത്തിൽ (estin - gnomic present) അനന്തമായ ഒരു പൊതുസത്യത്തെ സൂചിപ്പിക്കുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ സ്ഥായിയായ ഒരു പ്രകൃതം ദൈവത്തിനുണ്ട്.

"**ദൈവം വെളിച്ചം ആകുന്നു**" എന്ന പ്രസ്താവനയിലൂടെ ബൈബിൾ വെളിപ്പെടുത്തുന്ന ദൈവത്തിന് വിജാതീയ ദേവന്മാരിൽ നിന്നുള്ള വ്യത്യാസത്തെ സൂചിപ്പിക്കുന്നു. ഉദാഹരണമായി വിജാതീയ വിശ്വാസപ്രകാരം അശ്ശൂർ ദേവനായ ബാലിന്റെ പുരുഷരൂപമാണ് സൂര്യൻ. അതുപോലെ അതിന്റെ സ്ത്രീരൂപമാണ് ചന്ദ്രൻ. എന്നാൽ തിരുവെഴുത്ത് വെളിപ്പെടുത്തുന്ന ദൈവം സൂര്യനും ചന്ദ്രനും എന്ന പോലെ ഒരു ശക്തിയും വസ്തുവുമല്ല. മറിച്ച്, വ്യക്തിയും ആത്മാവുമാകുന്നു. പകൽ വാഴുന്ന സൂര്യന്റെയും രാത്രി വാഴുന്ന ചന്ദ്രന്റെയും സൃഷ്ടാവുമാകുന്നു.

അതുപോലെ, ഗ്രീക്ക് - റോമൻ പുരാണങ്ങൾ ഉൾപ്പെടുന്ന വിജാതീയ സങ്കല്പത്തിൽ വൈരുദ്ധ്യ സ്വഭാവങ്ങളുടെയും സമ്മിശ്രസ്വഭാവങ്ങളുടെയും സമ്മേളനവും സംയോജനവുമാണ് ദൈവത്വം. അതുകൊണ്ട് വിജാതീയർക്ക് അനുഗ്രഹത്തിന്റെ ദേവൻ മാത്രമല്ല, ശാപത്തിന്റെയും നാശത്തിന്റെയും ദേവനുണ്ടായിരുന്നു. അഗ്നിയുടെ ദേവൻ മാത്രമല്ല, ആഴിയുടെയും ദേവനുണ്ടായിരുന്നു. സ്നേഹത്തിന്റെ ദേവൻ മാത്രമല്ല, കോപത്തിന്റെയും ക്രോധത്തിന്റെയും ദേവനുണ്ടായിരുന്നു. അതുപോലെ വെളിച്ചത്തിന്റെ ദേവൻ മാത്രമല്ല, ഇരുട്ടിന്റെയും ദേവൻ അവർക്കുണ്ടായിരുന്നു.

എന്നാൽ തിരുവെഴുത്ത് വെളിപ്പെടുത്തുന്ന ദൈവത്വം വൈരുദ്ധ്യ സ്വഭാവങ്ങളുടെ സമ്മേളനമോ സംയോജനമോ അല്ല, മറിച്ച്, "**ദൈവം**

**വെളിച്ചം ആകുന്നു; അവനിൽ ഇരുട്ട് ഒട്ടുമില്ല”** എന്നാണ് ദൈവത്തെക്കുറിച്ച് അപ്പൊസ്തലന്മാർക്ക് ദൈവപുത്രനിലൂടെ ലഭിച്ച പ്രത്യേക ദൂത്.

വെളിച്ചത്തിന്റെ പ്രത്യേകത

വെളിച്ചം എല്ലായിടത്തും അതിവേഗം പരക്കുന്നതും എല്ലാ മുക്കിലും മൂലയിലും തുളച്ചുകയറി പരിശോധിക്കുന്നതും ജീവനും സൗഖ്യത്തിനും സന്തോഷത്തിനും മുഖാന്തരമായിരിക്കുകയും ചെയ്യുന്നു. മാത്രമല്ല, അത് സുതാര്യവും സുവ്യക്തവും അതിന്റെ ആഗമനം യാഥാർത്ഥ്യവുമാണ്. അത് എല്ലാ അശുദ്ധിയെയും മലിനതയെയും വെളിപ്പെടുത്തുകയും സ്പർശിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അഴുക്കും മലിനതയും വെളിച്ചത്തെ ഒരിക്കലും സ്പർശിക്കാത്ത നിലയിൽതന്നെ വെളിച്ചം എപ്പോഴും വേറിട്ട് നില്ക്കുകയും ചെയ്യുന്നു.

വെളിച്ചവും ഇരുട്ടും തമ്മിലുള്ള താരതമ്യം ആദിമുതൽതന്നെ വചനത്തിൽ കാണുന്നുണ്ട് (ഉല്പത്തി 1:2-5; പുറ. 10:21-23; ഇയ്യോബ് 3:4; സഭാപ്ര. 2:13; യെശ. 5:20). മാത്രമല്ല ഇത് യോഹന്നാന്റെ ഒരു പ്രത്യേക ശൈലിയുമാണ് (1 യോഹ. 2:8-9; യോഹ. 1:4-5; 3:19; 12:35,46). എന്നാൽ മറ്റ് പുതിയനിയമ എഴുത്തുകാരും ചില സന്ദർഭങ്ങളിൽ ഈ ശൈലി പിൻതുടരുന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല (മത്തായി 4:14-16; 10:27; ലൂക്കൊസ് 11:34-36; 2 കൊരി. 6:14,15).

**“വെളിച്ചം”** തിരുവെഴുത്തിൽ വിശുദ്ധിയുടെ പ്രതീകമായി ഉപയോഗിച്ചിട്ടുണ്ട്. അതുകൊണ്ടാണ് വെളിച്ചത്തിന്റെ മക്കൾ (1 തെസ്സ. 5:4-8), വെളിച്ചത്തിന്റെ പ്രവൃത്തികൾ (റോമർ 13:12-13), വെളിച്ചത്തിന്റെ ഫലം (എഫെ. 5:9-13) തുടങ്ങിയുള്ള വാക്യാംശങ്ങൾ വചനത്തിൽ കാണുന്നത്. അതുപോലെ ദൈവവചനത്തിന്റെ പ്രതീകമായും **“വെളിച്ചം”** ഉപയോഗിക്കുന്നുണ്ട്. അതുകൊണ്ടാണ് “നിന്റെ വചനം എന്റെ കാലിന് ദീപവും പാതക്ക് പ്രകാശവും ആകുന്നു” എന്നും (സങ്കീ. 119:105). “കല്പന ഒരു ദീപവും ഉപദേശം ഒരു വെളിച്ചവും” ആകുന്നു എന്നും (സദൃശ. 6:23) വചനം പറയുന്നത്.

എന്നാൽ അതിലെല്ലാം ഉപരിയായി, പഴയനിയമത്തിൽ ‘‘വെളിച്ചം” ജീവന്റെ പ്രതീകമായും (യെശ. 9:2; 42:16; 60:2; മീഖ. 7:8-9); പര്യായമായും (ഇയ്യോബ് 33:28-30; സങ്കീ. 18:28; 36:9; 56:13) ഉപയോഗിച്ചിട്ടുണ്ട്.

ഈ പഴയനിയമ പശ്ചാത്തലത്തിലാണ് നാലാമത്തെ സുവിശേഷത്തിൽ **"വെളിച്ചം"** ഒരു രൂപകാലങ്കാരമായി ഉപയോഗിച്ചിരിക്കുന്നത്. അതു കൊണ്ടാണ് 1:4 ൽ "അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യ രുടെ വെളിച്ചം ആയിരുന്നു" എന്നും 8:12 ൽ "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും" എന്നും 12:35 ൽ "...ഇരുൾ നിങ്ങളെ പിടിക്കാതിരിപ്പാൻ നിങ്ങൾക്ക് വെളിച്ചം ഉള്ളേടത്തോളം നടന്നു കൊൾവിൻ" എന്നും പറയുന്നത്.

എന്നാൽ യോഹന്നാൻ 1:4 ൽ "ജീവൻ" എന്നത് ഭൗമിക ജീവ നോട് ബന്ധപ്പെട്ടിട്ടുള്ളതാകുന്നു. ജീവന്റെ ഉറവയായ ദൈവത്തിൽ നിന്നും സൃഷ്ടിപ്പിലൂടെയാണ് ഈ ജീവൻ ജീവജാലങ്ങളിലേക്ക് പക രപ്പെടുന്നത്. എന്നാൽ ഈ സുവിശേഷത്തിന്റെ തന്നെ മറ്റൊരു ഭാഗത്ത് (6:53-54) പരാമർശിക്കപ്പെടുന്ന "ജീവൻ" നിത്യജീവനുമായി ബന്ധപ്പെ ട്ടിട്ടുള്ളതാണ്. ദൈവത്തിൽനിന്നും ദൈവപുത്രന്റെ മരണത്തിലൂടെ ലഭ്യ മായ നിത്യജീവൻ വീണ്ടും ജനനത്തിലൂടെയാണ് മനുഷ്യരിലേക്ക് പകര പ്പെടുന്നത്. ഇങ്ങനെയുള്ള രണ്ട് ജീവന്റെയും ഉത്ഭവം ദൈവത്തിൽ നിന്നാണ്. അതുകൊണ്ടാണ് ദൈവത്തെ വെളിച്ചങ്ങളുടെ പിതാവെന്ന് യാക്കോബ് വിശേഷിപ്പിക്കുന്നത് (യാക്കോബ് 1:17 c.f. 1 തിമൊ. 6:16).

ഇക്കാരണത്താൽ **"ദൈവം വെളിച്ചം ആകുന്നു"** എന്നതിന് ദൈവം ജീവൻ ആകുന്നു, ജീവിപ്പിക്കുന്ന ജീവൻ ആകുന്നു (യോഹ. 5:21,26). ജീവന്റെ സ്രോതസ്സ് അഥവാ ഉത്ഭവമാകുന്നു എന്നാണർത്ഥം, യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ഏതു മനുഷ്യനെയും പ്രകാശിപ്പി ക്കുന്ന സത്യവെളിച്ചമായ ഈ ദൈവിക ജീവൻ (യോഹ. 1:9); യോഹ ന്നാൻ ഈ ലേഖനം എഴുതുന്ന സമയത്തും പ്രകാശിച്ചുകൊണ്ടിരി ക്കുന്നു (1 യോഹ. 2:8). ജീവനായ ഈ ദൈവത്തോട് മനുഷ്യന് കൂട്ടായ്മ ഉണ്ടാകണമെങ്കിൽ മനുഷ്യൻ ദൈവികജീവനുള്ളവനായി ത്തീർന്ന് ദൈവിക വെളിച്ചത്തിൽ നടക്കണം (1 യോഹ. 1:5-7).

### B. വെളിച്ചത്തിൽ നടക്കുന്നതിന്റെ അർത്ഥം (വാ. 6-7)

**"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ..."** എന്നതിന് അവൻ വെളിച്ചമായിരിക്കുന്നതുപോലെ എന്നാണർത്ഥം. അർത്ഥാൽ, വെളിച്ചമായിരിക്കുന്ന അവസ്ഥയിലുള്ള ദൈവത്തിന്റെ അസ്തിത്വം അചഞ്ചലവും സ്ഥായിയുമാണ് അതിന് മാറ്റമില്ല. അത് എന്നും ഒരു

പോലെയിരിക്കുന്നു. മാത്രമല്ല, ദൈവം തന്നെയാണ് ദൈവത്തിന് വെളിച്ചമായിരിക്കുന്നത്. അതുകൊണ്ട് ദൈവം സകലവും നോക്കിക്കാണുന്നതും പ്രവൃത്തിക്കുന്നതും പ്രതികരിക്കുന്നതും സ്വന്തവെളിച്ചത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാകുന്നു.

**"...നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ"** അർത്ഥാൽ സ്വന്തമായി വെളിച്ചമില്ലാത്തവരായ നാം ദൈവിക വെളിച്ചമുള്ളവരായിത്തീർന്ന് ദൈവിക വെളിച്ചത്തിലാണ് നടക്കേണ്ടത് (സങ്കീ. 27:1; യെശ. 2:5). നാം ദൈവിക വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നാമുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ദൈവം കാണുന്നതുപോലെ കാണുകയും ദൈവം വിചാരപ്പെടുന്നതുപോലെ വിചാരപ്പെടുകയും ദൈവം വിലയിരുത്തുന്നതുപോലെ വിലയിരുത്തുകയും ദൈവം വിധിക്കുന്നതുപോലെ വിധിക്കുകയും ദൈവം പ്രവൃത്തിക്കുന്നതുപോലെ പ്രവൃത്തിക്കുകയും ദൈവം പ്രതികരിക്കുന്നതുപോലെ പ്രതികരിക്കുകയും ചെയ്തുകൊണ്ട് നാം ദൈവിക കാഴ്ചപ്പാടുള്ളവരായിരിക്കുകയും ചെയ്യും (1 കൊരി. 2:16).

നാം ദൈവത്തിന്റെ ജീവൻ ലഭിച്ച് ദൈവിക വെളിച്ചത്തിൽ ജീവിക്കുന്നവരാകുന്നുവെങ്കിലും നമ്മുടെ ജീവിതത്തിന് ചലനവും തരംഗവും ഉണ്ട്. അത് ഉയർന്നും താഴ്ന്നും ഇരിക്കും. അടിയിലും ആക്കത്തിലും അത് ഒരുപോലെയല്ല; എങ്കിലും ദൈവത്തിന്റെ അസ്തിത്വം അചഞ്ചലമായി, വെളിച്ചത്തിൽതന്നെ ആയിരിക്കുന്നതുപോലെ നമ്മുടെ ജീവിതം വെളിച്ചത്തിന്റെ മേഖലയിൽ തന്നെ ആയിരിക്കുന്ന അവസ്ഥയിൽ **"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ"** നടക്കുന്നുവെന്ന് ഉറപ്പാക്കാം. കാരണം ഇവിടെ ഇരിക്കുന്നതും നടക്കുന്നതും തമ്മിലാണ് താരതമ്യമെങ്കിലും വ്യാകരണപ്രകാരം ഇവിടെ രണ്ടും (estin, peripatōmen - gnomic present) എപ്പോഴും ഒരു യാഥാർത്ഥ്യമായിതന്നെ നിലനില്ക്കുന്ന സാധാരണ അവസ്ഥയെയും ജീവിതത്തെയും സൂചിപ്പിക്കുന്നു.

എന്നാൽ **"ഇരുട്ട്"** അങ്ങനെയല്ല അതിനെ മരണത്തിന്റെയും (മത്തായി 4:15; യോഹ. 5:24; എഫെ. 5:8; കൊലൊ. 1:12-13; 1 പത്രൊസ് 2:9). അഭക്തിയുടെയും അശുദ്ധിയുടെയും അവ്യക്തതയുടെയും കാപട്യത്തിന്റെയും പ്രതീകമായും വചനം ഉപയോഗിച്ചിട്ടുണ്ട് (റോമർ 13:12-13; 1 തെസ്സ. 5:5-7).

അതുകൊണ്ട് **"ഇരുട്ടിൽ നടക്കയും ചെയ്താൽ"** (വാ. 6)

എന്നതുകൊണ്ട് ഒന്നാമതായി, ദൈവം ഇല്ലാത്തതുപോലെ നടക്കുക - അഥവാ ദൈവിക വെളിപ്പാട് ഇല്ലാത്തതുപോലെ നടക്കുക എന്നാണർത്ഥം. കാരണം, ദൈവം വെളിച്ചം ആകുന്നു, വചനം വെളിച്ചം ആകുന്നു. രണ്ടാമതായി, ലോകപ്രകാരം ജീവിക്കുക - അഥവാ ഈ കാലഘട്ടത്തിനനുസരിച്ച് ജീവിക്കുക എന്നാണർത്ഥം. ഈ കാലഘട്ടത്തെ രാത്രിയോടും ഇരുട്ടിനോടുമാണ് വചനം ഉപമിച്ചിരിക്കുന്നത് (റോമർ 13:12; എബ്രാ. 10:25). മൂന്നാമതായി, വചനപാരായണമില്ലാതെ, വചനകേൾവിയില്ലാതെ, ആത്മപരിശോധനയില്ലാതെ, സുതാര്യതയില്ലാതെ ജീവിക്കുക എന്നാണർത്ഥം. മുഖം കാണാതെതന്നെ ഒരു വ്യക്തിയുടെ നടപ്പിൽനിന്നും ആ വ്യക്തി ആരാണെന്ന് തിരിച്ചറിയാനാകുന്നതുപോലെ ഇരുട്ടിൽ നടക്കുന്നവരുടെ സംസാരം, നടപ്പ്, പ്രവൃത്തി മുതലായവയിൽനിന്നും അവരെ തിരിച്ചറിയുവാൻ കഴിയുമെന്ന് യോഹന്നാൻ പറയുന്നു (വാ. 6).

### അവരുടെ സംസാരം

**"അവനോട് കൂട്ടായ്മ ഉണ്ട് എന്നു പറയുകയും...".** എല്ലാവരും ഇതുപോലൊരു അവകാശവാദം ഉന്നയിക്കുമെന്ന് ഇതിനർത്ഥമില്ലെങ്കിലും വിശ്വാസി, അവിശ്വാസി, ദുരുപദേഷ്ടാവ് മുതലായ ആർക്കും ഇതുപോലെയുള്ള അവകാശവാദമുന്നയിക്കുവാൻ സാധിക്കും. എന്നാൽ അങ്ങനെയുള്ളവർ എന്തുപറയുന്നു എത്രത്തോളം പറയുന്നു ഇതൊന്നും ഇവിടെ വിഷയമല്ല. പ്രത്യുത, അവർ എങ്ങനെ ജീവിക്കുന്നുവെന്നതാണ് വിഷയം (2:4,9; c.f. യാക്കോബ് 2:14).

### അവരുടെ നടപ്പ്

**"...ഇരുട്ടിൽ നടക്കയും ചെയ്താൽ..."** എന്നതിൽ **"നടപ്പ്"** ഒരാളുടെ സാധാരണ ജീവിതരീതിയെ സൂചിപ്പിക്കുമ്പോൾ **"ഇരുട്ട്"** നടപ്പിന്റെ മേഖലയെയാണ് സൂചിപ്പിക്കുന്നത് (യോഹ. 3:19-21; 8:12; 11:9-10). ഈ ഇരുട്ട് ദൈവത്തിന്റെ ധാർമ്മികപ്രകൃതത്തിനും അവന്റെ അസ്തിത്വത്തിന്റെ മേഖലയ്ക്കും നേരെ വിരുദ്ധവും അപ്പോൾത്തന്നെ ദൈവത്തിന്റെ മഹനീയസന്നിധിക്ക് ഏറ്റവും പുറത്തുമാണ് (c.f. മത്തായി 25:30). വ്യാകരണപ്രകാരം ഇവിടെ (peripatōmen - customary present) ഇരുട്ടിന്റെ മേഖലയിൽ നടക്കുന്ന സ്വഭാവമുള്ളവരായിക്കുമ്പോൾതന്നെ (വാ. 6) ദൈവത്തോട് കൂട്ടായ്മയുണ്ടെന്ന് അവകാശപ്പെടുന്നവർ വെറുതെ **"ഭോഷ്ക് പറയുന്നു"** എന്നും ആയിരി

ക്കുന്ന അവസ്ഥക്ക് വിരുദ്ധമായി അവകാശവാദം ഉന്നയിക്കുന്ന എല്ലാവരും എക്കാലത്തും അങ്ങനെതന്നെ ചെയ്യുന്നവരാണെന്നും ഇവിടെ വ്യാകരണം (pseudometha - gnomic present) സൂചിപ്പിക്കുന്നു. ഇത് ഒരു പക്ഷേ, ബോധപൂർവ്വം പറയുന്ന നുണയായിരിക്കാം. അല്ലെങ്കിൽ ആത്മാർത്ഥമായ ആത്മവഞ്ചനയായിരിക്കാം. അതുമല്ലെങ്കിൽ വലിയ തെറ്റിദ്ധാരണയാകാം. കാരണം ദൈവികവെളിച്ചത്തിൽ നടക്കാത്ത ആർക്കും ദൈവത്തോട് കൂട്ടായ്മ സാധ്യമല്ല.

അവരുടെ പ്രവൃത്തി

അവർ **"...സത്യം പ്രവൃത്തിക്കുന്നതുമില്ല."** സത്യം പ്രവൃത്തിക്കുക എന്നതുകൊണ്ട് ലേഖകനായ യോഹന്നാന്റെ ഭാഷയും ശൈലിയും അനുസരിച്ച്, ദൈവികവെളിച്ചം ഉള്ളവരായി വെളിച്ചത്തിന്റെ പ്രവൃത്തികളോടെ വെളിച്ചത്തിന്റെ മേഖലയിൽ ജീവിക്കുക എന്നതാണ് (യോഹ. 3:20–21). എന്നാൽ **"സത്യം പ്രവൃത്തിക്കുന്നില്ല"** എന്നതുകൊണ്ട് ഇരുട്ടിൽ നടക്കുക എന്നും ദൈവിക സത്യത്തിനും വിശുദ്ധിക്കും എതിരായി പ്രവൃത്തിക്കുക എന്നുമാണ് ഉദ്ദേശിക്കുന്നത്. ഇത് സുവിശേഷസത്യത്തിന് എതിരായുള്ളതോ, ദൈവികനിലവാരത്തിന് എതിരായുള്ളതോ ആയിരിക്കാം (c.f. 2 തെസ്സ. 1:12; 2:13). എന്തുതന്നെയായാലും ദൈവികവെളിച്ചത്തിൽ നടക്കുന്നവർ സാധാരണ നിലയിൽ എപ്പോഴും പാലിക്കുന്ന സാമൂഹികവും ധാർമ്മികവുമായ ഉത്തരവാദിത്തങ്ങളും കടമകളും ഇവർ നിറവേറ്റുന്നില്ലായെന്ന് വ്യാകരണം ഇവിടെ (poioumen - gnomic present) സൂചിപ്പിക്കുന്നു. അതിലൂടെ ക്രിസ്തീയ വിശ്വാസം ക്രിസ്തീയ സ്വഭാവത്തിൽനിന്നും ദൈവത്തിലുള്ള വിശ്വാസം ദൈവിക നിലവാരത്തിൽനിന്നും വേർപിരിക്കുവാൻ കഴിയുകയില്ലെന്ന് ലേഖകൻ അനുവാചകരെ ഓർമ്മിപ്പിക്കുന്നു.

ഇരുട്ടിൽ നടത്തുന്നവർ ദൈവത്തോട് കൂട്ടായ്മ ഉണ്ടെന്ന് എത്രതന്നെ അവകാശപ്പെട്ടാലും വചനത്തിലെ സത്യവും ആത്മാവിലെ സത്യവും അവരിൽ ഇല്ലാത്തതിനാൽ അവർക്ക് ദൈവത്തോട് കൂട്ടായ്മ സാധ്യമല്ല (യിരെ. 5:2,3; യോഹ. 16:2–3).

### C. വെളിച്ചത്തിൽ നടക്കുന്നതിന്റെ അനുഗ്രഹം (വാ. 7)

#### 1. അവർക്ക് ദൈവത്തോട് കൂട്ടായ്മ ഉണ്ട് (വാ. 7a)

വെളിച്ചത്തിൽ നടക്കുന്നതിന്റെ ഒന്നാമത്തെ അനുഗ്രഹം **"നമുക്കു**

**തമ്മിൽ കൂട്ടായ്മ ഉണ്ട്**" എന്നതാണ്. പ്രകൃതം കൊണ്ടും അസ്തിത്വം കൊണ്ടും വെളിച്ചമായിരിക്കുന്ന ദൈവവുമായി കൂട്ടായ്മ ഉണ്ടെന്ന് നാം അവകാശപ്പെടുകയും അപ്പോൾതന്നെ നമ്മുടെ ജീവിതം ഇരുട്ടിന്റെ മേഖലയിൽ തന്നെ ആയിരിക്കുകയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു. സത്യം പ്രവൃത്തിക്കുന്നതുമില്ല. എന്നാൽ പ്രകൃതംകൊണ്ടും അസ്തിത്വംകൊണ്ടും ദൈവം വെളിച്ചം ആയിരിക്കുന്നതുപോലെ നാമും ദൈവികവെളിച്ചം ഉള്ളവരായി നമ്മുടെ സാധാരണജീവിതം വെളിച്ചത്തിന്റെ മേഖലയിൽ തന്നെ ആകുന്നുവെങ്കിൽ (യോഹ. 8:12) "**നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്.**" അർത്ഥാൽ വെളിച്ചമാകുന്ന ദൈവത്തിനും പ്രസ്തുത വെളിച്ചത്തിൽ നടക്കുന്ന നമുക്കും തമ്മിൽ കൂട്ടായ്മ ഉണ്ട്. കാരണം ഈ പശ്ചാത്തലവും വാചകഘടനയും അനുസരിച്ച് അപ്പൊസ്തലനും അനുവാചകരും തമ്മിൽ എന്നല്ല, മറിച്ച് അപ്പൊസ്തലൻ അടക്കമുള്ള വിശ്വാസികൾക്കും ദൈവത്തിനും തമ്മിൽ കൂട്ടായ്മ ഉണ്ട് എന്നാണർത്ഥം.

മാത്രമല്ല, ഇവിടെ "**നടക്കുന്നു**", "**കൂട്ടായ്മ ഉണ്ട്**" മുതലായ വാക്കുകൾ വ്യാകരണപ്രകാരം (peripatōmen, koinōnian echomen - gnomin present) വർത്തമാനകാല അനുഭവത്തെയും സാധാരണ അവസ്ഥയെയും അനന്തമായ യഥാർത്ഥ്യത്തെയുമാണ് സൂചിപ്പിക്കുന്നത്. അർത്ഥാൽ, വെളിച്ചത്തിൽ നടക്കുന്ന എല്ലാവർക്കും എപ്പോഴും ദൈവത്തോട് കൂട്ടായ്മ ഉണ്ട്.

ദൈവിക വെളിച്ചത്തിൽ നടക്കുന്ന എല്ലാവർക്കും മനുഷ്യനുമായുള്ള എല്ലാ കാര്യങ്ങളിലും ദൈവിക കാഴ്ചപ്പാട് ഉള്ളവരായിരിക്കുന്നതുപോലെ, ദൈവവുമായി ബന്ധപ്പെട്ട എല്ലാ കാര്യത്തിലും ഒരേ കാഴ്ചപ്പാടുള്ളവരായിട്ടാണ് ഇരിക്കേണ്ടത് (1 കൊരി. 1:10; ഫിലി. 2:2; 4:2).

എന്നാൽ വെളിച്ചത്തിൽ നടക്കുന്നവർ പാപരഹിതരായിരിക്കുമെന്ന് ഇതിനർത്ഥമില്ല. മറിച്ച്, അവർ വെളിച്ചത്തിന്റെ മേഖലയിൽതന്നെ ആയിരിക്കുമെന്നാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. കാരണം അങ്ങനെയുള്ള ഒരു മേഖലയിൽ മാത്രമാണ് ദൈവവുമായി കൂട്ടായ്മ സാധ്യമാകുന്നത്.

യഥാർത്ഥവിശ്വാസികൾ ദൈവിക വെളിച്ചം ലഭിച്ചവരും വെളിച്ചത്തിൽ നടക്കുന്നവരും വെളിച്ചത്തിൽ വസിക്കുന്നവരുമാണ്. അവർ ചില

പ്പോൾ ശ്രദ്ധയില്ലാതെ നടന്നേക്കാം, ചിലപ്പോൾ കാലുറപ്പില്ലാതെ നടന്നേക്കാം, ചിലപ്പോൾ ഇടറിവീണേക്കാം. എങ്കിലും അവരുടെ സാധാരണ നടപ്പ് വെളിച്ചത്തിലാണ്. അർത്ഥാൽ, വെളിച്ചത്തിന്റെ മേഖലയിലാണ് അവർ എപ്പോഴും ആയിരിക്കുന്നത്.

2. **അവർക്ക് പാപങ്ങളിൽനിന്നും ശുദ്ധീകരണം ഉണ്ട് (വാ. 7b)**

**"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."**

വെളിച്ചത്തിൽ നടക്കുന്നതിന്റെ രണ്ടാമത്തെ അനുഗ്രഹം സകല പാപങ്ങളും പോക്കിയുള്ള ശുദ്ധീകരണമാണ്. പാപങ്ങൾക്കു മുമ്പ് പ്രത്യേക വിശേഷണം (the) ചേർക്കാത്തതുകൊണ്ട് ഏത് പാപവും അതിൽ ഉൾപ്പെടുന്നു. കാരണം, ദൈവവുമായുള്ള നിരന്തര കൂട്ടായ്മക്കായി ഒരു വിശ്വാസി എപ്പോഴും പൂർണ്ണ ശുദ്ധീകരണം പ്രാപിച്ച അവസ്ഥയിൽ ഇരിക്കേണ്ടത് ആവശ്യമാണ്. ഈ ശുദ്ധീകരണം ദൈവപുത്രനായ യേശുക്രിസ്തുവിന്റെ രക്തത്താലാണ് ലഭിക്കുന്നത് (c.f. ലേവി 17:11; എബ്രാ. 9:22–23). ഇവിടെ രക്തം മരണത്തിന്റെയും യാഗത്തിന്റെയും രൂപകാലങ്കാരമാണ്. അതിവിശുദ്ധസ്ഥലത്തുള്ള രക്ത തളിപ്പും അതിനുശേഷം പുറത്തേക്കുള്ള പുരോഹിതന്റെ ആഗമനവും ദൈവം പ്രായശ്ചിത്തയാഗം സ്വീകരിച്ചതിന്റെ അടയാളമായിരുന്നതുപോലെ (ലേവി. 16:5–19). പാപപരിഹാരത്തിനുള്ള ക്രിസ്തുവിന്റെ മരണവും മരിച്ചവരിൽനിന്നുള്ള ഉയിർപ്പും പ്രസ്തുതയാഗം ദൈവം അംഗീകരിച്ചതിന്റെ അടയാളമാണ്. അതിന്റെ ഫലമായി വെളിച്ചത്തിൽ നടക്കുന്നവർക്ക് എപ്പോഴും എന്നേക്കും ശുദ്ധീകരണം ലഭ്യമാണ്.

ഇവിടെ **"ശുദ്ധീകരിക്കുന്നു"** (katharizei) എന്നതിന് ശുദ്ധമാക്കുക, ശുദ്ധിയായി പ്രഖ്യാപിക്കുക എന്നാണർത്ഥം. 7–ാം വാക്യത്തിലെ രണ്ട് പ്രധാന വാക്യാംശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സമുച്ചയപദം (And) വെളിച്ചത്തിൽ നടക്കുന്നതിന്റെ ഫലമായുള്ള "ശുദ്ധീകരിക്കുന്നു" എന്ന സ്വാഭാവിക അനുഗ്രഹത്തെയും അതിന്റെ വ്യാകരണം (gnomic present) ഇവിടെ വെളിച്ചത്തിൽ നടക്കുന്ന എല്ലാവരെയും എപ്പോഴും ശുദ്ധീകരിക്കുന്ന ദൈവിക സ്വഭാവത്തിന്റെ അനന്തതയെയുമാണ് സൂചിപ്പിക്കുന്നത്.

കാരണം, സകലപാപവും ക്ഷമിച്ച് നമ്മെ ശുദ്ധീകരിക്കുന്നതും

ശുദ്ധമായി പ്രഖ്യാപിക്കുന്നതും ഏതെങ്കിലും ഒരു യാഗത്തിന്റെയും ഏതെങ്കിലുമൊരു രക്തത്തിന്റെയും അടിസ്ഥാനത്തിലല്ല. പ്രത്യുത, **“അവന്റെ പുത്രനായ യേശുവിന്റെ രക്തം”** അടിസ്ഥാനമാക്കി ആകുന്നു (1 പത്രൊാസ് 1:18-19 c.f. അപ്പൊ. 13:39; എഫെ. 5:26-27; തീത്തൊസ് 2:14; എബ്രാ. 9:13-14, 22-23; 10:1-2).

**“ശുദ്ധീകരിക്കുന്നു”** എന്ന വാക്ക് അക്ഷരീകവും ആലങ്കാരികവുമായ അർത്ഥത്തിൽ വചനം ഉപയോഗിച്ചിട്ടുണ്ട് (മത്തായി 23:25; അപ്പൊ. 15:9); എന്നാൽ ഇവിടെയിത് ആത്മികമായി ശുദ്ധീകരിക്കുന്നതിനെ സൂചിപ്പിക്കുന്നു. അതിനായി രക്തച്ചൊരിച്ചിൽ ആവശ്യമാണെന്ന് എബ്രായലേഖകനും പറയുന്നു (9:22-23). എന്നാൽ വെളിച്ചത്തിൽ നടക്കുന്നതിന്റെ അനുഗ്രഹമായി ലഭിക്കുന്ന ഈ ശുദ്ധീകരണം നീതീകരണത്തോട് ബന്ധപ്പെട്ടുള്ളതല്ല, മറിച്ച് വിശുദ്ധീകരണത്തോട് ബന്ധപ്പെട്ടുള്ളതാണെന്ന് പ്രത്യേകം ശ്രദ്ധേയമാണ്. അർത്ഥാൽ, ഒരിക്കൽ എന്നേക്കുമുള്ള സ്ഥാനീയ ശുദ്ധീകരണമല്ല, മറിച്ച് വെളിച്ചത്തിൽ നടക്കുന്ന എല്ലാവർക്കും എപ്പോഴും ലഭ്യമായ ശുദ്ധീകരണമാണിത് (c.f. 2:1-2). അതുകൊണ്ടാണ് ഇവിടെ **“നടക്കുന്നുവെങ്കിൽ”**, **“കൂട്ടായ്മ ഉണ്ട്”**, **“ശുദ്ധീകരിക്കുന്നു”** മുതലായ ക്രിയാപദങ്ങൾ വർത്തമാന ക്രിയയിൽ തന്നെ (gnomic present) പറഞ്ഞിരിക്കുന്നത്.

യോഹന്നാൻ അഭിസംബോധന ചെയ്യുന്ന ക്രിസ്തീയ സമൂഹം ക്രിസ്തുവിനെക്കുറിച്ച് കൂടിയതും കുറഞ്ഞതുമായ അഭിപ്രായങ്ങളാൽ വിഭജിക്കപ്പെട്ടതും ധാർമ്മികവും ഉപദേശപരവുമായ വിഷയങ്ങളിൽ ആശയക്കുഴപ്പം ഉള്ളവരും ആയിരുന്നു. അതുകൊണ്ട് അവർക്ക് ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കുന്നതിനാവശ്യമായ ഉപദേശങ്ങളും തിരുത്തലുകളുമാണ് അപ്പൊസ്തലൻ നല്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ അവരുടെ വിശ്വാസം പരിശോധിക്കുവാനും യഥാർത്ഥ ഉപദേശപ്രകാരം ദൈവികവെളിച്ചത്തിൽ ജീവിക്കുവാനും ലേഖകൻ അനുവാചകരെ ഉണർത്തുന്നു. അതിനായി, ആരംഭത്തിൽ തന്നെ ദൈവത്തിന്റെ പ്രകൃതം **“ദൈവം വെളിച്ചം ആകുന്നു. അവനിൽ ഇരുട്ട് ഒട്ടുമില്ല”** എന്ന് അവരെ അറിയിച്ചുകൊണ്ട്, ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കുവാൻ ആഗ്രഹിക്കുന്നവർ ദൈവിക വെളിച്ചത്തിൽ തന്നെ നടക്കണമെന്ന് അറിയിക്കുന്നു.

### D. വെളിച്ചത്തിൽ നടക്കുന്നതിന്റെ അടയാളം (1:8-10)

യേശുക്രിസ്തുവിന്റെ രക്തത്താലുള്ള ശുദ്ധീകരണ പ്രക്രിയ

യഥാർത്ഥവിശ്വാസിയിൽ എങ്ങനെ പ്രാവർത്തികമാകുന്നുവെന്നും അതിൽ വിശ്വാസിയുടെ പങ്ക് എന്താണെന്നും എത്രത്തോളമാണെന്നും 1:8-10 വാക്യങ്ങൾ പറയുന്നു.

**"നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നമ്മെ ത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതായി"** (വാ. 8).

പാപം എന്ന വാക്കിന് (hamartian) ലക്ഷ്യം തെറ്റുക എന്നാണർത്ഥം. ക്രിസ്തീയ നടപ്പ് ദൈവിക ലക്ഷ്യത്തിലേക്കുള്ള ഒരു യാത്രയാണ്. എന്നാൽ നമ്മെക്കുറിച്ചുള്ള ദൈവിക ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നതാണ് പാപം. ദൈവം ആവശ്യപ്പെടാത്ത വഴികളിലൂടെ മനുഷ്യൻ സഞ്ചരിക്കുന്നതും ദൈവത്തിന് അവകാശപ്പെട്ടത് മനുഷ്യൻ അപഹരിക്കുന്നതും പാപമാണ്. വേറൊരു നിലയിൽ പറഞ്ഞാൽ, ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കാത്തതും ആവശ്യപ്പെടാത്തതുമായ കാര്യങ്ങൾ ചെയ്യുന്നതും ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും പാപമാണ്. നാം പോകുവാൻ ഉദ്ദേശിക്കുന്നതിനെക്കാൾ വളരെ ദൂരം പാപം നമ്മെ കൊണ്ടുപോകുകയും നാം നില്ക്കുവാൻ ഉദ്ദേശിക്കുന്നതിനെക്കാൾ വളരെക്കാലം പാപം നമ്മെ തടഞ്ഞുവെക്കുകയും നാം വിലക്കെടുക്കുവാൻ ഉദ്ദേശിക്കുന്നതിനെക്കാൾ കൂടുതൽ വില പാപം നമ്മിൽനിന്നും ഈടാക്കുകയും ചെയ്യുമ്പോൾ മാത്രമാണ് പാപം അത്യന്തം പാപമാണെന്ന് നാം തിരിച്ചറിയുന്നത് (റോമർ 7:13).

**"...നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ..."** എന്നതിലെ **"പറയുന്നു"** എന്ന ക്രിയ വ്യാകരണപ്രകാരം ഇവിടെ (eipōmen - constative aorist) എപ്പോൾ പറയുന്നു എത്രത്തോളം പറയുന്നുവെന്നുള്ള യാതൊരു വിശദീകരണവും കൂടാതെ പാപസാന്നിധ്യത്തെ ഒറ്റയടിക്ക് നിഷേധിച്ച അവസ്ഥയെ സൂചിപ്പിക്കുന്നു. അങ്ങനെ ചെയ്യുന്നവർ മനുഷ്യനെക്കുറിച്ചുള്ള ദൈവികസാക്ഷ്യത്തെ പാടെ അവഗണിക്കുന്നവരാണ്. താത്വികമായി ഹൃദയത്തെ വെളിപ്പെടുത്തുന്നതാണ് സംസാരമെങ്കിലും (മത്തായി 12:34) വാക്കാൽ തന്നെ ഒന്നുകിൽ ഒരുത്തൻ നീതീകരിക്കപ്പെടുകയും അല്ലെങ്കിൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യുമെന്ന് തിരുവെഴുത്ത് പറയുന്നുവെങ്കിലും (മത്തായി 12:37). വാക്കുകൾ മാത്രമല്ല, ഒരാളെ നീതീകരിക്കുന്നതിനും കുറ്റം വിധിക്കുന്നതിനും ആധാരമായിരിക്കുന്നത്. മറിച്ച് ആ വാക്കുകൾക്ക് പുറകിലുള്ള ഹൃദയത്തിന്റെ ചായ്‌വിനെയും ദൈവം നോക്കുന്നു. അതു

കൊണ്ട്, "**നമുക്ക് പാപം ഇല്ല**" എന്ന് ആരെങ്കിലും എത്രതന്നെ അവകാശപ്പെട്ടാലും അത് യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല; കാരണം എല്ലാവരിലും പാപസാന്നിധ്യമുണ്ട്. ഓരോരുത്തരുടെയും തെറ്റായ പ്രവൃത്തികൾക്ക് കുറ്റവും ഉത്തരവാദിത്തവും ഉണ്ട്. അവരുടെ പാപവും ന്യായവിധിയും അവർക്കെതിരായി നില്ക്കുന്നുണ്ട്. അതിൽനിന്നും ആർക്കും ഒഴികഴിവുമില്ല (സദൃശ. 20:9; സഭാപ്ര. 7:20; റോമർ 3:23 c.f. മത്തായി 1:21; യോഹ. 9:41; 15:22,24; 19:11; 1 തിമൊ. 1:15).

എന്നാൽ നമുക്ക് "**പാപം**" ഇല്ല എന്നത് ഏകവചനത്തിൽ കാണുന്നതുകൊണ്ടും അതോടൊപ്പം വിശേഷണഭേദകം (the) ഇല്ലാത്തതുകൊണ്ടും ഇവിടെ ഏതെങ്കിലും ഒരു പാപപ്രവൃത്തിയെയല്ല, മറിച്ച് പാപസാന്നിധ്യത്തെതന്നെയാണ് യോഹന്നാൻ സൂചിപ്പിക്കുന്നത്. നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ "**നമ്മെത്തന്നെ വഞ്ചിക്കുന്നു**" എന്ന് യോഹന്നാൻ തുടർന്ന് പറയുന്നു. തങ്ങൾക്ക് പാപം ഇല്ലായെന്ന് അവകാശപ്പെട്ടു ജീവിക്കുന്ന എല്ലാവരും എപ്പോഴും ഫലത്തിൽ ആത്മവഞ്ചനയിൽ ജീവിക്കുകയാണെന്ന് വ്യാകരണം (planōmen - gnomic present) ഇവിടെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ഒരു മൃഗമോ മനുഷ്യനോ മരുഭൂമിയിൽ വഴിതെറ്റി അലയുന്നതുപോലെ ധാർമ്മികമായും ബുദ്ധിപരമായും തിരുവെഴുത്തിൽനിന്നും അകന്ന് ആത്മികമായി ഒരു എത്തും പിടിയും കിട്ടാതെ അലഞ്ഞുഴലുന്ന അവസ്ഥയിലാണവർ ആയിരിക്കുന്നത്. അങ്ങനെയുള്ളവർ വഞ്ചിക്കപ്പെടുകയല്ല. മറിച്ച് വസ്തുതകളെ തള്ളിക്കളഞ്ഞ് സ്വയം വഞ്ചിതരാവുകയാണ് ചെയ്യുന്നത്. കാരണം, പാപം എല്ലാവരിലും ഉണ്ടെങ്കിലും പാപസാന്നിധ്യത്തെക്കുറിച്ച് അവിശ്വാസികളെക്കാൾ എല്ലാ നിലയിലും യഥാർത്ഥവിശ്വാസികളാണ് കൂടുതൽ ബോധവാന്മാർ ആയിരിക്കുന്നത് (റോമർ 7:14-23). അതുകൊണ്ട് യഥാർത്ഥവിശ്വാസികൾ ആരും പാപസാന്നിധ്യത്തെ നിഷേധിച്ച് പാപരഹിതജീവിതം ഇവിടെ അവകാശപ്പെടുന്നില്ല. എന്നാൽ പാപസാന്നിധ്യത്തെ ആരെങ്കിലും അംഗീകരിക്കാതിരിക്കുന്നത് "**സത്യം നമ്മിൽ ഇല്ലാതെയായി**" എന്നതിന്റെ തെളിവാണ്. പാപത്തെ നിഷേധിച്ച് ജീവിക്കുന്ന എക്കാലത്തുള്ള എല്ലാവരുടെയും അവസ്ഥ ഇതാണെന്നാണ് വ്യാകരണം (estin - gnomic present) ഇവിടെ സൂചിപ്പിക്കുന്നത്. മാത്രമല്ല, ഇവിടെ പരാമർശിച്ചിരിക്കുന്ന "**സത്യം**" വെറുമൊരു സത്യമല്ല, പ്രത്യേകവിശേഷണം (the) ഉള്ളതുകൊണ്ട് ഇത് പിതാവുമായും പുത്രനുമായും ആത്മാവുമായും

ബന്ധപ്പെട്ടിരിക്കുന്ന "**സത്യം**" ആകുന്നു (1 യോഹ. 5:20; യോഹ. 1:14,17; 14:6,16; 15:26; 16:13; 17:17) അഥവാ സുവിശേഷസത്യം ആകുന്നു (എഫെ. 1:13).

അതുകൊണ്ട് നമുക്ക് എന്തു തോന്നുന്നു, നാം എന്തു പറയുന്നു അഥവാ എന്ത് അവകാശപ്പെടുന്നു എന്നതല്ല, മറിച്ച് നാം വാസ്തവത്തിൽ ദൈവമുമ്പാകെ ആരായിരിക്കുന്നു. അഥവാ എന്തായിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ അവസ്ഥ നിർണ്ണയിക്കപ്പെടുന്നത്.

എന്നാൽ നാം "**നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു**" എന്നും അപ്പൊസ്തലൻ പറയുന്നു. 1:8,9 വാക്യങ്ങൾ തമ്മിൽ പ്രത്യക്ഷവും ആശയപരവുമായ വൈരുദ്ധ്യം ഉണ്ട്. ഇതോടുള്ള ബന്ധത്തിൽ ഇവിടെ മൂന്ന് കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്.

### 1. പാപങ്ങൾ ഏറ്റുപറയുന്നതിന്റെ അടിസ്ഥാനം

പാപങ്ങളെ ഏറ്റുപറയുന്നതിന്റെ അടിസ്ഥാനം നമുക്ക് പാപം ഉണ്ടെന്ന് സമ്മതിക്കുന്നതാണ് (വാ. 8). സ്വാഭാവികമായി, എല്ലാ മനുഷ്യരും പാപം ഉള്ളവരും പാപം ചെയ്യുന്നവരുമാണ്. അവർ തിന്മ ചെയ്യുന്നവരും അതിൽ തുടരുവാൻ ആഗ്രഹിക്കുന്നവരും ആകയാൽ, വെളിച്ചത്തെ പകെക്കുന്നു. തങ്ങളുടെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിക്കുവാൻ വെളിച്ചത്തിലേക്ക് വരുന്നതുമില്ല (യോഹ. 3:19-21) എന്നാണ്. അവരെക്കുറിച്ച് കർത്താവ് പറയുന്നത്: ഇക്കാരണത്താലാണ് അവർ തങ്ങളിലുള്ള പാപസാന്നിധ്യത്തെയും പാപപ്രവൃത്തികളെയും നിഷേധിക്കുന്നത് (വാ. 8,10). എന്നാൽ വെളിച്ചത്തിൽ നടക്കുന്നവർക്ക് വചനമാകുന്ന കണ്ണാടിയിലൂടെ തങ്ങളെതന്നെ കാണുവാൻ കഴിയുന്നതുകൊണ്ട് അവർ തങ്ങളുടെ പാപത്തെ അറിയുകയും പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു (യാക്കോബ് 1:25).

### 2. പാപങ്ങൾ ഏറ്റു പറയുന്നതിന്റെ അർത്ഥം

പാപങ്ങൾ ഏറ്റുപറയുന്നത് തീവ്രവാദികൾ തങ്ങളുടെ വിധ്വംസ പ്രവർത്തനങ്ങൾ ഏറ്റുപറഞ്ഞ് ഉത്തരവാദിത്തം ഏറ്റെടുക്കുന്നതുപോ

ലെയല്ല, മറിച്ച് ദൈവം പാപമായി കണക്കിട്ടതിനെ അതുപോലെതന്നെ ഉൾക്കൊണ്ട് അംഗീകരിക്കുന്നതും തങ്ങളുടെ പാപത്തിന് ഉത്തരവാദികൾ തങ്ങൾതന്നെയെന്ന് ദൈവമുമ്പാകെ നിരുപാധികം സമ്മതിക്കുകയും ചെയ്തുകൊണ്ട് ഒരു ന്യായാധിപന്റെ മുമ്പാകെ എന്നപോലെ ദൈവമുമ്പാകെ കുറ്റസമ്മതം നടത്തുക എന്നതാണ് പാപങ്ങൾ ഏറ്റുപറയുക എന്നതിലൂടെ തിരുവെഴുത്ത് ഉദ്ദേശിക്കുന്നത് (സങ്കീ. 51:1–4 c.f. ലൂക്കൊസ് 15:18–19).

ഇവിടെ, പാപങ്ങൾ (hamartias) എന്നത് ബഹുവചനത്തിൽ കാണുന്നതുകൊണ്ടും അതിനോട് ചേർന്ന് പ്രത്യേക വിശേഷണം (the) ഉള്ളതുകൊണ്ടും പ്രത്യേകമായ പാപപ്രവൃത്തികളെയാണ് ലേഖകൻ ഉദ്ദേശിക്കുന്നത്.

പാപസാന്നിധ്യത്തെ നിഷേധിക്കുന്നതിനും നിരാകരിക്കുന്നതിനും പാപങ്ങൾ പൊതുവായി ഏറ്റുപറയുന്നതിനും പകരമായി യഥാർത്ഥ വിശ്വാസി ദൈവസന്നിധിയിൽ തന്നിലുള്ള പാപാവസ്ഥയെയും തിരുഹിതത്തിന് വിശുദ്ധമായ എല്ലാ പ്രവൃത്തികളെയും ദൈവം വിധിക്കുന്നതുപോലെ വിധിക്കുകയും ദൈവികവെളിച്ചത്തിൽ നടക്കുന്നുവെങ്കിലും പ്രായോഗികതലത്തിൽ ദൈവിക നിലവാരത്തിൽ കുറവുള്ളവനാണെന്ന് പാപങ്ങളെ ഏറ്റുപറഞ്ഞുകൊണ്ട് സമ്മതിക്കുന്നു. കാരണം, യഥാർത്ഥവിശ്വാസത്തിന്റെ അടയാളം പാപം നിഷേധിക്കലല്ല, മറിച്ച് പാപങ്ങളെ ഏറ്റുപറയുന്നതാണ് (മർക്കൊസ് 1:5; യാക്കോബ് 5:16 c.f. ലേവി. 16:21; സങ്കീ. 32:5; 38:18; യിരെ. 3:12–13; ഹോശേയ 14:1–3). വെളിച്ചത്തിൽ നടക്കുന്നവർ വചനമാകുന്ന കണ്ണാടിയിലൂടെ തങ്ങൾ ആരെന്നും എങ്ങനെയുള്ളവർ എന്നും തിരിച്ചറിയുന്നവരും അതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പാപങ്ങൾ ദൈവത്തോട് ഏറ്റുപറയുന്നവരുമാകുമ്പോൾ, ഇരുട്ടിൽ നടക്കുന്നവർ തങ്ങൾ ആരെന്നും എങ്ങനെയുള്ളവർ എന്നും തിരിച്ചറിയാൻ കഴിയാതെ, ദൈവം തങ്ങളെക്കുറിച്ച് പറഞ്ഞ കാര്യങ്ങളെ അംഗീകരിക്കാൻ കഴിയാത്തവരായി, **"നമുക്ക് പാപം ഇല്ല", "നാം പാപം ചെയ്തിട്ടില്ല"** എന്നിങ്ങനെയുള്ള വ്യത്യസ്ത കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത് (1:8,10). അതിന് കാരണം, പാപങ്ങളെ ഏറ്റുപറയുക എന്നത് പ്രാകൃതമനുഷ്യന്റെ സ്വാഭാവിക പ്രകൃതമല്ല, മറിച്ച് പാപത്തെ മറെക്കുക, നിഷേധിക്കുക, വിശദീകരിക്കുക, പഴിചാരുക മുതലായ പ്രതികരണങ്ങളാണ് പ്രാകൃതമനുഷ്യ

രിൽ സ്വാഭാവികമായി കണ്ടുവരുന്നത് (ആദാം, ഹവ്വ, കയീൻ, ശൗൽ).

### 3. പാപങ്ങൾ ഏറ്റുപറയുന്നതിന്റെ ആവശ്യം

വിശ്വാസികൾ പാപങ്ങൾ ഏറ്റുപറയുന്നതിന്റെ ആവശ്യത്തെക്കുറിച്ച് ചില തെറ്റിദ്ധാരണകൾ നിലവിലുണ്ട്.

ഒന്നാമതായി, വിശ്വാസികൾ പാപങ്ങൾ ഏറ്റുപറയുന്നത് പാപ പ്രവൃത്തിയെ ദൈവത്തോട് അറിയിക്കുന്നതിന് വേണ്ടിയല്ല. കാരണം, സർവ്വജ്ഞാനി എന്ന നിലയിൽ നമ്മുടെ എല്ലാ കാര്യങ്ങളും നമ്മെക്കാൾ അധികമായി ദൈവം അറിയുന്നുണ്ട്.

രണ്ടാമതായി, പാപങ്ങൾ ഏറ്റുപറയുന്നത് ശിക്ഷയിൽനിന്നും വിടുതൽ പ്രാപിക്കുന്നതിനല്ല, കാരണം പാപങ്ങളെ ഏറ്റുപറഞ്ഞാലും ഇല്ലെങ്കിലും ചെയ്ത കുറ്റത്തിനനുസരിച്ച് ദൈവം എല്ലാവരെയും ശിക്ഷിക്കും (യോശുവ 7:19,25; അപ്പൊ. 5:8-10; 1 കൊരി. 11:27-32; എബ്രാ. 12:4-10). മാത്രമല്ല, പഴയനിയമത്തിൽ പലപ്പോഴും ശിക്ഷിക്കപ്പെട്ടശേഷം പാപങ്ങളെ ഏറ്റുപറഞ്ഞതായും നാം കാണുന്നുണ്ട് (നെഹെ. 1:6-9; ദാനീ. 9:4-14).

എന്നാൽ പാപങ്ങളെ ഏറ്റുപറയേണ്ടതിന്റെ ശരിയായ ചില കാരണങ്ങൾ ഈ വേദഭാഗത്തും ഇതരവേദഭാഗങ്ങളിലും വളരെ വ്യക്തമാണ്.

### a. പാപങ്ങളെ ഏറ്റുപറയുന്നത് തുടർമാനമായി പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുന്നതിനാണ്

ഇക്കാര്യമാണ് **"അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ"** എന്ന് പറയുന്നതിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത്. ഇവിടെ **"ക്ഷമിച്ച്"** (aphē) എന്ന വാക്കിന് ആരെയെങ്കിലും അഥവാ എന്തിനെയെങ്കിലും തുറന്നുവിടുവാൻ, കെട്ടഴിച്ചുവിടുവാൻ, സ്വതന്ത്രമായി പോകുവാൻ അനുവദിക്കുക എന്നാണർത്ഥം. അർത്ഥാൽ, പാപം നിമിത്തമുള്ള കുറ്റത്തിൽനിന്നും ശിക്ഷക്കായുള്ള അതിന്റെ ധാർമ്മികവും നിയമപരവുമായ ബാധ്യതയിൽനിന്നും സ്വതന്ത്രരാക്കുക എന്നാണ് ഉദ്ദേശിക്കുന്നത് (സങ്കീ. 32:5; മീഖാ. 7:18-20; റോമർ 3:25).

അതുകൊണ്ട് പാപങ്ങളെ ഏറ്റുപറഞ്ഞാൽ ഭാവിയിൽ ദൈവം

ക്ഷമിക്കും എന്നല്ല, മറിച്ച് പാപങ്ങളെ ഏറ്റുപറയുന്നവരോടുള്ള ബന്ധത്തിൽ ദൈവികവ്യവസ്ഥ നിവർത്തിക്കുന്നതിൽ ദൈവം എപ്പോഴും വിശ്വസ്തനും നീതിമാനും ആകുന്നുവെന്നാണ് ഇവിടെ പറയുന്നത് (hina - conjunction).

കാരണം, "**പാപങ്ങളെ ക്ഷമിച്ച്**" എന്നതും "**സകല അനീതിയും പോക്കി ശുദ്ധീകരിപ്പാൻ**" എന്നതും ഇവിടെ വ്യാകരണ പ്രകാരം (gnomic aorist) പാപങ്ങൾ ഏറ്റുപറയുന്ന എല്ലാവർക്കും എപ്പോഴും ലഭ്യമായ ദൈവിക ക്ഷമയുടെയും ദൈവിക ശുദ്ധീകരണത്തിന്റെയും വാഗ്ദത്ത സ്ഥിരതയെ സൂചിപ്പിക്കുന്നു.

ഇവിടെ "**പാപങ്ങൾ**" ദൈവീകലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനങ്ങളെ പ്രത്യേകമായി സൂചിപ്പിക്കുമ്പോൾ, "**സകല അനീതിയും**" നീതിമാനായ ദൈവത്തിന്റെ നീതിയുള്ള വിധികൾക്കും വഴികൾക്കും അനുയോജ്യമല്ലാത്ത എല്ലാ കാര്യാധികളെയും അതിന്റെ കളങ്കത്തെയും സൂചിപ്പിക്കുന്നു. ഏറ്റുപറയുന്നതിലൂടെ എല്ലാ പാപകുറ്റവും നീങ്ങുന്നു. ശുദ്ധീകരണത്തിലൂടെ എല്ലാ പാപത്തിൽനിന്നും അതിലെ കളങ്കത്തിൽനിന്നും സ്വതന്ത്രർ ആകുന്നു. കാരണം ശുദ്ധീകരണം സകല അനീതിയും പോക്കിയാണ് (വാ. 9).

എന്നാൽ ഇവിടെ "**പാപങ്ങളെ**" എന്നതിന് വിശേഷണഭേദകം (the) ഉള്ളപ്പോൾ "**സകല അനീതിയും**" എന്നതിന് വിശേഷണ ഭേദകം (the) ഇല്ലാത്തത് പ്രത്യേകം ശ്രദ്ധേയമാണ്. അർത്ഥാൽ, അറിയുന്ന പാപങ്ങളെയെല്ലാം ഏറ്റുപറയുമ്പോൾ അറിയുന്ന പാപങ്ങൾക്കെല്ലാം ക്ഷമ ലഭിക്കുന്നതിനോടൊപ്പം അറിയുന്നതും അറിയാത്തതുമായ സകല അനീതിയിൽനിന്നും ശുദ്ധീകരണം ലഭിക്കുന്നു.

ഇങ്ങനെ ചെയ്യുന്നതിൽ "**അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.**" "**വിശ്വസ്തൻ**" എന്നത് അവന്റെ ഉന്നതമായ വിശ്വാസിയതയെയും (കൊരി. 1:9; 10:13; എബ്രാ. 10:23; 1 പത്രൊസ് 4:19); "**നീതിമാൻ**" എന്നത് അവന്റെ ഉന്നതമായ ധാർമ്മിക നിലവാരത്തെയും സൂചിപ്പിക്കുന്നു (യോഹ. 17:25; 1 യോഹ. 2:29; വെളി. 16:5).

മാത്രമല്ല, അവൻ വിശ്വസ്തനും നീതിമാനും "**ആകുന്നു**" എന്നതിലെ വർത്തമാനകാലക്രിയ ഇവിടെ (estin - gnomic present) പാപങ്ങളെ ഏറ്റുപറയുന്ന എല്ലാവർക്കും എപ്പോഴും ദൈവത്തിൽനിന്നും ലഭ്യമായ പാപക്ഷമയെയും ശുദ്ധീകരണത്തെയും സൂചിപ്പിക്കുന്നു.

ക്രിസ്തുവിന്റെ രക്തത്താലുള്ള പാപക്ഷമയും ശുദ്ധീകരണവും സ്ഥിര തയുള്ളതും പൂർണ്ണനിലയിലുള്ളതുമാണ് (1:7). അത് പാപത്തെ തല്ക്കാലം മറെക്കുന്നതോ എഴുതിതള്ളുന്നതോ പാപിയെ കുറ്റക്കാ രൻ അല്ലായെന്നോ ഉത്തരവാദിയല്ലായെന്നോ സ്ഥാപിക്കാനുള്ളതോ അല്ല; കാരണം, പാപം ക്ഷമിക്കുന്നവൻ **"വിശ്വസ്തനും നീതി മാനും ആകുന്നു."**

ദൈവം വിശ്വസ്തനും നീതിമാനും ആകുന്നതിന്റെ സ്വാഭാവിക ഫലമാണ് (hina - conjunction) പൂർണ്ണമായ പാപക്ഷമയും ശുദ്ധീകര ണവും. മാത്രമല്ല, ഒരു പ്രവൃത്തിയുടെ (നാം നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ) അടിസ്ഥാനത്തിലുള്ള സാധ്യതയുള്ള ഒരു ഫല ത്തെയല്ല, മറിച്ച് ഉറപ്പായ ഒരു ഫലത്തെയാണ് (അവൻ നമ്മോട് പാപ ങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കും) വ്യാകരണം (aorist active subjunctive) ഇവിടെ സൂചിപ്പിക്കുന്നത്.

വീണ്ടും ജനനത്തിലൂടെ വിശ്വാസിക്ക് പാപക്ഷമയും ശുദ്ധീകര ണവും ലഭിച്ചുവെങ്കിലും അത് സ്ഥാനീയമാണ്. വിശ്വാസി ഭൂമിയിൽ തന്നെ ഇരിക്കുന്നതുകൊണ്ടു ലൗകികജീവിതത്തിലൂടെ അഴുക്ക് പറ്റു ന്നതുകൊണ്ടും പ്രായോഗിക ജീവിതത്തിൽ അനുനിമിഷം ശുദ്ധീക രണം ആവശ്യമാണ്.

ദൈവം ആദ്യം യിസ്രായേൽ മക്കളുമായി ചെയ്ത നിയമത്തോട് വിശ്വസ്തരായിരുന്ന എല്ലാ യിസ്രായേല്യരും സ്ഥാനീയമായി ദൈവ ത്താൽ വിശുദ്ധീകരിക്കപ്പെട്ടവരായിരിക്കുന്നുവെങ്കിലും (പുറ. 24:3–8), ദൈവവുമായുള്ള കൂട്ടായ്മയുടെ സന്തോഷം വീണ്ടെടുക്കുന്നതിനും അത് നിലനിർത്തുന്നതിനും പാപബോധമുള്ള ഓരോ യിസ്രായേല്യനും പാപങ്ങളെ ഏറ്റുപറഞ്ഞ് പ്രായശ്ചിത്തം ചെയ്യുമ്പോൾ തന്നെ അവന്റെ പാപങ്ങൾ അവനെതിരെ ദൈവം കണക്കിടാതിരിക്കുന്നു. അതുകൊണ്ട് തുടർമാനയാഗങ്ങൾ തുടർമാനമായുള്ള പാപക്ഷമയുടെയും ശുദ്ധീക രണത്തിന്റെ ആവശ്യത്തെയുമാണ് സൂചിപ്പിക്കുന്നത് (ലേവി. 4:13; 6:7).

"കുളിച്ചിരിക്കുന്നവർക്ക് കാൽ അല്ലാതെ കഴുകുവാൻ ആവശ്യം ഇല്ല; അവൻ മുഴുവനും ശുദ്ധിയുള്ളവൻ" എന്ന വചനത്തിലൂടെ കർത്താവ് പത്രൊസിന് വെളിപ്പെടുത്തിയത് ഇക്കാര്യമായിരുന്നു (യോഹ. 13:10).

യേശുക്രിസ്തു എന്ന കാര്യസ്ഥൻ സ്വർഗ്ഗത്തിൽ പിതാവിന്റെ അടു

ക്കൽ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നതുകൊണ്ടും (2:2) പരിശുദ്ധാത്മാവ് എന്ന മറ്റൊരു കാര്യസ്ഥൻ അവർക്കുവേണ്ടി ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ പക്ഷവാദം ചെയ്യുന്നതുകൊണ്ടും (റോമർ 8:26) അവർ ദൈവകോപത്തിൽനിന്നും തല്ക്കാലം രക്ഷപെടുന്നുവെങ്കിലും അവരുടെ പാപങ്ങൾ ദൈവമുമ്പാകെ എപ്പോഴും കടമായിതന്നെ നിലനില്ക്കുന്നു (മത്തായി 6:12; ലൂക്കൊസ് 11:4). അതിൽ പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുന്നതിന് പാപങ്ങൾ ഏറ്റുപറയണം; ഇതിന് ന്യായപ്രമാണത്തിൽ അടിസ്ഥാനമുണ്ട് (ലേവി. 4:13–6:7).

എന്നാൽ യോഹന്നാൻ ഇവിടെ പറയുന്ന പാപക്ഷമ നീതീകരണത്തോടു ബന്ധപ്പെട്ടുള്ളതല്ല, മറിച്ച് വിശുദ്ധീകരണത്തോട് ബന്ധപ്പെട്ടുള്ളതാണ് (സങ്കീർത്തനങ്ങൾ 32,51); അതുപോലെ ഇവിടെ പറയുന്ന ശുദ്ധീകരണം പുനർജനനസ്നാനത്തോട് ബന്ധപ്പെട്ടുള്ളതല്ല (തീത്തൊസ് 3:6), മറിച്ച് കഴുകലിനോട് ബന്ധപ്പെട്ടുള്ളതാണ് (യോഹ. 13:10). അതുകൊണ്ട് യോഹന്നാൻ ഇവിടെ പറയുന്ന പാപക്ഷമയും ശുദ്ധീകരണവും ന്യായാധിപതിയിൽനിന്നുള്ളതല്ല, മറിച്ച് പിതാവിൽനിന്നുള്ളതാണ്. നിത്യ ശിക്ഷാവിധിയുമായി ബന്ധപ്പെട്ടിട്ടുള്ളതല്ല, മറിച്ച് ബാലശിക്ഷയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ദൈവവുമായി കൂട്ടായ്മ സ്ഥാപിക്കുവാനുള്ളതല്ല, കൂട്ടായ്മയിലെ സന്തോഷം വീണ്ടെടുക്കുന്നതിനും നിലനിർത്തുന്നതിനുമുള്ളതാണ് (2 ശമൂ. 7:14–15).

**b. പാപങ്ങളെ ഏറ്റുപറയുന്നത് പാപക്ഷമക്കും ശുദ്ധീകരണത്തിനുമുള്ള ദൈവിക വാഗ്ദത്തത്തിലും പ്രവൃത്തിയിലും ദൈവം വിശ്വസ്തനും നീതിമാനുമെന്ന് തെളിയിക്കേണ്ടതിനാണ്.**

കാരണം, 9–ാം വാക്യം ഊന്നിപറയുന്നത് പാപക്ഷമയും ശുദ്ധീകരണവുമല്ല, മറിച്ച് അതിനായുള്ള ദൈവത്തിന്റെ നീതിയും വിശ്വസ്തതയുമാണ്. അതായത് പാപങ്ങളെ സമ്മതിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നവരോടുള്ള ബന്ധത്തിൽ ദൈവം പാപക്ഷമക്കും ശുദ്ധീകരണത്തിനുമായി സ്ഥാപിച്ച നിയമപ്രകാരം പ്രവൃത്തിക്കുന്നതിൽ വിശ്വസ്തനും നീതിമാനുമാണെന്ന് തെളിയിക്കേണ്ടതിന് പാപങ്ങൾ ഏറ്റുപറയണം. തന്റെ വചനത്തോടും വാഗ്ദത്തത്തോടുമുള്ള വിശ്വസ്തതയാണ് ഇവിടെ വിഷയം (പുറ. 34:6–7). മാത്രമല്ല, പാപക്ഷമയും ശുദ്ധീകരണവും പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പുതിയനിയമ ഉടമ്പടിയിലുൾപ്പെട്ട വാഗ്ദത്തമാണ് (യിരെ. 31:31–35; യെഹെ. 36:25–27).

ഈ പഴയനിയമ തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിലാണ് പാപ ക്ഷമയും ശുദ്ധീകരണവും യോഹന്നാൻ ഇവിടെ പരാമർശിക്കുന്നത് (1:9).

പിതാവിന്റെ സന്നിധിയിലുള്ള യേശുക്രിസ്തുവിന്റെ ശുശ്രൂഷയി ലൂടെ ദൈവം നമുക്ക് തുടർമാനമായ പാപമോചനവും ശുദ്ധീകരണവും നല്കിവരുന്ന പ്രവൃത്തിയിൽ ദൈവം നീതിമാനാണെന്ന് തെളിയി ക്കുന്നതിനും നീതിമാനായി തുടരുന്നതിനും നാം പാപങ്ങൾ ഏറ്റുപ റയണം, അല്ലെങ്കിൽ പാപമോചനത്തിന് അർഹതയില്ലാത്തവർക്ക് അർത്ഥാൽ പാപമോചനവും ശുദ്ധീകരണവും ആവശ്യമില്ലാത്തവർക്കും അതിനുള്ള ദൈവികവ്യവസ്ഥ അംഗീകരിക്കാത്തവർക്കും (1:8,10) പാപ മോചനവും ശുദ്ധീകരണവും നല്കുന്ന പ്രവൃത്തിയിലൂടെ ദൈവം വിശ്വ സ്തനും നീതിമാനും അല്ലാതെയാകുന്നു.

എന്നാൽ അനുദിനജീവിതത്തിൽ നാം നമ്മുടെ പാപങ്ങൾ ഏറ്റു പറയുമ്പോൾ നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ അനുനിമിഷ ശുദ്ധീ കരണ പ്രവൃത്തിയിൽ താൻ വിശ്വസ്തനും നീതിമാനും എന്ന് തെളി യുന്നു.

**c. പാപങ്ങൾ ഏറ്റുപറയുന്നത് വെളിച്ചത്തിൽ നടക്കുന്നതിന്റെ അട യാളമാണ്**

പാപങ്ങളെ ഏറ്റുപറയുവാൻ വചനം ആഹ്വാനം ചെയ്യുന്നുവെ ങ്കിലും (സദൃശ. 28:13) വിശുദ്ധന്മാർ പാപങ്ങൾ ഏറ്റുപറഞ്ഞതായി കാണുന്നുണ്ടെങ്കിലും യോഹന്നാൻ ഇവിടെ പാപങ്ങളെ ഏറ്റുപറയു ന്നതിന് ഉപയോഗിച്ച വാക്ക് പാപങ്ങളെ ഏറ്റുപറയുന്നതിന് പുതിയ നിയമം സാധാരണയായി ഉപയോഗിക്കുന്ന വാക്കല്ല (exomologeo - confess മത്തായി 3:6; മർക്കൊസ് 1:5; അപ്പൊ. 19:18; യാക്കോബ് 5:16). മറിച്ച്, പാപങ്ങളുടെ ബോധ്യം സ്വമേധയാ സമ്മതിച്ച് അംഗീകരിക്കു ന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനും അത് ഏറ്റുപറയുന്നതിനും ഉപ യോഗിക്കുന്ന വാക്കാണിത് (homologeo - acknowledge 2:23; യോഹ. 1:20; റോമർ 10:9; c.f. മത്തായി 10:32; വെളി. 3:5). അർത്ഥാൽ, തെറ്റിനെ തെറ്റായി സമ്മതിക്കാതെ തല്ക്കാല രക്ഷയ്ക്കായി ക്ഷമ പറയുന്ന രീതി യല്ല. കാരണം, **"നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ"** (വാ. 8) എന്ന പ്രസ്താവനയ്ക്ക് നേർ വിപരീതമായ ഒരു പ്രസ്താവന യാണ് **"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ"** (വാ. 9)

എന്നതിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത്. അക്കാരണത്താൽതന്നെ, പാപസാന്നിധ്യത്തിന്റെ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ട് പാപത്തിന്റെ പ്രത്യേകമായ പ്രവൃത്തികളെ വിശ്വാസികൾ ദൈവമുമ്പാകെ സമ്മതിച്ച് ഏറ്റുപറയേണ്ടതായ ആവശ്യത്തെയാണ് ഇത് ഊന്നിപറയുന്നത് (c.f. യിരെ. 3:13).

മാത്രമല്ല, നാം നമ്മുടെ പാപങ്ങളെ **"ഏറ്റുപറയുന്നു"** എങ്കിൽ എന്നതിലെ ക്രിയാപദം വ്യാകരണപ്രകാരം (homologōmen - gnomic present) ഒരു പ്രവൃത്തിയിലും ഉപരിയായി എല്ലാ യഥാർത്ഥവിശ്വാസികളുടെയും എപ്പോഴുമുള്ള സാധാരണ ജീവിതരീതിയെയും സ്വഭാവത്തെയുമാണ് സൂചിപ്പിക്കുന്നത്. അർത്ഥാൽ, വെളിച്ചത്തിൽ നടക്കുന്നവർ പാപസാന്നിധ്യത്തെ തിരിച്ചറിയുന്നവരും അത് സമ്മതിക്കുന്നവരും അത് ഏറ്റുപറയുന്നവരും ആകുന്നു. അതിന്റെ ഫലമായി അവർക്ക് പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുന്നു. എന്നാൽ ഇരുട്ടിൽ നടക്കുന്നവർ ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ ഉണ്ടെന്ന് വെറുതെ അവകാശപ്പെടുന്നവരും **"നമുക്ക് പാപം ഇല്ല"** (constative aorist) എന്നും **"നാം പാപം ചെയ്തിട്ടില്ല"** (gnomic perfect) എന്നും പറഞ്ഞിട്ട് പാപസാന്നിധ്യത്തെയും പാപപ്രവൃത്തിയെയും നിഷേധിച്ചുകൊണ്ട് **"അവനെ അസത്യവാദി"**യാക്കുന്നവരും (gnomic present) ആകുന്നു. സാർവ്വത്രികമായി ഇങ്ങനെയുള്ള എല്ലാവരും എപ്പോഴും അങ്ങനെതന്നെ ചെയ്യുന്നവർ ആകുന്നു എന്ന് ഇവിടെ വ്യാകരണം സൂചിപ്പിക്കുന്നു. അതുകൊണ്ട് അവർക്ക് പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുന്നില്ല. അവരുടെ പാപകടവും അതിന്റെ കുറ്റവും നിലനില്ക്കുന്നു. അതിന്റെ കാരണം **"അവന്റെ വചനം നമ്മിൽ ഇല്ലാതെയായി"** എന്നതാണ്. അതിനർത്ഥം പാപങ്ങളെ ഏറ്റ് പറയാതിരിക്കുന്നതിലൂടെ അവന്റെ വചനത്തിന് നമ്മിൽ സ്ഥാനവും സ്വാധീനവും ഇല്ലാത്ത അവസ്ഥയെ തെളിയിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെയുള്ളവരെല്ലാം വീണ്ടും ജനിപ്പിക്കുന്ന സുവിശേഷവചനത്തിന്റെ സാന്നിധ്യവും (യാക്കോബ് 1:18,21; 1 പത്രൊസ് 1:23–25) ശുദ്ധീകരിക്കുന്ന വചനത്തിന്റെ സാന്നിധ്യവും (യോഹ. 17:17; എഫെ. 5:25–27) ഇല്ലാത്ത അവസ്ഥയിൽ തന്നെ എപ്പോഴും ഇരിക്കുന്നതിനെ ഇവിടെ വ്യാകരണം (estin - gnomic present) സൂചിപ്പിക്കുന്നു. മനസാക്ഷിയിലെ സത്യവും ആത്മാവിലെ സത്യവും അവരിൽ ഇല്ലാത്തതുകൊണ്ട് (വാ. 8) ദൈവം പറഞ്ഞ ഒരു കാര്യവും അവർ വിശ്വസിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുമില്ല.

### d. പാപങ്ങളെ ഏറ്റുപറയുന്നതിനുള്ള മറ്റുചില കാരണങ്ങൾ

ആത്മാവിൽ കപടം കൂടുതൽ വ്യാപിക്കാതിരിക്കുന്നതിനുള്ള മുൻകരുതലാണ് ഏറ്റുപറച്ചിൽ. ദുർമനസ്സാക്ഷി നീങ്ങുന്നതിനാണ് പാപങ്ങളെ ഏറ്റുപറയുന്നത്. പിതാവുമായും പുത്രനുമായുള്ള കൂട്ടായ്മയിലെ സന്തോഷം വീണ്ടെടുക്കുന്നതിനും അത് നിലനിർത്തുന്നതിനുമാണ് പാപങ്ങളെ ഏറ്റുപറയുന്നത്.

### E. വെളിച്ചത്തിൽ നടക്കുന്നതിനുള്ള ഉറപ്പ് (2:1–2)

വെളിച്ചത്തിൽ നടക്കുന്നവർ തങ്ങളിലുള്ള പാപത്തെ തിരിച്ചറിയുന്നവരും അത് സമ്മതിക്കുന്നവരും അതിന്റെ ഫലമായി പാപപ്രവൃത്തികളെ ഏറ്റുപറയുന്നവരുമാകുന്നു. പാപത്തിന് അടിമപ്പെട്ടിരുന്ന അവരുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടതിനാൽ അവർ പാപത്തിന്റെ അടിമത്വത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിക്കുകയും കൃപയ്ക്ക് അധീനരായിത്തീർന്ന് നീതിക്ക് ദാസന്മാർ ആകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് പാപം ഇനി അവരിൽ കർത്തൃത്വം നടത്തുകയില്ല (റോമർ 6:14–18). അവർ ദൈവത്തിൽനിന്നും ജനിച്ചതിനാൽ പാപത്തിൽ തുടരാൻ അവർക്ക് കഴിയുകയില്ല (1 യോഹ. 5:18).

ഈ ആത്മിക യാഥാർത്ഥ്യങ്ങളെയെല്ലാം അടിസ്ഥാനമാക്കി യോഹന്നാൻ മുൻപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് (1:5–10). **"എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു..."** (2:1) എന്ന് ഇവിടെ പറയുന്നത്. കാരണം പരസ്പരവിരുദ്ധമായ പ്രസ്താവനകളെ ബന്ധിപ്പിക്കുവാൻ യോഹന്നാൻ ഒരിക്കലും സമുച്ചയപദം (And) ഉപയോഗിക്കുന്നില്ല.

ദൈവമക്കളെ സൂചിപ്പിക്കുന്നതിന് യോഹന്നാൻ ഈ ലേഖനത്തിൽ രണ്ടു വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ദൈവമക്കളെ പൊതുവായി സൂചിപ്പിക്കുന്നതിന് teknon എന്നും (3:1,2,10); അടുത്ത ബന്ധത്തെയും വാത്സല്യത്തെയും സൂചിപ്പിക്കുന്നതിന് teknia എന്നും (2:1,12,28; 3:7,18; 4:4; 5:21) ഇതിൽ രണ്ടാമത്തെ വാക്കാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

അതുപോലെ **"നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ"** ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു എന്നതിലൂടെ പ്രതിപാദ്യവിഷയത്തിന്റെ ഉദ്ദേശമാണ് ലേഖകൻ ഇവിടെ വ്യാകരണത്തിലൂടെ (hina-conjuction)

വ്യക്തമാക്കുന്നത്. മാത്രമല്ല, ഇത് എഴുതുന്നതിലൂടെ ലേഖകൻ ഉദ്ദേശിക്കുന്ന നിശ്ചയമായ ഫലത്തെയും (നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ) വ്യാകരണം സൂചിപ്പിക്കുന്നു (hamartēte - active subjunctive).

അതുപോലെതന്നെ **"ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു"** എന്നത് യോഹന്നാന്റെ ശൈലിയാണെങ്കിലും അപ്പൊസ്തലിക അധികാരത്തിൽ ഉപദേശം പറയുമ്പോൾ **"ഞങ്ങൾ"** എന്നും ആത്മിക പിതാവ് എന്നനിലയിൽ പ്രബോധിപ്പിക്കുമ്പോൾ **"ഞാൻ"** എന്നുമാണ് യോഹന്നാൻ പറഞ്ഞിരിക്കുന്നത്. ഇവിടെ **"ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു"** എന്നതിലൂടെ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയെയാണ് വ്യാകരണം ഇവിടെ (graphō- progressive present) സൂചിപ്പിക്കുന്നത് (1:5-10). വിശ്വാസികളിൽ പാപം യാഥാർത്ഥ്യമാണെങ്കിലും (വാ. 8) പാപങ്ങളെ ഏറ്റുപറഞ്ഞാൽ പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുമെന്ന് വാഗ്ദത്തം ഉള്ളതിനാൽ (വാ. 9) പാപത്തിന്റെ തിന്മയെ വേണ്ടതുപോലെ മനസ്സിലാക്കാതെ, പാപം ചെയ്തുകൊണ്ടിരുന്നാലും പാപങ്ങളെ ഏറ്റുപറഞ്ഞാൽ പാപക്ഷമയും ശുദ്ധീകരണവും ലഭിക്കുമെന്നും ദൈവികകൂട്ടായ്മയിൽ തുടരാമെന്നും ചിലർ ചിന്തിപ്പാൻ ഇടയുള്ളതുകൊണ്ട് (വാ. 6) പാപം ചെയ്യാതെ ജീവിക്കുക എന്നത് വിശ്വാസികളുടെ ഉറച്ച നിലപാടും ലക്ഷ്യവും ആയിരിക്കണമെന്ന ഉദ്ദേശത്തിലാണ് അപ്പൊസ്തലൻ ഇക്കാര്യങ്ങളെല്ലാം എഴുതുന്നത് (2:1). കാരണം, ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവരാകുന്നതിന് ദൈവിക വെളിച്ചത്തിൽ നടക്കണം. ദൈവിക വെളിച്ചത്തിൽ തുടർമാനമായി നടക്കാൻ കഴിയുന്നതിനുള്ള മനുഷ്യന്റെ ഭാഗത്തെ ഉറപ്പ് പാപം ചെയ്യാതെ ജീവിക്കുക എന്നതാണ്. അതിനർത്ഥം വിശ്വാസികൾ പാപത്തെ താലോലിക്കരുത്. പാപം ചെയ്യുവാൻ അവസരങ്ങൾ ഉണ്ടാക്കരുത്. പാപത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെ പൂർണ്ണമായും ഒഴിവാക്കി ജീവിക്കണമെന്നുതന്നെയാണ്.

എങ്കിലും വെളിച്ചത്തിൽ നടക്കുന്നവരുടെ രഹസ്യജീവിതത്തിലും പരസ്യജീവിതത്തിലും ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷമായും പരോക്ഷമായും ചില മേഖലകളിൽ വിശ്വാസിയിൽ പാപം വെളിപ്പെടുന്നതായി കാണുവാൻ സാധിക്കും. അതായത്, നാം നന്മ ചെയ്യുവാൻ ആഗ്രഹിക്കുമ്പോൾ തന്നെ തിന്മ നമ്മിൽ ഉള്ളതായി നാം കാണുന്നു. നാം വചനം വായിക്കുവാൻ ഇരുന്നാൽ പലപ്പോഴും നമ്മുടെ ഏകാഗ്രത

നഷ്ടപ്പെടുന്നു. നാം വാതിൽ അടച്ച് പ്രാർത്ഥിക്കുവാൻ ഇരുന്നാലും അന്യചിന്തകൾ നമ്മിലേക്കു കടന്നുവരുന്നു. സംയമനം പാലിക്കുവാൻ ശ്രമിച്ചാലും പലപ്പോഴും നമ്മുടെ പ്രതികരണം ആവശ്യത്തിൽ അധികമാകുന്നതായി കാണുന്നു (റോമർ 7:15-21). വെളിച്ചത്തിൽ നടക്കുന്നവർ തങ്ങളിൽ പാപസാന്നിധ്യം ഉള്ളതായും ചിലപ്പോൾ പാപം ചെയ്യുന്നവരായും തിരിച്ചറിയുന്നു. എന്നാൽ ദൈവികകൂട്ടായ്മയെ അത് ബാധിക്കാതിരിക്കുവാൻ ഒരു കാര്യസ്ഥനിലൂടെ ദൈവം അതിന് ഒരു പരിഹാരം ഒരുക്കിയിട്ടുണ്ടെന്ന് 2:1-2 വാക്യങ്ങൾ പറയുന്നു. അതോടു ബന്ധപ്പെട്ട് നാലു വസ്തുതകൾ യോഹന്നാൻ ഇവിടെ പരാമർശിക്കുന്നു.

### 1. കാര്യസ്ഥന്റെ ആവശ്യം എന്താണ്

ഇവിടെ **"ഒരുത്തൻ പാപം ചെയ്തു എങ്കിലൊ"** എന്നതിലൂടെ ഏതെങ്കിലും ഒരുത്തനെയല്ല, മറിച്ച് അപ്പൊസ്തലന്മാരുമായി ദൈവികകൂട്ടായ്മയുള്ള വിശ്വാസിയായ ഒരുത്തനെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ **"പാപം ചെയ്തു എങ്കിലൊ"** എന്നത് വിശ്വാസിക്ക് പാപപ്രകൃതം ഇല്ലെങ്കിലും പാപം ചെയ്യുവാനുള്ള പ്രവണതയും സാധ്യതയും വിശ്വാസിയിൽ യാഥാർത്ഥ്യമായതുകൊണ്ടും പാപം ചെയ്യുന്നവർ ദൈവമുമ്പാകെ കുറ്റക്കാരും ന്യായവിധിക്ക് അധീനരും ആകുമെന്ന വസ്തുതയുടെ അടിസ്ഥാനത്തിലുള്ള സാധ്യതയെ സൂചിപ്പിക്കുന്നു (1:8-10).

എന്നാൽ ഇവിടത്തെ വ്യാകരണവും (hamartē - gnomic aorist) പശ്ചാത്തലവും അനുസരിച്ച് പാപത്തിന്റെ ഒറ്റപ്പെട്ട പ്രവൃത്തിയെ മാത്രം സൂചിപ്പിക്കുന്നതും തുടർമാനതയും ആവർത്തനവും ഇല്ലാതെ യേശുവിനെ അനുഗമിക്കുന്ന ഏതൊരാൾക്കും എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന ഒരു സാധ്യതയെ സൂചിപ്പിക്കുന്നതും ആകുന്നു. കാരണം പാപം ചെയ്യുന്നത് തിരുത്തുവാൻ വേണ്ടിയല്ല, മറിച്ച് പാപം ചെയ്യാതിരിക്കുവാൻ വേണ്ടിയാണ് അപ്പൊസ്തലൻ എഴുതുന്നത്.

എങ്കിലും വെളിച്ചത്തിൽ നടക്കുന്ന ഏതെങ്കിലും ഒരുവൻ പാപം ചെയ്തുപോയാൽ അതിന് പ്രായശ്ചിത്തവും പരിഹാരവും പ്രതിവിധിയുമായി പിതാവിന്റെ അടുക്കൽ എപ്പോഴും ഒരു കാര്യസ്ഥൻ നമുക്കുണ്ടെന്ന് ഇവിടെ വ്യാകരണം (echomen - gnomic present) സൂചിപ്പിക്കുന്നു. പിതാവിന്റെ സന്നിധിയിൽ എപ്പോഴും നമുക്കുവേണ്ടിയുള്ള

യേശുക്രിസ്തുവിന്റെ മദ്ധ്യസ്ഥ ശുശ്രൂഷയാണ് ഇതിലൂടെ ലേഖകൻ ഉദ്ദേശിക്കുന്നത്. നാം പാപത്തിൽ അകപ്പെട്ടിരിക്കുമ്പോഴും ബലഹീനതയിൽ വീണുപോകുമ്പോഴും നമ്മുടെ എല്ലാ സാഹചര്യങ്ങളിലും എപ്പോഴും ക്രിസ്തു നമ്മുടെ കാര്യസ്ഥനായി പിതാവിന്റെ സന്നിധിയിൽ പ്രവൃത്തിക്കുന്നു.

**"കാര്യസ്ഥൻ"** എന്നത് (paraklēton) യോഹന്നാൻ മാത്രം ഉപയോഗിക്കുന്ന പേരാണ് (യോഹ. 14:16; 15:26; 16:7). അതിന് മറ്റൊരാൾക്കുവേണ്ടി ഏതുസമയത്തും ഏതൊരാവശ്യത്തിനുമായി വിളിക്കപ്പെട്ടവൻ എന്നാണർത്ഥം. **"കാര്യസ്ഥൻ"** എന്ന പേര് യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ പരിശുദ്ധാത്മാവിനെതന്നെയാണ് സൂചിപ്പിക്കുന്നതെങ്കിലും (യോഹ. 14:16,26; 15:26; 16:7; c.f. റോമർ 8:26-27) ദൈവപുത്രനായ യേശു കാര്യസ്ഥനായി പത്രൊസിനുവേണ്ടി അപേക്ഷിക്കുന്നതായും (ലൂക്കൊസ് 22:32) ഇന്നും തന്റെ ജനത്തിനുവേണ്ടി പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്യുന്നതായും (റോമർ 8:34; എബ്രാ. 7:25) ദൈവഹിതപ്രകാരമുള്ള പ്രാർത്ഥനയ്ക്ക് ഉത്തരം നല്കുന്നതായും കാണുന്നു.

മോശെ യിസ്രായേൽ ജനത്തിനുവേണ്ടിയും (പുറ. 32:30-32) ഇയ്യോബ് സ്നേഹിതന്മാർക്കുവേണ്ടിയും (42:7-10) വാദിച്ചതുപോലെയും പക്ഷവാദം ചെയ്തതുപോലെയും ക്രിസ്തുവും (മത്തായി 10:32; റോമർ 8:34; എബ്രാ. 7:25) ദൈവാത്മാവും (റോമർ 8:26) നമുക്കുവേണ്ടി വാദിക്കുകയും പക്ഷവാദം ചെയ്യുകയും ചെയ്യുന്നു. പിതാവിന്റെയും പുത്രന്റെയും ഹിതം ഒന്നാകകൊണ്ട് (യോഹ. 8:29) നമുക്കുവേണ്ടിയുള്ള ഈ കാര്യസ്ഥന്റെ അപേക്ഷ പിതാവ് എപ്പോഴും കേൾക്കുന്നു (യോഹ. 11:42).

തന്നിൽ വിശ്വസിക്കുന്നവരുടെ രക്ഷയോടുള്ള ബന്ധത്തിൽ ഈ ഭൂമിയിൽവെച്ച് ചെയ്യേണ്ടതായ എല്ലാ പ്രവൃത്തിയും യേശുക്രിസ്തു പൂർത്തീകരിച്ചുവെങ്കിലും രക്ഷയുടെ പൂർത്തീകരണത്തോടുള്ള ബന്ധത്തിൽ (ഫിലി. 1:4) പുരോഹിതൻ എന്ന നിലയിലും കാര്യസ്ഥൻ എന്ന നിലയിലും തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ക്രിസ്തു സ്വർഗ്ഗത്തിൽ ഇപ്പോഴും തന്റെ ശുശ്രൂഷ തുടരുന്നു. എന്നാൽ സഹോദരന്മാരെ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന ഒരു പ്രതിയോഗിയായി സാത്താനും പ്രവൃത്തിക്കുന്നു (ഇയ്യോബ് 1:8-12; 2:1-15; സെഖ. 3:1-3;

വെളി. 12:10). അതുകൊണ്ട് നാം പാപം ഏറ്റുപറഞ്ഞാലും ഇല്ലെങ്കിലും അപേക്ഷിച്ചാലും ഇല്ലെങ്കിലും വിശുദ്ധന്മാർക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ സദാ പക്ഷവാദം ചെയ്യുന്ന ഒരു കാര്യസ്ഥനായിട്ടാണ് ക്രിസ്തു സ്വർഗ്ഗത്തിലിരിക്കുന്നത് (1:7). ഇക്കാരണത്താൽ തന്നെ താത്വി കമായി, നാം വിശ്വാസത്തിൽ നിലനില്ക്കുന്നത് നാം ഇവിടെ ചെയ്യുന്ന ഏതെങ്കിലും സൽപ്രവൃത്തിയുടെ അടിസ്ഥാനത്തിലല്ല, മറിച്ച് യേശു ക്രിസ്തു ഒരിക്കൽ ക്രൂശിൽ പൂർത്തീകരിച്ചതും ഇപ്പോൾ പിതാവിന്റെ സന്നിധിയിൽ തുടരുന്നതുമായ പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് (എബ്രാ. 7:25).

പിതാവിനോടുള്ള കൂട്ടായ്മയിൽനിന്നും നാം അയോഗ്യരായി പോകാതിരിക്കുന്നതിന് പുത്രൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്ത മായിരുന്നുകൊണ്ട് പിതാവിന്റെ സന്നിധിയിൽ നമുക്കുവേണ്ടി പക്ഷ വാദം ചെയ്യുന്നു.

അതുപോലെ, തന്നിൽ വിശ്വസിക്കുന്നവരുടെ ഇഹത്തിലെ കാര്യ ങ്ങൾക്കായി പരിശുദ്ധാത്മാവ് എന്ന മറ്റൊരു കാര്യസ്ഥനും വിശ്വാസി കൾക്കുണ്ട് (യോഹ. 14:16). യഥാർത്ഥവിശ്വാസികൾ പാപസ്വഭാവമു ള്ളവരല്ലായെന്ന് വരികിലും പാപത്തിന് വിധേയപ്പെടുന്ന ജഡത്തിലും പാപമുള്ള ലോകത്തിലും ജീവിക്കുന്നതിനാൽ ഇപ്പോൾ പാപം ചെയ്യു വാൻ സാധ്യതയുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം വിശ്വാസി യുടെ സ്വർഗ്ഗീയ കാര്യസ്ഥനായ യേശുക്രിസ്തു പിതാവിന്റെ സന്നിധി യിൽ വിശ്വാസികൾക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (റോമർ 8:34). എന്നാൽ പരിശുദ്ധാത്മാവ് എന്ന ഭൂമിയിലെ കാര്യസ്ഥൻ ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ ദൈവമക്കൾക്കുവേണ്ടി പക്ഷവാദം ചെയ്കയും (റോമർ 8:26,27) ദൈവവചനം വിശ്വാസിയുടെ ആത്മാവി ലേക്കും മനസ്സാക്ഷിയിലേക്കും കടത്തിവിടുകയും ചെയ്തുകൊണ്ട് വിശ്വാസികൾക്കുവേണ്ടി ഭൂമിയിലിരുന്ന് പ്രവൃത്തിക്കുന്നു. അങ്ങനെ വിശ്വാസി തന്റെ പാപത്തെക്കുറിച്ച് ബോധവാനാകുകയും പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുന്നു (1 യോഹ. 1:9 c.f. സങ്കീ. 139:23,24).

### 2. കാര്യസ്ഥന്റെ പ്രത്യേകത എന്താണ്

**"നീതിമാനായ"** കാര്യസ്ഥനാണ് യേശുക്രിസ്തു. ഈ കാര്യ സ്ഥന്റെ പേരു തന്നെ നീതിമാൻ എന്നാണ് (അപ്പൊ. 3:14; 7:52). ഉൽകൃ ഷ്ട നീതിമാനായ ഈ യേശുവിനെ (1 യോഹ. 2:29; 3:7) നീതിയുള്ള

മുള എന്നും യഹോവ നമ്മുടെ നീതി എന്നും (യിരെ. 23:5-6) നീതിമാനായ ദൈവത്തിന്റെ ദാസൻ എന്നും (യെശ. 52:13) തിരുവെഴുത്ത് വിശേഷിപ്പിച്ചിട്ടുണ്ട്.

നീതിമാനായ ഈ കാര്യസ്ഥൻ പിതാവിന്റെ സന്നിധിയിൽ വിശുദ്ധന്മാർക്കുവേണ്ടി പക്ഷവാദം ചെയ്യുമ്പോൾ അവൻ അവരുടെ പാപത്തെയോ തെറ്റായ പ്രവൃത്തികളെയൊ ഒരു നിലയിലും ന്യായീകരിക്കുന്നില്ല. അവരുടെ നിരപരാധിത്വത്തെ സ്ഥാപിക്കുവാൻ ഒരിക്കലും ശ്രമിക്കുന്നില്ല. അവൻ വാചാലനായി സംസാരിക്കുകയോ മുഖസ്തുതി പറയുകയോ ചെയ്യുന്നില്ല. മറിച്ച്, നമുക്കുവേണ്ടി സത്യം പറയുന്നവനും സത്യം മാത്രം പറയുന്നവനുമാണ്. അവൻ നമ്മുടെ പരാതികളും പ്രശ്നങ്ങളും ആകുലചിന്തകളും ഏറ്റുപറച്ചിലും കേൾക്കുകയും അതിൽ സഹതപിക്കുകയും ചെയ്യുന്നു. അവൻ നമുക്കുവേണ്ടി നമ്മെ തന്നിൽ വഹിച്ചുകൊണ്ട് പക്ഷവാദം ചെയ്യുന്നത് സ്വർഗ്ഗീയ കോടതിയിലല്ല മറിച്ച്, നമ്മുടെ പിതാവിന്റെ സന്നിധിയിലാണ് (1 യോഹ. 2:1). അവൻ നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ സകലത്തിലും ഉത്തരവാദിയായിരിക്കുന്നതുകൊണ്ട് (എബ്രാ. 7:22) നാം ഒരിക്കലും മറുപടി പറയേണ്ടതായി വരുന്നില്ലായെന്നു മാത്രമല്ല, നമുക്കെതിരെ ഒരു വാക്കോ, നോട്ടമോ ഒരിക്കലും ഉണ്ടാവുകയില്ല. കാരണം അവൻ ഒരിക്കൽ എന്നേക്കുമായി അർപ്പിച്ച തന്റെ യാഗത്തിന്റെ അടിസ്ഥാനത്തിലാണ് അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നത്. തന്നിൽ വിശ്വസിക്കുന്ന ഏതു മനുഷ്യന്റെയും ഏതു പാപത്തിനും എക്കാലത്തും പ്രായശ്ചിത്തം അതിലടങ്ങിയിട്ടുണ്ട്.

### 3. കാര്യസ്ഥന്റെ യോഗ്യത എന്താണ്

കാര്യസ്ഥന്റെ പേരും സ്ഥാനവും തന്നെയാണ് അവന്റെ ഏറ്റവും വലിയ യോഗ്യത. നമ്മുടെ ബലഹീനതകളെ മനസ്സിലാക്കുവാൻ നമുക്ക് മനുഷ്യനായ ഒരു കാര്യസ്ഥനും - യേശു (എബ്രാ. 2:17; 4:15) നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തി നമ്മെ ദൈവത്തോട് അടുപ്പിക്കുവാൻ ദിവ്യനായ ഒരു കാര്യസ്ഥനും - ക്രിസ്തു, ദൈവികനീതി നമ്മിൽ നിറവേറ്റുന്നവനും (റോമർ 3:25-26) ദൈവസന്നിധിയിൽ നമ്മെ നീതിയോടെ നിർത്തുവാനും നീതിമാനായ ഒരു കാര്യസ്ഥനും നമുക്ക് ആവശ്യമാണ്. അവനാണ് **"നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ."**

യോഹന്നാനെ സംബന്ധിച്ചിടത്തോളം ഈ യേശു ക്രിസ്തുവും ദൈവപുത്രനും യിസ്രായേലിന്റെ രാജാവുമാണ് (യോഹ. 1:41,49). തന്റെ രാജത്വം ലോകപ്രകാരം നേടിയതോ നിലനിർത്തുന്നതോ അല്ലായെന്ന് താൻ വ്യക്തമാക്കിയെങ്കിലും (യോഹ. 18:33,36) അവന്റെ താഴ്ചയിൽ യെഹൂദന്മാരുടെ രാജാവിനെ അവർ പരിഹസിച്ച് അടിക്കുകയും (യോഹ. 19:3) ക്രൂശിക്കയും ചെയ്തു (യോഹ. 19:18–19). ക്രിസ്തു എന്ന പേരിന് ദൈവത്താൽ നിസ്തുല്യനായി അഭിഷേകം ചെയ്യപ്പെട്ട രാജാവ് എന്നാണർത്ഥം. അവന്റെ ഇടുപ്പിൻമേലും തുടമേലും എഴുതിയിരിക്കുന്ന നാമം രാജാധിരാജാവും കർത്താധികർത്താവും എന്നാണ് (വെളി. 17:14; 19:16). അതുകൊണ്ട് തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും സ്വന്തം പ്രായശ്ചിത്തത്തിന്റെയും രാജകീയ അധികാരത്തിന്റെയും അടിസ്ഥാന ത്തിൽ പാപമോചനവും ശുദ്ധീകരണവും സാധ്യമാക്കുവാൻ അവന് കഴിയും. അതുകൊണ്ടാണ് ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യ പുത്രന് അധികാരം ഉണ്ടെന്ന് മറ്റു സുവിശേഷകന്മാർ ഒരേ സ്വരത്തിൽ പറയുന്നത് (മത്തായി 9:6; മർക്കൊസ് 2:10; ലൂക്കൊസ് 5:24). മാത്രമല്ല, ഈ കാര്യസ്ഥന്റെ സ്ഥാനം പിതാവിന്റെ അടുക്കലാണ്. അർത്ഥാൽ, പിതാവിന്റെ വലത്തുഭാഗത്ത് അധികാരസ്ഥാനത്താണ് കാര്യസ്ഥൻ ആയിരിക്കുന്നത് (എഫെ. 1:21–22; എബ്രാ. 1:3; 1 പത്രൊസ് 3:22).

യേശുക്രിസ്തുവിന്റെ യാഗം നമ്മുടെ പാപത്തെ നീക്കി നമ്മെ ശുദ്ധീകരിക്കുക മാത്രമല്ല, ദൈവത്തിന്റെ നീതിയെ നിറവേറ്റുകയും ദൈവകോപത്തെ ശമിപ്പിക്കുകയും ദൈവകൃപയിൽ നമ്മെ നിലനിർത്തു കയും ദൈവിക കൂട്ടായ്മയിലെ സന്തോഷം വീണ്ടെടുക്കുകയും ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പിൽ നമ്മുടെ സന്തോഷം പൂർണ്ണമാക്കുകയും ചെയ്യുന്നു.

### 4. കാര്യസ്ഥന്റെ സേവനം എന്താണ്

യേശുക്രിസ്തു എന്ന കാര്യസ്ഥൻ വിശുദ്ധന്മാർക്കുവേണ്ടി പ്രാർത്ഥ നയും പക്ഷവാദവും കഴിക്കുന്നത് വിശ്വാസികൾ പാപം ചെയ്യുമ്പോ ഴല്ല, പാപം ചെയ്തതിന് ശേഷവുമല്ല, പാപം ചെയ്യുന്നതിന് മുമ്പുമല്ല, മറിച്ച് "**അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകു ന്നു.**" അർത്ഥാൽ, അവൻ നമ്മുടെ എല്ലാ പാപങ്ങൾക്കും എപ്പോഴും പ്രായശ്ചിത്തം ആകുന്നുവെന്ന് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (estin - equative present). യേശുക്രിസ്തു പിതാവിന്റെ സന്നിധിയിൽ

എപ്പോഴും നമ്മുടെ കാര്യസ്ഥനായി എപ്പോഴും നമുക്കുവേണ്ടി പക്ഷ വാദം ചെയ്യുന്നു. നാം പാപം ചെയ്യുമ്പോഴും പാപത്തെക്കുറിച്ച് ബോധ വാന്മാർ ആകാതിരിക്കുമ്പോഴും നല്ലതെന്നു വിചാരിച്ച് വിലക്കപ്പെട്ട കാര്യങ്ങൾ ചെയ്യുമ്പോഴും അത് നമുക്ക് മറഞ്ഞിരിക്കുമ്പോഴും അങ്ങനെ നാം ദൈവമുമ്പാകെ കുറ്റമുള്ളവരും കടക്കാരും ആയിരിക്കുമ്പോഴെല്ലാം ക്രിസ്തു പിതാവിന്റെ സന്നിധിയിൽ നമ്മുടെ പാപങ്ങൾക്ക് പ്രായ ശ്ചിത്തം ആകുന്നു (c.f. ലേവി. 4:2; 6:7). ദൈവത്തിന്റെ ആത്മാവും നമ്മിൽ ഇരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (റോമർ 8:26-27).

കർത്താവ് പത്രൊസിനുവേണ്ടി അപേക്ഷയും പക്ഷവാദവും ചെയ്തത് (ലൂക്കൊസ് 22:31,32,34) പത്രൊസ് പാപം ചെയ്യാതിരിക്കു വാനോ കർത്താവിനെ തള്ളിപ്പറയാതിരിക്കുവാനോ ആയിരുന്നില്ല, മറിച്ച് കർത്താവിലുള്ള വിശ്വാസം വിട്ട് ദൈവകൃപയ്ക്ക് അയോഗ്യ നായി തീരാതിരിക്കേണ്ടതിനാണ്.

നമുക്കുവേണ്ടി പിതാവിന്റെ അടുക്കൽ പ്രായശ്ചിത്തമായിരിക്കുന്ന യേശുക്രിസ്തുവിന്റെ ശുശ്രൂഷയെ പഴയനിയമ യാഗങ്ങളുടെ അടിസ്ഥാ നത്തിലാണ് നാം മനസ്സിലാക്കേണ്ടത്.

ഒരു യിസ്രായേല്യനുവേണ്ടി പ്രായശ്ചിത്തമായി അർപ്പിക്കുന്ന യാഗം ദൈവികനീതിയെ പ്രീതിപ്പെടുത്തുകയും അർപ്പകന്റെ പാപ ങ്ങളെ ക്ഷമിക്കുകയും ദൈവിക കൂട്ടായ്മയിലെ സന്തോഷം വീണ്ടെ ടുക്കുകയും ചെയ്യുന്നതുപോലെ ക്രിസ്തു നമുക്കെതിരെ വരുന്ന ദൈവ കോപത്തെ തന്നിലേക്ക് തിരിക്കുന്നവനും ദൈവികനീതിയെ ഉറപ്പാക്കി ദൈവിക പ്രീതി വീണ്ടെടുക്കുവാനായി പിതാവിന്റെ സന്നിധിയിൽ നമു ക്കുവേണ്ടി എപ്പോഴും പ്രായശ്ചിത്തമായിരിക്കുന്നവനും ആകുന്നു എന്നാണ് വ്യാകരണം സൂചിപ്പിക്കുന്നത് (equative present). അവൻ പിതാവിന്റെ സന്നിധിയിൽ സദാസമയവും ഇങ്ങനെ ആയിരിക്കുന്ന തുകൊണ്ട് മാത്രമാണ് നാം ഇന്നും കർത്താവിലുള്ള വിശ്വാസത്താൽ നിലനില്ക്കുന്നത്.

എന്നാൽ അവന്റെ പ്രായശ്ചിത്തയാഗം നമ്മുടെ പാപങ്ങൾക്ക് മാത്ര മല്ല, **"സർവ്വലോകത്തിന്റെ പാപത്തിനും"** പ്രായശ്ചിത്തം വരുത്തു വാൻ മതിയായതാണ് (യോഹ. 3:16; 1 തിമൊ. 2:4; തീത്തൊസ് 2:11; എബ്രാ. 2:9). എങ്കിലും ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗം ലോക

ത്തിലെ ഓരോ മനുഷ്യന്റെയും പാപപരിഹാരത്തിനു വേണ്ടിയുള്ള തല്ല. മറിച്ച് ലോകത്തിലെ സകലമനുഷ്യരുടെയും പാപത്തിന് പ്രായശ്ചിത്തം വരുത്തുവാൻ മതിയായത് ആകുന്നു. എന്നാൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് അത് പ്രയോജനപ്പെടുന്നത്.

മഹാപാപപരിഹാരദിവസം യിസ്രായേലിൽ പ്രായശ്ചിത്തയാഗമായി അർപ്പിക്കപ്പെടുന്ന കാള ഓരോ യിസ്രായേല്യന്റെയും പാപത്തിന്റെ പ്രായശ്ചിത്തത്തിന് വേണ്ടിയുള്ളതായിരുന്നില്ല, മറിച്ച് സകല യിസ്രായേല്യർക്കും - യിസ്രായേൽ സഭയ്ക്കുവേണ്ടിയുള്ളതായിരുന്നു. എന്നാൽ വിശ്വസിക്കാത്ത യിസ്രായേല്യന് പ്രസ്തുതയാഗം യാതൊരു പ്രയോജനവും ചെയ്തിരുന്നില്ല, അതുപോലെ ദൈവിക വ്യവസ്ഥപ്രകാരം പാപസാന്നിധ്യത്തെ സമ്മതിച്ച് പാപപ്രവൃത്തികളെ ഏറ്റുപറയാത്ത ആർക്കും ക്രിസ്തുവിന്റെ പ്രായശ്ചിത്തയാഗം പ്രയോജനപ്പെടുന്നില്ലായെന്നത് ഒരു വസ്തുതയാണ്.

എന്നാൽ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ പിതാവിന്റെ അടുക്കൽ എപ്പോഴും പ്രായശ്ചിത്തമായിരിക്കുന്നതുകൊണ്ട് ക്രിസ്തുവിശ്വാസികൾക്ക് എപ്പോഴും ദൈവിക വെളിച്ചത്തിൽ നടക്കുവാൻ കഴിയുന്നു. ദൈവിക വെളിച്ചത്തിൽ നടക്കുന്നത് ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പ് ആകുന്നു.

***

## III

# ദൈവിക കല്പനകൾ പ്രമാണിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 2:3–17)

''അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു. അവനെ അറിഞ്ഞിരിക്കുന്നു എന്നു പറയുകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല. എന്നാൽ ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു. നാം അവനിൽ ഇരിക്കുന്നു എന്ന് ഇതിനാൽ നമുക്ക് അറിയാം. അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു. പ്രിയമുള്ളവരേ, പുതിയോരു കല്പനയല്ല ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്ക് എഴുതുന്നത്. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നെ. പുതിയോരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു എന്നും പറയാം. അത് അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു; ഇരുട്ടു നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു. വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ ഇന്നെയോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല. സഹോദരനെ പകയ്ക്കുന്നവനോ ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കുകയും ചെയ്യുന്നു. ഇരുട്ട് അവന്റെ കണ്ണു കുരുടാക്കുകയാൽ എവിടേക്കു പോകുന്നു എന്നു അവൻ അറിയുന്നില്ല. കുഞ്ഞുങ്ങളേ, നിങ്ങൾക്കു അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരി

ക്കുകയാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു. പിതാക്കന്മാരേ, ആദി മുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കുകയാൽ നിങ്ങൾക്ക് എഴുതുന്നു. ബാല്യക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുകയാൽ നിങ്ങൾക്ക് എഴുതുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കുകയാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. പിതാക്കന്മാരേ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കുകയാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ബാല്യക്കാരേ, നിങ്ങൾ ശക്തരാകുകയാലും ദൈവവചനം നിങ്ങളിൽ വസിക്കുകയാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുകയാലും ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു.''

ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവരാകുന്നതിനുള്ള മൂന്നാമത്തെ പരിശോധനയാണ് ദൈവിക കല്പനകൾ പ്രമാണിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളത്. ഇതിന് മൂന്ന് മേഖലകൾ ഉണ്ട്. ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യനോടുള്ള ബന്ധത്തിലും ലോകത്തോടുള്ള ബന്ധത്തിലും.

## A. ദൈവത്തോടുള്ള ബന്ധത്തിൽ (3:3-6)

ദൈവത്തോടുള്ള സ്നേഹം ദൈവിക കല്പനകൾ പ്രമാണിക്കുന്നതിലൂടെയാണ് ദൈവജനം വെളിപ്പെടുത്തേണ്ടത് (യോഹ. 14:15,21; 1 യോഹ. 5:3). എന്നാൽ ദൈവിക കല്പനകൾ പ്രമാണിക്കുന്നതിൽ തന്നെ മൂന്നു തലങ്ങൾ ഉണ്ടെന്ന് യോഹന്നാൻ ഈ ഭാഗത്ത് സൂചിപ്പിക്കുന്നു (c.f. മത്തായി 13:23).

### 1. അവന്റെ കല്പനകളെ പ്രമാണിക്കുക (2:3-4)

''അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു'' (വാ. 3).

1:6-7 വാക്യങ്ങളുടെ തുടർച്ചയാണ് 2:3-4 വാക്യങ്ങൾ. യോഹന്നാൻ

എഴുതിയ സുവിശേഷത്തിലും (14:15,21; 15:10), ഈ ലേഖനത്തിലും (2:3,4; 5:2), രണ്ടാം ലേഖനത്തിലും (1:6) വെളിപ്പാട് പുസ്തകത്തിലും (14:12) **"അവന്റെ കല്പനകൾ"** എന്നും അതിന് സമാനമായതുമായ മറ്റ് ശൈലിയും കാണപ്പെടുന്നതിനാൽ ഈ പ്രയോഗത്തിന്റെ പ്രാധാന്യം ലേഖകനായ യോഹന്നാനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്.

മോശെയിലൂടെ ലഭിച്ച ദൈവത്തിന്റെ ന്യായപ്രമാണത്തെ പൊതുവിൽ "നിയമം" (nomos) എന്ന് പറയുമ്പോൾ, ഏതെങ്കിലും വിഷയത്തോടുള്ള ബന്ധത്തിൽ പ്രത്യേകമായുള്ള ദൈവത്തിന്റെ കല്പന, ആജ്ഞ, ഉത്തരവ്, നിർദ്ദേശം മുതലായവയെയാണ് **"കല്പനകൾ"** (entolas) സൂചിപ്പിക്കുന്നത്. സ്നേഹത്തോട് ബന്ധപ്പെട്ട് വിവിധ സന്ദർഭങ്ങളിൽ ലഭ്യമായ ക്രിസ്തുവിന്റെ കല്പനകളെയാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത് (യോഹ. 13:34; 15:12; 21:15–17). ക്രിസ്തുവിന്റെ കല്പനകളെല്ലാം ദൈവത്തിൽനിന്നുള്ളതും ദൈവത്തിന്റെ കല്പനകളും ആകകൊണ്ട് അവ പരസ്പരപൂരകങ്ങളാണ് (യോഹ. 12:49,50; 14:24). വിശ്വാസികളിൽ ദൈവസ്നേഹം പകരപ്പെട്ടതിന്റെ അടയാളമായി യഥാർത്ഥവിശ്വാസികൾ ദൈവകല്പനകൾ പ്രമാണിക്കുന്നു. ഇത് അവർ ദൈവത്തെ അറിഞ്ഞിരിക്കുന്നതിന്റെ അനിഷേധ്യമായ തെളിവാണ്. അതുകൊണ്ടാണ്, അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ **"നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിയുന്നു"** എന്ന് (വാ. 3) യോഹന്നാൻ പറയുന്നത്.

ഇവിടെ അവനെ **"അറിഞ്ഞിരിക്കുന്നു"** എന്നത് വ്യാകരണപ്രകാരം (egnōkamen - gnomic perfect with extensive force) കർത്താവിന്റെ കല്പനകൾ പ്രമാണിക്കുന്ന എല്ലാവരും എപ്പോഴും കർത്താവിനെ അറിഞ്ഞിരിക്കുന്നവർ തന്നെ ആകുന്നു എന്ന പൂർത്തിയായ പ്രവൃത്തിയെ ഊന്നിപറയുമ്പോൾ, അതിനാൽ **"അറിയുന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (ginōskomen - gnomic present) ഇക്കാര്യങ്ങളെക്കുറിച്ച് സാർവ്വത്രികമായി എല്ലാവർക്കുമുള്ള പൊതുവായ അറിവിനെ സൂചിപ്പിക്കുന്നു.

അവന്റെ കല്പനകൾ പ്രമാണിക്കുന്നതിലൂടെയാണ് നാം അവനെ വ്യക്തമായും വ്യക്തിപരമായും അറിഞ്ഞിരിക്കുന്നുവെന്ന് ഉറപ്പാക്കുന്നത്. അവന്റെ കല്പനയോടുള്ള അനുസരണം ദൈവത്തെ അറിയുന്നതിനുള്ള ഒരു വ്യവസ്ഥയല്ല. മറിച്ച്, ദൈവത്തെ അറിഞ്ഞിരിക്കുന്നതിന്റെ വ്യത്യസ്തതയും അടയാളവുമാണ്. അതുപോലെ അവന്റെ

കല്പനകൾ അനുസരിക്കുന്നത് മാത്രമാണ് ദൈവത്തെ അറിഞ്ഞിരിക്കുന്നതിന്റെ അടയാളമെന്ന് യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നില്ല. കാരണം സ്നേഹവും വിശ്വാസവും ദൈവത്തെ ശരിയായി അറിഞ്ഞിരിക്കുന്നതിന്റെ മറ്റ് അടയാളങ്ങളായി യോഹന്നാൻ തന്നെ പറയുന്നുണ്ട്.

ദൈവത്തെ അറിയുന്നതിനെക്കുറിച്ചും ദൈവപുത്രനെ അറിയുന്നതിനെക്കുറിച്ചുമുള്ള കാര്യങ്ങളെല്ലാം കർത്താവു തന്നെ ശിഷ്യന്മാരെ അറിയിച്ചിട്ടുള്ളതുകൊണ്ട് യോഹന്നാനെ സംബന്ധിച്ചിടത്തോളം **"അറിഞ്ഞിരിക്കുന്നു"** എന്നത് ഇവിടെ കേവലം ബുദ്ധിപരമായ ഒരു വ്യായാമം മാത്രമല്ല, മറിച്ച് അതിൽ ഹൃദയവും ഇച്ഛയും കൂടെ അടങ്ങിയിരിക്കുന്നു.

ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തുവിശ്വാസികളെ ജ്ഞാനവാദം വളരെയധികം സ്വാധീനിച്ചിരിക്കുന്നു. ജ്ഞാനവാദികൾ ദൈവികവിഷയങ്ങളിൽ ബുദ്ധിപരമായ ജ്ഞാനത്തെയും യുക്തിയെയും മാത്രം പിൻതുടരുന്നവർ ആയിരുന്നു. അതുകൊണ്ട് ദൈവകല്പനകൾ പ്രമാണിക്കുന്നതും എങ്ങനെ ജീവിക്കുന്നു എന്നതും അവർക്ക് അപ്രധാനം ആയിരുന്നു. എന്നാൽ ദൈവത്തെ ശരിയായി അറിയുന്നത് മാനുഷിക ബുദ്ധിയിലൂടെയല്ല. മറിച്ച് ദൈവവുമായുള്ള ആത്മിക ബന്ധത്തിലൂടെയാണെന്ന് വചനം പറയുന്നു (യിരെ. 31:33-34; മത്തായി 11:27; യോഹ. 1:18 c.f. ഫിലി. 3:10-11).

മനുഷ്യൻ ഇങ്ങനെ അറിയാൻ പരാജയപ്പെട്ടത് പാപം നിമിത്തമാണെന്നും തിരുവെഴുത്ത് പറയുന്നു (യിരെ. 9:6; c.f. റോമർ 1:28). എന്നാൽ മശിഹായുഗത്തിന്റെ ഭാഗമായി തന്നെക്കുറിച്ചുള്ള വ്യക്തിപരമായ അറിവ് ദൈവം പഴയനിയമത്തിൽ തന്നെ യിസ്രായേലിന് വാഗ്ദത്തം ചെയ്തിരുന്നു (യെശ. 11:9; 54:13; യിരെ. 24:7; 31:31-34). ഈ യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിലാണ് കർത്താവ് ഇക്കാര്യം ശിഷ്യന്മാരെ പഠിപ്പിച്ചതും (യോഹ. 8:55; 15:21). അതിലൂടെ യോഹന്നാൻ ഇക്കാര്യം ഇവിടെ പരാമർശിക്കുന്നതും.

അതുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനിത്തം കേവലം ചില ആചാരങ്ങളോ അനുഷ്ഠാനങ്ങളോ സാന്മാർഗിക ഉപദേശങ്ങളോ അല്ല. മറിച്ച്, യേശുക്രിസ്തുവിലൂടെ ദൈവത്തെ അറിയുന്നതാണ് (യോഹ. 17:7-8,25,26; 1 യോഹ. 5:20). ഇത് തന്നെത്താൻ വിശ്വസിച്ച് ഏല്പിച്ചുകൊടുക്കുന്ന അറിവാണ് (ഗലാ. 4:8,9). നിത്യജീവൻ പ്രദാനം ചെയ്യുന്ന

അറിവാണ് (യോഹ. 17:3). അന്യോന്യം കൂട്ടായ്മയും (1 യോഹ. 1:3) രൂപാന്തരജീവിതവും സാധ്യമാക്കുന്ന പിതൃപുത്രബന്ധത്തിലുള്ള അറിവാണ് (മത്തായി 11:27; യോഹ. 1:18; 2 കൊരി. 5:16–17). ഈ അറിവിന്റെ പ്രത്യക്ഷവും പ്രകടവുമായ തെളിവാണ് അവന്റെ കല്പനകളെ പ്രമാണിക്കുന്നത്. എന്നാൽ യേശുക്രിസ്തുവിന്റെ കല്പനകളെല്ലാംതന്നെ ദൈവത്തിന്റെ വചനങ്ങളാണ് (യോഹ. 14:24). അതുകൊണ്ട് ദൈവത്തെ അറിയുന്നതും കർത്താവിന്റെ കല്പനകളെ പ്രമാണിക്കുന്നതും പരസ്പരപൂരകങ്ങളാണ്. മാത്രമല്ല, **"പ്രമാണിക്കുന്നു"** (tērōmen) എന്നതുകൊണ്ട് ശ്രദ്ധയോടും ജാഗ്രതയോടും കൂടെ അനുസരിക്കുന്നു, സൂക്ഷിക്കുന്നു എന്നാണർത്ഥം. അവന്റെ കല്പനകളെ ഹൃദയത്തിൽ സൂക്ഷിക്കണമെന്ന് മാത്രമല്ല, വാക്കിലൂടെയും പ്രവൃത്തിയിലൂടെയും മനോഭാവത്തിലൂടെയും യേശുക്രിസ്തുവിന്റെ മഹത്വത്തിനായി പാലിച്ച് സൂക്ഷിക്കണമെന്നുള്ള അതിയായ ഒരു വാഞ്ഛയും കൂടെ **"പ്രമാണിക്കുന്നു"** എന്ന വാക്കിൽ അടങ്ങിയിട്ടുണ്ട്. ഭയംകൊണ്ടും ബാഹ്യമായ സമ്മർദ്ദംകൊണ്ടും അവന്റെ കല്പനകൾ പ്രമാണിക്കുന്നുവെന്നല്ല കർത്താവിനോടുള്ള ഭക്തിയിൽനിന്നും സ്നേഹത്തിൽനിന്നും അവൻ ഏല്പിച്ചുതന്ന ഒരു നിധിപോലെ അവന്റെ കല്പനകളെ എപ്പോഴും കാത്തുപ്രമാണിക്കുന്ന ഏവനെയുമാണ് വ്യാകരണം സൂചിപ്പിക്കുന്നത് (gnomic present). കാരണം കർത്താവായ യേശുക്രിസ്തുവിലൂടെ ദൈവികപരിജ്ഞാനത്തിലേക്ക് വന്നവർക്ക് അവന്റെ കല്പനകളോട് വലിയ താല്പര്യവും അത് അനുസരിക്കുവാനുള്ള ആഗ്രഹവും പരിശ്രമവും എപ്പോഴും ഉണ്ടായിരിക്കും. അതിന്റെ ഫലമാണ് രൂപാന്തരജീവിതം (ഫിലി. 1:27,28; 2 പത്രൊസ് 1:3–8). വചനാനുസൃതവും ക്രമാനുഗതവുമായ രൂപാന്തരജീവിതം ഉള്ളവർക്കു മാത്രമേ വചനം ഉദ്ദേശിക്കുന്നനിലയിൽ ദൈവത്തെ അറിഞ്ഞിരിക്കുന്നുവെന്ന് അവകാശപ്പെടാനും നിത്യജീവന്റെ ഉറപ്പുള്ളവരാകുവാനും കഴിയുകയുള്ളൂ. അതുകൊണ്ടാണ് **"അവനെ അറിഞ്ഞിരിക്കുന്നു എന്ന് പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല"** (വാ. 4) എന്ന് യോഹന്നാൻ തുടർന്നു പറയുന്നത്.

ഇവിടെ യോഹന്നാൻ ക്രിയയിൽനിന്നും കർത്താവിലേക്കും തത്വത്തിൽനിന്നും വ്യക്തിയിലേക്കും വരുന്നതായി കാണുന്നു. കാരണം 1:6–10 വാക്യങ്ങളിൽ **"നാം പറയുന്നു എങ്കിൽ"** എന്നത് 2:4 ൽ **"പറകയും... ചെയ്യുന്നവൻ"** എന്നും 1:8,10 വാക്യങ്ങളിൽ **"നാം ഭോഷ്ക്**

**പറയുന്നു"** എന്നത് 2:4 ൽ **"കള്ളൻ ആകുന്നു"** എന്നും പറഞ്ഞിരിക്കുന്നു (c.f. 2:22).

മാത്രമല്ല. ബഹുവചനത്തിൽനിന്നും ഏകവചനത്തിലേക്കുള്ള മാറ്റം (2:4,5,6,9) സൂചിപ്പിക്കുന്നത് ഇത് വിശ്വാസികളുടെ വ്യക്തിഗതമായ പരിശോധനക്കുള്ള ഒരു തത്വമായി പറഞ്ഞിരിക്കുന്നു എന്നാണ്. കാരണം അവനെ അറിയുന്നത് നിത്യജീവൻ ആകുന്നു (യോഹ. 17:3). എന്നാൽ ധാർമ്മിക അനുസരണം കൂടാതെയുള്ള അവകാശവാദം വ്യാജമാണ് (മത്തായി 7:21). അതുകൊണ്ട് **"അവനെ അറിഞ്ഞിരിക്കുന്നു"** എന്നത് ഒരു ഭൂതകാല അനുഭവം ആകുന്നുവെങ്കിലും അതിന് ഒരു വർത്തമാനകാല ഫലം ഉണ്ടെന്ന് ഇവിടെ വ്യാകരണം (egnōka - gnomic perfect) സൂചിപ്പിക്കുന്നു. അർത്ഥാൽ, ഇപ്പോൾ അവന്റെ കല്പനകൾ പ്രമാണിക്കുന്നു. അതിനർത്ഥം, ഒന്നുകിൽ കർത്താവിന്റെ കല്പനകളോടുള്ള അനുസരണം ഒരു സാധാരണ ജീവിതരീതി ആകുന്നു. അല്ലെങ്കിൽ കർത്താവിന്റെ കല്പനകൾ അനുസരിക്കാതിരിക്കുന്നത് ഒരു സാധാരണ ജീവിതരീതി ആകുന്നു. ഇതിലൂടെ ദൈവത്തെ വാസ്തവമായി അറിഞ്ഞിരിക്കുന്നവരെയും വെറുതെ അവകാശവാദം നടത്തുന്നവരെയും തിരിച്ചറിയാം.

**"അവന്റെ കല്പനകളെ പ്രമാണിക്കുന്നു"** എന്നതുകൊണ്ട്, ന്യായപ്രമാണത്തിൽ, ദൈവവചനത്തോട് അനുസരണമുള്ള ഒരു ജീവിതരീതിയെയാണ് ഉദ്ദേശിക്കുന്നത് (ലേവ്യ. 22:31; സംഖ്യാ. 15:40; ആവർത്തനം 4:40; 7:11; 8:6; 29:8; 30:20; 32:46).

ഒരാളുടെ അവകാശവാദത്തിന്റെ സാധുത അത് ഉന്നയിക്കുന്നയാളുടെ പ്രവൃത്തിയിലൂടെ അഥവാ ജീവിതത്തിലൂടെയാണ് വെളിപ്പെടുന്നത്. അതുകൊണ്ട് ദൈവത്തെ അറിഞ്ഞിരിക്കുന്നുവെന്ന് അവകാശപ്പെടുന്ന വ്യക്തി, അവന്റെ കല്പനകളോട് അനുസരണമില്ലാതെ നടക്കുന്നുവെങ്കിൽ അതിൽ യോഹന്നാന്റെ വിധിപ്രസ്താവം **"അവൻ കള്ളൻ ആകുന്നു"** എന്നാണ്. ഇങ്ങനെയുള്ള എല്ലാവരും എപ്പോഴും അങ്ങനെ തന്നെ ആകുന്നുവെന്ന് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (gnomic present). കാരണം, അവന്റെ ചിന്തയെയും മനോഭാവത്തെയും പ്രതികരണത്തെയും പ്രവൃത്തിയെയും നിയന്ത്രിക്കുന്നതും സ്വാധീനിക്കുന്നതുമായ ദൈവിക **"സത്യം അവനിൽ ഇല്ല"** (യോഹ. 14:6; 17:17). അവൻ കള്ളം പറയുന്നതിലുപരിയായി അവൻ കള്ളൻ തന്നെ

ആകുന്നു. അവൻ സത്യം പ്രവൃത്തിക്കുന്നില്ലായെന്നതിലുപരിയായി അവനിൽ സത്യം ഇല്ലായെന്ന് തന്നെയാണ് യോഹന്നാൻ ഇതിലൂടെ അർത്ഥമാക്കുന്നത്. ഈ നിലയിലുള്ളവർ ദിനംതോറും തങ്ങളുടെ ജീവിതത്തിലൂടെ തങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കുന്നവരും (തീത്തൊസ് 1:16) ന്യായവിധി ഉറപ്പാക്കുന്നവരുമാണ് (2 തെസ്സ. 1:7). കാരണം യേശുക്രിസ്തുവിലൂടെയല്ലാതെ ആർക്കും പിതാവിനെ അറിയുവാൻ കഴിയാത്തതുപോലെ (മത്തായി 11:27) ദൈവത്തെ അറിഞ്ഞിരിക്കുന്ന ആർക്കും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കുവാനും കഴിയില്ല (1 യോഹ. 2:4). കാരണം, അവനെ അറിഞ്ഞിരിക്കുന്നു എന്ന് അവകാശപ്പെടുന്നവർ അവനെ അനുസരിക്കണം (2:4-5). അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കണം (2:6). വെളിച്ചത്തിൽ വസിക്കുന്നു എന്നു പറയുന്നവൻ സഹോദരനെ സ്നേഹിക്കണം (2:9) എന്നതാണ് ദൈവികവ്യവസ്ഥ.

## 2. അവന്റെ വചനം പ്രമാണിക്കുക (2:5)

ദൈവസ്നേഹം വിശ്വാസിയിൽ തികഞ്ഞുവന്നിരിക്കുന്നതിന്റെ ആന്തരിക പ്രതിഫലനമാണ് ദൈവവചനം പ്രമാണിക്കുന്നതിലൂടെ വെളിപ്പെടുന്നത് (യോഹ. 14:23,24; 15:10; 1 യോഹ. 5:3). അതുകൊണ്ടാണ് **“ആരെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നു എങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി തികഞ്ഞിരിക്കുന്നു”** എന്ന് യോഹന്നാൻ ഇവിടെ പറയുന്നത് (വാ. 5a). അർത്ഥാൽ, ദൈവ വചനത്തോടുള്ള അനുസരണം ദൈവസ്നേഹം തികഞ്ഞതിന്റെ അടയാളമാണ്.

ആത്മിക വളർച്ചയിൽ ക്രിസ്തുവിശ്വാസിയുടെ അനുസരണത്തിന്റെ മേഖല അവന്റെ കല്പനകൾ പ്രമാണിക്കുന്നതിൽനിന്നും അവന്റെ വചനം പ്രമാണിക്കുന്നതിലേക്ക് വളരുന്നു. യേശു പിതാവിന്റെ വചനം പ്രമാണിക്കുന്നതിനെക്കുറിച്ചും (യോഹ. 8:55); ശിഷ്യന്മാർ യേശുവിന്റെ വചനം പ്രമാണിക്കുന്നതിനെക്കുറിച്ചും (യോഹ. 8:51; 14:23,24) ലോകമനുഷ്യർ ശിഷ്യന്മാരുടെ വചനം പ്രമാണിക്കുന്നതിനെക്കുറിച്ചും (യോഹ. 15:20) സുവിശേഷത്തിൽ കാണുന്നുണ്ട്.

മാളികമുറി പ്രഭാഷണത്തിൽ “വചനം”, “കല്പന” എന്നുള്ള വാക്കുകൾ കർത്താവ് മാറ്റി മാറ്റി ഉപയോഗിച്ചിട്ടുള്ളതുകൊണ്ട് (യോഹ. 14:21,23) ഇവിടെ ഈ വാക്കുകൾ, പര്യായപദങ്ങൾ ആയിട്ടാണ് ചിലർ

മനസ്സിലാക്കുന്നതെങ്കിലും പഴയനിയമത്തിൽ പത്തു കല്പനകളുടെ സാങ്കേതികനാമം 10 വചനങ്ങൾ (വാക്കുകൾ) എന്നു മാത്രമാണെങ്കിലും അവന്റെ വചനം പ്രമാണിക്കുന്നത് അവന്റെ കല്പനകളെ പ്രമാണി ക്കുന്നതിനെക്കാൾ ഉയർന്നതലത്തിലുള്ള ഒരു അനുസരണമായിട്ടാണ് യോഹന്നാൻ ഇവിടെ കാണുന്നത്. കാരണം, **"കല്പനകളെ പ്രമാ ണിക്കുന്നു"** (ബഹുവചനം) എന്നതുകൊണ്ട് വിഗ്രഹാരാധന, കുല പാതകം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, മോഹം, പ്രതികാരം മുതലായ വിഷയങ്ങളിലും സ്നേഹം, ദാനധർമ്മം, പ്രാർത്ഥന, ഉപ വാസം, സമ്പാദ്യം മുതലായ വിഷയങ്ങളിലും വ്യക്തമായും പ്രത്യേക മായും കർത്താവ് നല്കിയ കല്പനകളോട് നേരിട്ടുള്ള അനുസര ണത്തെ ഉദ്ദേശിക്കുമ്പോൾ, **"വചനം പ്രമാണിക്കുന്നു"** (ഏകവചനം) എന്ന് പറയുന്നതിലൂടെ കല്പനകൾ പ്രമാണിക്കുന്നതിൽനിന്നും ഒരു ഉയർന്നതലമാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവിക സ്നേഹം ഉള്ളിൽ ഉള്ളവർ (യോഹ. 5:42) അതിന്റെ അടയാളമായി അവന്റെ കല്പനകൾ പ്രമാണിക്കുമ്പോൾ ദൈവികസ്നേഹം ഉള്ളിൽ തികഞ്ഞിരിക്കുന്നവർ അവന്റെ കല്പനകൾ പ്രമാണിക്കുന്നതിനെക്കാൾ ഒരു ഉയർന്നതലത്തിൽ അവനെ അനുസരിക്കുന്നു. അർത്ഥാൽ, അവന്റെ കല്പനകൾ കൂടാതെ അവന്റെ മാർഗ്ഗനിർദ്ദേശ തത്വങ്ങളെയും - ദൈവവചനം - പ്രമാണിക്കുന്നു. ദൈവത്തിന്റെ സമ്പൂർണ്ണ വെളി പ്പാടിനോടുള്ള പൂർണ്ണവിധേയത്വം അതിലടങ്ങിയിരിക്കുന്നു. ഉദാഹര ണമായി സമയം ചിലവഴിക്കുന്നതിൽ, ധനം ചിലവിടുന്നതിൽ, തൊഴിൽ ചെയ്യുന്നതിൽ, ദൈവത്തെ സേവിക്കുന്നതിൽ, ഭക്ഷണം കഴിക്കുന്ന തിൽ, വസ്ത്രം ധരിക്കുന്നതിൽ ഇങ്ങനെയുള്ള വിഷയങ്ങളിലെല്ലാം വ്യക്തമായ കല്പനകൾക്ക് പകരമായി ചില മാർഗ്ഗനിർദ്ദേശതത്വങ്ങ ളാണ് വചനം അനുശാസിക്കുന്നത്.

ദൈവിക കൂട്ടായ്മയും വചനത്തോടുള്ള അനുസരണവും പിൻതുട രുന്ന വ്യക്തിയിൽ ദൈവത്തിന് തന്നോടുള്ള സ്നേഹവും തനിക്ക് ദൈവത്തോടുള്ള സ്നേഹവും വാസ്തവമായി തികഞ്ഞിരിക്കുന്നു. അർത്ഥാൽ, ദൈവസ്നേഹം പൂർണ്ണതയിൽ എത്തുകയും അതിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള വർക്കെല്ലാം **"നാം അവനിൽ ഇരിക്കുന്നു"** എന്ന തിരിച്ചറിവും ബോധ്യവും ഇപ്പോഴുണ്ട് (2:5a c.f. യോഹ. 14:20-24). ദൈവവചനം പ്രമാ ണിക്കുന്ന എല്ലാവരും എപ്പോഴും ദൈവവുമായുള്ള കൂട്ടായ്മ ബന്ധ

ത്തിൽ തന്നെ ഇരിക്കുന്നു എന്ന് വ്യാകരണം (esmen - gnomic present) ഇവിടെ സൂചിപ്പിക്കുന്നു.

### 3. അവൻ നടന്നതുപോലെ നടക്കുക (വാ. 6)

**"അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു"** (വാ. 6)

അവനിൽ വസിക്കുന്നു എന്ന് പറഞ്ഞാൽ കർത്താവും വിശ്വാസിയും തമ്മിലുള്ള കൂട്ടായ്മയെ സൂചിപ്പിക്കുന്നു. നാം കർത്താവിൽ വസിക്കുന്നു എന്നത് കർത്താവിനെ അനുസരിക്കുന്നതിലൂടെയും അനുകരിക്കുന്നതിലൂടെയും നമുക്ക് ഉറപ്പാക്കാം. ദൈവം യഥാർത്ഥ വിശ്വാസികളിൽ വസിക്കുന്നപോലെ (4:4; 15–16; യോഹ. 14:23; 15:10), യഥാർത്ഥ വിശ്വാസികൾ പിതാവിൽ വസിക്കുന്നതിനെയും (1 യോഹ. 3:24; 4:13) പുത്രനിൽ വസിക്കുന്നതിനെയും യോഹന്നാൻ സൂചിപ്പിക്കുന്നുണ്ട് (യോഹ. 6:56; 15:4; 1 യോഹ. 2:24, 27–28; 3:6).

കർത്താവിൽ വസിക്കുന്നതും വസിക്കാത്തതും വിശ്വാസികളുടെ രണ്ടു തലങ്ങളിലുള്ള അനുഭവങ്ങൾ അല്ല, മറിച്ച് വീണ്ടും ജനിച്ചവരും വീണ്ടും ജനിക്കാത്തവരും തമ്മിലുള്ള വ്യത്യാസമാണ്. കാരണം **"വസിക്കുന്നു"** എന്നതുകൊണ്ട് ഒരു സാധാരണ ജീവിതരീതിയായി ഒരു പ്രത്യേക മേഖല വിട്ടുപോകാതെ അതിൽതന്നെ തുടരുന്നതിനെ ഇവിടെ വ്യാകരണം (menein - present active infinitive) സൂചിപ്പിക്കുന്നു. മാളികമുറി പ്രഭാഷണത്തിൽ, വചനത്തോടുള്ള അനുസരണം അന്യോന്യമുള്ള വാസത്തിന് വ്യവസ്ഥയായിരിക്കുന്നതുപോലെ (യോഹ. 13–14) ഇവിടെയും തുടർന്നുള്ള വാക്യങ്ങളിലും ഈ രീതിതന്നെയാണ് യോഹന്നാൻ പിൻതുടരുന്നത്.

കർത്താവുമായി നമുക്കുള്ള ബന്ധമാണ് നമ്മെ അവനിൽ വസിക്കുമാറാക്കുന്നത്. ഒരു കൊമ്പ് മുന്തിരിവള്ളിയോട് ബന്ധപ്പെട്ടിരിക്കുന്നതുപോലെ വിശ്വാസികൾ കർത്താവിനോട് ബന്ധപ്പെട്ടിരിക്കുന്നു. നാം നമ്മുടെ നിലനില്പിനും വളർച്ചയ്ക്കും ഫലത്തിനുമായി കർത്താവിൽ വസിക്കുന്നു; അവനെകൂടാതെ നാം ഒന്നുമല്ല, നമുക്ക് ഒന്നും സാധ്യവുമല്ല (യോഹ. 15:1–8). എന്നാൽ അവനിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്നവരെല്ലാം ഒരു സാധാരണ ജീവിതരീതിയായി അടിയിലും ആക്കത്തിലും അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നുവെന്ന് വ്യാകരണം (periepatēsin - complementary infinitive) ഇവിടെ സൂചിപ്പി

ക്കുന്നു (c.f. 1 കൊരി. 6:17). കാരണം, ദൈവത്തോടുള്ള അനുസരണത്തിന്റെ ഏറ്റവും ഉയർന്നതലമാണ് അവൻ നടന്നതുപോലെ നടക്കുക എന്നത്.

ക്രിസ്തീയജീവിതത്തെ ഒരു നടപ്പിനോടാണ് വചനം ഉപമിച്ചിട്ടുള്ളത്. പ്രത്യേകിച്ച്, അപ്പൊസ്തലനായ പൗലൊസിന്റെ ലേഖനങ്ങളിൽ നാം അത് കാണുന്നുണ്ട് (എഫെ. 4:1–2,17; 5:2,9,15; കൊലൊ. 1:10; 1 തെസ്സ. 2:11). എന്നാൽ ഈ നടപ്പിനുള്ള മാതൃക യേശുക്രിസ്തു മാത്രമാണ്; അവൻ നടന്നതുപോലെ നടക്കാത്ത ഒരാൾക്ക് അവനിൽ വസിക്കുന്നുവെന്ന് ആത്മാർത്ഥമായി അവകാശപ്പെടുവാനും കഴിയില്ല. യോഹന്നാൻ തന്റെ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന **"പോലെ"** (kathōs) പ്രയോഗത്തിൽ (1 യോഹ. 3:3,7; 4:17) ആദ്യത്തെയാണ് 2:6 ൽ കാണുന്നത്. ഇവിടെ **"അവൻ നടന്നതുപോലെ"** എന്നത് വ്യാകരണപ്രകാരം (periepatēsen - constative aorist) യേശുവിന്റെ കഴിഞ്ഞ കാല ജീവിതരീതിയെ ആരംഭവും അവസാനവും പരാമർശിക്കാതെ മൊത്തമായി സൂചിപ്പിക്കുന്നതും എന്നാൽ **"നടക്കേണ്ടതാകുന്നു"** എന്നതിലെ കടമ ഇവിടെ വ്യാകരണപ്രകാരം (opheilei - gnomic present) ഏതു ക്രിസ്തുവിശ്വാസിയുടെയും സദാചാര സാമൂഹിക ധാർമ്മിക പ്രതീക്ഷ നിറവേറ്റുന്ന തുടർമാന ജീവിതരീതിക്കായുള്ള കടമയെ സൂചിപ്പിക്കുന്നതും ആകുന്നു. അർത്ഥാൽ, ക്രിസ്തുവിന്റെ ജീവിതം അനുകരിക്കുവാൻ ഒരു മാതൃകയും പ്രസ്തുത അനുകരണം സാധ്യമാക്കുന്ന ഒരു മുഖാന്തരവും ആകുന്നു (യോഹ. 13:15,34; 15:12).

ഒരാൾ ഒരു അവകാശവാദം ഉന്നയിച്ചാൽ അതോടുബന്ധപ്പെട്ടുള്ള കടപ്പാടുകൾ നിവർത്തിക്കുവാനും ആ വ്യക്തി ബാധ്യസ്ഥനാണെന്ന് യോഹന്നാൻ പറയുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും ഒരു നല്ല പ്രവൃത്തി ചെയ്യുന്ന കാര്യമല്ല ഇവിടെ വിഷയം മറിച്ച്, ഒരു അവകാശത്തെ സാധൂകരിക്കുന്ന ഒരു ജീവിതരീതിയും ധാർമ്മിക കടപ്പാടിനെക്കുറിച്ചുള്ള ഒരു ബോധ്യവും അതിനായി തുടർമാനമായുള്ള ആന്തരീകമായ ഒരു ആഹ്വാനവും ഒരുക്കവുമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. ക്രിസ്തുവിനെ അനുഗമിക്കേണ്ടതിന്റെ ഏറ്റവും ഉയർന്ന തലവും കർത്താവിന്റെ ഐഹികജീവിതത്തെ മാതൃകയാക്കി വിശ്വാസിയുടെ ഐഹികജീവിതം തുടരുവാനുള്ള ഒരു ആഹ്വാനവുമാണിത്.

ലോകം കണ്ടിട്ടുള്ള എല്ലാ നേതാക്കൾക്കും അനേകം അനുഗാമികളും പിൻഗാമികളും ഉണ്ടായിരുന്നു. അവരുടെ അണികൾ പിൻതുടരുവാനായി നേതാക്കൾ അവർക്ക് ചട്ടങ്ങളും നിയമങ്ങളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കർത്താവായ യേശു മാത്രമാണ് അനുഗാമികൾക്ക് പിൻതുടരുവാൻ തന്റെ ജീവിതത്തിലൂടെ ഒരു മാതൃക സ്ഥാപിച്ചിട്ടുള്ളത് (യോഹ. 13:15; 15:12; 1 പത്രൊസ് 2:21). അതുകൊണ്ട് യഥാർത്ഥ വിശ്വാസികൾ കർത്താവിന്റെ അനുഗാമികൾ മാത്രമല്ല, അനുകാരികൾ കൂടിയാണ്. അതിന് ചില കാരണങ്ങളും വചനത്തിൽ കാണുന്നുണ്ട്.

ഒന്നാമതായി, ഇത് കർത്താവിൽ വിശ്വസിക്കുന്നവർക്കുള്ള ദൈവിക പദ്ധതിയാണ് (റോമർ 8:29). രണ്ടാമതായി, ഇത് കർത്താവിന്റെ ശിഷ്യത്വം സ്വീകരിച്ചപ്പോൾ കർത്താവുമായി വിശ്വാസികൾ ചെയ്ത ഉടമ്പടിയിലുള്ളതാണ് (മത്തായി 16:24). മൂന്നാമതായി, ഇത് കർത്താവിന്റെ മാർമ്മികശരീരത്തിന് അത്യന്താപേക്ഷിതമാണ് (1 കൊരി. 6:27; 11:1,3). കാരണം തലക്ക് അനുയോജ്യമായതും തലയോട് പൊരുത്തപ്പെടുന്നതുമായിരിക്കണം അവയവങ്ങൾ (എഫെ. 4:15,16; കൊലൊ. 2:19).

മാത്രമല്ല, തന്നെ അനുഗമിക്കുന്നവർക്കു പിൻതുടരുവാനായി അവന്റെ നടപ്പിന്റെ ചില മേഖലകളും തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു യഥാർത്ഥ മനുഷ്യന്റെ പ്രതികരണം പോലെ യേശുക്രിസ്തു തന്റെ ഐഹിക കാലത്ത് തന്റെ ധാർമ്മിക കടപ്പാടുകൾ നിറവേറ്റി പിതാവിന്റെ ഇഷ്ടം ചെയ്തു ജീവിച്ചു (യോഹ. 4:34; 5:30; 6:38; 14:31). അതിൽ പ്രധാനമായി, അവൻ പിതാവിന്റെ ഇഷ്ടത്തിന് പൂർണ്ണമായും വിധേയപ്പെട്ട് നടന്നു (ലൂക്കൊസ് 2:49; 22:42; യോഹ. 4:34; 6:38; എബ്രാ. 10:7). പിതാവിന്റെ മഹത്വത്തിനായി നടന്നു (യോഹ. 13:31; 17:4) അനേകരെ ആകർഷിക്കുവാൻ കഴിയുന്ന ലോകത്തിന്റെ വെളിച്ചമായി നടന്നു (യോഹ. 8:12) മറ്റുള്ളവർക്ക് അനുഗമിക്കുവാനായി ഒരു മാതൃകയായി നടന്നു (ലൂക്കൊസ് 9:51) എന്നും അതുപോലെ, അവന്റെ സ്നേഹം, താഴ്മ, പ്രാർത്ഥന, ഭയഭക്തി, ത്യാഗം മുതലായതെല്ലാം എക്കാലത്തും എല്ലാവർക്കും അനുകരണീയമാണെന്നും തിരുവെഴുത്തിലൂടെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും (യോഹ. 10:11,15,18; 13:5; ഫിലി. 2:5-11; എബ്രാ. 5:7; 1 പത്രൊസ് 2:21).

എന്നാൽ അവൻ നടന്നതുപോലെ നടക്കുക എന്നതുകൊണ്ട് അവന്റെ ശൈലിയും ശബ്ദവും അനുകരിക്കുന്നത് അല്ല (parody and

mimics), അഭിനയിക്കുന്നതും അല്ല (acting), അവൻ ചെയ്തതെല്ലാം അങ്ങനെതന്നെ പകർത്തുന്നതുമല്ല (copying). അർത്ഥാൽ, മറ്റുള്ളവരുടെ കാല് കഴുകുന്നത് അല്ല, രോഗികളെ സൗഖ്യമാക്കുന്നത് അല്ല, വെള്ളത്തിന്മേൽ നടക്കുന്നത് അല്ല, കുരിശ് ചുമക്കുന്നതും അല്ല, മറിച്ച് അതിന്റെയെല്ലാം പുറകിലുള്ള ക്രിസ്തുവിന്റെ മനോഭാവം അടിസ്ഥാനമാക്കി അവന്റെ ജീവിതരീതി മാതൃകയാക്കുവാനാണ് കർത്താവിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്നവരോട് യോഹന്നാൻ ആവശ്യപ്പെടുന്നത്. നമ്മുടെ സാധാരണ ജീവിതത്തിൽ നമുക്കു പകരം ക്രിസ്തു ആയിരുന്നെങ്കിൽ താൻ ഏത് മനോഭാവത്തോടെ ഇരിക്കും? എന്തു ചെയ്യും? എങ്ങനെ പ്രതികരിക്കും? എങ്ങനെ പ്രവൃത്തിക്കും എന്നുള്ളതാണ് അവനിൽ വസിക്കുന്നവർ മാതൃകയാക്കേണ്ടത്. കാരണം, ക്രിസ്തുവിലുണ്ടായിരുന്ന അഥവാ ഉള്ളതായ അതേ നിത്യജീവനാണ് വിശ്വാസികളിലും ഉള്ളത് (റോമർ 8:11). അതുകൊണ്ട് ക്രിസ്തുവിലുള്ള ഈ ജീവിതം അവൻ ചിലവഴിച്ചതുപോലെ നാം ചിലവഴിക്കണം (2 കൊരി. 5:14–15).

അവൻ നടന്നതുപോലെ നാമും നടക്കേണ്ടതാകുന്നു എന്ന ആശയം പഴയനിയമവും പഠിപ്പിക്കുന്നുണ്ട് (ആവ. 5:33; 10:12; 11:22; 26:17; യോശുവ 22:5; 1 രാജാ. 3:14; സങ്കീ. 15:2; 84:11; 119; സദൃശ. 2:7,20; 3:23; 4:12; 6:22; യെശ. 2:3,5; 57:2; മീഖ. 6:8).

കർത്താവിൽ വസിക്കുന്നുവെന്ന് അവകാശപ്പെടുന്നവരെല്ലാം അവരുടെ വീട്ടിലും നാട്ടിലും കലാലയങ്ങളിലും കാര്യാലയങ്ങളിലും കർത്താവ് നടന്നതുപോലെ എല്ലാ വഴികളിലും നടന്നാൽ അതായിരിക്കും അഖില ലോക സുവിശേഷീകരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം.

### B. ദൈവജനത്തോടുള്ള ബന്ധത്തിൽ (2:7–11)

അവന്റെ കല്പനകൾ പ്രമാണിക്കേണ്ടതിന്റെയും വചനം പ്രമാണിക്കേണ്ടതിന്റെയും അവൻ നടന്നതുപോലെ നടക്കേണ്ടതിന്റെയും ആവശ്യത്തെക്കുറിച്ച് സൂചിപ്പിച്ചശേഷം ഏതു കല്പനയാണ് ഇങ്ങനെ പ്രമാണിക്കേണ്ടതെന്ന് യോഹന്നാൻ ഇവിടെ പ്രത്യേകമായി പറയുന്നു. മാളികമുറി പ്രഭാഷണത്തിലെ പുതിയ കല്പനയിലേക്കാണ് അനുവാചകരുടെ ശ്രദ്ധയെ അപ്പൊസ്തലൻ തിരിക്കുന്നത് (2:8). അത് ദൈവജനത്തെക്കുറിച്ച് സഹസ്രാബ്ദങ്ങളായുള്ള ദൈവത്തിന്റെ ആഗ്രഹമാണ്.

സഹോദരസ്നേഹം യഥാർത്ഥവിശ്വാസത്തിന്റെ ഒരു പ്രധാന അട

യാളവും നിത്യജീവന്റെ ഏറ്റവും വലിയ ഉറപ്പുമാകുന്നു. കാരണം സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിയും വെളിച്ചത്തിൽ ഇരിക്കുന്നതിന്റെ തെളിവുമാണെന്ന് യോഹന്നാൻ ഇവിടെ പറയുന്നു.

1. സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിയാണ് (7-8)

**"പ്രിയമുള്ളവരേ, പുതിയൊരു കല്പനയല്ല, ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പനയത്രേ ഞാൻ നിങ്ങൾക്ക് എഴുതുന്നത്. ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നെ. പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു എന്നും പറയാം. അത് അവനിലും നിങ്ങളിലും സത്യമായിരിക്കുന്നു. ഇരുട്ട് നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു."**

ക്രിസ്തുവിലുള്ള ആത്മികജീവന്റെ അവകാശികളായിത്തീർന്ന ക്രിസ്തീയ സമൂഹത്തെയാണ് **"പ്രിയമുള്ളവരേ"** എന്ന് യോഹന്നാൻ അഭിസംബോധന ചെയ്യുന്നത്. പുത്രനോടുള്ളതുപോലെതന്നെ ദൈവം തന്റെ പ്രീതി അവരുടെമേലും ചൊരിഞ്ഞതുകൊണ്ടാണ് അവർ ദൈവത്തിനും ദൈവജനത്തിനും പ്രിയമുള്ളവരായിത്തീർന്നത് (മത്തായി 3:17; 12:17; 17:15 c.f. യെശ. 42:1).

യോഹന്നാൻ ഇപ്പോൾ എഴുതുന്നത് ഒരു പുതിയ കല്പനയല്ല, മറിച്ച് **"ആദിമുതൽ"**, അർത്ഥാൽ, കർത്താവുമായി അനുവാചകർക്കുള്ള ബന്ധത്തിന്റെ ആരംഭംമുതൽ കടപ്പാടായി അവർക്കുള്ള (**"നിങ്ങൾക്കുള്ള"**) പഴയ കല്പനതന്നെയാണ് ഇതെന്ന് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (eichete - pluperfective imperfect).

പഴയനിയമത്തിൽ, ദൈവത്തെ സ്നേഹിക്കുവാനും ദൈവജനത്തെ അഥവാ കൂട്ടുകാരനെ സ്നേഹിക്കുവാനും വ്യക്തമായ കല്പനകൾ ഉണ്ട് (ആവ. 6:5; ലേവി. 19:18). മാത്രമല്ല, സമ്പൂർണ്ണ ന്യായപ്രമാണം ദൈവത്തോടുള്ള സ്നേഹം, ദൈവജനത്തോടുള്ള സ്നേഹം എന്നിവയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നതായി കർത്താവുതന്നെ പറഞ്ഞിട്ടുണ്ട് (മത്തായി 22:37-40). അതുകൊണ്ടാണ് സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോയെന്ന് കർത്താവിന്റെ അപ്പൊസ്തലനായ പൗലൊസും പറയുന്നത് (റോമർ 13:8-10). കാരണം, ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവത്തോടുള്ള സ്നേഹത്തിന് വിരുദ്ധമായി വരുന്ന വിഗ്രഹം ഉണ്ടാക്കുക, അതിനെ നമസ്കരിക്കുക, യഹോവ

യുടെ നാമം വൃഥാവായി എടുക്കുക മുതലായതൊന്നും ചെയ്യാതെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുന്നു. അങ്ങനെ വരുമ്പോൾ സ്നേഹം തന്നെ ന്യായപ്രമാണത്തിന്റെ നിവൃത്തിയാകുന്നു. എന്നാൽ ഇവിടെ കൂട്ടുകാരനോടുള്ള സ്നേഹം ഒരു പഴയ കല്പനയാകുന്നുവെന്നും യോഹന്നാൻ പറയുന്നുണ്ട് (വാ. 7-8).

ക്രിസ്തുവിന്റെ കല്പനയോടുള്ള അനുസരണമാണ് ഒരു വിശ്വാസിക്ക് ദൈവവുമായുള്ള കൂട്ടായ്മയിലെ സന്തോഷം നിലനിർത്തുന്നതിന് അടിസ്ഥാനമായിരിക്കുന്നത്. എന്നാൽ അനുവാചകർ ഇതുവരെ അറിയാതിരുന്ന ഒരു പുതിയ കല്പനയല്ല, മറിച്ച് അനുവാചകരുടെ വിശ്വാസജീവിതത്തിന്റെ ആദ്യം മുതൽ അവർ അറിയുന്ന ഒരു പഴയ കല്പനയെ ഓർമപ്പെടുത്തുകയും വിശദീകരിക്കുകയുമാണ് യോഹന്നാൻ ഇവിടെ ചെയ്യുന്നത് (2:24; 3:11; 2 യോഹ. 5).

തുടർന്ന് **"ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നെ"** എന്ന് പറയുന്നതിലൂടെ അനുവാചകർ വിശ്വാസത്തിൽ വന്നതുമുതൽ അന്യോന്യം സ്നേഹിക്കുവാനായി അവർക്കുള്ള ആധികാരിക ക്രിസ്തീയ ഉപദേശ സംഹിതയെയാണ് ലേഖകൻ സൂചിപ്പിക്കുന്നത്. സ്നേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയെക്കുറിച്ച് ആദ്യം മുതൽ തന്നെ എല്ലാവർക്കും അറിയാമെന്നതുകൊണ്ടും (റോമർ 2:14; 13:8-10) ക്രിസ്തുവിശ്വാസികൾക്ക് ആദ്യം മുതൽ ലഭിക്കുന്ന പ്രബോധനം അതു തന്നെ ആയതുകൊണ്ടും (2:24; 3:11 c.f. എഫെ. 5:2; യാക്കോബ് 2:8; 1 പത്രൊസ് 2:17) അന്യോന്യം സ്നേഹിക്കുവാനുള്ള കല്പന പഴയതു തന്നെയാണ്.

ആധുനികയുഗത്തിൽ പഴയതിനല്ല പുതിയതിനാണ് വിലയുള്ളതെങ്കിലും യോഹന്നാൻ ജീവിച്ച പുരാതനകാലഘട്ടത്തിൽ എന്തെങ്കിലും യാഥാർത്ഥ്യമായും വിലയുള്ളതായും അംഗീകരിക്കപ്പെടണമെങ്കിൽ അത് പഴയതും ആദിമുതൽ നിലനില്ക്കുന്നതും ആകണമായിരുന്നു. സുവിശേഷങ്ങളിൽ വംശാവലി രേഖപ്പെടുത്തിയതിനുള്ള ഒരു പ്രധാന കാരണം അതായിരുന്നു (c.f. യോഹ. 8:58).

എങ്കിലും **"പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് എഴു**

**തുന്നു എന്നും പറയാം"** എന്ന് യോഹന്നാൻ തുടർന്നു പറയുന്നു (2:7-8). പഴയകല്പനയുടെ പഴക്കം നിമിത്തം **"പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് എഴുതുന്നു"** എന്നല്ല യോഹന്നാൻ പറയുന്നത്. കാരണം, ഇവിടെ സ്ഥാപനത്തിലും സമയത്തിലും പുതിയത് എന്നല്ല. മറിച്ച് പ്രകൃതത്തിൽ പുതിയതും പഴയതിൽ പുതുക്കം വരുത്തിയതും എന്നാണർത്ഥം. (kainēn - new in nature c.f. noes - new in origin). പഴയത് പുതിയതിന് ജന്മം നല്കിയതുകൊണ്ട് പഴയത് ഇല്ലാതെ പോകുന്നില്ല. മറിച്ച് പുതിയതിനൊപ്പം നില്ക്കുന്നു. എങ്കിലും പുതിയതിന്റെ പ്രകൃതം പഴയതിനെക്കാൾ പല നിലയിൽ ശ്രേഷ്ഠമാണെന്ന് തിരുവെഴുത്തിൽ കാണുന്നു.

അത് യേശുക്രിസ്തുവിനെ രക്ഷിതാവായി ലോകത്തിന് നല്കിക്കൊണ്ട് ദൈവത്തിന് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹം ദൈവം വെളിപ്പെടുത്തിയതിലൂടെയും അന്യോന്യം സ്നേഹിക്കുവാനുള്ള മാതൃക ക്രിസ്തുവിലൂടെ ദൈവം പ്രവൃത്തിച്ച് കാണിച്ചതിലൂടെയും ക്രിസ്തീയ സ്നേഹം വെളിപ്പെടുത്താനുള്ള ശക്തി വീണ്ടും ജനനത്തിലൂടെ ദൈവം തന്റെ ജനത്തിന് നല്കിയതിലൂടെയും (1 പത്രൊസ് 1:22,23) വ്യക്തമാകുന്നു. എന്നാൽ യോഹന്നാൻ ഇവിടെ പ്രതിപാദിക്കുന്ന പഴയ കല്പനയും പുതിയ കല്പനയും തമ്മിലുള്ള വ്യത്യാസം പല നിലയിൽ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും.

അന്യോന്യം സ്നേഹിക്കുവാനുള്ള ഈ **"പഴയ കല്പന"** പഴയനിയമത്തിൽ അടിസ്ഥാനമുള്ളതും (ലേവി. 19:18; റോമർ 13:8-10) അനുവാചകർ സുവിശേഷപ്രഘോഷണത്തിന്റെ ആരംഭം മുതൽ കേട്ടിട്ടുള്ളതും ആകുന്നു (2:24; 3:11 c.f. എഫെ. 5:2; യാക്കോബ് 2:8; 1 പത്രൊസ് 2:17). എന്നാൽ അന്യോന്യം സ്നേഹിക്കുവാനുള്ള **"പുതിയൊരു കല്പന"** യേശുവിലൂടെ വെളിപ്പെട്ടതും വിശദീകരിക്കപ്പെട്ടതും ദൈവസ്നേഹത്തിന്റെ പുതിയൊരു യുഗത്തിന് നാന്ദികുറിച്ചതും ആകുന്നു (യോഹ. 13:34,35).

ഒന്നുകൂടെ വ്യക്തമായി പറഞ്ഞാൽ, ഒന്നാമതായി, അന്യോന്യം സ്നേഹിക്കുവാനുള്ള ഈ കല്പന ആദ്യം മോശെയിലൂടെ ദൈവം നല്കിയതുകൊണ്ട് (ലേവി. 19:18) അത് പഴയ കല്പനയും എന്നാൽ 1500 വർഷങ്ങൾക്കുശേഷം കർത്താവായ യേശുവിലൂടെ നല്കിയതു

കൊണ്ട് (യോഹ. 13:34) അത് പുതിയ കല്പനയും ആകുന്നു. ഇതിലൂടെ യേശുവിന്റെ കല്പനയെ മോശെയിലൂടെ ലഭിച്ച ന്യായപ്രമാണ കല്പനയുടെ നിലവാരത്തിലേക്കാണ് യോഹന്നാൻ ഉയർത്തുന്നത്. രണ്ടാമതായി, ശിഷ്യന്മാർക്ക് അന്ന് ഇത് ഒരു പുതിയകല്പനയും അനുവാചകർക്ക് ഇന്ന് ഇത് ഒരു പഴയ കല്പനയുമാണ് (2:7). മൂന്നാമതായി, അനുവാചകർക്ക് സുവിശേഷ കേൾവിയുടെ ആരംഭത്തിൽ ലഭിച്ചത് പഴയകല്പനയും അപ്പൊസ്തലന്മാരിലൂടെ ഇപ്പോൾ വീണ്ടും ലഭിക്കുന്നത് പുതിയ കല്പനയും ആകുന്നു (2:8). നാലാമതായി, വിശ്വാസത്തിൽ ഒന്നാം തലമുറയ്ക്ക് (പിതാക്കന്മാർ 2:13) അത് പഴയ കല്പനയും പുതിയ തലമുറയ്ക്ക് (കുഞ്ഞുങ്ങൾ, ബാല്യക്കാർ 2:12) അത് പുതിയ കല്പനയും ആകുന്നു.

എന്നാൽ ഇതിലെല്ലാം ഉപരിയായി നൂറ്റാണ്ടുകളായി ന്യായപ്രമാണത്തിൽ നിലനില്ക്കുന്ന ഒരു കല്പനയ്ക്ക് യേശുക്രിസ്തുവിലൂടെ ഒരു പുതിയ മാനവും (കൂട്ടുകാരനെ സ്നേഹിക്കുക v/s ശത്രുക്കളെ സ്നേഹിക്കുക (ലേവി. 19:18 c.f. മത്തായി 5:43,44) പുതിയൊരു മാതൃകയും (നിന്നെപോലെ സ്നേഹിക്കുക v/s ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ സ്നേഹിക്കുക (ലേവി. 19:18 c.f. യോഹ. 13:34; 15:12). ആർക്കുവേണ്ടിയും ഏതൊരു എളിയ ശുശ്രൂഷയും മനസ്സോടെ ചെയ്യുവാനുള്ള വിശാലമായ സ്നേഹം) പുതിയൊരു മാനദണ്ഡവും ലഭിച്ചു. (ജീവിച്ചിരുന്ന് സ്നേഹിക്കുക (ലേവി. 19:18) v/s ജീവൻ നല്കി സ്നേഹിക്കുക (യോഹ. 15:13; 1 യോഹ. 3:16) മറ്റുള്ളവർക്കുവേണ്ടി സ്വയം യാഗമായി തീർന്നതിൽ വെളിപ്പെട്ട സ്നേഹം (യോഹ. 3:16; 10:11,15, 17-18; 15:13; 1 യോഹ. 3:16; 4:9)).

പത്രൊാസും മറ്റു ശിഷ്യന്മാരും കർത്താവിനുവേണ്ടി മരിക്കുവാൻപോലും തയ്യാറാണെന്ന് അവകാശപ്പെട്ടുവെങ്കിലും (മത്തായി 26:35; യോഹ. 13:37) ആവശ്യസമയത്ത് അവരെ ക്രൂശിന് സമീപം കണ്ടില്ല. കാരണം, മറ്റുള്ളവർക്കുവേണ്ടി മരിക്കുന്നത് ഒരു അപൂർവ്വകാര്യമാണ്. നീതിമാനുവേണ്ടി മരിക്കുവാൻ ആരെങ്കിലും തുനിയുമായിരിക്കും (റോമർ 5:7 c.f. 1 യോഹ. 2:1) എങ്കിലും ആ നിലയിലും ആരും മുന്നോട്ട് വന്നില്ല. അങ്ങനെയിരിക്കെ, അതായത് അഭക്തർക്കും അധർമ്മികൾക്കും ശത്രുക്കൾക്കും വേണ്ടി മരിക്കുവാൻ ആരും ഒരിക്കലും തയ്യാറാവാത്ത അവസ്ഥയിൽ ക്രിസ്തു തക്കസമയത്ത് അഭക്തർക്കുവേണ്ടി

മരിച്ചതിലൂടെ സ്നേഹത്തിന്റെ പുതിയൊരു മാനദണ്ഡമാണ് വെളിപ്പെട്ടത് (റോമർ 5:6,8 c.f. 1 പത്രൊസ് 3:18).

അതുകൊണ്ട് ക്രിസ്തുവിന്റെ **"പുതിയ കല്പന"** സമയംകൊണ്ട് പുതിയതല്ല, മറിച്ച് ആഴംകൊണ്ടും അർത്ഥംകൊണ്ടും അന്തസത്ത കൊണ്ടും പുതിയത് എന്ന അർത്ഥമാണുള്ളത്. സ്നേഹത്തിന്റെ പല വിധമാനങ്ങൾ യേശുക്രിസ്തുവിലൂടെയാണ് ലോകം അറിഞ്ഞത്. അതുകൊണ്ടാണ് ഈ നിലവാരത്തിലുള്ള സഹോദരസ്നേഹം യോഹന്നാന്റെ ദൃഷ്ടിയിൽ ഒരു പുതിയ കല്പനയായിരിക്കുന്നത്. ഭൂതകാലത്ത് അനുവാചകർ ഒരു കല്പന സ്വീകരിച്ചുവെന്ന് മാത്രമല്ല, വർത്തമാന കാലത്ത് തുടർമാനമായി അത് പ്രമാണിക്കേണ്ടതായ ശക്തമായ ഒരു ആവശ്യകതയും അതിൽ അടങ്ങിയിരിക്കുന്നു. **"ആ പഴയ കല്പന നിങ്ങൾ കേട്ട വചനം തന്നെ"** (വാ. 7) എന്നതിലെ **"വചനം"** യേശുക്രിസ്തു എന്ന വ്യക്തിയെയല്ല. മറിച്ച്, ദൈവത്തിൽനിന്നും ലഭിച്ച ഉപദേശത്തെയാണ് സൂചിപ്പിക്കുന്നത്. അന്യോന്യം സ്നേഹിക്കുവാനുള്ള കല്പന അവർ കേട്ടനുസരിക്കുന്നുവെങ്കിലും അത് തുടരുവാനാണ് ആഹ്വാനം (c.f. 1 തെസ്സ. 4:9-10).

**"അത് അവനിലും നിങ്ങളിലും സത്യമാകുന്നു"** (വാ. 8) എന്നതിലെ **"അത്"** പുതിയ കല്പനയെ സൂചിപ്പിക്കുന്നതല്ല. കാരണം **"അത്"** നപുംസകലിംഗവും എന്നാൽ **"കല്പന"** സ്ത്രീലിംഗവുമാണ്. മറിച്ച്, കല്പനയുടെ പുതുക്കത്തെ സൂചിപ്പിക്കുന്നു. കാരണം, കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന ന്യായപ്രമാണ കല്പന മുകളിൽ വിശദീകരിച്ചതുപോലെ യേശുക്രിസ്തുവിൽ ഇന്നും യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു (യോഹ. 13:1,34; 15:12; 1 യോഹ. 3:16). അവനെ മാതൃകയാക്കുന്നതിലൂടെ അവനെ അനുഗമിക്കുന്നവരുടെ ജീവിതത്തിലും അത് യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു.

**2. സ്നേഹം വെളിച്ചത്തിൽ ഇരിക്കുന്നതിന്റെ തെളിവാണ് (2:8-11)**

**"...ഇരുട്ട് നീങ്ങിപ്പോകുന്നു; സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു..."** (v. 8).

വെളിച്ചത്തിൽ ആയിരിക്കുന്നതിന്റെ തെളിവാണ് സഹോദര സ്നേഹം എന്ന് യോഹന്നാൻ തുടർന്നുള്ള വാക്യങ്ങളിൽ ഊന്നിപറ

യുന്നു.

ഈ ലോകത്തിന്റെ ദൈവം-അന്ധകാരപ്രഭു ഈ ലോകത്തിന്റെ അന്തരീക്ഷം എപ്പോഴും കൂരിരുട്ടാക്കി നിലനിർത്തുവാൻ ശ്രമിക്കുന്നു. ഇരുട്ട് അന്ധതയുടെയും അജ്ഞതയുടെയും അവ്യക്തതയുടെയും അസത്യത്തിന്റെയും അസാന്മാർഗ്ഗികതയുടെയും മർത്യതയുടെയും പ്രതീകമാണ് (റോമർ 13:12,13; 2 കൊരി. 4:4; എഫെ. 5:8; 1 തെസ്സ. 5:4-8; 1 പത്രൊസ് 2:9). അതുകൊണ്ട് ഈ ലോകത്തെയും അതിലെ വസ്തുതകളെയും മനുഷ്യരെയും അവ ആയിരിക്കുന്ന അവസ്ഥ യിൽനിന്നും യാഥാർത്ഥ്യത്തിൽനിന്നും വളരെ വ്യത്യസ്തമായി മനു ഷ്യൻ കാണുന്നു. അതിന്റെ ഫലമായിട്ടാണ് ഇവിടെ വലിയ അളവിൽ തെറ്റിദ്ധരിക്കുന്നതും തെറ്റുകൾ സംഭവിക്കുന്നതും ബഹുവിധ അവ ജ്ഞക്കും അവഗണനക്കും അസൂയക്കും കാരണമായിത്തീരുകയും ചെയ്യുന്നത്.

അന്യോന്യം സ്നേഹിക്കുവാനുള്ള കല്പന എഴുതുന്നതിന്റെ ഒന്നാ മത്തെ കാരണം **"ഇരുട്ട് നീങ്ങിപ്പോകുന്നു"** എന്നതാണ്. **"നീങ്ങി പ്പോകുന്നു"** എന്നതുകൊണ്ട് അത് സ്വയമായി നീങ്ങിപ്പോകുന്നു എന്നല്ല, മറിച്ച് അതിന്റെ അസ്തിത്വം നീക്കം ചെയ്യപ്പെട്ടുകൊണ്ടിരി ക്കുന്നു എന്നാണ് വ്യാകരണം ഇവിടെ (paragetai - progressive present - passive voice) വ്യക്തമാക്കുന്നത്. ഇവിടെ പരാമർശിക്കപ്പെടുന്ന **''ഇരുട്ട്''** 1:5-6 ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഇരുട്ടാണ്. അത് ആത്മിക മർത്യതയാണ്, അന്ധതയാണ്, അധാർമ്മികതയാണ്, അശുദ്ധിയാണ്, വിശ്വാസികൾ ആയിരിക്കാൻ പാടില്ലാത്ത മേഖലയാണ്. അതിന്റെ സാന്നിധ്യം ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്. അത് ഇതുവരെയും നീങ്ങിപ്പോയിട്ടില്ല, എന്നാൽ തുടർമാനമായി നീക്കം ചെയ്യപ്പെട്ടുകൊ ണ്ടിരിക്കുന്നു.

അന്യോന്യം സ്നേഹിക്കുവാനുള്ള കല്പന യോഹന്നാൻ എഴു തുന്നതിന്റെ രണ്ടാമത്തെ കാരണം **"സത്യവെളിച്ചം ഇതാ പ്രകാ ശിക്കുന്നു"** എന്നതാണ്. അത് ഇപ്പോൾ തന്നെ സംഭവിച്ചുകൊണ്ടി രിക്കുന്നതിനെയാണ് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നത് (phainei - progressive present). ആത്മിക അന്ധതയുടെയും മരണത്തിന്റെയും അന്ധകാരശക്തിയെ നീക്കുവാനും ആത്മിക വെളിച്ചത്തിന്റെയും ജീവ ന്റെയും രാജ്യം സ്ഥാപിക്കുവാനും വന്നവനാണ് ദൈവപുത്രനായ യേശു (കൊലൊ. 1:13). തന്റെ മരണത്തിലൂടെയും ഉയിർപ്പിലൂടെയും

പാപത്തിന്റെയും മരണത്തിന്റെയും അധികാരം ഇല്ലാതാക്കി വെളിച്ചത്തിന്റെ രാജ്യം സ്ഥാപിച്ചു. എങ്കിലും ഇരുട്ടിൽ അതിപ്പോൾ കിരണങ്ങളായി മാത്രമാണ് ശോഭിക്കുന്നത്. എന്നാൽ അവന്റെ രണ്ടാംവരവിൽ ഇരുട്ടിനെ പൂർണ്ണമായും നീക്കം ചെയ്തുകൊണ്ട് വെളിച്ചത്തിന്റെ രാജ്യം പൂർണ്ണനിലയിൽ ശോഭിക്കും (c.f. മലാഖി 4:2).

എന്നാൽ യേശുക്രിസ്തുവിലൂടെ ദൈവത്തെ അറിയുന്നവർക്ക് ഇപ്പോൾ വ്യക്തിപരമായി അവരുടെ ഹൃദയത്തിലും മനസ്സിലും വെളിച്ചത്തിന്റെ ഒരു പുതുയുഗം ഉദിക്കുന്നു. അവർ കർത്താവിന്റെ പ്രകൃതത്തോട് അനുരൂപരാകുന്നതനുസരിച്ച് ഇരുട്ടിന്റെ പ്രവൃത്തികൾ അവരിൽനിന്നും നീങ്ങിപ്പോകുകയും സത്യവെളിച്ചം അവരിൽ പ്രകാശിക്കുകയും ചെയ്യും. ക്രമാനുഗതമായി വെളിച്ചം ഇരുട്ടിനെ കീഴടക്കുകയും പുതിയയുഗത്തിൽ ഇരുട്ടിന്റെ സാന്നിധ്യം പൂർണ്ണമായി നീക്കം ചെയ്യപ്പെടുകയും ചെയ്യും (യോഹ. 8:12 c.f. 1 യോഹ 1:5).

അതുകൊണ്ടാണ് "**സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു...**" (വാ. 10) എന്ന് യോഹന്നാൻ പറയുന്നത്. അർത്ഥാൽ, സഹോദരനെ സ്നേഹിക്കുന്ന എല്ലാവരും എപ്പോഴും വെളിച്ചത്തിൽ വസിക്കുന്നവർ ആകുന്നുവെന്നാണ് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നത് (agapōn - participle has a gnomic force).

എന്നാൽ "**സഹോദരനെ സ്നേഹിക്കുന്നവൻ**" എന്ന പരാമർശത്തിലൂടെ പൊതുവായി എല്ലാവരോടും സ്നേഹം പ്രകടിപ്പിക്കുന്ന ഒരു വ്യക്തിയെയല്ല, മറിച്ച് വെളിച്ചത്തിൽ ഇരിക്കുന്നതിന്റെ അടയാളമായി സഹോദരസ്നേഹം വെളിപ്പെടുന്ന വ്യക്തിയെയാണ് യോഹന്നാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത വ്യക്തി, വെളിച്ചത്തിൽ ഇരിക്കുന്നുവെന്ന് അവകാശപ്പെടുന്നവനെക്കാൾ (വാ. 9) എല്ലാ നിലയിലും വ്യത്യസ്തനാണ്. ഒരാൾ അവകാശവാദത്തിൽ മാത്രം ഒതുങ്ങുമ്പോൾ അപരൻ വെളിച്ചത്തിൽ വസിക്കുന്നു (വാ. 10). അർത്ഥാൽ, അനുനിമിഷ ശുദ്ധീകരണത്തിലൂടെ ദൈവത്തോടും ദൈവജനത്തോടും കൂട്ടായ്മയിൽ ഇരിക്കുന്നു (1 യോഹ. 1:7). കാരണം, വെളിച്ചത്തിൽ ഇരിക്കുന്നവൻ ദൈവത്തിന്റെ ജീവന്റെ പങ്കാളിയാണ്. അവൻ ലോകത്തിൽ വെളിച്ചമായിരിക്കുന്നു (മത്തായി 5:14; എഫെ. 5:8; ഫിലി. 2:15). വെളിച്ചത്തിൽ വസിക്കുന്നത് വെളിച്ചത്തിൽ ആയിരിക്കുന്നതിനും വെളിച്ചത്തിൽ നടക്കുന്നതിനും തുല്യമാണ്. ഒന്ന് പ്രകൃതത്തെ സൂചിപ്പി

ക്കുമ്പോൾ മറ്റേത് പ്രവൃത്തിയെ സൂചിപ്പിക്കുന്നു. തന്നെയുമല്ല, വെളിച്ചത്തിൽ **"വസിക്കുന്നു"** എന്നത് വ്യാകരണപ്രകാരം ഇവിടെ (menei - gnomic present with a customary present force) ഒരു മേഖല വിട്ടുപോകാതെ അതിൽതന്നെ തുടരുന്ന സാധാരണ അവസ്ഥയെയും ജീവിതരീതിയെയുമാണ് സൂചിപ്പിക്കുന്നത് (c.f. 1:6,7), ഇത് ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പാണ്. സഹോദരനെ സ്നേഹിക്കുമ്പോൾ ദൈവത്തിൽ വസിക്കുന്നു എന്നല്ല, മറിച്ച് സഹോദരനെ സ്നേഹിക്കുന്നവൻ നിരന്തരമായി വെളിച്ചത്തിൽ വസിക്കുന്നവൻ ആകുന്നു എന്നാണർത്ഥം. അതിന്റെ ഫലമായി, വെളിച്ചത്തിൽ വസിക്കുന്നവരിൽ ഇരുട്ട് നീങ്ങിപ്പോകുകയും തൽഫലമായി അവർക്ക് ദൈവത്തിന്റെ അതേ കാഴ്ചപ്പാട് ലഭിക്കുകയും ചെയ്യുന്നു (യോഹ. 11:9). അക്കാരണത്താൽ തന്നെ, വെളിച്ചത്തിൽ വസിക്കുന്നവർക്ക് ഈ ലോകത്തെയും അതിലുള്ള മനുഷ്യരെയും വസ്തുക്കളെയും അവർ അഥവാ അവ ആയിരിക്കുന്ന അവസ്ഥയിൽ അതായത്, ദൈവം കാണുന്നതുപോലെ കാണുവാനും വിലയിരുത്തുവാനും സാധിക്കുന്നു. അതിന്റെ ഫലമായി വെളിച്ചത്തിൽ വസിക്കുന്നവർക്ക് എല്ലാവരെയും എല്ലാറ്റിനെയും ലോക മനുഷ്യനെക്കാൾ കൂടുതലായി മനസ്സിലാക്കുവാനും വഹിക്കുവാനും ഉൾക്കൊള്ളുവാനും സ്നേഹിക്കുവാനും സാധിക്കും. ഇങ്ങനെയുള്ള സ്നേഹം വെളിച്ചത്തിൽ വസിക്കുന്നതിന്റെ തെളിവാണെന്ന് യോഹന്നാൻ പറയുന്നു. മാത്രമല്ല, വെളിച്ചത്തിൽ വസിക്കുന്നതിന്റെ ഫലമായി **"ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല"** (വാ. 10) എന്നും യോഹന്നാൻ തുടർന്ന് പറയുന്നു. ഇവിടെ വ്യാകരണപ്രകാരം (estin - gnomic present) ഇങ്ങനെയുള്ള ആരും ഒരിക്കലും ആർക്കും ഒരു കണിയായിരിക്കുന്നില്ലായെന്ന് യോഹന്നാൻ സൂചിപ്പിക്കുന്നു.

സഹോദരസ്നേഹം ഉള്ളവൻ വെളിച്ചത്തിൽ വസിക്കുന്നതുകൊണ്ട് ധാർമ്മികമായോ ശാരീരികമായോ അവനിൽ ഇടർച്ചയ്ക്ക് ഒരു കാരണവുമില്ല. തെറ്റായ ഒരു തീരുമാനത്തിലൂടെയോ പ്രവൃത്തിയിലൂടെയോ ഒരു കെണിയിലും അവൻ വീഴുകയില്ലെന്നു മാത്രമല്ല. അവൻ ആരുടെയും ഇടർച്ചയ്ക്ക് കാരണമായി തീരുന്നുമില്ല (മത്തായി 5:16). പാപം ചെയ്യുവാനുള്ള പ്രലോഭനം ദുരുപദേശത്തിലേക്ക് വീണുപോകാനുള്ള പ്രലോഭനം വിശ്വാസത്യാഗത്തിനുള്ള പ്രലോഭനം മുതലായവയൊന്നും അവനിൽ സംഭവിക്കുകയില്ലെന്നു മാത്രമല്ല. അവനിലൂടെ

ആർക്കും അത് സംഭവിക്കുകയില്ലെന്നാണ് യോഹന്നാൻ ഇവിടെ പറയുന്നത്.

ഇടർച്ച വരുന്നത് അനിവാര്യം എന്നാൽ ഇടർച്ച വരുത്തുന്നവന് അയ്യോ കഷ്ടം (മത്തായി 18:7; ലൂക്കൊസ് 17:1 c.f. വെളി. 2:14) എന്ന് കർത്താവും ഇടർച്ചവെക്കരുതെന്ന് പൗലൊസും പറഞ്ഞിട്ടുണ്ട് (റോമർ 14:13). അതുകൊണ്ട് നാം ഇപ്പോൾ എന്തു ചെയ്യുന്നു എന്നതും എങ്ങനെ ജീവിക്കുന്നു എന്നതും ഭാവിയിൽ നാം ആരാകുമെന്നതിന്റെ സൂചനയാണ്. അതുപോലെ നാം ഇപ്പോൾ എങ്ങനെ ജീവിക്കുന്നു എന്നത് നാം ഇപ്പോൾ ആരായിരിക്കുന്നു എന്നതിന്റെ തെളിവുമാണ്.

ഇവിടെ **''വെളിച്ചത്തിൽ ഇരിക്കുന്നു എന്ന് പറകയും സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നയോളം... ഇരുട്ടിൽ ഇരിക്കുന്നു; ഇരുട്ടിൽ നടക്കയും ചെയ്യുന്നു; ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കുകയാൽ എവിടേക്ക് പോകുന്നുവെന്ന് അവൻ അറിയുന്നില്ല"** (വാ. 9,11) എന്ന് പറയുന്നതിലൂടെ ഇരുട്ടിൽ നടക്കുന്നവന്റെ നാല് പ്രത്യേകതകളാണ് യോഹന്നാൻ ഇവിടെ വരച്ച് കാണിക്കുന്നത്.

**a.** അവന്റെ അവകാശവാദം (വാ. 9)

**"വെളിച്ചത്തിൽ ഇരിക്കുന്നു എന്ന് പറകയും"** എന്നത് ഒരാളുടെ ഇപ്പോഴത്തെ അനുഭവമല്ല. മറിച്ച്, വെളിച്ചത്തിന് അനുസൃതമായി ജീവിക്കുന്നു എന്നുള്ള അവകാശവാദം മാത്രമാണ്. ഇവിടെ വ്യാകരണപ്രകാരം (legōn - gnomic force) അങ്ങനെ ആരെല്ലാം എപ്പോൾ അവകാശപ്പെട്ടാലും പ്രവൃത്തിയിലൂടെ തെളിയിക്കാത്ത അവകാശത്തിന് (തീത്തൊസ് 1:16; യാക്കോബ് 2:14; 1 യോഹ. 1:6; 2:4) വിശ്വാസീയതയില്ല.

**b.** അവന്റെ വിശേഷണം

**"സഹോദരനെ പകെക്കയും ചെയ്യുന്നവൻ"** എന്നതുകൊണ്ട് ഇവിടെ വ്യാകരണപ്രകാരം (misōn - gnomic force) പകെക്കുന്ന സ്വഭാവമുള്ളവൻ, അനിഷ്ടസ്വഭാവമുള്ളവൻ, ശത്രുമനോഭാവത്തിൽ ജീവിക്കുന്നവൻ സഹോദരന്റെ കാര്യത്തിൽ താല്പര്യമില്ലാതെ (3:15-18) നിസംഗനായിരിക്കുന്നവൻ എന്നാണർത്ഥം.

കയീൻ ഹാബേലിനെ പകെച്ചതുപോലെയും ശൗൽ ദാവീദിനെ പകെച്ചതുപോലെയും ആഹാബ് മീഖയാവെ പകെച്ചതുപോലെയും ലോകം കർത്താവിനെയും ശിഷ്യന്മാരെയും പകെച്ചതുപോലെയും പകെക്കുകയും സഹോദരന്റെ നാശം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന തുമാണ് ഈ പക. ലോകത്തിനും ലോകമനുഷ്യർക്കും ക്രിസ്തുവി നോടും ക്രിസ്തുവിശ്വാസികളോടുമുള്ള മനോഭാവത്തോടെ വിശ്വാസി യെന്ന് പേർപെട്ട ഒരു വ്യക്തി പ്രവൃത്തിക്കുന്നുവെങ്കിൽ അവൻ വെളി ച്ചത്തിൽ ഇരിക്കുന്നുവെന്ന് എത്ര തന്നെ അവകാശപ്പെട്ടാലും **"ഇരു ട്ടിൽ ഇരിക്കുന്നു, ഇരുട്ടിൽ നടക്കയും ചെയ്യുന്നു."** ഇവിടെ **"സഹോദരനെ പകെക്കുന്നവനോ"** എന്നത് വ്യാകരണപ്രകാരം (misōn - gnomic present with customary present force) തുടരുന്ന പ്രവൃ ത്തിയെ മാത്രമല്ല, നിലനില്ക്കുന്ന അവസ്ഥയെയും സ്വഭാവത്തെയും സൂചിപ്പിക്കുന്നു. യോഹന്നാനെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ സഹോദരനെ സ്നേഹിക്കുന്നവൻ അല്ലെങ്കിൽ പകെക്കുന്നവൻ അതി നിടയിൽ ഒരു സ്ഥാനമില്ല.

മനുഷ്യൻ പല തരത്തിലും പല തലത്തിലുമാണ് ഈ പക വെളി പ്പെടുത്തുന്നത്. അത് പ്രത്യക്ഷമായതോ പരോക്ഷമായതോ ആയി രിക്കാം. അത് അനിഷ്ടമോ താല്പര്യമില്ലായ്മയോ ആയിരിക്കാം. അത് സഹോദരനെ പ്രയാസപ്പെടുത്തുന്നതോ പ്രതിസന്ധിയിലാക്കുന്നതോ ആയിരിക്കാം. അത് ഉപദ്രവത്തിനോ നാശത്തിനോ ലക്ഷ്യം വെച്ചുള്ളത് ആയിരിക്കാം.

### c. അവന്റെ സ്ഥാനം

**"ഇന്നയോളം... ഇരുട്ടിൽ ഇരിക്കുന്നു."** മുൻ സൂചിപ്പിച്ചതു പോലെ സ്വഭാവമുള്ള എല്ലാവരുടെയും എപ്പോഴുമുള്ള അവസ്ഥ ഇതാ കുന്നുവെന്ന് ഇവിടെ വ്യാകരണം സൂചിപ്പിക്കുന്നു (estin - gnomic present). യോഹന്നാനെ സംബന്ധിച്ച് ഇരുട്ട്, ഭോഷ്ക്, പക മുതലായ വാക്കുകൾ തുല്യവും പര്യായങ്ങളുമാണ്. അതുപോലെതന്നെ വെളിച്ചം, സത്യം, സ്നേഹം മുതലായ വാക്കുകളും പര്യായങ്ങളാണ്. കാരണം, അപ്പൊസ്തലന്റെ അഭിപ്രായത്തിൽ തെറ്റായ ഒരു അവകാശവാദം സത്യ ത്തിൽനിന്നും വെളിച്ചത്തിൽ നിന്നുമല്ല ഉത്ഭവിക്കുന്നത്. മറിച്ച്, ഭോഷ്കിൽനിന്നും ഇരുട്ടിൽനിന്നുമാണ്. ഇരുട്ടിൽ ഇരിക്കുന്നവനോ ടുള്ള ബന്ധത്തിൽ ഇരുട്ട് അവനു ചുറ്റുമുണ്ട് എന്നുമാത്രമല്ല, അത്

ഇപ്പോൾ അവന്റെ അവസ്ഥയുമാണ്. അവനിൽ ദൈവത്തിന്റെ സ്നേഹം ഇല്ലെന്നു മാത്രമല്ല, അവനിൽ ദൈവത്തിന്റെ ജീവനും കൂട്ടായ്മയു മില്ല. അങ്ങനെയുള്ള വ്യക്തി **"ഇന്നയോളം ഇരുട്ടിൽ ഇരിക്കു ന്നു."** അർത്ഥാൽ, പ്രസ്തുത വ്യക്തിയുടെ ആത്മിക അവസ്ഥയും പ്രാകൃത മനുഷ്യന്റെ ആത്മിക അവസ്ഥയും തമ്മിൽ ഒരു വ്യത്യാസ വുമില്ല. കാരണം, **"പകെക്കയും ചെയ്യുന്നവൻ"** എന്നത് വ്യാകര ണപ്രകാരം ഒരു സാധാരണ ജീവിതരീതിയെ, അഥവാ സ്വഭാവത്തെ യാണ് സൂചിപ്പിക്കുന്നത്. എന്നാൽ ദൈവത്തിന്റെ വെളിച്ചമായി വന്ന ദൈവപുത്രനായ യേശു മനുഷ്യനെ ഇരുട്ടിൽനിന്നും വിടുവിച്ച് (മത്തായി 4:14,15; അപ്പൊ. 26:18; എഫെ. 5:8; കൊലൊ. 1:13; പത്രൊസ് 2:9) വെളിച്ചത്തിന്റെ രാജ്യത്തിൽ ആക്കുന്നു.

അതുകൊണ്ട് ആത്മിക ലോകത്ത് ഒന്നുകിൽ പകൽ അല്ലെങ്കിൽ രാത്രി, ഒന്നുകിൽ വെളിച്ചം അല്ലെങ്കിൽ ഇരുട്ട്, ഇതിനിടയിൽ ഒരവ സ്ഥയില്ല. കർത്താവ് പറഞ്ഞു: എനിക്ക് അനുകൂലമല്ലാത്തവൻ എനിക്ക് പ്രതികൂലം ആകുന്നു. എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു (ലൂക്കൊസ് 11:23).

### d. അവന്റെ ജീവിതം

**"...ഇരുട്ടിൽ നടക്കയും ചെയ്യുന്നു."** സഹോദരനെ പകെക്കുന്ന എല്ലാവരും എപ്പോഴും സാധാരണ ജീവിതത്തിൽ ഇരുട്ടിൽ നടക്കുന്ന സ്വഭാവമുള്ളവരാണെന്ന് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (paripatei - gnomic present with customary force). തുടർന്ന് **"ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കുകയാൽ"** എന്നതിലൂടെ അവന്റെ ജീവിതത്തിന്റെ ഏതോ ഘട്ടത്തിൽ അവന്റെ ആത്മിക മാനസിക കാഴ്ചപ്പാട് നഷ്ട പ്പെട്ടതായി (എബ്രായർ 6:4–8) വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (etyphlōsen - constative aorist). ഈ അവസ്ഥയിൽ **"എവിടേക്കു പോകുന്നുവെന്ന് അവൻ അറിയുന്നില്ല."** ഇങ്ങനെയുള്ള എല്ലാ വരും എപ്പോഴും ഇതുപോലെ ആത്മികജീവിതത്തിൽ ലക്ഷ്യബോധം ഇല്ലാതെ പോകുന്ന സ്വഭാവമുള്ളവരാണെന്ന് ഇവിടെ വ്യാകരണം (hypagei - gnomic present wth the force of customery present) സൂചിപ്പി ക്കുന്നു.

അനേകർ കർത്താവിൽ വിശ്വസിക്കാത്തതിന് കാരണം അവർ ഇരുട്ടിനെ ഇഷ്ടപ്പെടുകയും അതിനെ തിരഞ്ഞെടുക്കുകയും ചെയ്ത

തിനാലാണ് (യോഹ. 3:19–21 c.f. 12:40). എന്നാൽ അതിന്റെ അടിസ്ഥാനകാരണം ആത്മികമായി അവരുടെ കണ്ണ് കുരുടായ അവസ്ഥയിൽ ആയതുകൊണ്ടാണ് (c.f. മത്തായി 4:14–15; എഫെ. 5:8; കൊലൊ. 1:12–13; 1 പത്രൊ 2:9). അത് അവരുടെ വഴിയും ലക്ഷ്യവും കൂടെ കുരുടാക്കുകയാൽ എവിടേക്ക് പോകുന്നുവെന്ന് അവർ അറിയുന്നില്ലായെന്നു മാത്രമല്ല അവർ ഇരുട്ടിലാണെന്നുള്ള അവസ്ഥപോലും തിരിച്ചറിയാൻ അവർക്ക് കഴിയുന്നില്ല (യോഹ. 13:30). ഇരുട്ടിൽ ഇരിക്കയും നടക്കുകയും ചെയ്യുന്നവന് നന്മയും തിന്മയും ശരിയായി കാണുവാനോ ശരിയായി തിരിച്ചറിയുവാനോ കഴിയുന്നില്ല; അവന്റെ മുമ്പിൽ ആരാണെന്നോ മുന്നിലുള്ള ഇടർച്ച എന്താണെന്നോ അവൻ അറിയുന്നില്ല. മാത്രമല്ല, അവന്റെ ഗമനത്തിന്റെ ലക്ഷ്യം ഇടർച്ചക്കോ തകർച്ചക്കോ അക്രമത്തിനോ കുലപാതകത്തിനോ രക്തം ചിന്തുന്നതിനോ രക്തം ചൊരിയുന്നതിനോ എന്നും അവൻ അറിയുന്നില്ല (അപ്പൊ. 9:1–2; 22:4). കാരണം ഇരുട്ട് അവന്റെ കണ്ണ് കുരുടാക്കിയിരിക്കുന്നു (യെശ. 5:20). അതിലൂടെ അവന്റെ ആത്മാവും മനസ്സും ഹൃദയവും അന്ധകാരം നിറഞ്ഞതാകുന്നു (യോഹ. 3:19; 2 കൊരി. 3:14). **"സത്യവെളിച്ചം ഇതാ പ്രകാശിക്കുന്നു"** എങ്കിലും സഹോദരനെ പകെക്കുന്നവൻ എപ്പോഴും ഇരുട്ടിൽ തന്നെയാണെന്ന് ക്രിയാത്മകമായും (വാ. 10) നിഷേധാത്മകമായും യോഹന്നാൻ തെളിയിക്കുന്നു. എന്നാൽ യഥാർത്ഥ വിശ്വാസികൾ സഹോദര സ്നേഹത്തിലൂടെ വെളിച്ചത്തിൽ നടക്കുന്നുവെന്ന് തെളിയിക്കുന്നവരും തങ്ങളുടെ അവസ്ഥയും ജീവിതലക്ഷ്യവും എന്താണെന്ന് തിരിച്ചറിയുന്നവരും ആ ലക്ഷ്യത്തിലേക്ക് യാത്ര ചെയ്യുന്നവരുമാകുന്നു.

അതുകൊണ്ട് ഇരുട്ടും വെളിച്ചവും ക്രിസ്തുവിശ്വാസിയുടെ രണ്ട് അവസ്ഥയല്ല. മറിച്ച് അവിശ്വാസിയുടെയും വിശ്വാസിയുടെയും രണ്ട് മേഖലകൾ ആകുന്നു. ഒരാളുടെ മേഖല അവകാശവാദത്തിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച്, സ്വഭാവത്തെ വെളിപ്പെടുത്തുന്ന പ്രവൃത്തിയുടെ അടിസ്ഥാനത്തിലാണ് നിർണ്ണയിക്കപ്പെടുന്നത്.

### C. ലോകത്തോടുള്ള ബന്ധത്തിൽ (2:12–17)

അനുവാചകർക്ക് ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കുന്നതിനുള്ള മൂന്നാമത്തെ പരിശോധന ദൈവിക കല്പനകൾ പ്രമാണിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാകുന്നു. അത് ദൈവത്തോടുള്ള ബന്ധത്തിലും (2:3–6) ദൈവജനത്തോടുള്ള ബന്ധത്തിലും (2:7–11)

മാത്രമല്ല, ലോകത്തോടുള്ള ബന്ധത്തിലും കാണുവാൻ കഴിയും.

മുൻ വാക്യങ്ങളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ അവസ്ഥയെക്കുറിച്ച് സംശയിച്ച ദൈവഭവനത്തിലെ എല്ലാവർക്കും ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പ് നല്കുവാൻ വേണ്ടിയാണ് തുടർന്നുള്ള ചില വാക്യങ്ങൾ യോഹന്നാൻ എഴുതുന്നത്. ഇവിടെ ഈ ഉറപ്പ് നല്കുന്നത് മൂന്നു നിലയിലാണ്.

1. **അനുവാചകരെ പ്രത്യേക പേരുകളിൽ അഭിസംബോധന ചെയ്തുകൊണ്ട് (2:12-13)**

യോഹന്നാൻ ഈ ലേഖനം എഴുതുന്നത് മൂന്നുതരം അനുവാചകരെ മനസ്സിൽ കണ്ടുകൊണ്ടാണ്. ആത്മികവളർച്ചയുടെ അടിസ്ഥാനത്തിൽ ശിശുക്കൾ ആയവർക്കും വിശ്വാസത്തിൽ ഉറച്ച പിതാക്കന്മാർക്കും ക്രിസ്തുവിൽ വളരുന്ന ബാല്യക്കാർക്കും. അതുകൊണ്ടാണ് കുഞ്ഞുങ്ങൾ, പിതാക്കന്മാർ, ബാല്യക്കാർ എന്നിങ്ങനെയുള്ള ചില വിശേഷണങ്ങൾ ലേഖകൻ അവർക്ക് നല്കിയിരിക്കുന്നത്.

അനുവാചകരുടെ ആത്മികപിതാവ് എന്ന നിലയിലാണ് വിശ്വാസത്തിൽ ശിശുക്കളായവരെ അപ്പൊസ്തലൻ **"കുഞ്ഞുങ്ങളെ"** (teknion) എന്ന് അഭിസംബോധന ചെയ്യുന്നത്. സന്തതി എന്നാണ് അതിനർത്ഥം (1 കൊരി. 4:15; 1 തിമൊ. 1:18; തീത്തൊസ് 1:4; ഫിലെ. 1:10). കാരണം, **"കുഞ്ഞുങ്ങളെ"** എന്നത് കീഴ്പ്പെട്ടിരിക്കുന്ന പ്രകൃതമുള്ള ഒരു വിഭാഗത്തെ സൂചിപ്പിക്കുന്നു. മാത്രമല്ല, കുഞ്ഞുങ്ങളെ എന്ന സംബോധനയിൽ ഒരു പിതാവിന് സ്വന്തം മക്കളോടുള്ള പ്രീതി വാത്സല്യമാണ് വെളിപ്പെടുന്നത് 2:12-13 വാക്യങ്ങളിൽ കുഞ്ഞുങ്ങൾക്ക് രണ്ട് വ്യത്യസ്തവാക്കുകളാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നതെങ്കിലും (teknia - little children, paidia - children) അവ രണ്ടും പര്യായപദങ്ങളും ശിഷ്യന്മാരെ സംബോധന ചെയ്യുവാൻ കർത്താവ് ഉപയോഗിച്ചതിനെ പ്രതിഫലിപ്പിക്കുന്നതുമാകുന്നു (യോഹ. 13:33; 21:5).

**"പിതാക്കന്മാരെ"** എന്നത് പ്രവാചകന്മാർക്കും ഉപദേഷ്ടാക്കൾക്കും ഉപയോഗിച്ചിരിക്കുന്നു (2 രാജാ. 2:12; ന്യായാ. 17:10). മാത്രമല്ല, **"പിതാക്കന്മാരെ"** എന്ന സംബോധന പ്രായം, ജ്ഞാനം, ബഹുമാനം എന്നിവയെയും ആത്മികപക്വതയെയും സൂചിപ്പിക്കുന്നു (അപ്പൊ. 7:2; 22:1).

എന്നാൽ **“ബാല്യക്കാരെ”** എന്നത് കുഞ്ഞുങ്ങൾ എന്ന അവസ്ഥയിൽനിന്നും പിതാക്കന്മാർ എന്ന ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിലിരിക്കുന്നവരെ സൂചിപ്പിക്കുന്നു.

അതുകൊണ്ട് ആത്മികവളർച്ച അളക്കുന്നത് ഓരോ വ്യക്തിയും വിശ്വാസത്തിൽ വന്ന തിയ്യതിയും സമയവും അടിസ്ഥാനമാക്കിയല്ല (എബ്രാ. 5:12). അതുപോലെതന്നെ, ആത്മികവളർച്ച കേവലം ചില അറിവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതുമല്ല (1 കൊരി. 1:6-7 c.f. 3:1-2). മാത്രമല്ല, ആത്മികവളർച്ച എന്നും ഒരുപോലെയിരിക്കുന്ന ഒരു അവസ്ഥയുമല്ല, മറിച്ച് പേര് സൂചിപ്പിക്കുന്നതുപോലെതന്നെ, അത് ക്രിസ്തുവിനോട് അനുരൂപരാകുക അഥവാ, സദൃശന്മാർ ആകുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്നതും വളരുന്നതുമായ ഒരവസ്ഥയാണ്. അതുകൊണ്ട് ആത്മികവളർച്ച എന്നതിലൂടെ വചനം ഉദ്ദേശിക്കുന്നത്, മനസ്സു പുതുക്കി രൂപാന്തരപ്പെടുക (റോമർ 12:2) വിശുദ്ധിയെ തികക്കുക (2 കൊരി. 7:1). നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ പിൻതുടരുക (1 തിമൊ, 6:11). വിശ്വാസത്തിൽ ഉറയ്ക്കുക (കൊലൊ. 2:7) വചനത്തിൽ വളരുക (1 പത്രൊസ് 2:1) ക്രിസ്തുവിനെ ലോകത്തിന് കണ്ണാടിപോലെ പ്രതിബിംബിക്കുക (2 കൊരി. 3:18), ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുക (1 കൊരി. 2:16) കർത്താവിനോട് പറ്റിചേരുക (1 കൊരി. 6:17), സകലത്തിലും ക്രിസ്തു എന്ന തലയോളം വളരുക (എഫെ. 4:15) എന്നാണ്. ഈ ലക്ഷ്യത്തിലേക്കുള്ള വിശ്വാസിയുടെ മുന്നേറ്റത്തിന്റെ വിവിധഘട്ടങ്ങളിൽ എത്തിയവരെയാണ് കുഞ്ഞുങ്ങൾ, പിതാക്കന്മാർ, ബാല്യക്കാർ മുതലായ വിശേഷണങ്ങളിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത്. ആത്മികവളർച്ചയുടെ ഏതു ഘട്ടത്തിൽ എത്തിയവനാണെങ്കിലും ദൈവത്തിൽനിന്നും ജനിച്ചവർക്ക് അക്കാരണത്താൽതന്നെ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുവാൻ കഴിയില്ല.

**2. അനുവാചകരോടുള്ള ബന്ധത്തിൽ പ്രത്യേക പരാമർശങ്ങൾ നടത്തിക്കൊണ്ട് (2:12-14)**

ദൈവഭവനത്തിലെ അംഗങ്ങളെല്ലാം കുഞ്ഞുങ്ങൾ, പിതാക്കന്മാർ, ബാല്യക്കാർ എന്നിങ്ങനെ ആത്മിക വളർച്ചയുടെ വിവിധഘട്ടങ്ങളിൽ നില്ക്കുന്നവരാണ്. ഇവരെല്ലാവരും ഒരേ ആത്മിക നിലവാരമുള്ളവരല്ല, അതുകൊണ്ടാണ് അവരിൽ ഓരോ വിഭാഗത്തോടുള്ള ബന്ധത്തിലും യോഹന്നാൻ പ്രത്യേക പരാമർശനങ്ങൾ നടത്തുന്നത്.

**a. കുഞ്ഞുങ്ങളോട് ബന്ധപ്പെട്ടുള്ള പരാമർശങ്ങൾ (വാ. 12,13)**

ദൈവത്തിൽനിന്നും ജനിച്ചവരെല്ലാം ദൈവത്തിന്റെ മക്കളും ദൈവ ഭവനത്തിലെ അംഗങ്ങളുമാണ്. അവർക്ക് വളർച്ചയിൽ വ്യത്യാസമുണ്ടെ ങ്കിലും അവരുടെ പിതാവ് ഒരുവനും ഭവനത്തിലെ അവകാശങ്ങൾ ഒരു പോലെയുമാണ്. അവരോടുള്ള ബന്ധത്തിൽ യോഹന്നാന്റെ പരാമർശം **"കുഞ്ഞുങ്ങളെ നിങ്ങൾക്ക് അവന്റെ നാമം നിമിത്തം പാപങ്ങൾ മോചിച്ചിരിക്കയാൽ..."** എന്നാണ്. ഇവിടെ പാപങ്ങൾ **"മോചിച്ചി രിക്കയാൽ"** (apheōntai) എന്നതിലൂടെ പാപങ്ങൾ ക്ഷമിച്ചും പാപ ങ്ങളുടെ കടം റദ്ദു ചെയ്തും അതിന്റെ ധാർമ്മികവും നിയമപരവു മായ ബാധ്യതയിൽനിന്നും ഒഴിവാക്കിയിരിക്കുന്ന അവസ്ഥയെ സൂചി പ്പിക്കുന്നു. മാത്രമല്ല, അവരുടെ പാപക്ഷമ ഭൂതകാലത്തുതന്നെ സംഭ വിച്ച് കഴിഞ്ഞ കാര്യവും പാപക്ഷമ കിട്ടിയ അവസ്ഥയിലാണ് അവർ ഇപ്പോഴും ആയിരിക്കുന്നതെന്നും വ്യാകരണം (extensive perfect) ഇവിടെ സൂചിപ്പിക്കുന്നു. ഇവിടെ (2:12) പ്രാരംഭ പാപക്ഷമയെയും (perfect tense) 1:9 ൽ തുടർമാന ജീവിതത്തിലെ തുടർമാന പാപക്ഷമ യെയുമാണ് (present tense) ലേഖകൻ സൂചിപ്പിക്കുന്നത്.

അവരുടെ പാപങ്ങൾ മോചിക്കപ്പെട്ടുവെന്ന് മാത്രമല്ല, പ്രത്യുത **"അവന്റെ നാമം നിമിത്തം"** പാപങ്ങൾ മോചിക്കപ്പെട്ടുവെന്നാണ് എഴുതിയിരിക്കുന്നത്. അതിനർത്ഥം അവർക്ക് പാപമോചനം ലഭിച്ചത് അവർ ആവശ്യപ്പെട്ടതനുസരിച്ചല്ല, അതിന് അവർ യോഗ്യരും പ്രാപ്തരും ആയിരുന്നില്ലെങ്കിലും ദൈവം മുൻകയ്യെടുത്ത് തന്റെ മഹ ത്വത്തിനായി തന്റെ ആവശ്യപ്രകാരം തന്റെ ചിലവിൽ ക്രിസ്തുവിൽ അവരുടെ പാപങ്ങൾ മോചിച്ചിരിക്കുന്നുവെന്ന് തന്നെയാണ് (സങ്കീ. 25:11). കാരണം ദൈവപുത്രനായ യേശു ലോകത്തിന്റെ പാപം ചുമ ക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായിരുന്നതുകൊണ്ട് (യോഹ. 1:29) പാപ മോചനം അവന്റെ നാമത്തിൽ മാത്രമാണ് ലഭിക്കുന്നത് (അപ്പൊ. 2:38; 5:31; 10:43; 13:38).

അതുപോലെതന്നെ, **"നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്ക യാൽ"** എന്നും (2:13 c.f. ഗലാത്യർ 4:8,9) യോഹന്നാൻ അവരെക്കു റിച്ച് എഴുതിയിരിക്കുന്നു. പിതാവിനെക്കുറിച്ച് അവർക്കുള്ള അറിവ് പുതി യതല്ല, അത് മുമ്പു മുതൽ ഉള്ളതാണ്. മാത്രമല്ല, ദൈവത്തെക്കുറിച്ച് വ്യക്തിപരമായി അറിഞ്ഞിരിക്കുന്ന അവസ്ഥയിലാണ് അവർ ഇപ്പോഴും ആയിരിക്കുന്നതെന്ന് ഇവിടെ വ്യാകരണം (egnōkate-extensive per-

fect) സൂചിപ്പിക്കുന്നു.

പാപക്ഷമ ലഭിക്കുന്നതും ദൈവത്തെ അറിയുന്നതും പുതിയനിയമ ഉടമ്പടിയിൽ ഉൾപ്പെട്ട വാഗ്ദത്തമാകുന്നു (യിരെ. 31:31–34; യെഹെ. 36:26–28). അവർ പിതാവിനെ അറിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞതു കൊണ്ട് പിതാവിനെക്കുറിച്ചുള്ള അവരുടെ അറിവ് സമ്പൂർണ്ണമാണെന്നോ, അവരെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടം പൂർണ്ണമായി അവർ അറിയുന്നുവെന്നോ, അവരെക്കുറിച്ചുള്ള പിതാവിന്റെ ഇഷ്ടത്തിൽ അവർ ഇപ്പോൾതന്നെ എത്തിചേർന്നുവെന്നോ ഇതിനർത്ഥമില്ല. എങ്കിലും അവർ പിതാവിനെ അവരുടെ നിത്യജീവന്റെ ദാതാവായി (ഉറവിടമായി) അറിയുന്നതുകൊണ്ട് അവന്റെ സാന്നിധ്യം അവർ എപ്പോഴും ഇഷ്ടപ്പെടുകയും അവന്റെ വചനത്തിന് അവർ ചെവിചായ്ക്കുകയും ചെയ്യുന്നു (യോഹ. 8:47; 1 യോഹ. 4:6), ഇങ്ങനെയുള്ളവർക്ക് ലോകത്തെയും അതിലുള്ളതിനെയും സ്നേഹിപ്പാൻ കഴിയുകയില്ല.

**b. പിതാക്കന്മാരോട് ബന്ധപ്പെട്ട പരാമർശങ്ങൾ (വാ. 13,14)**

ഒരു വ്യക്തിയെ സുവിശേഷത്തിലൂടെ രക്ഷയിലേക്ക് നടത്തി ആ വ്യക്തിയുടെ ആത്മാവിനാലുള്ള ജനനത്തിന് മാനുഷിക പങ്കുവഹിച്ച വിശ്വാസിയെ ആത്മികപിതാവെന്ന് വിളിക്കാമെങ്കിലും ആത്മികമായി ബലവും ശക്തിയും പ്രാപിച്ച്, ആത്മികവളർച്ചയും പക്വതയും പ്രാപിച്ചവരെയാണ് **"പിതാക്കന്മാരെ"** എന്നതുകൊണ്ട് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. അവർ ആത്മികകാര്യങ്ങളെ മാനുഷിക ദൃഷ്ടിയിലൂടെയല്ല, ക്രിസ്തീയ കാഴ്ചപ്പാടിലൂടെയാണ് കാണുന്നത്. അവർ ലോകത്തിന്റെ മോഹത്തെക്കുറിച്ചും സാത്താന്റെ തന്ത്രങ്ങളെക്കുറിച്ചും നല്ലവണ്ണം അറിയുന്നവരും ആത്മികജീവിതത്തിലെ കാര്യങ്ങളെയെല്ലാം ബുദ്ധിയോടെ കൈകാര്യം ചെയ്യുന്നവരുമാണ്. അവർ ദൈവത്തിന്റെ സത്യത്തിൽ ദൃഷ്ടിപതിപ്പിച്ചിട്ടുള്ളവരും സ്വർഗ്ഗീയ ചൂടിനാൽ ക്രമീകരിക്കപ്പെട്ടവരുമാണ്, അവർ ജീവിതത്തിന്റെ എല്ലാ കാലാവസ്ഥയിലൂടെയും കടന്നുപോയവരും വലിയ ആത്മിക അനുഭവത്തിന്റെ ഉടമകളുമാണ്. അവർക്ക് ലോകത്തിന്റെ മായയെക്കുറിച്ചും ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചും അറിവുള്ളവരും (ഉല്പത്തി 47:8–9) ലൗകിക സുഖങ്ങളുടെ മുലകുടി മാറിയവരും (തീത്തൊസ് 2:2) വരുവാനുള്ള ലോകത്തെ വാഞ്ഛിച്ചു പാർക്കുന്നവരുമാണ് (എബ്രാ. 11:16).

ദൈവത്തെ വ്യക്തിപരമായി അറിഞ്ഞതിന്റെയും ദൈവിക കൂട്ടായ്മ യിൽ തുടർന്നതിന്റെയും തികവും പക്വതയും അവർക്കുണ്ട്. അതു കൊണ്ട്, അവരോടുമുള്ള ബന്ധത്തിൽ പ്രത്യേകപരാമർശമായി **"പിതാ ക്കന്മാരെ, ആദിമുതലുള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ നിങ്ങൾക്ക്"** എഴുതുന്നു എന്ന് മാത്രമാണ് യോഹന്നാൻ പറയുന്നത്.

ദൈവത്തെ യേശുക്രിസ്തുവിലൂടെ അറിയുന്നത് ആത്മിക ജനനത്തിന്റെയും വളർച്ചയുടെയും അടയാളമാണ് (യോഹ. 17:3; ഫിലി. 3:10 c.f. 2 തെസ്സ. 1:7) മാത്രമല്ല അറിഞ്ഞിരിക്കുന്നു എന്നത് ക്രിസ്തു വിനെക്കുറിച്ച് ശിഷ്യന്മാർക്ക് ഉണ്ടായിരുന്നതുപോലെയുള്ള വ്യക്തിപര മായ ഒരു അറിവിനെയാണ് സൂചിപ്പിക്കുന്നത് (യോഹ. 6:69; 14:7,9; c.f. 1 യോഹ. 2:3).

പിതാക്കന്മാർക്ക് ദൈവത്തെക്കുറിച്ച് ഇപ്പോഴുള്ള അറിവ് അവരുടെ ക്രിസ്തീയ അനുഭവത്തിന്റെ ആദിമുതലുള്ള അറിവ് ആകുന്നു. അത് വ്യക്തിപരവും തുടർമാനതയുള്ളതും ആകുന്നു; അതിന്റെ ഫലമായി ആ അറിവിനാൽ അവർ വളരുകയും ഇപ്പോഴും അതിൽ നിലനില്ക്കു കയും ചെയ്യുന്നുവെന്ന് വ്യാകരണം (egnōkate - extensive perfect) ഇവിടെ സൂചിപ്പിക്കുന്നു.

പുതിയവിശ്വാസികളും വിശ്വാസത്തിന്റെ പക്വതയിൽ എത്താത്ത വരുമാണ് ദുരുപദേശത്തിലും ദുരുപദേഷ്ടാക്കളുടെ കെണിയിലും വീഴു ന്നത്. അതുകൊണ്ട് യോഹന്നാന്റെ അഭിപ്രായത്തിൽ, പിതാക്കന്മാരോട് ബന്ധപ്പെട്ട് അധികം പരാമർശിക്കേണ്ട ആവശ്യമില്ല.

c. ബാല്യക്കാരോട് ബന്ധപ്പെട്ടുള്ള പരാമർശങ്ങൾ (വാ. 13-14)

ഏതൊരു സേവനത്തിനും ആവശ്യമായ ശക്തിയും യുക്തിയും മനസ്സൊരുക്കവുമുള്ള യുവ ആത്മിക തലമുറയെയാണ് ഇവിടെ ബാല്യ ക്കാർ എന്നതിലൂടെ സൂചിപ്പിക്കുന്നത്. അവരോടുള്ള ബന്ധത്തിൽ ആദ്യത്തെ പരാമർശം **"നിങ്ങൾ ശക്തർ ആകയാലും"** എന്നാണ്. പൊതുവായ ചിന്താഗതിയിൽനിന്നും വ്യത്യസ്തമായി ക്രിസ്തുവിലുള്ള ബാല്യക്കാർ തിന്മയെ ജയിക്കുവാനും ശക്തർ ആകുന്നുവെന്ന് വചനം പറയുന്നു (യെശ. 40:30-31; 2 തിമൊ. 2:22). എക്കാലത്തും ഇങ്ങനെയു ള്ളവരാണ് ദൈവപക്ഷത്ത് നിലനിന്ന് വൻകാര്യങ്ങൾ പ്രവൃത്തിച്ചിട്ടു ള്ളത് (യോശുവ 6:33; ദാനി. 1:4; ആമോസ് 2:11; അപ്പൊ. 2:17).

ആത്മികശക്തിയും വിശ്വാസത്താലുള്ള ഉറപ്പും ഉപദേശപരമായ നിശ്ചയവും അവർക്കുള്ളതിനാൽ അവർ വിശ്വാസത്തിൽ ആരോഗ്യ മുള്ളവരും (തീത്തൊസ് 1:13). ദുരുപദേശത്തിന്റെ ഓരോ കാറ്റിനാൽ ആടിയുലയാത്തവരുമാകുന്നു (എഫെ. 4:14-15). അവരോടു ബന്ധപ്പെട്ട രണ്ടാമത്തെ പരാമർശം **"ദൈവവചനം നിങ്ങളിൽ വസിക്കയും..."** എന്നാണ്.

ദൈവവചനത്തിന് ഉപദേശത്തെക്കാൾ വലിപ്പവും വ്യാപ്തിയുമുണ്ട്. എഴുതപ്പെട്ട ദൈവവചനത്തെ തിരുവെഴുത്ത് അഥവാ അരുളപ്പാടുകൾ എന്നു വിളിക്കാം (റോമർ 3:2; എബ്രാ. 5:12). എന്നാൽ ഇവിടെ ദൈവ വചനം ക്രിസ്തുവിലൂടെയും അപ്പൊസ്തലന്മാരിലൂടെയും ലഭിച്ചതും തിരുവെഴുത്തുമായി രേഖപ്പെടുത്തിയതും അനുവാചകരുടെ വിശ്വാ സത്തിനും ജീവനും ആധാരവുമായതുമായ ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടാണ്.

ദൈവവചനം അവരിൽ **"വസിക്കുന്നു"** എന്നതുകൊണ്ട് അവർ ദൈവവചനം അറിയുന്നുവെന്ന് മാത്രമല്ല. മറിച്ച്, വചനത്തിന്റെ ശക്ത മായ സ്വാധീനത്തിൽ നിരന്തരം അവർ ആയിരിക്കുകയും അതിനാൽ നിയന്ത്രിക്കപ്പെടുകയും വഴിനടത്തപ്പെടുകയും ചെയ്യുന്നുണ്ട് എന്നാ ണർത്ഥം. കാരണം വചനം ഒരു പ്രത്യേക മേഖലയിൽതന്നെ നിരന്തരം വസിക്കുന്നതിനെ അഥവാ തുടരുന്നതിനെയാണ് ഇവിടെ വ്യാകരണം (menei - customary present) സൂചിപ്പിക്കുന്നത്. ദൈവവചനം വസിക്കു ന്നതിലൂടെ ഇപ്പോൾ നിലനില്ക്കുന്ന ആത്മികശക്തിയെയാണ് ഇത് സൂചിപ്പിക്കുന്നത്.

ചിലരിൽ ദൈവവചനം വസിക്കുന്നില്ലായെന്ന് യോഹന്നാൻ മുമ്പ് സൂചിപ്പിച്ചുവെങ്കിലും (1:10; യോഹ. 5:38) ബാല്യക്കാരിൽ ദൈവവചനം വസിക്കുന്നു (യോഹ. 8:31; 15:7). അതുകൊണ്ടാണ് അവർ ആത്മിക മായി ശക്തർ ആയിരിക്കുന്നത്.

അവരോടു ബന്ധപ്പെട്ട മൂന്നാമത്തെ പരാമർശം **"നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാലും"** എന്നാണ്. ദുഷ്ടനെ **"ജയിച്ചിരി ക്കയാൽ"** എന്നതിലൂടെ ദുഷ്ടന്റെമേലുള്ള അവരുടെ വിജയം പൂർണ്ണ മായതാണെന്നും ദുഷ്ടനോട് വിജയിച്ച അവസ്ഥയിൽതന്നെയാണ് അവർ ഇപ്പോൾ ആയിരിക്കുന്നതെന്നും വ്യാകരണം ഇവിടെ

(nenikēkate - extensive perfect) സൂചിപ്പിക്കുന്നു. അതിന്റെ ഫലമായി ദുഷ്ടന് അവരെ ഇപ്പോൾ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ദൈവി കപദ്ധതിക്ക് എതിരായി പ്രവൃത്തിക്കുന്ന ദുഷ്ടന്റെയും ദുരുപദേഷ്ടാക്കളുടെയും പിൻതിരിപ്പിക്കുന്ന പ്രലോഭനങ്ങളെയും പരാമർശങ്ങളെയും അതിജീവിച്ചവർ (1 യോഹ. 2:14; 5:4-5, 18-19). കഴിഞ്ഞകാലത്ത് അവർക്കുണ്ടായ വിജയം ഇപ്പോഴും അവർ അനുഭവിക്കുന്ന അവസ്ഥയിലാണ് ആയിരിക്കുന്നത്. എന്നാൽ ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ള "ദുഷ്ടൻ" ഏതെങ്കിലും ഒരു ദുഷ്പ്രവൃത്തിക്കാരനല്ല മറിച്ച് പുല്ലിംഗത്തിൽ (ponēron - masculine gender) ദുഷ്ടൻ ദുഷ്ടതയുടെയും തിന്മയുടെയും ആൾരൂപമായ ദുഷ്ടനായ പിശാച് തന്നെയാണ്. കാരണം ഈ വാക്കുതന്നെയാണ് കർത്താവ് ഗിരിപ്രഭാഷണത്തിലും (മത്തായി 6:13) മാളികമുറി പ്രഭാഷണത്തിലും (യോഹ. 17:15) പിശാചിനെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളത്. അവൻ ദൈവജനത്തിന്റെ ശത്രുവും പരീക്ഷകനും അപവാദിയുമാണ് (ഇയ്യോബ് 2:1-7; മർക്കൊസ് 1:13; ലൂക്കൊസ് 22:31; യോഹ. 13:27; അപ്പൊ. 5:3; 1 കൊരി. 7:5 c.f. യോഹ. 14:30; 1 പത്രൊസ് 5:8; വെളി. 12:9,10).

ദുഷ്ടൻ പ്രബലനും അവന്റെ പ്രവൃത്തികൾ ക്രിസ്തുവിശ്വാസികൾക്ക് അപകടകരവുമാണ്. എന്നാൽ ബാല്യക്കാർ ദൈവവചനത്തിലൂടെ ദുഷ്ടനെ ജയിച്ചവരും ജയിച്ച അവസ്ഥയിൽതന്നെ ഇപ്പോൾ ഇരിക്കുന്നവരുമാണെന്ന് വ്യാകരണം (nenikēkate - extensive perfect) ഇവിടെ സൂചിപ്പിക്കുന്നു. വിജയം ഭൂതകാലത്ത് നടന്നതെങ്കിലും അതിന്റെ ഫലം വർത്തമാനകാലത്തും നിലനില്ക്കുന്നുവെന്ന് യോഹന്നാൻ അവരെ ഓർപ്പിക്കുന്നു. അവൻ അവരിൽ വസിക്കകൊണ്ടും അവന്റെ വചനം അവരിൽ വസിക്കകൊണ്ടും അവർ ഭയപ്പെടേണ്ടതില്ല (യോഹ. 17:15; 1 യോഹ. 4:4). കാരണം പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണ് ദൈവപുത്രൻ വന്നത് (1 യോഹ. 3:8). അവൻ ലോകത്തെ ജയിച്ചിരിക്കുന്നു (യോഹ. 16:33; കൊലൊ. 2:15 c.f. വെളി. 2:7; 12:11; 15:2; 21:7). ദൂതന്മാരും അധികാരികളും ശക്തികളും അവന് കീഴടങ്ങിയുമിരിക്കുന്നു (എഫെ. 1:21; 1 പത്രൊസ് 3:22). അവനിൽ വിശ്വസിക്കുന്നവരും അവനിലൂടെ ദുഷ്ടനെ ജയിച്ചിരിക്കുന്നു (കൊലൊ. 1:13; എബ്രാ. 2:14-15). ദുഷ്ടന്റെ മേലുള്ള ബാല്യക്കാരുടെ വിജയത്തിനും (1 യോഹ. 2:13,14) ക്രിസ്തുവിന്റെ വിജയത്തിനും (യോഹ. 16:33) ഒരേ വാക്കാണ് (nenikēkate) യോഹന്നാൻ ഉപയോഗിച്ചിരിക്കു

ന്നത്.

ദൈവവചനം അവരിൽ വസിച്ചതുകൊണ്ടാണ് അവർക്ക് ദുഷ്ടനെ ജയിപ്പാനും ജയിച്ച അവസ്ഥയിൽ തന്നെ നിലനില്പാനും കഴിയുന്നത്. കർത്താവും വചനത്തിലൂടെ ദുഷ്ടനെ ജയിച്ചുവെന്ന് സുവിശേഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നു (മത്തായി 4:1–10; ലൂക്കൊസ് 4:1–13).

അപ്പൊസ്തലനായ യോഹന്നാന്റെ നിരീക്ഷണത്തിൽ യഥാർത്ഥ വിശ്വാസിക്ക് വ്യാജവിശ്വാസികളിൽ നിന്നുള്ള പ്രധാന വ്യത്യാസം:

അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു.

അവൻ (പിതാവിനെ) ദൈവത്തെ അറിഞ്ഞിരിക്കുന്നു.

അവൻ ദുഷ്ടനെ ജയിച്ചിരിക്കുന്നു.

അവനിൽ ദൈവവചനം വസിക്കുന്നു (2:12–14) എന്നതാണ്.

ആദ്യത്തെ മൂന്നും പറഞ്ഞിരിക്കുന്നതിന്റെ വ്യാകരണവും (extensive perfect) അവസാനത്തെത് പറഞ്ഞിരിക്കുന്നതിന്റെ വ്യാകരണവും (customary present) പ്രത്യേകം ശ്രദ്ധേയമാണ്. ആദ്യത്തെ മൂന്നും ഇപ്പോൾ വിശ്വാസി ആയിരിക്കുന്ന അവസ്ഥയ്ക്ക് കാരണമായ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെ ഊന്നിപറയുമ്പോൾ അവസാനത്തേത് സാധാരണയായി വിശ്വാസിയിൽ ഇപ്പോൾ നടക്കുന്ന അഥവാ നിലനില്ക്കുന്ന അവസ്ഥയെ ഊന്നിപറയുന്നു. അങ്ങനെ യഥാർത്ഥ വിശ്വാസികൾ ദുഷ്ടനെയും (2:13–14) ദുരുപദേഷ്ടാക്കളെയും (4:4) ലോകത്തെയും (5:4–5) ദൈവപുത്രനിലൂടെ ജയിച്ചവരാകുന്നു. ദൈവവചനവും അവരിൽ നിരന്തരമായും സ്ഥിരമായും വസിക്കുന്നു.

വാ. 14 ൽ കാണുന്ന ആവർത്തനം മനഃപൂർവ്വമാണ്. പാപങ്ങളുടെ മോചനം ദൈവത്തെക്കുറിച്ചുള്ള അറിവ്, ദുഷ്ടന്റെ മേലുള്ള വിജയം മുതലായ ഘനകരമായ വസ്തുതകളാണ് ആവർത്തനത്തിന് അടിസ്ഥാനമായിരിക്കുന്നത്.

മുൻ വാക്യങ്ങളിൽ (2:12–13) **"എഴുതുന്നു"** എന്ന് വർത്തമാന കാലത്തിൽ (present tense) ഉപയോഗിച്ചിരിക്കുന്ന ചില പ്രസ്താവനകൾ ഉടൻതന്നെ (വാ. 14) **"എഴുതിയിരിക്കുന്നു"** എന്ന് ഭൂതകാലത്തിൽ (present perfect tense) ഉടൻതന്നെ ഉപയോഗിച്ചിരിക്കുന്നതിന് സാഹിത്യ സംബന്ധിയായ ചില കാരണങ്ങൾ ഉണ്ട്.

ഒന്നാമതായി, **"എഴുതുന്നു"** (1:4) എന്നത് ലേഖനത്തെ മൊത്തമായി സൂചിപ്പിക്കുമ്പോൾ **"എഴുതിയിരിക്കുന്നു"** (5:13) എന്നത് ഇതുവരെ എഴുതിയതിനെ സൂചിപ്പിക്കുന്നു. രണ്ടാമതായി, **"എഴുതുന്നു"** എന്നത് പ്രതിപാദ്യവിഷയത്തിന്റെ പ്രാധാന്യത്തെയും **"എഴുതിയിരിക്കുന്നു"** എന്നത് അതോടു ബന്ധപ്പെട്ട് ഇതുവരെ പറഞ്ഞതിനെയും സൂചിപ്പിക്കുന്നു. മൂന്നാമതായി, **"എഴുതുന്നു"** എന്നത് പറഞ്ഞുവരുന്ന വിഷയത്തെ സൂചിപ്പിക്കുമ്പോൾ, **"എഴുതിയിരിക്കുന്നു"** എന്നത് ഇതുവരെ പറഞ്ഞതിനെ വിട്ട് പുതിയൊരു വിഷയത്തിലേക്കു പ്രവേശിക്കുന്നതിന്റെ മുഖവുരയെ സൂചിപ്പിക്കുന്നു.

അതുപോലെ തന്നെ, ദൈവഭവനത്തിലെ അംഗങ്ങളെക്കുറിച്ച് 12-13 വാക്യങ്ങളിൽ കാണുന്ന പ്രസ്താവനകളിൽനിന്നും ചില മാറ്റങ്ങൾ 13—14 വാക്യങ്ങളിൽ കാണുന്നതിനുള്ള കാരണം, ഓരോ വിഭാഗത്തിന്റെയും കുറഞ്ഞ അനുഭവമാണ് ആദ്യപ്രസ്താവനയിലുള്ളത്. എന്നാൽ രണ്ടാമത്തെ പ്രസ്താവനയിൽ ഓരോ വിഭാഗത്തിലുള്ളവരുടെയും (പിതാക്കന്മാർ ഒഴികെ) വളർന്നതും വർദ്ധിച്ചതുമായ പുതിയ അനുഭവമാണ് യോഹന്നാൻ പ്രസ്താവിക്കുന്നത്. ക്രിസ്തുവിൽ കുഞ്ഞുങ്ങൾ ആയവർ പാപക്ഷമയോടുകൂടി ആത്മികജീവിതം ആരംഭിക്കുന്നു. ആത്മികജീവിതത്തിൽ വീഴാതെ നില്ക്കുവാൻ പഠിക്കുമ്പോൾ ബാല്യക്കാർ ആകുന്നു. എന്നാൽ ആത്മികജീവിതത്തിൽ വളർന്ന് സ്ഥിരത പ്രാപിക്കുമ്പോൾ പിതാക്കന്മാർ ആകുന്നു.

വിശ്വാസത്തിൽ കുഞ്ഞുങ്ങൾ ആയവർക്കും പിതാക്കന്മാർക്കും ബാല്യക്കാർക്കും ആത്മികവളർച്ച അടിസ്ഥാനമാക്കി ദൈവമുമ്പാകെ അവർക്കുള്ള പ്രത്യേകപേരുകളും പ്രത്യേക പരാമർശങ്ങളും യോഹന്നാൻ ആവർത്തിച്ച് എഴുതിയതിന്റെ ഏറ്റവും പ്രധാനകാരണം ദൈവജനം അതെല്ലാം വിട്ട് ലോകത്തെ സ്നേഹിച്ച് വഷളായിപോകാതിരിക്കുന്നതിനാണ്.

### 3. അനുവാചകർക്ക് പ്രത്യേക പ്രബോധനം നല്കികൊണ്ട് (2:15-17)

ദൈവഭവനത്തിൽ ആത്മികവളർച്ചയുടെ വിവിധതലങ്ങളിൽ ഉള്ളവർക്കാണ് യോഹന്നാൻ ഇത് എഴുതുന്നത്. അവിടെ വിശ്വാസത്തിൽ കുഞ്ഞുങ്ങൾ ഉണ്ട്, പിതാക്കന്മാർ ഉണ്ട്, ബാല്യക്കാർ ഉണ്ട്. അങ്ങനെ

ദൈവഭവനത്തിൽ ദൈവമക്കളുടെ നിലയെ ഉറപ്പിച്ചശേഷം ആത്മിക മായും ഭൗതികമായും ദുഷ്ടന്റെ അധീനതയിലുള്ള ഈ ലോകത്തോട് ബന്ധപ്പെട്ട് എല്ലാവർക്കും ബാധകമായ ഒരു പ്രത്യേക പ്രബോധന മാണ് 2:15–17 വാക്യങ്ങളിൽ യോഹന്നാൻ നല്കുന്നത്. അതിന്റെ ഉള്ള ടക്കം **"ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കരുത്"** എന്നാകുന്നു. കാരണം, യോഹന്നാന്റെ അഭിപ്രായത്തിൽ, ദൈവവു മായി കൂട്ടായ്മ ആഗ്രഹിക്കുന്ന യഥാർത്ഥ വിശ്വാസികൾക്ക് ലോക സ്നേഹം അനുയോജ്യമല്ല.

എല്ലാ സൃഷ്ടിയെയും അതിന്റെ സ്വാഭാവികനിലയിൽ ഉൾക്കൊ ള്ളുന്നതാണ് ലോകം (യോഹ. 1:10; 3:17; 1 യോഹ. 4:14). ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ പ്രവർത്തനസ്ഥലവും ഈ ലോകമാണ് (യോഹ. 1:10; 3:1617; 9:5; 1 യോഹ. 4:9,17). എങ്കിലും രക്ഷകനായ ക്രിസ്തുവി നെയും അവന്റെ ശിഷ്യരെയും ഈ ലോകം പകെക്കുകയും (യോഹ. 15:18–20) അവരുടെ ശ്രദ്ധയെ വിലയേറിയതും നിത്യവുമായ കാര്യങ്ങ ളിൽനിന്നും താല്കാലികമായതും മൂല്യമറ്റതും അശുദ്ധവുമായ കാര്യ ങ്ങളിലേക്ക് അത് തിരിക്കുകയും ചെയ്യുന്നു.

ഇവിടെ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്ക രുത് എന്നതുകൊണ്ട് ഭൂമിയെയോ പ്രകൃതിയെയോ മനുഷ്യരെയോ സ്നേഹിക്കരുത് എന്നല്ല. മറിച്ച്, ദൈവത്തിനും ദൈവികവ്യവസ്ഥി തിക്കും എതിരായുള്ളതും വഞ്ചനയിലും ഭോഷ്കിലും അടിസ്ഥാന പ്പെട്ടുള്ളതും പൈശാചിക നിയന്ത്രണത്തിലുള്ളതും മനുഷ്യനിർമ്മി തവുമായ ഈ ലൗകിക വ്യവസ്ഥിതിയെ സ്നേഹിക്കരുത് എന്നാണ് യോഹന്നാൻ ഉദ്ദേശിക്കുന്നത് ലൂക്കൊസ് 4:5,6; യോഹ. 16:11 c.f. എഫെ. 6:11; 1 യോഹ. 4:3–5; 5:19).

അതിൽ ലോകത്തിന്റെ സംസ്കാരം, നിലവാരം, മാതൃക, മോഹ ങ്ങൾ, ലക്ഷ്യങ്ങൾ, മുൻഗണനകൾ മുതലായവയെല്ലാം ഉൾപ്പെടുന്നു. കാരണം, അതിന്റെ ആകർഷണം വശീകരിക്കുന്നതും അതിന്റെ ആഗ്രഹം സ്വാർത്ഥതയുളവാക്കുന്നതും അതിന്റെ സ്വാധീനം വഷളാ ക്കുന്നതും അതിന്റെ രാഷ്ട്രീയം അഴിമതിനിറഞ്ഞതും അതിന്റെ സ്നേഹം വ്യാജവും അതിന്റെ അസ്തിത്വം നൈമിഷികവും ആകുന്നു. അതുകൊണ്ട് ദൈവവചനത്തെക്കാൾ അധികം മനുഷ്യരുടെ വചന ങ്ങളെ സ്നേഹിക്കുന്നവർ, ദൈവമക്കളെക്കാൾ അധികം ലോകമക്കളെ സ്നേഹിക്കുന്നവർ, കർത്താവിന്റെ സേവയിൽ അധികമായി

ലോകത്തെ സേവിക്കുവാൻ പ്രിയപ്പെടുന്നവർ, ദൈവത്താലുള്ള മാനത്തെക്കാൾ അധികമായി മനുഷ്യരാലുള്ള മാനത്തെ അന്വേഷിക്കുന്നവർ ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കുന്നവരാകുന്നു. ദൈവവുമായുള്ള കൂട്ടായ്മ ആഗ്രഹിക്കുന്ന യഥാർത്ഥവിശ്വാസികൾക്ക് ലോകസ്നേഹം അനുയോജ്യമല്ലെന്ന് പറയാൻ മൂന്ന് കാരണങ്ങളാണ് യോഹന്നാൻ തുടർന്നു നല്കുന്നത്.

**a. ലൗകികർക്ക് പിതൃസ്നേഹം ഇല്ല**

**"ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല"** (വാ. 15).

ലോകത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും എപ്പോഴത്തെയും അവസ്ഥ, ദൈവവുമായി അവർക്ക് പിതൃസ്നേഹബന്ധമൊന്നും ഇല്ലായെന്നാണ് വ്യാകരണം ഇവിടെ (estin - gnomic present) സൂചിപ്പിക്കുന്നത്.

**"പിതാവിന്റെ സ്നേഹം"** എന്നതിൽ മനുഷ്യന് ദൈവത്തോടുള്ള സ്നേഹവും മനുഷ്യന് മനുഷ്യനോടുള്ള സ്നേഹവും അടങ്ങിയിരിക്കുന്നു. കാരണം, പിതാവിൽ നിന്നുള്ള സ്നേഹം ലഭിച്ചവരിൽ മാത്രമാണ് പിതാവിന്റെ സ്നേഹം ഉള്ളത്. എല്ലാ മനുഷ്യർക്കും മനുഷ്യരോടുള്ള സ്വാഭാവിക താല്പര്യമല്ല പിതാവിന്റെ സ്നേഹം, സുവിശേഷത്തിലൂടെ ലഭ്യമായതും സാധ്യമായതും പിതാവിനോടും പിതാവിനാൽ സ്നേഹിക്കപ്പെട്ടവരോടുമുള്ള പ്രത്യേകസ്നേഹമാണിത്.

വെളിച്ചത്തിൽ ഇരുളിന് വസിക്കുവാൻ കഴിയാത്തതുപോലെ പിതൃസ്നേഹം ഉള്ളവരിൽ ലോകസ്നേഹത്തിനു വസിക്കുവാൻ കഴിയുകയില്ല.

ദൈവഹിതത്തെ അറിയാതെയും പരിഗണിക്കാതെയും പിൻതുടരാതെയും എടുക്കുന്ന മുൻഗണനകൾ, തീരുമാനങ്ങൾ, മൂല്യങ്ങൾ, കണക്കുകൂട്ടലുകൾ മുതലായവയിലൂടെയാണ് മനുഷ്യൻ ലോകത്തെ സ്നേഹിക്കുന്നത്. അങ്ങനെയുള്ളവർക്ക് ദൈവത്തെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കുവാൻ കഴിയുകയില്ല. മാത്രമല്ല, ലോകത്തെ സ്നേഹിക്കുന്നവനിൽ ദൈവത്തിന്റെ സ്നേഹമോ, ദൈവത്തോടുള്ള സ്നേഹമോ വസിക്കുന്നില്ല. കാരണം, ഈ ലോകത്തിന് കളങ്കവും (യാക്കോബ് 1:27) ഇപ്പോഴുള്ളത് ദുഷ്ടലോകവും (ഗലാ. 1:3) ഇത്

ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നതുമാകുന്നു (1 യോഹ. 5:19). അതു കൊണ്ടാണ് നിങ്ങൾ ലോകക്കാർ ആയിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നും തിരഞ്ഞെടുത്തുവെന്നും (യോഹ. 15:19) ഞാൻ ലൗകികൻ അല്ലാത്തതുപോലെ അവരും ലൗകികരല്ലായെന്നും (യോഹ. 17:16) തന്റെ ശിഷ്യന്മാരോടുള്ള ബന്ധത്തിൽ കർത്താവ് പറഞ്ഞത്. അതുകൊണ്ടുതന്നെയാണ് ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ലായെന്ന് (2:15) യോഹന്നാനും ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായി തീരുന്നുവെന്ന് യാക്കോബും (4:4) പറയുന്നത്. കാരണം, യഥാർത്ഥവിശ്വാസികൾ ലോകത്തോട് ക്രൂശിക്കപ്പെട്ടവരും (ഗലാ. 6:14) ലോകത്തെ ജയിച്ചവരുമാണ് (1 യോഹ. 5:4).

## b. ലൗകികമായതൊന്നും പിതാവിൽനിന്നുള്ളതല്ല

ലോകത്തെ സ്നേഹിക്കരുതെന്ന് പറഞ്ഞശേഷം വെളിച്ചത്തിൽ നടക്കുന്നവർക്ക് അഥവാ, ദൈവത്തോട് കൂട്ടായ്മയുള്ളവർക്ക് ലോകത്തിലുള്ളവ എത്ര അപകടകാരികൾ ആകുന്നുവെന്നാണ് യോഹന്നാൻ തുടർന്ന് പറയുന്നത്.

**"ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു"** (വാ. 16).

### 1. ജഡമോഹം

മാംസം (1 കൊരി. 15:39) രക്തബന്ധങ്ങൾ (റോമർ 1:5) താല്കാലികബന്ധങ്ങൾ (ഗലാ. 6:12) മാനുഷികരീതിയിലുള്ള പ്രവൃത്തികൾ (2 കൊരി. 10:2; 5:16) മുഴുവ്യക്തിത്വം (യോഹ. 3:6,7; 7:24; 8:15) മുതലായവയെല്ലാം വചനത്തിലെ പരാമർശമനുസരിച്ച് ജഡമാണെങ്കിലും ഇവിടെ മനുഷ്യനിൽ പാപത്തിന്റെ ഇരിപ്പിടമാണ് ജഡം. ഇത് മാംസത്തെയല്ല, മറിച്ച് ഒരു സ്വഭാവത്തെയാണ് അതായത് ദൈവത്തിൽനിന്നും അകന്നതും ദൈവത്തോട് ശത്രുതയുള്ളതുമായ ആദാമ്യമനുഷ്യപ്രകൃതത്തെയാണ് സൂചിപ്പിക്കുന്നത് (സങ്കീ. 51:5; യെശ. 31:3; റോമർ 8:5; എഫെ. 2:3). അതുപോലെ ജഡമോഹം എന്നതുകൊണ്ട് ശരീരത്തെ തൃപ്തിപ്പെടുത്തുവാനുള്ളതും മനുഷ്യനെ പരീക്ഷയിലേക്കും പാപത്തിലേക്കും നയിക്കുന്നതുമായ ആദാമ്യപ്രകൃതത്തിന്റെ അതിരുകടന്ന

ആഗ്രഹത്തെയാണ് സൂചിപ്പിക്കുന്നത്. അതിരാഗം, അത്യാഗ്രഹം, അധാർമ്മികത, അനാത്മികത, സ്വാർത്ഥത മുതലായതും ഇന്ദ്രിയങ്ങ ളാൽ നിയന്ത്രിക്കപ്പെടുന്നതുമായ ജീവിതമാണ് അതിന്റെ ഫലം.

അതുകൊണ്ടാണ് "ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹങ്ങളാൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു" (യാക്കോബ് 1:14) എന്ന് വചനം പറയുന്നത്. കാരണം, ജഡമോഹം സ്വർഗ്ഗീയപിതാവിൽ നിന്നല്ല. പ്രത്യുത, പൂർവ്വപിതാവായ ആദാമിൽനി ന്നാണ് മനുഷ്യൻ പ്രാപിച്ചത്. ഇക്കാര്യം ദൈവം മനുഷ്യനെ സൃഷ്ടി ച്ചതിനോടുള്ള ബന്ധത്തിലും (നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശപ്രകാരം മനുഷ്യനെ ഉണ്ടാക്കുക - ഉല്പത്തി 1:26-27) മനു ഷ്യൻ മനുഷ്യനെ ജനിപ്പിച്ചതിനോടുള്ള ബന്ധത്തിലും (ആദാം തന്റെ സാദൃശത്തിൽ തന്റെ സ്വരൂപപ്രകാരം ഒരു മകനെ ജനിപ്പിച്ചു - ഉല്പത്തി 5:3) വ്യക്തമാണ്. അതുകൊണ്ട് വീണ്ടും ജനിച്ചവർ ക്രിസ്തുവിനെ മാതൃകയാക്കി മനുഷ്യരുടെ മോഹങ്ങൾക്കല്ല, ദൈവത്തിന്റെ ഇഷ്ട ത്തിന് ജീവിക്കണം (1 പത്രൊസ് 4:2).

2. കൺമോഹം

ലോകത്തിലെ ദൃശ്യമായതിനെ ഒക്കെയും മനുഷ്യനിലുള്ള ജഡിക സ്വഭാവത്തോട് ബന്ധിപ്പിക്കുന്ന കണ്ണിയാണ് അഥവാ മുഖാന്തരമാണ് കണ്ണ്. കണ്ണിന് മനുഷ്യനെ വഴിതെറ്റിക്കുവാൻ കഴിയുമെന്നത് ഒരു വിരോ ധാഭാസമായി തോന്നുമെങ്കിലും അത് യാഥാർത്ഥ്യമാണ് (മത്തായി 6:22-23). യാതൊന്നിന്റെയും യഥാർത്ഥ അവസ്ഥയെ അറിയാതെ പുറം കാഴ്ചയിൽ മാത്രം വശീകരിക്കപ്പെട്ട് കണ്ണിനിമ്പമായതിലൂടെ മനസ്സിനെ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുവാൻ ഇടയാക്കുന്നതാണ് കൺമോഹം (2 കൊരി. 11:3). അത് സ്വർഗ്ഗീയപിതാവിൽ നിന്നുള്ളതല്ല, മറിച്ച് ആദാമ്യപ്രകൃതത്തിൽനിന്നു ള്ളതാകുന്നു. അന്ധത ആത്മികമർത്യതയുടെ രൂപകാലങ്കാരമായിരു ന്നതുപോലെ (മത്തായി 4:14-15; യോഹ. 9:39,41) കാഴ്ച ആത്മിക ജീവന്റെ രൂപകാലങ്കാരമാകുന്നു.

3. ജീവനത്തിന്റെ പ്രതാപം

വലിപ്പം ഭാവിക്കുക, വമ്പുപറഞ്ഞ് പ്രശംസിക്കുക, ഉന്നതഭാവം നടിക്കുക തുടങ്ങി ഒരു വ്യക്തി വാസ്തവത്തിൽ ആയിരിക്കുന്ന അവ

സ്ഥയിൽനിന്നും ഉന്നതനാണെന്ന് മറ്റുള്ളവരെ കാണിക്കുന്നതിനും തന്റേതല്ലാത്തവയിൽ അവകാശം ഭാവിച്ച് എപ്പോഴും ആത്മപ്രശംസ നടത്തുന്നതിനെയും ബുദ്ധിപരവും ശാരീരികവും സാമ്പത്തികവുമായ മേനിയുടെ അടിസ്ഥാനത്തിൽ നിശ്ചയമില്ലാത്ത ധനത്തിലും നിത്യ മൂല്യമില്ലാത്ത ജീവിതരീതിയിലുമുള്ള പ്രതാപമാണിത്. ഇതും പിതാവിൽനിന്നല്ല, മറിച്ച് പിശാചിൽനിന്നാണ് (ലൂക്കൊസ് 4:5,6). ഹവ്വ പരീക്ഷിക്കപ്പെട്ടതും (ഉല്പത്തി 3:6). കർത്താവ് പരീക്ഷിക്കപ്പെട്ടതും ഈ മേഖലയിലാണ് (ലൂക്കൊസ് 4:1-4).

ജീവിതത്തിന്റെ എല്ലാ മേഖലകളെയും വിശാലമായും പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് ഈ മോഹങ്ങൾ, പുരാതന അപരിഷ്കൃതസമൂഹങ്ങളിൽ ഗോത്രങ്ങൾ തമ്മിൽ നിലനിന്നിരുന്ന യുദ്ധങ്ങളെല്ലാം ധനത്തിനും പ്രതാപത്തിനും സംതൃപ്തിക്കും വേണ്ടിയുള്ള യുദ്ധങ്ങൾ ആയിരുന്നു. മനുഷ്യന്റെ വിവേകവും സുബോധവും നഷ്ടപ്പെടുന്ന മേഖലകളാണിത്. കാരണം ശക്തി, സമ്പത്ത്, മേല്ക്കോയ്മ മുതലായവയോടുള്ള മനുഷ്യന്റെ അനുരാഗം വലുതാണ്.

### c. ലൗകികമായതൊന്നും നിലനില്ക്കുന്നതല്ല

**"ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു"** (വാ. 17).

പിശാചിനാൽ നിയന്ത്രിക്കപ്പെടുന്ന ഈ ലോകവ്യവസ്ഥിതി എത്രയധികം ആകർഷണീയമായും മനോഹരമായും തോന്നിയാലും ഇതൊന്നും ശാശ്വതമായി നിലനില്ക്കുന്നതല്ല. ലോകത്തിനും അതിന്റെ വ്യവസ്ഥിതിക്കും ഈ നിലയിൽ അധികം നാൾ മുന്നോട്ടുപോകുവാൻ കഴിയില്ല. ഇരുട്ട് നീങ്ങിപ്പോകുന്നതുപോലെ (2:8) ഈ ലോകവും അതിന്റെ മോഹവും നീങ്ങിപ്പോകുന്നു അഥവാ ഒഴിഞ്ഞുപോകുന്നു.

ഇവിടെ **"ഒഴിഞ്ഞുപോകുന്നു"** എന്നത് വ്യാകരണപ്രകാരം (paragetai - progressive persent) ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ഈ ലോകവും അതിനോട് ബന്ധപ്പെട്ടതെല്ലാം ഇപ്പോൾതന്നെ ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു അഥവാ, അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ എന്നും (1 കൊരി. 7:31) ഈ ലോകത്തിന്റെ മോഹത്തിന് നാശമുണ്ട് എന്നും (2 പത്രൊസ് 1:4)

കാണുന്നതിനെയല്ല, കാണാത്തതിനെയത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത്. കാണുന്നത് താല്കാലികം കാണാത്തതോ നിത്യം (2 കൊരി. 4:18) എന്നും അപ്പൊസ്തലന്മാർ പറയുന്നത്.

ഈ ലോകത്തിന്റെ പ്രവൃത്തിയും പെരുമയും പ്രശംസയും പ്രശസ്തിയും പ്രതാപവും സ്ഥാനവും മാനവും നേട്ടവും നിക്ഷേപവും ലോകാവസാനത്തോടുകൂടി പൂർണ്ണമായും ഒഴിഞ്ഞുപോകും. ഒഴിഞ്ഞുപോകുന്ന പ്രവൃത്തി ഇപ്പോൾതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. എന്നാലിത് തനിയെ ഒഴിഞ്ഞുപോകുന്നതല്ല. മറിച്ച്, നീക്കംചെയ്യപ്പെടുന്നതാണെന്ന് ഇതിലെ കർമ്മണി പ്രയോഗം (passive voice) സൂചിപ്പിക്കുന്നു. അതിന്റെ പൂർത്തീകരണത്തിൽ എത്തുംവരെ ആ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കും. അത് ഒരു ലക്ഷ്യത്തിലേക്കാണ് നീങ്ങുന്നത്. അതുകൊണ്ട് നിശ്ചയമായും അതിനൊരു അവസാനമുണ്ട്. ഈ ലോകത്തിൽ ആശവെക്കുന്നവനും അതോടൊപ്പം നശിക്കും. എന്നാൽ **"ദൈവേഷ്ടം ചെയ്യുന്നവനോ"** എന്നതിലൂടെ ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതപ്രകാരം ജീവിക്കുന്നത് ഒരു സ്വഭാവമായും ശീലമായും തീർന്നിട്ടുള്ളവനെയാണ് വ്യാകരണം ഇവിടെ (poiōn - present active participle) സൂചിപ്പിക്കുന്നത് (യോഹ. 6:26–29; വെളി. 22:11). അങ്ങനെയുള്ളവൻ **"എന്നേക്കും ഇരിക്കുന്നു."** അർത്ഥാൽ ഒരു പ്രത്യേക മേഖലയിൽതന്നെ എന്നേക്കും വസിക്കുന്നു, തുടരുന്നു, നിലനില്ക്കുന്നു എന്ന് വ്യാകരണം (menei - customary present active voice) ഇവിടെ സൂചിപ്പിക്കുന്നു.

വിശ്വാസികൾ ദൈവേഷ്ടം ചെയ്യുന്നതിന് കർത്താവ് മാതൃകയാണ് (യോഹ. 4:34; എബ്രാ. 10:7) അത് അവരെക്കുറിച്ചുള്ള പിതാവിന്റെ ആഗ്രഹമാണ് (യോഹ. 6:40; 9:31; കൊലൊ. 1:10–11; തെസ്സ. 4:3). അതിന്റെ ഫലമായി അവൻ എന്നേക്കും ദൈവമുമ്പാകെ വസിക്കും എന്നത് ദൈവത്തിന്റെ നിർണ്ണയമാണ്.

നശിക്കുന്നതും ഇല്ലാതെയായി പോകുന്നതുമായ ഒരു പ്രകൃതത്തിലേക്കാണ് ദൈവത്തിന് വിരോധമായ ഈ ലോകം നീങ്ങുന്നതെങ്കിൽ ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട ഹിതപ്രകാരം ജീവിക്കുന്നവൻ നിത്യമായതും നിലനില്ക്കുന്നതുമായ ഒരു പ്രകൃതത്തിലേക്കാണ് നീങ്ങുന്നത്.

തിരുവെഴുത്തിൻ പ്രകാരം ദൈവേഷ്ടം ചെയ്യുന്നവന് പുറമെ (2:17) എന്നേക്കും ഇരിക്കുന്നത് ദൈവികനീതി (സങ്കീ. 11:3) ദൈവികസ്തുതി (111:10) ദൈവികവിശ്വസ്തത (117:2) ദൈവവചനം (യെശ. 40:8) എന്നിവയാകുന്നു.

ഈ ലോകത്തെ മുഴുവനും അനുഭവിപ്പാനായി ഈ ജീവിതത്തിൽ മാത്രം ആശവെച്ചിരിക്കുന്ന വ്യക്തി വരുവാനുള്ള ഭാവിലോകത്തിനായും ജീവിതത്തിനായും ഒട്ടും ഒരുക്കമില്ലാത്തവനാണ്. എന്നാൽ ദൈവത്തിൽനിന്നും പ്രത്യേകപേരും പ്രത്യേക പരാമർശവും പ്രത്യേക പ്രബോധനവും ലഭിച്ച തന്റെ മക്കൾ ആത്മികവളർച്ചയുടെ ഏതു ഘട്ടത്തിൽ എത്തിയവരാണെങ്കിലും അവർ ദൈവത്തോടുള്ള ബന്ധത്തിലും മനുഷ്യനോടുള്ള ബന്ധത്തിലും ലോകത്തോടുള്ള ബന്ധത്തിലും ദൈവികകല്പനകൾ പ്രമാണിക്കുന്നു. ഇത് യഥാർത്ഥവിശ്വാസത്തിന്റെ അടയാളവും ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുമാകുന്നു.

***

IV

# ദൈവപുത്രനിൽ വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 2:18–28)

''കുഞ്ഞുങ്ങളേ, ഇത് അന്ത്യനാഴിക ആകുന്നു; എതിർക്രിസ്തു വരുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുകയാൽ അന്ത്യനാഴിക ആകുന്നു എന്നു നമുക്ക് അറിയാം. അവർ നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു; എന്നാൽ എല്ലാവരും നമുക്കുള്ളവരല്ല എന്നു പ്രസിദ്ധമാകേണ്ടതല്ലോ. നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചു സകലവും അറിയുന്നു. നിങ്ങൾ സത്യം അറിയായ്ക കൊണ്ടല്ല, നിങ്ങൾ അത് അറിയുകയാലും ഭോഷ്ക്ക് ഒന്നും സത്യത്തിൽനിന്നു വരായ്കയാലുമത്രേ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നത്. യേശുവിനെ ക്രിസ്തുവല്ല എന്നു നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആര് ആകുന്നു? പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല; പുത്രനെ സ്വീകരിക്കുന്നവനു പിതാവും ഉണ്ട്. നിങ്ങൾ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കട്ടെ. ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും. ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം: നിത്യജീവൻ തന്നെ. നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്തു ഞാൻ ഇതു നിങ്ങൾക്കു എഴുതിയിരിക്കുന്നു. അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിക്കുവാൻ ആവശ്യമില്ല അവന്റെ അഭിഷേകം തന്നെ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരുകയാലും അതു ഭോഷ്ക്കല്ല സത്യം തന്നെ ആയി

**രിക്കുകയാലും അതു നിങ്ങളെ ഉപദേശിച്ചതുപോലെ നിങ്ങൾ അവനിൽ വസിക്കുവിൻ. ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചു പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിക്കുവിൻ."**

മുൻ വാക്യത്തിൽ (2:17) ഈ ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുമെന്നു പറയുകയും ഇവിടെ (2:18) ഒഴിഞ്ഞുപോകുന്ന ഈ ലോകത്തിന്റെ അന്ത്യനാഴിക ഇപ്പോൾതന്നെ ആകുന്നുവെന്ന് പറയുകയും ചെയ്യുന്നു.

ദൈവേഷ്ടം ചെയ്ത് എന്നേക്കും ദൈവത്തോടൊപ്പം വസിക്കുവാനുള്ള വാഗ്ദത്തം ലഭിച്ചവരോട് ഇപ്പോൾതന്നെ ദൈവപുത്രനിൽ വസിക്കുവാനാണ് തുടർന്ന് അപ്പൊസ്തലൻ ആവശ്യപ്പെടുന്നത് (2:17 c.f. 2:28).

കാരണം, ദൈവപുത്രനിൽ വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവനാകാൻ കഴിയുമെന്ന് 1 യോഹ. 2:18-28 വാക്യങ്ങളിൽ കാണുന്നു. ഇതോടു ബന്ധപ്പെട്ട് ആറ് വസ്തുതകളാണ് ലേഖകൻ ഇവിടെ പരാമർശിക്കുന്നത്.

## A. ദൈവപുത്രനിൽ വസിക്കുന്നവർക്കുള്ള അറിയിപ്പ് (വാ. 18)

**"കുഞ്ഞുങ്ങളെ, ഇത് അന്ത്യനാഴിക ആകുന്നു"**

### 1. അന്ത്യനാഴികയുടെ അർത്ഥം

ബാല്യക്കാരുടെ ശത്രു ഈ ലോകം ആയിരിക്കുന്നുവെങ്കിൽ വിശ്വാസത്തിൽ കുഞ്ഞുങ്ങളായവരുടെ ശത്രു എതിർക്രിസ്തുക്കൾ അഥവാ വഞ്ചകരായ ദുരുപദേഷ്ടാക്കൾ ആകുന്നു. അവർ രക്ഷിക്കപ്പെടാത്തവരുടെ അടുക്കലേക്കല്ല, മറിച്ച് വിശ്വാസത്തിൽ ശിശുക്കൾ ആയവരുടെ അടുക്കലേക്കും ഉപദേശനിശ്ചയമില്ലാത്തവരുടെ അടുക്കലേക്കുമാണ് പോകുന്നത് (മത്തായി 24:24). അതുകൊണ്ടാണ് ഇവിടെ **"കുഞ്ഞുങ്ങളെ"** എന്ന സംബോധനയോടെ ആരംഭിക്കുന്നത്. **"കുഞ്ഞുങ്ങളെ"** എന്ന നാമം 2:1,12,28 വാക്യങ്ങളിൽ ഉപദേശനിശ്ചയം വരുത്തുവാൻ പ്രാപ്തിയുള്ള ദൈവസന്തതികൾ എന്ന അർത്ഥ

ത്തിലും 2:13,18 വാക്യങ്ങളിൽ ഉപദേശനിശ്ചയമില്ലാത്ത ആത്മികശിശുക്കൾ എന്ന അർത്ഥത്തിലുമാണ് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ **"കുഞ്ഞുങ്ങളെ"** എന്ന പേരുകൊണ്ട് ആത്മികവളർച്ചയിൽ കുഞ്ഞുങ്ങളായിരിക്കുന്നവരെ മാത്രമല്ല, വിശ്വാസസമൂഹത്തെ മുഴുവനായും യോഹന്നാൻ ഉദ്ദേശിക്കുന്നു. കാരണം അവരുടെ ആത്മിക പിതാവും അപ്പൊസ്തലനും എന്ന നിലയിൽ, ആലോചനയും ആജ്ഞയുമാണ് തുടർന്ന് യോഹന്നാൻ നല്കുന്നത്. അവരോട് താൻ പ്രത്യേകമായി പറയുന്നത് **"ഇത് അന്ത്യനാഴിക ആകുന്നു"** എന്നതാണ്.

**"നാഴിക"** എന്ന പദം യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ധാരാളം ഉപയോഗിച്ചിട്ടുണ്ടെങ്കിലും (2:4; 4:23; 16:2 c.f. ലൂക്കൊസ് 22:53) **"അന്ത്യനാഴിക"** എന്നുള്ള പദം പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്.

എങ്കിലും യോഹന്നാന്റെ എഴുത്തുകളിൽ രണ്ടുതരം നാഴികകൾ കാണപ്പെടുന്നുണ്ട്. ഇതിൽ ആദ്യത്തേത് ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണവുമായി ബന്ധപ്പെട്ടുള്ളതാണ്. ഉദാഹരണമായി "എന്റെ നാഴിക ഇതുവരെ വന്നിട്ടില്ല" (യോഹ. 2:4; 7:30; 8:20; 13:1). ഇത് മനുഷ്യന്റെ നാഴികയല്ല, മറിച്ച് മനുഷ്യന്റെ വീണ്ടെടുപ്പിനുള്ള ദൈവിക നാഴികയാണ്. രണ്ടാമത്തേത് ദൈവപുത്രന്റെ മഹത്വപ്രത്യക്ഷതയ്ക്ക് തൊട്ടുമുമ്പുള്ളതും ജാതികളുടെ കാലത്തിന്റെ അവസാനഘട്ടത്തിലുള്ളതുമാണ് (1 യോഹ. 2:18; യോഹ. 5:25,29). ഇവിടെ ഉപയോഗിച്ചിട്ടുള്ള **"അന്ത്യനാഴിക"** സമയത്തിന്റെ ഏറ്റവും അവസാനഘട്ടം എന്ന അർത്ഥത്തിലല്ല, മറിച്ച് നാഴികയുടെ ദൈർഘ്യം ചെറുതായാലും വലുതായാലും ഒരു കാലഘട്ടത്തിന്റെ അവസാനം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്.

തിരുവെഴുത്തിൽ പ്രധാനമായും നാല് കാലഘട്ടങ്ങളെക്കുറിച്ചാണ് പരാമർശമുള്ളത്. അതിൽ ഒന്നാമതായി, ആദിയിൽ അഥവാ അനാദി കാലം (യോഹ. 1:1; എഫെ. 3:9). രണ്ടാമതായി, പൂർവ്വകാലം അഥവാ പണ്ടുകാലം (അപ്പൊ. 17:30-31; എഫെ. 3:5; എബ്രാ. 1:2; 2 പത്രൊസ് 2:5; 3:5). മൂന്നാമതായി, ഇപ്പോൾ അഥവാ ഇക്കാലം (അപ്പൊ. 7:30; റോമർ 11:5; എഫെ. 5:16; എബ്രാ. 9:9). നാലാമതായി, ഭാവികാലം അഥവാ വരുവാനുള്ള കാലം (എഫെ. 2:6; എബ്രാ. 2:5).

ഇപ്പോഴുള്ള ഈ ദുഷ്ടലോകം തിന്മയിൽ ആരംഭിച്ച് തിന്മയിൽ അവസാനിക്കുന്നു (ഗലാ. 1:3). ഈ ദുഷ്ടലോകത്തിന്റെ അവസാന നാഴികയാകുന്നു ഇപ്പോൾ എന്നാണ് യോഹന്നാൻ ഇവിടെ പറയുന്നത്. അതുകൊണ്ട് അവസാനത്തിന്റെ ഏറ്റവും അവസാനം എന്ന അർത്ഥമല്ല, മറിച്ച് കേവലം അവസാനം എന്ന അർത്ഥമാണ് ഇതിനുള്ളത്.

പുതിയനിയമത്തിന്റെ വിശാല അർത്ഥത്തിൽ, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനും മഹത്വപ്രത്യക്ഷതക്കും ഇടക്കുള്ള കാലഘട്ടമാണ് അന്ത്യനാഴിക (അപ്പൊ. 2:17; എബ്രായർ 1:1–2; 1 പത്രൊസ് 1:20).

വളരെ സംഭവബഹുലമാണ് ഈ കാലഘട്ടം. ദൈവം തന്റെ ജനത്തിന് അന്ത്യകാലത്തേക്ക് വാഗ്ദത്തം ചെയ്ത ഐഹികവും അക്ഷരികവുമായ ദൈവരാജ്യം (ദാനി. 2:44) അതിന്റെ പൂർണ്ണതയിൽ വെളിപ്പെടുന്നത് കർത്താവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയിൽ ആണെങ്കിലും ദൈവികപദ്ധതിയിലുള്ള ഒരു ആത്മിക മാർമ്മിക ദൈവരാജ്യം കർത്താവിന്റെ ഒന്നാമത്തെ പ്രത്യക്ഷതയിൽ തന്നെ ദൈവം ആരംഭിച്ചുകഴിഞ്ഞു (മർക്കൊസ് 1:14; 9:1). അപ്പൊസ്തലന്മാർ ഈ ദൈവരാജ്യം പ്രസംഗിച്ചു (മത്തായി 10:7; അപ്പൊ. 8:12; 14:22; 19:8; 28:23). യിസ്രായേൽ മാത്രമല്ല, സകലജാതികളും അതിലേക്ക് വിശ്വാസത്താൽ പ്രവേശിച്ചു (ലൂക്കൊസ് 16:16; അപ്പൊ. 13:46). കർത്താവായ യേശുവിന്റെ രൂപാന്തരം, കഷ്ടാനുഭവം, മരണം, ഉയർപ്പ്, ഉയർച്ച മുതലായതെല്ലാം ദൈവരാജ്യം ശക്തിയോടെ വന്നതിന്റെ ചില അടയാളങ്ങൾ മാത്രമായിരുന്നു (മർക്കൊസ് 9:1; എഫെ. 1:20–23; ഫിലി. 2:9–11; 1 പത്രൊസ് 3:22).

ക്രിസ്തീയവീക്ഷണത്തിൽ, ലോകത്തിന് അവസാനം ഉണ്ടാകുന്നതിനെയല്ല, മറിച്ച് ലോകത്തെക്കുറിച്ചുള്ള ദൈവികലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനാണ് ലോകാവസാനം എന്നു പറയുന്നത്.

“കർത്താവിന്റെ നാൾ” പഴയനിയമത്തിൽ യിസ്രായേലിനോട് മാത്രം ബന്ധപ്പെട്ട ഒരു സംഭവമായിരുന്നെങ്കിൽ പുതിയനിയമത്തിൽ അത് സാർവ്വത്രിക അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത് (1 തെസ്സ. 5:2; 2 പത്രൊസ് 3:10) അതാണ് ലോകചരിത്രത്തിന്റെ അവസാനം കുറിക്കുന്ന സംഭവമായിരിക്കുന്നത്.

എന്നാൽ **“അന്ത്യനാഴിക”** ഈ കാലഘട്ടത്തിന്റെ അവസാന

സമയം തന്നെ ആകുന്നു (1 തിമൊ. 4:1; 2 തിമൊ. 3:1; 2 പത്രൊസ് 1:4; 2 പത്രൊസ് 3:3-4; യൂദാ. 1:18). കർത്താവിന് ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരുദിവസം പോലെയും മാത്രം ഇരിക്കുന്നതുപോലെ **"നാഴിക"** വിശാല അർത്ഥത്തിൽ ഒരു വലിയ കാലഘട്ടം ആയിരിക്കാം. അല്ലെങ്കിൽ ചുരുക്കത്തിൽ ഒരു യാമം മാത്രം ആയിരിക്കാം.

## 2. അന്ത്യനാഴികയുടെ അടയാളം

### a. എതിർക്രിസ്തുവിന്റെ ആഗമനം

**"എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ."** **"എതിർക്രിസ്തു"** എന്നുള്ള പദം മൂന്ന് സ്ഥലങ്ങളിൽ മാത്രമാണ് വചനത്തിൽ കാണുന്നത്. മാത്രമല്ല യോഹന്നാൻ മാത്രമാണ് ഇത് ഉപയോഗിച്ചിട്ടുള്ളത് (1 യോഹ. 2:18; 4:3; 2 യോഹ. 1:7). ഇവിടെയെല്ലാം **"എതിർക്രിസ്തു"** എന്ന പദം ഒരു വ്യക്തിയുടെ സ്ഥാനപേരായിട്ടാണ് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് (ഉദാ. ഫറവോൻ, ഹെരോദാവ്, കൈസർ). പഴയനിയമത്തിൽ ലിവ്യാഥാൻ, രഹബ്, മഹാസർപ്പം (യെശ. 27:1; 51:9) ചെറിയകൊമ്പ്, വരുവാനുള്ള പ്രഭു (ദാനീ. 7:8; 9:26) തുമ്പുകെട്ട ഇടയൻ (സെഖ. 11:15-16) എന്നും പുതിയനിയമത്തിൽ നാശയോഗ്യൻ, അധർമ്മ മൂർത്തി (2 തെസ്സ. 2:3,8) മൃഗം (വെളി. 13:2-10) എന്നും **"എതിർക്രിസ്തു"** അറിയപ്പെടുന്നു.

ക്രിസ്തുവിനോട് എതിർത്തു നില്ക്കുന്നതും ക്രിസ്തുവിന്റെ സ്ഥാനത്ത് നില്ക്കുവാൻ തന്നെത്താൻ ഉയർത്തുന്നതും പൈശാചിക നിയന്ത്രണത്തിലുള്ളതും ഭാവിയിൽ വെളിപ്പെടുവാൻ ഇരിക്കുന്നതുമായ ഒരു ലോക നേതാവിനെയാണ് **"എതിർക്രിസ്തു"** എന്നതുകൊണ്ട് യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നത് (2 തെസ്സ. 2:4,9).

എതിർക്രിസ്തു **"വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ..."**. ഇവിടെ **"കേട്ടിട്ടുണ്ടല്ലോ"** (ēkousate) എന്നതിന് എതിർക്രിസ്തുവിന്റെ ആഗമനത്തെക്കുറിച്ച് വിശ്വാസസമൂഹം വാർത്തയായി കേട്ടിട്ടുണ്ടല്ലോ, അവർക്ക് വിവരങ്ങൾ ലഭിച്ചിട്ടുണ്ടല്ലോ എന്നാണർത്ഥം. വ്യാകരണപ്രകാരം (constative aorist) എവിടെ എങ്ങനെ എപ്പോൾ എന്നിങ്ങനെയുള്ള വിശദീകരണം കൂടാതെ സംഭവിച്ചുകഴിഞ്ഞ ഒരു പ്രവൃത്തിയെ ഇവിടെ മൊത്തത്തിൽ സൂചിപ്പിക്കുന്നു. അതുപോലെ

“**വരുന്നു**” (erchetai) എന്നതിന് പരസ്യമായി പ്രത്യക്ഷമാകുക എന്നാണർത്ഥം. വ്യാകരണപ്രകാരം (futurstic present) ഇപ്പോൾ തന്നെ ആരംഭിച്ചതും എന്നാൽ ഭാവിയിൽ പൂർത്തീകരിക്കപ്പെടുന്നതുമായ ഒരു സംഭവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

എതിർക്രിസ്തുവിന്റെ ആഗമനത്തെക്കുറിച്ച് അപ്പൊസ്തലന്മാരും അപ്പൊസ്തലിക പക്ഷത്തുള്ളവരും അടങ്ങിയ പല മുഖാന്തരങ്ങളിലൂടെ അനുവാചകർ അറിഞ്ഞ കാര്യങ്ങളെയാണ് ഇതു സൂചിപ്പിക്കുന്നത്. നമുക്ക് ഇതിനെക്കുറിച്ചുള്ള വിശദീകരണം തിരുവെഴുത്തിൽനിന്ന് ഏകദേശം വ്യക്തമാണ്. കർത്താവിന്റെ ആകാശപ്രത്യക്ഷതയ്ക്ക് ശേഷവും (1 തെസ്സ. 4:17), മഹത്വപ്രത്യക്ഷതയ്ക്ക് മുമ്പായും (2 തെസ്സ. 2:3-8) ഒരു പ്രത്യേക വ്യക്തിയിൽ എതിർക്രിസ്തുവിന്റെ പ്രത്യക്ഷമായ ഒരു വെളിപ്പെടൽ ഉണ്ടാകും. കർത്താവിന്റെ പ്രത്യക്ഷതയുടെ സമയം എതിർക്രിസ്തുവിന് അറിയാത്തതിനാൽ (മത്തായി 24:36) അവസരം വരുമ്പോൾ തനിക്കുവേണ്ടി ലോകനേതൃത്വം ഏറ്റെടുത്ത് തന്റെ ഇഷ്ടം നിറവേറ്റുവാൻ എക്കാലത്തും പിശാച് ഒരാളെ ഒരുക്കിനിർത്തിയിരിക്കും. അവൻ വെളിപ്പെടുന്ന സമയത്ത് താൻ തന്നെയാണ് വരുവാനുള്ള ക്രിസ്തു എന്ന് അവകാശപ്പെടുകയും ദൈവാലയത്തിന്റെ മുഖ്യസ്ഥാനത്ത് ഇരിക്കയും ആരാധന ആവശ്യപ്പെടുകയും ചെയ്യും (ദാനീ. 9:27; 11:31; 12:11; മത്തായി 24:15; 2 തെസ്സ. 2:3-4).

### b. എതിർക്രിസ്തുവിന്റെ ആത്മാവ്

നാം ജീവിക്കുന്നത് അന്ത്യനാഴികയിലാകുന്നുവെന്നതിന്റെ തെളിവായി യോഹന്നാൻ ചൂണ്ടിക്കാണിക്കുന്നത് എതിർക്രിസ്തുക്കളുടെ വെളിപ്പെടൽ ആകുന്നു.

**“ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴിക ആകുന്നു എന്ന് നമുക്ക് അറിയാം”** (വാ. 18b).

വ്യാകരണപ്രകാരം ഇവിടെ “**എഴുന്നേറ്റിരിക്കയാൽ**” (gegonasin -extensive perfect) എന്നതിന് ഇപ്പോൾ എഴുന്നേറ്റുവരുന്നുവെന്നല്ല, മറിച്ച് ദുരുപദേഷ്ടാക്കളുടെ രൂപത്തിൽ ഇപ്പോൾതന്നെ വെളിപ്പെട്ടുവന്നിരിക്കുന്നു അഥവാ സന്നിഹിതരായിരിക്കുന്നു എന്നാണർത്ഥം. അതുപോലെ “**നമുക്ക് അറിയാം**” (ginōskomen) എന്നത് ഇവിടെ വ്യാകരണപ്രകാരം (progressive present) ഇക്കാര്യം ഇപ്പോൾതന്നെ അറിയു

ന്നതിനെയും അറിവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയെയും സൂചിപ്പിക്കുന്നു.

ദുരുപദേഷ്ടാക്കളും ആത്മികവഞ്ചകരും പണ്ടുമുതൽ ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നെങ്കിലും (2 പത്രൊസ് 2:1) ഇക്കാലത്ത് അവ അനേകമായി പെരുകിയിരിക്കുന്നു. അതുകൊണ്ട് ഇത് അന്ത്യനാഴിക ആകുന്നുവെന്ന് നാം അറിയുന്നു.

പൈശാചിക നിയന്ത്രണത്തിലുള്ള ഈ ലോകത്തിൽ (1 യോഹ. 5:19) എതിർക്രിസ്തുവിന്റെ ആത്മാവ് ഇപ്പോൾതന്നെ വ്യാപരിച്ചുകൊണ്ടിരിക്കുകയാണ് (2 തെസ്സ. 2:7). എന്നാൽ യോഹന്നാൻ സൂചിപ്പിക്കുന്ന ഈ എതിർക്രിസ്തുക്കൾ തന്റെ ലേഖനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കള്ളന്മാർ, ദുരുപദേഷ്ടാക്കൾ, വഞ്ചകർ മുതലായവർ ആകുന്നു (2:4,22; 4:3; 2 യോഹ. 1:7). അന്ത്യകാലത്ത് വെളിപ്പെടുവാനിരിക്കുന്നതും മൃഗം എന്നപേരിൽ അറിയപ്പെടുന്നതുമായ (വെളി. 13:1–18) എതിർക്രിസ്തുവിന്റെ മുന്നോടികളാണിവർ. കഴിയുമെങ്കിൽ വൃതന്മാരെയും തെറ്റിക്കേണ്ടതിന് കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേല്ക്കുമെന്ന കർത്താവിന്റെ മുന്നറിയിപ്പാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത് (മത്തായി 24:4,5,11,24 c.f. മർക്കൊസ് 13:21–22). മാത്രമല്ല, കർത്താവിന്റെ വചനവും ദാനിയേൽ പ്രവാചകന്റെ വാക്കുകളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ (ദാനി. 7:25; 8:12, 23–25; മർക്കൊസ് 13:30–37) ഇത് പൂർവ്വകാലം മുതലുള്ള കേൾവിയാണ്. കർത്താവിന്റെ അപ്പൊസ്തലന്മാരും അന്ത്യകാല ദുരുപദേഷ്ടാക്കളെക്കുറിച്ച് മുന്നറിയിപ്പ് നല്കിയിരിക്കുന്നു (2 തെസ്സ. 2:3–4; 2 പത്രൊസ് 2:1).

മുമ്പ് ഒരു ഭാവി ഭീഷണിയായി മാത്രം കരുതപ്പെട്ടിരുന്നത് ഇപ്പോൾ ഒരു യാഥാർത്ഥ്യമായി തീർന്നിരിക്കുന്നതായി കാണുന്നു. ഒരുപക്ഷേ, പിരിഞ്ഞുപോയവരുടെ നേതൃത്വം ആകാം ഈ എതിർക്രിസ്തുക്കൾ (2:19). ഇവിടെ ബഹുവചനത്തിനും ഏകവചനത്തിനും പ്രത്യേകമായി വിവേചകഭേദകം (the) ഇല്ലായെങ്കിലും പിന്നീടുള്ള പരാമർശനങ്ങളിൽ ഏകവചനത്തിന് അത് ഉണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ് (2:22; 2 യോഹ. 1:7). ഒരാളെ ആദ്യമായി അവതരിപ്പിക്കുമ്പോൾ അതോടൊപ്പം വിശേഷണഭേദകം (the) ചേർക്കാതിരിക്കുന്നതും എന്നാൽ പിന്നീടുള്ള പരാമർശനത്തിൽ അത് ചേർക്കുന്നതും പുരാതന സാഹിത്യരചനയുടെ രീതിയുമാണ് (1 യോഹ. 2:2; 4:3; 2 യോഹ. 1:7).

എതിർക്രിസ്തുക്കൾ കർത്താവിനും അവന്റെ രാജ്യത്തിനും എതി

രായി തന്നെത്താൻ ഉയർത്തുന്നവരും (2 തെസ്സ. 2:1-7) ക്രിസ്തു തന്നെയെന്ന് അവകാശപ്പെടുന്നവരും (മർക്കൊസ് 13:22) ദൈവ പുത്രനായ യേശുവിനെ ക്രിസ്തുവായി അംഗീകരിക്കാത്തവരുമാകുന്നു (1 യോഹ. 2:22). തങ്ങളെക്കുറിച്ചും ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചും വ്യാജം പറഞ്ഞുപരത്തുന്ന ഇവർക്ക് എതിർക്രിസ്തുവിന്റെ ആത്മാവാണുള്ളത് (1 യോഹ. 4:3). അവരുടെ ആഗമനം യോഹന്നാന്റെ തലമുറയിൽ അന്യഥായുള്ള ഉപദേശത്തിന് മാത്രമല്ല, ധാർമ്മിക നിലവാര തകർച്ചയ്ക്കും കാരണമായിരിക്കുന്നു (1 യോഹ. 1:6-10; 2:4).

**c. എതിർക്രിസ്തുക്കളുടെ അടയാളം (വാ. 19)**

**"അവർ നമ്മുടെ ഇടയിൽനിന്നും പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു..."** (വാ. 19).

എതിർക്രിസ്തുവിന്റെ ആത്മാവുള്ള അന്ത്യകാല വഞ്ചകരായ ദുരുപദേഷ്ടാക്കളുടെ അടയാളം നിർണ്ണായകഘട്ടത്തിൽ അവർ വിശുദ്ധന്മാരുടെ കൂട്ടായ്മയെ വിട്ടുപോകുന്നു എന്നതാണ്. അന്ത്യകാലത്ത് എതിർക്രിസ്തുക്കളാൽ വഞ്ചിക്കപ്പെട്ട് (മത്തായി 24:24) നാളിതുവരെ സംഭവിക്കാത്ത വലിയ വിശ്വാസത്യാഗം ഉണ്ടാകും (2 തെസ്സ. 2:3). എന്നാൽ അതിനുമുമ്പുതന്നെ ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശത്തെയും ആശ്രയിച്ച് ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കുമെന്ന് ആത്മാവ് വചനത്തിലൂടെ തെളിവായി പറയുന്നുണ്ട് (1 തിമൊ. 4:1; 2 പത്രൊസ് 2:1-2).

അതിനുകാരണം എല്ലാത്തരം ആളുകളും ഉൾപ്പെടുന്ന ദൃശ്യസഭയും കർത്താവ് അറിയുന്നവർ മാത്രം ഉൾപ്പെടുന്ന അദൃശ്യസഭയും തമ്മിൽ വലിയ വ്യത്യാസം ഉള്ളതുകൊണ്ടാണ് (ഗലാ. 4:9; 2 തിമൊ. 2:19). തന്നിൽ വിശ്വസിക്കാത്തവർ തന്റെ ആടുകളുടെ കൂട്ടത്തിൽ ഉള്ളവരല്ലായെന്ന് കർത്താവും പറഞ്ഞിട്ടുണ്ട് (യോഹ. 10:25,26).

ഇവിടെ (2:19,20) **"നമ്മുടെ"**, **"നിങ്ങൾ"** എന്നുള്ള വാക്കുകളിൽനിന്നും ദുരുപദേഷ്ടാക്കൾ ആദ്യത്തെ അനുവാചകരുടെ ഇടയിൽനിന്നല്ല. മറിച്ച്, പൊതുവിശ്വാസ സമൂഹത്തിൽനിന്നും പുറപ്പെട്ടതായിട്ടാണ് മനസ്സിലാകുന്നത്. ഒരുപക്ഷേ, അനുവാചകരെ തെറ്റിദ്ധരിപ്പിക്കുവാനായി അവരെ സമീപിക്കുവാൻ സാധ്യതയുണ്ടെന്നുള്ള ഒരു മുന്നറിയിപ്പും ഇതിൽ കാണുന്നു.

മാത്രമല്ല, ഇവിടെ **"പുറപ്പെട്ടു"** (exēlthan) എന്നതിന് ബന്ധം വിട്ടുപോയി എന്നാണർത്ഥം. വ്യാകരണപ്രകാരം (constative aorist) എപ്പോൾ എങ്ങനെ എന്നിങ്ങനെയുള്ള വിശദീകരണം കൂടാതെ സംഭവിച്ചുകഴിഞ്ഞ ഒരു പ്രവൃത്തിയെ മൊത്തത്തിൽ ഇവിടെ സൂചിപ്പിക്കുന്നു.

സുവിശേഷത്തിൽ, ഖണ്ഡം വാങ്ങിയ ഉടനെ യൂദ "എഴുന്നേറ്റുപോയി" എന്നതിന് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്ന അതേ വാക്കു തന്നെയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത് (യോഹ. 13:30). അത് തന്നെയുമല്ല ഇവിടെ വ്യാകരണപ്രകാരം (aorist active) അവരെ പുറത്താക്കിയതല്ല, മറിച്ച് അവർ സ്വമേധയാ പുറത്ത് പോയതാണെന്നും തെളിയുന്നു. അവർ നമ്മുടെ ഇടയിൽനിന്നും പുറപ്പെട്ടു എങ്കിലും **"നമുക്കുള്ളവർ ആയിരുന്നില്ല"**; എന്നാൽ അവർ നമ്മുടെ ഇടയിൽനിന്നും പുറപ്പെട്ടുപോയപ്പോൾ മാത്രമാണ് അക്കാര്യം നമുക്ക് വെളിപ്പെട്ടത്.

ദുരുപദേഷ്ടാക്കൾക്കും അവരുടെ ഉപദേശത്തിനും അപ്പൊസ്തലിക അധികാരം ഉണ്ടായിരുന്നില്ല (അപ്പൊ. 15:24). അവർ അപ്പൊസ്തലന്മാർ ഉൾപ്പെടുന്ന വിശ്വാസസമൂഹത്തിൽനിന്നും പുറപ്പെട്ടവരെങ്കിലും കർത്താവിന്റെ അപ്പൊസ്തലന്മാരെയും വിശ്വാസസമൂഹത്തെയും വിട്ടുപോയതിലൂടെ അവർ വീണ്ടും ജനിക്കാത്തവരും വിശ്വാസസമൂഹത്തിൽ ഉൾപ്പെടാത്തവരുമായിരുന്നുവെന്ന് തെളിയിക്കപ്പെട്ടു. എന്നാൽ നമ്മെ വിട്ടുപോയവർ മാത്രമല്ല, ഇപ്പോൾ നമ്മോടൊപ്പമുള്ള എല്ലാവരും നമുക്കുള്ളവരല്ലായെന്ന് ഇനിയും തെളിയിക്കപ്പെടേണ്ടതാണെന്നുള്ള ഒരു ധ്വനിയും ഇതിലുണ്ട്. അതുകൊണ്ട് **"എല്ലാവരും നമുക്കുള്ളവരല്ല എന്ന് പ്രസിദ്ധമാകേണ്ടതല്ലോ"** എന്നതിലൂടെ വ്യാജവിശ്വാസികൾ ആരാണെന്നും എങ്ങനെയുള്ളവർ ആണെന്നും ഉറപ്പായി വെളിപ്പെടേണ്ടതിന് ദുരുപദേശത്തിന്റെ വക്താക്കൾ വേർപെടേണ്ടത് ആവശ്യമായിരിക്കുന്നുവെന്നും (c.f. കൊരി. 11:19) അതിനായി ദൈവം അവരെ വെളിപ്പെടുത്തുമെന്നും സ്പഷ്ടമാണ്. കാരണം **"പ്രസിദ്ധമാകേണ്ടതല്ലോ"** (phanerōthōsin) എന്നതിന് വെളിച്ചത്ത് വരേണ്ടതല്ലോ, വെളിപ്പെടേണ്ടതല്ലോ, അറിയേണ്ടതല്ലോ എന്നാണർത്ഥം. വ്യാകരണപ്രകാരം (constative aorist) എപ്പോൾ എങ്ങനെ എന്നുള്ള വിശദീകരണം കൂടാതെ സംഭവിച്ചുകഴിഞ്ഞ ഒരു പ്രവൃത്തിയെ മൊത്തത്തിൽ സൂചിപ്പിക്കുന്നതിനും അതിന്റെ ഉറപ്പായ ഫലത്തെയും ഇവിടെ സൂചിപ്പി

ക്കുന്നു (aorist passive subjunctive). അർത്ഥാൽ, അവർ തന്നെത്താൻ വെളിപ്പെടുത്തുന്നതിലുപരിയായി ദൈവം അവരെ വെളിപ്പെടുത്തിയിരിക്കും. അതുകൊണ്ട് ദൈവജനത്തിന്റെ കൂട്ടായ്മയെ വിട്ടുപോകുന്നവർ വീണ്ടും ജനിച്ചവരല്ല; ജീവിതത്തിന്റെ ഒരു നിർണ്ണായക ഘട്ടത്തിൽ അവരുടെ യഥാർത്ഥ അവസ്ഥ വെളിപ്പെടുന്നുവെന്ന് മാത്രം.

**B. ദൈവപുത്രനിൽ വസിക്കുന്നവരുടെ അടയാളം (2:19-23)**

**1. അവർ വിശ്വാസ സമൂഹത്തോട് ചേർന്നുനില്ക്കുന്നു**

**"അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടു കൂടെ പാർക്കുമായിരുന്നു"** എന്നതിന്റെ മറുവശം നമുക്കുള്ളവരെല്ലാം നമ്മോടുകൂടെതന്നെ പാർക്കുമെന്നാണ്.

ഇവിടെ **"നമ്മോടുകൂടെ പാർക്കുമായിരുന്നു"** (memenēkeisan) എന്നതിന് വസിക്കുമായിരുന്നു, നിലനില്ക്കുമായിരുന്നു, തുടരുമായിരുന്നു എന്നാണർത്ഥം. വ്യാകരണ പ്രകാരം ഇവിടെ (intensive pluperfect) മുൻകാലപ്രവൃത്തിയുടെ നിലനില്ക്കുന്ന അനന്തര ഫലത്തെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ദൈവപുത്രനിൽ വസിക്കാത്തവർ ദൈവജനത്തിന്റെ കൂട്ടായ്മയെ വിട്ടുപോകുമ്പോൾ, ദൈവപുത്രനിൽ വസിക്കുന്നവർ ദൈവജനത്തിന്റെ കൂട്ടായ്മയെ വിട്ടുപോകാത്തവരായിരിക്കുന്നു.

എന്നാൽ ഒരാൾ ഒരു പ്രാദേശിക സഭാബന്ധം വിട്ടുപോകുന്നത് പത്ഥ്യോപദേശം തള്ളിക്കളഞ്ഞതിന്റെ ഏക തെളിവായിരുന്നില്ല. മറിച്ച് ഒരു സഭാനേതൃത്വം ദുരുപദേശത്തിലേക്ക് നീങ്ങുന്നുവെങ്കിൽ ഒരു യഥാർത്ഥവിശ്വാസി അങ്ങനെയുള്ള ബന്ധം വിട്ടുപോകുന്നതാണ് ഉത്തമം (c.f. മത്തായി 7:15-20).

എന്നാൽ യഥാർത്ഥവിശ്വാസികൾ ഒരിക്കലും ദുരുപദേഷ്ടാക്കളാൽ വഞ്ചിക്കപ്പെടുകയോ വശീകരിക്കപ്പെടുകയോ ദൈവജനത്തിന്റെ കൂട്ടായ്മ വിട്ടുപോകുകയോ ചെയ്കയില്ല. കാന്തത്തിലേക്ക് ഇരുമ്പ് വേഗത്തിൽ ആകർഷിക്കപ്പെടുമെങ്കിലും പൊന്ന് ആകർഷിക്കപ്പെടാത്തതുപോലെ ദൈവത്തിനുള്ളവർ ദുരുപദേഷ്ടാക്കളോട് ചേർന്നുപോകുകയില്ല. മറിച്ച് ദൈവത്തോടും ദൈവജനത്തോടും മാത്രം ചേർന്നിരിക്കും. വിശ്വാസത്തിന്റെ ശൈശവാവസ്ഥയിൽ യഥാർത്ഥവിശ്വാസികൾ ചിലപ്പോൾ സംശയിക്കുകയും ഇടറുകയും താല്ക്കാലികമായി പ്രതി

കരണശേഷി ഇല്ലാത്തവരായിരിക്കുമെങ്കിലും വിശ്വാസത്തിന്റെ പരിശോധനയിൽ അവർ വിശ്വാസത്തിൽതന്നെ നിലനില്ക്കുമെന്ന് വചനം വ്യക്തമായി പറയുന്നു (ഇയ്യോബ് 13:15; വിലാ. 3:24-26; മീഖാ. 7:7; സെഫ. 3:8; മർക്കൊസ് 13:13; കൊലൊ. 1:21-23; എബ്രാ. 3:6,14; 6:11-12; 10:36; വെളി. 2:10). ഏതുതരം എതിർപ്പുകളിലൂടെയും പ്രതിസന്ധികളിലൂടെയും കടക്കേണ്ടിവന്നാലും യഥാർത്ഥ വിശ്വാസത്തെയും യഥാർത്ഥ ഭക്തിയെയും വെളിപ്പെടുത്തേണ്ടതായ ഘട്ടത്തിൽ അവർ ഒരിക്കലും വിശ്വാസം ത്യജിക്കുകയോ വചനത്തിലെ സത്യം ഉപേക്ഷിച്ച് പോകുകയോ ചെയ്യുകയില്ല.

## 2. അവർക്ക് അഭിഷേകവും അറിവും ഉണ്ട് (2:20-21)

**"നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു."**

അനുവാചകരായ യഥാർത്ഥവിശ്വാസികൾ വിശ്വാസത്തിലും സത്യത്തിലും കൂട്ടായ്മയിലും നിലനില്ക്കുന്നതിനുള്ള കാരണം അവർ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു എന്ന കാരണത്താലാണ് (വാ. 20). "**നിങ്ങളൊ**" എന്നത് ബഹുവചനത്തിൽ കാണപ്പെടുന്നതുകൊണ്ട് വിശ്വാസം വിട്ടുപോകുന്നവരിലുമുപരിയായി വിശ്വാസത്തിൽ നിലനില്ക്കുന്നവർക്കാണ് യോഹന്നാൻ ഊന്നൽ നല്കുന്നത്. വിപരീതോപദേശക്കാരിൽനിന്നും വ്യത്യസ്തമായി വിശ്വസ്തരായവർ വിശ്വാസം കാത്ത് ജീവിക്കുന്നു. അതിനായി അവർക്ക് അഭിഷേകവും അറിവും ലഭിച്ചിരിക്കുന്നു. അതിലൂടെ അവർക്ക് ഉപദേശപരവും ധാർമ്മികപരവുമായ ശരിയും തെറ്റും തിരിച്ചറിയുവാൻ കഴിയുന്നു.

എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്ന അഭിഷേകം ചെയ്ത "**പരിശുദ്ധൻ**" പിതാവായ ദൈവം ആകുന്നുവെന്നും (സങ്കീ. 71:23; യെശയ്യ. 1:4) പുത്രനായ ക്രിസ്തു ആകുന്നുവെന്നും മർക്കൊസ് 1:24; യോഹ. 6:69; അപ്പൊ. 2:27; 3:14) രണ്ട് പക്ഷം ഉണ്ട്. പിതാവും പുത്രനും "**പരിശുദ്ധൻ**" ആകുന്നുവെങ്കിലും വിശ്വാസികളെ അഭിഷേകം ചെയ്ത പരിശുദ്ധൻ പിതാവായ ദൈവം തന്നെ ആകുന്നു (2 കൊരി. 1:21).

അതുപോലെ "**അഭിഷേകം**" പല ആവശ്യങ്ങൾക്കുവേണ്ടിയു

ള്ളതായിരുന്നുവെന്നും തിരുവെഴുത്തിൽ കാണുന്നു. ഒന്നാമതായി, മനുഷ്യരെയും വസ്തുക്കളെയും അഭിഷേകം ചെയ്ത് വിശുദ്ധകാര്യങ്ങൾക്ക് വേർതിരിച്ചിരുന്നു (പുറപ്പാട് 29:7; 30:25; 40:15; യെശയ്യ. 45:1; 61:1). രണ്ടാമതായി, ഒരു നിയോഗത്തിനുള്ള അംഗീകാരം അഥവാ ഒരു നിയോഗത്തിന് തിരഞ്ഞെടുത്തതിന്റെ അടയാളം മാത്രമായിരുന്നു അഭിഷേകം (2 ശമൂവേൽ 2:4; 15:3; 19:21; യെശയ്യ. 45:1 c.f. 1 ശമൂവേൽ 10:1). എന്നാൽ ഈ അഭിഷേകത്തോടൊപ്പം ആത്മാവിനെ നല്കിയിരുന്നില്ല. മൂന്നാമതായി, ദാവീദിനെയും ക്രിസ്തുവിനെയും ദൈവം അഭിഷേകം ചെയ്തപ്പോൾ അഭിഷേകത്തോടൊപ്പം തന്റെ ആത്മാവിനെയും നല്കിയിരുന്നു (1 ശമൂവേൽ 16:13; 23:1; യെശയ്യാ. 61:1; ലൂക്കൊസ് 10:18). എന്നാൽ ക്രിസ്തുവിനെ ദൈവം ആത്മാവിനാൽ അഭിഷേകം ചെയ്തു എന്ന് പറയുന്നതിലൂടെ അഭിഷേകം ചെയ്ത മുഖാന്തരം മാത്രമായിരുന്നു ആത്മാവ് എന്നുവരുന്നു (അപ്പൊ. 10:38). മാത്രമല്ല, ക്രിസ്തുവിശ്വാസികളെ ദൈവം അഭിഷേകം ചെയ്തതും അവർക്ക് ആത്മാവിനെ നല്കിയതും രണ്ടു വ്യത്യസ്ത കാര്യങ്ങളായിതന്നെ അപ്പൊസ്തലൻ വേർതിരിച്ച് പറഞ്ഞിരിക്കുന്നു (2 കൊരി. 1:21-22). ഇതിൽനിന്നെല്ലാം ആത്മാവിനെ ലഭിച്ചതിനെക്കാൾ കൂടുതൽ കാര്യങ്ങൾ **"അഭിഷേകം പ്രാപിച്ച്"** എന്നതിൽ അടങ്ങിയിരിക്കുന്നുവെന്ന് മനസ്സിലാക്കാം (അപ്പൊ. 10:38). ഇക്കാര്യങ്ങൾ എല്ലാം അടിസ്ഥാനമാക്കിയും ലേഖനരചനയുടെ ശൈലി അടിസ്ഥാനമാക്കിയും (2:24,27) **"നിങ്ങളൊ പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ച് സകലവും അറിയുന്നു"** എന്നതിലൂടെ വീണ്ടും ജനനത്തോട് ബന്ധപ്പെട്ട് അനുവാചകർ ആത്മാവ് എന്ന ദാനം സ്വീകരിച്ചത് മാത്രമല്ല, വചനം സ്വീകരിച്ചതും **"അഭിഷേകം പ്രാപിച്ച്"** എന്നതിൽ അടങ്ങിയിരിക്കുന്നു. കാരണം, ഇവിടെ അഭിഷേകത്തിന്റെ പ്രവൃത്തിയായ വസിക്കുക ഉപദേശിക്കുക എന്നതിന് ആത്മാവിന്റെ പ്രവൃത്തിയുമായി വളരെ സാമ്യമുള്ളതുപോലെ (യോഹ. 1:32 c.f. 2 കൊരി. 1:21-22; യോഹ. 14:16-17,26; 15:13; 1 യോഹ. 1:27) ആത്മാവിന്റെ പ്രവൃത്തിക്ക് വചനത്തിന്റെ പ്രവൃത്തിയുമായും സാമ്യമുണ്ട്. ആത്മാവിനെപോലെ വചനവും ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം പറയുന്നു (യോഹ. 5:39; 15:26), പാപം നീതി ന്യായവിധി എന്നിവയുടെ ബോധ്യം നല്കുന്നു (യോഹ. 16:8; അപ്പൊ. 24:24-25), വീണ്ടും ജനിപ്പിക്കുന്നു (യോഹ. 3:5,6,8; യാക്കോബ് 1:18; 1 പത്രൊസ് 1:23), വഴി നടത്തുന്നു (യെഹസ്കേൽ 36:27; യോഹ. 16:13), വിശ്വാസിയിൽ വസിക്കുന്നു (യോഹ. 5:38 c.f. 1 യോഹ 1:10; 2:24,27),

ശുദ്ധീകരിക്കുന്നു (യോഹ. 17:17 c.f. എഫെ. 5:26; 1 കൊരി. 6:11; 1 പത്രൊസ് 1:2), ക്രിസ്തുവിൽ ഉറപ്പിക്കുന്നു (2 കൊരി. 1:21-22; എഫെ. 4:12-14).

"**അഭിഷേകം പ്രാപിച്ചു**" (chrisma - echete) എന്നത് ഇവിടെ വ്യാകരണപ്രകാരം (customary present) അഭിഷേകം അവരിൽ സ്ഥിരമായി തുടരുന്ന അഥവാ നിലനില്ക്കുന്ന അവസ്ഥയെയാണ് സൂചിപ്പിക്കുന്നത് (2:20,27 c.f. യോഹ. 14:16,17).

ചികിത്സയുടെ ഭാഗമായ എണ്ണയാലുള്ള ശാരീരിക അഭിഷേകത്തിനും (aleipho - മർക്കൊസ് 6:13; ലൂക്കൊസ് 7:46; യാക്കോബ് 5:14). പരിശുദ്ധാത്മാവിനാലുള്ള ആത്മിക അഭിഷേകത്തിനും (chrisma - ലൂക്കൊസ് 4:18; അപ്പൊ. 4:27; 10:38) വ്യത്യസ്തവാക്കുകളാണ് തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്നത് എന്നതും പ്രത്യേകം ശ്രദ്ധേയമാണ്.

അവനാൽ പ്രാപിച്ച അഭിഷേകത്തിലൂടെ നിങ്ങൾ "**സകലവും അറിയുന്നു**" എന്ന് യോഹന്നാൻ തുടർന്നു പറയുന്നത് അനുവാചകർ അക്ഷരീകമായി സകലവും അറിയുന്നുവെന്ന അർത്ഥത്തിലല്ല, മറിച്ച് ദുരുപദേഷ്ടാക്കളെ നേരിടുന്നതിനും പത്ഥ്യോപദേശത്തിലും കൂട്ടായ്മയിലും നിലനില്ക്കുന്നതിന് ഒരു വിശ്വാസി അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ടതെല്ലാം അറിയുന്നുവെന്ന അർത്ഥമാണ് ഇതിനുള്ളത് (യോഹ. 17:17 c.f. 1 യോഹ. 2:24,27).

എന്നാൽ ഈ അറിവ് പഠനത്തിലൂടെയും പരിചയത്തിലൂടെയും ആർജ്ജിച്ചെടുത്ത അറിവല്ല (ginoskow). മറിച്ച് സത്യവും വ്യാജവും തിരിച്ചറിയുവാനായി വചനത്താലും ആത്മാവിനാലുമുള്ള വീണ്ടും ജനനത്തിൽതന്നെ അഭിഷേകത്തിലൂടെ ലഭിച്ചിരിക്കുന്ന ദൈവികമായ തിരിച്ചറിവാണെന്ന് (oidate) യോഹന്നാൻ പ്രത്യേകം സൂചിപ്പിക്കുന്നു.

ഇക്കാരണത്താൽതന്നെ എല്ലാ യഥാർത്ഥവിശ്വാസികൾക്കും വചനത്തിലെ അടിസ്ഥാന ഉപദേശങ്ങളെക്കുറിച്ച് അറിവും ഉപദേശനിശ്ചയവുമുണ്ട്. ഇത് പുതിയ ഉടമ്പടിയിലെ വാഗ്ദത്തവുമാണ് (യെശ. 54:13; യിരെ. 31:31-34; യോഹ. 14:16-17; 16:13; 1 കൊരി. 2:9-12 c.f. 1 യോഹ. 2:27). ചിലപ്പോൾ അവർക്ക് എല്ലാ വേദഭാഗങ്ങളും ഓർമ്മയില്ലായിരിക്കും. എല്ലാ വിഷയങ്ങളും പൂർണ്ണമായി ഗ്രഹിക്കുവാനോ സമർത്ഥിക്കുവാനോ സംവദിക്കുവാനോ പ്രാപ്തിയില്ലായിരിക്കാം. എങ്കിലും ഉപ

ദേശത്തിന്റെ അന്തസത്ത അവരിലുണ്ട്. പരിശുദ്ധനാൽ അഭിഷേകം പ്രാപിച്ചവർക്കാണ് ഈ കഴിവുള്ളത്. ഈ അഭിഷേകം അവരെ തെറ്റിൽ അകപ്പെടാതെ സൂക്ഷിക്കുകയും സത്യത്തിലേക്ക് നടത്തുകയും ചെയ്യുന്നു. ദൈവത്തിന്റെ ആത്മാവും ദൈവവചനവുമടങ്ങിയ ഒരു detector അവരിൽ ഉള്ളതുകൊണ്ട് അവർ ദുരുപദേശത്താൽ വശീകരിക്കപ്പെടുകയോ വഞ്ചിക്കപ്പെടുകയോ ചെയ്യുകയില്ല.

ഇക്കാര്യങ്ങളെല്ലാം യോഹന്നാൻ അവർക്ക് എഴുതുന്നത് **"നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല, നിങ്ങൾ അത് അറികയാലും ഭോഷ്ക്ക് ഒന്നും സത്യത്തിൽനിന്നും വരായ്കയാലുമത്രെ"** (വാ. 21) എന്ന് താൻ തുടർന്ന് വ്യക്തമാക്കുന്നു.

ഇവിടെ **"സത്യം"** ഒരു പുതിയ സത്യത്തെ സൂചിപ്പിക്കുന്നതല്ല, മറിച്ച് അവർ ഉപദേശിക്കപ്പെട്ട സത്യം, ദൈവപുത്രനെ ശരിയായി വിവരിക്കുന്ന അപ്പൊസ്തലിക ഉപദേശം, യേശു തന്നെയാണ് ക്രിസ്തു എന്നുള്ള ദൈവികസത്യം, പുത്രൻ പിതാവിലും പിതാവ് പുത്രനിലും ആകുന്നുവെന്ന മാർമ്മികസത്യം ദൈവത്തിൽനിന്നും അഭിഷേകം ലഭിച്ചതുകൊണ്ട് വിശ്വാസികൾ അറിഞ്ഞിരിക്കുന്നു. ഇത് കേവലം ബുദ്ധിപരമായ അറിവല്ല, മറിച്ച് ദൈവദത്തമാണെന്നും (മത്തായി 16:15-17) ബുദ്ധിയിൽ മാത്രം ഒതുങ്ങാതെ വിശ്വാസിയിൽ എപ്പോഴും നിലനില്ക്കുന്നതാണെന്നും ഇവിടെ വ്യാകരണം (oidate - perfect with present force) സൂചിപ്പിക്കുന്നു.

### 3. അവർ യേശുവിനെ ക്രിസ്തു എന്ന് ഏറ്റുപറയുന്നു (2:22-23)

ദൈവപുത്രനിൽ വസിക്കുന്നവർ യേശുവിനെ ക്രിസ്തു എന്ന് അംഗീകരിക്കുകയും ഏറ്റുപറയുകയും ചെയ്യുന്നു. എന്നാൽ വ്യാജവിശ്വാസികൾ ദൈവത്തെ അറിയുന്നുവെന്ന് പറയുകയും ദൈവപുത്രനെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു (തീത്തൊസ് 1:16). അവർ അവന്റെ "ദൈവത്തിന്റെ ക്രിസ്തു" എന്ന സ്ഥാനത്തെ നിഷേധിക്കുന്നു (അപ്പൊ. 4:26). അതുകൊണ്ടാണ് **"പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ കള്ളനും എതിർക്രിസ്തുവും ആകുന്നു"** എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്.

ദൈവത്തെ അറിയുന്നുവെന്ന് അവകാശപ്പെടുകയും എന്നാൽ ദൈവത്തിന്റെ വെളിപ്പാടായ (യോഹ. 1:18) യേശു എന്ന ക്രിസ്തുവിനെ

ദൈവപുത്രനായി സ്വീകരിക്കാതിരിക്കുകയും ചെയ്യുന്നവൻ കള്ളൻ ആകുന്നു. "**കള്ളൻ**" എന്ന പദത്തിന് 2:4 ൽ പ്രത്യേക വിവേചക ഭേദകം (the) ഇല്ലെങ്കിലും 2:22 ൽ അതുള്ളതുകൊണ്ട് ഇങ്ങനെയുള്ള വൻ ദൈവദൃഷ്ടിയിൽ കള്ളൻതന്നെ ആകുന്നു. "**കള്ളൻ**" എന്നത് ഒരു പ്രത്യേക വ്യക്തിയെ ചൂണ്ടിക്കാണിക്കുന്നതിലുമുപരിയായി, അങ്ങ നെയുള്ള ഒരാളുടെ സ്വഭാവത്തെയാണ് ഇവിടെ ഊന്നിപറയുന്നത്. എതിർക്രിസ്തുവിനെയല്ല, മറിച്ച് എതിർക്രിസ്തുവിന്റെ ആത്മാവ് വസി ക്കുന്ന വ്യക്തിയെയാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. യേശുവിനെ ക്രിസ്തു എന്ന് നിഷേധിക്കുന്നത് ഈ വ്യക്തിയുടെ ഒറ്റ പ്പെട്ട ഉപദേശപരമായ പിശകല്ല, മറിച്ച് അങ്ങനെ ചെയ്യുന്നത് അവന് ഒരു സ്വഭാവമായിരിക്കുന്നുവെന്ന് വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (estin - gnomic present).

യേശുവിനെ ക്രിസ്തു എന്ന് നിഷേധിക്കുന്നവൻ ആത്യന്തികമായി ക്രിസ്തു ജഡത്തിൽ വന്നുവെന്ന് നിഷേധിക്കുന്നവൻ ആകുന്നു (1 യോഹ. 1:1-3; 4:3; 2 യോഹ. 1:7). എന്നാൽ ദൈവത്തെ യഥാർത്ഥ മായി ആരാധിക്കുവാൻ യേശുക്രിസ്തുവിന്റെ പൂർണ്ണ മനുഷ്യത്വവും ദൈവത്വവും അംഗീകരിക്കണം (യോഹ. 14:6; എഫെ. 2:18).

യേശു എന്നുള്ള നാമത്തോടു ചേർന്ന് രാജാവ് എന്ന നാമം മത്തായി എഴുതിയ സുവിശേഷത്തിൽ 7 പ്രാവശ്യവും മർക്കൊസിൽ 6 പ്രാവശ്യവും ലൂക്കൊസിൽ 5 പ്രാവശ്യവും യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ 16 പ്രാവശ്യവും കാണുന്നു. അർത്ഥാൽ, സുവി ശേഷം എഴുതിയവരെ സംബന്ധിച്ചിടത്തോളം യേശു ദാവീദ് പുത്രനായ രാജാവ് ആകുന്നു (മത്തായി 1:1; റോമർ 1:5). അഥവാ, ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ ദൈവത്താൽ അഭിഷേകം ചെയ്യപ്പെട്ട രാജാവ് ആകുന്നു.

അപ്പൊസ്തലനായ യോഹന്നാന്റെ കാലഘട്ടത്തിൽ ജീവിച്ച ജ്ഞാനവാദികൾ യേശുക്രിസ്തുവിന്റെ മനുഷ്യത്വവും ദൈവത്വവും നിഷേധിച്ചുകൊണ്ട് ക്രിസ്തീയ വിശ്വാസത്തെ ത്യജിക്കുന്നവർ ആയി രിന്നു (1 യോഹ. 4:1-6; 5:11, 12 c.f. യോഹ. 5:23). തിരുവെഴുത്ത് ക്രിസ്തു വിനെ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ ക്രിസ്തുവിനെ അംഗീ കരിക്കാതിരിക്കുന്നത് പുത്രനെ നിഷേധിക്കുന്നതിന്റെ തെളിവാണ് (അ പ്പൊ. 2:36; എഫെ. 1:21-23; ഫിലി. 2:10-11; വെളി. 19:11). അത് ദൈവ

ത്തെതന്നെ ത്യജിക്കുന്നതിന് തുല്യമാണ്. കാരണം ഇവിടെ ''**നിഷേധിക്കുന്നവൻ**" എന്നതിന് (arnoumenos) അംഗീകരിക്കാതിരിക്കുന്നവൻ, മറുത്തുപറയുന്നവൻ, നിരാകരിക്കുന്നവൻ എന്നാണർത്ഥം. ഇവിടെ വ്യാകരണ പ്രകാരം (participle - gnomic present with customary force) എല്ലാ തെളിവുകളുടെയും അടിസ്ഥാനത്തിൽ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു വസ്തുതയെ എപ്പോഴും നിഷേധിക്കുന്നവനെ സൂചിപ്പിക്കുന്നു. ഇങ്ങനെയുള്ളവരിൽ വസിക്കുന്നത് എതിർക്രിസ്തുവിന്റെ ആത്മാവാണ് (മർക്കൊസ് 8:33; യോഹ. 6:70). അതുകൊണ്ടാണ് "**പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തു ആകുന്നു**" (വാ. 22) എന്ന് യോഹന്നാൻ പറയുന്നത്.

പിതാവും പുത്രനും ഒന്നാകുന്നു (യോഹ. 10:30), യേശുവിനെ കാണുന്നത് പിതാവിനെ കാണുന്നതിന് തുല്യമാണ് (യോഹ. 14:9), എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു എന്നാണ് കർത്താവ് പറഞ്ഞത് (യോഹ. 13:20); മാത്രമല്ല പിതാവിങ്കലേക്കുള്ള വഴിയും പുത്രനിലൂടെയാണ് (മത്തായി 10:32,33; ലൂക്കൊസ് 10:16; യോഹ. 5:23; 9:22; 12:42; 14:6). അതുകൊണ്ട് യോഹന്നാനെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ ഒരാൾ യേശുവിനെ ക്രിസ്തു എന്ന് സ്വീകരിക്കുകയും അതിനനുസൃതമായി ജീവിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ യേശുവിനെ ക്രിസ്തു എന്ന് നിഷേധിച്ചുകൊണ്ട് അതിനനുസൃതമായി ജീവിക്കുന്നു. അതിനിടയിൽ ഒരു സ്ഥാനമില്ല. ഇക്കാരണത്താലാണ് ''**പുത്രനെ നിഷേധിക്കുന്നവന് പിതാവുമില്ല; പുത്രനെ സ്വീകരിക്കുന്നവന് പിതാവും ഉണ്ട്**" (വാ. 23) എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്.

ഇവിടെ "**പുത്രനെ നിഷേധിക്കുന്നവന് പിതാവുമില്ല**" എന്നതുകൊണ്ട് പിതാവുമായി അവന് ഒരു ബന്ധവുമില്ല, അർത്ഥാൽ, ദൈവം അവന് പിതാവായിരിക്കുന്നില്ല. വ്യാകരണപ്രകാരം (echei - gnomic present) ഇങ്ങനെയുള്ള ആർക്കും ഒരിക്കലും ദൈവം പിതാവായി ഇരിക്കുന്നില്ലായെന്ന് ഇവിടെ സൂചിപ്പിക്കുന്നു. അതുകൊണ്ട് അവർക്ക് പിതൃപാരമ്പര്യമോ പ്രകൃതമോ പദവിയൊ അവകാശമൊ ഇല്ല; ദൈവികകൂട്ടായ്മ (1:3,6,7) പിതാവിന്റെ അടുക്കൽ കാര്യസ്ഥൻ (2:1), ആത്മാവിന്റെയും വചനത്തിന്റെയും അഭിഷേകം (2:20), ന്യായവിധി ദിവസ

ത്തിൽ ധൈര്യം (2:28; 3:21; 4:17), ഭാവി പ്രത്യാശ (3:3), ദൈവസ്നേഹം (4:16), നിത്യജീവൻ (5:12,13), പ്രാർത്ഥനയ്ക്ക് ഉറപ്പ് (5:15) മുതലായ തൊന്നും പുത്രനെ നിഷേധിക്കുന്നവർക്കില്ല.

ഗ്രീക്ക് തത്വജ്ഞാനത്തെ ക്രിസ്തീയ ഉപദേശത്തോട് സമന്വയിപ്പിച്ച ഒരു ഉപദേശമായിരുന്നു ജ്ഞാനവാദികളുടേത്. ശരീരത്തിന്റെ ഉപേക്ഷയിലും ദൈവത്തെക്കുറിച്ച് പ്രത്യേകജ്ഞാനം സമ്പാദിക്കുന്നതിലുമാണ് ആത്മരക്ഷ ലഭിക്കുന്നതെന്ന് അവർ പഠിപ്പിച്ചിരുന്നു (കൊലൊ. 2:20-23). ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസം രക്ഷക്ക് അനിവാര്യഘടകമായി അവർ അംഗീകരിച്ചിരുന്നില്ല. അതുകൊണ്ടാണ് **"പുത്രനെ നിഷേധിക്കുന്നവന് പിതാവുമില്ല"** (2:23 c.f. ലൂക്കൊസ് 10:16) എന്ന് യോഹന്നാൻ പറയുന്നത്.

എന്നാൽ **"പുത്രനെ സ്വീകരിക്കുന്നവന് പിതാവും ഉണ്ട്"** എന്നും യോഹന്നാൻ അനുവാചകരെ ഓർപ്പിക്കുന്നു. ഇവിടെ **"പുത്രനെ സ്വീകരിക്കുന്നവൻ"** എന്നതുകൊണ്ട്, ദൈവത്തിന്റെ വാഗ്ദത്ത ക്രിസ്തു നസ്രായനായ യേശുവിലൂടെ ലോകത്തിൽ വന്നുവെന്ന് സമ്മതിക്കുകയും അവനെ കർത്താവും രക്ഷിതാവുമായി അംഗീകരിക്കുകയും ചെയ്യുന്നവൻ എന്നാണർത്ഥം. വ്യാകരണപ്രകാരം (homologōn - gnomic present with customary force) സാധാരണ ജീവിതത്തിൽ എപ്പോഴും അങ്ങനെ ചെയ്യുന്ന ഏവനെയും ഇവിടെ സൂചിപ്പിക്കുന്നു.

അങ്ങനെ ചെയ്യുന്നവന് **"പിതാവും ഉണ്ട്"** എന്ന് യോഹന്നാൻ പ്രത്യേകം പറയുന്നു. ദൈവവുമായി ഒരു കുടുംബബന്ധവും ഒരു കൂട്ടായ്മബന്ധവുമാണ് യേശുക്രിസ്തുവിലൂടെ ദൈവത്തെ അറിയുന്നതിന്റെ ഫലം (1:3,6,7; 2:1,20,28; 3:1; 4:16; 5:12). പുത്രനെ നിഷേധിച്ചുകൊണ്ട് ദൈവവുമായി ഈ ബന്ധം അവകാശപ്പെടുവാൻ ആർക്കും കഴികയില്ല (മത്തായി 3:9; ലൂക്കൊസ് 3:8; യോഹ. 8:41). ഇക്കാരണത്താലാണ് ഇതോടു ബന്ധപ്പെട്ട് **"നിങ്ങൾ ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കട്ടെ"** (വാ. 24) എന്ന് യോഹന്നാൻ തുടർന്നു പറയുന്നത്.

### C. ദൈവപുത്രനിൽ വസിക്കുന്നതിന്റെ അടിസ്ഥാനം (വാ. 24)

**"നിങ്ങൾ ആദി മുതൽ കേട്ടത് നിങ്ങളിൽ വസിക്കട്ടെ."** ഇവിടെയിത് ആധികാരിക അപ്പൊസ്തലിക ഉപദേശസംഹിതയെ സൂചിപ്പിക്കുന്നു. വ്യാകരണപ്രകാരം (ēkousate - consumative aorist) ആദി

മുതൽ തുടർന്നുവന്നിരുന്ന ഒരു പ്രവൃത്തി പൂർണ്ണമായും പൂർത്തിയായതിനെ ഇവിടെ സൂചിപ്പിക്കുന്നു.

അനുവാചകർ **"ആദി മുതൽ കേട്ടത്"** ആദി മുതൽ ഉണ്ടായിരുന്ന ജീവന്റെ വചനം സംബന്ധിച്ച കാര്യങ്ങളാണ് (1 യോഹ. 1:1). ആദി മുതൽ കേട്ട യേശുക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷവചനമാണ് (മർക്കൊസ് 1:14-15). ബാല്യക്കാരിൽ ഇപ്പോൾ വസിക്കുന്ന ദൈവവചനമാണ് (2:14 c.f. യോഹ. 15). എന്നാൽ അവർ ആദി മുതൽ കേട്ട ഉപദേശശകലങ്ങളെയല്ല, മറിച്ച് അവർ ആദി മുതൽ തന്നെ കൈകൊണ്ടുവന്ന അപ്പൊസ്തലിക ഉപദേശത്തിന്റെ പൂർണ്ണരൂപമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ആദി മുതൽ കേട്ടത് **"നിങ്ങളിൽ വസിക്കട്ടെ"** എന്നതുകൊണ്ട് തുടർമാനമായി വിശ്വസിക്കുക എന്നല്ല, തുടർമാനമായി വചനം അറിയിക്കുക എന്നുമല്ല. മറിച്ച്, വ്യാകരണപ്രകാരം ഇവിടെ (menetō - imperative of command) ആദി മുതൽ കേട്ട ഉപദേശത്തിൽ തുടർമാനമായി നിലനില്ക്കുവാനും അതിനാൽ സ്വാധീനിക്കപ്പെടുവാനും നിയന്ത്രിക്കപ്പെടുവാനുമുള്ള ഒരു ആജ്ഞയാണിത്.

അവർ ആദി മുതൽ കേട്ട വിശ്വാസ വചനം, അപ്പൊസ്തലിക ഉപദേശം, ഒരിക്കൽ എന്നേക്കുമായി ഭരമേല്പിക്കപ്പെട്ട വിശ്വാസസത്യം അവരിൽ തുടർമാനമായി നിലനില്ക്കണം. എതിർക്രിസ്തുക്കൾ ആദി മുതൽ കേട്ട വിശ്വാസവചനം തൃജിക്കുമ്പോൾ, യഥാർത്ഥവിശ്വാസികളിൽ ആദിമുതൽ കേട്ട വിശ്വാസവചനം വസിക്കുന്നു. ദുരുപദേഷ്ടാക്കൾ ആദിമുതൽ കേട്ട വചനം ഉപേക്ഷിച്ച്, നവീന ഉപദേശം സ്വീകരിക്കുന്നുവെങ്കിലും യഥാർത്ഥ വിശ്വാസികൾക്ക് ആദിമുതൽ കേട്ടത് ദുരുപദേഷ്ടാക്കളുടെ നവീന ഉപദേശത്തെക്കാൾ ശ്രേഷ്ഠമാണ്. മാത്രമല്ല, എതിർക്രിസ്തുവിൽ നിന്നും ദുരുപദേഷ്ടാക്കളിൽനിന്നും വിശ്വാസികൾക്ക് വിജയം തരുന്നത് വിശ്വാസികളിൽ ആദിമുതൽ വസിക്കുന്ന അപ്പൊസ്തലിക വചനവും ദൈവാത്മാവുമാണ്.

**"ആദിമുതൽ കേട്ടത് നിങ്ങളിൽ വസിക്കുന്നു എങ്കിൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും"** (യോഹ. 15:7,10). ഇവിടെ നിങ്ങളിൽ **"വസിക്കുന്നു"** എങ്കിൽ എന്നത് വ്യാകരണപ്രകാരം (meinē - constative aorist) ആദി മുതൽ കേട്ട വചനം നിങ്ങളിൽ വസിക്കുന്ന അനുഭവം ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടുണ്ടെങ്കിൽ **"നിങ്ങൾ പുത്രനിലും പിതാവിലും വസിക്കും"** എന്നതും

ഉറപ്പായ ഒരു യാഥാർത്ഥ്യമായിരിക്കും (meneite - pridictive future). ഒരു വ്യവസ്ഥ പാലിച്ചിട്ടുണ്ടെങ്കിൽ സ്വാഭാവികമായി അതിന്റെ ഫലവും സംഭവിച്ചിരിക്കും (യോഹ. 5:23; 15:10,23). നിങ്ങൾ ശരിയായ ഉപദേശത്തിലാണ് ഇപ്പോൾ നിലനില്ക്കുന്നതെങ്കിൽ പുത്രനുമായും പിതാവുമായും നിങ്ങൾ ശരിയായ ബന്ധത്തിൽ തന്നെയായിരിക്കും നിലനില്ക്കുന്നത്. അതിനർത്ഥം വചനം വിശ്വാസിയിൽ വസിക്കുന്നതിന്റെ സ്വാഭാവികഫലം വിശ്വാസി പുത്രനിലും പിതാവിലും വസിക്കുന്നു (യോഹ. 14:23; 15:1-10; 17:8,14, 17-21,23) എന്നതാണ്.

മാത്രമല്ല, ഇത് കൂട്ടായ്മയുടെ ഒരു വ്യവസ്ഥയെ സൂചിപ്പിക്കുന്നതായും ഇരിക്കുന്നു. അർത്ഥാൽ, ആദി മുതൽ കേട്ട വചനം നിങ്ങളിൽ വസിക്കുന്നുവെന്ന് ഉറപ്പാക്കിയാൽ നിങ്ങൾ പുത്രനിലും പിതാവിലും വസിക്കുന്നുവെന്നും ഉറപ്പാക്കാം. ദൈവികകൂട്ടായ്മയുള്ള ജീവിതത്തിന് അപ്പൊസ്തലിക ഉപദേശം അടിസ്ഥാനമാക്കിയുള്ള ജീവിതരീതിയുടെ അനിവാര്യതയെയാണ് യോഹന്നാൻ ഇവിടെ ഊന്നി പറയുന്നത്.

**D. ദൈവപുത്രനിൽ വസിക്കുന്നതിന്റെ അനുഗ്രഹം (25-26)**

**"ഇതാകുന്നു അവൻ നമുക്ക് തന്ന വാഗ്ദത്തം; നിത്യജീവൻ തന്നേ."**

മുൻ പറഞ്ഞ വ്യവസ്ഥ പാലിക്കുന്നവർക്ക് അർത്ഥാൽ, അപ്പൊസ്തലിക ഉപദേശത്തിൽ നിലനിന്ന് പുത്രനിലും പിതാവിലും വസിക്കുന്നവർക്കാണ് നിത്യജീവന്റെ ഈ വാഗ്ദത്തം ബാധകമായിരിക്കുന്നത് (യോഹ. 5:24; 1 യോഹ. 5:13).

മറ്റ് പുതിയനിയമ എഴുത്തുകാർ വാഗ്ദത്തത്തിന്റെ അടിസ്ഥാനം എന്താണെന്ന് വിശദീകരിക്കുമ്പോൾ വാഗ്ദത്തത്തിന്റെ അന്ത്യഫലം **"നിത്യജീവൻ തന്നേ"** എന്ന് യോഹന്നാൻ ഉറപ്പിച്ചു പറയുന്നു (യോഹ. 11:25). ദൈവത്തിൽനിന്നും യേശുക്രിസ്തുവിലൂടെ വരുന്ന വാഗ്ദത്തമാണ് **"നിത്യജീവൻ"** (1 തിമൊ. 4:8; 2 തിമൊ. 1:1; തീത്തൊസ് 1:2). സുവിശേഷത്തിലൂടെ ക്രിസ്തു വാഗ്ദത്തം ചെയ്ത നിത്യജീവനും ഇതുതന്നെയാണ് (യോഹ. 3:14-15,36; 4:14; 5:24; 6:40,47; 8:51; 17:2; 20:31). ഇതിലൂടെ പിതാവിനോടും പുത്രനോടും കൂടെയുള്ള ഭാവി നിത്യതയുടെ വാഗ്ദത്തവും പിതാവിലും പുത്രനിലും ഇപ്പോൾ തന്നെ വസിക്കുന്നതിന്റെ ഫലമായുള്ള ജീവന്റെ സമൃദ്ധിയുടെ അനുഭവവും അടങ്ങിയിരിക്കുന്നു. വിശ്വാസികൾ യഥാർത്ഥ ഉപദേശത്തിൽ

തുടരുവാനുള്ള പ്രചോദനമാണ് നിത്യജീവന്റെ വാഗ്ദത്തം ഇവിടെ പരാമർശിച്ചതിലൂടെ ലഭിക്കുന്നത്.

നിത്യജീവന്റെ ഇപ്പോഴത്തെ അനുഗ്രഹം പിതാവിലും പുത്രനിലും വസിക്കുക, ദൈവത്തെ അറിയുക, കൂട്ടായ്മ അനുഭവിക്കുക എന്ന താണ്. യേശുക്രിസ്തുവിലൂടെ ദൈവത്തിൽ വസിക്കുന്ന വിശ്വാസിക ളിൽ ദൈവത്തിന്റെ ജീവൻ വസിക്കുന്നുവെന്ന് അവർ അറിയുന്നു.

വിശ്വാസിയിൽ പിതാവിന്റെയും പുത്രന്റെയും വാസം വിശ്വാസി ക്രിസ്തുവിലൂടെ പാപത്തെയും മരണത്തെയും പരാജയപ്പെടുത്തിയ തിന്റെയും ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് വന്നതിന്റെയും തെളി വാണ്.

**"നിത്യജീവൻ"** എന്ന വാഗ്ദത്തത്തിന്റെ ഇപ്പോഴും തുടർന്നുമുള്ള സാന്നിധ്യത്തെയും സാധ്യതയെയുമാണ് ഇവിടെ വ്യാകരണത്തിലെ estin - present tense) വർത്തമാനകാലക്രിയ സൂചിപ്പിക്കുന്നത്. എന്നാൽ വാഗ്ദത്തം ലഭിച്ചു കഴിഞ്ഞ ഒരു സംഭവമാണെന്ന് അതോടുബന്ധപ്പെട്ട ഭൂതകാല പ്രയോഗം ഇവിടെ (epēngeilato - constative aorist) സൂചിപ്പി ക്കുന്നു.

ഈ വാഗ്ദത്തം കഴിഞ്ഞകാലത്ത് നടത്തിയതെങ്കിലും അതിന്റെ പൂർണ്ണ നിവൃത്തി ഭാവികാലത്താണ് സംഭവിക്കുന്നതെന്നും ഈ വാഗ്ദത്തം അപ്പൊസ്തലന്മാർക്ക് മാത്രമല്ല, എല്ലാ വിശ്വാസികളെയും ഉൾക്കൊള്ളുന്നതായിരുന്നുവെന്നും ഇവിടെ വ്യക്തമാണ്.

യോഹന്നാനെ സംബന്ധിച്ചിടത്തോളം **"നിത്യജീവൻ"** അതിന്റെ ദൈർഘ്യത്തെക്കാൾ ഉപരിയായി അതിന്റെ ഗുണത്തിനാണ് പ്രാധാന്യം. ദൈവം നമുക്ക് നിത്യജീവൻ വാഗ്ദത്തം ചെയ്കയും ക്രിസ്തുയേശു വിൽ നാം അത് കണ്ടെത്തുകയും ചെയ്തു. നീതിമാന്മാരുടെ ഉയിർപ്പോടെ ഭാവിയിൽ നിത്യരാജ്യത്തിൽ പ്രവേശിക്കുന്നതിലുപരി യായി ഉയർപ്പിന്റെ ജീവിതം ഇപ്പോൾ തന്നെ വിശ്വാസികളിൽ സാധ്യ മാകുന്നുവെന്നതാണ് അതിന്റെ മഹത്വം (റോമർ 6:6; എഫെ. 4:22-24; കൊലൊ. 3:9-10).

തുടർന്ന്, **"നിങ്ങളെ തെറ്റിക്കുന്നവരെ ഓർത്ത് ഞാൻ ഇത് നിങ്ങൾക്ക് എഴുതിയിരിക്കുന്നു"** (വാ. 26) എന്നതിലൂടെ യോഹ ന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത് 18-25 വാക്യങ്ങളിലെ പ്രതിപാദ്യവിഷയ മാണ്. മാത്രമല്ല, ഇവിടെ അപ്പൊസ്തലന്മാരല്ല, മറിച്ച് അനുവാചക

രാണ് ദുരുപദേഷ്ടാക്കളുടെ ഇരയെന്ന് "**നിങ്ങളെ**" എന്ന സംബോധന സൂചിപ്പിക്കുന്നു. അതുപോലെ "**തെറ്റിച്ചുകളയുന്നവരെ**" എന്നതുകൊണ്ട് വ്യാകരണപ്രകാരം (planōntōn - customary present) തെറ്റിച്ചുകളയുന്ന സ്വഭാവമുള്ളവയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അന്യഥാ ഉപദേശിക്കുന്നവർ കൂട്ടായ്മയെ വിട്ടുപോകുക മാത്രമല്ല, സഭയെ ശിഥിലമാക്കുവാനും വിശ്വാസികളെ തെറ്റിച്ചുകളയുവാനും ശ്രമിച്ചതായി യോഹന്നാൻ എഴുതിയ 2,3 ലേഖനങ്ങളിൽ കാണുന്നു (c.f. വെളി. 2:20; 13:14; 18:23; 19:20; 20:3) അതുപോലെതന്നെ ദുരുപദേഷ്ടാക്കളുടെ സ്വാധീനം അപകടകരമായ നിലയിൽ ഇപ്പോഴും നിലനില്ക്കുന്നതായി അതിന്റെ വർത്തമാനകാലക്രിയ സൂചിപ്പിക്കുന്നു.

എക്കാലത്തും ആത്മികവഞ്ചകന്മാർ ഉണ്ടായിരുന്നുവെന്ന് തിരുവെഴുത്ത് സാക്ഷ്യപ്പെടുത്തുന്നു (മത്തായി 7:15; 24:11; 2 തിമൊ. 2:18; 2 പത്രൊസ് 2:1; 2 യോഹ. 1:7). അവർ രക്ഷിക്കപ്പെടാത്തവരുടെ അടുക്കലേക്കല്ല, മറിച്ച് വിശ്വാസത്തിൽ കുഞ്ഞുങ്ങൾ ആയവരുടെ അടുക്കലേക്കും ഉപദേശനിശ്ചയമില്ലാത്തവരുടെ അടുക്കലേക്കുമാണ് പോകുന്നത്.

## E. ദൈവപുത്രനിൽ വസിക്കുന്നവരുടെ അവസ്ഥ (വാ. 27)

**"അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു."**

അപ്പൊസ്തലനായ യോഹന്നാന്റെ നിരീക്ഷണത്തിൽ അനുവാചകരോടുള്ള ബന്ധത്തിൽ അവനാൽ "**പ്രാപിച്ച**" അഭിഷേകം ഒരു പ്രത്യേക സമയത്ത് സംഭവിച്ചതും പൂർണ്ണമായി പൂർത്തിയായതുമായ ഒരു പ്രവൃത്തിയാണെന്നു വ്യാകരണം (elabete - consumative aorist) ഇവിടെ സൂചിപ്പിക്കുന്നു. അതുപോലെതന്നെ, എല്ലാവിശ്വാസികളുടെയും വ്യക്തിപരവും കൂട്ടായതുമായ അനുഭവവുമാണ് ഇതെന്നും കാണുന്നു. അതുകൊണ്ട് യോഹന്നാൻ എഴുതിയ ഈ പ്രസ്താവന, അഭിഷേകം സംബന്ധിച്ച് ചിലർ പറയുന്നതുപോലെ വിശ്വസിക്കുമ്പോൾതന്നെ ആത്മാവിനെ ലഭിക്കുന്നില്ല, ആത്മാവിനെ ലഭിക്കുമ്പോൾ അഭിഷേകം ലഭിക്കുന്നില്ല, അഭിഷേകം ലഭിച്ചാൽതന്നെ ചിലർക്കുമാത്രം ലഭിക്കുന്നു... തുടങ്ങിയുള്ള ആത്മികമണ്ഡലത്തിൽ നിലനില്ക്കുന്ന അന്യ ഉപദേശങ്ങളെയെല്ലാം അസ്ഥാനത്താക്കുന്നതും ആകുന്നു.

ഇവിടെ "**അഭിഷേകം**" ആദിമുതൽ കേട്ട വീണ്ടും ജനിപ്പിക്കുന്ന വചനത്തെയും പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുമ്പോൾ

(വാ. 20,27); **"നിങ്ങളിൽ വസിക്കുന്നു"** എന്നത് ദുരുപദേശത്താൽ ആടിയുലയാതെ വിശ്വാസത്തിൽ ഉറപ്പുള്ളവരാകുവാൻ അനുവാചകർക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രത്യേക കരുതലിനെയാണ് സൂചിപ്പിക്കുന്നത്. ദുരുപദേഷ്ടാക്കൾ വിശ്വാസികളെ വഞ്ചിക്കുവാൻ ശ്രമിക്കുമ്പോൾ, അവർ ഒരിക്കലും വഞ്ചനയിൽ അകപ്പെടാതെയിരിക്കുവാൻ അഭിഷേകം അവരിൽ തുടർമാനമായി വസിക്കുന്നു എന്നാണർത്ഥം.

എന്നാൽ അഭിഷേകം പ്രാപിക്കുവാനോ നിലനിർത്തുവാനോ അപ്പൊസ്തലൻ അനുവാചകരെ പ്രബോധിപ്പിക്കുന്നില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാരണം, അഭിഷേകം നിങ്ങളിൽ **"വസിക്കുന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (menei - customary present) എപ്പോഴും എന്നേക്കും സ്ഥിരമായി വസിക്കുന്നു എന്നാണർത്ഥം (യോഹ. 14:16). ഈ അഭിഷേകം ആന്തരികവും സ്ഥിരതയുള്ളതും സ്ഥായിയായതുമാകുന്നു. എതിർക്രിസ്തുക്കൾ വിശ്വാസികളെ വിട്ടുപോകുകയും വിശ്വാസത്തെ ത്യജിക്കുകയും വിശുദ്ധന്മാരെ തെറ്റിച്ചുകളയുവാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ യഥാർത്ഥവിശ്വാസികൾ അഥവാ വിശ്വസ്തർ അവരിൽ വസിക്കുന്ന ദൈവ വചനത്താലും ദൈവാത്മാവിന്റെ സഹായത്താലും വിശ്വാസത്തിലും കൂട്ടായ്മയിലും നിലനില്ക്കുന്നു. കാരണം, അഭിഷിക്തനിൽ ആശ്രയിച്ച എല്ലാവർക്കും അവനാൽ അഭിഷേകം ലഭിച്ചിട്ടുണ്ട്; അത് അവരെ തെറ്റിൽ അകപ്പെടാതെ സൂക്ഷിക്കുകയും സത്യത്തിലേക്ക് നയിക്കുകയും ചെയ്യുന്നു (യോഹ. 16:12-15). അതുകൊണ്ട് ഇക്കാര്യത്തിൽ **"ആരും നിങ്ങളെ ഉപദേശിപ്പാൻ ആവശ്യമില്ല"** (വാ. 27) എന്ന് യോഹന്നാൻ തുടർന്നു പറയുന്നു. അതിന്റെ കാരണം, **"അവനാൽ പ്രാപിച്ച അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ച്"** തരുന്നതുകൊണ്ടാണെന്നും പറയുന്നു.

എന്നാൽ **"ഉപദേശിച്ചുതരികയാലും"** എന്നതിലൂടെ വ്യാകരണപ്രകാരം (didaskei - customary present) പുത്രനിൽ വിശ്വസിക്കുന്ന എല്ലാവരെയും എപ്പോഴും ഉപദേശിക്കുന്ന അഭിഷേകത്തിന്റെ സ്വഭാവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. അർത്ഥാൽ, അഭിഷേകം ഇപ്പോൾ ഉപദേശിക്കുന്നതും ഇതുവരെ ഉപദേശിച്ചതും വിശ്വസനീയമായതുകൊണ്ട് അവർക്ക് ഇനിയൊരു പുതിയ ഉപദേഷ്ടാവിന്റെയൊ ഉപദേശത്തിന്റെയൊ ആവശ്യമില്ല. മാത്രമല്ല പുതിയ ഉടമ്പടിയുടെ നിവൃ

ത്തിയായി അവർ ദൈവത്താൽ തന്നെ ഉപദേശിക്കപ്പെടുമെന്ന് പ്രവാചകപുസ്തകങ്ങളിലും കാണുന്നുണ്ട് (യെശ. 30:20-21; 54:13; യിരെ. 31:33-34; എബ്രാ. 8:10,11 c.f. യോഹ. 6:45; 1 തെസ്സ. 4:9).

യോഹന്നാൻ ഇങ്ങനെ പറയുന്നുവെങ്കിലും സഭയ്ക്ക് അഥവാ വിശ്വാസികൾക്ക് ദൈവത്താൽ നിയോഗിക്കപ്പെട്ട മാനുഷിക ഉപദേഷ്ടാക്കളുടെ ആവശ്യമില്ലെന്ന് യോഹന്നാൻ ഒരിക്കലും അർത്ഥമാക്കുന്നില്ല. കാരണം, കർത്താവാണ് സഭയിൽ ഉപദേഷ്ടാക്കന്മാരെ നിയമിച്ചിരിക്കുന്നത്. അവന്റെ ആത്മാവാണ് അവർക്ക് വരങ്ങളെ വിഭാഗിച്ച് കൊടുത്തിരിക്കുന്നത്. മാത്രമല്ല, ദൈവികനിയോഗം പ്രാപിച്ച ഉപദേഷ്ടാക്കളിലൂടെയാണ് പലപ്പോഴും ആത്മികസത്യങ്ങൾ വിശ്വാസികൾ മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുന്നത്; അതുകൊണ്ട് അവർ സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണ് (മത്തായി 28:20; 1 കൊരി. 12:28; എഫെ. 4:11; കൊലൊ. 3:16; 1 തിമൊ. 4:11; 2 തിമൊ. 2:2,24; എബ്രാ. 5:12).

എന്നാൽ അപ്പൊസ്തലൻ അടക്കമുള്ള എല്ലാവരുടെയും ഉപദേശം വിവേചിക്കുവാൻ ക്രിസ്തുവിശ്വാസികൾക്ക് പുറമെനിന്ന് ഒരാളുടെ ആവശ്യമില്ല. കാരണം അവന്റെ അഭിഷേകം തന്നെ സകലവും അവർക്ക് ഉപദേശിച്ചുകൊടുക്കുന്നു (യോഹ. 14:26; 16:13).

പഴയനിയമപ്രകാരമുള്ള മധ്യസ്ഥരും ഉപദേഷ്ടാക്കളുമായ ലേവ്യരുടെ ആവശ്യമില്ലാതെ പുതിയനിയമത്തിൽ, ദൈവം തന്റെ വചനം തന്റെ ജനത്തിന്റെ ഉള്ളിൽ ആക്കുന്നു. അവർ ആബാലവൃദ്ധം ദൈവത്തെ അറിയും എന്നുള്ള (യെശ. 30:20-21; 54:13; യിരെ. 31:33-34). പുതിയനിയമ ഉടമ്പടിയിലുള്ള പ്രതീക്ഷ കർത്താവും വെളിപ്പെടുത്തി (യോഹ. 6:45).

അതല്ലാതെ പ്രപഞ്ചത്തിലെ സകലവും വചനത്തിലെ സകലവും ആക്ഷരികമായി എല്ലാ കാര്യങ്ങളിലും **"അവന്റെ അഭിഷേകം"** വിശ്വാസികളെ നേരിട്ട് ഉപദേശിക്കുന്നുവെന്ന അർത്ഥം ഇതിനില്ല. മറിച്ച്, ആത്മികവിഷയങ്ങളിൽ വിവിധ ഉപദേഷ്ടാക്കളിലൂടെ വിശ്വാസികൾ ഉപദേശിക്കപ്പെടുമ്പോൾ ഉപദേശിക്കപ്പെടുന്നത് സത്യമാണോ, ഭോഷ്ക്കാണോ, ദുരുപദേശമാണോ, പത്ഥ്യോപദേശമാണോ, ദൈവികമാണോ, മാനുഷികമാണോ, പരിശുദ്ധാത്മാവിന്റെ ഉപദേശമാണോ, അശുദ്ധാത്മാവിന്റെ ഉപദേശമാണോ - ഇക്കാര്യങ്ങളെല്ലാം തിരിച്ചറി

യുവാൻ അഭിഷേകം അവർക്ക് വിവേകം നല്കുന്നു. അതിനായി പുറമെനിന്നും മറ്റൊരു സഹായിയുടെയോ ഉപദേഷ്ടാവിന്റെയോ ആവശ്യമില്ലായെന്നാണ് യോഹന്നാൻ ഇതിലൂടെ ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ, ഉപദേശിക്കുന്ന മനുഷ്യരാരും വിശ്വാസികൾക്ക് (സഭയ്ക്ക്) ആവശ്യമില്ലെന്നല്ല, മറിച്ച് ഉപദേശിക്കപ്പെടുന്ന ആത്മികവിഷയങ്ങളിൽ ഉപദേശത്തെ തിരിച്ചറിയുവാൻ ആവശ്യമായ "**അവനാൽ പ്രാപിച്ച അഭിഷേകം**" വിശ്വാസിയുടെ അന്തരംഗത്തിൽ ഉള്ളതുകൊണ്ടും നിരന്തരമായും സ്ഥിരമായും അതിന്റെ ഉപദേശം വിശ്വാസിക്ക് ലഭിക്കുന്നതുകൊണ്ടും അതിനായി മാനുഷിക ഉപദേശമൊന്നും യഥാർത്ഥവിശ്വാസികൾക്ക് ആവശ്യമില്ലായെന്നാണ് ഈ വേദഭാഗം വിവക്ഷിക്കുന്നത്. മാത്രമല്ല, ദൈവം സത്യം ആകുന്നതുപോലെ (യോഹ. 17:3), ദൈവപുത്രനായ യേശു സത്യം ആകുന്നതുപോലെ (യോഹ. 14:6), ദൈവത്തിന്റെ ആത്മാവ് സത്യം ആകുന്നതുപോലെ (യോഹ. 16:3), ദൈവത്തിന്റെ വചനം സത്യം ആകുന്നതുപോലെ (യോഹ. 17:17), ഭോഷ്ക്ക് ഒന്നും സത്യത്തിൽനിന്ന് വരായ്കയാലും (1 യോഹ. 2:21) "**അവന്റെ അഭിഷേകം**" നല്കുന്ന ഉപദേശവും വിവേകവും അബദ്ധധാരണയോ, കെട്ടുകഥയോ, മായാജാലമോ അല്ല, അർത്ഥാൽ, അത് "**ഭോഷ്കല്ല, സത്യം തന്നെ ആയിരിക്കയാലും**" (വാ. 27 c.f. യോഹ. 15:26; 1 യോഹ. 5:7) അഭിഷേകം വസിക്കുന്നവരെല്ലാം തങ്ങളുടെ മനഃസാക്ഷിയെ നയിക്കുന്ന അഭിഷേകത്തിന്റെ ഉപദേശം കൈകൊണ്ട് "**അവനിൽ വസിപ്പിൻ**" (വാ. 27) എന്നാണ് ഇതോട് ബന്ധപ്പെട്ട് യോഹന്നാൻ അനുവാചകരോട് ആവശ്യപ്പെടുന്നത്.

ഇവിടെ അത് "**ഭോഷ്കല്ല, സത്യം തന്നെ ആയിരിക്കയാലും**" എന്നതിലൂടെ അവർക്ക് "**അവനാൽ പ്രാപിച്ച അഭിഷേകം**" നല്കുന്ന ഉപദേശത്തിന്റെ വിശ്വാസിയതയാണ് യോഹന്നാൻ സൂചിപ്പിക്കുന്നത്. അതിലെ സത്യമോ, ഉപദേശമോ മാറ്റിയിട്ടില്ല അത് ഇതുവരെയും അങ്ങനെതന്നെ നില്ക്കുന്നുവെന്ന് വ്യാകരണം (estin - present tense) ഇവിടെ സൂചിപ്പിക്കുന്നു.

അതുപോലെ, അവനാൽ പ്രാപിച്ച അഭിഷേകം നിങ്ങളെ "**ഉപദേശിച്ചതുപോലെ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (consumative aorist) പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെയും നിങ്ങൾ അവനിൽ "**വസിപ്പിൻ**" എന്നത് ഇവിടെ വ്യാകരണപ്രകാരം (menete

- imperative of command) അവനിൽ വസിച്ചുകൊണ്ടിരിപ്പാനും അവനിൽ വസിക്കുന്നത് ഒരു ശീലമാക്കുവാനുമുള്ള ഒരു ആജ്ഞയാണ്. കർത്താവ് മാളികമുറിയിൽ നല്കിയ വാഗ്ദത്തത്തിന്റെ നിവൃത്തിയെയാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത് (യോഹ. 16:13). അഭിഷേകത്തിൽ അടങ്ങിയിരിക്കുന്ന സത്യം മാറുന്ന ഉപദേശമല്ല, മറിച്ച് അന്നു മുതൽ ഇന്നുവരെ ഒരുപോലെ നിലനില്ക്കുന്നതാണ്. അതുകൊണ്ട്, "**നിങ്ങൾ അവനിൽ വസിപ്പിൻ**"; എന്നാലിത് കൂട്ടായ്മ ആരംഭിക്കുവാനുള്ള ഒരു പ്രബോധനമല്ല, മറിച്ച് ദൈവികകൂട്ടായ്മ അനുഭവിക്കുവാനും അത് തുടരുവാനുമുള്ള ഒരു കല്പനയായിട്ടാണ് ഇരിക്കുന്നത്.

**F. ദൈവപുത്രനിൽ വസിക്കേണ്ടതിന്റെ ആവശ്യം (വാ. 28)**

എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ ഇത് അന്ത്യനാഴിക ആകുന്നുവെന്ന് പറഞ്ഞതിനുശേഷം അന്ത്യനാഴികയോടുള്ള വിശ്വാസികളുടെ മനോഭാവം എന്തായിരിക്കണമെന്നാണ് യോഹന്നാൻ തുടർന്നുപറയുന്നത്.

**"ഇനിയും കുഞ്ഞുങ്ങളെ അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ"** (വാ. 28).

മുൻപറഞ്ഞതിനോട് ബന്ധപ്പെട്ടുള്ള നിർദ്ദേശം തന്നെയാണ് ഇവിടെയും യോഹന്നാൻ നല്കുന്നത്. ഇക്കാര്യമാണ് സമുച്ചയപദം (And) സൂചിപ്പിക്കുന്നത്. ഇവിടെ "**അവനിൽ വസിപ്പിൻ**" എന്നുള്ള ആജ്ഞയിൽ കർത്താവിനോടുള്ള അനുസരണവും (2:4) കർത്താവിനെ മാതൃകയാക്കുന്നതും (2:6) കർത്താവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്നതും അടങ്ങിയിരിക്കുന്നു (2:24). അതുകൊണ്ട് "**വസിപ്പിൻ**" എന്ന ക്രിയാപദത്തിലൂടെ ദൈവപുത്രനോടുള്ള നമ്മുടെ കൂട്ടായ്മയും ദൈവഭവനത്തിൽ നമുക്കുള്ള പദവിയും മാത്രമല്ല, നമ്മുടെ ഉത്തരവാദിത്തവും കൂടെ ലേഖകൻ ഓർപ്പിക്കുന്നു.

അവനാൽ അഭിഷേകം പ്രാപിച്ചിരിക്കയാലും അവന്റെ അഭിഷേകംതന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ച് തരികയാലും അതിനാൽ ഉപദേശിക്കപ്പെടുന്നതെല്ലാം സത്യംതന്നെ ആയിരിക്കയാലും "**അവൻ പ്രത്യക്ഷനാകുമ്പോൾ അവന്റെ സന്നിധിയിൽ നാം ലജ്ജിച്ചു**

പോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ" എന്നാണ് പറയുന്നത്.

**"അവനിൽ വസിപ്പിൻ"** എന്നുപറഞ്ഞതിന്റെ കാരണവും ഫലവും യോഹന്നാൻ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അവനിൽ വസിക്കുന്നത് ന്യായവിധിയിൽ നമുക്ക് ആത്മവിശ്വാസവും അവന്റെ പ്രത്യക്ഷത അവനിൽ വസിക്കുവാൻ നമുക്കുള്ള പ്രചോദനവും ആകുന്നു.

ഇവിടെ **"അവൻ പ്രത്യക്ഷനാകുമ്പോൾ"** എന്നതിന് വ്യാകരണപ്രകാരം (phanerōthē - aorist passive subjunctive) യേശു തന്നെത്താൻ പ്രത്യക്ഷനാകുന്നതിലുപരിയായി ദൈവം അവനെ ഉറപ്പായും പ്രത്യക്ഷനാക്കിയിരിക്കും എന്ന അർത്ഥമാണുള്ളത് (1 തിമൊ. 6:16; എബ്രാ. 9:28) മാത്രമല്ല, **"പ്രത്യക്ഷത"** എന്ന വാക്ക് കർത്താവിനോടുള്ള ബന്ധത്തിൽ മാത്രമാണ് പുതിയനിയമം ഉപയോഗിച്ചിട്ടുള്ളത്. അവൻ ജഡത്തിൽ പ്രത്യക്ഷനായതിനും (3:5,8; യോഹ. 1:31; 1 തിമൊ. 3:16; 1 പത്രൊസ് 1:20) പുനരുത്ഥാനശരീരത്തിൽ പ്രത്യക്ഷനായതിനും (യോഹ. 21:1,14) മഹത്വത്തിൽ പ്രത്യക്ഷനാകുന്നതിനും (1 യോഹ. 3:2; കൊലൊ. 3:4; 1 പത്രൊസ് 5:4). ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ദൈവത്തോടുള്ള ബന്ധത്തിൽ ഈ വാക്ക് ഒരിക്കലും ഉപയോഗിച്ചിട്ടില്ലായെന്നതും പ്രത്യേകം ശ്രദ്ധേയമാണ് (c.f. യോഹ 1:18). മാത്രമല്ല ഇവിടെ വ്യാകരണത്തിൽ (aorist passive subjunctive) അവന്റെ പ്രത്യക്ഷതയുടെ ഉറപ്പാണ് ലേഖകൻ സൂചിപ്പിച്ചിരിക്കുന്നത്. ആസന്നമായ ആ പ്രത്യക്ഷതയോട് നാം ഇന്ന് എങ്ങനെ പ്രതികരിക്കണം എന്നതാണ് ഇവിടെ വിഷയം. അതുപോലെ, **"അവൻ പ്രത്യക്ഷനാകുമ്പോൾ"** എന്നതിലൂടെ അവന്റെ പ്രത്യക്ഷതയുടെ സുനിശ്ചിതത്വത്തെക്കുറിച്ച് (വാ. 28) യോഹന്നാന് സംശയം ഇല്ലെങ്കിലും അവന്റെ പ്രത്യക്ഷതയുടെ സമയം സംബന്ധിച്ച് നമുക്കുള്ളതുപോലെ ഒരു അജ്ഞത യോഹന്നാനും ഉണ്ടായിരുന്നതിനെ സൂചിപ്പിക്കുന്നു (മത്തായി 24:36,44; 25:13; ലൂക്കൊസ് 12:40).

എന്നാൽ **"നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ"** എന്ന് പറയുമ്പോൾ, കർത്താവിന്റെ പ്രത്യക്ഷതയിൽ വിശ്വാസികൾ ലജ്ജിച്ചുപോകുവാനുള്ള ഒരു സാധ്യതയുടെ അടിസ്ഥാനത്തിലാണ് യോഹന്നാൻ ഈ മുന്നറിയിപ്പ് നല്കുന്നതെന്ന് മനസ്സിലാക്കാം (റോമർ

14:10-13).

കാരണം, ഇന്ന് നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായും പിതാവിന്റെ അടുക്കൽ മധ്യസ്ഥനും കാര്യസ്ഥനുമായിരിക്കുന്ന കർത്താവ് ന്യായവിധി ദിവസത്തിൽ നീതിയുള്ള ന്യായാധിപതി ആയിരിക്കും. അതുകൊണ്ട് അവന്റെ പ്രത്യക്ഷതയ്ക്ക് ഒരുക്കമില്ലാത്തവരായിരുന്നാൽ കർത്താവിന്റെ മുമ്പിൽ നമ്മുടെ കുറ്റം പിടിക്കപ്പെടുമെന്നും കണക്കു കൊടുക്കുമ്പോൾ നാം അപമാനിതരും ന്യായവിധിയിൽ നാം ലജ്ജിതരുമായിത്തീരുമെന്നുള്ള ഒരു മുന്നറിയിപ്പാണ് ഇതിലടങ്ങിയിരിക്കുന്നത് (സങ്കീ. 6:10; 97:7). എന്നാൽ രക്ഷ നഷ്ടപ്പെടുമെന്നോ നിത്യരാജ്യത്തിൽനിന്ന് തിരസ്കരിക്കപ്പെടുമെന്നോ ഇതിനർത്ഥമില്ല, മറിച്ച് ഒരുക്കമില്ലാത്തവരായി കർത്താവിനെ അഭിമുഖീകരിക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യേക മാനസിക അവസ്ഥയാണ് ഇവിടെ വിഷയം (1 കൊരി. 3:10-15; 2 കൊരി. 5:10). അതുകൊണ്ട് "**അവന്റെ പ്രത്യക്ഷതയിൽ നമുക്ക് ധൈര്യം ഉണ്ടാകേണ്ടതിന് അവനിൽ വസിപ്പിൻ**" (വാ. 28). ഇങ്ങനെ പറയുന്നതിലൂടെ വിശ്വാസികളുടെ പ്രത്യാശയ്ക്ക് വർത്തമാനകാല ജീവിതത്തിൽ അവനിൽ വസിക്കുന്നതുമായി ബന്ധമുണ്ടെന്ന് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നു (1 തെസ്സ. 5:23; യാക്കോബ് 5:7-8).

ഒരു രാജാവിന്റെയൊ ചക്രവർത്തിയുടെയൊ മഹത്വത്തോടും പ്രതാപത്തോടും കൂടിയ ശാരീരിക ആഗമനത്തിനാണ് "**പ്രത്യക്ഷത**" എന്ന് പറയുന്നത്. ഇവിടെ, "**ധൈര്യം ഉണ്ടാകേണ്ടതിന്**" എന്നു പറയുന്നതിൽ (ദൈവത്തോട് അടുക്കുവാനുള്ള ധൈര്യത്തിനും ഈ വാക്കാണ് വചനം ഉപയോഗിച്ചിരിക്കുന്നത് എബ്രാ. 4:16; 10:20). ഭീതിയും പിരിമുറുക്കവും ഒന്നുമില്ലാതെ തങ്ങൾ ആരുടെ മുമ്പിൽ നില്ക്കുവാൻ പോകുന്നുവോ അവനാൽ കരുണയോടും സമാധാനത്തോടുംകൂടെ സ്വീകരിക്കപ്പെടുമെന്ന ധൈര്യം അഥവാ, മേലധികാരിയുടെ മുമ്പാകെ സ്വാതന്ത്ര്യത്തോടും ആത്മവിശ്വാസത്തോടും നില്ക്കുവാനുള്ള ധൈര്യമാണ് ലേഖകൻ ഇവിടെ ഉദ്ദേശിക്കുന്നത് (2:28; 3:21; 4:17; 5:14). ഇന്ന് അവനിൽ വസിച്ചാൽ മാത്രമാണ് അന്ന് ഈ ധൈര്യം നമുക്ക് ഉണ്ടാകുന്നത് (c.f. 2 പത്രൊസ് 1:11).

എന്നാൽ അവന്റെ കല്പനയെ പ്രമാണിച്ചുകൊണ്ട് മാത്രമെ നമുക്ക് അവനിൽ വസിപ്പാൻ കഴിയുകയുള്ളൂ. അതായത് ഒന്നുകൂടാതെ

മറ്റൊന്ന് സാധ്യമല്ല (യോഹ. 15:5-10). അവനിൽ വസിക്കുവാൻ നാം എത്രത്തോളം ഉത്സാഹം കാണിക്കുന്നുവോ അത്രത്തോളം ധൈര്യം അവന്റെ പ്രത്യക്ഷതയിൽ നമുക്കുണ്ടാകും.

ചുരുക്കത്തിൽ, ദൈവപുത്രനിൽ വസിക്കാത്തവർ എതിർക്രിസ്തുവിന്റെ ആത്മാവുള്ളവരും വിശുദ്ധന്മാരുടെ കൂട്ടായ്മയെ വിട്ടുപോകുന്നവരും വിശ്വാസികളെ തെറ്റിച്ചുകളയാൻ ശ്രമിക്കുന്നവരുമായിരിക്കുമ്പോൾ, ദൈവപുത്രനിൽ വസിക്കുന്നവർ അവനാൽ അഭിഷേകം പ്രാപിച്ചവരും അതിലൂടെ ദൈവികസത്യം അറിയുന്നവരും സത്യത്തിൽ നിലനില്ക്കുന്നവരും തുടർമാനമായി അഭിഷേകത്താൽ ഉപദേശിക്കപ്പെടുന്നവരും അവന്റെ പ്രത്യക്ഷതക്കായി ഒരുക്കമുള്ളവരുമായിരിക്കുന്നു.

ദൈവജനത്തെ സംബന്ധിച്ചിടത്തോളം എതിർക്രിസ്തു വരുന്നു എന്നുള്ള വാർത്തയിലുപരിയായി ദൈവപുത്രനായ ക്രിസ്തു പ്രത്യക്ഷനാകുന്നുവെന്ന വാർത്തയാണ് ആവേശഭരിതരാക്കേണ്ടത്. അവന്റെ വരവിന്റെ സമയം കൃത്യമായി പറഞ്ഞിട്ടില്ലായെങ്കിലും (മത്തായി 24:36; റോമർ 13:11-13; 1 തെസ്സ. 5:5-10) അവനുള്ളവർ അവന്റെ പ്രത്യക്ഷതയിൽ ഒരുക്കമുള്ളവരായിരിക്കണമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട് (മത്തായി 24:44; 25:13). അതിനായി തുടർമാനമായി **"അവനിൽ വസിപ്പിൻ"** എന്നാണ് ലേഖകൻ അനുവാചകരോട് വീണ്ടും ആവശ്യപ്പെടുന്നത്. കാരണം, ഇത് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പാകുന്നു.

പിതാവും പുത്രനുമായി വിശ്വാസിക്ക് ഇപ്പോഴുള്ള കൂട്ടായ്മ ഭാവിയിലെ നിത്യകൂട്ടായ്മയിലേക്കും അതിന്റെ പൂർണ്ണതയിലേക്കുമാണ് നയിക്കുന്നത് (2:24,25). ***

V

# ദൈവിക നീതി പ്രവൃത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 2:29–3:10)

''അവൻ നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നു ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നു. കാണ്മീൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെതന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമലീകരിക്കുന്നു. പാപം ചെയ്യുന്നവൻ എല്ലാം അധർമവും ചെയ്യുന്നു; പാപം അധർമം തന്നെ. പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു; അവനിൽ പാപം ഇല്ല. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. കുഞ്ഞുങ്ങളേ, ആരും നിങ്ങളെ തെറ്റിക്കരുത്; അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിക്കുവാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽനിന്നു ജനിച്ചവൻ ആരും പാപം ചെയ്യു

**ന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽ നിന്നു ജനിച്ചതിനാൽ അവന് പാപം ചെയ്യുവാൻ കഴിയുകയുമില്ല. ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല."**

ദൈവപുത്രനിൽ വസിക്കുന്നവരും വസിക്കാത്തവരും തമ്മിലുള്ള വൈരുദ്ധ്യം (2:18–28) ദൈവത്തിന്റെ മക്കളും പിശാചിന്റെ മക്കളും എന്ന നിലയിൽ തുടരുന്നതായിട്ടാണ് തുടർന്നുള്ള വാകൃങ്ങളിലും നാം (2:29–3:24) നാം കാണുന്നത്.

ഇരുവിഭാഗവും അതതിന്റെ ഉത്ഭവത്തിലും സ്വഭാവത്തിലും വ്യത്യസ്തമാണ്. ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവികപുത്രത്വം ലഭിച്ചതിന്റെയും (2:29–3:2) ദൈവപുത്രനിലുള്ള പ്രത്യാശയുടെയും (3:3) ദൈവപുത്രന്റെ പ്രത്യക്ഷതയുടെയും (3:4–8) ദൈവികപിതൃത്വം ഉള്ളതിന്റെയും (3:9–10a) അടയാളമായി ഈ വേദഭാഗത്ത് കാണുന്നു.

**A. ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവികപുത്രത്വം ലഭിച്ചതിന്റെ അടയാളം ആകുന്നു (2:29–3:2)**

**"അവൻ നീതിമാൻ എന്ന് നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നും ജനിച്ചിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നു"** (2:29).

ദൈവം ആത്മാവ് ആകുന്നു, ദൈവം വെളിച്ചം ആകുന്നു, ദൈവം സ്നേഹം ആകുന്നു (യോഹ. 4:24; 1 യോഹ. 1:5; 4:8) എന്നതുപോലെയുള്ള ഒരു പ്രത്യേക വെളിപ്പാടാകുന്നു **"അവൻ നീതിമാൻ"** ആകുന്നു എന്നത് (സങ്കീ. 11:7). **"അവൻ"** എന്ന സർവ്വനാമം ഈ ലേഖനത്തിൽ പിതാവായ ദൈവത്തിനും (1:7,9; 2:29; 3:9) അവന്റെ പുത്രനായ യേശുവിനും (2:2,28; 3:5) യോഹന്നാൻ മാറിമാറി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ അത് വേർതിരിക്കാനാവാത്ത നിലയിൽതന്നെ കാണുന്നുമുണ്ട്. എങ്കിലും ഇവിടെ **"അവൻ നീതിമാൻ"** എന്നതുകൊണ്ട് പിതാവായ ദൈവത്തെയാണ് സൂചിപ്പിക്കുന്നത് (1 യോഹ. 1:9; 2:7). പ്രകൃത്യാ, ദൈവം തന്റെ എല്ലാ വഴികളിലും നിയമങ്ങളിലും വാഗ്ദത്തങ്ങളിലും നീതിമാൻ ആകുന്നു (സങ്കീ. 11:7;

129:4 c.f. റോമർ 3:5, 26). ഇക്കാര്യം അങ്ങനെതന്നെ അനുവാചകർ **"ഗ്രഹിച്ചിരിക്കുന്നു എങ്കിൽ... അറിയുന്നു."** ഇവിടെ **"ഗ്രഹിച്ചിരിക്കുന്നു"** (eidēte) എന്നതിനും **"അറിയുന്നു"** (ginōskete) എന്നതിനും രണ്ട് വ്യത്യസ്ത വാക്കുകളാണ് യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ രണ്ടു വ്യത്യസ്ത ഉദ്ദേശത്തിലുമാണ് ഇവയെ ഉപയോഗിച്ചിരിക്കുന്നത്. ആദ്യത്തേത് ദൈവിക അഭിഷേകത്തിലൂടെ മാത്രം ദൈവികമായി ഗ്രഹിച്ചിരിക്കുന്നതാകുമ്പോൾ. രണ്ടാമത്തേത് അനുഭവത്തിലൂടെയും പരിചയത്തിലൂടെയും മാനുഷികമായി അറിയുന്നത് ആകുന്നു. അർത്ഥാൽ, ദൈവം നീതിമാൻ ആകുന്നു എന്നുള്ള ആത്മിക യാഥാർത്ഥ്യം കർത്താവിൽനിന്നും അപ്പൊസ്തലന്മാരിൽനിന്നും തിരുവെഴുത്തിൽനിന്നും അവനാൽ പ്രാപിച്ച അഭിഷേകത്തിലൂടെ (മത്തായി 16:15–17) നാം ഗ്രഹിച്ചിരിക്കുന്നു. എന്നാൽ ദൈവികപ്രകൃതത്തിലേക്ക് വീണ്ടും ജനിച്ചവർ നീതിപ്രവൃത്തിക്കുന്നവർ ആകുന്നുവെന്ന് അനുഭവത്തിലൂടെയും പരിചയത്തിലൂടെയും നാം അറിയുന്നു. ആദ്യത്തേത് നാം ഗ്രഹിച്ചിരിക്കുന്ന കാര്യം ആകുന്നുവെങ്കിൽ (indicative) രണ്ടാമത്തേത് നാം അറിയേണ്ടതായ കാര്യമാകുന്നുവെന്ന സൂചനയും (imperative) അപ്പൊസ്തലൻ നല്കുന്നു.

ഇവിടെ, നീതിചെയ്യുന്നവൻ എന്നതിലെ **"നീതി"** എന്നതുകൊണ്ട് ദൈവത്തിന് സ്വീകാര്യമായ ധാർമ്മികസ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. അത് ദൈവത്തിലുള്ള ശരിയായ വിശ്വാസത്തിന്റെ അടയാളവും ദൈവത്തിൽനിന്നും ജനിച്ചതിന്റെ പ്രത്യക്ഷമായ തെളിവുമാണ്. അതുപോലെ **"നീതിചെയ്യുന്നവൻ ഒക്കെയും"** എന്നതുകൊണ്ട് വ്യാകരണപ്രകാരം (dikaiosynēn - present active participle) വല്ലപ്പോഴും നീതിപ്രവൃത്തികൾ ചെയ്യുന്നവരെയൊ ഒറ്റപ്പെട്ട നീതിപ്രവൃത്തികൾ ചെയ്യുന്നവരെയൊ സാമാന്യനീതി പാലിക്കുന്നവരെയോ, സാമൂഹ്യനിലവാരത്തിനൊത്ത് ജീവിക്കുന്നവരെയോ അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറിച്ച്, ദൈവികനീതി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരെയും അതിൽ തുടരുന്ന സ്വഭാവമുള്ളവരെയും കർത്താവിന്റെ വചനപ്രകാരം ജീവിതം ക്രമീകരിച്ചിരിക്കുന്ന എല്ലാവരെയുമാണ്. കർത്താവ് പരാമർശിച്ച അധർമ്മം പ്രവർത്തിക്കുന്നവരിൽനിന്നും അനീതി പ്രവൃത്തിക്കുന്നവരിൽനിന്നും നേരെ വിപരീതമാണിത് (മത്തായി 7:23; ലൂക്കൊസ് 13:27).

മാത്രമല്ല, **"നീതി ചെയ്യുന്നവൻ ഒക്കെയും അവനിൽനിന്നും**

**ജനിച്ചിരിക്കുന്നു**" എന്നതിലെ "**ജനിച്ചിരിക്കുന്നു**" എന്നത് ഇവിടെ വ്യാകരണപ്രകാരം (gegennētai - intensive perfect) "**ജനിച്ചിരിക്കുന്നു**" എന്ന പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയിലൂടെ നിലനിൽക്കുന്നതും തുടരുന്നതുമായ "**നീതി**" ഫലത്തെയാണ് സൂചിപ്പിക്കുന്നത്.

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ വീണ്ടും ജനിക്കുന്നത് എങ്ങനെയാണെന്ന് പറയുമ്പോൾ (യോഹ. 1:12-13; 3:3-8) ഇവിടെ വീണ്ടും ജനിച്ചതിന്റെ അടയാളവും ഫലവും ഉറപ്പുമാണ് യോഹന്നാൻ ഊന്നി പറയുന്നത്. വീണ്ടും ജനനത്തിലൂടെ വിശ്വാസികൾക്ക് ദൈവവുമായുള്ള പുതിയ ബന്ധം മക്കൾക്ക് പിതാവിനോടുള്ളതുപോലെയാണ്. കാരണം ദൈവപുത്രനിൽ വിശ്വസിക്കുന്നവരെല്ലാം ഇപ്പോൾ തന്നെ ദൈവമക്കൾ ആകുന്നു (ഗലാ. 3:26; 1 യോഹ. 5:1).

ശരിയായ ഉത്ഭവത്തിൽനിന്നുള്ള എല്ലാവർക്കും സാധാരണനിലയിൽ ശരിയായ പെരുമാറ്റം ഉണ്ടാകുന്നു എന്നാണ് "**നീതിചെയ്യുന്നവൻ ഒക്കെയും**" എന്നതിലൂടെ തെളിയിക്കുന്നത്. അർത്ഥാൽ, നീതിമാനായ ദൈവത്തിൽനിന്നും ജനിച്ചവരെല്ലാം വചനം പറയുന്നതുപോലെ നീതി ചെയ്യുന്നവരായിരിക്കുന്നു (സങ്കീ. 15:2). ഒരു വ്യക്തിയുടെ സ്വഭാവം അഥവാ പ്രവൃത്തികൾ എങ്ങനെയാകുന്നു എന്നത് അവൻ ആരാകുന്നു അവന്റെ പിതൃത്വം ഏതാകുന്നു എന്നതിന് തെളിവാണ് (1 യോഹ. 3:10 c.f. യോഹ. 8:40,42,44). പ്രകൃത്യാ നീതിമാനായ ദൈവത്തെക്കുറിച്ചുള്ള അറിവ് നീതിയുള്ള ജീവിതത്തിന് കാരണമാണ്. ദൈവ ഭവനത്തിലെ എല്ലാ അംഗങ്ങളും പിതാവിന്റെ ധാർമികഗുണം വെളിപ്പെടുത്തുകയും ദൈവത്തിൽ നിന്നുള്ള ജനനത്തിന്റെ അടയാളമായി നീതിപ്രവൃത്തിക്കുകയും ചെയ്യുന്നു.

ദൈവത്തിൽനിന്നും ജനിച്ച എല്ലാവരും എപ്പോഴും നീതി മാത്രം പ്രവൃത്തിക്കുന്നവരാണെന്ന് യോഹന്നാൻ ഇവിടെ അർത്ഥമാക്കുന്നില്ല, മറിച്ച് നീതി പ്രവൃത്തിക്കുന്ന സ്വഭാവത്തിലൂടെ പിതൃത്വം വെളിപ്പെടുത്തുന്നു എന്നാണ് അർത്ഥമാക്കുന്നത്. തുടർന്നുള്ള വാക്യങ്ങളിൽ (3:1-2) ദൈവത്തിൽനിന്നും ജനിച്ചവർക്ക് ലഭിച്ച പുത്രത്വത്തിന്റെ സവിശേഷതകളാണ് യോഹന്നാൻ വിശദീകരിക്കുന്നത്.

**1. പുത്രത്വത്തിന്റെ മാനം (3:1)**

**"കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു."**

ഇവിടെ **"കാണ്മീൻ"** എന്നത് വ്യാകരണപ്രകാരം (idete - imperative of command) വലിയ ആത്മികസത്യത്തെക്കുറിച്ചുള്ള മാനസികമോ ആത്മികമോ ആയുള്ള കാഴ്ചപ്പാടിൽ അനുവാചകർ ആശ്ചര്യപ്പെടുവാനുള്ള ആജ്ഞയാണ്. ദൈവം തന്റെ ജനത്തിന്റെമേൽ ചൊരിഞ്ഞ സ്നേഹത്തെ ഗ്രഹിക്കുവാനും വിചിന്തനം ചെയ്യുവാനുള്ള ആഹ്വാനവും അതിൽ അടങ്ങിയിരിക്കുന്നു. മാത്രമല്ല **"എത്രവലിയ"** എന്നത് എന്തെങ്കിലും അവർണ്ണനീയമായതിനെയോ അതിശയിപ്പിക്കുന്നതിനെയോ അമ്പരപ്പ് ഉളവാക്കുന്നതിനെയോ അഭിമുഖീകരിക്കുമ്പോൾ മാത്രം ഉപയോഗിക്കുന്ന ഒരു ഭാഷാശൈലിയാണ് (മത്തായി 8:27 c.f. ലൂക്കൊസ് 1:29). അതുകൊണ്ട് ദൈവസ്നേഹത്തിന്റെ അളവും ഗുണവുമാണ് (quantity and quality) യോഹന്നാൻ ഇവിടെ വെളിപ്പെടുത്തുന്നത്.

ഇവിടെ എത്രവലിയ **"സ്നേഹം നല്കിയിരിക്കുന്നു"** എന്നതിലൂടെ മനുഷ്യകുലത്തിനു ലഭിച്ച പിതാവിന്റെ സ്നേഹം നമുക്ക് എല്ലാ നിലയിലും അപരിചിതവും അഭൗമികവും അവർണ്ണനീയവുമാണെന്നാണ് ലേഖകൻ സൂചിപ്പിക്കുന്നത്.

മാത്രമല്ല, **"നല്കിയിരിക്കുന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (dedōken - extensive perfect with present force) കഴിഞ്ഞകാലത്ത് ദൈവം നമുക്ക് ഔപചാരികമായി നല്കിയതും ഇപ്പോൾ തുടരുന്നതുമായ സ്നേഹത്തെ സൂചിപ്പിക്കുന്നു. ദൈവം തന്റെ ഇത്രവലിയ സ്നേഹം നമ്മെ കാണിക്കുകയല്ല, മറിച്ച് നമുക്ക് നല്കുകയാണ് ചെയ്തത്. ഇതു നാം നേടിയെടുത്തതല്ല. മറിച്ച്, തിരിച്ചെടുക്കാനാകാത്ത ദൈവത്തിന്റെ ദാനം ആകുന്നു.

ഈ അവർണ്ണനീയമായ ദൈവസ്നേഹത്തിന്റെ അനിഷേധ്യമായ ഒരു തെളിവാണ് പിശാചെന്ന പിതാവിന്റെ മക്കളായ (യോഹ. 8:44) അനുസരണക്കേടിന്റെ മക്കളായ കോപത്തിന്റെ മക്കളായ ലോകത്തിന്റെ മക്കളായ നമ്മെ **"ദൈവമക്കൾ"** എന്നു വിളിക്കപ്പെട്ടതിൽ വെളിപ്പെട്ടത് (എഫെ. 2:3). യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ദൈവവുമായി ഉണ്ടായ പുതിയ ബന്ധത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

കാരണം, മുമ്പ് നാം ബലഹീനരും അഭക്തരും പാപികളും ശത്രുക്കളും ആയിരുന്നുവെന്ന് മറ്റൊരു തിരുവെഴുത്തും പറയുന്നു (റോമർ 5:6–10).

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകലകുടുംബത്തിനും ദൈവമക്കൾ എന്ന് പേർവരുവാൻ കാരണമായ പിതാവായ ദൈവമാണ് ഈ സ്നേഹത്തിന്റെ ദാതാവ് (എഫെ. 3:14). പഴയനിയമത്തിൽ ദൈവം യിസ്രായേലിന് പിതാവായിരുന്നതുപോലെ പുതിയനിയമത്തിൽ ദൈവം എല്ലാ ക്രിസ്തുവിശ്വാസികൾക്കും പിതാവാകുന്നു (എബ്രാ. 2:11–12 c.f. യെശ. 43:6–7; മലാഖി 2:10). കാരണം ക്രിസ്തുവിന്റെ യാഗത്തിന്റെ വ്യാപ്തി അബ്രഹാമിന്റെ സന്തതിക്ക് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല (യോഹ. 8:39; റോമർ 9:7–8). മറിച്ച്, ചിതറിപാർക്കുന്ന എല്ലാ ദൈവജനത്തിനും വേണ്ടിയുള്ളതാണ് (യോഹ. 11:52; എഫെ. 2:17).

ദൈവസ്നേഹം നമ്മിൽ പകർന്നതിന്റെ ആത്യന്തികലക്ഷ്യം നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുക എന്നതായിരുന്നു; ഇതൊരു കുടുംബബന്ധത്തെയാണ് സൂചിപ്പിക്കുന്നത്; ദൈവമക്കൾ എന്ന് വിളിക്കപ്പെടുവാനുള്ള അവകാശം (യോഹ. 1:12). പഴയനിയമത്തിൽ അടിസ്ഥാനപ്പെട്ടുള്ളതാണ് (ആവർത്തനം 14:1 c.f. പുറപ്പാട് 4:22; 2 ശമുവേൽ 7:14; 2 കൊരിന്ത്യർ 6:18). എന്നാൽ ജഡപ്രകാരമുള്ള മക്കൾ അല്ല, മറിച്ച്, ആത്മപ്രകാരമുള്ള മക്കളാണ് ഇവിടത്തെ വിഷയം (യോഹ. 1:12 c.f. 8:41–47; 11:52).

**"ദൈവമക്കൾ"** എന്ന് വിളിക്കപ്പെടുക എന്നത് നമുക്ക് ദൈവത്തിൽനിന്നും ലഭിക്കാവുന്നതിൽവെച്ച് ഏറ്റവും വലിയ ദാനമാണ് (ഗലാ. 4:6,7). കാരണം, അതിൽ പിതാവിന്റെ സകല അനുഗ്രഹങ്ങളും അടങ്ങിയിരിക്കുന്നു. എങ്കിലും ആ പേരിന് നാം യോഗ്യതയുള്ളവർ ആയിരുന്നില്ല. അവർണ്ണനീയമായതും അറിയപ്പെടുന്ന ഭാഷകളിലൂടെ വിവരിക്കാനാവാത്തതുമായ ഈ ദൈവസ്നേഹം നമ്മുടെ ഇടയിലുള്ള സ്നേഹത്തെക്കാൾ വലിയതാണ്. നമുക്ക് ചുറ്റുമുള്ള സ്നേഹത്തെക്കാളും വലിയതാണ്. ഇതു നാം ഇതുവരെ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമായ സ്നേഹത്തെക്കാൾ വലിയതാണ്. ഇത് ദൈവത്തിനു മാത്രം വെളിപ്പെടുത്തുവാൻ കഴിയുന്ന സ്നേഹമാണ്.

ദൈവമക്കൾ എന്നുള്ള ഈ പദവി നാം നേടിയെടുത്തതല്ല, നിലനിർത്തുന്നതുമല്ല. മറിച്ച്, തിരിച്ചെടുക്കാനാകാത്ത ദൈവത്തിന്റെ ദാനം ആകുന്നു. കടപ്പാട് നിമിത്തമല്ല, സ്നേഹം നിമിത്തം നമുക്ക് നല്കിയ

താകുന്നു. ഈ സ്നേഹത്തിലൂടെ നാം ദൈവമക്കൾ എന്ന് വിളിക്കപ്പെടുക മാത്രമല്ല വാസ്തവമായി "**അങ്ങനെതന്നെ നാം ആകുന്നു**" എന്നും യോഹന്നാൻ തുടർന്നു പറയുന്നു. ദൈവമക്കൾ എന്ന പദവി നമുക്ക് പേരിൽ മാത്രം ഒതുങ്ങിനില്ക്കുന്നതല്ല. മറിച്ച് ഇന്നും അതൊരു യാഥാർത്ഥ്യമായിരിക്കുന്നുവെന്ന് വ്യാകരണം (esmen - equative present) ഇവിടെ സൂചിപ്പിക്കുന്നു. മാത്രമല്ല, ഇത് പുതിയ ഉടമ്പടിയുടെ വാഗ്ദത്ത നിവൃത്തിയുമാണ് (റോമർ 9:26; 2 കൊരി. 6:18).

## 2. പുത്രത്വത്തിന്റെ മർമ്മം

**"ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല."**

ദൈവത്തിനും ദൈവിക വ്യവസ്ഥിതിക്കും എതിരായുള്ളതും പൈശാചിക നിയന്ത്രണത്തിലുള്ളതും ദൈവപുത്രനെ ക്രൂശിച്ചുകൊന്നതുമായ ഈ ലോകം ദൈവത്തെയും ദൈവപുത്രനെയും ഒരിക്കലും തിരിച്ചറിഞ്ഞിരുന്നില്ല (യോഹ. 1:10; 8:19; 8:55; 16:1; 17:25; 1 കൊരി. 2:8; 1 യോഹ. 3:6).

എപ്പോൾ എങ്ങനെ എത്രത്തോളം മുതലായ യാതൊരു വിശദീകരണവും കൂടാതെ സംഭവിച്ചുകഴിഞ്ഞ ഒരു പ്രവൃത്തിയെ മൊത്തത്തിലാണ് "**ലോകം അവനെ അറിഞ്ഞിട്ടില്ല**" എന്നതിലൂടെ വ്യാകരണം (egnō - constative aorist) ഇവിടെ സൂചിപ്പിക്കുന്നത്. ലോകത്തിന് ഒരിക്കലും തന്നെത്താൻ ദൈവപുത്രനെ തിരിച്ചറിയുവാനുള്ള കഴിവില്ലായ്മയും മനസ്സില്ലായ്മയുമാണ് യോഹന്നാൻ ഇതിലൂടെ സൂചിപ്പിക്കുന്നത്; അതുകൊണ്ട് "**നമ്മെയും അറിയുന്നില്ല**" എന്ന് തുടർന്ന് പറയുന്നു. വ്യാകരണപ്രകാരം (ginōskei - customary present) എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്ന ലോകത്തിന്റെ ഒരു സാധാരണ അവസ്ഥയെയും സ്വഭാവത്തെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ക്രിസ്തുവിശ്വാസികൾ ഇത്ര വലിയ ദൈവസ്നേഹത്തിന്റെ സ്വീകർത്താക്കൾ ആയിരുന്നിട്ടും അവർക്ക് ദൈവമക്കൾ എന്നുള്ള ഇത്ര വലിയ പേര് ലഭിച്ചിട്ടും ലോകം അവരെ ആ നിലയിൽ തിരിച്ചറിയുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. കാരണം, ലോകം ദൈവപുത്രനെയോ ദൈവത്തെയോ അറിയുന്നില്ല. നാബോത്ത് യിസ്രായേലിന്റെ രാജാവായി അഭിഷേകം ചെയ്യപ്പെട്ട ദാവീദിനെക്കുറിച്ച് അവൻ ആർ എന്ന് പറഞ്ഞതുപോലെ ഇത് മനഃപൂർവ്വം ചെയ്യുന്നതിലുപരി

യായി മറഞ്ഞിരിക്കുന്നതാകാം (1 കൊരി. 1:21 c.f. യോഹ. 1:10). അതുകൊണ്ടാകാം ഒരുപക്ഷേ, ലോകം നമ്മെയും അവഗണിക്കുന്നത് (യോഹ. 12:40; 15:21; കൊലൊ. 3:3-4).

ദൈവമക്കളെ തിരിച്ചറിഞ്ഞ് അവർക്ക് അർഹമായ പരിഗണന കൊടുക്കുന്നതിന് പകരമായി ഉപദ്രവമാണ് ഇപ്പോൾ നല്കുന്നത്. കാരണം, ലോകത്തിന് ദൈവത്തോടും ദൈവപുത്രനോടുമുള്ള മനോഭാവം തന്നെയാണ് ദൈവമക്കളോടും ഉള്ളത് (യോഹ. 15:20-21; 16:2-3).

ദൈവപുത്രന്മാരുടെ തേജസ്സോടെയുള്ള വെളിപ്പെടൽ ഇതുവരെയും സംഭവിച്ചിട്ടില്ല (റോമർ 8:19,23). അതുകൊണ്ട് ലോകത്തിന്റെ മോഹങ്ങൾക്കനുസരിച്ചും പാപങ്ങൾക്ക് അടിമകളായും ജീവിച്ചവർ ഒരു സുപ്രഭാതത്തിൽ ദൈവം തന്റെ വലിയ സ്നേഹം ഞങ്ങൾക്ക് നല്കിയിരിക്കുന്നു. ഞങ്ങൾ ഇപ്പോൾ ദൈവമക്കൾ ആകുന്നു. ഞങ്ങളുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നു എന്നെല്ലാം അവകാശപ്പെട്ടാൽ, അത് ലോകത്തിന് പെട്ടെന്ന് ഉൾക്കൊള്ളുവാൻ കഴികയില്ല. അതുകൊണ്ട് അപ്രകാരം അവകാശപ്പെടുന്നത് ലോകത്തിന്റെ ദൃഷ്ടിയിൽ അഹങ്കാരവും ധിക്കാരവുമായി കണക്കാക്കപ്പെടുന്നു.

ഇക്കാര്യങ്ങളെല്ലാം ലോകത്തിന് മറഞ്ഞിരിക്കുന്നതിനുള്ള ഒരു കാരണം, നമ്മുടെ സുരക്ഷക്കായി മറയുള്ള ഒരു ജീവിതം ദൈവം ഇപ്പോൾ നമുക്ക് നല്കിയിരിക്കുന്നതുകൊണ്ടാണ്. എന്നാൽ ഉയർത്തെഴുന്നേറ്റ യേശു എമ്മവൂസിലെ ശിഷ്യന്മാർക്ക് വെളിപ്പെട്ടതുപോലെ (ലൂക്കൊസ് 24:16,31) നാം ആരാണെന്ന് ലോകത്തിന് ഒരിക്കൽ വെളിപ്പെടും (c.f. മത്തായി 25:41-46).

### 3. പുത്രത്വത്തിന്റെ മഹത്വം (3:2)

**"പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു."** വ്യാകരണപ്രകാരം (esmen - equative present) വിശ്വാസികളുടെ ഇപ്പോഴത്തെ അവസ്ഥയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. യഥാർത്ഥവിശ്വാസികളെല്ലാം ഇപ്പോൾ ദൈവമക്കൾ എന്ന് വിളിക്കപ്പെടുക മാത്രമല്ല. **"നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു."** ഇതൊരു ഉറപ്പായ വസ്തുതയും വർത്തമാനക്കാല യാഥാർത്ഥ്യവുമാകുന്നു. അവരിൽ ഇപ്പോൾ ദൈവാത്മാവ് വസിക്കുന്നു, അവർ ദൈവവചനം കേൾക്കുന്നു, അവർ ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ ആകുന്നു. അവർ ദൈവത്തെ "അബ്ബ, പിതാവെ" എന്നു വിളിക്കുന്നു. അവർ ദൈവിക വാഗ്ദത്ത

ങ്ങൾക്ക് അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും ആകുന്നു (റോമർ 8:17; എഫെ. 3:6). അങ്ങനെ ദൈവമക്കൾ എന്ന പദവി ഇപ്പോൾതന്നെ അവർ അനുഭവിക്കുന്നു.

എന്നാൽ **"നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യ ക്ഷമായില്ല."** ദൈവമക്കൾ എന്നനിലയിൽ വിശ്വാസികളുടെ ഭാവി പ്രത്യാശയാണ് യോഹന്നാൻ ഇതിലൂടെ സൂചിപ്പിക്കുന്നത്. ഭാവിയിൽ നമ്മുടെ രൂപമെന്ത്, സാമ്യമെന്ത്, സ്ഥാനമെന്ത്, അവസ്ഥയെന്ത്... മുത ലായതൊന്നും ഇതുവരെ വ്യക്തമായി വെളിപ്പെടുത്തിയിട്ടില്ല. കാര ണം, നാം എന്താകുമെന്നുള്ള മർമ്മം അവന്റെ പ്രത്യക്ഷതയിൽ മാത്രമേ വെളിപ്പെടുകയുള്ളൂ (1 കൊരി. 15:51-54). എങ്കിലും ഇപ്പോ ഴത്തെ അവസ്ഥയിൽനിന്നും ഉന്നതമായിരിക്കും വരുവാനുള്ള അവ സ്ഥ. കാരണം, ദൈവം നമ്മിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചതേയു ള്ളൂ. അതിന്റെ അവസാനം ആരംഭത്തെക്കാൾ പൂർണ്ണതയുള്ളതും അതിശയകരവും ആയിരിക്കും (ഫിലി. 1:4).

എന്നാൽ ഇവിടെ ഈ വാക്യാംശത്തിന്റെ വ്യാകരണത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് (ephanerōthē - aorist passive) നാം ഇപ്പോൾ ദൈവമക്കൾ ആകുന്നുവെന്ന വസ്തുത അംഗീകരിക്കു മ്പോൾതന്നെ വാസ്തവത്തിൽ നാം ഇപ്പോൾ ആരായിത്തീർന്നിരി ക്കുന്നു അഥവാ എന്തായിത്തീർന്നിരിക്കുന്നു എന്നത് ഇതുവരെ പ്രത്യ ക്ഷമാക്കിയിട്ടില്ല അഥവാ വെളിപ്പെടുത്തിയിട്ടില്ല എന്നാണ്. കർത്താ വിന്റെ പ്രത്യക്ഷതയിലാണ് അതിന് പൂർണ്ണമായ വ്യക്തത വരുന്നത് (മലാഖി 3:16-18).

അതുകൊണ്ട് **"അവൻ പ്രത്യക്ഷനാകുമ്പോൾ"** അർത്ഥാൽ, വ്യാകരണപ്രകാരം (phanerōthē - aorist passive subjunctive) അവൻ പ്രത്യക്ഷനാക്കപ്പെട്ടു കഴിയുമ്പോൾ, **"നാം അവനെ താൻ ഇരി ക്കുംപോലെതന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃ ശ്യന്മാർ ആകും എന്ന് നാം അറിയുന്നു"** എന്നും യോഹന്നാൻ പറയുന്നു. മുഖാമുഖമുള്ള സമാഗമത്തിൽ വിശ്വാസികൾ ദൈവപുത്ര നായ യേശുവിനെപോലെ ആകുമെന്നുള്ള ഉറപ്പാണിത്. ക്രിസ്തുവി ശ്വാസികൾ ക്രിസ്തുവിനെപ്പോലെ ആകുമെന്ന് തിരുവെഴുത്ത് പഠി പ്പിക്കുന്നതുകൊണ്ട് (റോമർ 8:29; 1 കൊരി. 13:12; 15:49; 2 കൊരി. 3:18; ഫിലി. 3:20-21) ദൈവമക്കളുടെ സാദൃശം ദൈവത്തോടല്ല, മറിച്ച് ദൈവപുത്രനോടുതന്നെ ആയിരിക്കും. രൂപാന്തരത്തിൽ അവർ ആന്ത

രികമായും ബാഹ്യമായും അവനോട് സദൃശ്യന്മാർ ആകും.

അവൻ ഇപ്പോൾ ആരായിരിക്കുന്നുവോ, ഏത് സ്ഥാനത്തും അവസ്ഥയിലും ഇരിക്കുന്നുവോ ആ അവസ്ഥയിൽ തന്നെ നാം അവനെ അവന്റെ പ്രത്യക്ഷതയിലും കാണുമെന്ന് ലേഖകൻ പറയുന്നു. അന്ന് നമുക്ക് ഇന്നത്തെ അവസ്ഥയെ അപേക്ഷിച്ച് മാറ്റം ഉണ്ടാകുമെങ്കിലും അവന് മാറ്റം ഉണ്ടായിരിക്കുകയില്ല (എബ്രാ. 13:8).

അപ്പൊസ്തലനായ യോഹന്നാന്റെ ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അവൻ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥ. ഒന്നാമതായി, അവൻ ഇപ്പോൾ നീതിമാൻ ആകുന്നു (1 യോഹ. 2:29). നാം ഇപ്പോൾ നീതീകരിക്കപ്പെട്ട നീതിമാന്മാർ ആകുന്നു (1 കൊരി. 6:11). എന്നാൽ അവന്റെ പ്രത്യക്ഷതയിൽ ദേഹത്തിലും ദേഹിയിലും ആത്മാവിലും അനീതി ഒട്ടും ഇല്ലാത്തവിധം നാം അവനോട് നീതിയിൽ സദൃശന്മാർ ആകും. രണ്ടാമതായി, അവൻ ഇപ്പോൾ നിർമ്മലൻ ആകുന്നു (3:3). നാം ഇപ്പോൾ തുടർമാന ശുദ്ധീകരണം ആവശ്യമുള്ള വിശുദ്ധീകരിക്കപ്പെട്ട വിശുദ്ധന്മാർ ആകുന്നു. എന്നാൽ അവന്റെ പ്രത്യക്ഷതയിൽ പിന്നീട് ഒരിക്കലും ശുദ്ധീകരണം ആവശ്യമില്ലാത്തനിലയിൽ വിശുദ്ധിയിൽ നാം അവനോട് സദൃശ്യന്മാർ ആകും. മൂന്നാമതായി, അവൻ ഇപ്പോൾ പാപമില്ലാത്ത അവസ്ഥയിൽ ആകുന്നു (3:5) ഏതൊരു ഭക്തനും പ്രത്യക്ഷത്തിൽ പാപം ചെയ്യുന്നതായി കാണപ്പെടുന്നില്ലായെങ്കിലും പാപത്തിന്റെ സാന്നിധ്യം ഇപ്പോഴും അവനിൽ ഉണ്ട് (1 യോഹ. 1:7,10). കാരണം, വീണ്ടും ജനനത്തിന്റെ ഫലമായി വിശ്വാസി ആദാമ്യ പ്രകൃതത്തിൽനിന്നും ദൈവിക പ്രകൃതത്തിലേക്ക് മാറിയെങ്കിലും ആത്മാവിൽ മാത്രമാണ് ഈ മാറ്റം പൂർണ്ണമായത്. ദേഹിയിൽ ഈ മാറ്റം നടന്നുകൊണ്ടിരിക്കുമ്പോൾ ദേഹത്തിൽ ആ മാറ്റം നടക്കുവാൻ പോകുന്നതേയുള്ളൂ (എഫെ. 4:22-24; കൊലൊ. 3:9-10). എന്നാൽ കർത്താവിന്റെ പ്രത്യക്ഷതയിൽ, ദേഹത്തിലൂടെയും ദേഹിയിലൂടെയും ആത്മാവിലൂടെയും ഒരിക്കലും പാപം ചെയ്യുവാൻ കഴിയാത്ത അവസ്ഥയിൽ നാം ആയിത്തീരുകയും അങ്ങനെ നാം അവനോട് സദൃശന്മാർ ആകുകയും ചെയ്യും. നാലാമതായി, അവൻ ഇന്ന് മഹത്വവും ബഹുമാനവും അണിഞ്ഞവനായിരിക്കുന്നു (എബ്രായർ 2:9). എങ്കിലും അവൻ ആയിരിക്കുന്ന ഈ അവസ്ഥയുടെ പൂർണ്ണതയിൽ ജഡത്തിൽ ഇരിക്കുന്ന ആരും അവനെ ഇതുവരെ കണ്ടിട്ടില്ല (c.f. അപ്പൊ. 22:6-8; വെളി. 1:12-17). എന്നാൽ അവന്റെ പ്രത്യക്ഷതയിൽ വിശുദ്ധന്മാർ

അവനെ താൻ ഇരിക്കുന്നതുപോലെ തന്നെ കാണും. അതുകൊണ്ടാണ് "പിതാവെ നീ ലോകസ്ഥാപനത്തിന് മുമ്പെ എന്നെ സ്നേഹിച്ചിരിക്ക കൊണ്ട് എനിക്ക് നല്കിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേ ണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരി ക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു" (യോഹ. 17:24) എന്ന് കർത്താവ് പ്രാർത്ഥിച്ചത്; മാത്രമല്ല, വിശുദ്ധന്മാർ അവനെ അവന്റെ മഹത്വത്തിൽ കാണുമ്പോൾ "വിശ്വസിച്ചവരിൽ താൻ അതിശയവിഷയം" ആകു മെന്നും അവന്റെ മഹത്വത്തിൽ നാം പങ്കാളികൾ ആകുമെന്നും വചനം പറയുന്നു (2 തെസ്സ. 1:9; 2:14).

ക്രിസ്തുവിശ്വാസികളുടെ ഭാവി പ്രത്യാശ ക്രിസ്തുവിനെപോലെ ആകുക എന്നതാണ്. ക്രിസ്തുവിശ്വാസികളുടെ ഏറ്റവും ഉയർന്ന അവസ്ഥ പുത്രത്വമല്ല, മറിച്ച് കർത്താവിനോട് സദൃശന്മാർ ആകുക എന്നതാണ് (ഫിലി. 3:21). ഇപ്പോൾതന്നെ നാം തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു (2 കൊരി. 3:18). എന്നാൽ അവന്റെ പ്രത്യക്ഷതയിൽ അവൻ ഇപ്പോൾ ആയിരിക്കുന്നതുപോലെ തന്നെ നാം അവനെ കാണുമ്പോൾ നാം പൂർണ്ണമായി അവനോട് അനുരൂപരാക്കപ്പെടുകയും (1 കൊരി. 13:12) അക്ഷയതയും അമർത്യതയും പ്രാപിക്കുകയും ചെയ്യും. അവന്റെ തേജ സ്സിലാണ് നാം അവനെ കാണുക (വെളി. 1:7, 13-14). അവന്റെ വരവി ങ്കൽ വിശ്വാസികളുടെ ശാരീരികവും ആത്മികവുമായ കണ്ണ് പൂർണ്ണ മായും തുറക്കുകയും ആ കാഴ്ച നമ്മെ പൂർണ്ണമായി മാറ്റുകയും ചെയ്യും (c.f. 2 കൊരി. 5:16-17). അന്ന് നാം അവനെ കൂടുതലായി അറിയുവാൻ പോകുന്നത് അവന്റെ വിശുദ്ധിയും മഹത്വവും തേജസ്സും അടിസ്ഥാന മാക്കിയുള്ള കാര്യങ്ങളാണ്. ഇക്കാര്യങ്ങളിൽ ദൈവഭവനത്തിലെ അംഗ ങ്ങൾ എല്ലാം ദൈവപുത്രനോട് അനുരൂപമായി രൂപാന്തരപ്പെടുമ്പോൾ വിശുദ്ധന്മാർക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് നിവൃത്തിവരും (ഫിലി. 3:21; റോമർ 8:29). ഇക്കാര്യമാണ് നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ ക്രിസ്തുവിന്റെ നാളോളം അതിനെ തികയ്ക്കും എന്ന് പൗലൊസ് പറയുന്നത് (ഫിലി. 1:4). അതുപോലെ, നമ്മിൽ വസിക്കുന്ന ദൈവത്തിന്റെ ആത്മാവും ഈ പ്രവൃത്തിയിൽ ഇപ്പോൾതന്നെ നമ്മെ പുത്രന്റെ സ്വരൂപത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തുന്നു (2 കൊരി. 3:18; കൊലൊ. 3:4). അവന്റെ പ്രത്യക്ഷതയിൽ എല്ലാനില യിലും നാം അവനോട് സദൃശ്യന്മാർ ആകുമെങ്കിലും ഒരു നിലയിലും

നാം അവനോട് തുല്യരാകുകയില്ല. കാരണം അവൻ ദൈവത്തിന്റെ ഏകജാതനും ആദ്യജാതനുമായി എന്നേക്കും വേറിട്ടുനില്ക്കും (റോമർ 8:29) എങ്കിലും അവന്റെ മഹത്വത്തിന്റെ പുകഴ്ചക്കായി നാമും അവ നോടൊപ്പം ഇരിക്കും (യോഹ. 17:24).

**B. ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവപുത്ര നിലുള്ള പ്രത്യാശയുടെ അടയാളം ആകുന്നു (3:3)**

ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവപുത്രനിലുള്ള പ്രത്യാശയുടെ അടയാളം ആകുന്നതുകൊണ്ടാണ് "**അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്ന തുപോലെ തന്നെത്തന്നേ നിർമ്മലീകരിക്കുന്നു**" എന്ന് യോഹ ന്നാൻ പറയുന്നത്.

ക്രിസ്തുവിശ്വാസികൾ "**ദൈവമക്കൾ**" എന്നു വിളിക്കപ്പെട്ടതാണ് ക്രിസ്തീയപ്രത്യാശയുടെ അടിസ്ഥാനം (3:1). കർത്താവിനെ കാണു മ്പോൾ നാം അവനോട് സദൃശന്മാർ ആകുമെന്ന ഉറപ്പുള്ള പ്രതീക്ഷ യാണ് അതിലുള്ളത് (വാ. 2). കാരണം, പ്രത്യാശ എന്നതുകൊണ്ട്, തിരുവെഴുത്തിൽ, തികച്ചും ഉറപ്പുള്ളതും വസ്തുതാപരവുമായ ഒരു പ്രതീക്ഷയോടുള്ള ക്രിയാത്മകവും വൈകാരികവുമായ പ്രതികരണ മാണ്.

കർത്താവിന്റെ പ്രത്യക്ഷതയിലുള്ള പ്രത്യാശ വിശ്വാസിയെ വിശു ദ്ധജീവിതത്തിലേക്കു നയിക്കുന്നു. ഒരുനാൾ കർത്താവിനെപോലെ ആകുമെന്നുള്ള പ്രത്യാശ ഇപ്പോൾതന്നെ അവനെപ്പോലെ ആകുവാനും അവനോട് അനുരൂപരാകുവാനുമുള്ള വാഞ്ഛ വിശ്വാസിയിൽ വളർത്തുന്നു. ഇത് അവനിൽ തന്നെത്താനുള്ള നിർമ്മലീകരണത്തിന് ഇടയാക്കുന്നു.

"**അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം**" എന്നതുകൊണ്ട് അവനിൽ പ്രത്യാശയുള്ള ഏതൊരു വ്യക്തിയും ഒഴികഴിവില്ലാതെ ഓരോരുത്തനും എന്നാണർത്ഥം. വ്യാകരണപ്രകാരം (echōn tēn elpida - gnomic present) ഒരാൾ ഒരു നല്ല കാര്യത്തിനായി, അർത്ഥാൽ, തന്റെ അദ്ധ്വാനത്തിന്റെ ഫലത്തിനായോ കൂലിക്കായോ ഭവനത്തിലേക്ക് മട ങ്ങുവാനോ കാത്തുകാത്തിരിക്കുന്നതിനെ ഇവിടെ പ്രത്യേകം സൂചി പ്പിക്കുന്നു. ഇങ്ങനെ ക്രിസ്തുയേശുവിൽ തേജസ്സിന്റെ പ്രത്യാശ വെച്ചി

രിക്കുന്ന ആർക്കും ഒരാൾക്കുപോലും തന്നെത്താൻ നിർമ്മലീകരിക്കുന്നതിൽനിന്നും ഒഴികഴിവില്ല. അങ്ങനെ ആരെങ്കിലും ഒഴിഞ്ഞുനില്ക്കുന്നുവെങ്കിൽ അവന് തേജസ്സിന്റെ പ്രത്യാശയില്ല, എങ്കിൽ അവൻ നീതീകരിക്കപ്പെട്ടവനല്ല, ദൈവം അവനെ മുന്നറിഞ്ഞിട്ടുമില്ല (റോമർ 8:29-30). അങ്ങനെയുള്ളവരുടെ വിശ്വാസം യഥാർത്ഥ വിശ്വാസം അല്ല; കാരണം, യഥാർത്ഥ വിശ്വാസം ബുദ്ധിപരമായ അറിവിൽ മാത്രം ഒതുങ്ങിനില്ക്കുന്നില്ല. മറിച്ച്, ആശ്രയത്തിലേക്കും അനുസരണത്തിലേക്കും അനുകരണത്തിലേക്കുമാണ് അത് നയിക്കുന്നത് (അപ്പൊ. 5:14; 6:7; എബ്രാ. 11:8; 2 പത്രൊസ് 1:5-9).

**"അവൻ നിർമ്മലനായിരിക്കുന്നതുപോലെ...".** നമ്മുടെ കർത്താവ് നിർമ്മലൻ ആകുന്നു എന്ന് തിരുവെഴുത്ത് പറയുന്നു (യോഹ. 8:46; എബ്രാ. 4:15; 7:26; 1 പത്രൊസ് 1:19) മാത്രമല്ല, വിശ്വാസികൾ സ്വയം നിർമ്മലീകരിക്കുന്നതിന് താനൊരു നിലവാരവും (ലേവി. 20:26 c.f. പത്രൊസ് 1:16) ആകുന്നു. അതുകൊണ്ട് നമ്മുടെ ജീവിതത്തെ താരതമ്യം ചെയ്യേണ്ടതും വിധിക്കേണ്ടതും കർത്താവിന്റേതിന് അടിസ്ഥാനപ്പെടുത്തിയാണ്. മറ്റു മനുഷ്യരുടേതിന് അടിസ്ഥാനപ്പെടുത്തിയല്ല. അങ്ങനെ ചെയ്യുന്നത് കഷ്ടവും (യെശ. c.f. 5-6) അറിവില്ലായ്മയും ആകുന്നു (2 കൊരി. 10:12).

മാത്രമല്ല, അവൻ നിർമ്മലനായിരിക്കുന്നതുപോലെ എന്നത് വ്യാകരണപ്രകാരം (estin - equative present) എപ്പോഴും നിർമ്മലതയിൽ മാറ്റമില്ലാത്ത ഒരു പ്രകൃതം അവനുള്ളതിനെയും ഇവിടെ സൂചിപ്പിക്കുന്നു (എബ്രാ. 13:8). അതുപോലെ **"തന്നെത്താൻ നിർമ്മലീകരിക്കുന്നു"** എന്നതുകൊണ്ട് അവനിൽ ഈ പ്രത്യാശയുള്ള എല്ലാവരും എല്ലായിടത്തും എപ്പോഴും പാപത്തിൽനിന്നും അശുദ്ധിയിൽനിന്നും ലോകത്തിൽനിന്നും അതിന്റെ മോഹങ്ങളിൽനിന്നും വേർപെട്ടുകൊണ്ട് സ്വമനസ്സാലെ തന്നെത്താൻ നിർമ്മലീകരിക്കുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന് വ്യാകരണം (hagnizei - gnomic present) ഇവിടെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ സംഭവിക്കുന്ന വിശുദ്ധന്മാരുടെ രൂപാന്തരത്തിൽ പ്രത്യാശയുള്ള എല്ലാവരും ഇപ്പോൾ ഇവിടെ ശരിയായ ധാർമ്മികജീവിതം നയിക്കുന്നതിൽ താല്പര്യമുള്ളവരാണ്. വിശ്വാസികൾക്ക് ക്രിസ്തുയേശുവിലൂടെ ലഭിക്കുന്ന പ്രാരംഭശുദ്ധീകരണമാണ് (positional) തന്നെത്താൻ തുടർമാനമായി നിർമ്മലീകരിക്കുന്നതിന് (practical) അടിസ്ഥാനമാക്കിയിരിക്കുന്നത് (യോഹ. 13:10;

എബ്രാ. 10:10,14,22). മാത്രമല്ല, തുടർമാനശുദ്ധീകരണ പ്രക്രിയയിൽ നാമും സജീവപങ്കാളികൾ ആകുന്നു (യോഹ. 13:10; 1 യോഹ. 1:7–9; 2 കൊരി. 7:1; 2 പത്രൊസ് 3:11–14; വെളി. 22:11,14).

പാപങ്ങളെ ഏറ്റുപറയുന്നതും തന്നെത്തന്നെ നിർമ്മലീകരിക്കുന്നതും വിശുദ്ധിയെ തികക്കുന്നതും ദൈവികലക്ഷ്യം ലാക്കാക്കി ജീവിക്കുന്നതും തന്നെത്താൻ സൂക്ഷിക്കുന്നതും ക്രിസ്തുവിശ്വാസിയുടെ സാധാരണ ജീവിതരീതിയാണ്. അതിനുള്ള ആഹ്വാനവും തിരുവെഴുത്തിൽ കാണുന്നുണ്ട് (1 യോഹ. 1:9; 3:3; 2 കൊരി. 7:1; ഫിലി. 3:13–14; 1 തിമൊ. 5:22; തീത്തൊസ് 2:13; യാക്കോബ് 4:8; വെളി. 22:11–14).

നീതീകരണസമയത്ത് ദൈവം നമ്മിൽ പകർന്നതും നമുക്ക് കണക്കിട്ടതുമായ ദൈവികവിശുദ്ധിയിൽനിന്നും വ്യത്യസ്തമായി (റോമർ 4:5–6) ഇവിടെ പറയുന്ന വിശുദ്ധീകരണം ഏകപക്ഷീയമല്ല. മറിച്ച്, വിശ്വാസിക്ക് ഇതിൽ ക്രിയാത്മകമായ പങ്കുണ്ട് (1 യോഹ. 1:7,9 c.f. റോമർ 6:11–15). മാത്രമല്ല, നീതീകരണത്തിനും വിശുദ്ധീകരണത്തിനും ആവശ്യമായ കഴുകലുകളിൽ വ്യത്യാസമുണ്ട് (c.f. യോഹ. 13:10).

വീണ്ടും കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രത്യാശയുള്ളവർക്ക് തന്നെത്താനുള്ള നിർമ്മലീകരണം ആവശ്യമാണെന്നും യോഹന്നാൻ ഇവിടെ ഊന്നിപറയുന്നു (1 യോഹ. 3:3) കാരണം, ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല (എബ്രാ. 12:14). അവന്റെ നഗരത്തിൽ കടക്കുകയുമില്ല (വെളി. 22:11–15).

ഒരു വ്യക്തി തന്നെത്തന്നെ നിർമ്മലീകരിക്കുന്നതിൽ ഇപ്പോൾ എത്രത്തോളം ആവശ്യബോധമുള്ളവനായിരിക്കുന്നുവോ അത്രത്തോളം തന്നെ ഉറപ്പ് കർത്താവിന്റെ പ്രത്യക്ഷതയിൽ അവനോട് അനുരൂപരാകും എന്നതിൽ ആ വ്യക്തിക്ക് ഇപ്പോൾ ഉണ്ടാകും (ഫിലി. 1:27–28; 2 പത്രൊസ് 1:4–11).

## C. ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവപുത്രന്റെ പ്രത്യക്ഷതയുടെ അടയാളം ആകുന്നു (3:4–8)

### 1. പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി (4–8$_a$)

**“പാപം ചെയ്യുന്നവൻ എല്ലാം അധർമ്മം ചെയ്യുന്നു. പാപം അധർമ്മം തന്നെ.”** പാപം ചെയ്യുക എന്നതുകൊണ്ട് ഇവിടെ, മനുഷ്യനുവേണ്ടിയുള്ള ദൈവികനിലവാരം മനഃപൂർവ്വമായി അവഗണിക്കു

ന്നതിനെയും മത്സരത്തോടെ ലംഘിക്കുന്നതിനെയും അങ്ങനെ ദൈവികലക്ഷ്യം തെറ്റുന്നതിനെയും സൂചിപ്പിക്കുന്നു. അത് മനസ്സാക്ഷിയുടെ പ്രമാണമോ ആത്മാവിന്റെ പ്രമാണമോ ക്രിസ്തുവിന്റെ ന്യായപ്രമാണമോ വെളിപ്പെടുത്തപ്പെട്ട ഏതൊരു ദൈവികപ്രമാണമോ ആകാം (റോമർ 2:15,23; 8:2; ഗലാ. 6:2).

അതുപോലെ **"പാപം ചെയ്യുന്നവൻ എല്ലാം"** എന്നത് **"നീതി ചെയ്യുന്നവൻ ഒക്കെയും"** എന്നതിന് വിപരീതമായിട്ടാണ് യോഹന്നാൻ ഇവിടെ പറഞ്ഞിരിക്കുന്നത് (2:29 c.f. 3:4). മാത്രമല്ല, **"പാപം ചെയ്യുന്നവൻ എല്ലാം"** എന്നത് ഇവിടെ വ്യാകരണപ്രകാരം (poiōn - gnomic present) പ്രായോഗികവീക്ഷണത്തിൽ വല്ലപ്പോഴും പാപം ചെയ്യുന്നവൻ എന്നതല്ല, മറിച്ച് താത്വികമായി, പാപം ചെയ്യുന്ന പ്രകൃതം അഥവാ സ്വഭാവമുള്ള ഏവനും എന്ന അർത്ഥമാണ് ഇതിനുള്ളത്. അതുപോലെതന്നെ **"എല്ലാം"** എന്നതിലൂടെ അപവാദം ഇല്ലാതവണ്ണം ഇതൊരു സാർവ്വത്രിക യാഥാർത്ഥ്യമാകുന്നു എന്നാണ് യോഹന്നാൻ പറയുന്നത്. തന്നെയുമല്ല, **"പാപം ചെയ്യുന്നവൻ"** എന്നത് വർത്തമാനകാല ക്രിയയിൽ പാപത്തിൽ തുടരുന്ന ജീവിതരീതിയെയാണ് സൂചിപ്പിക്കുന്നത്.

അവനിൽ വസിക്കുന്ന ആരും പാപം ചെയ്യുന്നില്ല. അഥവാ പാപത്തിൽ ജീവിക്കുന്നില്ല (3:6). എന്നാൽ പുത്രനെ നിഷേധിക്കുന്നവൻ എല്ലാം വീണ്ടും ജനിക്കാത്തവനും പാപം ചെയ്യുന്നവനും ആകുന്നു. അവൻ **"അധർമ്മവും ചെയ്യുന്നു."** **"പാപം"** മനഃപൂർവ്വമായ നിയമലംഘനം ആയിരിക്കുമ്പോൾ **"അധർമ്മം"** നിയമത്തിന്റെ അസാന്നിധ്യത്തിലോ അപര്യാപ്തതയിലോ പ്രവൃത്തിക്കുന്നതല്ല. മറിച്ച്, നിയമം ഉണ്ടായിരിക്കെ നിയമം ഇല്ലാത്തതുപോലെ ജീവിക്കുന്നതും പ്രവൃത്തിക്കുന്നതുമാണ് അധർമ്മം (മത്തായി 7:22-24; 2 തെസ്സ. 2:3-4). അത് ദൈവിക പ്രമാണത്തിന് എതിരുമാകുന്നു. അതുകൊണ്ടാണ് **"പാപം അധർമ്മം തന്നെ"** എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്. രണ്ടിനും പ്രത്യേകം പ്രത്യേകമായി വിവേചകഭേദകം (the) ഉള്ളതുകൊണ്ട് രണ്ടും പരസ്പരം സ്ഥാനം മാറ്റി ഉപയോഗിക്കുവാൻ കഴിയുന്നതിലൂടെ പാപത്തെ അധർമ്മത്തോട് തുല്യമാക്കിയിരിക്കുന്നു. കാരണം, പാപത്തിന്റെ പൊതുസ്വഭാവത്തിൽ, പാപം ചെയ്തുകൊണ്ടിരിക്കുന്നത് താത്വികമായി, അധർമ്മമാണ് യോഹന്നാന്റെ ദൃഷ്ടിയിൽ.

എന്നാൽ കർത്താവിന്റെ പ്രത്യക്ഷതയുടെ ലക്ഷ്യമായി **"പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി"** (വാ. 5) എന്ന് യോഹന്നാൻ തുടർന്നു പറയുന്നു. **"നീക്കുവാൻ"** എന്നതിന് നീക്കിക്കളയുവാൻ അഥവാ എടുത്തുകളയുവാൻ എന്നാണർത്ഥം. പ്രതീക്ഷിക്കുന്ന ഒരു ഫലത്തെയല്ല, മറിച്ച് ഉറപ്പായ അഥവാ യാഥാർത്ഥ്യമായ ഒരു ഫലത്തെയാണ് വ്യാകരണം ഇവിടെ (arē - constative aorist) വിശദീകരണം കൂടാതെ സൂചിപ്പിക്കുന്നത് (യോഹ. 1:29; എബ്രാ. 10:8–10; 1 പത്രൊാസ് 2:24 c.f. യെശ. 53:4, 11–12). കർത്താവിന്റെ ഒന്നാമത്തെ പ്രത്യക്ഷതയ്ക്കും രണ്ടാമത്തെ പ്രത്യക്ഷതയ്ക്കും ഒരുവാക്കുതന്നെയാണ് (phanerōthē) യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നത് (1 യോഹ. 3:5 c.f. 2:28). എങ്കിലും കർത്താവിന്റെ ഒന്നാമത്തെ പ്രത്യക്ഷതയ്ക്ക് ജനിച്ചു എന്ന് പറയുന്നതിന് പകരമായി **"പ്രത്യക്ഷനായി"** എന്നുതന്നെ പറഞ്ഞിരിക്കുന്നതിനാൽ, തന്റെ ജഡവാസത്തിനു മുമ്പുള്ള തന്റെ അസ്തിത്വത്തെ യോഹന്നാൻ ഊന്നി പറയുന്നു (2:19,28; 3:2). ഇവിടെ വ്യാകരണത്തിന്റെ അടിസ്ഥാനത്തിൽ (ephanerōthē - aorist passive) **"അവൻ പ്രത്യക്ഷനായി"** എന്നതിലൂടെ അവൻ തന്നെത്താൻ പ്രത്യക്ഷനായതല്ല, മറിച്ച് ദൃശ്യനാകുംവിധം വെളിപ്പെടുത്തപ്പെട്ടതാണ് എന്നാണർത്ഥം. **"പാപം"** ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു. **"പാപങ്ങളെ"** നീക്കുവാൻ അവൻ പ്രത്യക്ഷനായി (3:4,5 c.f. 1:8,9) എന്നതിലെ **"പാപം"** എന്ന ഏകവചനവും **"പാപങ്ങൾ"** എന്ന ബഹുവചനവും വ്യത്യസ്ത അർത്ഥത്തിലാണ് യോഹന്നാൻ ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഒരു വൃക്ഷമായി ചിന്തിച്ചാൽ, പാപം വേരും പാപങ്ങൾ ഫലവുമാണ്. യുക്തിപരമായി ചിന്തിച്ചാൽ, പാപം ഒരു പ്രകൃതവും പാപങ്ങൾ പ്രവൃത്തികളുമാകുന്നു. ദൈവികനിലവാരം ലംഘിക്കുന്നതിന് പൊതുവിൽ **"പാപം"** എന്നു പറയുമ്പോൾ, പ്രത്യേകം പ്രത്യേകമായ ലംഘനത്തിന് **"പാപങ്ങൾ"** എന്നു പറയുന്നു. പാപത്തിന്റെ അധികാരത്തിൽനിന്നും നമ്മെ വിടുവിച്ച് നമ്മുടെ പാപങ്ങളെ നീക്കുവാനാണ് ദൈവപുത്രൻ വന്നത്. **"പാപങ്ങൾ"** എന്ന് ഇവിടെ ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഓരോ വ്യക്തിയുടെയും പാപത്തിന്റെ ഓരോരോ പ്രവൃത്തിയെയും ഓരോരോ ലംഘനത്തെയുമാണ് ഉദ്ദേശിക്കുന്നത്. ദൈവപുത്രൻ പ്രത്യക്ഷനായത് നമ്മുടെ പാപത്തിന്റെ ഓരോരോ പ്രവൃത്തിയെയും നീക്കുവാനാണ് (എബ്രാ. 2:2; 9:25–28 c.f. എഫെ. 5:26,27).

തുടർന്ന്, **"എന്ന് നിങ്ങൾ അറിയുന്നു"** എന്നതുകൊണ്ട് പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നത് ലൗകികജ്ഞാനത്തിലൂടെയല്ല, മറിച്ച് ദൈവികജ്ഞാനത്തിലൂടെ അനുവാചകർ അറിഞ്ഞിരിക്കുന്നു. അഥവാ, അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നാണ് വ്യാകരണം (oidate - perfect with present force) ഇവിടെ സൂചിപ്പിക്കുന്നത്.

ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ ഒരു പ്രധാനലക്ഷ്യം പാപങ്ങളെ നീക്കുക എന്നതായതുകൊണ്ട് ക്രിസ്തുവിശ്വാസികൾ പാപം ചെയ്യാതെ ജീവിക്കുന്നത് ക്രിസ്തുവിന്റെ പ്രത്യക്ഷതയോടുള്ള സ്വാഭാവിക പ്രതികരണമാണ്.

മാത്രമല്ല, കർത്താവിന്റെ പ്രത്യക്ഷതയിൽ അവനോട് സദൃശന്മാർ ആകുമെന്നുള്ള പ്രത്യാശയിൽ ഇരിക്കുന്ന നമുക്ക് തന്നെത്താൻ നിർമ്മലീകരിക്കുവാൻ ഈ സത്യം പ്രചോദനം തരുന്നു. നാം അവന്റെ പ്രകൃതത്തോട് ഏകീഭവിക്കുവാൻ ആശിക്കുന്നവരാകുന്നുവെങ്കിൽ അവന്റെ വരവിന്റെ ആവശ്യത്തോടും ഏകീഭവിക്കുവാൻ ആശിക്കുന്നവരായിരിക്കും.

പാപങ്ങളെ നീക്കുന്നതിനുള്ള അവന്റെ യോഗ്യത **"അവനിൽ പാപമില്ല"** എന്നതാണെന്ന് യോഹന്നാൻ പറയുന്നു (യോഹ. 8:46; 2 കൊരി. 5:21; 1 പത്രൊസ് 1:19; 2:22 c.f. ലേവി. 16). അവൻ പാപം ചെയ്തിട്ടില്ലായെന്നു മാത്രമല്ല. അവനിൽ പാപപ്രകൃതം പോലും ഇല്ലായെന്നാണ് യോഹന്നാൻ ഇവിടെ പറയുന്നത് (1 യോഹ. 1:29; 3:3,5). പാപമില്ലാത്ത പ്രകൃതം തനിക്ക് എപ്പോഴും ഉണ്ടെന്നും പാപമില്ലാത്ത പ്രകൃതത്തിലാണ് താൻ എപ്പോഴും ആയിരിക്കുന്നതെന്നും (1 യോഹ. 1:5 c.f. യോഹ. 8:46) വ്യാകരണം ഇവിടെ സൂചിപ്പിക്കുന്നു (estin - gnomic present). അതുകൊണ്ടാണ് "ഞാൻ അങ്ങനെയുള്ളവൻ എന്ന് നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും" എന്ന് കർത്താവ് പറഞ്ഞത് (യോഹ. 8:24,45,46).

ഇവിടെ **"അവനിൽ പാപം ഇല്ല"** എന്നത് അവനിൽ പാപം ഇല്ല എന്നു നിങ്ങൾ അറിയുന്നു എന്നുതന്നെ ഭാഷാന്തരം ചെയ്യാവുന്നതാണ്. കാരണം **''അറിയുന്നു''** എന്ന ക്രിയയിലാണ് ഈ വാക്യാംശം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ദൈവത്തിൽ **"ഇരുട്ട് ഒട്ടും ഇല്ല"** എന്നത് ഒരു യാഥാർത്ഥ്യമായിരിക്കുന്നതുപോലെ (1:5) ദൈവപുത്രനിൽ പാപം ഒട്ടും ഇല്ല; അവൻ സമ്പൂർണ്ണവിശുദ്ധിയിൽ നിലനില്ക്കുന്നു. എന്നാൽ അതിനോട് ചേർന്നുതന്നെ **"അവനിൽ വസി**

**ക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല”** (വാ. 6) എന്നും താൻ പറയുന്നു. കർത്താവിൽ വസിക്കുന്നവരും വസിക്കാത്തവരും തമ്മി ലുള്ള വൈരുദ്ധ്യമാണ് തുടർന്നു കാണുന്നത്. ഒരാൾക്ക് ഒരേസമയം കർത്താവിൽ വസിക്കുവാനും പാപം ചെയ്യുവാനും കഴികയില്ല. കാര ണം, **“അവനിൽ വസിക്കുന്നവൻ ആരും”** എന്നതുകൊണ്ട് ഇവിടെ വ്യാകരണപ്രകാരം (menōn - gnomic present) ഒരു മേഖല വിട്ടുപോകാതെ അതിൽ തന്നെ എപ്പോഴും തുടരുന്ന ഏതൊരുവ നെയും **“ആരും പാപം ചെയ്യുന്നില്ല”** (hamartanei - gnomic present) എന്നതുകൊണ്ട് ഇവിടെ അങ്ങനെയുള്ള ആരും പാപത്തിൽ തുടരു ന്നില്ല അഥവാ പാപസ്വഭാവത്തിൽ ജീവിക്കുന്നില്ല എന്നുമാണ് സൂചി പ്പിക്കുന്നത്. അർത്ഥാൽ, യഥാർത്ഥവിശ്വാസി കർത്താവുമായി നിര ന്തരം തുടരുന്ന ബന്ധത്തെയും അതിന്റെ ഫലമായി അങ്ങനെയുള്ള വരുടെ സാധാരണ സ്വഭാവത്തെയുമാണ് ഇതു കാണിക്കുന്നത്. അവ നിൽ വസിക്കുന്നവനിൽ പാപം ഇല്ലായെന്ന് യോഹന്നാൻ പറയുന്നില്ല (1:8). എന്നാൽ അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ലാ യെന്നുള്ള യോഹന്നാന്റെ നിരീക്ഷണം വളരെ ശ്രദ്ധേയമാണ്.

കാരണം, അവനിൽ വസിക്കുന്നവൻ **“ആരും പാപം ചെയ്യു ന്നില്ല”** എന്നതിലൂടെ വർത്തമാനകാലക്രിയയിൽ പാപജീവിതത്തെയും പാപസ്വഭാവത്തെയുമാണ് യോഹന്നാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ഇങ്ങനെ എഴുതിയിരിക്കുന്നതുകൊണ്ട് അവനിൽ വസിക്കുന്ന എല്ലാവരും ഒരിക്കലും പാപംചെയ്യുവാൻ കഴിയാത്ത ഒരു അവസ്ഥയി ലാണ് ഇപ്പോൾ ഇവിടെ ഇരിക്കുന്നതെന്ന് ഇതിനർത്ഥമില്ല. കാരണം, പാപം ചെയ്യുവാൻ സാധ്യതയുള്ള ഒരു അവസ്ഥയിലായിരിക്കുന്നതു കൊണ്ടാണ് പാപങ്ങൾ ഏറ്റുപറയുന്നതിനെക്കുറിച്ചും (1:9) പാപങ്ങൾക്ക് പരിഹാരമായ പ്രായശ്ചിത്തത്തെക്കുറിച്ചും (2:1) യോഹന്നാൻ ആദ്യം സൂചിപ്പിച്ചത്. **“പാപം ചെയ്യുന്നില്ല”** (3:6,9; 5:18) എന്നതിലെ വ്യാക രണം തുടർമാനമായ പ്രവൃത്തിയെ സൂചിപ്പിക്കുന്നതുകൊണ്ട് ക്രിസ്തു വിശ്വാസികൾ പാപത്തിൽ തുടരുകയില്ല. പാപം ചെയ്തുകൊണ്ടിരി ക്കയില്ല, അവർ പാപസ്വഭാവമുള്ളവരല്ലായെന്നാണ് യോഹന്നാൻ അർത്ഥമാക്കുന്നത്. എന്നാൽ 2:1 ൽ **“പാപം ചെയ്തു എങ്കിലോ”** എന്നത് വ്യാകരണപ്രകാരം (gnomic aorist) പാപത്തിന്റെ ഒറ്റപ്പെട്ട പ്രവൃത്തിയാണ് സൂചിപ്പിക്കുന്നത്.

ക്രിസ്തുവിൽ വസിക്കുന്നതാണ് പാപത്തിൽ തുടരാതിരിക്കുന്ന

തിനുള്ള കാരണം, ക്രിസ്തുവിൽ വസിക്കുന്ന ഒരു വിശ്വാസി പാപ സ്വഭാവത്തിൽനിന്നും സ്വതന്ത്രൻ ആയിരിക്കും. കാരണം, നിത്യജീവന്റെ പങ്കാളിയാകുന്നതുകൊണ്ട് പുതിയപ്രകൃതത്തിന് വിരുദ്ധമായി പാപം ചെയ്തുകൊണ്ടിരിപ്പാനും പാപത്തിൽ തുടരുവാനും അവന് കഴികയില്ല (1 യോഹ. 5:18). എന്നാൽ ദേഹിയുടെയും ദേഹത്തിന്റെയും രൂപാന്തരം പൂർത്തീകരിക്കപ്പെടാത്തതുകൊണ്ട് ഈ മേഖലകളിൽ വിശ്വാസിയിൽ പാപങ്ങൾ പ്രവൃത്തിക്കാൻ സാധ്യതയുണ്ട് (1:8). അവൻ ചിലപ്പോൾ മനഃപൂർവ്വമായിത്തന്നെ പാപം ചെയ്തുവെന്നും വരാം (2:1). എന്നാൽ പാപം ഒരിക്കലും അവനിൽ കർത്തൃത്വം നടത്തുകയില്ല (റോമർ 6:14).

എന്നാൽ പുത്രനിൽ വസിക്കാത്തവർ, അർത്ഥാൽ, അവിശ്വാസികൾ, തങ്ങളുടെ ചിന്തയിലും മനോഭാവത്തിലും വാക്കിലും പ്രവൃത്തിയിലും ശരീരത്തിലും അവയവങ്ങളിലും പാപബാധയുള്ളവരായി ജീവിക്കുന്നവരും സ്വാഭാവികമായി പാപം ചെയ്തുകൊണ്ടിരിക്കുന്നവരുമാണ്. അങ്ങനെ **"പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല"** എന്നാണ് യോഹന്നാൻ തുടർന്ന് പറയുന്നത്.

ക്രിസ്തുവിനെ നാം ആരായി കണ്ടിരിക്കുന്നു. നമ്മോടുള്ള ബന്ധത്തിൽ ആരായി അറിയുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. ഇക്കാരണത്താൽതന്നെ, നാം ഇപ്പോൾ എങ്ങനെ ജീവിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിനെ നാം ആരായി കണ്ടിരിക്കുന്നുവെന്നും ആരായി അറിയുന്നുവെന്നും മനസ്സിലാക്കാം.

അവനിൽ നിരന്തരമായി വസിക്കുന്നത് അവനെ ശരിയായി കണ്ടതിന്റെയും ശരിയായി അറിഞ്ഞതിന്റെയും അടയാളമാണ്. എന്നാൽ അങ്ങനെ സംഭവിക്കാത്തതിന്റെ ഫലമാണ് പാപം ചെയ്തുകൊണ്ടിരിക്കുന്നതിലൂടെ വെളിപ്പെടുന്നത്.

ഒരു സാർവ്വത്രിക നിഷേധാത്മക വാചകഘടനയാണിത്. ഒരേ സമയം കർത്താവിൽ വസിക്കുവാനും പാപം ചെയ്യുവാനും ആർക്കും ഒരിക്കലും കഴിയുകയില്ല ഒരാളുടെ പാപജീവിതം അയാളുടെ വീണ്ടും ജനിക്കാത്ത അവസ്ഥയെയാണ് വെളിപ്പെടുത്തുന്നത്. **"പാപം ചെയ്യുന്നവൻ"** എന്നത് ഇവിടെയും വ്യാകരണപ്രകാരം (hamartanōn - gnomic present) ഒരു സ്വഭാവത്തെ അതായത്, നിലനില്ക്കുന്ന സ്വഭാവരീതിയെ തന്നെ സൂചിപ്പിക്കുന്നു.

നാം ഇപ്പോൾ ദൈവമക്കൾ ആകുന്നതുകൊണ്ട് ഇപ്പോൾ പാപത്തിൽനിന്നും സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ നാം എത്തിച്ചേരേണ്ട അവസ്ഥയിൽ ഇതുവരെയും എത്തിചേരാത്തതിനാൽ ഇപ്പോൾ നമ്മിൽ പാപത്തിന് പ്രവൃത്തിക്കുവാൻ സാധ്യതയുണ്ട്. എന്നാൽ ദൈവമക്കളിൽ വസിക്കുന്ന ദിവ്യമായ വിത്ത് (വാ. 9) തന്റെ പുത്രന്റെ സ്വരൂപത്തോട് നാം പൂർണ്ണമായി അനുരൂപരാകുന്നതുവരെ ആത്മാവിനാൽ വളർന്നുകൊണ്ടിരിക്കും.

എന്നാൽ ഇപ്പോൾ പാപസ്വഭാവത്തിൽ ജീവിക്കുന്നവർ മുമ്പുതന്നെ ക്രിസ്തുവിനെ വിശ്വാസത്തിൽ കാണുകയോ (heōraken) ജീവിതത്തിൽ അനുഭവിച്ചറിയുകയോ (egnōken) ചെയ്തിട്ടില്ലാത്തവരാണെന്ന് ഇവിടെ വ്യാകരണം (gnomic perfect with extensive force) സൂചിപ്പിക്കുന്നു. ക്രിസ്തുവുമായി അവർക്ക് യാതൊരു ബന്ധവുമില്ലായെന്നും (മത്തായി 7:23; ലൂക്കൊസ് 13:27; ഗലാ. 4:9; 1 യോഹ. 2:4). അവർ അവനാൽ ഇതുവരെ സ്വാധീനിക്കപ്പെട്ടിട്ടില്ലായെന്നുമാണ് ഇതിനർത്ഥം. അത് അവരുടെ ഭൂതകാല അവസ്ഥയും വർത്തമാനകാല യാഥാർത്ഥ്യവും ആകുന്നു. കാരണം, ദൈവപുത്രന്റെ ആഗമനോദ്ദേശം, തന്നിൽ വിശ്വസിക്കുന്നവരുടെ പാപം പോക്കി അവരെ ശുദ്ധീകരിക്കുക എന്നതാണ്. എന്നാൽ ഒരുവൻ ഇനിയും പാപത്തിൽ ജീവിക്കുന്നുവെങ്കിൽ അവൻ ക്രിസ്തുവിന്റെ ആഗമനോദ്ദേശത്തിന് എതിരായി പ്രവൃത്തിക്കുന്നവൻ ആകുന്നു. അതുകൊണ്ടാണ് യഥാർത്ഥവിശ്വാസികളെയും വ്യാജവിശ്വാസികളെയും തിരിച്ചറിയുന്ന കാര്യത്തിൽ **"കുഞ്ഞുങ്ങളെ ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാനായിരിക്കുന്നതുപോലെ നീതിചെയ്യുന്നവൻ നീതിമാൻ ആകുന്നു"** (3:7) എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത് (c.f. 2 തെസ്സ. 2:3).

യേശു നീതിമാൻ ആയതുകൊണ്ട് അവനോട് കൂട്ടായ്മയുള്ളവരിലെല്ലാം അവന്റെ നീതി വെളിപ്പെടും. ദൈവികനീതി സൽപ്രവൃത്തികളിലൂടെ സൃഷ്ടിക്കപ്പെടുന്നില്ല. മറിച്ച്, വെളിപ്പെടുന്നു. ഇവിടെ **"ആരും നിങ്ങളെ തെറ്റിക്കരുത്"** എന്നതിന് വഴിതെറ്റിക്കരുത്, വഞ്ചിക്കരുത് എന്നാണർത്ഥം. എന്നാൽ ദുരുപദേഷ്ടാക്കളെ മാത്രം ഉദ്ദേശിച്ചല്ല അപ്പൊസ്തലൻ ഇതു പറയുന്നത്. കാരണം, ഒരു വ്യക്തി എന്തുപറയുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, എങ്ങനെ ജീവിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലുമാണ് വിധിക്കപ്പെടേണ്ടത്. ഇക്കാ

ര്യത്തിൽ അനുവാചകർ വഞ്ചിതരാകുന്ന രീതി ഇതോടെ അവസാനി പ്പിക്കുവാനുള്ള ഒരു ആജ്ഞയും ഇവിടെ വ്യാകരണത്തിൽ (planatō - imperative of prohibition) അടങ്ങിയിരിക്കുന്നു.

**"അവൻ നീതിമാനായിരിക്കുന്നതുപോലെ"** എന്നതിലൂടെ ദൈവത്തിന്റെ മാറ്റമില്ലാത്ത നീതിയുള്ള പ്രകൃതത്തെ സൂചിപ്പിക്കുന്നു. ദൈവം തന്റെ എല്ലാ വഴികളിലും നിയമങ്ങളിലും വാഗ്ദത്തങ്ങളിലും എപ്പോഴും നീതിമാൻ ആകുന്നു (സങ്കീ. 11:7; 129:4; c.f. റോമർ 3:5). ദൈവം പ്രകൃത്യാ നീതിമാൻ ആയിരിക്കുന്നതുപോലെ സ്വഭാവികമായി **"നീതി ചെയ്യുന്നവൻ നീതിമാൻ ആകുന്നു"** എന്ന് യോഹന്നാൻ പറയുന്നു; നീതിമാനായിരിക്കുന്ന ഒരു പ്രകൃതം ദൈവത്തിന് ഉള്ളതുപോലെ നീതി പ്രവൃത്തിക്കുന്ന ഒരു പ്രകൃതം ദൈവത്തിന്റെ സന്തതിക്കുമുണ്ട്.

എന്നാൽ ഇവിടെ **"നീതി"** എന്ന വാക്കിന് മുമ്പിലും **"ചെയ്യുന്നവൻ"** എന്ന വാക്കിന് മുമ്പിലും വിശേഷണഭേദകം (the) ഉള്ളതു കൊണ്ട് ഇവിടെ പരാമർശിക്കപ്പെടുന്ന **"നീതി"** ഒരു പ്രത്യേകതരം നീതിയെയും **"ചെയ്യുന്നവൻ"** എന്നത് ഒരു പ്രത്യേകതരം പ്രവൃത്തി ചെയ്യുന്ന വ്യക്തിയെയുമാണ് സൂചിപ്പിക്കുന്നത്.

അർത്ഥാൽ, മനുഷ്യന്റെ ദൃഷ്ടിയിൽ നീതിയായത് പ്രവൃത്തിക്കുന്നവനല്ല. മറിച്ച്, ദൈവം നീതിയായി കണക്കിട്ടിരിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നവൻ മാത്രമാണ് ദൈവത്തിന്റെ ദൃഷ്ടിയിൽ നീതിമാനായിരിക്കുന്നത്. എന്നാൽ ഇവിടെ പരാമർശിക്കുന്നത് സ്ഥാനീയനീതിയല്ല, മറിച്ച് ദൈവഹിതപ്രകാരമുള്ള നീതിയുള്ള ജീവിതമാണെന്ന് പ്രത്യേകം ശ്രദ്ധേയമാണ്. എന്നാൽ **"നീതിചെയ്യുന്നവൻ"** എന്നതു കൊണ്ട് ഇവിടെ വ്യാകരണപ്രകാരം (poiōn - gnomic present with customary force) വല്ലപ്പോഴും നീതി പ്രവൃത്തിക്കുന്നവനെയോ, സാമൂഹ്യനിലവാരത്തിൽ ജീവിക്കുന്നവനെയോ സൽപ്രവൃത്തികൾ ചെയ്യുന്നവനെയോ അല്ല. മറിച്ച്, ദൈവികനീതി ലഭിച്ചതിന്റെ അടയാളമായും ഫലമായും തുടർമാനമായി സാമൂഹിക ധാർമ്മിക കടമ നിറവേറ്റുന്നവനെ, നീതിയോടെ ജീവിക്കുന്ന സ്വഭാവമുള്ളവനെ അഥവാ, വചനപ്രകാരം ജീവിതം ക്രമീകരിച്ചിരിക്കുന്നവനെയാണ് ഉദ്ദേശിക്കുന്നത് (1 യോഹ. 2:29 c.f. ലൂക്കൊസ് 1:6). ഇക്കാരണത്താൽ, നീതിപ്ര

വ്യത്തിക്കുന്ന സ്വഭാവമുള്ളവൻ തന്നെയാണ് ദൈവം നീതീകരിച്ച നീതിമാൻ എന്നു തെളിയുന്നു.

നീതിയുള്ള സ്വഭാവം പ്രവൃത്തികളിലൂടെ വെളിപ്പെടുത്തുന്നതിന് ക്രിസ്തു ഉത്തമ ഉദാഹരണമാണ്. ദൈവപ്രതിമയായ ക്രിസ്തുവിന്റെ മാതൃക പിൻതുടരുവാനുള്ള ആഹ്വാനമാണ് അവൻ **"നീതിമാനായിരിക്കുന്നതുപോലെ"** എന്ന താരതമ്യ വിശേഷണത്തിലൂടെ (comparative adverb) യോഹന്നാൻ അനുവാചകർക്ക് നല്കുന്നത് (3:7 c.f. 1 പത്രൊസ് 1:16). ഇവിടെ വ്യാകരണപ്രകാരം (estin - gnomic present) കാലഭേദം കൂടാതെ അവൻ എപ്പോഴും എന്നേക്കും നീതിമാൻ ആകുന്നു എന്നാണർത്ഥം. എന്നാൽ പ്രായോഗികതലത്തിൽ, ക്രിസ്തുവിശ്വാസികളുടെ നീതിയുള്ള ജീവിതം നീതിമാനായ ക്രിസ്തുവിന്റെ നീതിയുടെ അതേ അളവിൽ ആയിരിക്കുമെന്ന് യോഹന്നാൻ ഒരിക്കലും അർത്ഥമാക്കുന്നില്ല. എങ്കിലും അവൻ നീതിമാൻ ആകുന്നു എന്ന കാരണത്താലും അതേതരം നീതിയുമാണ് യോഹന്നാൻ ഇവിടെ ആഹ്വാനം ചെയ്യുന്നത് (c.f. 1 പത്രൊസ് 1:16).

2. **പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ അവൻ പ്രത്യക്ഷനായി (വാ. 8b)**

ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ രണ്ടാമത്തെ ലക്ഷ്യം ഇവിടെ പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാനാണെന്ന് യോഹന്നാൻ പറയുന്നു. അതിന് അടിസ്ഥാനമായിട്ടാണ് **"പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു"** എന്ന് അപ്പൊസ്തലൻ പറയുന്നത്.

ദൈവത്തിന്റെ മക്കളെ അവരുടെ നീതി പ്രവൃത്തിയിലൂടെ തിരിച്ചറിയുന്നതുപോലെ പിശാചിന്റെ മക്കളെ അവരുടെ പാപ പ്രവൃത്തിയിലൂടെയാണ് തിരിച്ചറിയുന്നത് (യോഹ. 3:20). വ്യാകരണപ്രകാരം ഇവിടെ **"പാപം ചെയ്യുന്നവൻ"** (poiōn - gnomic present with customary force) എന്നതിലൂടെ പാപത്തിന്റെ ഒറ്റപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നവനെയല്ല, മറിച്ച് പാപജീവിതം ഉള്ളവനെയാണ് സൂചിപ്പിക്കുന്നത്. നീതിചെയ്യുന്നവരുടെ ഉത്ഭവം ദൈവത്തിൽ നിന്നാകുമ്പോൾ പാപം ചെയ്യുന്നവരുടെ ഉത്ഭവം പിശാചിൽനിന്ന് അഥവാ ദുഷ്ടനിൽ നിന്നാകുന്നു. അതുകൊണ്ടാണ് പാപം ചെയ്യുന്നവൻ **"പിശാചിന്റെ മകൻ ആകുന്നു"** എന്ന് യോഹന്നാൻ പറയുന്നത്. ഓരോരുത്തനും ഏതേത് കുടുംബത്തിൽനിന്നും ഉത്ഭവിക്കുന്നുവോ അതനുസരിച്ചുള്ള സ്വഭാവം വെളി

പ്പെടുമെന്ന് കർത്താവും വ്യക്തമാക്കി (യോഹ. 8:44). യൂദ ദുഷ്ട നിൽനിന്നും ഉള്ളവനായി (യോഹ. 6:70) പൂർണ്ണമായും ദുഷ്ടനാൽ നിയന്ത്രിക്കപ്പെട്ട് പ്രവൃത്തിച്ചതായി നാം കാണുന്നതുപോലെ (യോഹ. 13:2,27) പാപം ചെയ്യുന്ന വ്യക്തി ദുഷ്ടന്റെ പക്ഷത്തുള്ളവനും അവ നിൽനിന്നും പ്രചോദനമുൾക്കൊണ്ട് പ്രവൃത്തിക്കുന്നവനും ആകുന്നു.

പിശാച്, ആദാം-ഹവ്വ ദമ്പതിമാരെ പാപം ചെയ്യുവാൻ പ്രലോഭി പ്പിച്ചതു മുതൽ ഇന്നുവരെ ആ പ്രവൃത്തി തുടരുന്നു. എല്ലാവരെയും തന്നോടൊപ്പം പാപത്തിൻ കീഴിലാക്കി തന്റെ അനുയായികൾ ആക്കു കയെന്നതാകുന്നു അവന്റെ ലക്ഷ്യം. ഇക്കാരണത്താലാണ് **"പിശാച് ആദിമുതൽ പാപം ചെയ്യുന്നു"** എന്നു പറയുന്നത്. ഇത് പ്രപഞ്ച സൃഷ്ടിക്കു മുമ്പുതന്നെ ആരംഭിച്ചതും ഇപ്പോഴും തുടരുന്നതുമായ ഒരു പ്രവൃത്തിയാണെന്ന് വ്യാകരണം (hamartanei - customary present) ഇവിടെ സൂചിപ്പിക്കുന്നു. മനുഷ്യന്റെ വീഴ്ചയും (ഉല്പത്തി 3) തുടർന്നുള്ള കുലപാതകങ്ങളും (യോഹ. 8:44) സകല അനീതിയും അധർമ്മവും അതിന് തെളിവാണ് (2 തെസ്സ. 2:7). പിശാച് ആദി മുതൽ പാപംചെയ്യുന്നതുകൊണ്ട് അവനുള്ളവരും ആദിമുതൽ പാപ ത്തിൽ തുടരുന്നവരായിരിക്കുന്നു.

എന്നാൽ പാപത്തെ മനുഷ്യരിൽനിന്നും മനുഷ്യരുടെ ഇട യിൽനിന്നും നീക്കം ചെയ്തുകൊണ്ട് മനുഷ്യനെ പിശാചിന്റെ അധികാ രത്തിൽനിന്നും സ്വാധീനത്തിൽനിന്നും സ്വതന്ത്രരാക്കുകയെന്നതാണ് ക്രിസ്തുവിന്റെ പ്രത്യക്ഷതയുടെ ലക്ഷ്യം. അതുകൊണ്ടാണ് **"പിശാ ചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യ ക്ഷനായി"** എന്നു യോഹന്നാൻ തുടർന്ന് പറയുന്നത് (3:8 c.f. 3:5). തിരുവെഴുത്തിൻപ്രകാരം, ആത്മികബന്ധനം (ലൂക്കൊസ് 4:18), ശാരീ രികബന്ധനം (13:16), ഭൂതബാധ (4:35), പാപബന്ധനം (യോഹ. 8:34), മരണം (എബ്രാ. 2:14-15), അവിശ്വാസം-ആത്മികഅന്ധത (മത്തായി 13:19; 2 കൊരി. 4:4), അധർമ്മം-ഭോഷ്ക്ക് (2 തെസ്സ. 2:9) മുതലായ തെല്ലാം പിശാചിന്റെ പ്രവൃത്തികൾ ആകുന്നു. ഇവിടെ **"അഴിപ്പാൻ"** അഥവാ, അവസാനിപ്പിക്കുവാൻ എന്നതിലൂടെ വ്യാകരണപ്രകാരം (lysē - aorist active subjunctive) സാധ്യതയുള്ള ഒരു ഫലത്തെയല്ല, മറിച്ച് ഉറപ്പായ ഫലത്തെയാണ് ലേഖകൻ സൂചിപ്പിക്കുന്നത്. അനേകരുടെ വ്യക്തിജീവിതങ്ങളിൽനിന്നും ഈവക പൈശാചിക ബന്ധനങ്ങളെ

അഴിപ്പാനും അവക്ക് അറുതിവരുത്തുവാനും ഇതിന്റെയെല്ലാം പുറകിൽ പ്രവൃത്തിക്കുന്ന പിശാചിനെ കീഴ്പ്പെടുത്തി (കൊലൊ. 2:15) അനേകരെ സ്വതന്ത്രർ ആക്കുവാനുമാണ് ദൈവപുത്രൻ പ്രത്യക്ഷനായത്. എന്നാൽ **"പ്രത്യക്ഷനായി"** എന്നത് ഇവിടെ വ്യാകരണപ്രകാരം (ephanerōthē - aroist passive indicative) അവൻ സ്വയം പ്രത്യക്ഷനായതല്ല, മറിച്ച് ദൈവത്താൽ പ്രത്യക്ഷനാക്കപ്പെട്ടവനാണെന്ന് തെളിയുന്നു (c.f. യോഹ. 8:42).

പ്രകൃതിയുടെമേലും രോഗത്തിന്റെമേലും മരണത്തിന്റെമേലും അവനുള്ള അധികാരം, തന്നെ അനുഗമിക്കുന്നവരിൽ വിശ്വാസം വരുത്തുവാനുള്ള അവന്റെ അത്ഭുതപ്രവൃത്തികൾ, അവന്റെ പ്രായശ്ചിത്തയാഗം, മരിച്ചവരിൽനിന്നുള്ള അവന്റെ ഉയിർപ്പ്, വിശ്വസിക്കുന്നവരിൽ സംഭവിക്കുന്ന വീണ്ടും ജനനം, ആത്മാവിന്റെ വാസം, ശരീരത്തിന്റെ വീണ്ടെടുപ്പ് മുതലായ മുഖാന്തരങ്ങളിലൂടെയാണ് അവൻ തന്റെ ദൗത്യം നിറവേറ്റുന്നത്.

ദൈവപുത്രൻ വന്നത് മനുഷ്യനെ പാപശിക്ഷയിൽനിന്നും രക്ഷിക്കുവാൻവേണ്ടി മാത്രമല്ല, മറിച്ച് മഹത്വത്തിലേക്കു പ്രവേശിക്കുന്നതുവരെ ദിനംതോറും നമ്മുടെ ജീവിതത്തെ പാപത്തിന്റെ ശക്തിയിൽനിന്നും രക്ഷിക്കുന്നതിന് വേണ്ടിയാണ് (മത്തായി: 1:21). രക്ഷക്കായി കർത്താവിൽ ആശ്രയിക്കുന്നവരുടെ ജീവിതത്തിൽനിന്നും പാപബന്ധനത്തെ പൂർണ്ണമായും അഴിച്ച് അവർക്ക് സ്വാതന്ത്ര്യവും വിടുതലും നല്കുന്നതിലാണ് കർത്താവിന്റെ ദൗത്യത്തിൽ നാം വിജയം കാണുന്നത്.

**D. ദൈവികനീതി പ്രവൃത്തിക്കുന്ന സ്വഭാവം ദൈവികപിതൃത്വത്തിന്റെ അടയാളം ആകുന്നു (9-10a)**

**"ദൈവത്തിൽനിന്നും ജനിച്ചവൻ ആരും പാപംചെയ്യുന്നില്ല..."**. ഇവിടെ **"ദൈവത്തിൽനിന്നും ജനിച്ചവൻ"** എന്നത് യഥാർത്ഥവിശ്വാസിയെയും **"പാപം ചെയ്യുന്നില്ല"** എന്നത് യഥാർത്ഥ വിശ്വാസിയുടെ സ്വഭാവത്തെയും സൂചിപ്പിക്കുന്നു. ഭൂതകാലത്തുള്ള ജനനത്തിന്റെ ഫലമായുള്ള വർത്തമാനകാല അവസ്ഥയെയാണ് വ്യാകരണം ഇവിടെ (gegennēmenos - gnomic and intensive perfect) ഊന്നിപറയുന്നത് (2:29; 4:7; 5:1,4,18). മാത്രമല്ല, ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്ന എല്ലാവരുടെയും അവസ്ഥ എപ്പോഴും

ഇങ്ങനെതന്നെയാണ് എന്നും ഇതു സൂചിപ്പിക്കുന്നു. ദൈവത്തിൽനിന്നും ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല എന്ന് യോഹന്നാൻ പറയുന്നതിനുള്ള കാരണം പാപം ചെയ്യുന്ന പ്രകൃതം ദൈവത്തിൽനിന്നുള്ള ജനനത്തിന് അനുയോജ്യമല്ലാത്തതുകൊണ്ടാണ്. എന്നാൽ ഒരു ക്രിസ്തുവിശ്വാസിക്ക് ഒരിക്കലും തെറ്റുപറ്റുകയില്ലെന്നോ അവൻ ഒരിക്കലും തെറ്റുചെയ്യുകയില്ലെന്നോ ഇതിനർത്ഥമില്ല (1:8,9; 2:1-2). മറിച്ച്, അവൻ പാപം ചെയ്തുകൊണ്ടിരിക്കയില്ല. പാപത്തിൽ തുടരുകയില്ല, പാപസ്വഭാവമുള്ളവനായിരിക്കയില്ലായെന്നാണ് യോഹന്നാൻ ഉദ്ദേശിക്കുന്നത്.

ഇവിടെ "**പാപം**" എന്ന വാക്കിനോട് ബന്ധപ്പെട്ട് വിവേചകഭേദകം (the) ഇല്ലാത്തതിനാൽ ഏതെങ്കിലും ഒരു പ്രത്യേക പാപത്തെയല്ല, മറിച്ച് ഏതൊരു പാപത്തിനും ബാധകമായ നിലയിൽ പൊതുവായ അർത്ഥത്തിലാണ് "**പാപം**" എന്ന പദം ഉപയോഗിച്ചിരിക്കുന്നത്.

ദൈവത്തിൽനിന്നും ജനിച്ചവൻ ആരും പാപം ചെയ്യാത്തതിന് കാരണം, "**അവന്റെ വിത്ത് അവനിൽ വസിക്കുന്നു**" എന്നതാണ്. ഇവിടെ വ്യാകരണപ്രകാരം "**വസിക്കുന്നു**" (menei - customary present) എന്നതിന് ഒരു പ്രത്യേക മേഖലവിട്ടുപോകാതെ അവിടെത്തന്നെ തുടരുന്നു എന്നാണർത്ഥം. ഈ വിത്തിന്റെ തുടർമാനമായ സാന്നിധ്യവും സ്വാധീനവും അവനിലുള്ളതുകൊണ്ട് വിശ്വാസിയുടെ സ്വഭാവം ദൈവികസ്വഭാവത്താൽ സ്വാധീനിക്കപ്പെടുന്നു.

വിത്തിന്റെ അർത്ഥം

1. **പരിശുദ്ധാത്മാവ്:** വിശ്വാസികൾ ആത്മാവിൽ വീണ്ടും ജനിക്കുന്നു. ആത്മാവിനെ ദൈവം അവരുടെ ഉള്ളിൽ ആക്കുന്നു. അവർ ആത്മാവിനാൽ നടത്തപ്പെടുന്നു (യോഹ. 3:5-6; യെഹെ. 36:26-27; ഗലാ. 5:16) എന്നെല്ലാം തിരുവെഴുത്തിൽ കാണുന്നെങ്കിലും ആത്മാവിനെ ദൈവത്തിന്റെ വിത്തായി എവിടെയും കാണുന്നില്ല.

2. **ദൈവവചനം:** വീണ്ടും ജനനത്തിന്റെ മുഖാന്തരം ദൈവവചനം അഥവാ, ആദിമുതൽ കേട്ട സുവിശേഷവചനമാണ് (മത്തായി 13:3-9, 18-23; യോഹ. 5:38; യാക്കോബ് 1:18; 1 പത്രൊസ് 1:23; 1 യോഹ. 1:10; 2:24). എന്നാൽ ഇവിടെയൊന്നും വചനം ദൈവത്തിന്റെ വിത്താണ് എന്നു പറയുന്നില്ല. മറിച്ച്, വചനം മുഖാന്തരം ജനിച്ചു അഥവാ സന്തതികളായിത്തീർന്നു എന്നാണർത്ഥം. മാത്രമല്ല, തിരുവെഴുത്തിൽ ദൈവ

വചനം എന്നർത്ഥം വരുന്ന 290 സ്ഥലങ്ങളിലും വിത്ത് (sperma) എന്നൊരു വാക്ക് ഉപയോഗിച്ചിട്ടില്ല. തന്നെയുമല്ല, വചനം വിശ്വാസി യിൽ വസിക്കുന്നതായും (യോഹ. 15:7) വീണ്ടും ജനനത്തിന്റെ മുഖാന്തരമായും (യാക്കോബ് 1:18,21; 1 പത്രൊസ് 1:23–25) പറയുന്നു വെങ്കിലും വചനത്തിന് വിശ്വാസിയുടെ വീണ്ടും ജനനത്തിന്റെ പിതൃത്വം ഉള്ളതായി എവിടെയും പറയുന്നില്ല.

3. **ദൈവികപ്രകൃതം അഥവാ ദൈവത്തിന്റെ DNA** (യോഹ. 1:13; 1 യോഹ. 4:7,8; 5:18). കാരണം ഇവിടെ ഉപയോഗിച്ചിരിക്കുന്ന വിത്ത് (sperma) എന്ന വാക്കിന് ഇവിടെ വചനം എന്നല്ല, മറിച്ച് സന്തതി എന്നാണർത്ഥം. അവിശ്വാസി ദുഷ്ടന്റെ സന്തതി ആയിരിക്കുന്നതു പോലെ വിശ്വാസി ദൈവത്തിന്റെ സന്തതി ആകുന്നു (റോമർ 9:6–8). ദൈവത്തിന്റെ സന്തതി എന്ന നിലയിൽ ദൈവത്തിൽനിന്നും ജനിച്ച വൻ പാപം ചെയ്യുന്നില്ല. കാരണം, വീണ്ടും ജനനത്തിലൂടെ മനുഷ്യന്റെ സ്വാഭാവിക ആദാമ്യ പ്രകൃതത്തെ നീക്കി ദൈവിക പ്രകൃതത്തെ മനു ഷ്യരിലേക്ക് പകർന്നിരിക്കുന്നു (എഫെ. 4:22–24; കൊലൊ. 3:9–10). ഈ മാറ്റം മരണത്തിൽനിന്നും ജീവങ്കലേക്ക് വന്നതുപോലെയും അന്ധ കാരത്തിൽനിന്നും അത്ഭുതപ്രകാശത്തിലേക്ക് വന്നതുപോലെയും അടിമത്വത്തിൽനിന്ന് സ്വതന്ത്രരായിത്തീർന്നതുപോലെയുമുള്ള പ്രതി ഫലനം വിശ്വാസിയിൽ ഉളവാക്കുന്നു. എന്നാൽ ഈ മാറ്റം അനുഭവ മാക്കാത്തവർക്ക് പാപം ചെയ്ത് ജീവിക്കുന്നത് ഒരു സാധാരണസംഭ വമായിരിക്കുമ്പോൾ ഈ മാറ്റം അനുഭവമായവരിൽ പാപം ചെയ്ത് ജീവിക്കുന്നത് ഒരു അസാധാരണ സംഭവമായിരിക്കുന്നു. കാരണം, ദൈവത്തിന്റെ സന്തതി എന്നനിലയിൽ ദൈവാനുരൂപമായി സൃഷ്ടി ക്കപ്പെട്ട അവനിലുള്ള പുതിയ മനുഷ്യൻ (എഫെ. 4:22–24) സ്വാഭാവി കമായി ദൈവികസ്വഭാവം വെളിപ്പെടുത്തുന്നു. മാത്രമല്ല, ഇവിടെ വിത്തി നോടൊപ്പം വിശേഷണഭേദകം (the) ഇല്ലാത്തതുകൊണ്ട് വിത്തല്ല, മറിച്ച് വിത്തിന്റെ സ്വഭാവം അഥവാ പുതിയ പ്രകൃതമാണ് വിഷയം (2 കൊരി. 5:17; കൊലൊ. 3:10; 2 പത്രൊസ് 1:4). അതുകൊണ്ട്, **"ദൈവ ത്തിൽനിന്നും ജനിച്ചതിനാൽ അവന് പാപം ചെയ്യുവാൻ കഴി യുകയില്ല"** എന്ന് യോഹന്നാൻ ഉറപ്പിച്ച് പറയുന്നു.

കാരണം, ഒറ്റപ്പെട്ട പാപപ്രവൃത്തികൾക്കും പാപസ്വഭാവത്തിനും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വീണ്ടും ജനിച്ച ഒരു വ്യക്തിയിൽ

വെളിപ്പെടുന്ന പാപപ്രവൃത്തികൾ യാദൃശ്ചികമായ ഒറ്റപ്പെട്ട സംഭ വങ്ങൾ മാത്രമാണ്. ദൈവത്തിൽനിന്നും ജനിച്ചവരെയും ജനിക്കാത്ത വരെയും ഒറ്റപ്പെട്ട പ്രവൃത്തികളുടെ അടിസ്ഥാനത്തിലല്ല, മറിച്ച് സാധാ രണ ജീവിതരീതിയിലൂടെയാണ് നാം തിരിച്ചറിയുന്നത്. മാത്രമല്ല, വീണ്ടും ജനനം ദൈവവചനത്തിലൂടെയും ദൈവാത്മാവിലൂടെയും നടക്കുന്ന ഒരു പ്രവൃത്തി ആയതുകൊണ്ട്, ഈ നിലയിൽ ജനിച്ചവർ പുതിയൊരു ഹൃദയത്തെയും പുതിയൊരു ആത്മാവിനെയും ദിവ്യ സ്വഭാവത്തെയും ലഭിച്ചവരായി ഒരു പുതിയ സൃഷ്ടിയായി തീരുന്നു (യെഹെ. 36:25-27; 2 കൊരി. 5:17 c.f. റോമർ 6:2-7). ഈ മാറ്റം വിശ്വാ സിയിൽ വിശുദ്ധജീവിതത്തിനായി തന്നിൽതന്നെ സമ്മർദ്ദം ചെലു ത്തുന്നതുകൊണ്ട് അങ്ങനെയുള്ളവർക്ക് പിശാചിന്റെ പ്രവൃത്തികൾ ചെയ്യുന്നതിൽ ആനന്ദിക്കുവാനോ അതിൽ തുടരുവാനോ കഴികയി ല്ല. കാരണം, യഥാർത്ഥവിശ്വാസി, ദൈവത്തിന്റെ പ്രകൃതം ഉള്ളവ നാണ് (3:9); എന്നാൽ പാപം ചെയ്യുന്നവൻ പിശാചിന്റെ പ്രകൃതം ഉള്ളവനാണ് (3:8); ഒരാളുടെ പിതൃത്വം അനുസരിച്ച് ഒരാൾ പ്രവൃത്തി ക്കുന്നു. കാരണം, പാപത്തിൽ തുടരുവാനുള്ള അഥവാ പാപസ്വഭാവ ത്തോടെ ജീവിക്കുവാനുള്ള കഴിവില്ലായ്മ ഏതൊരു യഥാർത്ഥ വിശ്വാ സിയിലും എപ്പോഴും നിലനില്ക്കുന്നതായി വ്യാകരണം (ou dynatai - gnomic present) ഇവിടെ സൂചിപ്പിക്കുന്നു.

അതുകൊണ്ടാണ് "**ദൈവത്തിന്റെ മക്കൾ ആരെന്നും പിശാ ചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവൃത്തിക്കാത്തവൻ ആരും... ദൈവത്തിൽ നിന്നുള്ളവനല്ല**" (വാ. 10) എന്ന് യോഹന്നാൻ സ്പഷ്ടമായി പറയുന്നത്.

ഇവിടെ, "**തെളിയുന്നു**" എന്നത് ദൈവമക്കളെയും അല്ലാത്തവ രെയും തിരിച്ചറിയുന്നതിനുള്ള യോഹന്നാന്റെ ഒരു സാങ്കേതിക തത്വ മാണ്. അഥവാ, ഒരു സൂത്രവാക്യമാണ് (c.f. 2:3,5; 3:19,24). അതുപോലെ, "**നീതി ചെയ്യുന്നവൻ ഒക്കെയും**" (c.f. 2:29) എന്നതിലൂടെ എപ്പോ ഴെങ്കിലും ഏതെങ്കിലും ഒറ്റപ്പെട്ട നീതി പ്രവൃത്തി ചെയ്യുന്നതിനെയല്ല, മറിച്ച് ഒരു സാർവ്വത്രിക തത്വത്തെയും സ്വഭാവത്തെയുമാണ് സൂചിപ്പി ക്കുന്നത്.

ഈ വാക്യത്തിൽ, ഇതുവരെ പറഞ്ഞുവന്ന വിഷയത്തിന്റെ ഉപ സംഹാരവും തുടർന്നു പറയുന്ന വിഷയത്തിന്റെ ആമുഖവും കാണുന്നു. നീതി പ്രവൃത്തിക്കുന്നത് ദൈവത്തിൽനിന്നും ജനിച്ചവരുടെ അടയാള മായിരിക്കുന്നതുപോലെ, നീതി പ്രവൃത്തിക്കാതിരിക്കുന്നതും (2:29;

3:10) സഹോദരനെ സ്നേഹിക്കാതിരിക്കുന്നതും (3:10b-24) ദൈവത്തിൽനിന്നും ജനിക്കാത്തവരുടെ അടയാളമാകുന്നു (c.f. മത്തായി 5:44-45).

ദൈവത്തിന്റെ മക്കളെയും പിശാചിന്റെ മക്കളെയും എങ്ങനെ തിരിച്ചറിയാം എന്നത് ക്രിയാത്മകമായും നിഷേധാത്മകമായും ഈ ഭാഗത്ത് ലേഖകൻ വിശദീകരിച്ചിരിക്കുന്നു (3:10).

ദൈവികനീതി പ്രവൃത്തിക്കുന്നത് ദൈവത്തിന്റെ മക്കളുടെ അനിഷേധ്യമായ അടയാളമാകുന്നുവെന്ന് മാത്രമല്ല, അതിലൂടെ ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവരാകാം എന്നും യോഹന്നാൻ ഇതിലൂടെ പറയുന്നു.

***

## VI

# ദൈവിക സ്നേഹം വെളിപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 3:10b–24)

''ദൈവത്തിന്റെ മക്കൾ ആരെന്നും പിശാചിന്റെ മക്കൾ ആരെന്നും ഇതിനാൽ തെളിയുന്നു; നീതി പ്രവർത്തിക്കാത്തവൻ ആരും സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല. നിങ്ങൾ ആദിമുതൽ കേട്ട ദൂത്; നാം അന്യോന്യം സ്നേഹിക്കണം എന്നല്ലോ ആകുന്നു. കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നതുപോലെ അല്ല; അവനെ കൊല്ലുവാൻ സംഗതി എന്ത്? തന്റെ പ്രവൃത്തി ദോഷവും സഹോദരന്റേതു നീതിയുമുള്ളതാകകൊണ്ടത്രേ. സഹോദരന്മാരേ, ലോകം നിങ്ങളെ പകയ്ക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്. നാം മരണം വിട്ടു ജീവനിൽ കടന്നിരിക്കുന്നു എന്നു സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. സഹോദരനെ പകയ്ക്കുന്നവൻ എല്ലാം കൊലപാതകൻ ആകുന്നു. യാതൊരു കൊലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല എന്നു നിങ്ങൾ അറിയുന്നു. അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ട് അവനോടു മനസ്സലിവു കാണിക്കാതിരുന്നാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക. നാം സത്യത്തിന്റെ

പക്ഷത്തു നിൽക്കുന്നവർ എന്ന് ഇതിനാൽ അറിയും; ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്നു നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ട്. അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവനിൽ നിന്നു ലഭിക്കും. അവന്റെ കല്പനയോ, അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കുകയും അവൻ നമുക്കു കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കുകയും വേണം എന്നുള്ളതുതന്നെ. അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്ക് തന്ന ആത്മാവിനാൽ നാം അറിയുന്നു."

വെളിച്ചവും ഇരുട്ടും, ജീവനും മരണവും, സത്യവും ഭോഷ്ക്കും, നീതിയും അധർമ്മവും, സ്നേഹവും വിദ്വേഷവും തുടങ്ങിയുള്ള സ്പഷ്ടമായ വൈരുദ്ധ്യങ്ങൾ ഉപയോഗിച്ചാണ് യോഹന്നാൻ അനുവാചകരെ ആത്മികസത്യങ്ങൾ പഠിപ്പിക്കുന്നത്. മാത്രമല്ല, സാധാരണജീവിതത്തിൽ ഇവയെല്ലാം ഇടകലർന്ന് സംഭവിക്കുന്നതുപോലെ ഇടകലർത്തിയാണ് യോഹന്നാൻ ഇവയെല്ലാം ലേഖനത്തിൽ അവതരിപ്പിക്കുന്നത്.

ദൈവികസ്നേഹം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ മക്കളും ദൈവികസ്നേഹം വെളിപ്പെടുത്താത്ത പിശാചിന്റെ മക്കളും തമ്മിലുള്ള വ്യത്യാസമാണ് തുടർന്നുള്ള വാക്യങ്ങളിലെ പ്രതിപാദ്യവിഷയം. ദൈവത്തിന്റെ മക്കൾ ദൈവികസ്നേഹം വെളിപ്പെടുത്തുന്നവരും അതിന്റെ ഫലമായി ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവരായിരിക്കുമ്പോൾ പിശാചിന്റെ മക്കൾ ദൈവികസ്നേഹം ഇല്ലാത്തവരായി കൊലപാതകത്തിലൂടെയും പകയിലൂടെയും സ്വാർത്ഥതയിലൂടെയും ദ്വേഷം വെളിപ്പെടുത്തുന്നവരായിരിക്കുന്നുവെന്ന് 3:10b–24 വാക്യങ്ങളിൽ അപ്പൊസ്തലൻ പറയുന്നു.

**A. ദൈവികസ്നേഹം വെളിപ്പെടുത്തുന്നത് ദൈവമക്കളുടെ അടയാളം ആകുന്നു (3:10b–11)**

പിതൃത്വം സ്വഭാവത്തോട് എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഈ ഭാഗത്ത് അപ്പൊസ്തലൻ പറയുന്നത്. ദൈവികനീതി പ്രവൃത്തിക്കുന്നത് ദൈവമക്കളുടെ അടയാളമായിരിക്കുന്നതുപോലെ ദൈവിക സ്നേഹം വെളിപ്പെടുത്തുന്നതും ദൈവമക്കളുടെ അടയാളം ആകുന്നു. അതുകൊണ്ടാണ് **"...സഹോദരനെ സ്നേഹിക്കാത്തവനും ദൈവത്തിൽ നിന്നുള്ളവനല്ല. നിങ്ങൾ ആദിമുതൽ കേട്ട ദൂത് നാം അന്യോന്യം സ്നേഹിക്കണം എന്നല്ലോ ആകുന്നു"** എന്നു പറയുന്നത്.

ഇത് അനുവാചകരുടെ വിശ്വാസത്തിന്റെ ആരംഭത്തിൽ അവർക്ക് അപ്പൊസ്തലന്മാരിൽനിന്നും ലഭിച്ച ക്രിസ്തീയ ഉപദേശത്തെ സൂചിപ്പിക്കുന്നു. അവർ ആദ്യംമുതൽ കേട്ട കാര്യങ്ങളിൽ അന്യോന്യം സ്നേഹിക്കുവാനുള്ള പുതിയ കല്പനയും അടങ്ങിയിരിക്കുന്നു (2:7-10). ഇത് കർത്താവിന്റെ ഉപദേശം അടിസ്ഥാനമാക്കിയുള്ള ദൂതാണ് (യോഹ. 13:12,17, 34-35). യോഹന്നാന്റെ വായനക്കാർ ഈ കല്പന അനുസരിച്ചിരുന്നുവെങ്കിലും അതു തുടരുവാൻ താൻ ഇവിടെ ആവ i ys¸ Sp¶ p (c.f. തെസ്സ. 4:9-10). അതുകൊണ്ടാണ് അതിന്റെ ആവർത്തനം തുടർന്നുള്ള വേദഭാഗങ്ങളിലും കാണുന്നത് (3:23; 4:7,11,21).

**"നിങ്ങൾ ആദിമുതൽ കേട്ട ദൂത് നാം അന്യോന്യം സ്നേഹിക്കണം"** എന്നാകുമ്പോൾ (വാ. 11), നിങ്ങൾക്കുള്ള ആദ്യ കല്പന **"യേശുക്രിസ്തുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും... അന്യോന്യം സ്നേഹിക്കയും വേണം"** എന്നാകുന്നു (വാ. 23).

ഇവിടെ അനുവാചകർ **"ആദിമുതൽ കേട്ട ദൂത്"** വ്യാകരണ പ്രകാരം (ēkousate - constative aorist) സ്നേഹത്തോടു ബന്ധപ്പെട്ട് അവർക്കു ലഭിച്ച ഉപദേശത്തെ മൊത്തത്തിൽ ഒരിക്കൽ സംഭവിച്ചു കഴിഞ്ഞ ഒരു വസ്തുതയായി സൂചിപ്പിക്കുമ്പോൾ **"അന്യോന്യം സ്നേഹിക്കയും വേണം"** എന്നത് വ്യാകരണപ്രകാരം (agapōmen - customary present) ദൈവികസ്വഭാവം വെളിപ്പെടുത്തുന്ന ഒരു സ്വഭാവത്തെയാണ് അഥവാ, ഒരു സാധാരണ ജീവിതരീതിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

ദൈവികസ്നേഹത്തിൽ അന്യോന്യം സ്നേഹിക്കുവാനുള്ള കർത്താവിന്റെ ഉപദേശം അനുവാചകർ ആദിമുതൽ അപ്പൊസ്തല

ന്മാരിൽനിന്നും നേരിട്ടു കേട്ടിട്ടുള്ളതാണ്. മാത്രമല്ല, യോഹന്നാനെ സംബന്ധിച്ച് ഇതൊരു ഉപദേശവിഷയവുമാണ് (യോഹ. 13:34,35; 15:12,17; 1 യോഹ. 3:23). എങ്കിലും ഒരാളിൽ ദൈവിക സ്നേഹത്തിന്റെ സാധ്യത വീണ്ടും ജനനത്തോടെയാണ് ആരംഭിക്കുന്നത്.

മാനുഷികസ്നേഹം സ്വാർത്ഥതയും കടമയും പ്രതിബദ്ധതയും അടിസ്ഥാനമാക്കിയുള്ളതാണ് (c.f. മത്തായി 5:46-48). എന്നാൽ ഒരു വ്യക്തി വീണ്ടും ജനിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവിനൊപ്പം ദൈവികസ്നേഹവും ആ വ്യക്തിയിൽ പകരപ്പെടുന്നു (റോമർ 5:5). ഈ സ്നേഹമാണ് തുടർന്ന് വിശ്വാസിയിൽനിന്നും മറ്റുള്ളവരിലേക്ക് പകരപ്പെടുന്ന സഹോദരസ്നേഹം. അതുകൊണ്ട് സഹോദരസ്നേഹം ക്രിസ്തുവിലുള്ള പുതിയജീവിതത്തിന്റ അടയാളമാണ്.

ദൈവഭവനം നീതി പ്രവൃത്തിയിലൂടെയും സഹോദരസ്നേഹത്തിലൂടെയുമാണ് വേർപെട്ടിരിക്കുന്നത് (വാ. 10). സഹോദരസ്നേഹം ഒരു കല്പനയാണ്. എന്നാൽ അതിലുമുപരിയായി ക്രിസ്തുവിശ്വാസികളിൽ അത് ഒരു കഴിവും സ്വഭാവവുമാണ്.

ദൈവം നമ്മിൽ വസിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ജീവൻ നമ്മിൽ വെളിപ്പെടുന്നതുപോലെ, ദൈവത്തിന്റെ സ്നേഹം നമ്മിൽ വസിക്കുന്നുവെങ്കിൽ സഹോദരസ്നേഹവും നമ്മിൽ വെളിപ്പെടും. അതുപോലെതന്നെ "നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും" എന്ന് കർത്താവും പറഞ്ഞു (യോഹ. 15:9-10). അതുകൊണ്ടാണ് "സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ട് ഹൃദയപൂർവ്വം അന്യോന്യം ഉറ്റ് സ്നേഹിപ്പിൻ" എന്ന് പത്രൊസും പറയുന്നത് (1 പത്രൊസ് 1:22). അതായത് സ്നേഹിക്കുവാനുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ് കല്പന ലഭിച്ചിരിക്കുന്നത്. അതുകൊണ്ട് കഴിവിനനുസരിച്ച് സ്നേഹിക്കുക എന്ന അർത്ഥമാണ് "ഉറ്റുസ്നേഹിപ്പിൻ" എന്നതിലൂടെ അപ്പൊസ്തലൻ ഉദ്ദേശിക്കുന്നത്.

### B. ദൈവിക സ്നേഹം വെളിപ്പെടുത്താതിരിക്കുന്നത് പിശാചിന്റെ മക്കളുടെ അടയാളം ആകുന്നു (3:12-19)

ദൈവികസ്നേഹം വെളിപ്പെടുത്തുന്നത് ദൈവമക്കളുടെ അടയാളം ആയിരിക്കുന്നതുപോലെ ദൈവികസ്നേഹം വെളിപ്പെടാതിരിക്കുന്നത് പിശാചിന്റെ മക്കളുടെ അടയാളം ആകുന്നുവെന്ന് തുടർന്നുള്ള വാക്യ

ങ്ങളിൽ കാണുന്നു.

1. ദൈവികസ്നേഹം ഇല്ലാതിരിക്കുന്നതിന്റെ തെളിവുകൾ

a. കൊലപാതകം

ദൈവികസ്നേഹം ഇല്ലാതിരിക്കുന്നതിന്റെ ഒന്നാമത്തെ തെളിവാണ് കൊലപാതകം; അതുകൊണ്ടാണ്, **"കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നതുപോലെ അല്ല..."** (വാ. 12) എന്നു പറയുന്നത്.

ഇവിടെ പരാമർശിക്കപ്പെടുന്ന "ദുഷ്ടൻ" (മത്തായി 13:19), സാത്താൻ (മർക്കൊസ് 4:15), പിശാച് (ലൂക്കൊസ് 8:12) മുതലായ പേരുകളിൽ അറിയപ്പെടുന്ന ദൈവത്തിന്റെയും ദൈവജനത്തിന്റെയും പ്രധാന പ്രതിയോഗിയെ സൂചിപ്പിക്കുന്നു.

ദൈവികസ്നേഹം വെളിപ്പെടുത്തുന്നത് ദൈവത്തിൽനിന്നുള്ളവന്റെ അടയാളവും ദൈവികസ്നേഹം വെളിപ്പെടാതിരിക്കുന്നത് അഥവാ ദ്വേഷിക്കുന്നത് ദുഷ്ടനിൽനിന്നുള്ളവന്റെ അടയാളവുമാകുന്നു എന്ന വിഷയത്തിൽ, സ്നേഹിക്കാതിരിക്കുന്നതിന്റെ തെളിവാണ് കൊലപാതകമെന്ന് ആദ്യസഹോദരങ്ങളായ കയീന്റെയും ഹാബേലിന്റെയും ജീവിതത്തിലൂടെ വ്യക്തമാക്കുകയാണ് യോഹന്നാൻ ഇവിടെ ചെയ്യുന്നത്. അവർ ഇരുവരും ആദാമിന്റെയും ഹവ്വയുടെയും സ്വാഭാവികമക്കളും ഒരേ ശിക്ഷണത്തിലും പശ്ചാത്തലത്തിലും വളർത്തപ്പെട്ടവരുമാണ്. ഒരുപക്ഷേ അവർ ഇരട്ട സഹോദരങ്ങളും ആയിരിക്കാം. എന്നാൽ അതിലൊരുവനായ കയീൻ ദൈവത്തിന് ഒരു വഴിപാട് കൊണ്ടുവന്നെങ്കിലും തുടർന്ന് സഹോദരന് എതിരെയുള്ള തന്റെ പ്രവൃത്തിയിലൂടെ അവന്റെ ആത്മികപിതൃത്വം അവൻ ദുഷ്ടനിൽനിന്നുള്ളവനായിരുന്നുവെന്ന് വെളിപ്പെട്ടു (യോഹ. 8:44).

കയീൻ സഹോദരസ്നേഹം ഇല്ലാത്തവന്റെ ഒരു ദൃഷ്ടാന്തമാകുന്നു (ഉല്പത്തി 4:7). തുടർമാനമായി തിന്മ പ്രവൃത്തിക്കുന്ന ഒരു പ്രകൃതമാണ് അവനുണ്ടായിരുന്നത്; ആദിമുതൽ കൊലപാതകനായ പിശാചിൽനിന്നാണ് അവൻ പ്രചോദനം ഉൾകൊണ്ടത് (യോഹ. 8:44). അവന്റെ ആത്മിക ഉത്ഭവത്തിൽനിന്നും അവൻ വാസ്തവത്തിൽ ആരായിരുന്നുവോ അങ്ങനെ തന്നെയാണ് അവൻ പ്രവൃത്തിച്ചത് (3:8).

ഹാബേലിന്റെ നീതിയുള്ള പ്രവൃത്തിയിൽ അസൂയപൂണ്ട കയീനെ

ഹാബേലിനോടുള്ള പകയിലേക്കും അതിന്റെ അനന്തര ഫലമായുള്ള കൊലപാതകത്തിലേക്കും സ്വയം നയിച്ചു. അവന്റെ ആന്തരിക പ്രകൃതമാണ് ബാഹ്യമായ പ്രവൃത്തിയിലേക്ക് നയിച്ചത്.

സ്നേഹം ദൈവത്തിൽനിന്നും ഉത്ഭവിച്ച് ദൈവാത്മാവിലൂടെ മനുഷ്യരിലേക്ക് പകരപ്പെടുന്നതുപോലെ, കൊലപാതകവും ദുഷ്ടനിൽനിന്നും ഉത്ഭവിച്ച് മനുഷ്യരിലേക്ക് പകരപ്പെടുന്നത് ആകുന്നു; അതുകൊണ്ടാണ് **"കയീൻ ദുഷ്ടനിൽനിന്നുള്ളവനായി"** സഹോദരനെ കൊന്നു എന്ന് ഇവിടെ കാണുന്നത് (വാ. 12).

കൊലപാതകത്തിന് മുമ്പ് അവൻ മറ്റൊരു ശക്തിയുടെ നിയന്ത്രണത്തിൻ കീഴിലായിരുന്നുവെന്ന് അവൻ അറിഞ്ഞിരുന്നില്ല; ഒരു ദുരാത്മാവ് അവനെ സ്വന്തമാക്കിയതിന്റെ ബാഹ്യമായ യാതൊരു അടയാളവും അവൻ കണ്ടിരുന്നില്ല; അവന്റെ ഹൃദയം സഹോദരന് എതിരെ കോപംകൊണ്ട് കത്തിതുടങ്ങിയപ്പോൾ താൻ ചെയ്യുവാനിരുന്ന ഹീന കൃത്യത്തെക്കുറിച്ചോ അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചോ അവൻ ബോധവാനായിരുന്നില്ല (ഉല്പത്തി 4:8). കർത്താവിനെ കാണിച്ചു കൊടുത്ത യൂദയുടെയും അവസ്ഥ ഇതുതന്നെ ആയിരുന്നു (യോഹ. 13:26–27). ജാഗ്രതയില്ലെങ്കിൽ വിശ്വാസികൾപോലും ദുഷ്ടന്റെ കെണിയിൽ അകപ്പെടുവാൻ സാധ്യതയുണ്ടെന്ന് അനന്യാസിന്റെയും സഫീറയുടെയും അവസാനം തെളിയിക്കുന്നു (അപ്പൊ. 5:3 c.f. 1 പത്രൊസ് 5:8).

എന്നാൽ വീണ്ടും ജനിക്കാത്തവർ തങ്ങൾക്ക് തിരിച്ചറിയാനാകാത്തവിധം പിശാചിന്റെ പൂർണ്ണമായ നിയന്ത്രണത്തിൽ തുടർമാനമായി ജീവിക്കുന്നവരാണെന്ന് വചനം പറയുന്നു (എഫെ. 2:2–3). അതുകൊണ്ടാണ് പ്രാകൃതമനുഷ്യന്റെ സാധാരണജീവിതത്തിന്റെ ഉപരിതലത്തിൽതന്നെ കോപവും കുലപാതകവും കാണപ്പെടുന്നത്.

**"അവനെ കൊല്ലുവാൻ സംഗതി എന്ത്?"** (വാ. 12) അഥവാ ഹാബേൽ ചെയ്ത കുറ്റം എന്ത്? കയീൻ തന്റെ സഹോദരനായ ഹാബേലിനെ കൊല്ലുവാൻ കാരണം ഹാബേൽ ദുഷ്പ്രവൃത്തിക്കാരനായിരുന്നതുകൊണ്ടല്ല, അവൻ കയീനെ ദ്രോഹിച്ചതുകൊണ്ടല്ല, മറ്റാർക്കെങ്കിലും എതിരായി എന്തെങ്കിലും ചെയ്തതുകൊണ്ടുമല്ല, മറിച്ച് **"തന്റെ പ്രവൃത്തി ദോഷവും സഹോദരന്റേത് നീതിയുമുള്ളതാകകൊണ്ടത്രേ"** എന്നാണ് യോഹന്നാൻ അതിന് മറുപടി നല്കുന്നത്.

അർത്ഥാൽ, കയീൻ ദോഷം പരിശീലിച്ചപ്പോൾ ഹാബേൽ നീതി പരിശീലിച്ചതാണ് അസൂയയ്ക്കും പകക്കും കാരണമായിത്തീർന്നത്.

കയീന്റെ പ്രവൃത്തികൾ (ഉല്പത്തി 4:5-7 ര.ള. യൂദ. 11)

യഹോവ കയീന്റെ വഴിപാടിൽ പ്രസാദിക്കാതിരുന്നത് അവൻ കൃഷിക്കാരൻ ആയിരുന്നതുകൊണ്ടോ, ശാപം ലഭിച്ച ഭൂമിയിൽനിന്നുള്ള അനുഭവം വഴിപാടായി കൊണ്ടുവന്നതുകൊണ്ടോ അല്ല, മറിച്ച് അവന്റെ പ്രവൃത്തികൾ ദോഷമായുള്ളത് ആയതിനാലാണ്.

കാരണം ഇതോട് ബന്ധപ്പെട്ട് ഇവിടെ ഉപയോഗിച്ചിരിക്കുന്ന **"പ്രവൃത്തി"** (deeds) ബഹുവചനത്തിലും അതിന്റെ ക്രിയ (was) ഏകവചനത്തിലുമാണ് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അർത്ഥാൽ, അവൻ ഒരു വഴിപാട് കൊണ്ടുവന്ന കാര്യത്തിൽ മാത്രമല്ല, കയീന്റെ സാധാരണജീവിതം മൊത്തത്തിൽ ദോഷമുള്ളത് ആയിരുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. കയീന്റെ വഴിപാട് ദൈവം നിരാകരിച്ചതിലൂടെ അവന്റെ യാഗവസ്തുവിനെക്കാൾ ഉപരിയായി, അവന്റെ ജീവിതത്തെ തന്നെയാണ് ദൈവം നിരാകരിച്ചത്. യാഗവസ്തു അതിനൊരു അടയാളം മാത്രമായിരുന്നു.

മാത്രമല്ല, അവന്റെ ജീവിതം ദൈവമുമ്പാകെ ശരിയായിരുന്നില്ല എന്നതിന്റെ തെളിവായി അവൻ ദൈവത്തോട് കോപിച്ചു (ഉല്പത്തി 4:5-6; മത്തായി 5:21-26) നന്മയ്ക്ക് പകരം തിന്മ ചെയ്തു (ഉല്പത്തി 4:7) പാപത്തെ കീഴ്പ്പെടുത്തിയില്ല (ഉല്പത്തി 4:7) മനഃപൂർവ്വമായ അനുസരണക്കേടിൽ ജീവിച്ചു (യൂദ 11) എന്നും കാണുന്നു.

ഹാബേലിന്റെ പ്രവൃത്തികൾ

"വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചു" (എബ്രാ. 11:4 c.f. ഉല്പത്തി 4:4) എന്ന് വചനം പറയുന്നു. നീതിയുള്ള ജീവിതത്തെ ദൈവം മാനിക്കുകയും അതിൽ പ്രസാദിക്കുകയും ചെയ്യുമെന്ന വിശ്വാസം ഹാബേലിനെ നീതിയോടെ ജീവിക്കുന്നതിനും ദൈവപ്രസാദമുള്ള യാഗം കഴിക്കുന്നതിനും സഹായിച്ചു.

അതുകൊണ്ടാണ്, "ഹാബേൽ... കടിഞ്ഞൂലുകളിൽനിന്ന് അവയുടെ മേദസ്സിൽ നിന്നുതന്നെ ഒരു വഴിപാട് കൊണ്ടുവന്നു..." എന്ന് എഴുതി

യിരിക്കുന്നത്. ഹാബേൽ തനിക്കുള്ളതിൽനിന്നും ഏറ്റവും ഉത്തമമാ യത് ദൈവത്തിന് അർപ്പിച്ചപ്പോൾ കയീൻ തനിക്കുള്ളതിൽനിന്നും തനിക്ക് ഇഷ്ടമുള്ളത് ദൈവത്തിന് അർപ്പിച്ചു. ഹാബേൽ ദൈവം ആഗ്ര ഹിച്ചതുതന്നെ ദൈവത്തിന് കൊടുത്തപ്പോൾ കയീൻ തനിക്ക് ഇഷ്ട മുള്ളത് ദൈവത്തിനു കൊടുത്തു. ഇങ്ങനെ ദൈവം ആഗ്രഹിക്കുന്ന തുപോലെയോ ആവശ്യപ്പെടുന്നതുപോലെയോ ചെയ്യാതെ അവൻ ആഗ്രഹിച്ചതുപോലെ ജീവിക്കുവാനും ദൈവത്തെ ആരാധിക്കുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനുമായി സ്വന്തം മതം സ്ഥാപിക്കുകയാണ് കയീൻ ചെയ്തത്.

വഴിപാട് അവരുടെ ജീവിതങ്ങളെ പരസ്യമായി വിലയിരുത്തുന്ന തിന് ദൈവത്തിന് ലഭിച്ച ഒരു അവസരമായിരുന്നു. ദൈവം ഒരാളുടെ വഴിപാട് അംഗീകരിച്ചതിലൂടെയും മറ്റൊരാളുടെ വഴിപാട് നിരാകരിച്ച തിലൂടെയും ഒരാളുടെ ജീവിതത്തെ അംഗീകരിക്കുകയും മറ്റൊരാളുടെ ജീവിതത്തെ നിരാകരിക്കുകയുമാണ് ചെയ്തത്.

എന്നാൽ ഇതുപോലെയോ കർമ്മേൽ പർവ്വതത്തിൽവെച്ച് ദൈവ ത്തിന്റെ പ്രവാചകനായ ഏലീയാവിന്റെയും ബാലിന്റെ പ്രവാചകരു ടെയും യാഗങ്ങളോടുള്ള ബന്ധത്തിൽ ചെയ്തതുപോലെയോ ദൈവം ഇന്ന് ആരുടെയും വഴിപാട് പരസ്യമായി സ്വീകരിക്കുകയോ നിരാകരി ക്കുകയോ ചെയ്യുന്നില്ല. അർത്ഥാൽ, തന്റെ പ്രസാദം പരസ്യമായി വെളി പ്പെടുത്തുന്നില്ല. അങ്ങനെ ചെയ്താൽ അനിയന്ത്രിതമായ കൊലപാത കമായിരിക്കും അതിന്റെ അനന്തരഫലം (ലൂക്കൊസ് 18:9-14).

എന്നാൽ ദൈവം കയീന്റെ പ്രവൃത്തിയെ തിരസ്കരിച്ചപ്പോൾ "കയീന് ഏറ്റവും കോപം ഉണ്ടായി, അവന്റെ മുഖം വാടി" (ഉല്പത്തി 4:5-6) എന്നു കാണുന്നു. എങ്കിലും ദൈവം കയീന് അവന്റെ തെറ്റ് ബോധ്യപ്പെടുത്തുകയും മാനസാന്തരപ്പെടുവാൻ ആവശ്യപ്പെടുകയും ദൈവപ്രസാദം ലഭിക്കുവാനുള്ള വഴി പറഞ്ഞുകൊടുക്കുകയുമാണ് ചെയ്തത്. അതുകൊണ്ടാണ്, "നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദം ഉണ്ടാകയില്ലയോ" എന്ന് ദൈവം ചോദിച്ചത്. എങ്കിലും ദൈവത്തിന്റെ ഉപദേശം കയീന്റെ ഹൃദയത്തിൽ യാതൊരു മാറ്റവും വരുത്തിയില്ല. ദൈവത്തിന്റെ വിലയിരുത്തലിനെ അംഗീകരിപ്പാൻ അവൻ തയ്യാറായ തുമില്ല. ജീവിതത്തിലും പ്രവൃത്തിയിലും ആരാധിക്കുന്നതിലും വഴി പാട് കഴിക്കുന്നതിലും ശരി ഏത്, തെറ്റ് ഏത് എന്നുള്ള ദൈവിക

തീരുമാനത്തെ അവൻ അംഗീകരിച്ചില്ല. അവന്റെ ഇഷ്ടത്തിനനുസരിച്ച് ദൈവം പ്രസാദിക്കാത്തതുനിമിത്തം അവന് ദൈവത്തോട് കോപം ജ്വലിച്ചു. സർവ്വശക്തനും അദൃശ്യനുമായ ദൈവത്തിനെതിരെ ഉയർന്ന അവന്റെ ഉഗ്രകോപംകൊണ്ട് അശക്തനും അടുത്തുള്ളവനുമായ തന്റെ സഹോദരനുനേരെ തിരിഞ്ഞിട്ട് അവൻ അവനെ തൊണ്ടകീറികൊന്നു. അവൻ തന്റെ സഹോദരന്റെ ജീവനെടുക്കുക മാത്രമല്ല ചെയ്തത്, മറിച്ച് ഒരു കാട്ടുമൃഗത്തെപോലെ അവൻ അവനെ കൊലപ്പെടുത്തുകയാണ് ചെയ്തത്. കയീന്റെ പ്രവൃത്തിയുടെ ക്രൂരതയാണ് "അവനെ കൊന്നു" (ഉല്പത്തി 4:8) എന്ന വാക്കിൽ വ്യക്തമാക്കുന്നത്. ഈ വാക്ക് അറുക്കപ്പെട്ട കുഞ്ഞാടായ യേശുവിനോടുള്ള ബന്ധത്തിലും (വെളി. 5:6,9,12) മഹോപദ്രവത്തിൽ അറുക്കപ്പെട്ടവരുടെ ആത്മാക്കളോടുള്ള ബന്ധത്തിലും യോഹന്നാൻ ഉപയോഗിച്ചിട്ടുള്ള വാക്കുതന്നെയാണ് (വെളി. 6:9). കയീൻ തന്റെ സഹോദരനെ അറുത്ത് ദുഷ്ടനിൽനിന്നുള്ളവനാകുകയല്ല ചെയ്തത്. മറിച്ച് അവൻ ദുഷ്ടനിൽനിന്നുള്ളവനാകയാൽ സഹോദരനെകൊന്ന് പിതൃത്വം വെളിപ്പെടുത്തുകയാണ് ചെയ്തത്.

നീതി പ്രവൃത്തിക്കുന്നവർക്കെതിരെ ദോഷം പ്രവൃത്തിക്കുന്നവർ എഴുന്നേല്ക്കുന്ന പതിവ് അന്നുമുണ്ട് ഇന്നുമുണ്ട്. എങ്കിലും കയീനെ പോലെ അനേകരിന്ന് കൊല ചെയ്യാതിരിക്കുന്നത് കൊലപാതകത്തിന് മതിയായ അവസരം ലഭിക്കാത്തതുകൊണ്ടും രാജ്യത്ത് അത് നിയമ പ്രകാരം വലിയ ശിക്ഷയ്ക്ക് അർഹമായ ഒരു കുറ്റമായി നിലനില്ക്കുന്നതുകൊണ്ടുമാണ്.

**b.** പക

ദൈവികസ്നേഹം ഇല്ലാത്തതിന്റെ രണ്ടാമത്തെ തെളിവാണ് പകക്കുന്നത് (3:13-15). അതുകൊണ്ടാണ് **"സഹോദരന്മാരെ, ലോകം നിങ്ങളെ പകക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുത്"** (വാ. 13) എന്നു പറയുന്നത്. ഹാബേൽ നീതി പ്രവൃത്തിക്കുന്ന ദൈവമക്കളുടെ ദൃഷ്ടാന്തമായിരിക്കുമ്പോൾ കയീൻ ദോഷം പ്രവൃത്തിക്കുന്ന ലോകമക്കളുടെ ദൃഷ്ടാന്തമായിരിക്കുന്നു.

ഇരുട്ടിന് വെളിച്ചത്തോടുള്ള അകൽച്ചയും അധർമ്മത്തിന് നീതിയോടുള്ള ശത്രുതയും ദുഷ്ടന് നീതിമാനോടുള്ള പകയും ആദ്യകുലപാതകത്തോടുകൂടി അവസാനിച്ചിട്ടില്ല. സദാചാരസംബന്ധമായി

നോക്കിയാൽ കയീന്റെയും ഹാബേലിന്റെയും തലമുറക്കാരാണ് ഇന്നുമുള്ളത്. ആദിയിൽ കയീൻ ഹാബേലിനോട് പെരുമാറിയതുപോലെ ദുഷ്ടൻ നീതിമാനെതിരെ ഇന്നും തിരിയുമെന്നാണ് നാം പ്രതീക്ഷിക്കേണ്ടത്.

അനുവാചകർ അക്കാലത്തെ അംഗീകൃത സമൂഹത്തിന്റെ മ്ലേച്ഛമായ ആരാധനയിൽനിന്നും ആചാരങ്ങളിൽനിന്നും ജീവിതരീതികളിൽനിന്നും വേർപെട്ട് ജീവിച്ചത് ലോകമനുഷ്യരുടെ പകക്കും വേർതിരിവിനും കാരണമായി. മാത്രമല്ല, ക്രിസ്തുവിശ്വാസികളുടെ സൽസ്വഭാവത്തോടും സൽപ്രവൃത്തികളോടും വളരെ നിഷേധാത്മകമായ നിലപാടാണ് ലോകം അന്ന് സ്വീകരിച്ചത്. ക്രിസ്തുവിന്റെ ഐഹികജീവിതത്തിൽ ലോകമനുഷ്യരിൽനിന്നും യെഹൂദമതത്തിന്റെ നേതൃത്വത്തിൽനിന്നും താൻ എന്തെല്ലാം എതിർപ്പുകൾ നേരിടേണ്ടിവന്നുവോ അതെല്ലാം ക്രിസ്തു ശിഷ്യന്മാർ ഈ ലോകത്തിൽനിന്നും പ്രതീക്ഷിക്കേണ്ടതാണെന്ന് അപ്പൊസ്തലൻ അനുവാചകരെ ഓർമ്മപ്പെടുത്തുന്നു.

ഈ ലോകം കർത്താവിനെ പകച്ചതുകൊണ്ട് തനിക്കുള്ളവരെയും അത് പകക്കുമെന്ന് കർത്താവുതന്നെ മുന്നറിയിപ്പ് നല്കിയിട്ടുള്ളതുകൊണ്ടാണ് (മത്തായി 5:10-12; ലൂക്കൊസ് 21:17; യോഹ. 15:18,19,20 c.f. പത്രൊസ് 4:15-16). ലോകം നിങ്ങളെ പകക്കുന്നു എങ്കിൽ ആശ്ചര്യപ്പെടരുതെന്ന് യോഹന്നാൻ ഇവിടെ പറയുന്നത്.

കയീൻ ചെയ്തതുപോലെതന്നെ ഈ ലോകവും നീതിയെ സഹിക്കാനാവാത്ത നിലയിൽ ദൈവത്തിൽനിന്നും അകന്നും ദൈവത്തോട് മത്സരിച്ചും ഇരിക്കുന്നു. ലോകത്തിന്റെ അനീതിക്കും അധർമ്മത്തിനും അത്യാഗ്രഹത്തിനും യഥാർത്ഥ ക്രിസ്തീയ സമൂഹം എതിരായതിനാൽ ക്രിസ്തുവിശ്വാസികൾ അതിൽനിന്നും എതിർപ്പ് പ്രതീക്ഷിക്കേണ്ടത് തന്നെയാണ് (യോഹ. 15:25). എന്നാൽ പ്രവാചകരും കർത്താവും ചെയ്തതുപോലെ ലോകത്തിന്റെ തിന്മയെ വിമർശിക്കുകയും വിധിക്കുകയും ചെയ്താൽ ക്രിസ്തുവിശ്വാസികൾ ഉപദ്രവവും മരണവുമാണ് പ്രതീക്ഷിക്കേണ്ടത് (മർക്കൊസ് 6:17-29).

അതുകൊണ്ട് ക്രിസ്തുവിശ്വാസികൾക്കെതിരെയുള്ള ലോകത്തിന്റെ തുടർമാനമായ പകയിൽ ആരും ആശ്ചര്യപ്പെട്ട് ജീവിക്കരുത്. കാരണം ഇതു ഭാവിയിൽ പ്രതീക്ഷിക്കേണ്ടതല്ല. മറിച്ച് ഒരു വർത്തമാ

നകാല യാഥാർത്ഥ്യവും ലോകത്തിന്റെ സാധാരണരീതിയുമാണെന്ന് വ്യാകരണം (misei - customary present) ഇവിടെ സൂചിപ്പിക്കുന്നു.

താൻ തന്നെ ലോകത്താൽ പകക്കപ്പെടുകയും (യോഹ. 7:7) തന്നെ അനുഗമിക്കുന്നവർക്കെതിരെ അതുണ്ടാകുമെന്ന് കർത്താവ് മുന്നറിയിപ്പ് നല്കുകയും ചെയ്തു (യോഹ. 15:18-25; 16:1-4; 17:14 c.f. മത്തായി 5:10-12; 1 പത്രൊസ് 4:15-16). ദൈവമക്കളുടെ സ്വാഭാവിക സ്വഭാവം സ്നേഹമായിരിക്കുന്നതുപോലെ നീതിയോടുള്ള ലോകത്തിന്റെ സ്വാഭാവിക പ്രതികരണം പകയാണ്. കയീൻ ഹാബേലിനോട് എങ്ങനെ പെരുമാറിയോ അതുതന്നെയാണ് ക്രിസ്തുവിശ്വാസികൾ ലോകത്തിൽനിന്നും പ്രതീക്ഷിക്കേണ്ടത്. കാരണം, ഈ ലോകം തിരുവെഴുത്തിലെ ദൈവത്തെയും ദൈവമക്കളെയും തിരിച്ചറിയുന്നില്ല.

ഇവിടെ "**പകക്കുന്നു**" എന്നതിന് അന്യോന്യമുള്ള മാനസികമായ ഒരു അനിഷ്ടപ്രതികരണം മാത്രമല്ല, മറിച്ച് തിന്മ ചെയ്യുന്നതിനായി ദോഷം നിരൂപിക്കുവാനും പകക്ക് കഴിവുണ്ട് (മർക്കൊസ് 6:19).

എന്നാൽ ദൈവപുത്രനിൽ വിശ്വസിക്കുന്ന "**നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം**" (വാ. 14) എന്ന് യോഹന്നാൻ തുടർന്നു പറയുന്നു. പകയുടെയും മരണത്തിന്റെയും അവസ്ഥയിൽനിന്നും മേഖലയിൽനിന്നും സ്നേഹത്തിന്റെയും ജീവന്റെയും അവസ്ഥയിലേക്കും മേഖലയിലേക്കും വിശ്വാസികൾ കടന്നിരിക്കുന്നു. അർത്ഥാൽ, ആത്മിക മരണത്തിൽനിന്നും ആത്മികജീവനുള്ളവരായിത്തീർന്നിരിക്കുന്നു. ഈ മാറ്റം പൂർണ്ണമായതും നിത്യവുമാണ്. അത് വീണ്ടും ജനനത്തിൽ സംഭവിച്ചതും വർത്തമാനകാല യാഥാർത്ഥ്യവും (യോഹ. 5:24) ദൈവിക ജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥവിശ്വാസികൾ എല്ലാം അറിഞ്ഞിരിക്കുന്നതും അറിഞ്ഞുകൊണ്ടിരിക്കുന്നതുമായ വസ്തുതയാണെന്ന് വ്യാകരണം ഇവിടെ (oidamen - perfect with present force) സൂചിപ്പിക്കുന്നു. അതോടു ബന്ധപ്പെട്ടുതന്നെ ദൈവികജ്ഞാനത്താൽ നാം അറിയുന്നത് ദൈവത്തിൽനിന്ന് ജനിച്ചവരും ദൈവത്തിൽനിന്നും ജനിക്കാത്തവരും രണ്ട് മേഖലകളിൽ നിലനില്ക്കുന്നുവെന്ന യാഥാർത്ഥ്യമാണ് (യോഹ. 5:24).

ഒരാളിൽ ശാരീരികജീവൻ നിലനില്ക്കുന്നത് ആർക്കും നേരിട്ടു കാണുവാൻ കഴിയുകയില്ലെങ്കിലും ജീവാസ്ഥിത്വത്തിന്റെ തെളിവുകൾ അവയവങ്ങളുടെ ചലനത്തിലൂടെ ആർക്കും ദർശിക്കാവുന്നതും അനു

ഭവിക്കാവുന്നതുമാണ്. അതുപോലെ ഒരാളിൽ ആത്മിക ജീവൻ നില നില്ക്കുന്നതിന്റെ പ്രത്യക്ഷമായ തെളിവാണ് സഹോദരസ്നേഹം.

മനുഷ്യന്റെ സ്വാഭാവികസ്നേഹം സ്വാർത്ഥതയുള്ളതാണ്. അതു കൊണ്ട് സ്വന്തം താല്പര്യത്തിനു മുകളിൽ മറ്റൊരാളുടെ നന്മയും ക്ഷേമവും ലക്ഷ്യമാക്കി പ്രവൃത്തിക്കുന്ന സ്നേഹം ദൈവികസ്നേഹ മാണ്. ഇത് ദൈവത്തിന്റെ ജീവനും സ്നേഹവും നമ്മിൽ വസിക്കുന്ന തിന്റെ തെളിവാണ്.

ഇവിടെ (വാ. 13) **“സഹോദരന്മാരേ”** എന്നതിലൂടെ യോഹന്നാൻ ഉദ്ദേശിക്കുന്നത് കർത്താവ് ഉദ്ദേശിച്ചവരെ തന്നെയാണ് (മർക്കൊസ് 3:35; ലൂക്കൊസ് 10:29–37; 11:27–28). നമ്മുടെ രാജ്യത്തിന്റെ നിയമപ്രകാരം എല്ലാ ഭാരതീയരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. കുടുംബ സംവിധാനത്തിലെ നിയമപ്രകാരം ഒരേ മാതാവിനോ പിതാവിനോ ജനിച്ചവരെല്ലാം സഹോദരീസഹോദരന്മാരാണ്. എന്നാൽ ദൈവരാജ്യ ത്തിലെ നിയമപ്രകാരം ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവർ മാത്രമാണ് സഹോദരീസഹോദരന്മാർ (മർക്കൊസ് 3:35). അതുകൊണ്ട് “സഹോ ദരൻ” എന്നു സ്വയം അവകാശപ്പെടുന്നവരും “സഹോദരാ സുഖം തന്നെയോ” എന്ന് നമ്മുടെ ക്ഷേമം അന്വേഷിച്ച് വരുന്ന എല്ലാവരും ദൈവരാജ്യത്തിൽ സഹോദരന്മാരല്ല (2 ശമൂ. 20:9). മറിച്ച് ദൈവേഷ്ടം ചെയ്യുന്നവർ മാത്രം, അങ്ങനെയുള്ളവർ ആരായാലും അവരെ സ്നേഹി ക്കണം.

എന്നാൽ നമ്മെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്നതിലും നമുക്ക് നന്മ ചെയ്യുന്നവരെ മാത്രം സ്നേഹിക്കുന്നതിലും പരിമിതപ്പെ ട്ടിരിക്കുന്നില്ല ദൈവസ്നേഹം. മറിച്ച് സ്നേഹിക്കുവാൻ നാം കടപ്പെട്ടി ട്ടില്ലാത്തവരെയും സ്നേഹിക്കുവാൻ അയോഗ്യരായി കണക്കാക്കിയ വരെയും തുടങ്ങി സ്നേഹിതർ മുതൽ വൈരികൾ വരെയും സഹാ യികൾ മുതൽ ഇടർച്ചക്കാർ വരെയും നീണ്ടുപോകുന്നതാണ് സഹോ ദരസ്നേഹം.

കാരണം, അന്യോന്യം സ്നേഹിക്കുവാൻ നാം ദൈവത്താൽ ഉപ ദേശം പ്രാപിക്കുകയും (1 തെസ്സ. 4:9) ശക്തിയുടെയും സ്നേഹത്തി ന്റെയും സുബോധത്തിന്റെയും ആത്മാവിനെ ലഭിക്കുകയും (2 തിമൊ. 1:7) ഹൃദയപൂർവ്വം ഉറ്റുസ്നേഹിക്കുവാൻ നമ്മുടെ ആത്മാ ക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിക്കയും ചെയ്തിരിക്കുന്നു (1 പത്രൊസ് 1:22). ഇക്കാരണത്താൽ നാം മനു

ഷ്യരെ മനുഷ്യരായും നമ്മെപ്പോലെ പ്രശ്നങ്ങളും പ്രതിസന്ധികളും ഭയവും ആകുലചിന്തയും സംശയങ്ങളും വിചാരങ്ങളും ഉള്ളവരായും ദയയും മനസ്സലിവും സഹായവും സഹതാപവും ക്ഷമയും പൊറുമയും ആവശ്യമുള്ളവരായും കാണുവാൻ ഇടയാകുന്നു. ഈ മനോഭാവം ദൈവികജീവൻ നമ്മിൽ വസിക്കുന്നതിന്റെയും ദൈവിക സ്നേഹം നമ്മിൽ വസിക്കുന്നതിന്റെയും ദൈവികസ്നേഹം നമ്മിൽ വെളിപ്പെടുന്നതിന്റെയും അടയാളമാകുന്നു (മത്തായി 5:43-48).

ഇപ്പോൾ സഹോദരസ്നേഹം വെളിപ്പെടുത്തി ജീവിക്കുന്നതിന് കാരണം കഴിഞ്ഞകാല അവസ്ഥയിൽ നിന്നുണ്ടായ മാറ്റമാണെന്ന് **"നാം മരണംവിട്ട് ജീവനിൽ കടന്നിരിക്കുന്നു"** എന്നതിലെ വ്യാകരണം (metabebēkamen - extensive perfect) ഇവിടെ സൂചിപ്പിക്കുന്നു. അർത്ഥാൽ, സഹോദരന്മാരെ സ്നേഹിച്ചുകൊണ്ട് ജീവനിൽ കടക്കുകയല്ല, മറിച്ച് നാം മരണംവിട്ട് ജീവനിൽ കടന്നിരിക്കുന്നതിന്റെ അടയാളവും തെളിവുമാണ് സഹോദരസ്നേഹം (യോഹ. 13:34-35). എന്നാൽ ഒരാളിൽ ദൈവികസ്നേഹത്തിന്റെ അഭാവം, ആ വ്യക്തി മരണത്തിന്റെയും ഇരുട്ടിന്റെയും മേഖലയിൽതന്നെ വസിക്കുന്നതിന്റെ തെളിവാണ് (1 യോഹ. 2:9-11). സ്നേഹിക്കുന്നവൻ മരണംവിട്ട് ജീവനിൽ കടന്നിരിക്കുന്നുവെന്ന് നാം അറിയുന്നതുപോലെ സ്നേഹിക്കാത്തവൻ ഇപ്പോഴും മരണത്തിൽതന്നെ വസിക്കുന്നുവെന്നും നാം അറിയുന്നു (1 യോഹ. 3:14).

ഇവിടെ **"മരണം"**, **"ജീവൻ"** എന്നിവക്കു മുമ്പിൽ വിശേഷണ ഭേദകം (the) ഉള്ളതുകൊണ്ട് ഇതു സാധാരണമായ ശാരീരിക മരണത്തെയോ ശാരീരിക ജീവനെയോ സൂചിപ്പിക്കുന്നതല്ല, മറിച്ച് പ്രത്യേകമായതിനെ അർത്ഥാൽ, ആത്മിക മരണത്തെയും ആത്മിക ജീവനെയും സൂചിപ്പിക്കുന്നതാകുന്നു.

സ്നേഹം നിത്യജീവന്റെ അടിസ്ഥാനമല്ല, മറിച്ച് അടയാളമാണ്. അതുകൊണ്ട്, **"സ്നേഹിക്കുന്നതിനാൽ"** എന്നത് വ്യാകരണപ്രകാരം (agapōmen - customary present) ഇവിടെ ഒരു സാധാരണ സ്വഭാവ രീതിയെയാണ് സൂചിപ്പിക്കുന്നത്. അർത്ഥാൽ, ദൈവത്തിന്റെ മക്കളും ദൈവഭവനത്തിലെ അംഗങ്ങളും എന്നനിലയിൽ സഹോദരവർഗ്ഗത്തോട് തുടർമാനമായി നിലനില്ക്കുന്ന സ്നേഹസ്വഭാവത്തെ സൂചിപ്പിക്കുന്നു.

എന്നാൽ **"സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു"**

എന്നാണ് യോഹന്നാൻ തുടർന്നു പറയുന്നത്. ഏതൊരു വ്യക്തിയുടെയും അറിവിനും അവകാശവാദങ്ങൾക്കും അതീതമായി പ്രസ്തുത വ്യക്തിയിൽ സാധാരണനിലയിൽ ഈ നിലയിലുള്ള ദൈവികസ്നേഹത്തിന്റെ അസാന്നിധ്യം അഥവാ, സഹോദരനെ സ്നേഹിക്കാതിരിക്കുന്ന സ്വഭാവം (ho mē agapōn - gnomic prsent with customary force) താൻ ദൈവത്തിന്റെ ജീവനിൽനിന്നും അകന്ന് വീണ്ടും ജനിക്കാത്ത അവസ്ഥയിൽ മരണത്തിന്റെ മേഖലയിൽതന്നെ എപ്പോഴും തുടരുന്നതിന്റെ തെളിവാണെന്ന് വ്യാകരണം ഇവിടെ (menei - gnomic present) സൂചിപ്പിക്കുന്നു.

മാത്രമല്ല, **"സഹോദരനെ പകക്കുന്നവൻ എല്ലാം കുലപാതകൻ ആകുന്നു"** (വാ. 15) എന്നും യോഹന്നാൻ പറയുന്നു.

ഒരാളുടെ നാശം ലക്ഷ്യമാക്കി നിരന്തരം പകക്കുന്ന സ്വഭാവം (misōn - gnomic present with the force of customary present) കൊലപാതകത്തിന് തുല്യമാണ്. പകക്കുന്നവന്റെ കൈയിൽ തല്ക്കാലം രക്തക്കറയില്ലെങ്കിലും കോപിക്കുന്നവൻ അവസരം കാത്തിരിക്കുന്ന കുലപാതകൻ ആകുന്നതുപോലെ (മത്തായി 5:21-22 c.f. ഉല്പത്തി 4:5-6) പകക്കുന്നവനും ഫലത്തിൽ എപ്പോഴും അവസരം കാത്തിരിക്കുന്ന **"കുലപാതകൻ ആകുന്നു"** (estin - gnomic present) കാരണം, പകയുടെ അടുത്തഘട്ടം കുലപാതകമാണ് (മർക്കൊസ് 6:19). അതുകൊണ്ട് പകക്കുന്നത് ലോകത്തിന്റെ ദൃഷ്ടിയിൽ വലിയ കുറ്റമല്ലായെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ മാരകമായ കുറ്റമാണ്. കാരണം, പക കുലപാതകത്തിലേക്ക് നയിക്കുന്നു. ഇക്കാരണത്താലാണ് **"യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല"** (വാ. 15b) എന്ന് യോഹന്നാൻ തുടർന്നു പറയുന്നത്.

വചനത്തിന്റെ അടിസ്ഥാനത്തിൽ നിത്യജീവൻ ഒരു ഭാവിപ്രത്യാശ മാത്രമല്ല, മറിച്ച് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവരുടെ ഇപ്പോഴത്തെ അവകാശവും അവസ്ഥയും അനുഭവവുമാകുന്നു.

എന്നാൽ **''യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിപ്പില്ല"** എന്നു പറയുന്നതിലൂടെ അങ്ങനെയുള്ളവരുടെയെല്ലാം സാധാരണ അവസ്ഥയെയാണ് വ്യാകരണം ഇവിടെ (menousan - customary present) സൂചിപ്പിക്കുന്നത്.

ഇക്കാര്യം അനുവാചകർക്ക് അറിവുള്ള കാര്യമാണെങ്കിൽ തന്നെയും അവരുടെ ആത്മിക പിതാവ് എന്ന നിലയിൽ അവരെ വീണ്ടും ഓർമ്മിപ്പിക്കുവാൻ അപ്പൊസ്തലന്മാർ മറക്കുന്നില്ല. എന്നാൽ ഇവിടെ അതോടുള്ള ബന്ധത്തിൽ **"നിങ്ങൾ അറിയുന്നു"** എന്ന് പറയുന്നതിലുള്ള അറിവ് അവരുടെ അനുഭവത്തിലൂടെയല്ല, മറിച്ച്, ദിവ്യമായ ജ്ഞാനത്തിലൂടെയാണ് അവർക്ക് ലഭിച്ചതെന്നും ഈ അറിവുള്ള അവസ്ഥയിലാണ് അവർ ഇപ്പോൾ ആയിരിക്കുന്നതെന്നും വ്യാകരണം (oidate - perfect with present force) ഇവിടെ സൂചിപ്പിക്കുന്നു.

### C. സ്വാർത്ഥത അഥവാ താല്പര്യമില്ലായ്മ

ദൈവികസ്നേഹം ഇല്ലാത്തതിന്റെ മൂന്നാമത്തെ തെളിവ് സ്വാർത്ഥത അഥവാ താല്പര്യമില്ലായ്മയാണ് (വാ. 16-18).

പിശാചിന്റെ എല്ലാ മക്കളുടെയും പ്രവൃത്തികൾ ഒരുപോലെയല്ല; എല്ലാവരും ഒരുപോലെ കുലപാതകികൾ അല്ലാത്തതുപോലെ എല്ലാവരും പകക്കുന്നവരോ പക വെളിപ്പെടുത്തുന്നവരോ അല്ല, എന്നാൽ ചിലർ സ്വാർത്ഥതയുടെ പിടിയിലമർന്നവരും ആർക്കും ഒരു ത്യാഗവും ചെയ്യാത്തവരുമാകുന്നു. ഇതും സ്നേഹിക്കാതിരിക്കുന്നതിന്റെ തെളിവാകുന്നു.

എന്നാൽ ക്രിസ്തു നിസ്വാർത്ഥസ്നേഹത്തിന് മാതൃകയാണ്. ക്രിസ്തുവിന്റെ ത്യാഗത്തിലൂടെയാണ് യഥാർത്ഥസ്നേഹം എന്താണെന്നു നാം അറിഞ്ഞിരിക്കുന്നതെന്ന് യോഹന്നാൻ തുടർന്നുപറയുന്നു.

ഇവിടെ, **"അവൻ നമുക്കുവേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ"** (വാ. 16) എന്നു പറയുന്നതുകൊണ്ട് ക്രിസ്തുവിന്റെ ക്രൂശമരണത്തിന്റെ ഫലം നമുക്ക് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല, മറിച്ച് അത് സർവ്വലോകത്തിനും വേണ്ടിയുള്ളതാണ് (1 യോഹ. 2:2). എന്നാൽ ക്രിസ്തുവിന്റെ സ്നേഹം മാതൃകയാക്കാനുള്ള കല്പന സർവ്വലോകത്തോടുള്ള ബന്ധത്തിലുള്ളതല്ല. മറിച്ച് വിശ്വാസസമൂഹത്തോടുള്ള ബന്ധത്തിൽ മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു.

തന്റെ അധികാരത്തിലും നിയന്ത്രണത്തിലുമുള്ള തന്റെ ജീവനെ യേശു നമുക്കുവേണ്ടി, അർത്ഥാൽ നാം മരിക്കാതിരിക്കുന്നതിനായി

തന്നെത്താൻ വെച്ചുകൊടുക്കുകയാണ് ചെയ്തതെന്ന് യോഹന്നാൻ ഇവിടെ പറയുന്നു (യോഹ. 10:11,15,18; 15:13 c.f. 2 കൊരി. 5:14-15). ഇങ്ങനെ ക്രിസ്തുയേശുവിന് നമ്മോടുള്ള സ്നേഹവും അത് വെളിപ്പെടുത്തുന്ന നമുക്കു പകരമായുള്ള തന്റെ മരണവും അടിസ്ഥാനമാക്കി, സ്നേഹത്തെക്കുറിച്ച് അനുവാചകർക്കുണ്ടായ അനുഭവജ്ഞാനമാണ് **"അറിഞ്ഞിരിക്കുന്നു"** എന്നതിലൂടെ ലേഖകൻ സൂചിപ്പിക്കുന്നത്. കാരണം, ഇവിടെ **"അറിഞ്ഞിരിക്കുന്നു"** എന്നത് വ്യാകരണപ്രകാരം (egnōkamen - intensive perfect) ഒരു മുൻകാലപ്രവൃത്തിയുടെ ഫലമായി അനുവാചകർക്ക് ഇപ്പോഴുള്ള അനുഭവജ്ഞാനത്തെ സൂചിപ്പിക്കുന്നതാകുന്നു.

ഒരു വ്യക്തിയുടെ ഏറ്റവും വലിയ സ്വത്ത് തന്റെ ജീവൻ തന്നെ ആയതിനാൽ, മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവനെ വെച്ചുകൊടുക്കുന്നത് സ്നേഹത്തിന്റെ ഏറ്റവും വലിയ വെളിപ്പെടുത്തലാണ്. മറ്റൊരു നിലയിൽ പറഞ്ഞാൽ, ഭൗമികജീവന്റെ ആദ്യനിയമം സ്വയരക്ഷയായിരിക്കുമ്പോൾ, ആത്മികജീവന്റെ ആദ്യനിയമം സ്വയം യാഗമാക്കുകയും മറ്റുള്ളവർക്കുവേണ്ടി ജീവനെ സ്വയം ഏല്പിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണ്. അതുകൊണ്ടാണ് **"നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു"** (വാ. 16) എന്നുള്ളത് ക്രിസ്തുവിശ്വാസിക്ക് എപ്പോഴും നിലനില്ക്കുന്ന ഒരു കടമയും കടപ്പാടുമായി വ്യാകരണം (opheilomen - customary present) ഇവിടെ സൂചിപ്പിക്കുന്നത്. ജീവനെ എടുക്കുന്നതിലൂടെ പക വെളിപ്പെടുമ്പോൾ ജീവനെ വെച്ചുകൊടുക്കുന്നതിലൂടെ സ്നേഹം വെളിപ്പെടുന്നു.

നാം സഹോദരന്മാരെ സ്നേഹിക്കണമെന്ന് മാത്രമല്ല, ത്യാഗപൂർവ്വം സ്നേഹിക്കണമെന്നാണ് യോഹന്നാൻ ഉദ്ബോധിപ്പിക്കുന്നത്. പകക്കുന്നതിന്റെ മൂർദ്ധന്യം കൊലപാതകത്തിൽ ചെന്നെത്തുന്നതുപോലെ സ്നേഹിക്കുന്നതിന്റെ മൂർദ്ധന്യം പ്രാണനെ വെച്ചുകൊടുക്കുന്നതുവരെ എത്തിചേരണം.

ക്രിസ്തുവിശ്വാസികളുടെ ആവശ്യങ്ങൾ നിറവേറ്റുവാനായി നാം നമ്മുടെ സമ്പത്തും സമയവും വികാരവും വിചാരവും ആഹാരവും ആകാരവും ചിലവഴിക്കുവാൻ തയ്യാറാകണം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നാം സഹോദരന്മാർക്കുവേണ്ടി ചെലവാക്കുകയും ചെലവായിപോകുകയും വേണം (2 കൊരിന്ത്യർ 12:15). ഇത് നമ്മുടെ ധാർമ്മിക

ബാധ്യതയാണ്. കാരണം, ക്രൂശ് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകം മാത്രമല്ല, അനുകരിപ്പാനുള്ള ഒരു മാതൃകയുമാണ്. തന്നെയുമല്ല, ഇത് വർത്തമാനക്രിയയിൽ പറഞ്ഞിരിക്കുന്നതിനാൽ ഇതു വിശ്വാസിയുടെമേൽ തുടർമാനമായി നിലനില്ക്കുന്ന ഒരു കടമയായും കടപ്പാടായും ഇരിക്കുന്നു (യോഹ. 15:13). അതായത്, നമ്മുടെ ആവശ്യങ്ങളെ മറ്റുള്ളവരുടെ അത്യാവശ്യങ്ങൾക്കുവേണ്ടി മാറ്റിവെക്കുവാനുള്ള ഒരു മനസ്സും മറ്റൊരാളുടെ ക്ഷേമത്തിനും നിലനില്പിനുംവേണ്ടി എന്തു ത്യാഗവും ചെയ്യുവാൻ ഒരുക്കമുള്ള ഒരു മനോഭാവവും യഥാർത്ഥവിശ്വാസികൾക്ക് ഉണ്ടായിരിക്കണമെന്ന് ചുരുക്കം (ഫിലി. 2:30).

വിശാലസ്നേഹത്തിനും എളിയ ശുശ്രൂഷക്കും കർത്താവ് മാതൃകയാണ് (യോഹ. 13:14; ഫിലി. 2:5–8; എബ്രാ. 12:2–3; 1 പത്രൊസ് 1:21–23; 1 യോഹ. 2:6; 4:11,17). അതുകൊണ്ട് **"ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും"** (വാ. 17) എന്ന് പറയുന്നതിലൂടെ സമ്പന്നനായ ഒരു വ്യക്തിയെയല്ല, മറിച്ച് തന്റെ ഉപജീവനത്തിനും നിലനില്പിനും ആവശ്യമായ വസ്തുവകകൾ ഉള്ളവനെയും മറ്റുള്ളവരുടെ അത്യാവശ്യങ്ങളിൽ ഏതെങ്കിലും നിലയിൽ സഹായിക്കുവാൻ പ്രാപ്തനായവനെയും സഹോദരൻ എന്ന് പേർപെട്ടവനെയുമാണ് ഉദ്ദേശിക്കുന്നത്. കാരണം, അക്കാലത്തെ സാധാരണ മനുഷ്യരുടെ പ്രധാന ആവശ്യങ്ങൾ ആഹാരം പാർപ്പിടം വസ്ത്രം മുതലായവ മാത്രമായിരുന്നു.

എന്നാൽ തുടർന്ന്, **"...തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട്"** എന്നു പറയുമ്പോൾ, ബഹുവചനത്തിൽനിന്നും (**സഹോദരന്മാർക്കുവേണ്ടി"** വാ. 16) ഏകവചനത്തിലേക്കുള്ള (**"തന്റെ സഹോദരൻ"** വാ. 17) മാറ്റത്തിലൂടെ ഉപദേശത്തിൽനിന്നും പ്രായോഗികജീവിതത്തിലേക്കുള്ള മാറ്റത്തെയാണ് യോഹന്നാൻ സൂചിപ്പിക്കുന്നത്. അതുപോലെ, ഇവിടെ **"കണ്ടിട്ട്"** എന്നത് യാദൃശ്ചികമായ ഒരു കാഴ്ചയല്ല, മറിച്ച് സഹോദരന്റെ അവസ്ഥയെയും ആവശ്യത്തെയും എപ്പോഴും കാണുകയും നിരീക്ഷിക്കുകയും ശ്രദ്ധയിൽപ്പെടുകയും ചെയ്തശേഷം (theōrē - gnomic present) അവനെ സഹായിക്കുവാൻ സാഹചര്യവും അവസ്ഥയും അനുകൂലമായിരുന്നിട്ടും **"അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ..."** എന്നതിലൂടെ വ്യാകരണപ്രകാരം (kleisē - gnomic aorist) ഒരു ക്രിസ്തുവിശ്വാസി എന്ന നിലയിൽ തന്റെ കടപ്പാട്

ഒരിക്കലും നിറവേറ്റാതിരിക്കുന്ന ഒരു സ്വഭാവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത് (യാക്കോബ് 2:15-16). അർത്ഥാൽ, സഹോദരന്റെ ആവശ്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും അത് നിവർത്തിക്കുകയും ചെയ്യുന്നതിന് പകരമായി, തന്റെ സമ്പാദ്യപാത്രത്തെയും അനുകമ്പയെയും ആവശ്യത്തിൽ ഇരിക്കുന്നവനിൽനിന്നും മറച്ചുപിടിക്കുകയും മറ്റൊരു സഹോദരനുവേണ്ടിയുള്ള അനുകമ്പ തന്നിൽ പ്രവേശിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തുകൊണ്ട് സഹോദരന്റെ അവസ്ഥയെയും ആവശ്യത്തെയും പരിഗണിക്കാതെ മനപൂർവ്വം തന്റെ ഹൃദയത്തെ അടച്ചുകളയുന്നത് തന്റെ അനുഗ്രഹങ്ങൾ ഒന്നും സഹോദരനിലേക്ക് എത്തിചേരാതവണ്ണം തനിക്കുചുറ്റും ഒരു മതിൽ കെട്ടുന്നതുപോലെയാണ്. അങ്ങനെ ചെയ്യുന്നവനിൽ **"ദൈവത്തിന്റെ സ്നേഹം... എങ്ങനെ വസിക്കും"** (വാ. 17) എന്നാണ് യോഹന്നാൻ ചോദിക്കുന്നത്.

ഇവിടെ കാണുന്ന **"ദൈവത്തിന്റെ സ്നേഹം"** എന്ന പരാമർശത്തിൽ, ദൈവത്തിൽനിന്നുള്ള സ്നേഹവും ദൈവികസ്നേഹവും ദൈവത്തിന്റേതുപോലുള്ള സ്നേഹവും അടങ്ങിയിരിക്കുന്നു. ആവശ്യക്കാർക്കുവേണ്ടി വസ്തുവകകൾ പങ്കുവെക്കുന്നതും കരുതുന്നതും കരുണ കാണിക്കുന്നതും അപ്പൊസ്തലിക രീതിയായിരുന്നു (അപ്പൊ. 2:44-45; 11:29-30).

കൊലപാതകനിൽ നിത്യജീവൻ വസിക്കാത്തതുപോലെ സഹോദരനോട് അനുകമ്പ കാണിക്കാത്തവനിലും ദൈവസ്നേഹം വസിക്കുന്നില്ല, വസിക്കുവാൻ കഴിയുന്നതുമല്ല. സഹോദരന്റെയോ സഹോദരിയുടെയോ ആവശ്യം അറിഞ്ഞിട്ടും അവഗണിക്കുന്നവന്റെ വിശ്വാസം സജീവമല്ല, നിർജ്ജീവമാണെന്ന് കർത്താവിന്റെ ദാസനായ യാക്കോബും പറയുന്നുണ്ട് (യാക്കോബ് 2:15-16).

നാബാൽ-അബീഗയിൽ ദമ്പതിമാരുടെ സ്വഭാവത്തിൽ കാണുന്ന വ്യത്യാസം ഈ വിഷയം വ്യക്തമാക്കുന്നതാണ് (1 ശമൂ. 25). കാരണം, ആവശ്യം അറിഞ്ഞിട്ടും സഹായം ചെയ്യാതിരിക്കുന്നത് കർത്താവ് പ്രശംസിച്ച "നല്ല" ശമര്യക്കാരന്റെ കാരുണ്യപ്രവൃത്തിക്ക് ഘടകവിരുദ്ധമാണ് (ലൂക്കൊസ് 10:33,34).

അതുകൊണ്ടാണ് **"കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല; പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹി**

ക്കുക" (3:18) എന്ന് അപ്പൊസ്തലൻ വീണ്ടും പറയുന്നത്. കാരണം, അധരവ്യായാമവും പ്രവൃത്തിയും തമ്മിലുള്ള വ്യത്യാസം തിരുവെഴുത്തിൽ കാണുന്നുണ്ട് (മത്തായി 7:21; യാക്കോബ് 1:22-25; 2:14-17). എന്നാൽ ഏതെങ്കിലും പ്രവൃത്തികളിലൂടെയല്ല, മറിച്ച് സത്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളിലൂടെതന്നെ സ്നേഹിക്കുകയും സ്നേഹം വെളിപ്പെടുത്തുകയും വേണം.

എന്നാലിവിടെ "...സത്യത്തിലും തന്നെ സ്നേഹിക്കുക" എന്നതിന് സത്യസന്ധതയോടും ആത്മാർത്ഥതയോടും ശരിയായ ഉപദേശപ്രകാരവും സ്നേഹിക്കുക എന്ന അർത്ഥമാണുള്ളത് (യോഹ. 4:23). മാത്രമല്ല ഇതു വെളിപ്പെടുത്തപ്പെട്ട ഉപദേശസത്യമാണെന്നും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണെന്നും അർത്ഥമുണ്ട് (യോഹ. 17:17; 3 യോഹ. 3,4,8). എങ്കിലും ഇവിടെയിതിന് സ്നേഹം പ്രവൃത്തിയിലൂടെ വെളിപ്പെടുത്തണമെന്നും സ്നേഹപ്രകടനം സത്യസന്ധമായിരിക്കണമെന്നുമാണ് അർത്ഥമാക്കുന്നത്. അതായത്, കർത്താവിലൂടെയും അപ്പൊസ്തലന്മാരിലൂടെയും വെളിപ്പെടുത്തപ്പെട്ട സത്യത്തിന് അനുസൃതമായ പ്രവൃത്തികളിലൂടെയും ഉപദേശിക്കപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തന്നെയും പ്രവൃത്തിക്കുക എന്ന അർത്ഥമാണ് ഇതിനുള്ളത്.

സഹോദരന്മാരുടെ ശാരീരികമോ ഭൗതികമോ ആയ ആവശ്യങ്ങളെ അവഗണിച്ചുകൊണ്ട്, നല്ല വാക്കും നല്ല ആശംസയും നല്ല നമസ്കാരവും നേരുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലായെന്ന് കർത്താവിന്റെ സഹോദരനായ യാക്കോബും, പ്രവൃത്തിയിലൂടെ വെളിപ്പെടുത്താതെ വാക്കിലും നാവിലും മാത്രം ഒതുങ്ങുന്ന സ്നേഹം "മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈതാളമോ അത്രേ" എന്ന് അപ്പൊസ്തലനായ പൗലൊസും പറയുന്നു (യാക്കോബ് 2:15-16; 1 കൊരി. 13:1). മാത്രമല്ല, എങ്ങനെ സ്നേഹിക്കേണം എന്നത് ക്രിയാത്മകമായും നിഷേധാത്മകമായും പറഞ്ഞിരിക്കുന്നതിലൂടെ വിശ്വാസികൾ വാക്കിനാലും നാവിനാലും മാത്രം സ്നേഹിക്കുന്നത് ഒരു സാധാരണരീതിയാകരുതെന്നും ആത്മാർത്ഥമായ പ്രവൃത്തിയിലൂടെ സ്നേഹം വെളിപ്പെടുത്തുന്നത് ഒരു സാധാരണരീതിയാകണമെന്നുള്ള ആവശ്യവും നിർദ്ദേശവുമാണ് ഇവിടെ വ്യാകരണത്തിൽ (agapōmen - hortatory subjunctive) അടങ്ങിയിരിക്കുന്നത്.

2. ദൈവികസ്നേഹം വെളിപ്പെടുത്തുന്നതിന്റെ ഫലങ്ങൾ (3:19-24)

**a. രക്ഷയുടെ ഉറപ്പ് ലഭിക്കുന്നു (19-21)**

**"നാം സത്യത്തിന്റെ പക്ഷത്ത് നില്ക്കുന്നവർ എന്ന് ഇതിനാൽ അറിയും''** (വാ. 19).

ദൈവികസ്നേഹം പ്രായോഗികമായി നമ്മിൽ വെളിപ്പെടുമ്പോൾ നമുക്കുണ്ടാവുന്ന അനുഭവജ്ഞാനത്തെയാണ് ഭാവികാലപ്രയോഗം **"അറിയും"** എന്നത് സൂചിപ്പിക്കുന്നത്.

ഇവിടെ **"സത്യം"** എന്നതിലൂടെ ഏതെങ്കിലും സത്യമായ ഒരു കാര്യത്തെയല്ല, മറിച്ച് പ്രത്യേകമായ ഒരു സത്യത്തെയാണ് യോഹന്നാൻ ഉദ്ദേശിക്കുന്നതെന്ന് വിശേഷണഭേദകം (the) സൂചിപ്പിക്കുന്നു. അർത്ഥാൽ, യേശുക്രിസ്തുവിലും അവന്റെ സുവിശേഷത്തിലും അടിസ്ഥാനപ്പെട്ട ദൈവികസത്യം. നാം സഹോദരന്മാരെ സത്യസന്ധമായി സ്നേഹിക്കുന്നവരും അവരോട് സ്നേഹം പ്രവൃത്തിയിലൂടെ വെളിപ്പെടുത്തുന്നവരും ആകുന്നുവെങ്കിൽ, നാം വചനപ്രകാരം സ്നേഹിക്കുന്നവരും ജീവിക്കുന്നവരും എന്നതിനും ശരിയായ സ്ഥാനത്തും അടിസ്ഥാനത്തിന്മേലും നില്ക്കുന്നവർ എന്നതിനും അത് തെളിവാണ്. അങ്ങനെ **"നാം സത്യത്തിന്റെ പക്ഷത്ത് നില്ക്കുന്നവർ എന്ന് ഇതിനാൽ അറിയും."** എന്നാൽ ഇവിടെ സൂചിപ്പിക്കുന്നത് സാധാരണജീവിതത്തിൽ തുടർമാനമായി ലഭിക്കുന്ന ഉറപ്പല്ല. മറിച്ച്, പ്രതിസന്ധിഘട്ടത്തിൽ പ്രത്യേകമായി ലഭിക്കുന്ന ഉറപ്പാണ്. അതുപോലെ പ്രത്യേകമായ ഒരു വ്യവസ്ഥ നിറവേറ്റുന്നതിന്റെ അടിസ്ഥാനത്തിൽ നേടിയെടുക്കുന്നതും അനുഭവിച്ചറിയാൻ കഴിയുന്നതുമായ അറിവിനെയാണ് വ്യാകരണം (gnōsometha - predictive future) ഇവിടെ സൂചിപ്പിക്കുന്നത്.

എന്നാൽ തുടർന്ന് **''ഹൃദയം നമ്മെ കുറ്റം വിധിക്കുന്നു എങ്കിൽ..."** (വാ. 20) എന്നതിലെ **"കുറ്റം വിധിക്കുക"** എന്നതുകൊണ്ട് ആർക്കെങ്കിലും എതിരായി അസ്വീകാര്യമായ ഒരു വിധി തുടർമാനമായി ചെയ്തുകൊണ്ടിരിക്കുന്നതിനെയാണ് വ്യാകരണം (kataginōskē - conative present) ഇവിടെ സൂചിപ്പിക്കുന്നത്.

അതുപോലെ **"ഹൃദയം"** ഒരു ആന്തരിക അവയവം എന്ന

അർത്ഥത്തിലല്ല, മറിച്ച് ആലങ്കാരികപ്രയോഗത്തിൽ, ആന്തരികമായ ആഗ്രഹത്തിന്റെയും ചിന്തയുടെയും തോന്നലിന്റെയും വിലയിരുത്തലിന്റെയും ഉത്ഭവകേന്ദ്രം എന്നാണർത്ഥം. വാസ്തവത്തിൽ, ഇവിടെയിത് മനഃസാക്ഷിയെയാണ് ഉദ്ദേശിക്കുന്നത് (അപ്പൊ. 2:37). മനഃസാക്ഷി ഒരിക്കലും ശരിയായ നിലവാരമോ ധാർമ്മികതയോ ന്യായപ്രമാണത്തിന് പകരമായുള്ളതോ അല്ല. മറിച്ച്, ഗ്രഹിച്ചിരിക്കുന്നതിനനുസരിച്ചു മാത്രം പ്രതികരിക്കുന്ന ഒരു സംവിധാനമാണ്. എന്നാൽ മനഃസാക്ഷിയിലേക്ക് ആവശ്യത്തിന് വിവരം നല്കാതിരിക്കുകയോ തെറ്റായ വിവരം നല്കുകയോ മനഃസാക്ഷിയുടെ പ്രവർത്തനത്തെ തുടർച്ചയായി അവഗണിച്ച് മനഃസാക്ഷി ചൂടുവെക്കപ്പെടുകയോ ചെയ്തിട്ടുള്ളതാണെങ്കിൽ (1 തിമൊ. 4:2) അത് ആവശ്യസമയത്ത് ശരിയായി പ്രവൃത്തിക്കുകയില്ല. എന്നാൽ ദൈവപുത്രനിൽ വിശ്വസിക്കുന്നവരിൽ ദൈവം തന്റെ ആത്മാവിനെ അയക്കുകയും തന്റെ വചനത്തെ അവരുടെ ഉള്ളിൽ ആക്കുകയും ചെയ്യുന്നതിലൂടെ അവരുടെ ദുർമനഃസാക്ഷിയെ നീക്കി ശുദ്ധീകരിക്കുകയും അവരെ നിർമ്മല മനഃസാക്ഷിയുള്ളരാക്കിതീർക്കുകയും ചെയ്തിരിക്കുന്നു (എബ്രാ. 10:22; 9:14; 2 തിമൊ. 1:4). എങ്കിലും എല്ലാവിശ്വാസികൾക്കും ദൈവികനിലവാരത്തിനനുസരിച്ച് എപ്പോഴും ജീവിക്കുവാൻ കഴിയാത്തതിനാൽ അവർ ദൈവമുമ്പാകെ ദുഃഖിക്കുന്നവരും തങ്ങളുടെ കുറവുകളെക്കുറിച്ച് എപ്പോഴും ബോധ്യമുള്ളവരും ആകുന്നു (റോമർ 7:14-21). അതു നിമിത്തം അവരുടെ ആത്മനിയന്ത്രിതമായ ഹൃദയം അഥവാ നിർമ്മല മനഃസാക്ഷി എപ്പോഴും അവരെ കുറ്റം വിധിക്കുകയും അതിലൂടെ രക്ഷയുടെ പ്രത്യാശയെക്കുറിച്ച് സംശയിക്കുവാൻ അവർക്ക് ചിലപ്പോൾ ഇടയാവുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അവരുടെ ഹൃദയത്തെ ദൈവസന്നിധിയിൽ ഉറപ്പിക്കുന്നത് ദൈവികസ്നേഹം വെളിപ്പെടുത്തുന്നതിലൂടെ അവർക്ക് ലഭിക്കുന്ന ഉറപ്പാണ്.

എന്നാൽ "**ദൈവം നമ്മുടെ ഹൃദയത്തെക്കാൾ വലിയവനും എല്ലാം അറിയുന്നവനും എന്ന് നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം**" എന്നതിലൂടെ വിശ്വാസകാര്യങ്ങളിൽ മനഃസാക്ഷിയെക്കാൾ ഉയർന്ന ന്യായാധിപതി ആകുന്നു ദൈവം എന്ന് യോഹന്നാൻ ഇവിടെ പറയുന്നു. അത് എന്നും എപ്പോഴും അങ്ങനെ തന്നെയാണെന്ന് വ്യാകരണം (estin - gnomic present) ഇവിടെ സൂചിപ്പിക്കുന്നു. കാരണം, അവൻ സർവ്വജ്ഞാനിയായതുകൊണ്ട് അവന്

ഒന്നും മറഞ്ഞിരുന്നില്ല. നമ്മുടെ ആഗ്രഹത്തെയും മനോഭാവത്തെയും നിരൂപണത്തെയും ദൈവികസ്നേഹം വെളിപ്പെടുത്തുന്നതിന് തടസ്സമായ ഹൃദയത്തിന്റെ ദുർവിചാരത്തെയും വ്യസനത്തെയും നമ്മെക്കാൾ ഉപരിയായി ദൈവം അറിയുന്നു (ആവ. 15:7-10; യോഹ. 2:24-25).

എന്നാൽ നമ്മിൽ ദൈവികസ്നേഹത്തിന്റെ അഭാവത്തെക്കുറിച്ച് നാം തന്നെ ബോധവാന്മാർ ആകുന്നു എങ്കിൽ സകലവും അറിയുന്ന ദൈവത്തിന്റെ വിലയിരുത്തൽ നമ്മുടെ വിലയിരുത്തലിനെക്കാൾ ഏറെ കൃത്യതയുള്ളതായിരിക്കുമെന്നും യോഹന്നാൻ ഇവിടെ മുന്നറിയിപ്പ് നല്കുന്നു (യിരെ. 12:3; അപ്പൊ. 1:24).

എന്നാൽ **"ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലെങ്കിൽ നമുക്ക് ദൈവത്തോട് പ്രാഗത്ഭ്യം ഉണ്ട്"** (വാ. 21) എന്നും പറയുന്നു. ഇവിടെ വ്യാകരണപ്രകാരം (echomen - gnomic present) ഇങ്ങനെയുള്ള എല്ലാവർക്കും എപ്പോഴും ഈ പ്രാഗത്ഭ്യം അഥവാ ധൈര്യം ഉണ്ട്.

ദൈവത്തിൽനിന്നും ജനിച്ചു എന്ന കാരണത്താൽ മാത്രം ഈ ധൈര്യം ഉണ്ടാകുന്നില്ല. മറിച്ച് ദൈവികസ്നേഹം വെളിപ്പെടുത്തുന്നതിൽനിന്നാണ് ദൈവമുമ്പാകെ ഈ ധൈര്യം നമുക്ക് ഉണ്ടാകുന്നത്. കുറ്റപ്പെടുത്താത്ത ഹൃദയം പ്രാർത്ഥനയിൽ നമ്മുടെ അപേക്ഷയുമായി ദൈവത്തെ സമീപിക്കുവാൻ നമുക്കുള്ള ധൈര്യത്തിന് കാരണമാണ് (2:28). അപ്പോൾ ഒരു കുറ്റവാളി ന്യായാധിപന്റെ മുമ്പിൽ വരുന്നതുപോലെയല്ല. മറിച്ച് പിതാവിന്റെ ഇഷ്ടത്തിന് ജീവിക്കുന്ന ഒരു പുത്രൻ പിതാവിന്റെ മുമ്പിൽ വരുമ്പോഴുള്ള ധൈര്യമാണ് നമുക്കുണ്ടാവുന്നത്. ഇതു നാം ദൈവത്തിൽനിന്നുള്ളവരാകുന്നു എന്നതിനും ദൈവപക്ഷത്തുള്ളവരാകുന്നു എന്നതിനും ഉറപ്പും നിശ്ചയവും നമുക്കു തരുന്നു.

**b. യാചനയുടെ ഉറപ്പ് ലഭിക്കുന്നു (22-23)**

ഹൃദയം നമ്മെ കുറ്റം വിധിക്കുന്നില്ലായെങ്കിൽ നമുക്ക് രക്ഷയുടെ ഉറപ്പ് മാത്രമല്ല, **"അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽനിന്ന് ലഭിക്കും"** എന്നാണ് യോഹന്നാൻ തുടർന്നു പറയുന്നത്.

ഇവിടെ, **"അവന്റെ കല്പനകളെ പ്രമാണിച്ചു"** എന്നുള്ളത്

നിർബന്ധമായും നാം ചെയ്യേണ്ടതായ ഒരു കടമയായും പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായും ഇരിക്കുന്നു. എന്നാൽ വ്യാകരണപ്രകാരം (tēroumen - customary present) ദൈവത്തിന്റെ കല്പനകൾ തുടർമാനമായി പാലിക്കുന്ന സ്വഭാവത്തെയാണ് ഇവിടെയിത് സൂചിപ്പിക്കുന്നത്. ഇങ്ങനെയുള്ളവരുടെ യാചനയാണ് ദൈവം അനുഭാവപൂർവ്വം പരിഗണിക്കുന്നത്. അതുപോലെ, **"അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട്"** എന്നതിലൂടെ സ്നേഹത്തിൽനിന്നും ഉത്ഭവിക്കുന്ന അനുസരണസ്വഭാവത്തെയും ദൈവപ്രസാദമുള്ള കാര്യങ്ങൾ തുടർമാനമായി ചെയ്യുന്ന സ്വഭാവത്തെയുമാണ് ഇവിടെ വ്യാകരണം (poioumen - customary present) സൂചിപ്പിക്കുന്നത് (യോഹ. 8:29). അവന്റെ കല്പനകളെ പ്രമാണിക്കുക എന്നതും അവന് പ്രസാദമുള്ളത് ചെയ്യുക എന്നതും ഒരു പഴയനിയമ ശൈലിയാണ് (പുറ. 15:26; യെശ. 38:3).

എന്നാൽ ഇതിലൂടെ മതപരമായ ആചാരങ്ങളെയോ പ്രവൃത്തികളെയോ കല്പനകളെയോ അല്ല. മറിച്ച്, അതിന്റെയെല്ലാം പിന്നിലുള്ള മനോഭാവത്തെയാണ് ഇത് ഉദ്ദേശിക്കുന്നത് (മത്തായി 23:27).

**"എന്തു യാചിച്ചാലും"** എന്നതുകൊണ്ട് ചോദിക്കുന്നതെന്തും ദൈവം തരുമെന്നുള്ള ഒരു ബ്ലാങ്ക് ചെക്ക് ആയിരിക്കുന്നില്ല ഈ വാഗ്ദത്തം. കാരണം, നമുക്കുവേണ്ടിയുള്ള ദൈവികപദ്ധതിക്ക് എതിരായ യാതൊന്നും ദൈവം തന്റെ മക്കൾക്ക് കൊടുക്കുന്നില്ല (c.f. മത്തായി 7:7-11). അതുകൊണ്ട് നല്ലതും ദൈവം അംഗീകരിക്കുന്നതും ദൈവഹിതപ്രകാരമുള്ളതുമായ കാര്യങ്ങളെയാണ് **"എന്തു യാചിച്ചാലും"** എന്നതിലൂടെ യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. തിരുവെഴുത്തിൽ പലതരം യാചനകൾ കാണുന്നുണ്ട് (മർക്കൊസ് 11:24; യോഹ. 14:14-16; 16:13-26; യാക്കോബ് 1:5,6).

**"അവങ്കൽനിന്നും ലഭിക്കും"** എന്നത് വ്യാകരണപ്രകാരം (lambanomen - futurustic present) എപ്പോഴും എന്നേക്കും ലഭ്യമായ നിലനില്ക്കുന്ന ഒരു വാഗ്ദത്തത്തെ ഇവിടെ സൂചിപ്പിക്കുന്നു.

അതുകൊണ്ട്, മറുപടി ലഭിക്കുന്നതിനുള്ള പ്രാർത്ഥനയുടെ അനിവാര്യവ്യവസ്ഥ പ്രാർത്ഥനാവിഷയത്തിന്റെ അടിയന്തിരസ്വഭാവമല്ല, മറിച്ച് തന്റെ കല്പനകളെ തുടർമാനമായി അനുസരിക്കുന്ന സ്വഭാവമാണെന്ന് തെളിയുന്നു.

മറുപടി ലഭിക്കുന്ന പ്രാർത്ഥനയ്ക്ക് ദൈവം വ്യവസ്ഥവെക്കുന്നത് സ്വാഭാവികമാണ്. നീതിമാന്റെ പ്രാർത്ഥനയോടുള്ള ദൈവത്തിന്റെ പ്രതികരണം പഴയനിയമത്തിലും പുതിയനിയമത്തിലും കാണുന്നുണ്ട് (ഇയ്യോബ് 27:9; സങ്കീ. 34:15; 66:18; 145:19; സദൃശ. 28:9; യെശ. 1:15; യോഹ. 14:13,14; 16:23,24,26).

ദൈവത്തിന്റെ കല്പനകളെ അനുസരിക്കുന്നതാണ് ദൈവത്തിന് ഏറ്റവും പ്രസാദമുള്ള കാര്യം. എന്നാൽ ഒറ്റപ്പെട്ട അനുസരണമല്ല, മറിച്ച് അനുസരണ സ്വഭാവത്തെയാണ് അതു സൂചിപ്പിക്കുന്നത്. അതുകൊണ്ട് ദൈവത്തോട് അനുസരണമുള്ള വിശ്വാസിയാണ് ദൈവത്തെ പ്രസാദിപ്പിക്കുന്ന വിശ്വാസി. അങ്ങനെയുള്ളവരാണ് പ്രാർത്ഥനയ്ക്ക് മറുപടി പ്രതീക്ഷിക്കേണ്ടത് (യോഹ. 15:7).

ദൈവം പ്രാർത്ഥന കേൾക്കുന്നതിനായി തിരുവെഴുത്തിൽ മറ്റ് വ്യവസ്ഥകളും കാണുന്നുണ്ട്. അതിൽ ചിലതാണ് യേശുവിന്റെ നാമത്തിൽ (യോഹ. 16:23–24), ദൈവമഹത്വത്തിന് (യാക്കോബ് 4:2–3), അകൃത്യം കരുതാത്ത ഹൃദയം (സങ്കീ. 66:18), വിശ്വാസം (മർക്കൊസ് 1:24; മത്തായി 21:22), ക്ഷമിക്കപ്പെട്ട ഹൃദയം മുതലായവ (മർക്കൊസ് 11:25–26).

**"അവന്റെ കല്പനയോ, അവന്റെ പുത്രനായ യേശുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും അവൻ നമുക്ക് കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതുതന്നെ"** (വാ. 23).

മുൻവാക്യങ്ങളിൽ **"കല്പനകൾ"** എന്ന് ബഹുവചനത്തിൽ പറഞ്ഞത്, കല്പനകൾ പലത് ഉള്ളതുകൊണ്ടാണ്. എന്നാൽ ഇവിടെ **"കല്പന"** എന്ന് ഏകവചനത്തിൽ പറഞ്ഞിരിക്കുന്നത് കർത്താവായ യേശുവിലുള്ള വിശ്വാസവും സഹോദരസ്നേഹവും പരസ്പരപൂരകങ്ങൾ ആയതുകൊണ്ടാണ്. കാരണം, കർത്താവായ യേശുവിൽ വിശ്വാസം ഉണ്ടെങ്കിൽ അതിനോട് അനുബന്ധമായി സഹോദരസ്നേഹവും ഉണ്ടാകും. എന്നാൽ സഹോദരസ്നേഹം ഇല്ലെങ്കിൽ കർത്താവിൽ ശരിയായി വിശ്വസിച്ചിട്ടില്ലായെന്നാണ് മനസ്സിലാക്കേണ്ടത്.

അതുപോലെ ഇവിടെ, **"അവന്റെ പുത്രനായ യേശുവിന്റെ നാമത്തിൽ നാം വിശ്വസിക്കയും"** എന്ന് പറയുന്നതിലൂടെ ഒരു വ്യക്തിയെയല്ല, മറിച്ച് ഒരു വ്യക്തിയെക്കുറിച്ച് നിലനില്ക്കുന്ന യാഥാർത്ഥ്യ

ബോധത്തെയാണ് അതു സൂചിപ്പിക്കുന്നത്. അവന്റെ മശീഹത്വത്തിലും (1 യോഹ. 2:22-23; 4:15; 5:1,5) അവന്റെ മനുഷ്യത്വത്തിലും (1 യോഹ. 4:2; 2 യോഹ. 7) വിശ്വസിക്കയും അവന്റെ സ്ഥാനം അംഗീകരിച്ച് അവന്റെ ആളത്വത്തെ സ്വീകരിക്കയും ചെയ്യുക എന്നതും അതിലട ങ്ങിയിരിക്കുന്നു. ദൈവ പുത്രനായ യേശുവിന്റെ ദൈവത്വവും മനു ഷ്യത്വവും അടങ്ങിയ അസ്ഥിത്വം ഒരു ചരിത്രയാഥാർത്ഥ്യമായി നാം അംഗീകരിക്കുക മാത്രമല്ല, അവൻ ഇപ്പോഴും രക്ഷിതാവും ദൈവവും ആകുന്നുവെന്നും ഒരിക്കൽ ഭൂമിയിൽ ജീവിക്കയും തന്നോടു നിലവി ളിച്ചവരെ ഒക്കെയും രക്ഷിക്കയും ചെയ്തുവെന്നു മാത്രമല്ല, താൻ ഇന്നും ജീവിക്കയും തന്നെ വിളിച്ചപേക്ഷിക്കുന്നവരെ ഒക്കെയും രക്ഷി ക്കുവാൻ താൻ ഇന്നും പ്രാപ്തനാകുന്നുവെന്ന ധ്വനിയുമാണ് അതി ലുള്ളത് (റോമർ 10:12-13).

ദൈവത്തിൽനിന്നും എല്ലാ ആത്മിക അനുഗ്രഹങ്ങളും ഈ വിശ്വാ സത്തിന്റെ അടിസ്ഥാനത്തിലാണ് നമുക്ക് ലഭിക്കുന്നത്. എന്നാൽ അവി ശ്വാസം കോപവും മരണവുമാണ് ഉളവാക്കുന്നത് (യോഹ. 3:36; 8:24).

**"എന്ത് യാചിച്ചാലും അവങ്കൽനിന്ന്"** ലഭിക്കണമെങ്കിൽ, യേശു ക്രിസ്തുവിനെ ദൈവപുത്രനും കർത്താവും രക്ഷിതാവും ജഡത്തിൽ വെളിപ്പെട്ട ദൈവവുമായി ഒരിക്കൽ എന്നേക്കുമായി വിശ്വസിക്കയും അങ്ങനെ വിശ്വസിച്ചിട്ട് അന്യോന്യം സ്നേഹിച്ചുകൊണ്ടിരിക്കുകയും വേണം. കാരണം, ഇവിടെ **"വിശ്വസിക്കയും"** എന്നത് വ്യാകരണ പ്രകാരം (pisteusōmen - constative aorist) പല ഘടകങ്ങൾ ഉള്ള സംഭ വിച്ചു കഴിഞ്ഞ ഒരു പ്രവൃത്തിയെ വിശദീകരണം കൂടാതെ മൊത്ത ത്തിൽ സൂചിപ്പിക്കുന്നതായും അതുപോലെ, **''അന്യോന്യം സ്നേഹിക്കുകയും വേണം''** എന്നത് വ്യാകരണപ്രകാരം (agapōmen - customary present), വിശ്വസിച്ചതിന്റെ ഫലമായി നിലനി ല്ക്കുന്ന അന്യോന്യം സ്നേഹിക്കുന്ന സ്വഭാവത്തെയും സൂചിപ്പിക്കു ന്നു. കാരണം, കർത്താവിലുള്ള വിശ്വാസവും അന്യോന്യമുള്ള സ്നേഹവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു (1 യോഹ. 3:11; 4:7, 11-12; 2 യോഹ. 5).

യാചിക്കുന്നത് നിവർത്തിക്കുവാനുള്ള കർത്താവിന്റെ ശക്തി യിലും അധികാരത്തിലും തുടർമാനമായി വിശ്വസിച്ചുകൊണ്ടിരിക്കയും

വേണം എന്ന കാര്യം ലേഖകൻ പ്രത്യേകം പറയുന്നില്ലെങ്കിലും മറ്റു വേദഭാഗങ്ങളുടെ അടിസ്ഥാനത്തിൽ അതുംകൂടെ ഇതിലുൾപ്പെടുന്നു.

എന്നാൽ അന്യോന്യമുള്ള ഈ സ്നേഹം സ്വന്തം താല്പര്യം അനുസരിച്ചല്ല, മറിച്ച് **"അവൻ നമുക്ക് കല്പന തന്ന"**തിന്റെ അടിസ്ഥാനത്തിലാണ് പ്രായോഗികമാക്കേണ്ടതെന്ന് യോഹന്നാൻ അനുബന്ധമായി പറയുന്നു. വ്യാകരണപ്രകാരം (edōken - constative aorist) പല ഘട്ടങ്ങളിലായി **"അവൻ നമുക്ക് കല്പന"** തന്നതിനെ മൊത്തത്തിൽ ഒരു സംഭവമായി ഇവിടെ പറഞ്ഞിരിക്കുന്നു.

ചുരുക്കത്തിൽ, ദൈവപുത്രനിൽ വിശ്വസിക്കയും സഹോദരവർഗ്ഗത്തെ സ്നേഹിക്കയും ചെയ്യുന്നവൻ ദൈവത്തിൽനിന്നും ജനിച്ചവനും ദൈവത്തിന് പ്രസാദമുള്ളത് ചെയ്യുന്നവനുമാണ്. വചനപ്രകാരമുള്ള അവന്റെ യാചനയ്ക്ക് കർത്താവിൽനിന്നും ഉറപ്പുണ്ട്.

## C. കൂട്ടായ്മയുടെ ഉറപ്പ് ലഭിക്കുന്നു

**"അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു"** (വാ. 24).

**"അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ"** എന്നത് ഇവിടെ വ്യാകരണപ്രകാരം (tēirōn - gnomic present with customary present) തുടർമാനമായി കല്പനകളെ പ്രമാണിക്കുന്ന സ്വഭാവമുള്ള ഏതൊരുവനും എപ്പോഴും എന്നേക്കും ദൈവത്തിൽ വസിക്കുന്നതിനെ സൂചിപ്പിക്കുന്നു.

അതുപോലെതന്നെ അങ്ങനെയുള്ളവരിലെല്ലാം ദൈവവും എപ്പോഴും എന്നേക്കും വസിക്കുന്നു. കാരണം, ഇവിടെ **"വസിക്കുന്നു"** എന്നതിലൂടെ വ്യാകരണപ്രകാരം (menei - gnomic present with a customary present force) എപ്പോഴും നിലനില്ക്കുന്ന തുടർമാനമായ ഒരു ബന്ധത്തെയാണ് യോഹന്നാൻ സൂചിപ്പിക്കുന്നത്. അർത്ഥാൽ, അവന്റെ കല്പനകളെ പ്രമാണിക്കുന്ന എല്ലാ വിശ്വാസികൾക്കും എപ്പോഴും എന്നേക്കും ദൈവത്തോടുള്ള ബന്ധവും ദൈവത്തിന് വിശ്വാസിയോട് എപ്പോഴും എന്നേക്കുമുള്ള ബന്ധവും സ്ഥിരീകരിക്കപ്പെടുകയും ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ നിർണ്ണയം ലഭിക്കുകയും ചെയ്യുന്നു.

അനുസരണത്തിലൂടെ വിശ്വാസി ദൈവത്തിൽ വസിക്കുന്നു. അനുസരണത്തിലൂടെതന്നെ അന്യോന്യമുള്ള ഈ കൂട്ടായ്മയുടെ ഉറപ്പും വിശ്വാസിക്ക് ലഭിക്കുന്നു. മാനുഷികമായി നോക്കിയാൽ ദൈവകല്പന അനുസരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് വിശ്വാസിക്ക് ദൈവത്തിൽ വസിക്കുന്നതിന്റെ ഉറപ്പ് ലഭിക്കുന്നത്. ഇത് കർത്താവ് വാഗ്ദത്തം ചെയ്തതും (യോഹ. 14:23) പുതിയനിയമ ഉടമ്പടിയിൽ ഉൾപ്പെട്ടതുമാണ് (2 കൊരി. 6:16).

**"അവൻ നമ്മിൽ വസിക്കുന്നുവെന്ന് അവൻ നമുക്ക് തന്ന ആത്മാവിനാൽ നാം അറിയുന്നു"** എന്നാണ് യോഹന്നാൻ തുടർന്നു പറയുന്നത്.

ഇവിടെ "**നാം അറിയുന്നു**" എന്നത് വ്യാകരണപ്രകാരം (ginōskomen - customary present) സാധാരണനിലയിൽ അനുഭവത്തിലൂടെ എപ്പോഴും അറിയുന്ന സ്വഭാവത്തെ സൂചിപ്പിക്കുന്നു. എന്നാൽ ദൈവം "**നമുക്ക് തന്ന ആത്മാവിനാൽ നാം അറിയുന്നു**" എന്നാണ് തുടർന്നു പറയുന്നത്. ഇവിടെ "**തന്ന**" എന്നത് വ്യാകരണ പ്രകാരം (edoken - consumative aorist) ഒരിക്കൽ എന്നേക്കുമായി പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ഒരിക്കൽ ആത്മാവിനെ ലഭിച്ച നാം ആത്മാവിന്റെ വൈവിധ്യമായ ശുശ്രൂഷയിലൂടെയാണ് നമ്മിലുള്ള ദൈവികസാന്നിധ്യം തിരിച്ചറിയുന്നത്. ആത്മാവിന്റെ സാക്ഷ്യം (റോമർ 8:16), ആലോചനയും നടത്തിപ്പും (8:14), ആത്മാവിന്റെ ഉപദേശം (യോഹ. 16:13; 1 കൊരി. 2:12), ആത്മഫലമുള്ള ജീവിതം (ഗലാത്യർ 5:16, 22–23) മുതലായ ആത്മാവിന്റെ ശുശ്രൂഷകളെല്ലാം യഥാർത്ഥവിശ്വാസി അനുഭവിച്ചറിയുന്നു. കാരണം, ഇവിടെ പറയുന്ന അറിവ് ദിവ്യമായ ഉപദേശത്താൽ ലഭിക്കുന്ന അറിവല്ല, മറിച്ച് അനുഭവത്തിലൂടെയും പരിചയത്തിലൂടെയും സാധാരണ ജീവിതത്തിൽ ലഭിക്കുന്ന തിരിച്ചറിവാണ് (ginoskomen). ആത്മാവിന്റെ നിരന്തരമായ ശുശ്രൂഷയിലൂടെ ദൈവവുമായുള്ള കൂട്ടായ്മയെ നാം എപ്പോഴും തിരിച്ചറിയുകയും അനുഭവിച്ചറിയുകയും ചെയ്യുന്നു.

ദൈവികസ്നേഹം വെളിപ്പെടുത്തുന്നവനും ദൈവികസ്നേഹം ഇല്ലാത്തവനും തമ്മിലുള്ള വ്യത്യാസമാണ് നാം ഇതുവരെ കണ്ടത്.

ദൈവത്തിൽനിന്നല്ലാത്തവൻ ദൈവികസ്നേഹം ഇല്ലാത്തതിന്റെ തെളിവായി കുലപാതകം, പക, സ്വാർത്ഥത മുതലായവ വെളിപ്പെടുത്തുന്നവനായിരിക്കുമ്പോൾ, ദൈവത്തിൽ നിന്നുള്ളവൻ ദൈവിക സ്നേഹം വെളിപ്പെടുത്തുന്നതിന്റെ ഫലമായി രക്ഷയുടെ ഉറപ്പും യാചനയുടെ ഉറപ്പും കൂട്ടായ്മയുടെ ഉറപ്പും ഉള്ളവനായി ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവനായിരിക്കുന്നു.

***

# VII

# ദൈവിക ഉപദേശം സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 4:1–6)

"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുകയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്യുവിൻ. ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്നു സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവു തന്നെ; അത് വരും എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അതു ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്. കുഞ്ഞുങ്ങളേ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവനല്ലോ. അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരിക്കുന്നു; ലോകം അവരുടെ വാക്കുകേൾക്കുന്നു. ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവ് ഏത് എന്നും വഞ്ചനയുടെ ആത്മാവ് ഏത് എന്നും നമുക്ക് ഇതിനാൽ അറിയാം."

യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം അപ്പൊസ്തലന്മാരിൽനിന്നും സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽനിന്നുള്ളവരെ തിരിച്ചറിയാമെന്നും അങ്ങനെയുള്ളവർക്ക് ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കാമെന്നും യോഹന്നാൻ ഇവിടെ പറയുന്നു. ഇതോട് ബന്ധപ്പെട്ട് രണ്ട് കാര്യങ്ങളാണ് യോഹ

ന്നാൻ ഇവിടെ എടുത്ത് പറയുന്നത്.

**A. ആത്മാക്കളെ ശോധനചെയ്യുന്നതിനുള്ള ആജ്ഞ (4:1)**

**"പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തി ലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വാസി ക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശോധന ചെയ്വിൻ."**

**1. ആജ്ഞയുടെ അടിസ്ഥാനം**

ദൈവസഭയുടെ ആരംഭത്തിൽതന്നെ ദുരുപദേശത്തിന് എതിരെ യുള്ള പോരാട്ടം അപ്പൊസ്തലന്മാർ ആരംഭിച്ചിരുന്നു. ഒന്നാം നൂറ്റാ ണ്ടിന്റെ ആദ്യപകുതിയിൽ യെഹൂദമതവുമായി ബന്ധപ്പെട്ട ദുരുപദേ ശങ്ങളായിരുന്നു സഭയ്ക്ക് നേരിടേണ്ടിവന്നതെങ്കിൽ, ഒന്നാംനൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും നിഷേധിക്കുന്ന ജ്ഞാനവാദികളുടെ സ്വാധീനമായിരുന്നു ദൈവസഭ അഭിമുഖീകരിച്ച മുഖ്യപ്രശ്നം. മാത്രമല്ല, അക്കാലത്ത് ധാരാളം കള്ള പ്രവാചകരും കള്ളക്രിസ്തുക്കളും സഭയിൽ നുഴഞ്ഞ് കയറിയതിനാൽ, ഇങ്ങനെയുള്ളവരെ യഥാർത്ഥവിശ്വാസികൾ തിരിച്ചറിയുന്നതിനും തന്നെത്താൻ ശോധനചെയ്യുന്നതിനും ആത്മാക്കളെ വിവേചിക്കുവാൻ പ്രാപ്തരാകേണ്ടതിനുമാണ് യോഹന്നാൻ ഈ വേദഭാഗം എഴുതിയി രിക്കുന്നത്.

ആത്മാക്കളെ ശോധന ചെയ്യുവാനുള്ള ആജ്ഞയിൽ, **"ശോധന ചെയ്വീൻ"** എന്നുള്ളത് വിലയേറിയ ലോഹങ്ങളുടെ പവിത്രതയും മൂല്യവും പരിശോധിച്ചു നിർണ്ണയിക്കുന്നതിന് ഉപയോഗിക്കുന്ന വാക്കാണ്. മാത്രമല്ല, വ്യാകരണപ്രകാരം (dokimazete - imperative of command) ഇവിടെയിത് വിശ്വാസികൾ എപ്പോഴും ചെയ്യേണ്ടതായ ഒരു കല്പനയായിട്ടുമിരിക്കുന്നു. കാരണം, തിരുവെഴുത്തിന് അനുസൃതമ ല്ലാത്ത യാതൊരു ആത്മികമാർഗ്ഗവും ദൈവത്തിൽനിന്നുള്ളതല്ല, മറിച്ച് പൈശാചികമാണ്. അതുകൊണ്ട് ആരെങ്കിലും ദൈവിക അധികാര ത്തിൽ സംസാരിക്കുന്നുവെന്ന് എത്രതന്നെ അവകാശപ്പെട്ടാലും **"ആത്മാക്കളെ"** പരിശോധിച്ച് ഉറപ്പാക്കുന്നതുവരെ യഥാർത്ഥവിശ്വാ സികൾ ആരെയും അർത്ഥാൽ, ഒരു പ്രവാചകനെയും പ്രവചനത്തെയും അന്ധമായി വിശ്വസിക്കരുത്. കാരണം, അന്ധകാരശക്തികൾ പലനില യിലാണ് സത്യമാർഗ്ഗത്തെ ദുഷിക്കുവാൻ ശ്രമിക്കുന്നത്. ഒരു അക്രൈ സ്തവസമൂഹത്തിൽ ക്രിസ്തുവിശ്വാസികളെ പീഡിപ്പിക്കുകയും വചന

ത്തിന്റെ ആധികാരികതയെ അഥവാ, ദൈവവിശ്വാസികതയെ കോട്ടി കളയുകയും ചെയ്യുമ്പോൾ, ഒരു ക്രൈസ്തവ സമൂഹത്തിൽ, ക്രിസ്തുവിന്റെ സഭയെ ശാരീരികമായി പീഡിപ്പിക്കുന്നതിനുപകരമായി, ക്രിസ്തുവിശ്വാസികളുടെ ഇടയിൽ ദുരുപദേശത്തിന്റെയും വിഭാഗീയതയുടെയും വിത്തുവിതച്ച് ആശയക്കുഴപ്പവും ജീർണ്ണതയും ഉണ്ടാക്കുന്നതിനാണ് അവർ അധികവും ശ്രമിക്കുന്നത്. അതിനായി പലപ്പോഴും അവന്റെ ആളുകൾ ആടുകളുടെ വേഷംധരിച്ച് സഭകളിൽ കടക്കുന്നു (മത്തായി 7:15; അപ്പൊ. 20:29–30).

അതുകൊണ്ട് ആത്മിക ശുശ്രൂഷകൾ എന്ന് അവകാശപ്പെടുന്നതെല്ലാം ദൈവാത്മാവിൽ നിന്നുള്ളവയാകണമെന്നില്ല; ഉണർവ്വും ഉത്സാഹവും എപ്പോഴും സത്യത്തിൽനിന്നാകണമെന്നുമില്ല. ഇക്കാരണത്താൽതന്നെ ഓരോ പ്രവാചകനെയും പ്രവചനത്തെയും തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ ശോധനചെയ്യണം.

ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്ന ഒരു വലിയ പങ്ക് ആത്മിക നേതാക്കളും ദൈവരാജ്യത്തിൽ കറകളും കളങ്കങ്ങളും കപടഭക്തരും അശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ദുരുപദേശത്തിന്റെ വക്താക്കളുമാണ്. കാരണം, യേശുക്രിസ്തുവിൽ കേന്ദ്രീകൃതമല്ലാത്ത യാതൊരു ഉപദേശവും ദൈവത്തിൽനിന്നുള്ളതല്ല; യേശുക്രിസ്തുവിന്റെ ഉപദേശത്തിൽനിന്നും വ്യത്യസ്തമായ ഒരു ഉപദേശവും ദൈവം അംഗീകരിക്കുന്നുമില്ല.

അതുകൊണ്ട് ഓരോ ഉപദേശത്തെയും ഓരോ ഉപദേഷ്ടാവിനെയും നാം എപ്പോഴും ശോധനചെയ്യേണ്ടതുണ്ട്. വചനത്തിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയപ്പെടാത്തതും അതിനെ അതിജീവിക്കാത്തതുമായ എല്ലാ ഉപദേശങ്ങളും ദുരുപദേശമാകുന്നു. അങ്ങനെയുള്ള ഉപദേശം പഠിപ്പിക്കുന്നവരെല്ലാം ദുരുപദേഷ്ടാക്കളുമാകുന്നു. അക്കാരണത്താലാണ് ആത്മാക്കളെ ശോധനചെയ്യുവാനുള്ള ആജ്ഞ അടിയന്തിര പ്രാധാന്യമുള്ള ഒരു കല്പനയായി യോഹന്നാൻ നല്കിയിരിക്കുന്നത്.

2. ആജ്ഞയുടെ കാരണം

**"കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ."**

പൈശാചികശക്തിയുടെ ശാരീരികവെളിപ്പാടുകളാണ് ഈ "കള്ള

പ്രവാചകന്മാർ”; അവർ വ്യാജസന്ദേശം പ്രസ്താവിക്കുന്നവരും ദൈവത്തിന്റെ പ്രവാചകർക്ക് എതിരായി നില്ക്കുന്നവരും ദൈവിക വ്യവസ്ഥക്ക് എതിരായി പ്രവർത്തിക്കുന്നവരുമാണ് (മത്തായി 7:15, 21-23).

ഇവിടെ 4:1 ൽ **“പുറപ്പെട്ടിരിക്കയാൽ”** എന്നത് വ്യാകരണ പ്രകാരം (exelēlythasin - extensive perfect) വിശ്വാസികളുടെ ഇടയിൽ ദുരുപദേശം പരത്തുന്ന ഇപ്പോഴത്തെ അവസ്ഥക്ക് കാരണമായ പൂർത്തീകരിക്കപ്പെട്ട ഒരു പ്രവൃത്തിയെ സൂചിപ്പിക്കുമ്പോൾ (യോഹ. 3:17; 9:39), 2:19 ൽ അവർ നമ്മുടെ ഇടയിൽനിന്നും **“പുറപ്പെട്ടു”** എന്നത് വ്യാകരണപ്രകാരം (exēlthan - constative aorist) വ്യാജവിശ്വാസികൾ യഥാർത്ഥവിശ്വാസികളിൽനിന്നും പൂർണ്ണമായി വേർപെട്ടു പോയ ഒരു പ്രവൃത്തിയെ മാത്രമാണ് സൂചിപ്പിക്കുന്നത്.

പുറമെനിന്നും നോക്കിയാൽ ദൈവവുമായി ബന്ധപ്പെട്ടു നില്ക്കുന്നതും എന്നാൽ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മാർഗ്ഗത്തിൽനിന്നും വ്യതിചലിച്ച്, ദൈവികവെളിപ്പാടിനെ സ്വന്തതാല്പര്യത്തിനായി ഉപയോഗിച്ച്, അന്യതാ ഉപദേശിക്കുന്നവരെയാണ് കള്ളപ്രവാചകന്മാർ എന്നതുകൊണ്ട് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. ഇക്കാരണത്താൽ അവർ ഭൂതങ്ങളോ, അശുദ്ധാത്മാക്കളോ അല്ല, മറിച്ച് അങ്ങനെയുള്ളവയാൽ നിയന്ത്രിക്കപ്പെടുന്ന ദുരുപദേഷ്ടാക്കളാണ്. കാരണം, പുല്ലിംഗത്തിലാണ് (masculine gender) ഈ നാമം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള **“പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ...”** എന്നുപറയുന്നതിലുള്ള ലോകം അധോലോകമല്ല. മറിച്ച്, മനുഷ്യവാസമുള്ള ലോകമാണ്. അർത്ഥാൽ, അശുദ്ധാത്മാക്കൾ അവരുടെ വാസസ്ഥലമായ അഗാധകൂപത്തിൽനിന്നും ദൈവികപദ്ധതിക്ക് എതിരായുള്ള ദൗത്യവുമായി പുറപ്പെട്ട് ദൈവികവ്യവസ്ഥക്ക് വിധേയപ്പെടാത്ത മനുഷ്യാത്മാക്കളിലൂടെ ഈ ലോകത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു (വെളി. 16:13.14) എന്നാണ് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത്. അവരെക്കുറിച്ചുള്ള മുന്നറിയിപ്പ് (മത്തായി 7:15; അപ്പൊ. 20:29; 2 പത്രൊസ് 2:1), അവരുടെ പ്രത്യക്ഷത (മത്തായി 7:15; 2 കൊരി. 11:13-15), അവരുടെ ഉപദേശം (അപ്പൊ. 20:30; 2 പത്രൊസ് 2:2), അവരുടെ പ്രവർത്തനരീതി (മത്തായി 24:24-25) മുതലായവയെല്ലാം വചനത്തിൽ കാണുന്നുണ്ട്. യഥാർത്ഥപ്രവാചകൻ ആത്മികസത്യങ്ങളുടെ വക്താവായിരിക്കുമ്പോൾ (2 പത്രൊസ് 1:21), കള്ളപ്രവാചകൻ ആത്മീയ വ്യാജങ്ങളുടെ വക്താവായിരിക്കുന്നു (1 യോഹ. 4:3,6); ആദ്യ

ത്തേത് ദൈവാത്മാവിൽനിന്നും രണ്ടാമത്തേത് അശുദ്ധാത്മാവിൽനിന്നും ഉത്ഭവിക്കുന്നു (2 യോഹ. 7 c.f. അപ്പൊ. 20:29–31).

3. അജ്ഞതയുടെ ഉദ്ദേശം

ആത്മികമണ്ഡലത്തിൽ അടിസ്ഥാനവൈരുദ്ധ്യങ്ങളായ സത്യവും ഭോഷ്ക്കും, ദൈവത്തിന്റെ ആത്മാവും എതിർക്രിസ്തുവിന്റെ ആത്മാവും, ദൈവത്തിന്റെ പ്രവാചകനും കള്ളപ്രവാചകനും, യഥാർത്ഥ വിശ്വാസിയും വ്യാജവിശ്വാസിയും നിലനില്ക്കുന്നുണ്ട്. അതുകൊണ്ടാണ് **"ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് ശോധന ചെയ്വിൻ"** എന്നു പറയുന്നത്.

ഇവിടെ പരാമർശിക്കപ്പെടുന്ന **"ആത്മാവ്"**, **"ആത്മാക്കൾ"** എന്നുള്ള നാമങ്ങൾ കർത്താവിനെ സൂചിപ്പിക്കുന്നതിനും (വെളിപ്പാട് 3:1; 4:5), കർത്താവിന്റെ ദൂതന്മാരെ സൂചിപ്പിക്കുന്നതിനും (എബ്രാ.1:7,14) പുതിയനിയമത്തിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും **"ആത്മാക്കൾ"** എന്നതുകൊണ്ട് പുതിയനിയമം സാധാരണയായി ദുരാത്മാക്കളെയും (മത്തായി 12:45; ലൂക്കൊസ് 11:26) അശുദ്ധാത്മാക്കളെയും (മർക്കൊസ് 3:11; 5:13; അപ്പൊ, 8:7) ഭൂതങ്ങളെയും സൂചിപ്പിക്കുന്നു (വെളിപ്പാട് 16:14).

അതുപോലെ **"ആത്മാക്കൾ"** എന്നത് ബഹുവചനത്തിൽ കാണുന്നതിന് കാരണം, ഒന്നുകിൽ ദൈവത്തിൽനിന്നുള്ള ആത്മാവിനെയും ദുഷ്ടനിൽനിന്നുള്ള ആത്മാവിനെയും വേർതിരിച്ച് പറഞ്ഞതുകൊണ്ടാകാം; അല്ലെങ്കിൽ, പലരിൽ പ്രവൃത്തിക്കുന്ന ഒരേ ആത്മാവിനെ തന്നെ സൂചിപ്പിക്കുന്നതുമാകാം. എന്തുതന്നെ ആയാലും സഭയുടെ ആരംഭനാളുകളിൽ ഇങ്ങനെയുള്ള ആത്മാക്കളെ വിവേചിക്കുവാൻ വരമുള്ളവർ സഭകളിൽ ഉണ്ടായിരുന്നു (1 കൊരി. 12:10). എന്നാൽ തിരുവെഴുത്തിന്റെ എഴുതപ്പെട്ട രൂപം പൂർണ്ണമാകുന്നതിനനുസൃതമായി വിവേചനവരം പൂർണ്ണമായും നിന്നുപോകുകയും തുടർന്ന്, പ്രസ്തുത വരത്തിന്റെ പ്രവൃത്തി വചനം ഇന്ന് നിവൃത്തിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടായ ബൈബിളിന്റെ പൊതുവായ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഒരാളുടെ ഉപദേശം ശരിയോ തെറ്റോ എന്നു നിർണ്ണയിക്കപ്പെടുന്നത്.

ദൈവികശുശ്രൂഷയ്ക്കായി ദൈവത്തിന്റെ ദാസന്മാരെ ദൈവത്തിന്റെ ആത്മാവ് ലോകത്തിലേക്ക് അയക്കുന്നതുപോലെ കള്ളപ്ര

വാചകന്മാരെയും ദുരുപദേഷ്ടാക്കളെയും ലോകത്തിലേക്കയച്ച് ദുരുപദേശം വ്യാപിപ്പിക്കുന്ന എതിർക്രിസ്തുവിന്റെ ആത്മാവും വിശ്വാസമണ്ഡലത്തിലുണ്ട്. അവയാൽ വഞ്ചിക്കപ്പെടാതിരിക്കാനാണ് **"ഏത് ആത്മാവിനെയും വിശ്വസിക്കാതെ"** ആത്മാക്കളെ ശോധന ചെയ്യുവാൻ അപ്പൊസ്തലൻ പറയുന്നത്. ഇവിടെ **"വിശ്വസിക്കാതെ"** എന്നത് വ്യാകരണപ്രകാരം (pisteuete - imperative of prohibition) വിശ്വാസികളായ എല്ലാവരും എപ്പോഴും പാലിക്കേണ്ടതായ ഒരു കല്പനയായിട്ട് ഇരിക്കുന്നു. എന്നാൽ ഇങ്ങനെ പറയുന്നതുകൊണ്ട് ഈ ലേഖനം എഴുതുന്ന സമയത്ത് അനുവാചകർ ഏത് ആത്മാവിനെയും വിശ്വസിക്കുന്ന അവസ്ഥയിലായിരുന്നുവെന്നല്ല, മറിച്ച് വചനം കേൾക്കുവാനുള്ള എരിവിൽ അനുവാചകർ ദുരുപദേഷ്ടാക്കൾക്കുപോലും അവരുടെ ഉപദേശം പരിശോധിക്കാതെ ചെവികൊടുക്കുവാൻ സാധ്യതയുള്ളതുകൊണ്ടാണ് അപ്പൊസ്തലൻ ഈ മുന്നറിയിപ്പ് കൊടുക്കുന്നത്. കാരണം, ഏതൊന്നിന്റെയും വിലയും നിലയും ഗുണവും മൂല്യവും വിലയിരുത്തുന്നതിനും വിധിക്കുന്നതിനും മുമ്പായി നാം അവ പരിശോധിക്കണം. കാരണം, ആത്മാവിനെ കെടുക്കരുതെന്ന് പറയുന്ന പൗലൊസ് തന്നെ ആത്മാവിനെ ശോധനചെയ്യുവാനും പറയുന്നുണ്ട് (1 കൊരി. 12:3; 14:29; 1 തെസ്സ. 5:19–21).

തിരുവെഴുത്തിൽ, കള്ളപ്രവാചകരെയും അവരുടെ പുറകിൽ പ്രവർത്തിക്കുന്ന ആത്മാക്കളെയും തിരിച്ചറിയുവാൻ പല പരിശോധനകളുണ്ട്. അധർമ്മ പ്രവൃത്തി (മത്തായി 7:15–23), അധാർമ്മികത (2 പത്രൊസ് 2:13,14 c.f. യിരെ. 23:9–14), ദുരുപദേശം (അപ്പൊ. 20:30 c.f. ആവ. 13:1–4), ദ്രവ്യാഗ്രഹം (2 പത്രൊസ് 2:14–16) മുതലായവ അവയിൽ ചിലതാണ്. എന്നാൽ ഈ ലേഖനത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലാണ് ആത്മാക്കളെ വിലിരുത്തേണ്ടത് (2:22; 4:2,15; 5:1). കാരണം, പരിശുദ്ധാത്മാവിന് പലരിലൂടെയും പ്രവൃത്തിക്കാൻ കഴിയുന്നതുപോലെ എതിർക്രിസ്തുവിന്റെ ആത്മാവും പലരിലൂടെയും പ്രവൃത്തിക്കുന്നു. ആത്മികമണ്ഡലത്തിൽ, ഓരോ മനുഷ്യന്റെയും വാക്കിനും പ്രവൃത്തിക്കും പിന്നിൽ ദൈവികമോ പൈശാചികമോ ആയ രണ്ട് പ്രഭവകേന്ദ്രങ്ങൾ ഉള്ളതുകൊണ്ട് യാതൊരു ആത്മാവിനെയും കണ്ണടച്ച് വിശ്വസിക്കാതെ ആത്മാക്കളുടെ ഉത്ഭവം അറിയുവാൻ വിശ്വാസികൾ നിർബന്ധമായും ആത്മാക്കളെ ശോധനചെയ്യേണ്ടതുണ്ട്. സഭയുടെ

ആരംഭത്തിൽ ഇതൊരു കൃപാവരമായും (1 കൊരി. 12:10; 14:29 c.f. അപ്പൊ. 8:13, 21-23) എന്നാൽ പിന്നീട് എല്ലാ വിശ്വാസികൾക്കും ഉണ്ടാകേണ്ടതായ ഒരു ആത്മികഗുണമായും ഇതിരിക്കുന്നു. കാരണം, അനേകർ ഉപദേഷ്ടാക്കളുടെ വേഷത്തിൽ ലോകത്തിലേക്കു പ്രവേശിച്ചിരിക്കുന്നു (മത്തായി 7:15; അപ്പൊ. 20:28-30; 2 പത്രൊസ് 2:1; 1 യോഹ. 2:18,19 c.f. യിരെ. 14:14; 23:21; 29:8-9).

അതുകൊണ്ട് ക്രിസ്തുവിശ്വാസികൾ കൊരിന്തിലെ വിശ്വാസികളെപ്പോലെ ഏതൊരുപദേശത്തെയും പൊറുക്കുന്നവർ ആകാതെ (2 കൊരി. 11:4) ബെരോവയിലെ വിശ്വാസികളെ പോലെ (അപ്പൊ. 17:10,11) തിരുവെഴുത്തുക്കളെ ദിനംപ്രതി പരിശോധിക്കുന്നവർ ആകണമെന്ന് യോഹന്നാൻ ആഗ്രഹിക്കുന്നു.

**B. ആത്മാക്കളെ ശോധനചെയ്യുന്നതിനുള്ള മാനദണ്ഡം (4:2-6)**

**"ദൈവാത്മാവിനെ"** ഇതിനാൽ അറിയാം എന്നു പറയുന്നതിലൂടെ അപ്പൊസ്തലൻ ഇവിടെ ഒന്നുകിൽ ദൈവത്തിന്റെ ആത്മാവിനെയോ അല്ലെങ്കിൽ മനുഷ്യന്റെ ആത്മാവിനെയോ സൂചിപ്പിക്കുന്നത് ആകാം (1 യോഹ. 3:24; 4:1-4,6,13). എന്നാൽ **"ഇതിനാൽ അറിയാം"** എന്നത് യോഹന്നാനെ സംബന്ധിച്ചിടത്തോളം ആത്മാക്കളെ തിരിച്ചറിയനുള്ള ഒരു സൂത്രവാക്യമാണ് (2:3,5; 3:10,19,24; 4:6,13; 5:2).

ആത്മാക്കളെ വിവേചിക്കുവാൻ വിശ്വാസികൾ ഉദ്ദേശപരമായി നേടിയിരിക്കുന്നതും അതിന്റെ ഫലമായി തുടർമാനമായി അവരിൽ നിലനില്ക്കുന്നതുമായ അറിവിനെയാണ് ഇവിടെ വ്യാകരണം (ginōskete - intensive perfect) സൂചിപ്പിക്കുന്നത്.

**1. ക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽനിന്നുള്ളതാകുന്നു**

അതുകൊണ്ടാണ് **"യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽനിന്നുള്ളത്..."** എന്ന് യോഹന്നാൻ പറയുന്നത്.

ഇവിടെ, യേശുക്രിസ്തു എന്തിനുവന്നു എന്നതല്ല (1 തിമൊ. 1:15) മറിച്ച്, എങ്ങനെ വന്നു എന്നതാണ് (en sarki) ഊന്നിപറയുന്നത് (1 യോഹ. 1:1-3,14). എങ്കിലും യേശുവിന്റെ മനുഷ്യാവതാരത്തിലുള്ള വിശ്വാസമല്ല, മറിച്ച് മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിലുള്ള

വിശ്വാസമാണ് മുഖ്യം. അർത്ഥാൽ, യേശുവിനെ ജഡത്തിൽ വന്ന ക്രിസ്തു എന്ന് എപ്പോഴും ഏറ്റുപറഞ്ഞ് അംഗീകരിക്കുന്ന സ്വഭാവമുള്ള ഏതൊരാൾക്കും താൻ ദൈവത്തിൽ നിന്നുള്ളവനാകുന്നുവെന്ന് എപ്പോഴും ഉറപ്പുള്ളവനാകുന്നുവെന്ന് വ്യാകരണം (estin - gnomic present) ഇവിടെ സൂചിപ്പിക്കുന്നു.

ക്രിസ്തുവിനെ എങ്ങനെ ഏറ്റുപറയുന്നു അഥവാ അംഗീകരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ആത്മാക്കൾ സ്വീകരിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്യുന്നു. എന്നാൽ ദൈവത്തിൽ നിന്നുള്ള ആത്മാക്കളെ തിരിച്ചറിയുന്നതിനുള്ള പരിശോധന ഇതുമാത്രമല്ല എന്നതുകൊണ്ട് അക്കാലത്ത് പ്രബലമായി നിലനിന്നിരുന്ന ഒരു ദുരുപദേശം ചൂണ്ടിക്കാണിക്കുകയാണ് അപ്പൊസ്തലൻ ഇവിടെ ചെയ്യുന്നത്.

ആത്മികമണ്ഡലത്തിൽ വ്യാപരിക്കുന്ന അശുദ്ധാത്മാവിനെയും പരിശുദ്ധാത്മാവിനെയും തിരിച്ചറിയുവാൻ മാത്രമല്ല, എല്ലാ മനുഷ്യാത്മാക്കളെയും ഇതിലൂടെ തിരിച്ചറിയുവാൻ സാധിക്കുന്നു.

ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റുപറയുന്നത് മാത്രമല്ല, ഏറ്റുപറയുന്നതിന്റെ ഉള്ളടക്കംപോലും പരിശോധനയ്ക്കു വിധേയമാക്കേണ്ടതുണ്ട് (1 കൊരി. 12:3). കാരണം ഏറ്റുപറച്ചിൽ ശരിയായ ബോധ്യത്തിൽനിന്നുള്ളതാകണം. ഈ ബോധ്യത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം, പാപരഹിത ജീവിതം, പ്രായശ്ചിത്തയാഗം, മരിച്ചവരിൽ നിന്നുള്ള ഉയിർപ്പ്, സകലത്തിനും മീതെയുള്ള ഉയർച്ച തുടങ്ങിയുള്ള വചനത്തിൽ കാണുന്ന യാഥാർത്ഥ്യങ്ങളെ അംഗീകരിക്കണം. ലോകം അതിന്റെ പൂർണ്ണ വ്യാപ്തിയിൽ ഇക്കാര്യങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഇത് വ്യക്തിപരമായ അറിവുകളോ അനുഭവങ്ങളോ അല്ല (അപ്പൊ. 10:36–39 c.f. 26:29), മറിച്ച് സാർവ്വത്രിക യാഥാർത്ഥ്യങ്ങളാണ്. കാരണം, യേശുക്രിസ്തുവിന്റെ ദൈവത്വത്തെ ഈ ദുരുപദേഷ്ടാക്കൾ നിഷേധിച്ചിട്ടില്ലെന്ന് മാത്രമല്ല, ഭൂതങ്ങൾപോലും അതെല്ലാം അംഗീകരിച്ചിരുന്നുവെന്നും തിരുവെഴുത്ത് പറയുന്നു (മർക്കൊസ് 1:24; 3:11; അപ്പൊ. 19:15).

യോഹന്നാൻ ഇവിടെ ദൈവപുത്രനെ "**യേശുക്രിസ്തു**" എന്ന പേരിൽ പറഞ്ഞിരിക്കുന്നത് ഈ പശ്ചാത്തലത്തിൽ മനഃപൂർവ്വമാണ്. കാരണം, മനുഷ്യനായ യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനു

ഷ്യത്വത്തെയും വേർപിരിക്കുവാൻ പാടില്ല; കാരണം, മനുഷ്യാവതാര ത്തിന്റെ ഏറ്റവും വലിയ മഹത്വം ദൈവത്വവും മനുഷ്യത്വവും ഐക്യ ത്തോടെ ഒരു വ്യക്തിയിൽ ആവസിക്കുന്നു എന്നതാണ്. എന്നാൽ ജ്ഞാനവാദികൾ യേശുവിനെയും ക്രിസ്തുവിനെയും വേർതിരിച്ചു.

ഇവിടെ, യേശുക്രിസ്തു **"ജഡത്തിൽ വന്നു"** എന്നതിൽ ജഡ ത്തോടൊപ്പമുള്ള **"വന്നു"** എന്ന ക്രിയ വ്യാകരണപ്രകാരം (elēlythota - extensive present) ക്രിസ്തു മനുഷ്യത്വം സ്വീകരിച്ചു വന്നതിനെ മാത്ര മല്ല, മനുഷ്യത്വത്തോടുകൂടെ തന്നെ ഇന്നും ആയിരിക്കുന്നു എന്നതി നെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത് (അപ്പൊ. 1:11; 1 തിമൊ. 2:5-6); അർത്ഥാൽ, ക്രിസ്തുവിന്റെ മനുഷ്യത്വം അവന്റെ മരണത്തോടുകൂടെ അവസാനിച്ചിട്ടില്ല; മറിച്ച് ഉയിർത്തെഴുന്നേറ്റ ശരീരത്തിൽ യേശു ക്രിസ്തു  പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി ഇന്നും നിലനി ല്ക്കുന്നു. തേജസ്കരിക്കപ്പെട്ടതെങ്കിലും അവന് ഇന്നും ഒരു ശരീരമു ണ്ട്. അങ്ങനെതന്നെ അവൻ മടങ്ങിവരികയും ചെയ്യും.

അതുപോലെ ഇവിടെ **"സ്വീകരിക്കുന്ന"** എന്നതുകൊണ്ട്, താൻ ആരാണെന്നു മനസ്സിലാക്കി വ്യക്തമായും പരസ്യമായും തുടർമാന മായും സമ്മതിക്കുന്നതിനെ അഥവാ, ഏറ്റുപറയുന്നതിനെയാണ് യോഹ ന്നാൻ ഉദ്ദേശിക്കുന്നതെന്ന് വ്യാകരണം (homologei - gnomic iterative present) ഇവിടെ സൂചിപ്പിക്കുന്നു (യോഹ. 9:22; 12:42-43; 1 യോഹ. 2:23). അതിനർത്ഥം, ഭൂതകാലത്ത് ഒരിക്കൽ ഏറ്റുപറഞ്ഞതിന്റെ അടി സ്ഥാനത്തിലല്ല, മറിച്ച് ക്രിസ്തുവിനെക്കുറിച്ച് ഇപ്പോഴുള്ള വചനനാനു സൃതമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ഒരാളുടെ ആത്മിക അവസ്ഥ അഥവാ, വിശ്വാസത്തിന്റെ നിജസ്ഥിതി നിർണ്ണയിക്കപ്പെടേ ണ്ടതെന്ന് യോഹന്നാൻ ഇവിടെ പരോക്ഷമായി പരാമർശിക്കുന്നു.

കാരണം, ക്രിസ്തീയവിശ്വാസം ആരംഭിക്കുന്നതുതന്നെ ഇതു പോലെ ക്രിസ്തുവിനെ ഏറ്റുപറയുന്നതോടുകൂടിയാണ് (റോമർ 10:9-10; 1 യോഹ. 2:23; 4:15). എന്നാൽ ദുരുപദേശത്തിന്റെ ആത്മാവ് ക്രിസ്തു വിനെ ഈ നിലയിൽ ഏറ്റുപറയുന്നില്ല. അതുകൊണ്ട് ഇതുപോലെ യേശുവിനെ സ്വീകരിക്കാത്ത **"യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല, അത് എതിർക്രിസ്തുവിന്റെ ആത്മാവുതന്നേ"** എന്ന് യോഹന്നാൻ ഉറപ്പിച്ചു പറയുന്നു (വാ. 3).

ഒരു ഉപദേഷ്ടാവ് ദൈവത്തിൽനിന്നുള്ളതോ അല്ലയോ എന്ന് തിരി

ച്ചറിയുവാനായി തിരുവെഴുത്ത് പ്രതിപാദിച്ചിട്ടുള്ള പല പരിശോധനകളിൽ ഒന്നുമാത്രമാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നത്. കാരണം, പല ദുരുപദേശപ്രസ്ഥാനങ്ങളും (യഹോവ സാക്ഷികൾ, യേശുനാമക്കാർ, മോർമോൺസ്) യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന് അംഗീകരിക്കുന്നവരാണ്. അക്കാരണത്താൽ അവരുടെ ഉപദേശങ്ങൾ തിരുവെഴുത്തിൻപ്രകാരം ശരിയാണെന്നോ അവർ ദൈവത്തിൽനിന്നുള്ളവരാണെന്നോ വരുന്നില്ല; കാരണം, മറ്റുചില പരിശോധനകളിൽ, അർത്ഥാൽ യേശുക്രിസ്തുവിന്റെ ദൈവത്വം ദൈവത്തോടുള്ള സമത്വം മരിച്ചവരിൽനിന്നും ശരീരത്തോടെയുള്ള ഉയിർപ്പ് മുതലായ പരിശോധനകളിൽ അവർ പരാജയപ്പെടുന്നതുകൊണ്ട് അങ്ങനെയുള്ള എല്ലാവരെയും ഉൾപ്പെടുത്തിയാണ് **"അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നേ"** എന്ന് യോഹന്നാൻ പറയുന്നത്.

എതിർക്രിസ്തു ഇതുവരെയും പ്രത്യക്ഷമായില്ല, എന്നാൽ എതിർക്രിസ്തുവിന്റെ ആത്മാവുള്ള ദുരുപദേഷ്ടാക്കൾ അന്നുമുതൽ ഇന്നുവരെയുണ്ട്; അവരാണ് എതിർക്രിസ്തുക്കൾ. അവരുടെ ബാഹുല്യം സൂചിപ്പിക്കുന്നത് എതിർക്രിസ്തുവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്നാണ്. എന്നാൽ ഇവിടെ എതിർക്രിസ്തുവിന്റെ ആത്മാവ് എന്നു പറയുന്നത് ഏതെങ്കിലും ഒരു ആത്മാവിനെ ഉദ്ദേശിച്ചാകണമെന്നില്ല, മറിച്ച് അതിനാൽ പ്രചരിപ്പിക്കപ്പെടുന്ന അഥവാ സ്ഥാപിക്കപ്പെടുന്ന ദുരുപദേശത്തെ, അല്ലെങ്കിൽ ഒരു ആശയത്തെ, അതുമല്ലെങ്കിൽ ഒരു പ്രസ്ഥാനത്തെ തന്നെ ആയിരിക്കാം.

**"അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ; അത് ഇപ്പോൾ തന്നെ ലോകത്തിൽ ഉണ്ട്"** എന്ന് പറഞ്ഞുകൊണ്ട് ആത്മികമണ്ഡലത്തിൽ വ്യാജാത്മാക്കളുടെ വ്യാപകമായ സാന്നിധ്യത്തെ യോഹന്നാൻ ഇവിടെ സ്ഥിരീകരിക്കുന്നതായി നാം കാണുന്നു.

അനുവാചകർ കഴിഞ്ഞകാലത്ത് അപ്പൊസ്തലന്മാരിൽനിന്ന് വാമൊഴിയായി കേട്ട കാര്യത്തെയാണ് യോഹന്നാൻ ഇവിടെ വരമൊഴിയായി സൂചിപ്പിക്കുന്നത് (തെസ്സ. 5:1–2; 2 തെസ്സ. 2:5).

എതിർക്രിസ്തുവിനെ അന്ത്യകാലത്ത് ശക്തിപ്പെടുത്തുന്ന പിശാചിന്റെ ആത്മാവ് സത്യത്തെ തിരസ്കരിക്കുവാനും ദൈവത്തിനെതിരെ മത്സരിക്കുവാനുമായി ലോകത്തെ സ്വാധീനിച്ചുകൊണ്ട് ലോകത്തിലിന്ന്

സജീവമാണ് (1 പത്രൊസ് 5:8; 2 തെസ്സ. 2:3-8). അന്ത്യകാലത്തിന്റെ അന്ത്യദിവസങ്ങൾ വന്നെത്തിയില്ലെങ്കിലും എതിർക്രിസ്തുവിന്റെ മുന്നോടികൾ ഇപ്പോൾതന്നെ ലോകത്തിലുണ്ട്. വിശ്വാസസംബന്ധ മായി വലിയ വ്യാജവും വഞ്ചനയുമാണ് അവയിപ്പോൾ ലോകത്തിൽ പ്രചരിപ്പിക്കുന്നത്.

എങ്കിലും ദൈവത്തിൽനിന്നുള്ളവൻ ക്രിസ്തുവിലൂടെ ദുഷ്ട നെയും ദുരുപദേശത്തെയും കള്ളപ്രവാചകരിലൂടെ പ്രവൃത്തിക്കുന്ന വ്യാജാത്മാക്കളെയും അവരുടെ ലോകത്തെയും ജയിച്ചവരാണ് (1 യോഹ. 2:13; 4:4; 5:4) അതുകൊണ്ടാണ്,

**"കുഞ്ഞുങ്ങളേ നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമിരിക്കുന്നു; നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ള വനെക്കാൾ വലിയവനല്ലോ"** (വാ. 4) എന്ന് പറയുന്നത്.

നൂറ്റാണ്ടുകളായി, കള്ളപ്രവാചകരായ ഈ ദുരുപദേഷ്ടാക്കൾ കപടഭക്തിയും കപടജീവിതവും ഉള്ളവരായി, സംതൃപ്തിക്കുള്ള പുതിയ സമവാക്യങ്ങളുമായി ജനകോടികളെ വഞ്ചിച്ചുവരികയാണ്. അതുനിമിത്തം അനേകർ അവരുടെ ചതിയിൽ അകപ്പെട്ടുപോകുന്നു. എന്നാൽ യഥാർത്ഥവിശ്വാസികൾ ഈ ദുർശക്തികളെയും അവരുടെ തന്ത്രങ്ങളെയും അവരുടെ ആത്മാക്കളെയും ജയിച്ചവരാകുന്നു (2:13-14; യോഹ. 16:33). എന്നാൽ അനുവാചകർ അവരെ ജയിച്ചതിന് കാരണം അവർ കള്ളപ്രവാചകരെക്കാൾ കൂടുതൽ ബുദ്ധിയും ശക്തിയും കഴിവും ഉള്ളവരായതുകൊണ്ടല്ല, മറിച്ച് **"നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയനല്ലോ"** എന്ന കാരണത്താലാണ്.

ഇവിടെ **"നിങ്ങളിലുള്ളവൻ"** എന്നതുകൊണ്ട് ദൈവം (3:20; 4:12-13; യോഹ. 14:23; 2 കൊരി. 6:16), ദൈവപുത്രൻ (2:14; 3:24; മത്തായി 28:20; യോഹ. 14:20,23; 17:23,26; കൊലൊ. 1:27), ദൈവാത്മാവ് (2:20,27; 4:13; യോഹ. 14:16-17; 16:13-15; റോമർ 8:15,16; 1 കൊരി. 2:12) മുതലായ ആളത്വങ്ങൾ അടങ്ങിയ ദൈവിക ത്രിത്വത്തെ സൂചിപ്പിക്കുമ്പോൾ, **"ലോകത്തിൽ ഉള്ള"** വനെക്കാൾ എന്നത് ലോകത്തിൽ വ്യാപരി ക്കുന്ന പിശാചിനെയും എതിർക്രിസ്തുക്കളെയും വഞ്ചനയുടെയും ഭോഷ്ക്കിന്റെയും ആത്മാവായ അശുദ്ധിയുടെ ആത്മാവിനെയുമാണ് യോഹന്നാൻ സൂചിപ്പിക്കുന്നത് (2:13-14; 3:12; 5:18-19; യോഹ. 14:30;

16:11; 2 കൊരി. 4:4). എന്നാൽ രണ്ട് നപുംസക നാമങ്ങൾക്കുപകര മായി ഇവിടെ രണ്ട് പുല്ലിംഗനാമങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത് ("**ഉള്ളവൻ**"). അതിനർത്ഥം, ഇവിടെ താരതമ്യം രണ്ട് ശക്തികൾ തമ്മിലല്ല, മറിച്ച് രണ്ട് വ്യക്തികൾ തമ്മിലാകുന്നു എന്നതാണ്. എന്നാൽ പരിശുദ്ധാത്മാവിനെ പുല്ലിംഗനാമത്തിൽ യോഹന്നാൻ ഇത രഭാഗങ്ങളിൽ (യോഹ. 14:26; 15:26) അതരിപ്പിച്ചിട്ടുള്ളത് ഇവിടെ വിസ ്മരിക്കുന്നില്ല.

മനുഷ്യാത്മാക്കളെ സ്വന്തമാക്കുന്നതിനോടുള്ള ബന്ധത്തിൽ ശക്തിയുള്ള ഈ രണ്ടു വ്യക്തികൾ തമ്മിൽ ഇന്നും പോരാട്ടത്തി ലാണ്; വഞ്ചനയുടെ ആത്മാവായ പിശാച് ഇന്നും ദൈവത്തോട് മത്സ രിച്ചുകൊണ്ടിരിക്കുന്നു; എങ്കിലും അവൻ പരാജയപ്പെട്ട ശത്രുവാണ്. വിശ്വാസികൾ ക്രിസ്തുവിലൂടെ അവനെ ജയിച്ചിരിക്കുന്നു (1 യോഹ. 2:14).

ദുരുപദേഷ്ടാക്കൾ ദൈവത്തിൽനിന്നുള്ളവരല്ലായെന്നതിന് തെളി വായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം സ്വീകരി ക്കാതിരിക്കുകയും വിശ്വാസസമൂഹത്തെ വിട്ടുപോകുകയും ചെയ്യു മ്പോൾ, ദൈവത്തിൽനിന്നും ജനിച്ചവർ ദൈവത്തിൽനിന്നുള്ളവരാകു ന്നുവെന്നതിന്റെ തെളിവായി യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം സ്വീകരിക്കുകയും വിശ്വാസസമൂഹത്തിൽ നിലനില്ക്കുകയും ദുരുപദേഷ്ടാക്കളെ ജയിക്കുകയും ചെയ്തിരിക്കുന്നു (1 യോഹ. 2:12-14). അതുകൊണ്ട്, ഇവിടെ "**നിങ്ങൾ**" എന്നത് അനുവാചകരെയും "**അവരെ**" എന്നത് ദുരുപദേഷ്ടാക്കളെയും "**ഞങ്ങളുടെ**" എന്നത് അപ്പൊസ്തലന്മാരെയും സൂചിപ്പിക്കുന്നതാകുന്നു.

ദൈവത്തിന്റെ പരമാധികാരവും ശക്തിയും സാത്താനെ തോല്പി ച്ചതിലൂടെ വെളിപ്പെട്ടതാണ്. അവൻ ഇന്ന് പരാജയപ്പെട്ട ശത്രുവാണ്. ലോകമനുഷ്യരെ മാത്രമേ സ്വാധീനിച്ച് കീഴ്പ്പെടുത്തുവാൻ അവനി പ്പോൾ കഴിയുകയുള്ളൂ. എന്നാൽ ദൈവം വിശ്വാസികളിൽ വസിക്കു കയും സാത്താന്റെമേൽ വിജയിച്ച് ജീവിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. കാരണം, ദൈവമക്കളിൽ വസിക്കുന്നവൻ ലോകത്തിൽ വസിക്കുന്നവനെക്കാൾ എല്ലാ നിലയിലും ശക്തനാണെന്ന് (കൊലൊ. 2:15; എബ്രാ. 2:14) യോഹന്നാൻ ശക്തിയുക്തം പറയുന്നു.

വിശ്വാസികൾ ദൈവത്തിൽനിന്നുള്ളവരാകുമ്പോൾ ദുരുപദേഷ്ടാ

ക്കൾ ലോകത്തിൽനിന്നുള്ളവരാകുന്നു, ദൈവം വിശ്വാസിയിലായിരിക്കുമ്പോൾ പിശാച് ലോകത്തിലായിരിക്കുന്നു. വിശ്വാസിയിൽ ദൈവം പ്രവൃത്തിക്കുമ്പോൾ ദുഷ്ടൻ ലോകത്തിലൂടെയും ലോകമക്കളിലൂടെയും പ്രവൃത്തിക്കുന്നു. വിശ്വാസികൾ പിശാചിനാൽ ചിലപ്പോൾ സ്വാധീനിക്കപ്പെടുമെങ്കിലും അവരാരും അവനാൽ നിയന്ത്രിക്കപ്പെടുന്നില്ല.

തുടർന്ന്, "**അവർ ലൗകികന്മാർ ആകയാൽ ലൗകികമായത് സംസാരിക്കുന്നു**" (വാ. 5) എന്നതുകൊണ്ട്, ദുരുപദേഷ്ടാക്കളുടെ ആശയവും ശൈലിയും ദൈവത്തിനും ദൈവപുത്രനായ ക്രിസ്തുവിനും എതിരായ ഒരു ലോകവ്യവസ്ഥിതിയിൽനിന്നും ഉത്ഭവിക്കുന്നതായതുകൊണ്ട്, ലോകത്തിന്റെ കാഴ്ചപ്പാടിനനുസരിച്ചും ലോകത്തിന്റെ ഭാഷയിലുമാണ് അവർ എപ്പോഴും സംസാരിക്കുന്നതെന്നും അത് അവരുടെ സ്വഭാവം ആണെന്നും വ്യാകരണം (lalousin - customary present) ഇവിടെ സൂചിപ്പിക്കുന്നു. ലോകവ്യവസ്ഥിതിയിൽ ജീവിക്കുന്നവർക്ക് അവരുടെ വാക്കുകൾ കൂടുതൽ സ്വീകാര്യമായി തോന്നുന്നു (c.f. സങ്കീ. 49:11–13); അതിന്റെ ഫലമായി എപ്പോഴും "**ലോകം അവരുടെ വാക്കു കേൾക്കുന്നു**" എന്നും വ്യാകരണം (akouei - customary present) ഇവിടെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ലോകത്തിന്റെ കാഴ്ചപ്പാടിനനുസരിച്ചും താല്പര്യത്തിനനുസരിച്ചും അവർ സംസാരിക്കുന്നതുകൊണ്ട് അവർക്ക് ലോകത്തിന്റെ കേൾവിക്കാരെ ലഭിക്കുന്നു. ലോകത്തിന്റെ ഉപദേശം ആകർഷണനീയമായതിനാൽ ലോകത്തിലെ വ്യാജപ്രസ്ഥാനങ്ങൾക്ക് അനേകരെ അണികളായി ലഭിക്കുന്നു.

ഉദാഹരണമായി, പരിണാമസിദ്ധാന്തം ശാസ്ത്രീയമായി തെളിയിക്കപ്പെട്ട വസ്തുതകൾക്ക് വിരുദ്ധമായ ഒരു സിദ്ധാന്തമാണെന്ന് അറിഞ്ഞിട്ടും ചോദ്യം ചെയ്യാതെ അനേകർ അത് അംഗീകരിക്കുകയും എന്നാൽ ബൈബിളിലെ സൃഷ്ടിവിവരം തെളിയിക്കപ്പെട്ട യാതൊരു ശാസ്ത്രത്തിനും വിരുദ്ധമല്ലാതിരുന്നിട്ടും ധാരാളം പേർ അതിനെ ചോദ്യം ചെയ്യുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നു. ശാസ്ത്രലോകത്തിലെ പണ്ഡിതർ എന്ന് അവകാശപ്പെടുകയും അറിയപ്പെടുകയും ചെയ്യുന്ന അനേകരുടെ ഈ ഇരട്ടതാപ്പ് ഇതിൽതന്നെ വ്യക്തമാണ്.

എന്നാൽ ഇവിടെ "**ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു**" എന്നതിലെ "**ഞങ്ങൾ**" പ്രഥമമായി അപ്പൊസ്തലന്മാരെ

സൂചിപ്പിക്കുന്നതാകുന്നു; കാരണം, ഇവിടെ താരതമ്യം അപ്പൊസ്തലന്മാരും ദുരുപദേഷ്ടാക്കളും തമ്മിലാണ്. എന്നാൽ രണ്ടാം സ്ഥാനത്ത് **"ഞങ്ങൾ"** യഥാർത്ഥ വിശ്വാസികളെയും ക്രിസ്തീയസമൂഹത്തെയും സൂചിപ്പിക്കുന്നതാകുന്നു.

കർത്താവ് ലോകത്തിൽ നിന്നുള്ളവനല്ലാത്തവനായിരിക്കുന്നതു പോലെ (യോഹ. 8:23) അവന്റെ ശിഷ്യന്മാർ, ഇപ്പോൾ ലോകത്തിൽ ഇരിക്കുന്നുവെങ്കിലും ലോകത്തിൽനിന്നുള്ളവരല്ല (യോഹ. 15:19; 17:6. 14-17). യേശു ദൈവത്തിൽനിന്നുള്ളവനാണെന്ന് അവകാശപ്പെട്ടപ്പോൾ (appo theou - from among യെശ. 3:2; 13:3; 16:30) യോഹന്നാനും അനുവാചകരും ദൈവത്തിനുള്ളവർ ആകുന്നുവെന്നാണ് അവകാശപ്പെട്ടത് (ek theou - out of 1 യോഹ. 4:4,6).

**2. അപ്പൊസ്തലികവചനം കേൾക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽനിന്നുള്ളതാകുന്നു (വാ. 6)**

അതുകൊണ്ടാണ് **"ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നു"** എന്ന് പറയുന്നത്.

ദൈവികപരിജ്ഞാനമുള്ള വിശ്വാസികളെല്ലാം എപ്പോഴും യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പൊസ്തലിക വചനം കേൾക്കുന്നവരും അതിൽ തുടരുന്നവരുമാണെന്ന് വ്യാകരണം (akouei - gnomic present) ഇവിടെ സൂചിപ്പിക്കുന്നു. യഥാർത്ഥ ഉപദേഷ്ടാവ് ശരിയായ ഉപദേശം പ്രസ്താവിക്കുകയും യഥാർത്ഥവിശ്വാസി ശരിയായ ഉപദേശം തിരിച്ചറിയുകയും ചെയ്യുന്നു. ദൈവത്തെ അറിയുന്നവർക്കും ദൈവത്തിൽ നിന്നുള്ളവർക്കും അപ്പൊസ്തലന്മാരിലൂടെ ലഭിക്കുന്ന വചനമാണ് പ്രിയങ്കരം.

ഇവിടെ **"ദൈവത്തെ അറിയുന്നവൻ"** അഥവാ, ദൈവത്തിൽ നിന്നുള്ളവൻ എന്നത് കർത്താവിന്റെ മൊഴിയുമായി ബന്ധപ്പെട്ടിരിക്കുന്നു (യോഹ. 8:47; 18:37).

അപ്പൊസ്തലിക ഉപദേശത്തോടുള്ള പ്രതികരണത്തിൽ നിന്നാണ് ഒരാൾ ദൈവത്തെ അറിയുന്നുവോ ഇല്ലയോ എന്ന് തിരിച്ചറിയുന്നത്. ദൈവത്തെ അറിയുക എന്നതിലൂടെ ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്; ദൈവത്തിന് അവകാശപ്പെട്ടതായിരിക്കുക എന്നാണ് അതിനർത്ഥം. ഈ അറിവ് അനുസരണത്തിലൂ

ടെയാണ് വെളിപ്പെടുത്തേണ്ടത് (2:3–6 c.f. 2 തെസ്സ. 1:7,10). ഇവിടെ വ്യാകരണപ്രകാരം (ginōskōn - gnomic present) അനുഭവജ്ഞാനത്തിലൂടെ ദൈവത്തെ എപ്പോഴും അറിയുന്ന ഏതൊരുവനും ദൈവത്തിന്റെ അപ്പൊസ്തലന്മാരിൽനിന്നുള്ള ദൈവവചനവും എപ്പോഴും കേൾക്കുന്നു (akouei - gnomic present). ഇവിടെ **"കേൾക്കുന്നു"** എന്നത് വിശ്വസിക്കുന്നു അഥവാ അനുസരിക്കുന്നു എന്നതിന്റെ പര്യായമാണ്.

എന്നാൽ, **"ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നില്ല"** എന്നതിലൂടെ അപ്പൊസ്തലിക ഉപദേശം കേൾക്കുവാൻ മനസ്സില്ലാത്തവൻ ദൈവത്തിൽനിന്നുള്ളവരല്ലായെന്ന് തെളിയുന്നു.

സുവിശേഷത്തിൽ ഇതിന് സമാന്തരമായി, സത്യം പ്രവൃത്തിക്കുന്നവൻ യേശുക്രിസ്തുവിനോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ട് വെളിച്ചത്തിലേക്ക് വരുന്നു എന്നും എന്നാൽ തിന്മ പ്രവൃത്തിക്കുന്നവൻ തന്റെ പ്രവൃത്തിക്ക് ആക്ഷേപം വരാതിരിക്കുവാൻ വെളിച്ചത്തിലേക്ക് വരുന്നതുമില്ല എന്നും കാണുന്നു (യോഹ. 3:18–21 c.f. 15:20–21).

പഴയനിയമ കാലഘട്ടത്തിലും യിസ്രായേൽ മക്കളുടെ ഇടയിൽ ഈ നിലയിലുള്ള രണ്ടുതരം പ്രവാചകരും അവരെ ശ്രദ്ധിക്കുന്ന രണ്ടുതരം ശ്രോതാക്കളും ഉണ്ടായിരുന്നു. 1 രാജാ. 18 ൽ ദൈവത്തിന്റെ പ്രവാചകനായി ഏലീയാവ് ഉള്ളപ്പോൾ അതിനെതിരായി ബാലിന്റെ 450 പ്രവാചകർ, 1 രാജാ. 22 ൽ ദൈവത്തിന്റെ പ്രവാചകനായി മീഖായാവ് ഉള്ളപ്പോൾ അതിനെതിരായി 400 അശേര പ്രവാചകർ, യിരെ. 28 ൽ ദൈവത്തിന്റെ പ്രവാചകനായി യിരെമ്യാവ് നില്ക്കുമ്പോൾ അവനെതിരായി കള്ളപ്രവാചകനായ ഹനന്യാവ് നില്ക്കുന്നു (c.f. 2 പത്രൊസ് 2:11).

ചിലപ്പോൾ യഥാർത്ഥവിശ്വാസികൾതന്നെ വചനത്തോട് താല്ക്കാലികമായ നിലയിൽ അനുസരണക്കേടു കാണിക്കാറുണ്ടെങ്കിലും അങ്ങനെ ചെയ്യുന്നത് അവർക്ക് വചനം അനുസരിക്കുവാൻ ആഗ്രഹമില്ലാത്തതുകൊണ്ടല്ല, മറിച്ച് ജഡത്തിന്റെ ബലഹീനത നിമിത്തവും ലോകത്തിന്റെ പ്രതിരോധം നിമിത്തവും ആഗ്രഹിക്കുന്നതുപോലെ അനുസരണത്തിൽ തുടരുവാനും തികഞ്ഞവരാകുവാനും കഴിയാത്തതുകൊണ്ടാണ് (റോമർ 7:14–21). എങ്കിലും ആത്യന്തികമായി അവർ അപ്പൊസ്തലിക ഉപദേശം കേൾക്കാതിരിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നില്ല. അതുപോലെതന്നെ, അവർ അപ്പൊസ്തലിക കൂട്ടായ്മ വിട്ടുപോകുന്നുമില്ല (c.f. 2:19).

ഇങ്ങനെ **"സത്യത്തിന്റെ ആത്മാവ് ഏത് എന്നും വഞ്ചന യുടെ ആത്മാവ് ഏത് എന്നും നമുക്ക് ഇതിനാൽ അറിയാം"** എന്ന് യോഹന്നാൻ തുടർന്ന് പറയുന്നു. അർത്ഥാൽ, അപ്പൊസ്തലിക ഉപദേശത്തോടുള്ള മനുഷ്യരുടെ പ്രതികരണത്തിൽനിന്നും ഓരോ വ്യക്തിയും ഏത് ആത്മാവിനാൽ സ്വാധീനിക്കപ്പെട്ടിരിക്കുന്നുവെന്ന് നമുക്ക് അറിയുവാൻ കഴിയും. ഇവിടെ **"സത്യത്തിന്റെ ആത്മാവ്"** എന്നതുകൊണ്ട് ദൈവത്തിന്റെ ആത്മാവിനെയും (യോഹ. 14:17; 15:26; 16:13 c.f. 14:26; 16:7-8) **"വഞ്ചനയുടെ ആത്മാവ്"** എന്നതുകൊണ്ട് എതിർക്രിസ്തുവിന്റെ ആത്മാവിനെയുമാണ് (1 യോഹ. 4:1; 2:26; 3:7; മർക്കൊസ് 13:5-6; മത്തായി 24:22; 2 യോഹ. 7; വെളി. 12:9; 20:11) അപ്പൊസ്തലൻ സൂചിപ്പിക്കുന്നത്.

യഥാർത്ഥവിശ്വാസത്തിന്റെ അടിസ്ഥാന മാനദണ്ഡം ഇവിടെ ജഡ ത്തിൽ വന്ന യേശുവിനെ ക്രിസ്തു എന്ന് ഏറ്റുപറകയും യേശുക്രിസ്തു വിനെക്കുറിച്ചുള്ള ദൈവിക ഉപദേശം സ്വീകരിക്കുകയും ചെയ്യുക എന്ന താണ് (4:2,3 c.f. 3:23). സത്യത്തിന്റെ ആത്മാവിനെ വ്യാജാത്മാക്ക ളിൽനിന്നും വ്യത്യസ്തമാക്കുന്ന പ്രധാന വ്യത്യാസം അതാകുന്നു. അതുകൊണ്ട് ആരെ കേൾക്കുന്നു; എന്തു വിശ്വസിക്കുന്നു; എന്ത് ഏറ്റു പറയുന്നു എന്നിങ്ങനെയുള്ള കേൾവിക്കാരുടെ സ്വഭാവത്തിന്റെ അടി സ്ഥാനത്തിൽ (4:6b) സത്യത്തിന്റെ ആത്മാവിനെയും വഞ്ചനയുടെ ആത്മാവിനെയും തിരിച്ചറിയാം. എന്നാൽ ആത്മാക്കളുടെ വിവേചനം അപ്പൊസ്തലന്മാർക്കും അപ്പൊസ്തലിക കാലഘട്ടത്തിനും മാത്രമായി പരിമിതപ്പെട്ടിരിക്കുന്നില്ല. മറിച്ച്, അഭിഷേകം പ്രാപിച്ചവർക്കെല്ലാം എപ്പോഴും ആത്മാക്കളെ വിവേചിക്കുവാനും സാധിക്കും. അതുകൊ ണ്ടാണ് **"നമുക്ക് ഇതിനാൽ അറിയാം"** എന്ന് യോഹന്നാൻ ഉറപ്പ് പറയുന്നത്. വ്യാകരണപ്രകാരം (ginōskomen - customary present) **"അറിയാം"** എന്നത് ഇവിടെ ഒരു സാധാരണ ജീവിതരീതിയെ സൂചി പ്പിക്കുന്നു.

യഥാർത്ഥവിശ്വാസികൾ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പൊ സ്തലിക ഉപദേശം തുടർമാനമായി കേൾക്കുകയും തിരിച്ചറിയുകയും ശരിയായി അതിനോടു പ്രതികരിക്കുകയും ചെയ്യുന്നു. എന്നാൽ എല്ലാ പ്രസംഗികളും ദൈവം അയച്ച പ്രസംഗികൾ അല്ല; എല്ലാ പ്രസംഗവും ദൈവത്തിന്റെ അംഗീകാരമുള്ള പ്രസംഗവുമല്ല; ദൈവത്തിന്റെ പേരിലും

ദൈവവചനമെന്ന നിലയിലും ദൈവദാസന്മാർ എന്ന് അറിയപ്പെടുന്ന വരിലൂടെ നടക്കുന്ന പ്രസംഗങ്ങൾക്ക് പിന്നിലുള്ള ആത്മാവിനെ തിരി ച്ചറിയുവാൻ ദൈവമക്കൾ രണ്ടു നിലയിലും (subjective and objective) പ്രാപ്തരാണ്. കാരണം സകലസത്യത്തിലും വഴിനടത്തുന്ന ദൈവ ത്തിന്റെ ആത്മാവ് അടങ്ങിയ അഭിഷേകം അവർ പ്രാപിച്ചിരിക്കുന്നു (1 യോഹ. 2:20,27).

എന്നാൽ ആത്മാക്കളെ തിരിച്ചറിയുവാൻ ഈ നിലയിലുള്ള അഭി ഷേകം ലഭ്യമല്ലാതിരുന്ന പഴയനിയമകാലഘട്ടത്തിൽ, ദൈവത്തിന്റെ പ്രവാചകരെയും കള്ളപ്രവാചകരെയും തിരിച്ചറിയുന്നതിനായി ഒരു മാർഗ്ഗനിർദ്ദേശം മോശെ യിസ്രായേൽമക്കൾക്ക് നല്കിയിട്ടുണ്ട്. അതു കൊണ്ടാണ്, യഹോവയുടെ നാമത്തിൽ ഭോഷ്ക്ക് പറയുന്നവരിൽ നിന്നും (1 രാജാ. 13:11,18 c.f. യിരെ. 28:15). ബാലിന്റെ നാമത്തിൽ വ്യാജം പ്രവചിക്കുന്നവരിൽനിന്നും (യിരെ. 23:13) വ്യത്യസ്തമായി, യഹോവ എഴുന്നേല്പിക്കുന്ന പ്രവാചകൻ (ആവ. 18:20-22) യഹോവയുടെ നാമ ത്തിൽ സംസാരിക്കണമെന്നും അങ്ങനെ സംസാരിക്കുന്ന കാര്യം യഹോവ മുമ്പ് വെളിപ്പെടുത്തിയ ന്യായപ്രമാണവുമായി ഒത്തുചേര ണമെന്നും (യിരെ. 23:16-17 c.f. ആവ. 13:2-3) അങ്ങനെ മുൻകൂട്ടി പറ യുന്ന കാര്യം അഥവാ അടയാളം അക്ഷരീകമായി സംഭവിക്കണമെന്നും (യിരെ. 28:9; 1 രാജാ. 22:28) പറഞ്ഞിട്ടുള്ളത്. എന്നാൽ മുൻകൂട്ടി പറ ഞ്ഞകാര്യം (അടയാളം) സംഭവിച്ചാലും ഇല്ലെങ്കിലും പ്രവചിക്കുന്നത് യഹോവ മുമ്പ് നല്കിയ പ്രമാണത്തിന് വിരുദ്ധമായിരുന്നാൽ ആ പ്രവ ചനവും അടയാളവും വിശ്വസിക്കരുതെന്നും യഹോവ യിസ്രായേൽ മക്കൾക്ക് മുന്നറിയിപ്പു നല്കിയിരുന്നു (ആവ. 13:1-5).

അതുകൊണ്ട് യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക ഉപദേശം അപ്പൊസ്തലന്മാരിൽനിന്നും സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ദൈവത്തിൽനിന്നുള്ളവരെ തിരിച്ചറിയാമെന്നും അങ്ങനെയുള്ളവർക്ക് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവർ ആകാമെന്നും യോഹന്നാൻ ഈ ഭാഗത്ത് പറയുന്നു.

***

# VIII

# ദൈവിക സ്നേഹത്തിൽ വിജയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 4:7–5:5)

"പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്കുക; സ്നേഹം ദൈവത്തിൽനിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു, ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായ ശ്ചിത്തം ആകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് അവൻ തന്റെ ആത്മാവിനെ തന്ന തിനാൽ നാം അറിയുന്നു. പിതാവു പുത്രനെ ലോകരക്ഷിതാ വായി അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറ യുന്നു. യേശു ദൈവപുത്രൻ എന്നു സ്വീകരിക്കുന്നവനിൽ ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു. ഇങ്ങനെ ദൈവ ത്തിനു നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചു മിരിക്കുന്നു. ദൈവം സ്നേഹം തന്നെ; സ്നേഹത്തിൽ വസി ക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസി

ക്കുന്നു. ന്യായവിധി ദിവസത്തിൽ നമുക്കു ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഇതിനാൽ സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നു. അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു. സ്നേഹത്തിൽ ഭയമില്ല; ഭയത്തിനു ദണ്ഡനം ഉള്ളതിനാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികഞ്ഞവനല്ല. അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കുന്നു. ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു. താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവനു കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നീ കല്പന നമുക്ക് അവനിൽനിന്നു ലഭിച്ചിരിക്കുന്നു. യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ അനുസരിച്ചു നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം. അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം; അവന്റെ കല്പനകൾ ഭാരമുള്ളവയല്ല. ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?''

പുതിയനിയമം സഹോദരസ്നേഹത്തെക്കുറിച്ചും അതോടു ബന്ധപ്പെട്ട ഉറ്റ സ്നേഹത്തെക്കുറിച്ചും നിർവ്യാജസ്നേഹത്തെക്കുറിച്ചും ധാരാളം പരാമർശിക്കുന്നുവെങ്കിലും ഇവിടെ അതിന്റെയെല്ലാം തലക്കുറിയായുള്ള ദൈവികസ്നേഹമാണ് പ്രതിപാദ്യവിഷയം. ദൈവികസ്നേഹം വികാരപരമായ ഒരു തോന്നൽ അല്ല, നിഗൂഢമായ ഒരു അനുഭവവുമല്ല, മറിച്ച് പ്രതിബദ്ധതയുള്ള ഒരു പ്രവൃത്തിയാണ്. പ്രസ്തുത സ്നേഹത്തെ പരാമർശിക്കുന്ന സുദീർഘമായ വേദഭാഗങ്ങൾ ഈ ലേഖനത്തിൽ നാം കാണുന്നുണ്ട്.

ദൈവികസ്നേഹത്തെക്കുറിച്ചുള്ള ആദ്യപരാമർശം രണ്ടാം

അദ്ധ്യായത്തിൽ (2:7-11) ദൈവികകല്പന പ്രമാണിക്കുന്നതിനോട് ബന്ധപ്പെട്ടും രണ്ടാമത്തെ പരാമർശം മൂന്നാം അദ്ധ്യായത്തിൽ (3:11-24) ദൈവികസ്നേഹം വെളിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും മൂന്നാമത്തെ പരാമർശം നാലാം അദ്ധ്യായത്തിൽ (4:7-5:5) ദൈവികസ്നേഹത്തിൽ വിജയിക്കുന്നതിനോട് ബന്ധപ്പെട്ടും നാം കാണുന്നു.

സഹവിശ്വാസികളോടു നമുക്കുള്ള ബന്ധത്തിന്റെ അടയാളമാണ് സ്നേഹമെന്ന് ആദ്യഭാഗം പറയുമ്പോൾ, ദൈവഭവനത്തോട് നമുക്കുള്ള ബന്ധത്തിന്റെ അടയാളമാണ് സ്നേഹമെന്ന് രണ്ടാം ഭാഗം പറയുന്നു. എന്നാൽ മൂന്നാംഭാഗത്ത് നമുക്ക് ദൈവവുമായുള്ള ബന്ധത്തിന്റെ അടയാളമാണ് സ്നേഹമെന്നും പറയുന്നു.

എന്നാൽ ഇക്കാര്യംതന്നെ ആരോഹണക്രമത്തിൽ പറഞ്ഞാൽ, സ്നേഹത്തെക്കുറിച്ചുള്ള പരാമർശം ഒന്നാമത്തെ ഭാഗത്ത് ചില വാക്യങ്ങളിൽ മാത്രം കാണുമ്പോൾ, രണ്ടാമത്തെ ഭാഗത്ത് കൂടുതൽ വാക്യങ്ങളിൽ കാണുന്നു. എന്നാൽ മൂന്നാമത്തെ ഭാഗത്ത് ഏറ്റവും കൂടുതൽ വാക്യങ്ങളിൽ കാണുന്നു.

ദൈവികസ്നേഹത്തിൽ വിജയിക്കുന്നതിനോടുള്ള ബന്ധത്തിൽ യോഹന്നാൻ ഇവിടെ പറയുന്ന ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ പരിശോധനകളിൽ ചിലത് വിശ്വാസത്തോടു ബന്ധപ്പെട്ടുള്ളതും വേറെ ചിലത് ജീവിതത്തോടു ബന്ധപ്പെട്ടുള്ളതുമാകുന്നു. അതോടുള്ള ബന്ധത്തിൽ ദൈവികസ്നേഹത്തിന്റെ പ്രബോധനം, പ്രത്യക്ഷത, പ്രത്യേകത, പ്രവൃത്തി മുതലായ കാര്യങ്ങളാണ് ഈ ഭാഗത്ത് യോഹന്നാൻ വിശദീകരിക്കുന്നത്.

## A. ദൈവിക സ്നേഹത്തിന്റെ പ്രബോധനം (4:7-11)

1 യോഹ. 4:7-5:5 വാക്യങ്ങളിലെ മുഖ്യ പ്രതിപാദ്യവിഷയം വിശ്വാസികൾ അന്യോന്യം സ്നേഹിക്കുവാനുള്ള ഒരു പ്രബോധനമല്ല, മറിച്ച് സ്നേഹമായ ദൈവത്തിൽനിന്നും ജനിച്ചിരിക്കകൊണ്ട് വിശ്വാസികൾ സ്നേഹിക്കുന്ന സ്വഭാവമുള്ളവരാകുന്നുവെന്ന പ്രഖ്യാപനമാണ്. എങ്കിലും ഇവിടെയിത് (4:7) ഒരു പ്രഖ്യാപനമല്ല, മറിച്ച് ദൈവികസ്നേഹത്തിൽ അന്യോന്യം സ്നേഹിക്കുവാൻ കല്പനാരൂപത്തിലുള്ള ഒരു പ്രബോധനമാണ്. കാരണം, ഇവിടെ **"നാം അന്യോന്യം സ്നേഹിക്ക"** എന്നത് വ്യാകരണപ്രകാരം (agapōmen - hortatory subjunctive and cus-

tomary present) അന്യോന്യം സ്നേഹിക്കുന്ന സ്വഭാവത്തെയും അതിനായുള്ള പ്രബോധനത്തെയും സൂചിപ്പിക്കുന്നു (c.f. 3:11) മാത്രമല്ല, മറ്റുള്ളവരുടെ ക്ഷേമത്തിനുവേണ്ടി തുടർമാനമായി എരിവുള്ള ഒരു ജീവിതശൈലിയെയും ഇതു സൂചിപ്പിക്കുന്നു. അന്യോന്യം സ്നേഹിക്കുവാനുള്ള പ്രബോധനം ഈ വേദഭാഗത്ത് മൂന്ന് സ്ഥലങ്ങളിൽ കാണുന്നതുകൊണ്ട് (4:7,11,12) ഈ കല്പനയുടെ ഇവിടെയുള്ള പ്രാധാന്യം അറിയുന്നതിന് ഈ വേദഭാഗത്തിന്റെ പശ്ചാത്തലം പരിശോധിക്കണം.

4:1–6 വരെ വാക്യങ്ങളിൽ ആത്മാക്കളെ ശോധന ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു മുന്നറിയിപ്പ് ഉള്ളതിനാൽ, വിശ്വാസികൾ തമ്മിൽ കൂടുതൽ അനൈക്യത്തിലേക്കും അകൽച്ചയിലേക്കും പകയിലേക്കും കടക്കുവാൻ ഇടയുള്ളതിനാലാണ് ഇവിടെ ഈ പ്രബോധനം ആജ്ഞാരൂപത്തിൽ നല്കുന്നത് (2 കൊരി. 2:6–11; ഗലാ. 6:1; യൂദ 22). അതുകൊണ്ട് മനുഷ്യവർഗ്ഗത്തോടുള്ള പൊതുവായ സ്നേഹമല്ല, മറിച്ച് സഹവിശ്വാസികളോടുള്ള പ്രത്യേക സ്നേഹമാണ്. അർത്ഥാൽ, വിശ്വാസികൾ അന്യോന്യം സ്നേഹിക്കേണ്ടതിന്റെ കാരണങ്ങളാണ് ലേഖകൻ തുടർന്ന് ഊന്നിപറയുന്നത്.

1. സ്നേഹത്തിന്റെ ഉറവിടം (4:7a)

വിശ്വാസികൾ തമ്മിൽ ദൈവികസ്നേഹം വെളിപ്പെടുത്തേണ്ടതിന്റെ ഒന്നാമത്തെ കാരണം സ്നേഹത്തിന്റെ ഉറവിടമാണ്. **“സ്നേഹം ദൈവത്തിൽനിന്ന് വരുന്നു.”** അത് ദൈവത്തിന്റെ സ്വഭാവത്തിൽ അടിസ്ഥാനപ്പെട്ടുള്ളതാണ്. എല്ലാ നല്ല ദാനങ്ങളും ദൈവത്തിൽനിന്നും വരുന്നതുപോലെ സ്നേഹവും ദൈവത്തിൽനിന്നു വരുന്നു (യാക്കോബ് 1:17 c.f. യോഹ. 8:42; 1 കൊരി. 2:12).

ഇവിടെ സ്നേഹത്തിനുമുമ്പ് വിശേഷണഭേദകം (the) ചേർത്തിരിക്കുന്നതുകൊണ്ട് ഇതൊരു പൊതുവായ സാധാരണസ്നേഹമല്ല. മറിച്ച് പ്രത്യേകമായ സ്നേഹമാണ്. അർത്ഥാൽ, ദൈവത്തിൽനിന്നും ദൈവത്തിന്റെ ആളത്വത്തിൽനിന്നും ദൈവത്തിന്റെ മൂല്യത്തിൽനിന്നും ഉത്ഭവിച്ചതും യേശുക്രിസ്തുവിലെ വിശ്വാസത്താൽ വീണ്ടും ജനിച്ചവർക്ക് മാത്രം ലഭ്യമായതുമായ ദൈവികസ്നേഹമാണിത്. അക്കാരണത്താൽ തന്നെ, ഈ സ്നേഹം മനുഷ്യവികാരത്തിൽനിന്നോ മാനവീയകതയിൽനിന്നോ നിന്നോ ഉത്ഭവിക്കുന്നതല്ല. മാത്രമല്ല, ഇതു ചുങ്കക്കാരുടെ

സ്നേഹത്തിൽനിന്നും (മത്തായി 5:46) ജാതികളുടെ സ്നേഹ ത്തിൽനിന്നും (മത്തായി 5:47) ലോകം തനിക്ക് സ്വന്തമായതിനോടു കാണിക്കുന്ന സ്നേഹത്തിൽനിന്നും (യോഹ. 15:19) വ്യത്യസ്തവുമാണ്. കാരണം, അതെല്ലാം ഉപാധികളുടെയും വ്യവസ്ഥകളുടെയും കടപ്പാടിന്റെയും അടിസ്ഥാനത്തിലുള്ള സ്നേഹമാണ്.

### 2. സ്നേഹിക്കുന്നവന്റെ ഉത്ഭവം (4:7b)

വിശ്വാസികൾ അന്യോന്യം ദൈവികസ്നേഹം വെളിപ്പെടുത്തേണ്ടതിന്റെ രണ്ടാമത്തെ കാരണം സ്നേഹിക്കുന്നവന്റെ ഉത്ഭവമാണ്. **"അന്യോന്യം സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു."** ഇവിടെ **"സ്നേഹിക്കുന്നവനെല്ലാം"** എന്നത് വ്യാകരണപ്രകാരം (agapōn -gnomic present) സ്നേഹിക്കുന്ന എല്ലാവരും എപ്പോഴും സാർവ്വത്രികമായി ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർ ആകുന്നുവെന്ന ഒരു പൊതുവായ യാഥാർത്ഥ്യത്തെ ഇവിടെ സൂചിപ്പിക്കുന്നു. എന്നാൽ **"ജനിച്ചിരിക്കുന്നു"** എന്നതിലെ വ്യാകരണം (gegennētai - gnomic and extensive perfect) ഇപ്പോൾ സ്നേഹിക്കുന്ന പ്രവൃത്തിക്ക് കാരണമായ വീണ്ടും ജനിച്ചിരിക്കുന്നു എന്ന പൂർത്തീകരിക്കപ്പെട്ട മുൻ പ്രവൃത്തിയെ ഇവിടെ ഊന്നിപ്പറയുന്നു. അർത്ഥാൽ, ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർക്കാണ് അന്യോന്യം സ്നേഹിക്കുവാൻ കഴിയുന്നത്.

എന്നാൽ സ്നേഹിക്കുന്നു എന്ന ഒറ്റക്കാരണത്താൽ ഒരു വ്യക്തിക്ക് ആത്മികജീവൻ ഉണ്ടെന്ന് ഉറപ്പാക്കുവാൻ കഴികയില്ല, കാരണം ദൈവത്തിന്റെ സാദൃശവും സ്വരൂപവും എല്ലാ മനുഷ്യരിലും ഉള്ളതുകൊണ്ടും എല്ലാവർക്കും സ്നേഹിക്കുവാൻ നൈസർഗ്ഗികമായ കഴിവുള്ളതുകൊണ്ടും ഒരു പരിധിവരെ എല്ലാവർക്കും സ്നേഹിക്കുവാൻ കഴിഞ്ഞേക്കാമെങ്കിലും ദൈവികമുൻഗണനപ്രകാരമുള്ള ദൈവികസ്നേഹത്തിന്റെ അഭാവവും അസാന്നിധ്യവും പ്രസ്തുത വ്യക്തികളിൽ ആത്മികജീവന്റെ അസാന്നിധ്യത്തെ തെളിയിക്കുന്നു. കാരണം, വീണ്ടും ജനനം പൂർത്തീകരിക്കപ്പെട്ട സംഭവമാണെങ്കിലും വർത്തമാനകാലത്തും അതിന്റെ ഫലം നിലനില്ക്കുന്നതാണ്.

### 3. സ്നേഹിക്കുന്നവന്റെ അനുഭവം (4:7c)

ദൈവികസ്നേഹം വെളിപ്പെടുത്തേണ്ടതിന്റെ മൂന്നാമത്തെ

കാരണം, സ്നേഹിക്കുന്ന വ്യക്തിക്ക് ദൈവത്തെക്കുറിച്ചുള്ള വ്യക്തി പരമായ അറിവാണ്. **"സ്നേഹിക്കുന്നവനെല്ലാം ദൈവത്തെ അറി കയും ചെയ്യുന്നു."** വ്യാകരണപ്രകാരം (ginōskei - customary present) വീണ്ടും ജനിച്ചിരിക്കുന്ന വിശ്വാസി ദൈവത്തെക്കുറിച്ചുള്ള ആത്മിക പരിജ്ഞാനത്തിൽ തന്നെ നിലനില്ക്കുന്ന സ്വഭാവത്തെയാണ് അഥവാ രീതിയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. സ്നേഹിക്കുവാനുള്ള കഴിവ് ആരെയും വീണ്ടും ജനിപ്പിക്കുന്നില്ല. എന്നാൽ ദൈവികസ്നേഹം വെളി പ്പെടുത്തുവാനുള്ള കഴിവ് വീണ്ടും ജനനത്തിന്റെ ഫലമാണെന്ന് വചനം പറയുന്നു (1 പത്രൊസ് 1:22-23). അതുപോലെ **"സ്നേഹിക്കുന്നവ നെല്ലാം"** എന്നതുകൊണ്ട് ഓരോ വ്യക്തിക്കും സ്നേഹിക്കുവാനുള്ള മനോഭാവം ഉണ്ടാകണമെന്ന് മാത്രമല്ല, സ്നേഹിക്കുന്ന ഓരോ വ്യക്തി യുടെ സ്വഭാവത്തെയും ഇതു സൂചിപ്പിക്കുന്നു.

സജീവമായ സഹോദരസ്നേഹം ദൈവത്തെ ശരിയായി അറിയു ന്നതിന്റെ അടയാളമായിരിക്കുന്നതുപോലെ പ്രസ്തുത സ്നേഹത്തിന്റെ അഭാവം ദൈവത്തെ ശരിയായി അറിയാത്തതിന്റെ അടയാളമാണ് (c.f. മത്തായി 7:23; ലൂക്കൊസ് 13:25; ഗലാ. 4:9) എന്തെന്നാൽ, ദൈവത്തിൽ നിന്നുള്ള ജനനം ഉത്ഭവത്തെ കാണിക്കുന്നതുപോലെ ദൈവത്തെക്കു റിച്ചുള്ള അറിവ് ദൈവവുമായുള്ള കൂട്ടായ്മയെ കാണിക്കുന്നു (യോഹ. 17:25). കാരണം, ദൈവികസ്നേഹം വെളിപ്പെടുത്തുന്ന സ്വഭാവം ദൈവ ത്തിൽനിന്ന് ജനിച്ചതിന്റെയും (1 പത്രൊസ് 1:22-23) ദൈവത്തെ ദൈവ പുത്രനിലൂടെ രക്ഷകനായും വീണ്ടെടുപ്പുകാരനായും നീതീകരിക്കു ന്നവനായും അറിയുന്നതിന്റെയും അടയാളം ആകുന്നു. നിരന്തരകൂട്ടാ യ്മയിലും അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ളതുമായ വ്യക്തിപര മായ അടുത്ത അറിവിനെയാണ് ഇതു സൂചിപ്പിക്കുന്നത്.

അതുകൊണ്ട് **"സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞി ട്ടില്ല"** എന്നും യോഹന്നാൻ വ്യക്തമാക്കുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നതിൽ ധാർമ്മികമായി പരാജയപ്പെട്ടവനാണെന്ന് മാത്രമല്ല, ദൈവത്തിന്റെ രക്ഷ സ്വായത്തമാക്കുന്നതിലും പരാജയപ്പെ ട്ടവനാണ് (1 കൊരി. 1:21). അർത്ഥാൽ, സ്നേഹിക്കാത്തവൻ ദൈവ ത്തിന് അപരിചിതനാണ്. അവന് ദൈവവുമായി ഒരു ബന്ധവുമില്ല (മത്തായി 7:21-23; ലൂക്കൊസ് 13:25-27). സ്നേഹിക്കാത്തവൻ ആരും മുമ്പ് ദൈവത്തെ അറിഞ്ഞിട്ടില്ലായെന്നു മാത്രമല്ല, ദൈവത്തെ അറി ഞ്ഞിട്ടില്ലാത്ത അവസ്ഥയിൽ തന്നെ ഇപ്പോഴും ഇരിക്കുന്നുവെന്ന് വ്യാക

രണം (ouk egnō - gnomic aorist) ഇവിടെ സൂചിപ്പിക്കുന്നു. കാരണം **"ദൈവം സ്നേഹം തന്നെ"** അഥവാ, ദൈവം സ്നേഹം ആകുന്നു എന്നതാണ്. ദൈവം സ്നേഹസ്വഭാവമുള്ളവൻ ആകയാൽ ദൈവം വസിക്കുന്നവരിൽ ആ സ്വഭാവം വെളിപ്പെടും. അതുകൊണ്ട് സ്നേഹിക്കുന്ന നിലയിലേക്ക് രൂപാന്തരപ്പെടാതെ സ്നേഹമായ ദൈവത്തോട് കൂട്ടായ്മ സാധ്യമല്ല. കാരണം, സ്നേഹിക്കുന്നത് ദൈവത്തിന്റെ സ്വഭാവമാണ്. ദൈവവുമായി ബന്ധപ്പെടുന്നവരിൽ ആ സ്വഭാവം വെളിപ്പെടും. ഇക്കാരണത്താലാണ് സഹവിശ്വാസികളെ സ്നേഹിക്കാത്തവർക്ക് ദൈവത്തെ വ്യക്തിപരമായും അനുഭവപരമായും അറിയാൻ കഴിയാത്തത്.

സ്നേഹം വീണ്ടും ജനിച്ചതിന്റെയും ദൈവത്തെ വ്യക്തിപരമായി അറിയുന്നതിന്റെയും അടയാളമായിരിക്കുന്നുവെങ്കിലും ദൈവവുമായുള്ള ബന്ധത്തിന് സ്നേഹം മാത്രമാണ് അടയാളമെന്ന് വരുന്നില്ല. സ്നേഹത്തിന്റെ അസാന്നിധ്യംകൊണ്ടുമാത്രം ദൈവവുമായുള്ള ബന്ധം നിഷേധിക്കാനുമാകില്ല. എങ്കിലും സ്നേഹം ഒരു പ്രധാന അടയാളമായിരിക്കുന്നു. അതുകൊണ്ടാണ് **"സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല"** എന്നു പറയുന്നത്.

ദൈവം സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ, സ്നേഹം ദൈവിക സ്വഭാവത്തിൽ (ദൈവത്തിന്റെ പ്രവൃത്തികളിൽ) ഒന്നുമാത്രം ആകുന്നു എന്നാണർത്ഥം. എന്നാൽ ദൈവം സ്നേഹം ആകുന്നു അഥവാ **"ദൈവം സ്നേഹം തന്നെ"** എന്നുപറഞ്ഞാൽ, ദൈവത്തിന്റെ എല്ലാ പ്രവൃത്തികളും സ്നേഹത്തിൽ അടിസ്ഥാനപ്പെട്ട പ്രവൃത്തികൾ ആകുന്നുവെന്നും അവയെല്ലാം ദൈവത്തെ വിശേഷിപ്പിക്കുന്നതും വിശദീകരിക്കുന്നതും ചിത്രീകരിക്കുന്നതും ആകുന്നു എന്നും വരുന്നു.

അതുപോലെ, **"ദൈവം സ്നേഹം തന്നെ"** എന്ന വാക്യാംശത്തിലെ വാക്കുകളുടെ സ്ഥാനം സൂചിപ്പിക്കുന്നത് അവ പരസ്പരം മാറ്റാവുന്നതല്ല എന്നതാണ്; കാരണം, **"ദൈവം"** എന്ന നാമത്തിനു മുൻപ് വിശേഷണഭേദകം (the) ചേർത്തിരിക്കുന്നു. എന്നാൽ **"സ്നേഹം"** എന്ന നാമത്തിന് മുൻപ് ഇങ്ങനെയൊരു വിശേഷണഭേദകം ഇല്ല. അതുകൊണ്ട് വ്യാകരണപ്രകാരം, സ്നേഹം ദൈവം ആകുന്നുവെന്നല്ല, മറിച്ച് ദൈവം സ്നേഹം ആകുന്നുവെന്ന് (ദൈവം സ്നേഹം തന്നെ) മാത്രമാണ് പറയാൻ കഴിയുന്നത്. അതുപോലെ, ദൈവം ആത്മാവാകുന്നു എന്ന വെളിപ്പാടിൽ (യോഹ. 4:24) ദൈവത്തിന്റെ പ്രകൃതത്തെയും

ദൈവം വെളിച്ചം ആകുന്നു, ദൈവം സ്നേഹം ആകുന്നു എന്നിവയിൽ ദൈവത്തിന്റെ സ്വഭാവത്തെയുമാണ് ലേഖകൻ സൂചിപ്പിക്കുന്നത് (1 യോഹ. 1:5; 4:8).

**B. ദൈവിക സ്നേഹത്തിന്റെ പ്രത്യക്ഷത (4:9)**

**1. ദൈവിക സ്നേഹം പ്രത്യക്ഷമായ സ്ഥലം**

**"ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി."** ഇവിടെ **"പ്രത്യക്ഷമായി"** എന്നതിന് മറഞ്ഞിരുന്നത് ദൃശ്യമായി, വ്യക്തമായി വെളിപ്പെട്ടുവന്നു മുതലായ അർത്ഥമാണുള്ളത്. വ്യാകരണപ്രകാരം ഇവിടെ (ephanerōthē - constative aorist) ദൈവസ്നേഹം **"പ്രത്യക്ഷമായി"** എന്നുള്ള പൂർണ്ണമായ ഒരു പ്രവൃത്തിയെ വിശദീകരണം കൂടാതെ മൊത്തത്തിൽ ഇത് സൂചിപ്പിക്കുന്നു. കർത്താവിന്റെ ഒന്നാമത്തെ വരവുവരെ മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം ഇത്രക്ക് ആഴത്തിലും വ്യാപ്തിയിലും മനസ്സിലാക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല (റോമർ 5:8 c.f. മത്തായി 5:45; അപ്പൊ. 14:17).

ദൈവികസ്നേഹം പ്രത്യക്ഷമായത് സ്വർഗ്ഗത്തിലല്ല, ദൂതന്മാരുടെ ഇടയിലുമല്ല, മറിച്ച് നമ്മിൽ, നമ്മുടെ ഇടയിൽ, നമ്മോടുള്ള ബന്ധത്തിൽ തന്നെ ആകുന്നു. എന്നാൽ, ദൈവികസ്നേഹത്തിന്റെ ഈ വെളിപ്പാട് ഒരു വ്യക്തിക്കുണ്ടായ സ്വകാര്യവെളിപ്പാടല്ല. മറിച്ച് പരസ്യമായതും എല്ലാവർക്കും വേണ്ടിയുള്ളതുമായ ഒരു ചരിത്രസംഭവമായിരുന്നു. അതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലോകത്തിന്റെ ഏതെങ്കിലും മൂലയിൽ നടന്നതല്ല (ലൂക്കൊസ് 2:10; യോഹ. 3:14,15; 19:20; അപ്പൊ. 26:26; റോമർ 3:25).

**2. ദൈവിക സ്നേഹം പ്രത്യക്ഷമായ വിധം**

**"ദൈവം തന്റെ ഏകജാതനായ പുത്രനെ... ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ..."** (വാ. 9).

പുത്രന്റെ പദവി അയക്കപ്പെട്ടവൻ എന്നാണ് (ലൂക്കൊസ് 4:18,19 c.f. യോഹ. 5:36; 20:21). അതിൽനിന്നും അവൻ മുമ്പേ ഉള്ളവനാണെന്ന് തെളിയുന്നു. മാത്രമല്ല, ഇവിടെ **"അയച്ചു"** എന്നത് വ്യാകരണപ്രകാരം (apestalken - intensive perfect) സംഭവിച്ചുകഴിഞ്ഞ ഒരു പ്രവൃത്തിയുടെ തുടരുന്ന ഫലത്തെ സൂചിപ്പിക്കുന്നു. അർത്ഥാൽ, ദൈവം തന്റെ

പുത്രനെ നമ്മുടെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തമാകുവാൻ അയച്ചതുകൊണ്ട് സാക്ഷാൽ സ്നേഹം എന്താണെന്നു നാം ഇപ്പോഴും അറിയുന്നു.

**"ദൈവം തന്റെ ഏകജാതമായ പുത്രനെ"** എന്നതുകൊണ്ട് യേശു ദൈവത്തിന്റെ ഒരേയൊരു പുത്രൻ എന്ന അർത്ഥം മാത്രമല്ല, മറിച്ച് ഒരു പ്രത്യേകനിലയിലുള്ള ഒരേയൊരു പുത്രൻ എന്ന അർത്ഥമാണ് അതിനുള്ളത്. കാരണം, യിശ്മായേൽ അബ്രാഹാമിന് മകനായി ഉള്ളപ്പോൾ തന്നെ യിസ്ഹാക്ക് അബ്രഹാമിന് ഏകജാതൻ ആയിരുന്നുവെന്ന് വചനം പറയുന്നു (ഉല്പത്തി 22:2 c.f. എബ്രാ. 11:18). അർത്ഥാൽ, അബ്രഹാമിന് വാഗ്ദത്തപ്രകാരമുള്ള ഒരേയൊരു സന്തതി യിസ്ഹാക്ക് മാത്രമാണ് എന്നാണർത്ഥം. അതുപോലെ, എല്ലാ മനുഷ്യരും ദൈവത്തിന് മക്കളാണെന്ന് വരികിലും (ലൂക്കൊസ് 3:8; അപ്പൊ. 17:28; എബ്രാ. 2:14), ക്രിസ്തുയേശുവിലൂടെ ദൈവികനീതി അന്വേഷിക്കുന്നവർ അഥവാ പ്രാപിക്കുന്നവർ ദൈവത്തിന് പ്രത്യേകനിലയിൽ മക്കളാണെന്ന് വരികിലും (ഗലാ. 3:26; എബ്രാ. 2:11) ഈ നിലയിൽ മക്കളായവരിൽനിന്നും വ്യത്യസ്തമായതും നിസ്തുല്യമായതുമായ ഒരു പുത്രത്വമാണ് ദൈവപുത്രനായ യേശുക്രിസ്തുവിനുള്ളത് (യോഹ. 20:17); കാരണം. അവൻ ദൈവത്തിന് പ്രത്യേകനിലയിൽ ഏകജാതനാണ് (യോഹ. 1:14,18; 3:16).

**"ദൈവം തന്റെ ഏകജാതനായ പുത്രനെ... ലോകത്തിലേക്ക് അയച്ചു..."** എന്നുള്ളത് ദൈവത്തിന്റെ ഭാഗത്തുനിന്നും മനുഷ്യനുവേണ്ടി നല്കിയ കാരുണ്യപ്രവൃത്തികളിൽ ഏറ്റവും വലിയതാകുന്നു (റോമർ 8:32 c.f. 2. കൊരി. 9:15). മാത്രമല്ല, ദൈവത്തിന്റെ ഈ ഒറ്റ പ്രവൃത്തിയിലൂടെ **"ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി"** എന്ന് യോഹന്നാൻ പറയുന്നു.

3. **ദൈവിക സ്നേഹം പ്രത്യക്ഷമായതിന്റെ ആവശ്യം (വാ. 9b)**

**''നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് അയച്ചു"** എന്നു പറയുന്നതിലൂടെ ദൈവപുത്രനെ അയച്ചതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. അതിക്രമങ്ങളിലും പാപങ്ങളിലും മരിച്ച്, ദൈവത്തിന്റെ ജീവനിൽനിന്നും അകന്നവർക്ക് (എഫെ. 2:1; 4:18). നിത്യ

ജീവൻ അതിന്റെ പൂർണ്ണതയിൽ പ്രദാനം ചെയ്യുക എന്നതാണ് തന്നെ അയച്ചതിന്റെ ഉദ്ദേശം (യോഹ. 10:10).

ആർക്കുവേണ്ടിയാണോ പുത്രൻ അയക്കപ്പെട്ടത്, അവർ ആത്മിക മരണത്തിന്റെ അവസ്ഥയിൽ ആയിരുന്നുവെന്ന് ഈ പ്രസ്താവന സൂചിപ്പിക്കുന്നു. **"അയച്ചു"** എന്നതിലൂടെ പൂർത്തിയായ ഒരു പ്രവൃത്തിയിലൂടെ നിലനില്ക്കുന്ന ഫലത്തെയാണ് വ്യാകരണം (apestalken - intensive perfect) ഇവിടെ ഊന്നിപറയുന്നത്. അർത്ഥാൽ പുത്രനെ അയച്ചതിലൂടെ ആത്മികമരണത്തിന്റെ അവസ്ഥയിൽ ഇരുന്ന നാം ഇപ്പോൾ ആത്മികജീവനുള്ള അവസ്ഥയിൽ ആയിരിക്കുന്നു (ലൂക്കൊസ് 15:32). കാരണം, പുത്രനെ അയച്ചതിന്റെ ഉദ്ദേശം നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി തീരുവാൻവേണ്ടി മാത്രമല്ല, മറിച്ച് **"നാം അവനാൽ ജീവിക്കേണ്ടതിന്"** ആണെന്നു കാണുന്നു.

പാപമോചനത്തിനും പാപത്തിൽനിന്നും വേർപ്പെട്ട ജീവിതത്തിനും നിത്യജീവനുമായി വേറൊരു വഴിയുണ്ടായിരുന്നെങ്കിൽ പിതാവ് പുത്രനെ ക്രൂശിൽ യാഗമാക്കുകയില്ലായിരുന്നു. തന്റെ നിസ്തുല്യ സ്നേഹം വെളിപ്പെടുത്തുവാൻ ദൈവത്തിന് മറ്റൊരു വഴിയുമില്ലായിരുന്നുവെന്നാണ് കർത്താവിന്റെ ഗത്സമേനയിലെ പ്രാർത്ഥനയിൽനിന്നും മനസ്സിലാകുന്നത് (ലൂക്കൊസ് 22:42). അങ്ങനെയൊന്ന് ഉണ്ടായിരുന്നുവെങ്കിൽ ക്രിസ്തു ക്രൂശിക്കപ്പെടേണ്ടതായ ആവശ്യമില്ലായിരുന്നു.

## C. ദൈവിക സ്നേഹത്തിന്റെ പ്രത്യേകത (വാ. 10-11)

### 1. നാം ദൈവത്തെ സ്നേഹിച്ചതല്ല

**"നാം ദൈവത്തെ സ്നേഹിച്ചതല്ല"** എന്നതിൽനിന്നും യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവികസ്നേഹം ലോകമതങ്ങൾ പഠിപ്പിക്കുന്ന സ്നേഹത്തിൽനിന്നും തികച്ചും വ്യത്യസ്തമാണെന്ന് തെളിയുന്നു. കാരണം, എല്ലാ മതങ്ങളും നല്ലൊരു ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുവാൻ ആഹ്വാനം നല്കുമ്പോൾ, ദുഷ്ടമനുഷ്യനെ തേടിവന്ന ദൈവസ്നേഹമാണ് ബൈബിളിന്റെ പ്രമേയം. നമുക്ക് ദൈവത്തോടുള്ള സ്നേഹമല്ല, മറിച്ച് ദൈവത്തിന് നമ്മോടുള്ള സ്നേഹമാണ് അത്ഭുതസത്യം. കാരണം നമ്മുടെ ഭാഗത്തുനിന്നും നോക്കിയാൽ നമ്മുടെ ഏതെങ്കിലും പ്രവൃത്തിയോടുള്ള ദൈവത്തിന്റെ പ്രതികരണ

മായിരുന്നില്ല ദൈവസ്നേഹം. മറിച്ച് നമ്മെക്കുറിച്ചുള്ള ദൈവികകരുതലിൽനിന്നും ഉത്ഭവിച്ചതായിരുന്നു. കാരണം, ദൈവം മുൻകൈയെടുത്ത് പ്രവൃത്തിക്കുന്നതിനുമുൻപ് നാം ദൈവത്തെ സ്നേഹിച്ചിട്ടില്ല. ദൈവസ്നേഹം അർഹിക്കുന്ന ഒരു പ്രവൃത്തിയും നാം ചെയ്തിട്ടുമില്ല. ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടുന്നതിനുമുൻപ് മനുഷ്യർ അടിസ്ഥാനപരമായി സ്വാർത്ഥരും ശത്രുക്കളും സ്വസ്നേഹികളും ആയിരുന്നു (യോഹ. 5:42; റോമർ 5:8,10; 2 തിമൊ. 3:2). ദൈവസ്നേഹം അറിയാത്ത മനുഷ്യരെ "ലോകം" എന്നാണ് കർത്താവ് വിശേഷിപ്പിച്ചത് (യോഹ. 1:10-11; 3:16).

**2. അവൻ നമ്മെ സ്നേഹിച്ചത്**

**"അവൻ നമ്മെ സ്നേഹിച്ചു"** എന്നത് വ്യാകരണപ്രകാരം (ēigapēsen - constative aorist) യാതൊരു വിശദീകരണവും കൂടാതെ ഒരു പൂർണ്ണമായ പ്രവൃത്തിയെ ഇവിടെ സൂചിപ്പിക്കുന്നു. ചരിത്രത്തിൽ ഒരിക്കൽ സംഭവിച്ചു കഴിഞ്ഞതും കാരണം കൂടാതെയുള്ള ദൈവസ്നേഹത്തെയുമാണ് ഇതു സൂചിപ്പിക്കുന്നത്.

**"നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതുതന്നെ..."** സാക്ഷാൽ സ്നേഹം ആകുന്നുവെന്ന് യോഹന്നാൻ തുടർന്നുപറയുന്നു. കാരണം, **"പ്രായശ്ചിത്തം ആകുവാൻ അയച്ചത്"** എന്നതുകൊണ്ട് (hilasmon) നമുക്കെതിരെ വന്ന ദൈവകോപത്തെ തന്നിലേക്ക് തിരിച്ച് നമ്മെ കോപത്തിൽനിന്നും ഒഴിവാക്കുക എന്ന അർത്ഥമാണ് ഇതിനുള്ളത്. മാത്രമല്ല, ദൈവികപ്രീതി വീണ്ടെടുക്കുകയും ദൈവികനീതി നിറവേറ്റുകയും ചെയ്യുന്ന മുഖാന്തരത്തിനും പ്രായശ്ചിത്തം എന്നു പറയുന്നു. നമുക്ക് പകരമായി യേശുവാണ് ദൈവിക നീതി നിറവേറ്റി ദൈവിക പ്രീതി വീണ്ടെടുത്ത് ദൈവകോപത്തിൽനിന്നും നമ്മെ വിടുവിക്കുന്നത്.

അതുപോലെ യേശുക്രിസ്തുവിലൂടെ പ്രായശ്ചിത്തം സാധ്യമാക്കുന്നതിന് ദൈവം തന്റെ പുത്രനെ **"അയച്ചതുതന്നെ"** എന്നതും വ്യാകരണപ്രകാരം (apesteilen - constative aorist) യാതൊരു വിശദീകരണവും കൂടാതെ പൂർത്തിയായ ഒരു പ്രവൃത്തിയെ മൊത്തത്തിൽ ഇവിടെ സൂചിപ്പിക്കുന്നു, ചരിത്രത്തിൽ ഒരിക്കൽമാത്രം സംഭവിച്ചതും മനുഷ്യനുവേണ്ടി കാരണം കൂടാതെയുള്ള ദൈവത്തിന്റെ കാരുണ്യപ്രവൃത്തിയെയുമാണ് ഇതു സൂചിപ്പിക്കുന്നത്.

3. നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചത്

ദൈവം തന്റെ പുത്രനെ "**നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ച**" പ്രവൃത്തിയിൽ തന്നെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ ആഴവും ആത്മാർത്ഥതയും വ്യാപ്തിയും വ്യക്തമാണ് (റോമർ 5:7-8). പ്രായശ്ചിത്തം എന്ന വാക്കിനു മുൻപ് വിവേചകഭേദകം (the) ഇല്ലാത്തതുകൊണ്ട് ഇവിടെയിത് പ്രായശ്ചിത്തത്തിന്റെ പ്രത്യേകതയെ സൂചിപ്പിക്കുന്നില്ല, എന്നാൽ നമ്മുടെ "**പാപങ്ങൾക്ക്**" എന്നത് ബഹുവചനത്തിൽ (plural) കാണുന്നതുകൊണ്ട് പ്രായശ്ചിത്തത്തിന്റെ വ്യാപ്തിയെയാണ് ഇതു സൂചിപ്പിക്കുന്നത്. അർത്ഥാൽ, യേശുക്രിസ്തുവിലൂടെയുള്ള പ്രായശ്ചിത്തം നമ്മുടെ എല്ലാ പാപങ്ങൾക്കും വേണ്ടിയുള്ളതാണ്.

ലേവ്യാപുരോഹിതരെപോലെ അവൻ നമുക്കുവേണ്ടി പ്രായശ്ചിത്തം ചെയ്യുന്നവൻ മാത്രമല്ല, മറിച്ച് അവൻ തന്നെയാണ് നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായിരിക്കുന്നത് (1 യോഹ. 2:2). ദൈവത്തിന് നമ്മോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ യോഹന്നാൻ നമുക്ക് നല്കുന്ന പ്രബോധനം "**പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ**" ദൈവികസ്നേഹം ലഭിച്ചവരായ "**നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു**" (വാ. 11) എന്നാണ്. കാരണം, ദൈവത്തോടുള്ള സ്നേഹവും ദൈവജനത്തോടുള്ള സ്നേഹവും വേർപിരിക്കുവാൻ കഴിയില്ല (1 യോഹ. 4:21 c.f. മത്തായി 22:37-40).

എന്നാൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു എന്നതിലൂടെ സ്നേഹത്തിന്റെ ഒറ്റപ്പെട്ട പ്രവൃത്തിയെയല്ല, മറിച്ച് സ്നേഹസ്വഭാവത്തെയും അതിനുള്ള കടപ്പാടിനെയുമാണ് വ്യാകരണം (opheilomen - customary present, agapon - complementary infinitive) ഇവിടെ സൂചിപ്പിക്കുന്നത്.

അതുപോലെതന്നെ, "**അന്യോന്യം**" എന്നതിലൂടെ തരംതിരിവില്ലാത്ത സാമൂഹിക പ്രതിബദ്ധതയെയാണ് ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ സാക്ഷാൽ സ്നേഹത്തിന് സാക്ഷികളും പങ്കാളികളുമായി ത്തീർന്നവർക്ക് ദൈവികസ്നേഹം അന്യോന്യം സ്നേഹിക്കുവാൻ മാതൃകയും പ്രചോദനമാണ് (2:10; 3:16; 4:7).

D. ദൈവിക സ്നേഹത്തിന്റെ പ്രവൃത്തി (4:12-5:5)

1. ദൈവിക സ്നേഹം ദൈവത്തെ വെളിപ്പെടുത്തുന്ന സ്നേഹം ആകുന്നു (വാ. 13)

**"ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല; നാം അന്യോന്യം സ്നേഹിക്കുന്നവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു"** എന്നാണ് യോഹന്നാൻ ഇവിടെ പറയുന്നത്.

പാപിയായ മനുഷ്യന് പരിശുദ്ധനായ ദൈവത്തെ കാണുവാനുള്ള പരിമിതിയാണ് യോഹന്നാന്റെ വാക്കുകളിൽ വ്യക്തമാകുന്നത് (പുറ. 33:20–33; യോഹ. 14:7–9; 1 തിമൊ. 6:16 c.f. യോഹ. 1:18; 5:37; 6:46). എങ്കിലും സഹവിശ്വാസികളോടുള്ള ബന്ധത്തിൽ **"നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു."** അർത്ഥാൽ, സഹവിശ്വാസികളോട് ദൈവികസ്നേഹം വെളിപ്പെടുത്തുന്ന വിശ്വാസികളുടെ സ്നേഹിക്കുന്ന സ്വഭാവം ദൈവം തങ്ങളിൽ ഉണ്ടെന്നുള്ളതിന്റെ തെളിവാണ്.

സ്വരൂപത്തിൽ **"ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല"** എങ്കിലും തന്റെ സ്വഭാവത്തിൽനിന്നും തന്നെ തിരിച്ചറിയുവാനും അനുഭവിക്കുവാനും സാധിക്കും. അതുപോലെതന്നെ **"നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ"** അർത്ഥാൽ, നാം ദൈവിക സ്നേഹം വെളിപ്പെടുത്തുന്ന സ്വഭാവമുള്ളവർ ആകുന്നുവെങ്കിൽ (agapōmen - customary present) അതിലൂടെ ദൈവികസാന്നിധ്യം അനുഭവിക്കുവാനും ഉറപ്പാക്കുവാനും സാധിക്കും. ഇവിടെ **"ദൈവം നമ്മിൽ വസിക്കുന്നു"** എന്നത് വ്യാകരണപ്രകാരം (menei - customary present) അന്യോന്യം സ്നേഹിക്കുന്നവരിലുള്ള ദൈവത്തിന്റെ നിരന്തര സാന്നിധ്യത്തെ അഥവാ, സ്ഥിരവാസത്തെ സൂചിപ്പിക്കുന്നു. എന്നാൽ സ്നേഹിക്കുക എന്നത് ദൈവം വസിക്കുവാനുള്ള ഒരു വ്യവസ്ഥയായിട്ടല്ല, മറിച്ച് ദൈവം വസിക്കുന്നതിന്റെ തെളിവായിട്ടാണ് പറഞ്ഞിരിക്കുന്നത്. നേരിട്ടുകാണുവാൻ കഴിയാത്ത ചിലത് ഫലത്തിലൂടെ നമുക്ക് കാണാനാകുന്നതുപോലെ വിശ്വാസികൾ തമ്മിൽ അന്യോന്യമുള്ള സ്നേഹം ദൈവം അവരിൽ വസിക്കുന്നതിന്റെ തെളിവാണ് (c.f. യോഹ. 13:35). പരിശുദ്ധാത്മാവിന്റെ ആളത്വത്തിലൂടെ വിശ്വാസിയിലുള്ള ദൈവത്തിന്റെ വാസത്തെയാണ് ഇതു സൂചിപ്പിക്കുന്നത് (4:13b). തന്നിൽ വസിക്കാതെ ഫലമുള്ളവരാകുവാൻ കഴിയില്ലെന്നും (യോഹ. 15:4). ദൈവം നമ്മിൽ വസിക്കുന്നത് അനുസരണത്തിൽ അടിസ്ഥാനപ്പെട്ട കാര്യമാ

ണെന്നും കർത്താവ് പറഞ്ഞു (യോഹ. 14:23). നാം ദൈവികസ്നേഹം അന്യോന്യം വെളിപ്പെടുത്തുന്നതിലൂടെ മനുഷ്യനുവേണ്ടിയുള്ള ദൈവ സ്നേഹത്തിന്റെ ദൈവികലക്ഷ്യം അതിന്റെ പൂർണ്ണതയിൽ എത്തുന്നു എന്നത് യോഹന്നാനിലൂടെ ലഭിച്ച ഒരു പുതിയ വെളിപ്പാട് ആകുന്നു. അതുകൊണ്ടാണ് **"അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു"** എന്ന് പറയുന്നത്.

**"തികഞ്ഞിരിക്കുന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (teteleiōmenē - intensive perfect) ഒറ്റയടിക്ക് തികഞ്ഞിരിക്കുന്നുവെന്നല്ല, മറിച്ച് പൂർണ്ണമായ ഒരു പ്രവൃത്തിയുടെ നിലനില്ക്കുന്ന ഫലത്തെ സൂചിപ്പിക്കുന്നു. അർത്ഥാൽ, അന്യോന്യം സ്നേഹിക്കുന്നതിന്റെ ഫലമായി ദൈവത്തിന് നമ്മോടുള്ള സ്നേഹം വിശ്വാസസമൂഹത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. എന്നാൽ നമുക്ക് ദൈവത്തോടുള്ള സ്നേഹം അതിന്റെ പൂർണ്ണതയിൽ എത്തിയെന്ന് ഇപ്പോൾ പറയുവാൻ കഴിയില്ല, മറിച്ച് നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ, ദൈവ സ്നേഹം അതിന്റെ ലക്ഷ്യത്തിലെത്തിയെന്നുമാത്രം ഇപ്പോൾ പറയാം.

അന്യോന്യമുള്ള സ്നേഹത്തിലൂടെ തുടർമാനമായി നാം ദൈവിക സ്നേഹം വെളിപ്പെടുത്തുമ്പോൾ അദൃശ്യദൈവത്തിന്റെ ശക്തിയും മഹത്വവും ആർദ്രതയും കരുണയും കരുതലും നമ്മിലൂടെ വെളിപ്പെടുകയും അങ്ങനെ നാം ദൈവത്തെ വെളിപ്പെടുത്തുകയും ആത്യന്തികമായി നമ്മിലൂടെ ലോകം ദൈവത്തെ കാണുകയും നാം കർത്താവിന്റെ ശിഷ്യർ എന്നറിഞ്ഞ് (യോഹ. 13:34,35) എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും. അപ്പോഴാണ് ദൈവ **"സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു"** എന്നതിന് പൂർണ്ണ നിവൃത്തി വരുന്നത്.

2. **ദൈവികസ്നേഹം ദൈവത്തോടുള്ള കൂട്ടായ്മയെ വെളിപ്പെടുത്തുന്ന സ്നേഹം ആകുന്നു (4:13-16)**

ആത്മാവിന്റെ സാക്ഷ്യം

**"നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു"** (വാ. 13).

വിശ്വാസികൾക്ക് ദൈവഭവനത്തിലെ അംഗത്വത്തിന്റെയും ദൈവി

കകൂട്ടായ്മയുടെയും ഉറപ്പുതരുന്ന തന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെയാണ് ഇവിടെ പരാമർശിക്കപ്പെടുന്ന ആത്മാവ് സൂചിപ്പിക്കുന്നത് (c.f. റോമർ 8:16). മാത്രമല്ല, **"ആത്മാവിനെ തന്നതിനാൽ"** എന്നത് വ്യാകരണപ്രകാരം (dedōken - extensive perfect) ഇവിടെ ആത്മാവിനെ തന്നതിലുള്ള ദൈവത്തിന്റെ പൂർണ്ണമായ പ്രവൃത്തിയെ ഊന്നിപറയുന്നു. അർത്ഥാൽ അനുവാചകർക്ക് ദൈവവുമായുള്ള കൂട്ടായ്മ ബന്ധത്തിന് ഇപ്പോൾ ഉറപ്പുലഭിക്കുന്നത് മുൻപ് ആത്മാവിനെ തന്നതിനാലാണ് (2:20,27; 3:24; 4:13).

ദൈവം തന്റെ ആത്മാവിനെ തന്നതിനാൽ എന്നത് 3:24 ൽ വ്യാകരണപ്രകാരം (consumative aorist) ഒരിക്കൽ പൂർത്തിയായ പ്രവൃത്തിയെ മാത്രം ഊന്നിപറയുമ്പോൾ 4:13 ൽ (extensive perfect) ഇപ്പോൾ ദൈവവുമായുള്ള കൂട്ടായ്മ ബന്ധത്തിന്റെ കാരണമായ പൂർത്തിയായ മുൻപ്രവൃത്തിയെ ഊന്നിപറയുന്നു.

ദൈവികകൂട്ടായ്മയും ദൈവത്തിന്റെ സ്നേഹവും വിശ്വാസി തിരിച്ചറിയുന്നത് ദൈവത്തിന്റെ ആത്മാവിലൂടെയാണ് (റോമർ 5:5). അതുകൊണ്ട് അന്യോന്യം സ്നേഹിക്കാതിരിക്കുന്നത് ദൈവം നല്കിയ ആത്മാവിനെ ദുഃഖിപ്പിക്കുന്ന പ്രവൃത്തിയാകുന്നു.

അനുഭവത്തിലൂടെയാണ് നാം ദൈവത്തിൽ വസിക്കുന്നുവെന്നറിയുന്നത്. കാരണം ദൈവത്തിൽ വസിക്കുന്നവർക്ക് ദൈവത്തിന്റെ ആത്മാവ് ആത്മവരങ്ങളെയും ആത്മഫലങ്ങളെയും നമ്മിൽ തരുന്നു (ഗലാ. 5:22). മാത്രമല്ല **"അവൻ തന്റെ ആത്മാവിനെ തന്നതിനാൽ"** എന്നത് ഒരുപഴയനിയമ ശൈലിയാകുന്നു (സംഖ്യാ. 11:24-25). കാരണം, അവിടെ മോശെയുടെ മേൽ ഉണ്ടായിരുന്ന ആത്മാവിന്റെ ഒരു പങ്ക് എടുത്ത് തന്റെ സഹായികളായിരുന്ന എഴുപത് മൂപ്പന്മാർക്കു കൊടുത്തു എന്നു കാണുന്നു. എന്നാൽ പുതിയനിയമത്തിൽ അഥവാ പുതിയ ഉടമ്പടിപ്രകാരം അളവില്ലാതെയാണ് ദൈവം തന്റെ ആത്മാവിനെ കൊടുക്കുന്നതെന്ന് വചനം പറയുന്നു (യോഹ. 3:34 c.f. തീത്തൊസ് 3:7).

അപ്പൊസ്തലിക സാക്ഷ്യം

**"പിതാവ് പുത്രനെ ലോകരക്ഷിതാവായിട്ട് അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു."** അപ്പൊസ്തലന്മാർക്ക് പുത്രന്റെ ദൗത്യം വളരെ വ്യക്തമായിരുന്നു. ഇവിടെ

പുത്രനെ ലോകരക്ഷിതാവ് (യോഹ. 4:42) എന്ന് വിശേഷിപ്പിക്കുന്നത് റോമൻ ഭരണത്തിനുകീഴിൽ ചക്രവർത്തി ആരാധനയിൽ ഉപയോഗിച്ചിരുന്ന ഒരു വിശേഷണമാണെങ്കിലും **"രക്ഷിതാവ്"** എന്നത് പഴയ നിയമത്തിൽ ദൈവത്തിന്റെ പേരാണ്. കാരണം, ദൈവമാണ് തന്റെ ജനത്തെ ശത്രുക്കളിൽനിന്നും വിടുവിക്കുന്ന രക്ഷിതാവ് (ന്യായാ. 3:9,15; 1 ശമൂ. 10:9; സങ്കീ. 25:5; 27:9; യെശ. 45:15,21; മീഖ. 7:7; 1 തിമൊ. 4:10 c.f. ലൂക്കൊസ് 1:47; യോഹ. 4:42). എന്നാൽ പുതിയനിയമത്തിൽ ദൈവത്തിനും കർത്താവായ യേശുവിനും ഇത് ഉപയോഗിച്ചിരിക്കുന്നു.

യേശു ലോകരക്ഷിതാവാകുന്നുവെന്ന് പറയുന്നതിൽനിന്നും മനുഷ്യനെ രക്ഷിക്കുന്ന ദൗത്യത്തിൽ അവന് പരിധികൾ അഥവാ പരിമിതികൾ ഒന്നും ഇല്ലായെന്ന് തെളിയുന്നു (യോഹ. 4:42; 1 തിമൊ. 2:4). ദൈവപുത്രന്റെ നിയോഗത്തെക്കുറിച്ചുള്ള നിശ്ചയമാണ് **"ഞങ്ങൾ കണ്ട് സാക്ഷ്യം പറയുന്നു"** എന്നതിലൂടെ അപ്പൊസ്തലൻ ഉറപ്പിക്കുന്നത്. പ്രകൃതംകൊണ്ട് ദൈവം എല്ലാവർക്കും അദൃശ്യനാണെങ്കിലും തന്റെ പുത്രനെ അയച്ച ദൈവത്തിന്റെ സ്നേഹപ്രവൃത്തി എല്ലാവർക്കും ദൃശ്യമാണ്. അതിന് അപ്പൊസ്തലനായ ഞങ്ങൾ സാക്ഷികൾ ആകുന്നു (യോഹ. 1:18; 14:8-9).

**''ഞങ്ങൾ കണ്ടു''** എന്നത് ഇവിടെ വ്യാകരണത്തിൽ (tetheametha - extensive perfect) പൂർത്തിയായ ഒരു പ്രവൃത്തിയെ സൂചിപ്പിക്കുമ്പോൾ **"സാക്ഷ്യം പറയുന്നു"** എന്നത് വ്യാകരണത്തിൽ (martyroumen - progressive present) ഒരിക്കൽ കണ്ടതിന്റെ ഫലമായി സാക്ഷ്യം പറയുന്നു എന്ന ഇപ്പോഴും തുടരുന്ന ഒരു പ്രവൃത്തിയെ ഇവിടെ സൂചിപ്പിക്കുന്നു.

എന്നാൽ തുടർന്ന് **"യേശു ദൈവപുത്രൻ എന്ന് സ്വീകരിക്കുന്നവനിൽ"** (വാ. 15) എന്നതിലൂടെ നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തിയെയല്ല, മറിച്ച് പൂർത്തിയായ ഒരു പ്രവൃത്തിയെ അഥവാ സംഭവത്തെയാണ് വ്യാകരണം (homologēsē - gnomic aorist) ഇവിടെ സൂചിപ്പിക്കുന്നത്. ദൈവം ക്രിസ്തുവിൽ വസിക്കുന്നതുപോലെ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് വിശ്വസിച്ചിട്ടുള്ള ഏവനിലും ദൈവം വസിക്കുന്നു (3:24; 14:10; 15:10). ദൈവം വിശ്വാസിയിൽ വസിക്കുന്നു (3:24; 4:12,15) വിശ്വാസി ദൈവത്തിലും വസിക്കുന്നു (2:24,27; 3:6,24; 4:13). ഇങ്ങനെയുള്ള ദിവ്യവാസത്തിൽ പിതാവും പുത്രനും ആത്മാവും അടങ്ങിയിരിക്കുന്നു (യോഹ. 14:23). മാത്രമല്ല, **"വസിക്കുന്നു"** എന്ന

തിലൂടെ വ്യാകരണപ്രകാരം (menei - customary present) വിശ്വാസിയി ലുള്ള ദൈവത്തിന്റെ തുടർമാനമായ നിലനില്ക്കുന്ന ബന്ധത്തെ ഇവിടെ സൂചിപ്പിക്കുന്നു. അർത്ഥാൽ യേശുവിനെ ദൈവപുത്രനായി സ്വീകരിച്ച ഏതൊരുവനിലും ദൈവം തുടർമാനമായും സ്ഥിരമായും വസിക്കുന്നു; അതുപോലെ തന്നെ അവൻ ദൈവത്തിലും തുടർമാന മായും സ്ഥിരമായും വസിക്കുന്നു. രണ്ട് പ്രസ്താവനകളിലും കാണുന്ന വർത്തമാനകാലം (present tense) ദൈവവും വിശ്വാസിയും തമ്മിൽ അന്യോന്യം തുടർമാനമായും സ്ഥിരമായും നില്ക്കുന്ന വളരുന്ന ബന്ധത്തെ സൂചിപ്പിക്കുന്നു. എന്നാൽ യേശു ദൈവപുത്രൻ എന്ന് സ്വീകരിക്കുക അഥവാ, ഏറ്റുപറയുക എന്നതുകൊണ്ട് ബുദ്ധിപരമായി അറിയുന്നതോ സ്വീകരിക്കുന്നതോ അല്ല, മറിച്ച് യേശു ദൈവപുത്രൻ എന്ന് ഹൃദയപൂർവ്വം അംഗീകരിക്കുകയും അത് ഏറ്റുപറഞ്ഞ് വെളി പ്പെടുത്തുകയും അതിനായി നിലകൊള്ളുകയും ചെയ്യുന്നത് ഉൾപ്പെ ടുന്നു (യോഹ. 11:27 c.f. 20:31). അങ്ങനെയുള്ളവനിൽ **"ദൈവവും അവൻ ദൈവത്തിലും വസിക്കുന്നു."** അർത്ഥാൽ, അങ്ങനെയു ള്ളവർക്ക് ദൈവവുമായി കൂട്ടായ്മ ഉണ്ട്. എന്നാൽ ദൈവപുത്രനെ വിശ്വസിച്ചിട്ടില്ലാത്തവൻ ദൈവപുത്രനെ ശരിയായി ഏറ്റുപറയാത്ത അവസ്ഥയിൽതന്നെ ഇപ്പോഴും ഇരിക്കുന്നതിനെയും ഇതു സൂചിപ്പി ക്കുന്നു (ലൂക്കൊ. 12:8; യോഹ. 12:48; റോമർ 10:9).

പാപം നിമിത്തം നാശമുള്ള ഈ ലോകത്തെ (മനുഷ്യരെ) രക്ഷി ക്കുവാൻ പരിശുദ്ധനായ ദൈവം പാപമില്ലാത്ത തന്റെ പുത്രനെ ഈ ലോകത്തിന് രക്ഷിതാവായി അയച്ചുകൊണ്ട് വെളിപ്പെടുത്തിയ ദൈവ സ്നേഹത്തിന് അപ്പൊസ്തലന്മാർ സാക്ഷികൾ ആകുന്നു (1:1–3). സുവി ശേഷത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന എല്ലാവർക്കും അവൻ ഇപ്പോഴും ലോകരക്ഷിതാവായിരിക്കുന്നതിനെയും ഇതു സൂചിപ്പിക്കുന്നു (യോഹ. 1:12; 3:16; 4:42; റോമർ 10:11–13 c.f. 1 തിമൊ. 2:4).

**"ഇങ്ങനെ ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ നാം അറിഞ്ഞും വിശ്വസിച്ചുമിരിക്കുന്നു"** (വാ. 16). എന്തെങ്കിലും വിശ്വ സിക്കണമെങ്കിൽ ആദ്യം നാം അതിനെ അറിയണം. ഇവിടെ ആദ്യം നാം അറിഞ്ഞത് ദൈവസ്നേഹം ആകുന്നു അഥവാ **"ദൈവം സ്നേഹം തന്നെ"** എന്നാണ്. കാരണം **"അറിഞ്ഞും വിശ്വ സിച്ചും"** (egnōkamen - pepisteukamen) എന്നുള്ള ക്രിയാപദങ്ങളുടെ

ക്രമവും ഊന്നലും അനുസരിച്ച് അറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് നാം വിശ്വസിച്ചത് എന്നും ആദ്യം അറിവും പിന്നെ വിശ്വാസവും ഉണ്ടായി എന്നും വരുന്നു. യേശുക്രിസ്തുവിലൂടെ നാം അറിഞ്ഞ ദൈവം **"സ്നേഹം തന്നെ"** അഥവാ സ്നേഹം ആകുന്നു. അതു കൊണ്ട് ഈ ദൈവത്തെ ഏറ്റുപറഞ്ഞ് വിശ്വസിക്കുന്നവരിൽ സ്നേഹ സ്വഭാവം വെളിപ്പെടണം.

ഇവിടെ **"ദൈവം സ്നേഹം തന്നെ"** എന്ന പ്രസ്താവന ദൈവ ത്തിന്റെ ആളത്വത്തിന്റെ സ്ഥിരമായ അന്തസത്തയെയാണ് സൂചിപ്പിക്കു ന്നത് (c.f. 4:8). മാത്രമല്ല, ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള അപ്പൊസ്തലിക സാക്ഷ്യം വിശ്വസിക്കുന്നവർക്ക് ദൈവവുമായി കൂട്ടായ്മ ഉണ്ടെന്നും യോഹന്നാൻ പറയുന്നു. അതുകൊണ്ടാണ് **"സനേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു; ദൈവം അവനിലും വസിക്കുന്നു"** എന്ന് തുടർന്നും പറയുന്നത് (16b) അർത്ഥാൽ, സ്നേഹം വെളിപ്പെടുത്തുന്ന പ്രകൃതമുള്ള ഏതൊ രുവനും എപ്പോഴും ദൈവവുമായി കൂട്ടായ്മ ബന്ധമുണ്ട്.

ദൈവം വെളിച്ചമായതുകൊണ്ട് ദൈവത്തോടുള്ള കൂട്ടായ്മക്ക് ദൈവികവിശുദ്ധിയും ജീവനും ആവശ്യമായിരിക്കുന്നതുപോലെ നീതി മാനായ ദൈവത്തോടുള്ള കൂട്ടായ്മക്ക് നീതിയുള്ള ജീവിതം ആവശ്യ മായിരിക്കുന്നതുപോലെ, സ്നേഹം ആകുന്ന ദൈവവുമായി കൂട്ടായ്മ യിൽ ആയിരിക്കുവാൻ വിശ്വാസികൾക്ക് അന്യോന്യം സ്നേഹിക്കുന്ന ജീവിതം ആവശ്യമാണ്.

ദൈവിക സ്നേഹംകൊണ്ട് സ്നേഹിക്കുന്നവർ ദൈവത്തിൽ വസി ക്കുന്നു. ദൈവം അവനിലും വസിക്കുന്നു. ദൈവത്തിൽ വസിക്കുന്ന തിലൂടെ അവർ തുടർന്നും തന്റെ സ്നേഹം അനുഭവിക്കുന്നു. എന്നാൽ പ്രവൃത്തിയിലൂടെ പ്രസ്തുതസ്നേഹം വെളിപ്പെടുത്തുന്നു. കാരണം, യഥർത്ഥ വിശ്വാസികൾക്കു മാത്രമേ ദൈവികസ്നേഹത്തിലൂടെ അന്യോന്യം സ്നേഹിക്കുവാൻ കഴിയുകയുള്ളൂ.

പിതാവ് പുത്രനെ ലോകരക്ഷിതാവായി അയച്ചുവെന്ന് വിശ്വസി ക്കയും യേശുതന്നെ ദൈവപുത്രൻ എന്ന് ഏറ്റുപറയുകയും ചെയ്യുന്നത് ദൈവത്തിൽ വസിക്കുന്നതിന്റെ അഥവാ ദൈവികകൂട്ടായ്മയുള്ള നിത്യ ജീവന്റെ അടയാളമാണ്.

3. **ദൈവിക സ്നേഹം ന്യായവിധിയിൽ ധൈര്യം തരുന്ന സ്നേഹം ആകുന്നു (1 യോഹ. 4:17-19)**

ദൈവിക സ്നേഹത്തിന്റെ മൂന്നാമത്തെ പ്രവൃത്തി അത് ന്യായ വിധിദിവസത്തിൽ ദൈവസന്നിധിയിൽ നമുക്ക് ധൈര്യം തരുന്ന സ്നേഹം ആകുന്നു എന്നതാണ്. അതുകൊണ്ടാണ് "**ന്യായവിധി ദിവസത്തിൽ നമുക്ക് ധൈര്യം ഉണ്ടാകുവാൻ തക്കവണ്ണം ഇതി നാൽ ദൈവസ്നേഹം നമ്മോട് തികഞ്ഞിരിക്കുന്നു...**" (വാ. 17) എന്ന് പറയുന്നത്.

ഇവിടെ, നമുക്ക് ധൈര്യം "**ഉണ്ടാകുവാൻ തക്കവണ്ണം**" എന്നത് വ്യാകരണപ്രകാരം (echōmen - ingressive future present) ഇപ്പോൾ ആരം ഭിച്ചതും ഭാവിയിൽ പൂർണ്ണമായി അനുഭവിക്കുന്നതുമായ ധൈര്യത്തെ സൂചിപ്പിക്കുന്നു.

ഒരു ന്യായാധിപന്റെ മുമ്പിൽ നില്ക്കുമ്പോൾ താൻ വിധിക്കപ്പെ ടുയോ ശിക്ഷിക്കപ്പെടുകയോ ഇല്ലെന്നുള്ള ബോധ്യത്തിൽനിന്നുണ്ടാ കുന്ന ധൈര്യമാണിത് (1 കൊരി. 11:29-32 c.f. എബ്രാ. 10:27). ഈ ലോക ത്തിന്റെ മേൽ വരുന്ന ന്യായവിധിയിൽ അകപ്പെടുകയില്ലെന്ന ഉറച്ച ബോധ്യമാണ് ഇതിനുപിന്നിലുള്ളത് (യോഹ. 2:28; 3:21). കാരണം, ന്യായവിധി ദിവസത്തിൽ എല്ലാ മനുഷ്യരും തങ്ങൾക്കു ലഭിച്ച ജീവിതം എന്ന ദൈവികദാനം എങ്ങനെ വിനിയോഗിച്ചു എന്നതിന് ദൈവത്തിന് കണക്ക് കൊടുക്കേണ്ടിവരും. അത് വീണ്ടും ജനിച്ചവർക്കും (റോമർ 14:10-12; 2 കൊരി. 5:10) വീണ്ടും ജനിക്കാത്തവർക്കും ഉണ്ട് (മത്തായി 25:31-46; അപ്പൊ. 17:31; വെളി. 20:11-15) എന്നാൽ വ്യത്യസ്തനിലയിലും വ്യത്യസ്ത സ്ഥലത്തും വ്യത്യസ്ത സമയത്തും വ്യത്യസ്ത ആവശ്യ ത്തിനും വേണ്ടിയാണ്. ഇങ്ങനെയുള്ള ന്യായവിധി ദിവസത്തിൽ ദൈവ സന്നിധിയിൽ നിവർന്നുനില്ക്കുവാനുള്ള ധൈര്യമാണ് ഇവിടത്തെ വിഷയം (1 യോഹ. 2:28; 3:21). എന്നാൽ ഇവിടെ പറയുന്ന ന്യായവിധി നീതിമാന്മാർ അഭിമുഖീകരിക്കേണ്ടതല്ല, മറിച്ച് അധർമ്മികൾ അഭിമു ഖീകരിക്കേണ്ടതാണ് (krima as opposed to bēma).

തുടർന്ന് ഇവിടെ "**ഇതിനാൽ**" എന്നതുകൊണ്ട് "**സ്നേഹ ത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിലും വസിക്കുന്നു**" (വാ. 16) എന്ന യാഥാർത്ഥ്യത്തിന്റെ

അടിസ്ഥാനത്തിൽ, "**സ്നേഹം നമ്മോട് തികഞ്ഞിരിക്കുന്നു**" എന്ന് യോഹന്നാൻ പറയുന്നു.

ഇവിടെ "**തികഞ്ഞിരിക്കുന്നു**" എന്നത് വ്യാകരണപ്രകാരം (teteleiōtai - intensive perfect) വിശ്വാസിയിൽ ഇപ്പോഴുള്ള സഹോദര സ്നേഹം ദൈവം നമ്മിൽ മുൻപ് പകർന്ന ദൈവസ്നേഹത്തിന്റെ ഫലത്തെയാണ് സൂചിപ്പിക്കുന്നത്. വിശ്വാസികൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിലൂടെ നമ്മിലുള്ള ദൈവസ്നേഹവും നമുക്കു വേണ്ടിയുള്ള ദൈവസ്നേഹവും അതിന്റെ ലക്ഷ്യത്തിൽ എത്തിയിരിക്കുന്നതായി കാണുന്നു. കാരണം ദൈവസ്നേഹം നമ്മുടെ കാഴ്ചപ്പാടിലൂടെയോ അറിവിലൂടെയോ അല്ല തികയപ്പെടുന്നത്. മറിച്ച് നാം ദൈവികസ്നേഹം അന്യോന്യം വെളിപ്പെടുത്തുന്നതിലൂടെയാണ്. അങ്ങനെ നോക്കുമ്പോൾ ഒരു വിശ്വാസി ദൈവസ്നേഹം വെളിപ്പെടുത്തുമ്പോഴെല്ലാം ദൈവസ്നേഹം അതിന്റെ ലക്ഷ്യത്തിൽ എത്തുന്നു (1 യോഹ. 4:12,13,16).

സ്നേഹത്തിന്റെ ത്രിമാനമുഖം - ദൈവം നമ്മെ സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കുന്നു. നാം ദൈവമക്കളെ സ്നേഹിക്കുന്നു എന്നതാണ്. അതുകൊണ്ട് അന്യോന്യമുള്ള സഹോദരസ്നേഹം നാം ദൈവത്തെ സ്നേഹിക്കുന്നതിന്റെയും ദൈവം നമ്മെ സ്നേഹിച്ചതിന്റെയും തെളിവാകുന്നു.

ഇക്കാര്യത്തിൽ "**അവൻ ഇരിക്കുന്നതുപോലെ ഈ ലോകത്തിൽ നാമും ഇരിക്കുന്നു**" എന്നാണ് യോഹന്നാൻ പറയുന്നത് (c.f. യോഹ. 14:21; 15:9; 16:27).

ദൈവികസ്നേഹം വെളിപ്പെടുത്തുന്ന വിശ്വാസികൾക്ക് ന്യായവിധി ദിവസത്തിൽ ധൈര്യം ഉണ്ടാകുവാനുള്ള കാരണം, യേശു തന്റെ ഐഹികജീവിതത്തിൽ ദൈവസ്നേഹം സ്വീകരിച്ച് വെളപ്പെടുത്തി ജീവിച്ചതുപോലെ (estin - equative) ഇപ്പോൾ നാമും ഇവിടെ ദൈവസ്നേഹം സ്വീകരിച്ചും ദൈവസ്നേഹം വെളിപ്പെടുത്തിയും ജീവിക്കുന്നു (esmen - equative present) എന്നതാണ്. പിതൃസ്നേഹത്തിൽ വസിച്ചതിനാൽ അവന് പിതാവിനെ ഭയക്കേണ്ടതായ ആവശ്യമില്ലായിരുന്നതുപോലെ പിതൃസ്നേഹത്തിൽ വസിക്കുന്നതിനാൽ നമുക്കും പിതാവിനെ ഭയപ്പെടേണ്ടതില്ല. ക്രിസ്തു ഇവിടെ ആയിരുന്നപ്പോൾ ശിഷ്യന്മാരെ സ്നേഹിച്ചതുപോലെ, വിശ്വാസികൾ ഇവിടെ സഹോദ

രന്മാരെ സ്നേഹിക്കുന്നതുകൊണ്ട് ന്യായവിധി ദിവസത്തിൽ ദൈവത്തെ അഭിമുഖീകരിക്കേണ്ടതിൽ അവർക്കു ഭയമില്ല. അതുകൊണ്ടാണ്. "**സ്നേഹത്തിൽ ഭയമില്ല**" (വാ. 18) എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്.

എന്നാൽ "**സ്നേഹത്തിന് ഭയമില്ല**" എന്നത് ഇവിടെ വ്യാകരണ പ്രകാരം (estin - gnomic present) ദൈവികസ്നേഹം വെളിപ്പെടുത്തുന്ന ഏതൊരു വ്യക്തിയുടെയും എപ്പോഴുമുള്ള അവസ്ഥയെ സൂചിപ്പിക്കുന്നു. എങ്കിലും അവന്റെ പ്രത്യക്ഷതയിൽ ചിലർ ലജ്ജിതരാവുകയും ഭയപ്പെടുകയും ചെയ്യും. കാരണം, ഇവിടെ പറയുന്ന "**ഭയം**" (phobos) ബഹുമാനത്തിൽനിന്നുള്ള ഭയമല്ല, മറിച്ച് കുറ്റവാളികളുടെയും അടിമകളുടെയും ഭീതിയാണ് (c.f. റോമർ 8:15). എന്നാൽ യഥാർത്ഥ വിശ്വാസികളുടെ ഇടയിൽ അന്യോന്യമുള്ള സ്നേഹത്തിലൂടെ ദൈവസ്നേഹം തികഞ്ഞിരിക്കുന്നതിനാൽ ന്യായവിധിയുടെ ഭയത്തിന് അവരിൽ ഇടമില്ല. കാരണം, അവർ ഇപ്പോൾ ദൈവത്തെ ന്യായാധിപതി എന്ന നിലയിലല്ല, മറിച്ച് പിതാവ് എന്ന നിലയിലാണ് അറിയുന്നത്. അതുകൊണ്ട് അവർക്കു ഭയപ്പെടേണ്ടതായ ആവശ്യമില്ല. നമ്മിൽ വസിക്കുന്ന ദൈവസ്നേഹവും ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ നല്കുന്നതുകൊണ്ട് (വാ. 17) അത് ന്യായവിധിയുടെ ഭയത്തെയും അതിന്റെ തോന്നലുകളെയും പുറത്താക്കി കളയുന്നു (വാ. 18). കാരണം ദൈവസ്നേഹം ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രതിഫലിപ്പിക്കുമ്പോൾ അത് ന്യായവിധിയെക്കുറിച്ച് ഭയപ്പെടുത്താതെ ധൈര്യത്തോടെ ദൈവത്തെ അഭിമുഖീകരിക്കുവാൻ ശക്തിപ്പെടുത്തുന്നു. അതുകൊണ്ടാണ് "**തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കികളയുന്നു**" (വാ. 18) എന്ന് യോഹന്നാൻ പറയുന്നത്. വ്യാകരണപ്രകാരം "**പുറത്താക്കിക്കളയുന്നു**" (ballei - gnomic present) എന്ന യാഥാർത്ഥ്യം തികഞ്ഞ സ്നേഹമുള്ള എല്ലാവർക്കും എപ്പോഴും അങ്ങനെയാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു.

എന്നാൽ "**ഭയത്തിന് ദണ്ഡനം ഉള്ളതിനാൽ**" എന്നതിലൂടെ അന്യോന്യം ദൈവസ്നേഹം വെളിപ്പെടുത്താത്ത മനുഷ്യന്റെ അനന്തരഫലത്തെക്കുറിച്ചുള്ള അഥവാ നിത്യന്യായവിധിയുടെ ശിക്ഷയെ ഓർത്തുള്ള ഭയത്തെയാണ് യോഹന്നാൻ സൂചിപ്പിക്കുന്നത് (വാ. 17). ഈ നിലയിൽ ഭയപ്പെടുന്ന വ്യക്തിയിൽ വീണ്ടും ജനനം സംഭവിക്കാത്തതിനാൽ ശിക്ഷ ഉറപ്പാണ് (മത്തായി 25:46; റോമർ 1:18-19; 2:5; എഫെ.

2:1–3; 1 തെസ്സ. 1:10; 5:9–10). കാരണം, **“ഭയപ്പെടുന്നവൻ സ്നേഹ ത്തിൽ തികഞ്ഞവനല്ല”** എന്ന് യോഹന്നാൻ മുന്നറിയിപ്പു നല്കുന്നു. വ്യാകരണപ്രകാരം (phoboumenos - gnomic present) ഇവിടെ ഭയപ്പെ ടുന്ന ഏവനും എപ്പോഴും അങ്ങനെതന്നെയാകുന്നു. വിശ്വാസിയിൽ ദൈവസ്നേഹത്തിന്റെ വെളിപ്പെടൽ അതിന്റെ പൂർണ്ണതയിൽ എത്തു മ്പോൾ, അത് ലോകത്തിന്മേൽ വരുന്ന ന്യായവിധിയിലും അവിശ്വാ സികളുടെമേൽ വരുന്ന ന്യായവിധിയിലും നമുക്ക് ധൈര്യം നല്കു ന്നുവെങ്കിലും അതിന്റെ അഭാവം ഭയത്തിന് കാരണമാകുന്നു.

### 4. ദൈവികസ്നേഹം ലോകത്തെ ജയിക്കുന്ന സ്നേഹം ആകുന്നു (4:19–5:5)

a. ദൈവികസ്നേഹത്തിന് നമുക്കുള്ള കാരണം (4:19–20)

**“അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹി ക്കുന്നു”** (വാ. 19) എന്ന് ഏറ്റുപറഞ്ഞുകൊണ്ട്, യോഹന്നാൻ തുടർന്ന് സ്നേഹപ്രവൃത്തിയുടെ ആരംഭത്തെക്കുറിക്കുന്നു (യോഹ. 3:16; റോമർ 5:6–8). നാം ദൈവത്തെയും ദൈവമക്കളെയും സ്നേഹിക്കുന്ന സ്വഭാവ മുള്ളവരായിരിക്കുന്നതിന്റെ (agapōmen - customary present) അടി സ്ഥാനകാരണം അഥവാ നിധാനം അവൻ ആദ്യം നമ്മെ സ്നേഹിച്ചു എന്നതാണ് (ēgapēsen - constative aorist). ഇത് ചരിത്രപരമായി ദൈവ ത്തിന്റെ ഏറ്റവും വലിയ കാരുണ്യപ്രവൃത്തിയെ സൂചിപ്പിക്കുന്നു. ഇവിടെ **“അവൻ”** പിതാവായ ദൈവത്തെ സൂചിപ്പിക്കുന്നതുകൊണ്ട് നമുക്ക് സ്നേഹിക്കുവാനുള്ള മാതൃക ദൈവമാണ്. മാത്രമല്ല, സ്വഭാവം പിതൃത്വത്തെ വെളിപ്പെടുത്തുന്നതുകൊണ്ട് നാം നമ്മുടെ സ്വർഗ്ഗീയ പിതാവിനെപ്പോലെ പെരുമാറണം. മനുഷ്യനെ ആദ്യം സ്നേഹിച്ചത് ദൈവമാണ്. അതിനോടുള്ള സ്വാഭാവിക പ്രതികരണമാണ് അന്യോ ന്യമുള്ള സ്നേഹം.

എന്നാൽ **“ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറ കയും തന്റെ സഹോദരനെ പകക്കയും ചെയ്യുന്നവൻ കള്ള നാകുന്നു”** (വാ. 20).

കഴിവുള്ളപ്പോൾ സഹവിശ്വാസിയുടെ ആവശ്യങ്ങളിൽ താല്പ ര്യമില്ലാതിരിക്കുകയും അവന് സഹായം ചെയ്യാതിരിക്കുകയും ചെയ്യു

ന്നതിനാണ് പകക്കുക എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് (3:17). കാരണം പകക്കുക എന്നത് സ്നേഹിക്കുന്നതിന് എതിരാണ്. തന്നെയുമല്ല **"പകക്കുകയും ചെയ്യുന്നവൻ"** എന്നതിലൂടെ വ്യാകരപ്രകാരം (misē - gnomic present) പകക്കുന്ന പ്രകൃതമുള്ള ഏതൊരു കപട അവകാശവാദിയെയും ഇവിടെ സൂചിപ്പിക്കുന്നു.

ദൈവത്തെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുകയും എന്നാൽ ദൈവത്താൽ സ്നേഹിക്കപ്പെട്ട സഹോദരന്റെ നന്മയിലും ക്ഷേമത്തിലും താല്പര്യമില്ലാതിരിക്കയും ചെയ്യുന്നവൻ ലേഖകന്റെ ദൃഷ്ടിയിൽ **"കള്ളനാകുന്നു."** ഇവിടെ വ്യാകരണപ്രകാരം (estin - gnomic present) ഇതുപോലെ വ്യാജ അവകാശവാദം ഉയർത്തുന്ന എല്ലാവരും എപ്പോഴും അങ്ങനെതന്നെയാണ്.

കാരണം, **"താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതല്ല."** അർത്ഥാൽ, ഇത് പൊതുവിൽ അസാധ്യമായ കാര്യമാകുന്നുവെന്ന് യോഹന്നാൻ തുടർന്ന് പറയുന്നു. കാരണം, **"താൻ കണ്ടിട്ടുള്ള സഹോദരനെ"** എന്നത് വ്യാകരണത്തിൽ (heōraken - gnomic and extensive perfect) മുൻപു മുതൽ ഇതുവരെ കണ്ടുവന്ന സ്ഥിരമായ ഒരു അവസ്ഥയെ സൂചിപ്പിക്കുമ്പോൾ, **"കണ്ടിട്ടില്ലാത്ത ദൈവത്തെ"** എന്നത് മുൻപു മുതൽ ഇതുവരെ കണ്ടിട്ടില്ലാത്ത സ്ഥിരമായ ഒരു അവസ്ഥയെ ഇവിടെ സൂചിപ്പിക്കുന്നു. അർത്ഥാൽ, അദൃശ്യനായ ദൈവത്തെ സ്നേഹിക്കുന്നതിലും വളരെ എളുപ്പമാണ് ദൃശ്യനായ മനുഷ്യനെ സ്നേഹിക്കുവാൻ; എന്നാൽ സ്നേഹിക്കുവാൻ എളുപ്പമുള്ള മേഖലയിൽ പരാജയപ്പെടുന്ന മനുഷ്യന് സ്നേഹിക്കുവാൻ പ്രയാസമുള്ള മേഖലയിൽ വിജയിക്കുവാൻ കഴിയാത്തതിനാൽ ഈ മനുഷ്യന്റെ അവകാശവാദം വ്യാജമാണെന്നാണ് യോഹന്നാൻ ഇതിലൂടെ ഉദ്ദേശിക്കുന്നത്.

കാരണം, താൻ കണ്ടിട്ടുള്ള സഹോദരനെ **"സ്നേഹിക്കാത്തവൻ"** എന്നതുകൊണ്ട് സ്നേഹിക്കുവാൻ പരിശ്രമിച്ച് പരാജയപ്പെട്ടവനെയല്ല യോഹന്നാൻ സൂചിപ്പിക്കുന്നത്. മറിച്ച്, തന്നിൽ ദൈവിക സ്നേഹം ഇല്ലാത്തതുകൊണ്ട് സഹോദരനെ സ്നേഹിക്കുന്നതിനുള്ള കഴിവില്ലായ്മയും മനസ്സില്ലായ്മയുമാണ് സൂചിപ്പിക്കുന്നത് (c.f.

മർക്കൊസ് 12:29-31). ഇവിടെ പരാമർശിച്ചിട്ടുള്ള ലംബവും തിരശ്ചീനവുമായ രണ്ടുവിധ സ്നേഹവും ദൈവത്തിൽനിന്നുതന്നെയാണ് ഉത്ഭവിക്കുന്നത് (1 യോഹ. 4:7-8). അതുകൊണ്ടാണ് അതില്ലാത്തവൻ **"കള്ളനാകുന്നു"** എന്ന് യോഹന്നാൻ പറയുന്നത്.

b. ദൈവിക സ്നേഹത്തിന് നമുക്കുള്ള കല്പന (4:21)

സ്നേഹത്തിന്റെ മാനുഷികവും ദൈവികവുമായ ഘടകത്തെ വേർപിരിക്കുവാൻ കഴിയാത്തതുകൊണ്ടാണ് **"ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നീ കല്പന നമുക്ക് അവങ്കൽനിന്ന് ലഭിച്ചിരിക്കുന്നു"** എന്ന് പറയുന്നത്. വ്യാകരണപ്രകാരം (echomen - customary present) സ്നേഹിക്കുവാനുള്ള കല്പന വിശ്വാസികൾക്ക് എപ്പോഴും ഉള്ളതായി ഇവിടെ കാണുന്നു. സാർവ്വത്രികമായി, ദൈവത്തെ സ്നേഹിക്കുന്ന ഏതൊരുവനും എപ്പോഴും ബാധകമായ പൊതുവായ ഒരു തത്വമാണിത്. കാരണം, ദൈവസ്നേഹം സ്വീകരിക്കുന്നതിന്റെ അന്യോന്യമുള്ള കടപ്പാട് അഥവാ, ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്ന പ്രതികരണം നാം ദൈവത്തെ സ്നേഹിക്കണം എന്നുമാത്രമല്ല, മറിച്ച് തന്നോടുകൂടെ തന്റെ ജനത്തെയും സ്നേഹിക്കേണം എന്നതാണ്. ഇതൊരു ധാർമ്മിക കടപ്പാട് മാത്രമല്ല കല്പന കൂടിയാണെന്ന് യോഹന്നാൻ പ്രത്യേകം പറയുന്നു.

ഇവിടെ **"അവങ്കൽനിന്ന്"** എന്നതുകൊണ്ട് ഒന്നുകിൽ ദൈവത്തിൽനിന്ന് (മത്തായി 22:37-39; 1 യോഹ. 3:22-24) അല്ലെങ്കിൽ ദൈവപുത്രനിൽനിന്ന് (യോഹ. 13:34,35; 15:12) ലഭിച്ചിരിക്കുന്നു എന്നാണർത്ഥം.

c. ദൈവികസ്നേഹത്തിന് നമുക്കുള്ള കഴിവ് (5:1)

**"യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു"** (5:1) എന്നു പറഞ്ഞുകൊണ്ട് വീണ്ടും ജനനത്തിന്റെ മറ്റൊരു ഫലത്തിലേക്കാണ് യോഹന്നാൻ അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. വ്യാകരണപ്രകാരം **"വിശ്വസിക്കുന്നവൻ"** (pisteuōn - gnomic present with customary present force) എന്നതുകൊണ്ട് ഇവിടെ എക്കാലത്തും വിശ്വസിക്കുന്ന സ്വഭാവുമുള്ള ഏതൊരുവനും അതിൽ ഉൾപ്പെടുന്നു. എന്നാൽ യേശു

ക്രിസ്തുവിന്റെ വ്യക്തിത്വത്തെയും പ്രവൃത്തിയെയും നിഷേധിക്കുന്ന ഉപദേശമായിരുന്നു അക്കാലത്തെ ജ്ഞാനവാദികളുടേത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ജീവനായ (ജീവനുള്ള) ദൈവത്തിൽനിന്നാണ് എല്ലാ ആത്മിക ജനനവും ജീവിതവും ഉത്ഭവിക്കുന്നത്. ദൈവം നിത്യനായതുകൊണ്ട് ദൈവത്തിൽനിന്നും ഉത്ഭവിക്കുന്ന ജീവനും നിത്യമാണ്. യേശുവിനെ ക്രിസ്തു എന്ന് വിശ്വസിച്ചവരാണ് ദൈവത്തിൽനിന്നും ജനിച്ചവർ. കാരണം, ദൈവത്തിൽനിന്നും ജനിക്കുന്നതിന് ശരിയായ വിശ്വാസം ആവശ്യമാണ്. ദൈവവുമായി കൂട്ടായ്മ ആചരിക്കുവാൻ യേശുക്രിസ്തുവിനെക്കുറിച്ച് ബുദ്ധിപരമായി ചില കാര്യങ്ങൾ മനസ്സിലാക്കിയാൽ മാത്രംപോരാ, മറിച്ച് യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുകയും രക്ഷയ്ക്കായി അവനിൽ ആശ്രയിക്കുകയും വേണം.

എന്നാൽ ഇവിടെ **“യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവനെല്ലാം”** ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു എന്നു പറയുന്നതിലൂടെ ദൈവപുത്രനായ യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുവാനുള്ള ദൈവത്തിന്റെ സാർവ്വത്രിക ആഹ്വാനവും വ്യവസ്ഥയുമാണ് വീണ്ടും ജനനത്തിന്റെ അടിസ്ഥാനം എന്നു തെളിയുന്നു (യോഹ. 1:12; 3:36; 1 തിമൊ. 2:4). തന്നെയുമല്ല, ഈ വാക്യാംശം, ദൈവപുത്രനായ യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിന്റെ ആവശ്യത്തെയാണ് സൂചിപ്പിക്കുന്നത് (1 യോഹ. 2:22; 4:15; 5:5). എന്നാൽ ദൈവപുത്രനിലുള്ള തുടർമാന വിശ്വാസവും ഇവിടെ വിഷയമാണ്. കാരണം, വ്യാകരണപ്രകാരം **“വിശ്വസിക്കുന്നവനെല്ലാം”** (pisteuōn - gnomic present with customary force) എന്നതിലൂടെ, ക്രിസ്തു എന്നു വിശ്വസിക്കുന്ന സ്വഭാവമുള്ള ഏതൊരുവനെയുമാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതുകൊണ്ട്, **“യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവനെല്ലാം ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നു”** എന്നതിലൂടെ വീണ്ടും ജനിച്ച ഒരു വ്യക്തിക്ക് ദൈവപുത്രനായ യേശുവിനെക്കുറിച്ച് ഇപ്പോഴും എപ്പോഴുമുള്ള ഉറച്ച നിലപാടിനെയാണ് യോഹന്നാൻ ഇവിടെ ഊന്നി പറയുന്നത്. ഇവിടെ ദൈവത്തിൽനിന്നും **“ജനിച്ചിരിക്കുന്നു”** എന്നത് വ്യാകരണപ്രകാരം (gegennētai - gnomic and extensive perfect with intensive force) ജനിച്ചിരിക്കുന്നു എന്നുള്ള പൂർത്തിയായ ഒരു പ്രവൃ

ത്തിയുടെ ഇപ്പോഴുള്ള ഫലത്തെയും ഈ ഫലത്തിന്റെ മുൻകാരണ ത്തെയുമാണ് സൂചിപ്പിക്കുന്നത്. അർത്ഥാൽ, ഒരിക്കൽ യേശുവിനെ ക്രിസ്തു എന്നു വിശ്വസിച്ച് ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്ന എല്ലാ വരും അതിന്റെ ഫലമായി യേശുവിനെ ക്രിസ്തു എന്നു തുടർമാന മായി വിശ്വസിക്കുന്ന സ്വഭാവമുള്ളവനായിരിക്കുന്നു. കാരണം, വിശ്വാസം വീണ്ടും ജനനത്തിനുള്ള വ്യവസ്ഥയായിരിക്കുന്നതുപോലെ (യോഹ. 1:12) തുടർമാനവിശ്വാസം വീണ്ടും ജനനത്തിന്റെ ഫലമായി രിക്കുന്നു.

മാത്രമല്ല, **"ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവ നിൽനിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു"** എന്നാണ് യോഹ ന്നാൻ തുടർന്നു പറയുന്നത്. ഇവിടെ **"സ്നേഹിക്കുന്നവൻ എല്ലാം"** എന്നതിലൂടെ വ്യാകരണപ്രകാരം (agapōn - gnomic with customary present) എക്കാലത്തും സ്നേഹിക്കുന്ന സ്വഭാവമുള്ള എല്ലാവരെയു മാണ് സൂചിപ്പിക്കുന്നത്.

ഒരാൾ സ്വന്തം പിതാവിനെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ മറ്റ് മക്കളെയും സ്നേഹിക്കുന്നത് സ്വഭാവികമായിരിക്കുന്നതുപോലെ, ദൈവത്തിൽനിന്നും **"ജനിച്ചിരിക്കുന്നു"** എന്ന മുൻ പ്രവൃത്തിയുടെ ഫലമായി ദൈവത്തിൽനിന്ന് **"ജനിച്ചവനെയും സ്നേഹിക്കുന്നു"** എന്ന പ്രവൃത്തി തുടരുന്നതിനെയാണ് ഇതു സൂചിപ്പിക്കുന്നത് (1 യോഹ. 2:29, 3:9; 4:7).

കാരണം, നമ്മുടെ ആത്മികജനനം ആത്മികകുടുംബത്തിലേക്ക് ജനിച്ച മറ്റു വിശ്വാസികളോടുള്ള സ്നേഹത്തിലൂടെയാണ് വെളിപ്പെടു ന്നത്, അങ്ങനെ പറയുന്നതിലൂടെ ഒരാളുടെ വിശ്വാസവും പ്രവൃത്തിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് യോഹന്നാൻ ഇവിടെ സൂചി പ്പിക്കുന്നത്. കാരണം, ദൈവഭവനത്തിലെ ഓരോ അംഗവും സ്നേഹി ക്കുവാൻ മാത്രം ജനിച്ചതല്ല, സ്നേഹിക്കപ്പെടുവാനുംകൂടി ജനിച്ചതാണ്.

d. ദൈവികസ്നേഹത്തിന് നമുക്കുള്ള തെളിവ് (5:2–5)

**i.** കല്പന പ്രമാണിക്കുന്നു (2–3)

**"നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ അനു സരിച്ച് നടക്കുമ്പോൾ ദൈവമക്കളെ സ്നേഹിക്കുന്നു എന്ന് അതിനാൽ അറിയാം"** (5:2).

ഇവിടെ **"അറിയാം"** എന്നത് വ്യാകരണപ്രകാരം (ginōskomen - customary present) ഒരു വിശ്വാസിക്ക് അവകാശമാക്കാൻ കഴിയുന്ന തുടർമാനമായ അറിവാണ്. മറ്റൊരു നിലയിൽ പറഞ്ഞാൽ, അനുഭവത്തിലൂടെ അറിവ് അവകാശമാക്കുന്ന സ്വഭാവത്തെ ഇത് സൂചിപ്പിക്കുന്നു. വേദശാസ്ത്രപരമായ അറിവിനെയാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്.

അതുപോലെ, **"നാം ദൈവത്തെ സ്നേഹിച്ച് അവന്റെ കല്പനകളെ അനുസരിച്ച് നടക്കുമ്പോൾ"** എന്നത് വ്യാകരണപ്രകാരം (poiōmen - customary present) തുടർമാനമായി അനുസരിക്കുന്ന, പാലിക്കുന്ന, ചെയ്യുന്ന സ്വഭാവത്തെ ഇവിടെ സൂചിപ്പിക്കുന്നു. അതായത് ദൈവത്തെ സ്നേഹിക്കുന്ന സ്വഭാവത്തിലൂടെയും ദൈവകല്പനയോടുള്ള അനുസരണസ്വഭാവത്തിലൂടെയും നാം ദൈവജനത്തെ സ്നേഹിക്കുന്നുവെന്ന് നമുക്ക് തിരിച്ചറിയാൻ കഴിയും (1 യോഹ. 2:7-11; 4:7-20). എന്നാൽ ദൈവമക്കളോടുള്ള നമ്മുടെ സ്നേഹം ദൈവത്തോടുള്ള സ്നേഹത്തിലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ദൈവത്തോടുള്ള സ്നേഹത്തെ ദൈവജനത്തോടുള്ള സ്നേഹത്തിൽനിന്നും വേർപിരിക്കാനാവില്ല. അവയെ ചേർത്ത് പറഞ്ഞിരിക്കുന്നത് ഒരു പഴയനിയമശൈലിയാണ് (ആവ. 6:2,5; 10:12; 11:1; 11:13; 13:22; യോശുവ 22:5; യോഹ. 14:15,21). മാത്രമല്ല സ്നേഹത്തിന്റെ പുതിയ നിയമപ്രകാരം ജീവിക്കുന്നതിനാണ് അവന്റെ കല്പനകൾ പ്രമാണിക്കുക എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് (2:3-11).

അതുകൊണ്ടാണ്, **"അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം"** എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്. **"പ്രമാണിക്കുന്നത്"** ഇവിടെ വ്യാകരണപ്രകാരം (tēirōmen - customary present) ദൈവകല്പനകൾ പ്രമാണിക്കുന്ന, അനുസരിക്കുന്ന സ്വഭാവത്തെ സൂചിപ്പിക്കുന്നു. കാരണം, യഥാർത്ഥ സ്നേഹം ഒരു നല്ല തോന്നലല്ല, ഒരു അനുഭവമല്ല, ഒരു ശുഭാശംസയുമല്ല. മറിച്ച്, ദൈവസ്നേഹത്തോട് വിശ്വാസിയുടെ ഭാഗത്തുനിന്നുണ്ടാകുന്ന ശരിയായ ഒരു പ്രതികരണമാണ്. അതിൽ വിശ്വാസവും സ്നേഹവും പ്രധാനഘടകങ്ങളാണ്. ദൈവത്തിന്റെ കല്പനകളിൽ പ്രഥമസ്ഥാനമാണ് സ്നേഹിക്കുവാനുള്ള കല്പനക്കുള്ളത് (1 യോഹ. 2:3,4,5; 3:22-23; 2 യോഹ. 1:6 c.f. യോഹ. 14:15,21,23; 15:10).

ദൈവത്തിന്റെ കല്പനകളെ പ്രമാണിക്കുന്ന സ്വഭാവത്തിലൂടെയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രദർശിപ്പിക്കുന്നത് (യോഹ. 14:23-24) എങ്കിലും **"അവന്റെ കല്പനകൾ ഭാരമുള്ളവയല്ല"** (ആവർത്തനം 30:11-15; മത്തായി 11:28-30 c.f. 23:4; അപ്പൊ. 15:10) എന്ന് യോഹന്നാൻ തുടർന്ന് പറയുന്നു.

ഇവിടെ **"കല്പനകൾ"** എന്നത് യോഹന്നാൻ ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് അന്യോന്യം സ്നേഹിക്കുക എന്ന ഒരു കല്പന മാത്രമല്ല, മറിച്ച് ദൈവഹിതത്തെ അതിന്റെ പൂർണ്ണതയിലാണ് ലേഖകൻ ഉദ്ദേശിക്കുന്നത്.

നമുക്ക് ദൈവത്തോടുള്ള സ്നേഹം ദൈവകല്പനകൾ അനുസരിക്കുന്നതിലൂടെയാണ് വെളിപ്പെടുത്തേണ്ടത് (യോഹ. 14:15,21; 15:12). എന്നാൽ ദൈവം നമ്മോട് പ്രയാസമുള്ളതോ ഭാരമുള്ളതോ സങ്കീർണ്ണമായതോ യാതൊന്നും ചോദിക്കുന്നില്ല. മറിച്ച് ലളിതമായതും ആയാസകരമായതും മാത്രമാണ് ചോദിക്കുന്നത്. അതായത്, യജമാനനും ഉടയവനും എന്നനിലയിൽ ദൈവത്തെ ഭയപ്പെട്ട് അനുസരിക്കുവാനും ദൈവികസ്നേഹം ലഭിച്ചവർ എന്നനിലയിൽ അന്യോന്യം സ്നേഹിക്കുവാനും. കാരണം, ദൈവം തന്നെയാണ് ഈ കല്പനകൾ അനുസരിക്കുവാൻ ശക്തിസ്രോതസ്സായിരിക്കുന്നത് (1 യോഹ. 4:8). ദൈവസ്നേഹത്തിൽനിന്നും പ്രചോദനം ഉൾകൊണ്ട അനുസരണം വിശ്വാസികളുടെ ശക്തി ക്ഷയിപ്പിക്കുന്നതോ, സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതോ, കഴിവിനെ നിർവീര്യമാക്കുന്നതോ അല്ല, പ്രത്യുത വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന വീണ്ടും ജനനവും ദൈവത്തിന്റെ ആത്മാവും അവന്റെ കല്പനകളെയും ക്രിസ്തുവിലുള്ള പുതിയജീവിതത്തെയും ഭാരമില്ലാതാക്കുന്നു (അപ്പൊ. 15:8-11 c.f. 1 പത്രൊസ് 1:22-23).

### ii. ലോകത്തെ ജയിക്കുന്നു

**"ദൈവത്തിൽനിന്നും ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു."** അർത്ഥാൽ, ദൈവത്തിൽനിന്നും ജനിച്ചതൊക്കെയും (1 യോഹ. 2:13,14; 4:4) ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നതിനും ദൈവത്തെ സ്നേഹിക്കുന്നതിനും ദൈവജനത്തെ സ്നേഹിക്കുന്നതിനുമുള്ള പരിമിതികൾ എല്ലാം അതിജീവിച്ച് **"ലോകത്തെ ജയിക്കുന്നു."** എന്നാൽ ലോകത്തിന്റെ ആത്മാവിനാൽ ഭരിക്കപ്പെടുന്നവർക്കും ലോകമോഹങ്ങളാൽ വശീകരിക്കപ്പെടുന്നവർക്കും ദൈവ

വുമായി പിതൃപുത്രബന്ധം ഇല്ലാത്തവർക്കും ദൈവത്തിന്റെ കല്പനകൾ എന്നും ഭാരമുള്ളവ തന്നെയാണ്, കാരണം ഇത് മത്സരികളുടെ ആഗ്രഹങ്ങളോടും പ്രവൃത്തികളോടും എതിരാകുന്നു.

ഒരാൾ ഏത് യജമാനനെ സേവിക്കുന്നുയെന്നതിന്റെ അടിസ്ഥാനത്തിലാണ് ഒരാൾക്ക് ലോകത്തിന്റെമേലുള്ള ജയവും പരാജയവും നിർണ്ണയിക്കപ്പെടുന്നത്. ഇവിടെ ദൈവത്തിൽനിന്നും **"ജനിച്ചതൊക്കെയും"** ലോകത്തെ ജയിക്കുന്നു എന്നത് വ്യാകരണപ്രകാരം (gegennēmenon - gnomic and extensive perfect) എല്ലായിടത്തും എല്ലാവർക്കും എപ്പോഴും ബാധകമായ ഒരു സാർവ്വത്രിക യാഥാർത്ഥ്യവും പൂർത്തിയായ ഒരു പ്രവൃത്തിയുടെ നിലനില്ക്കുന്ന ഫലവുമാണ്. എന്നാൽ ഇവിടെ **"ജനിച്ചതൊക്കെയും"** എന്നത് നപുംസകലിംഗത്തിൽ കാണപ്പെടുന്നതിന് കാരണം, ലോകത്തിന്റെ മേലുള്ള വിജയം ചുരുക്കം ചില വിശ്വാസികളിൽ മാത്രം ഒതുങ്ങിനില്ക്കുന്നതല്ല, മറിച്ച് യേശുവിനെ ദൈവപുത്രൻ എന്നു വിശ്വസിക്കുന്ന എല്ലാവരും സ്ത്രീയോ പുരുഷനോ എന്ന വ്യത്യാസമില്ലാതെ ആത്മികപക്വത പ്രാപിച്ചവരോ പ്രാപിക്കാത്തവരോ എന്ന വ്യത്യാസമില്ലാതെ ലോകത്തെ ജയിക്കുന്നവരാണ് എന്നതിനെ സൂചിപ്പിക്കുന്നു (1 യോഹ. 2:13,14; 4:4; വെളി. 2:7,11,17,26; 3:5,12,21; 12:21). എങ്കിലും അവരുടെ വിജയം യേശുക്രിസ്തുവിലൂടെയാണ്. കാരണം അവനാണ് ലോകത്തെ ജയിച്ചവൻ (യോഹ. 16:33; വെളി. 5:5).

ഭാവിയിൽ ക്രിസ്തുവിശ്വാസികൾ ലോകത്തെ ജയിച്ച് ക്രിസ്തുവിനോടുകൂടെ വാഴുമെന്ന് വെളിപ്പാട് 19-20 അധ്യായങ്ങളിൽ കാണുന്നു. എന്നാൽ ക്രിസ്തുവിശ്വാസികൾ ലോകത്തെ **"ജയിക്കുന്നു"** എന്നത് ഒരു വർത്തമാനകാലസംഭവമാണെന്ന് വ്യാകരണം (nika - gnomic present) ഇവിടെ സൂചിപ്പിക്കുന്നു. സാർവ്വത്രികമായി ദൈവത്തിൽനിന്നും ജനിച്ച എല്ലാവരും എപ്പോഴും ലോകത്തെ ജയിക്കുന്നു എന്നാണർത്ഥം. ഈ വിജയം ലോകത്തോടുള്ള പോരാട്ടത്തിൽ ഏതൊരു വിശ്വസിയുടെയും എപ്പോഴുമുള്ള അനുഭവം ആകുന്നു. കാരണം, കർത്താവായ യേശു ലോകത്തെ ജയിച്ചവൻ ആകയാൽ (യോഹ. 16:33) അവന്റെ വിജയത്തിലൂടെ അവനിൽ വിശ്വസിക്കുന്നവരും അവന്റെ വിജയത്തിൽ പങ്കാളികൾ ആകുന്നു (1 യോഹ. 2:13,14; 4:4). അതുകൊണ്ട് തുടർമാനമായി ഈ ലോകത്തെയും ഈ ലോകത്തിന്റെ

ദൈവമായ ദുഷ്ടനെയും ജയിപ്പാൻ അവർ ശക്തർ ആകുന്നു.

അതുകൊണ്ടാണ് "**ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ**" (5:4) എന്ന് യോഹന്നാൻ തുടർന്ന് പറയുന്നത്. എന്നാൽ ലോകത്തെ ജയിക്കുന്നത് ഏതെങ്കിലും ഒരു വിശ്വാസമല്ല, മറിച്ച് യേശു ദൈവപുത്രൻ ആകുന്നു എന്ന വിശ്വാസമാണ്. ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ മേലുള്ള ജയംപോലെ മറ്റൊരു ജയമില്ല. ലോകത്തെ ജയിക്കാൻ ക്രിസ്തുവിലുള്ള വിശ്വാസമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല.

ക്രിസ്തുവിനെ സംബന്ധിച്ചിടത്തോളം ഈ വിജയം സമ്പൂർണ്ണമാണെന്ന് യോഹന്നാൻ പറയുമ്പോൾ (യോഹ. 16:33) ക്രിസ്തുവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം വീണ്ടും ജനനത്തിൽ ലോകത്തിന്റെമേൽ നേടിയ സമ്പൂർണ്ണസ്ഥാനീയ വിജയത്തെയാണ് വ്യാകരണം (nikēsasa - constative aorist) ഇവിടെ സൂചിപ്പിക്കുന്നത് (ഗലാ. 2:20; 6:14; കൊലൊ. 2:15; എബ്രാ. 2:14).

എന്നാൽ ലോകത്തിന്മേലുള്ള വിജയം യേശുവിൽ വിശ്വസിക്കുന്നവർക്കുമാത്രം സാധ്യമായതാണ്. അതുകൊണ്ടാണ് "**യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ**" (5:5) എന്ന് യോഹന്നാൻ തുടർന്നു ചോദിക്കുന്നത്.

ഇവിടെ "**വിശ്വസിക്കുന്നവൻ**" എന്നത് വ്യാകരണപ്രകാരം (pisteuōn - gnomic present) സാർവ്വത്രികമായി, യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്ന ഏതൊരുവനും എപ്പോഴും സ്വാർത്ഥതയാൽ അധിഷ്ഠിതമായ പൈശാചിക നിയന്ത്രിതമായ ഈ ലോകത്തെ ജയിക്കുന്നു; എന്നാൽ യേശു ദൈവപുത്രൻ എന്നു വിശ്വസിക്കാത്ത ആരും ലോകത്തെ ജയിക്കുന്നില്ല എന്നുള്ള യാഥാർത്ഥ്യത്തെയും ഇതു സൂചിപ്പിക്കുന്നു.

കല്പനകൾ അനുസരിക്കുന്നത് പ്രധാനമാണ് (1 യോഹ. 5:2-3). എന്നാൽ കർത്താവായ യേശു ദൈവപുത്രൻ ആകുന്നു എന്ന് വിശ്വസിക്കുന്നത് അതിലും പ്രധാനമാണ്. കാരണം, വീണ്ടെടുപ്പ് മനുഷ്യന്റെ പ്രയത്നത്താലല്ല, മറിച്ച് ക്രിസ്തുവിന്റെ പ്രായശ്ചിത്തത്തിലാണ് ലഭിക്കുന്നത്. അവർ കുഞ്ഞാടിന്റെ രക്തവും തങ്ങളുടെ സാക്ഷ്യവും

നിമിത്തം അവരെ ജയിച്ചു. അവസാനംവരെ അവർ തങ്ങളുടെ ജീവനെ സ്നേഹിച്ചതുമില്ല (വെളി. 12:11) എന്നാണ് വചനം പറയുന്നത്.

അതുപോലെ ആരാകുന്നു ലോകത്തെ **"ജയിക്കുന്നവൻ"** എന്നത് ഇവിടെ വ്യാകരണപ്രകാരം (nikōn - gnomic present) എക്കാലത്തും ലോകത്തെ ജയിക്കുന്ന എല്ലാവരെയും സൂചിപ്പിക്കുന്നു. മാത്രമല്ല ജീവിതാന്ത്യംവരെ ഈ പോരാട്ടം തുടരും എന്നും ഇതു സൂചന നല്കുന്നു.

ഒരാളുടെ വിശ്വാസത്തിന്റെ അന്തഃസത്ത യേശു ദൈവപുത്രൻ ആകുന്നു അഥവാ യേശുതന്നെ ക്രിസ്തു ആകുന്നു എന്നു വിശ്വസിച്ച് ഏറ്റുപറയുന്നതാണ്. കർത്താവായ യേശുവിന്റെ ഈ പദവിയെ തന്നിലുള്ള എല്ലാവരും അംഗീകരിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. കാരണം യേശു ദൈവപുത്രൻ അല്ലെങ്കിൽ അവന് ക്രിസ്തു ആകുവാൻ കഴിയുകയില്ല.

കർത്താവായ യേശു ലോകത്തെ ജയിച്ചു എന്ന് അറിയുന്നതുതന്നെ തന്റെ ജനത്തിന് ലോകത്തെ ജയിക്കുവാൻ ശക്തിതരുന്നതാണ്. മാത്രമല്ല, അവരുടെ ശത്രു ക്രൂശിലൂടെ തോല്പിക്കപ്പെട്ടവനും പരാജിതനുമാണ്. അതുകൊണ്ട് സ്വാർത്ഥതയിൽ അധിഷ്ഠിതമായ ലോകത്തിന്റെ മേലും ദുഷ്ടന്റെ മേലും പ്രായോഗികജീവിതത്തിൽ അവർ നേരിടുന്ന ഓരോ വിജയവും ദൈവപുത്രനിലുള്ള അവരുടെ വിശ്വാസത്തിന്റെ ഫലമാണ്.

ചുരുക്കത്തിൽ ദൈവികസ്നേഹത്തിൽ ലോകത്തെ ജയിക്കുന്നത് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ അടയാളമാകുന്നുവെന്ന് യോഹന്നാൻ ഇവിടെ പറയുന്നു.

***

# IX

# ദൈവിക ബോധ്യത്തിൽ ആശ്രയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

(1 യോഹന്നാൻ 5:6–21)

"ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു: യേശുക്രിസ്തു തന്നെ; ജലത്താൽ മാത്രമല്ല. ജലത്താലും രക്തത്താലും തന്നെ. ആത്മാവും സാക്ഷ്യം പറയുന്നു; ആത്മാവു സത്യമല്ലോ. സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ട്: ആത്മാവ്, ജലം, രക്തം; ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ. നാം മനുഷ്യരുടെ സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു. ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചിരിക്കുന്നതു തന്നെ. ദൈവപുത്രനിൽ വിശ്വസിക്കുന്നവന് ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്. ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ചു പറഞ്ഞ സാക്ഷ്യം വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു. ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു; ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതുതന്നെ. പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു ഞാൻ ഇത് എഴുതിയിരിക്കുന്നതു നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു തന്നെ. അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളതു നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു. സഹോദരൻ മരണത്തിനല്ലാത്ത പാപം

ചെയ്യുന്നതു ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം; ദൈവം അവനു ജീവനെ കൊടുക്കും; മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ; മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. ഏത് അനീതിയും പാപം ആകുന്നു; മരണത്തിനല്ലാത്ത പാപം ഉണ്ടുതാനും. ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല. നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു. സർവലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു. ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്കു വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊള്ളുവിൻ.''

1 യോഹ. 5:6-21 വാക്യങ്ങളിലെ പ്രധാന വിഷയം നാം **"അറിയുന്നു"** എന്നതാണ് (5:13,15,18,19,20). എന്നാൽ ഇവിടെ പരാമർശിക്കപ്പെടുന്ന അറിവ് പഠനത്തിലൂടെയും പരിചയത്തിലൂടെയും അനുഭവത്തിലൂടെയും സ്വായത്തമാക്കാവുന്ന മാനുഷികമായ അറിവല്ല (ginoskomen) മറിച്ച്, ദൈവത്തിൽനിന്നു മാത്രം ലഭിക്കുന്ന ദൈവികമായ അറിവാണ് (oidamen). അർത്ഥാൽ അത് ദൈവിക ബോധ്യമാണ്. മൂന്ന് പ്രധാന മേഖലകളിലാണ് ഈ ദൈവികബോധ്യം ദൈവജനത്തിന് ലഭിച്ചിരിക്കുന്നത്.

### A. ദൈവിക സാക്ഷ്യം വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവൻ ഉണ്ടെന്നുള്ള ദൈവിക ബോധ്യം ഉണ്ട് (5:6-13)

ദൈവപുത്രനെക്കുറിച്ചുള്ള ദൈവികസാക്ഷ്യം വിശ്വസിക്കുന്നവർക്കെല്ലാം ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കാമെന്ന് 1 യോഹ. 5:6-13 വാക്യങ്ങളിൽ പറയുന്നു.

ദൈവത്തിൽനിന്നുള്ള ജനനത്തിനും ഈ സ്വാർത്ഥ ലോകത്തിൽനിന്നുള്ള വിജയത്തിനുമായി യേശുവിനെ ക്രിസ്തുവും ദൈവപുത്രനുമായി വിശ്വസിക്കേണ്ടതിന്റെ അനിവാര്യതയെ ഊന്നിപറഞ്ഞശേഷം

തന്നിൽ വിശ്വസിക്കുന്നവർക്കെല്ലാം നിത്യജീവൻ നല്കുന്ന ഈ പുത്രൻ ജഡത്തിൽ ഇറങ്ങിവന്ന ദൈവപുത്രനാണെന്ന് തെളിയിക്കുവാൻ വിശ്വ സനീയമായ പല തെളിവുകൾ ഉണ്ടെന്ന് യോഹന്നാൻ ഇവിടെ പറ യുന്നു. അതോടുള്ള ബന്ധത്തിലാണ് "**ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു; യേശുക്രിസ്തു തന്നേ**" (വാ. 6) എന്ന് പ്രാരംഭമായി പറയുന്നത്. ഇവിടെ "**വന്നവൻ**" എന്നത് വ്യാക രണപ്രകാരം (elthōn - constative aorist) എപ്പോൾ മുതൽ എന്നുവരെ എന്ന വിശദീകരണം കൂടാതെ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം പൂർത്തീകരിക്കപ്പെട്ട ഒരു ചരിത്രസംഭവമാണെന്ന് സൂചിപ്പിക്കുന്നു.

തനിക്കു പിന്നാലെ "**വരുന്നവൻ**" എന്ന് സ്നാപകയോഹന്നാൻ പറഞ്ഞതും (യോഹ. 1:15,27) "**മേലിൽനിന്ന് വരുന്നവൻ**" എന്ന് കർത്താവ് പറഞ്ഞതും തന്നെക്കുറിച്ച് തന്നെയായിരുന്നു (യോഹ. 3:31). കാരണം, വരുവാനുള്ള ഒരുവനെ യിസ്രായേൽ ഏറെ പ്രതീക്ഷിച്ചിരി ക്കുകയായിരുന്നു (മത്തായി 11:3; ലൂക്കൊസ് 7:19). യേശു ചെയ്ത അട യാളങ്ങൾ കണ്ട് പലരും "**വരുവാനുള്ളവൻ**" ഇവൻ തന്നെയെന്ന് ഏറ്റുപറഞ്ഞു (യോഹ. 6:14; അപ്പൊ. 3:22-26 c.f. മത്തായി 21:9; മർക്കൊസ് 11:9; ലൂക്കൊസ് 13:35; യോഹ. 12:13).

ഈ ശൈലി തന്നെയാണ് ജലത്താലും രക്തത്താലും "**വന്നവൻ**" എന്നതിലൂടെ യോഹന്നാനും ഇവിടെ ഉപയോഗിക്കുന്നത്. എന്നാൽ ‘‘**ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും തന്നെ**" എന്നു പറയുന്നതിലൂടെ അവൻ ലോകത്തിലേക്ക് വരുവാൻ എടുത്ത മുഖാ ന്തരം ജലവും രക്തവും ആണെന്നു തെളിയുന്നു. അതുപോലെ "**ആത്മാവും സാക്ഷ്യം പറയുന്നു, ആത്മാവ് സത്യമല്ലോ**" (വാ. 7) എന്നതിലൂടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കിയ ആത്മാവും യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തെ സ്ഥിരീകരിക്കു ന്നുവെന്ന് യോഹന്നാൻ പറയുന്നു (മത്തായി 3:16-17; യോഹ. 1:33-34). മാത്രമല്ല, ആത്മാവിന്റെ സാക്ഷ്യം വിശ്വാസയോഗ്യമായതിനു കാരണ മായി "**ആത്മാവ് സത്യമല്ലോ**" എന്നൊരു വിശദീകരണവും ഇവിടെ കാണുന്നു (യോഹ. 14:6,17). എന്നാൽ ഈ സത്യത്തിന്റെ ആത്മാവ് തരുന്ന സാക്ഷ്യത്തിന് വിരുദ്ധമായ സാക്ഷ്യങ്ങളാണ് ക്രിസ്തുവിനെ ക്കുറിച്ച് വ്യാജന്മാർ തരുന്നതെന്ന് തിരുവെഴുത്ത് പറയുന്നു (മത്തായി

3:16–17; 27:54 c.f. 1 യോഹ. 4:1–6).

**"സാക്ഷ്യം"** എന്ന വാക്കുതന്നെ യോഹന്നാൻ പല പ്രാവശ്യം ഈ ഭാഗത്ത് ഉപയോഗിച്ചിട്ടുണ്ട്. ഒരു വ്യക്തിയെക്കുറിച്ചോ ഒരു സംഭവ ത്തെക്കുറിച്ചോ നേരിട്ടുള്ള ഒരു അറിവോ അനുഭവമോ പകരുന്നതി നാണ് അഥവാ പങ്കുവെക്കുന്നതിനാണ് സാക്ഷ്യം പറയുക എന്നു പറ യുന്നത്. ആ നിലയിൽ യിസ്രായേൽ മക്കൾ യഹോവയുടെ സാക്ഷി കൾ ആയിരുന്നു (യെശ. 43:10,12,25). കാരണം, യഹോവതന്നെ സത്യ ദൈവവും സൃഷ്ടാവും വീണ്ടെടുപ്പുകാരനും പരിപാലകനും ന്യായാ ധിപതിയും ആകുന്നുവെന്ന യാഥാർത്ഥ്യം ലോകത്തിനു മുമ്പാകെ സാക്ഷ്യപ്പെടുത്തുവാൻ ദൈവം യിസ്രായേലിനെയാണ് ആദ്യം നിയോ ഗിച്ചത്. അതുപോലെ, മനുഷ്യന്റെ പാപത്തിന് എന്നേക്കും പ്രായ ശ്ചിത്തം വരുത്തുവാനും നിത്യനീതി സ്ഥാപിക്കുവാനും ദൈവപുത്രൻ ജലത്താലും രക്തത്താലും ലോകത്തിലേക്ക് വന്നുവെന്നുള്ള ദൈവിക സാക്ഷ്യത്തിന്റെ സാക്ഷികൾ ആകുന്നു ആത്മാവ്, ജലം, രക്തം എന്നു യോഹന്നാൻ പറയുന്നു.

## 1. ദൈവിക സാക്ഷ്യത്തിന്റെ സാക്ഷികൾ (വാ. 6–8)

**"സാക്ഷ്യം പറയുന്നവർ മൂവ്വർ ഉണ്ട്. ആത്മാവ്, ജലം, രക്തം..."** (വാ. 8). പഴയനിയമപ്രകാരം ഒരു സംഭവം സ്ഥിരീകരിക്കു വാനും അതുമായി ബന്ധപ്പെട്ടവർക്ക് നീതി ഉറപ്പാക്കുവാനും രണ്ടോ മൂന്നോ സാക്ഷികൾ ആവശ്യമായിരുന്നു (ആവ. 19:15 c.f. മത്തായി 18:16; യോഹ. 8:17–18; 1 തിമൊ. 5:19). അതുപോലെ ദൈവപുത്രൻ ജഡത്തിൽ വന്നുവെന്നുള്ള ദൈവികസാക്ഷ്യത്തിന് ദൈവവും ആത്മാവ്, ജലം, രക്തം എന്നീ മൂന്ന് സാക്ഷികളെ നിരത്തുന്നുണ്ട് (വാ. 8).

യോഹന്നാന്റെ സമകാലികരായ ജ്ഞാനവാദികൾ യേശുക്രിസ്തു വിനെ ആത്മാവും ഫാന്റവുമായി മാത്രം കണ്ടിരുന്നതുകൊണ്ടും യെഹൂ ദന്മാർ അവനെ ചതിയൻ, ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹി തൻ, ന്യായപ്രമാണലംഘകൻ, പാപി, ഭൂതഗ്രസ്തൻ, ഭ്രാന്തൻ മുത ലായ നിലയിൽ മാത്രം കണക്കാക്കിയിരുന്നതുകൊണ്ടുമാണ് (മത്തായി 27:63; ലൂക്കൊസ് 7:34; യോഹ. 9:16,24; 10:20). യേശുക്രിസ്തു മനു ഷ്യന്റെ പാപത്തിന് പ്രായശ്ചിത്തം വരുത്തുവാൻ ജഡത്തിൽ വന്ന ദൈവപുത്രനാണെന്ന് മൂന്ന് സാക്ഷികളെ നിരത്തി ദൈവം സാക്ഷ്യ

പ്പെടുത്തുന്നായി യോഹന്നാൻ പറയുന്നത്.

യേശുക്രിസ്തു ജലത്താലും രക്തത്താലും വന്നവൻ എന്നതു കൊണ്ട് അവൻ ലോകത്തിലേക്ക് വരുവാനും ലോകത്തിന് തന്നെത്താൻ വെളിപ്പെടുത്തുവാനും എടുത്ത മുഖാന്തരം (dia - through) ജലവും രക്തവും ആകുന്നു എന്നാണ് ഉദ്ദേശിക്കുന്നത്, അർത്ഥാൽ, തന്റെ ജഡാവതാരത്തിൽ അവൻ സ്വാഭാവികജനനത്തിലൂടെ അതായത്, വംശാവലിപ്രകാരം യിസ്രായേലിന്റെ ഉറവിൽനിന്നും യഹൂദയുടെ വെള്ളത്തിൽനിന്നും ജഡരക്തങ്ങളോടുകൂടെ ജനിച്ചവൻ എന്ന അർത്ഥമാണ് അതിനുള്ളത് (സങ്കീ. 68:26; 87:6–7; യെശ. 48:1; എബ്രാ. 2:14 c.f. മത്തായി 1:17). എന്നാൽ പ്രതീകാത്മകമായി ജലം കർത്താവിന്റെ സ്നാനത്തെയും (മത്തായി 3:16–17; യോഹ. 1:29–34) രക്തം കർത്താവിന്റെ മരണത്തെയും സൂചിപ്പിക്കുന്നു. മാത്രമല്ല, ഇത് കർത്താവിന്റെ ഈ ഭൂമിയിലെ പരസ്യജീവിതത്തിന്റെയും പരസ്യ ശുശ്രൂഷയുടെയും ആരംഭത്തിന്റെയും അവസാനത്തിന്റെയും പ്രതീകങ്ങൾ ആകുന്നതുകൊണ്ട്, യേശുവിന്റെ സ്നാനവും മരണവും പ്രസംഗിക്കുമ്പോഴും വിശ്വസിക്കുമ്പോഴും യേശുക്രിസ്തു ജഡത്തിൽ വന്നതിന് ഈ പ്രതീകങ്ങൾ ദൈവത്തിന്റെ സാക്ഷികളായി ഇപ്പോഴും മൗനമായി സംസാരിച്ചികൊണ്ടിരിക്കുന്നു (ഉല്പത്തി 4:10; എബ്രാ. 11:4; 12:24).

മാത്രമല്ല, യോഹന്നാൻ പറയുന്ന ജലവും രക്തവും കർത്താവ് പറഞ്ഞ സ്നാനത്തിനും പാനപാത്രത്തിനും വളരെ സമാനമായ ഒരു ശൈലിയുമാണ് (മർക്കൊസ് 10:38). കാരണം വലിയ അപകടത്തിലോ അനർത്ഥത്തിലോ മുങ്ങിപ്പോകുക എന്നൊരു പഴയനിയമശൈലിയും സ്നാനത്തിൽ അടങ്ങിയിട്ടുണ്ട് (സങ്കീ. 42:7; 69:2; 93:3; 1 കൊരി. 10:23). അതുപോലെ പാനപാത്രം എന്നതിലൂടെ പഴയനിയമത്തിൽ ദൈവകോപത്തിന്റെ പാനപാത്രത്തെയും സൂചിപ്പിക്കുന്നുണ്ട് (സങ്കീ. 75:8; യിരെ. 25:15).

**"ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും തന്നെ"** എന്ന് പ്രത്യേകം പറഞ്ഞിരിക്കുന്നതിനാൽ തന്റെ സ്നാനത്തിലൂടെ മാത്രമല്ല (യോഹ. 1:32–34) മരണത്തിലൂടെയും താൻ ജഡത്തിൽ അവതരിച്ച ദൈവപുത്രനാണെന്ന് ലോകത്തിന് സാക്ഷ്യപ്പെടുത്തുന്നു (മത്തായി 27:54). മറ്റൊരുനിലയിൽ പറഞ്ഞാൽ, ആചാരശുദ്ധീകരണത്തെ സൂചിപ്പിക്കുന്ന വെള്ളത്താൽ മാത്രമല്ല (തീത്തൊസ് 3:6,7) ആത്മശുദ്ധീകരണത്തെ സൂചിപ്പിക്കുന്ന രക്തത്തിലൂടെയുമാണ് അവൻ

വന്നത് (1 യോഹ. 1:7).

**''ജലത്താലും രക്തത്താലും''** എന്ന് ആദ്യം പറഞ്ഞ തിൽനിന്നും **"ജലത്താൽ മാത്രമല്ല, രക്തത്താലും തന്നെ"** എന്ന് രണ്ടാമത് പറഞ്ഞതിന് രണ്ടു നിലയിൽ വ്യത്യാസമുണ്ട്.

ഒന്നാമതായി, ആദ്യം പറഞ്ഞിടത്ത് ജലത്തിനും രക്തത്തിനും മുമ്പിൽ വിശേഷണഭേദകം (the) ഇല്ല; എന്നാൽ രണ്ടാമത് പറഞ്ഞി ടത്ത് രണ്ടിനും മുമ്പിൽ വിശേഷണഭേദകം (the) ഉണ്ട്.

രണ്ടാമതായി, ആദ്യം പറഞ്ഞിടത്ത് ഒരു മുൻപദം (through) ഉപ യോഗിക്കുമ്പോൾ, രണ്ടാമത് പറഞ്ഞിടത്ത് വേറെ മുൻപദം (in) ഉപ യോഗിച്ചിരിക്കുന്നു. അതിനർത്ഥം ദൈവപുത്രനായ യേശു ലോകത്തി ലേക്ക് വരുവാനും ലോകത്തിന് തന്നെത്താൻ വെളിപ്പെടുത്തുവാനും ജലവും രക്തവും എന്ന ഒരു സാധാരണ മുഖാന്തരമാണ് എടുത്തതെ ങ്കിലും ലോകത്തിൽ വെച്ചുള്ള തന്റെ ശുശ്രൂഷയുടെ ആരംഭവും അവ സാനവും കുറിക്കുന്നതിലും താൻ ദൈവപുത്രൻ എന്നു തെളിയിക്കു ന്നതിലും ജലം എന്ന സ്നാനവും രക്തം എന്ന മരണവും ഒരു പ്രത്യേക പങ്കു തന്നെ വഹിച്ചിരിക്കുന്നു എന്നാണ്.

അതുകൊണ്ട്, ദുരുപദേഷ്ടാക്കൾ പറയുന്നതുപോലെ യേശുവിന്റെ സ്നാനത്തിൽ ക്രിസ്തു അവനിൽ പ്രവേശിക്കയും ക്രൂശിൽവെച്ച് അവ നിൽനിന്നും പുറത്തുപോകുകയും ചെയ്തതല്ല, മറിച്ച് സ്നാനത്തിലൂ ടെയും ക്രൂശിലൂടെയും യേശുതന്നെ ദൈവപുത്രനായ ക്രിസ്തു എന്ന് ലോകത്തിന് വെളിപ്പെടുത്തുകയാണ് ചെയ്തത്. അതുകൊണ്ടാണ് ജല ത്താൽ മാത്രമല്ല, രക്തത്താലും എന്ന് പ്രത്യേകം പറയുന്നത്.

**"ആത്മാവും സാക്ഷ്യം പറയുന്നു"** എന്നതിലൂടെ ആത്മാവ് നല്കുന്ന അദൃശ്യമായ ആന്തരികസാക്ഷ്യത്തെയാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ജലവും രക്തവും ബാഹ്യമായ സാക്ഷ്യം നല്കുന്നു. ജലവും രക്തവും അവൻ നമ്മിലേക്കു വന്നുവെന്ന് സാക്ഷ്യപ്പെടുത്തുമ്പോൾ, അവൻ പിതാവിനോട് കൂടെയാണെന്ന് ആത്മാവ് സാക്ഷ്യപ്പെടുത്തുന്നു. ആദ്യത്തേത് തന്റെ ഭൂമിയിലെ പ്രവൃത്തിയിലൂടെ സാക്ഷീകരിക്കുമ്പോൾ രണ്ടാമത്തേത് തന്റെ വീണ്ടും വരവുവരെയുള്ള കാര്യങ്ങളെ വെളിപ്പെ ടുത്തി സാക്ഷീകരിക്കുന്നു.

യേശുക്രിസ്തുവിന്റെ ചരിത്രജീവിതത്തിന്റെ ആരംഭത്തെയും അവ

സാനത്തെയും സൂചിപ്പിക്കുന്നതിന് യോഹന്നാൻ ആത്മാവിന്റെ സാക്ഷ്യം പരാമർശിക്കുന്നു (മത്തായി 1:18; എബ്രാ. 9:14). ആത്മാവിന്റെ സാക്ഷ്യം ആർക്കും സ്വീകാര്യമാണ്. കാരണം, "**ആത്മാവ് സത്യമല്ലോ**" എന്നതാണ്. ആത്മാവ് സത്യവും ദൈവികസത്യത്തെ സംസാരിക്കുകയും ചെയ്യുന്നു (യോഹ. 14:17; 15:26; 16:13; 1 യോഹ. 4:6; 5:6). ആത്മാവ് വചനത്തിലൂടെ ഹൃദയത്തോടാണ് സംസാരിക്കുന്നത്.

യേശു ജഡാവതാരംചെയ്ത ദൈവപുത്രനാകുന്നുവെന്ന് "**ആത്മാവും സാക്ഷ്യം പറയുന്നു.**" വിവിധഘട്ടങ്ങളിൽ യേശുവിന്റെ സ്നാനത്തിലും (മർക്കൊസ് 1:10-11), രൂപാന്തരത്തിലും (9:7), കഷ്ടാനുഭവത്തിലും (യോഹ. 12:28) ആത്മാവ് ഈ സാക്ഷ്യം നല്കിയിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ ആഗമനത്തെക്കുറിച്ചുള്ള സാക്ഷ്യം ആത്മാവിന്റെ അഭിഷേകത്തിലൂടെയാണ് വിശ്വാസികൾക്ക് ശരിയായി ലഭിക്കുന്നത് (1 യോഹ. 2:26-27). "**ആത്മാവും സാക്ഷ്യം പറയുന്നു**" എന്നത് ഇവിടെ വ്യാകരണപ്രകാരം (martyroun - customary present) യേശുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ച് ആത്മാവിന്റെ സാക്ഷ്യം സാധാരണജീവിതത്തിൽ തുടർമാനമായി ലഭിക്കുന്നതിനെ സൂചിപ്പിക്കുന്നു. ലോകത്തോടുള്ള ബന്ധത്തിൽ വ്യക്തിയിലും സമൂഹത്തിലും ഈ സാക്ഷ്യം തുടരുന്നു. വിശ്വാസികളോടുള്ള ബന്ധത്തിൽ ആത്മാവ് യേശുവിനെക്കുറിച്ച് സത്യമായ സാക്ഷ്യം അവരുടെ ഹൃദയങ്ങളിൽ തന്നുകൊണ്ടിരിക്കുന്നു (5:10).

യേശുക്രിസ്തു ജഡത്തിൽ വന്ന ദൈവപുത്രൻ ആകുന്നുവെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നതിനുള്ള മാനദണ്ഡം പുറമെയുള്ള സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലും അകമെയുള്ള സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുമാണ്. നാം കണ്ടും വായിച്ചും കേട്ടും അറിയുന്നതിന്റെ അടിസ്ഥാനത്തിലും ദൈവാത്മാവ് നമ്മുടെ ഹൃദയത്തിൽ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലും (യോഹ. 15:26; 16:13-14; 16:7-11) ദൈവികവെളിപ്പാടായ തിരുവെഴുത്തിലൂടെയും ദൈവം ഇന്നും തന്റെ പുത്രനെ സാക്ഷ്യപ്പെടുത്തുന്നു (ലൂക്കൊസ് 24:2; യോഹ. 5:39 c.f. 2 പത്രൊസ് 1:20-21).

## 2. ദൈവിക സാക്ഷ്യത്തിന്റെ വിശ്വാസീയത (9-10)

**a.** **ദൈവിക സാക്ഷ്യത്തിന് പൊരുത്തം ഉണ്ട്**

**"സാക്ഷ്യം പറയുന്നവർ മൂവ്വർ ഉണ്ട്"** എന്നത് വ്യാകരണ പ്രകാരം (martyrountes - customary present) തുടർമാനമായി ലഭിക്കുന്ന ഈ സാക്ഷ്യത്തിന്റെ സ്വഭാവത്തെ ഇവിടെ സൂചിപ്പിക്കുന്നു. എന്നാൽ, ആത്മാവ് ഇപ്പോൾ ജലത്തിലൂടെയും രക്തത്തിലൂടെയും സാക്ഷ്യപ്പെടുത്തുന്നതുകൊണ്ടാണ് ജലത്തിനും രക്തത്തിനും മുൻപ് ആത്മാവിനെ വെച്ചിരിക്കുന്നത് (v. 8 c.f. അപ്പൊ. 10:44-48).

**"ഈ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ"** എന്നതുകൊണ്ട് ഈ മൂന്നും ഒന്നുതന്നെ എന്നല്ല, മറിച്ച് ഈ മൂന്നും സാക്ഷ്യപ്പെടുത്തുന്നത് ഒരു കാര്യം തന്നയാണ് എന്നതാണ്. അർത്ഥാൽ ഈ മൂന്നു സാക്ഷികളും ഒരുപോലെ ഒരേ ലക്ഷ്യത്തിനായി പ്രവർത്തിക്കുകയും ദൈവപുത്രനായ യേശുവിനെക്കുറിച്ച് ഒരേ സാക്ഷ്യം നല്കുകയും ചെയ്യുന്നു.

യേശു ദൈവപുത്രനാണെന്ന് തന്റെ സ്നാനത്തിൽ സാക്ഷ്യപ്പെടുത്തി തന്നിൽ ആവസിച്ച ആത്മാവുതന്നെയാണ് നമ്മിലും ആവസിച്ച് യേശു ദൈവപുത്രനാണെന്ന് ഇപ്പോഴും സാക്ഷ്യം പറഞ്ഞുകൊണ്ടിരിക്കുന്നത് (യോഹ. 1:32-34).

ഇതിൽ ജലവും രക്തവും പ്രതീകാത്മകമാണ്. അതിനെ ആത്മാവോടുകൂടെ യോഹന്നാൻ മൂർത്തീകരിച്ചിരിക്കുന്നുവെന്നു മാത്രമല്ല, ഈ സാക്ഷികളുടെ ഐക്യമാണ് ഈ സാക്ഷ്യത്തെ പ്രാധാന്യമുള്ളതാക്കിത്തീർക്കുന്നത്. യേശുക്രിസ്തുവിന്റെ ജഡാവതാരത്തെ സാക്ഷീകരിക്കുന്നതിൽ ഈ മൂന്ന് സാക്ഷികൾക്കും തനതായ പങ്കുണ്ട്. കാരണം, ജീവിപ്പിക്കുന്നത് ആത്മാവും ശുദ്ധീകരിക്കുന്നത് വെള്ളവും പ്രായശ്ചിത്തം വരുത്തുന്നത് രക്തവും ആകുന്നു (യോഹ. 6:63; 13:10; എബ്രാ. 10:23; 1 യോഹ. 1:7 c.f. സെഖ. 13:1).

സ്വാഭാവികമായി നപുംസക ലിംഗങ്ങളായ ആത്മാവ് ജലം, രക്തം എന്നിവ പുല്ലിംഗത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (c.f. യോഹ. 4:4; യോഹ. 15:26). മാത്രമല്ല, ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവം തന്റെ സ്നേഹത്തെ ഇപ്പോൾ പ്രദർശിപ്പിക്കുന്നതുപോലെ (റോമർ 5:8) **"സാക്ഷ്യം പറയുന്നവർ"** എന്നതുകൊണ്ട് ഇവിടെ വ്യാകരണപ്രകാരം (martyrountes - customary present) ഒരു ഭൂതകാല സംഭവത്തിൽ, അതായത് ദൈവപുത്രൻ ജലത്താലും രക്തത്താലും

വന്നുവെന്ന യാഥാർത്ഥ്യത്തിന് വർത്തമാനകാലത്തും ഈ സാക്ഷികൾ തന്നുകൊണ്ടിരിക്കുന്ന തുടർമാന സാക്ഷ്യത്തെയാണ് സൂചിപ്പിക്കുന്നത്.

എന്നാൽ യോഹന്നാൻ സ്നാപകൻ, കർത്താവിന്റെ അത്ഭുതപ്രവൃത്തികൾ, പിതാവ്, തിരുവെഴുത്ത് മുതലായവയെല്ലാം തന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുന്നതായി കർത്താവുതന്നെ പറഞ്ഞിട്ടുണ്ട് (യോഹ. 5:32,36,37,39).

യേശുക്രിസ്തു ജഡത്തിൽ വന്നുവെന്ന യാഥാർത്ഥ്യത്തെ അംഗീകരിക്കുന്ന സാക്ഷികളുടെ മൊഴികൾ ഒന്നുതന്നെയാണെന്ന് വചനം പ്രസ്താവിക്കുമ്പോൾതന്നെ, ദൈവപുത്രൻ ജഡത്തിൽ വന്നതിനെ അംഗീകരിക്കാത്തവർ ചിട്ടപ്പെടുത്തിയ സാക്ഷിമൊഴികൾ ഒത്തുവന്നില്ലായെന്ന് വചനം പറയുന്നതും പ്രത്യേകം ശ്രദ്ധേയമാണ് (മർക്കൊസ് 14: 55-59).

**b. ദൈവിക സാക്ഷ്യത്തിന് മേന്മ ഉണ്ട് (വാ. 9 c.f. റോമർ 3:4)**

**"നാം മനുഷ്യരുടെ സാക്ഷ്യം കൈക്കൊള്ളുന്നു എങ്കിൽ ദൈവത്തിന്റെ സാക്ഷ്യം അതിലും വലുതാകുന്നു"** എന്ന് യോഹന്നാൻ തുടർന്നു പറയുന്നു. മനുഷ്യർ സ്വാഭാവികമായി ഭോഷ്ക്കു പറയുന്നവരും വാക്കിൽ അവിശ്വസ്തരുമാണ് എങ്കിലും ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പുകളും ഡോക്ടറുടെ നിർദ്ദേശങ്ങളും മാധ്യമവാർത്തകളും കോടതിമൊഴികളുമടക്കം മനുഷ്യരുടെ സാക്ഷ്യങ്ങളെല്ലാം പലപ്പോഴും നാം വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ **"അവൻ തന്റെ പുത്രനെക്കുറിച്ച് സാക്ഷീകരിച്ചിരിക്കുന്നത്"** അർത്ഥാൽ, ദൈവപുത്രൻ ജഡത്തിൽ വന്നുവെന്ന് ഭോഷ്ക്കില്ലാത്ത ദൈവം വിവിധ മുഖാന്തരങ്ങളിലൂടെ പറഞ്ഞ സാക്ഷ്യം എത്രയധികം വിശ്വസനീയമാണെന്നാണ് യോഹന്നാൻ ഇവിടെ പറയുന്നത്.

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ദൈവത്തിന് മനുഷ്യരെക്കാൾ വിശ്വാസീയതയുള്ളതുകൊണ്ട് ക്രിസ്തുവിനെക്കുറിച്ചുള്ള ദൈവിക സാക്ഷ്യം മനുഷ്യർ അംഗീകരിക്കണം. കാരണം, ദൈവം പറഞ്ഞതെല്ലാം സത്യവും സമ്പൂർണ്ണവും നിത്യതയോളം നിലനില്ക്കുന്നതും ആകകൊണ്ട് മനുഷ്യന് അതു വിശ്വസിക്കാം (c.f. യോഹ. 5:37).

പ്രപഞ്ചസൃഷ്ടാവായ ദൈവം ലോകചരിത്രത്തിൽ ഒരിക്കൽ ഒരു

സാക്ഷ്യം പറയുന്നു. അത് വിശ്വസിക്കുന്നതിന് ആവശ്യമായ തെളിവുകളും നല്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ സാക്ഷ്യത്തിൽ വിശ്വസിക്കുവാൻ മനുഷ്യൻ ബാധ്യസ്ഥനാണ്.

**"സാക്ഷ്യം പറയുന്നവൻ"** മൂവ്വർ ഉണ്ട് (വാ. 8) എന്നത് വ്യാകരണപ്രകാരം present tense ൽ (martyrountes - customary present)) പറഞ്ഞതിന് ശേഷം, ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ച് **"സാക്ഷീകരിച്ചിരിക്കുന്നതുതന്നെ"** (വാ. 9) എന്ന് perfect tense ൽ (memartyrēken - extensive perfect) പറഞ്ഞിരിക്കുന്നതിന്റെ കാരണം ദൈവം ഒരിക്കൽ ക്രിസ്തുവിനെകുറിച്ച് അപ്പൊസ്തലന്മാരുടെ മുമ്പാകെ അഥവാ, ലോകത്തിനു മുമ്പാകെ ചരിത്രപരമായി സാക്ഷ്യപ്പെടുത്തിയശേഷം ആത്മാവിലൂടെ നമ്മോട് തുടർമാനമായി സാക്ഷ്യപ്പെടുത്തികൊണ്ടിരിക്കുന്നു എന്നാണ്.

യേശുക്രിസ്തു യോഹന്നാനു കീഴിൽ സ്നാനം ഏറ്റപ്പോൾ പിതാവിൽനിന്ന് ലഭിച്ചതും ക്രൂശുമരണത്തോട് ബന്ധപ്പെട്ട് പിതാവിൽനിന്ന് ലഭിച്ചതുമായ സാക്ഷ്യത്തിന്റെ തുടർച്ചയാണ് ഇവിടെ സൂചിപ്പിക്കുന്ന ആത്മാവിന്റെ സാക്ഷ്യം (മത്തായി 3:16,17, c.f. യോഹ. 12:28; മത്തായി 27:45–54).

c. ദൈവിക സാക്ഷ്യത്തിന്റെ ഫലം (വാ. 10)

**"ദൈവപുത്രനിൽ വിശ്വസിക്കുന്നവന് ഉള്ളിൽ ആ സാക്ഷ്യം ഉണ്ട്"** അർത്ഥാൽ, ഇപ്പോൾ ദൈവപുത്രനിൽ വിശ്വസിക്കുന്നവൻ ഒരിക്കൽ ദൈവപുത്രനെക്കുറിച്ചുള്ള ദൈവികസാക്ഷ്യം സ്വീകരിച്ചവനാണ്.

ഇവിടെ **"വിശ്വസിക്കുന്നവൻ"** എന്നതുകൊണ്ട് കേവലം സന്ദേശത്തിന്റെ സത്യാവസ്ഥ അംഗീകരിക്കുന്നവനല്ല, മറിച്ച് ആരെക്കുറിച്ച് സാക്ഷ്യം പറഞ്ഞുവോ അവനിൽ വ്യക്തിപരമായി സമർപ്പിച്ച് തുടർമാനമായി ആശ്രയിക്കുന്ന പ്രകൃതമുള്ള ഏതൊരുവനെയുമാണ് വ്യാകരണം (pisteuōn - gnomic present) ഇവിടെ സൂചിപ്പിക്കുന്നത്. അതുകൊണ്ട്, ദൈവപുത്രനിൽ വിശ്വസിക്കുന്നത് തന്നെക്കുറിച്ചുള്ള ദൈവിക സാക്ഷ്യം സ്വീകരിക്കുന്നതിനു തുല്യമാണ്. ക്രിസ്തുവിശ്വാസികളുടെ ഉള്ളിലുള്ള സാക്ഷ്യത്തെയാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്. അജ്ഞതക്കും തെറ്റിദ്ധാരണക്കും അവിടെ സ്ഥാനമില്ല. ദൈവികസാക്ഷ്യത്തെ നിരാകരിക്കുന്നത് ദൈവത്തിന്റെ സത്യസന്ധതയെ

നിഷേധിക്കലാണ്. കാരണം, പിതാവിലുള്ള വിശ്വാസത്തെ പുത്രനിലുള്ള വിശ്വാസത്തിൽനിന്ന് വേർപിരിക്കുവാനാകില്ല (1 യോഹ. 2:22-23). ദൈവപുത്രനെ തിരസ്കരിക്കുന്നതിലൂടെ അവിശ്വാസികൾ അവരുടെ ന്യായവിധി ഉറപ്പാക്കുന്നു.

വ്യാകരണപ്രകാരം (pisteusōmen - constative aorist) ക്രിസ്തുവിശ്വാസികൾക്ക് ക്രിസ്തുവിലുള്ള ആദ്യവിശ്വാസത്തെയാണ് ലേഖകൻ 3:23 ൽ സൂചിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുവിശ്വാസികളുടെ തുടർമാന വിശ്വാസത്തെയാണ് വ്യാകരണപ്രകാരം (pisteuon - gnomic present) 5:10 ൽ ലേഖകൻ സൂചിപ്പിക്കുന്നത്.

യഥാർത്ഥവിശ്വാസികളുടെ അന്തരാത്മാവിൽ യേശുക്രിസ്തുവിനെക്കുറിച്ച് ദൈവം പറഞ്ഞ സാക്ഷ്യം ഉള്ളതുകൊണ്ട് ദൈവത്തിൽ വിശ്വസിക്കുക എന്നതുകൊണ്ട് ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യത്തിൽ തുടർമാനമായി വിശ്വസിക്കുക എന്നാണർത്ഥം (യോഹ. 14:1). എന്നാൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവികസാക്ഷ്യം ചിലർ ഇപ്പോൾ തുടർമാനമായി വിശ്വസിക്കാതെ (വിശ്വസിക്കാത്തവൻ - present tense) തിരസ്കരിക്കുവാൻ കാരണം, ഭൂതകാലത്തിൽ ദൈവപുത്രനെക്കുറിച്ചുള്ള ദൈവികസാക്ഷ്യത്തിൽ ആത്മാർത്ഥമായി വിശ്വസിക്കാതിരുന്നതിന്റെ ഫലമാണെന്ന് ആദ്യത്തെ perfect tense ൽ (വിശ്വസിക്കായ്കയാൽ) സൂചിപ്പിക്കുമ്പോൾ, ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം പൂർണ്ണതയുള്ളതാണെന്ന് രണ്ടാമത്തെ perfect tense (പറഞ്ഞ സാക്ഷ്യം) സൂചിപ്പിക്കുന്നു. ഇതോടുള്ളബന്ധത്തിൽ പറയാനുള്ളതെല്ലാം ദൈവം മുൻപുതന്നെ പൂർണ്ണമായും പറഞ്ഞതുകൊണ്ട് പഴയസാക്ഷ്യം ഇപ്പോഴും നിലനില്ക്കുന്നുവെന്നും അതിനായി പുതിയൊരു വെളിപ്പാടിന്റെ ആവശ്യമില്ലായെന്നുമാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്.

ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് അവകാശപ്പെടുകയും എന്നാൽ ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന വ്യക്തി താത്വികമായി, ദൈവത്തെ **"അസത്യവാദിയാക്കുന്നു"** (വാ. 10 c.f. 1:10). മനുഷ്യരുടെ സത്യസന്ധമായ സാക്ഷ്യത്തെ അംഗീകരിക്കാത്തവരെ മനുഷ്യർപോലും അംഗീകരിക്കുന്നില്ലായെങ്കിൽ ക്രിസ്തുവിന്റെ ആളത്വത്തെക്കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യം വിശ്വസിക്കാത്തവരോട് ദൈവം എത്രയധികം.

ഇവിടെ ദൈവത്തെ വിശ്വസിക്കാത്തവൻ ദൈവം തന്റെ പുത്രനെക്കുറിച്ച് പറഞ്ഞ സാക്ഷ്യം **"വിശ്വസിക്കായ്കയാൽ"** (pepisteuken) എന്നതും **"അസത്യവാദിയാക്കുന്നു"** (pseustēn pepoiēken) എന്നതും വ്യാകരണപ്രകാരം ഇവിടെ (gnomic perfect with an extensive sense) കഴിഞ്ഞ ഒരു സംഭവത്തിന് അടിസ്ഥാനം മുൻപുതന്നെ ഉണ്ടായ മറ്റൊരു സംഭവമാണെന്ന് സൂചിപ്പിക്കുന്നു. അർത്ഥാൽ, അവിശ്വാസത്തിലൂടെ ഒരുവൻ ദൈവത്തെ അസത്യവാദിയാക്കിയിരിക്കുന്നതിനു കാരണം മുൻപുതന്നെ അവൻ ദൈവികസാക്ഷ്യം വിശ്വസിക്കാത്തതുകൊണ്ടാണ്.

ദൈവപുത്രനിൽ വിശ്വസിക്കാതിരിക്കുന്നത് ദൈവത്തിൽ വിശ്വസിക്കാതിരിക്കുന്നതിന് തുല്യമാണ്. പുത്രനിൽ വിശ്വസിക്കാതെ ആർക്കും പിതാവിനെ വിശ്വസിക്കുവാൻ കഴിയില്ല (2:22-25).

ദൈവികവഴിയിലൂടെ ദൈവത്തെ അന്വേഷിച്ചാൽ മാത്രമേ ദൈവത്തെ കണ്ടെത്തുവാൻ മനുഷ്യന് കഴിയുകയുള്ളൂ. മനുഷ്യന്റെ വഴിയിലൂടെ ദൈവത്തെ അന്വേഷിച്ചാൽ മനുഷ്യൻ പിശാചിനെയാണ് കണ്ടെത്തുന്നത്.

പുത്രനെക്കുറിച്ചുള്ള ദൈവികസാക്ഷ്യം മനുഷ്യൻ സ്വീകരിക്കണമോ വേണ്ടയോ എന്നത് മനുഷ്യന്റെ ഐച്ഛിക സ്വാതന്ത്ര്യമല്ല. മറിച്ച്, നാം നിത്യജീവൻ സ്വന്തമാക്കണമോ വേണ്ടയോ എന്നതിനെ അടിസ്ഥാനപ്പെട്ടുള്ള കാര്യമാണ്.

### 3. ദൈവിക സാക്ഷ്യത്തിന്റെ ഉള്ളടക്കം (11-13)

ദൈവിക സാക്ഷ്യത്തിന്റെ കാതൽ **"ദൈവം നമുക്ക് നിത്യജീവൻ തന്നു. ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതുതന്നെ"** (വാ. 11).

ദൈവത്തിന്റെ ദാനമായ നിത്യജീവൻ ദൈവപുത്രനെക്കുറിച്ചുള്ള ദൈവികസാക്ഷ്യത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്. ഒരു അവിശ്വാസി ദൈവപുത്രനെ നിരാകരിക്കുമ്പോൾ ഒരു വിശ്വാസി ദൈവപുത്രനെ സ്വീകരിക്കുന്നു. ഇക്കാര്യത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ നിലപാടാണ് ഒരാളെ നിത്യജീവന് അവകാശിയാക്കുന്നതും നിത്യജീവനിൽനിന്ന് അകറ്റുന്നതും. യേശുവിനെ

ദൈവപുത്രൻ എന്ന് സ്വീകരിക്കാത്ത ആർക്കും നിത്യജീവൻ ലഭ്യമല്ല. മനുഷ്യന് നിത്യജീവൻ ലഭിക്കാതിരിക്കുവാൻ മനുഷ്യൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതായ ആവശ്യമില്ല. കാരണം പ്രകൃതംകൊണ്ട് ഒരു മനുഷ്യനിലും നിത്യജീവൻ വസിച്ചിരിപ്പില്ല.

ദൈവികസാക്ഷ്യം സ്വീകരിച്ചാൽ പാപക്ഷമ ലഭിക്കുമെന്നും ദൈവികന്യായവിധിയിൽനിന്നും ഒഴിവാക്കപ്പെടുമെന്നും മാത്രമല്ല, നിത്യജീവൻ ലഭിക്കുമെന്നതാണ് അതിന്റെ ശ്രേഷ്ഠത. കേവലം ജീവന്റെ ദൈർഘ്യത്തെ മാത്രമല്ല, ഗുണത്തെയും കൂടിയാണ് നിത്യജീവൻ സൂചിപ്പിക്കുന്നത്.

**"നിത്യജീവൻ തന്നു"** എന്നത് ഇവിടെ വ്യാകരണപ്രകാരം (edōken - constative aorist) ഭാവിയിൽ ലഭിക്കുവാനുള്ളതായിട്ടല്ല, മറിച്ച് ഈ ജീവിതത്തിൽതന്നെ നിത്യജീവൻ യാഥാർത്ഥ്യമായതിനെ സൂചിപ്പിക്കുന്നതാണ്. അത് ഇപ്പോൾതന്നെ ക്രിസ്തുയേശുവിനോടുകൂടെ ജീവിക്കാനുള്ളതാണ് (1 യോഹ. 5:20; 2:5). വീണ്ടും ജനനത്തിലൂടെ സ്വാഭാവികമായി നിത്യജീവൻ അവകാശമാക്കുന്നുവെങ്കിലും ദൈവപുത്രനുമായുള്ള വ്യക്തിപരമായ കൂട്ടായ്മബന്ധത്തിലൂടെയാണ് നിത്യജീവൻ നാം അനുഭവിക്കുന്നത്.

ജലത്തെയും രക്തത്തെയും സംബന്ധിച്ചുള്ള മാർമ്മികമായ അറിവല്ല, മറിച്ച് ദൈവപുത്രനെക്കുറിച്ച് തന്നിലുള്ള സാക്ഷ്യമാണ് ഒരാൾക്ക് നിത്യജീവന്റെ ഉറപ്പു തരുന്നത് (വാ. 10). കാരണം, ദൈവപുത്രൻ അവകാശമായിരിക്കുന്നതിന്റെ ഫലമായിട്ടാണ് നിത്യജീവൻ ലഭിക്കുന്നത്. അത് വ്യക്തിപരമായി ലഭിക്കുന്നതുകൊണ്ടാണ് **"പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവന് ജീവൻ ഇല്ല"** എന്നു വചനം പറയുന്നത് (വാ. 12). മാത്രമല്ല, ഇവിടെയുള്ള രണ്ട് വാക്യാംശങ്ങളും (has the son, has the life) വർത്തമാനകാലത്തിൽ തന്നെ പറഞ്ഞിരിക്കുന്നിന്റെ താല്പര്യം രണ്ടും ഒരേസമയത്ത് സംഭവിക്കുന്നതുകൊണ്ടാണ്. വീണ്ടും ജനനത്തിൽ നമുക്ക് ലഭിച്ച നിത്യജീവൻ തന്നെയാണ് ഇപ്പോൾ നാം അനുഭവിക്കുന്ന നിത്യജീവൻ. എന്നാൽ **"ദൈവപുത്രൻ ഇല്ലാത്തവന് നിത്യജീവൻ ഇല്ല"** എന്നും യോഹന്നാൻ ഉറപ്പിച്ചു പറയുന്നു. അതിൽനിന്നും ദൈവപുത്രനെക്കൂടാതെ മറ്റൊരു നിലയിലും മനുഷ്യന് നിത്യജീവൻ ലഭ്യമല്ലായെന്ന സൂചനയും നമുക്ക് ലഭിക്കുന്നു (യോഹ. 14:6; അപ്പൊ. 4:12; 1 തിമൊ. 2:5).

ഈ ലേഖനത്തിൽ യോഹന്നാൻ ഇതുവരെ പറഞ്ഞതും അനുബന്ധമായി തുടർന്നുപറയുന്നതുമായ കാര്യങ്ങൾ നിത്യജീവൻ സംബന്ധിച്ച സത്യം അറിയാത്തവർക്കുവേണ്ടിയല്ല, മറിച്ച് അറിയുന്നവർക്കുവേണ്ടിയാണ്. മാത്രമല്ല, നിത്യജീവൻ ലഭിക്കുവാനോ നിലനിർത്തുവാനോ എഴുതുന്നതല്ല ഇത്. മറിച്ച്, ക്രിസ്തുവിലൂടെ ലഭിച്ച നിത്യജീവന്റെ ഉറപ്പുള്ളവരാക്കുവാൻ മാത്രം എഴുതുന്നതാണ്. അതുകൊണ്ടാണ്, **"ദൈവപുത്രന്റെ നാമത്തിൽ വിശ്വാസിക്കുന്ന... നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന്"** ഞാൻ ഇത് എഴുതിയിരിക്കുന്നു എന്ന് യോഹന്നാൻ പറയുന്നത്. വ്യാകരണപ്രകാരം **"വിശ്വസിക്കുന്ന"** (pisteousin - customary present) എന്നതിലൂടെ വിശ്വസിക്കുന്ന സ്വഭാവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. വിശ്വസിക്കേണ്ടത് ദൈവപുത്രന്റെ നാമത്തിലാണ്. തന്റെ ആളത്വവും പ്രവൃത്തിയും പൂർണ്ണമായി ഉൾക്കൊള്ളുന്നതാണ് അവന്റെ നാമം. അവൻ രാജാധിരാജാവും കർത്താധികർത്താവുമാണ് (വെളി. 19:16). അവന്റെ നാമത്തിലുള്ള വിശ്വാസം അവനോട് സമ്പൂർണ്ണസമർപ്പണം ആവശ്യപ്പെടുന്നു. എന്നാൽ 3:23 ൽ ദൈവപുത്രനിലുള്ള ബുദ്ധിപരമായ വിശ്വാസത്തെയാണ് ലേഖകൻ സൂചിപ്പിക്കുന്നത്.

തുടർന്ന് നിങ്ങൾക്ക് നിത്യജീവൻ **"ഉണ്ടെന്ന്"** നിങ്ങൾ അറിയേണ്ടതിനു തന്നെ എന്നും താൻ പറയുന്നു. വ്യാകരണപ്രകാരം (echete - customary present) നിത്യജീവൻ നിലനില്ക്കുന്ന, നിലവിലുള്ള ഒരു അവസ്ഥയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്.

യഥാർത്ഥവിശ്വാസിയും വ്യാജവിശ്വാസിയും തമ്മിലുള്ള വൈരുദ്ധ്യം വ്യക്തമാക്കിയ ശേഷം തന്റെ അനുവാചകർ നിത്യജീവന് അവകാശികൾ ആകുന്നുവെന്ന് **"അറിയേണ്ടതിന്"** അഥവാ, ഉറപ്പാക്കുവാൻ വേണ്ടിയാണ് ഇതെല്ലാം എഴുതിയിരിക്കുന്നതെന്ന് അപ്പൊസ്തലൻ അനുവാചകരെ ഓർപ്പിക്കുന്നു.

ഈ ലേഖനത്തിലെ ഒരു പ്രധാനവിഷയമാണ് നിത്യജീവൻ (1:2; 2:25; 3:14-15; 5:11-13,20) തുടർന്ന്, **"ഇത് എഴുതിയിരിക്കുന്നു"** എന്നത് പ്രഥമമായി, 5:6-12 വരെയുള്ള വേദഭാഗത്തെ സൂചിപ്പിക്കുന്നതാകുന്നുവെങ്കിലും പ്രധാനമായി **"ഇത്"** ലേഖനരചനയുടെ പ്രധാന ഉദ്ദേശത്തെയാണ് സൂചിപ്പിക്കുന്നത്. കാരണം, യോഹന്നാന്റെ ശൈലിയിൽ **"ഇത്"** ലേഖനത്തെ മുഴുവനായി സൂചിപ്പിക്കുന്നു (1 യോഹ. 1:4 c.f.

യോഹ. 20:31).

ഇവിടെ യോഹന്നാനെ സംബന്ധിച്ചിടത്തോളം നിത്യജീവൻ ലഭിക്കുവാനുള്ള സാധ്യത എല്ലാവർക്കുമുണ്ട്. എന്നാൽ ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമാണ് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളത്. പ്രസ്തുത ഉറപ്പുണ്ടെങ്കിൽ മാത്രമാണ് അത് ഇപ്പോൾ അനുഭവിക്കുവാനും അതിൽ സന്തോഷിക്കുവാനും അതിലൂടെ അവരുടെ സന്തോഷം പൂർണ്ണമാകുവാനും ഇടവരുന്നത്.

### B. ദൈവഹിതപ്രകാരമുള്ള അപേക്ഷകളെല്ലാം ദൈവം കേൾക്കുന്നു എന്ന ദൈവികബോധ്യം ഉണ്ട് (5:14-17)

ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന വിശ്വാസികൾക്ക് നിത്യജീവന്റെ ഉറപ്പ് മാത്രമല്ല ദൈവഹിതപ്രകാരമുള്ള അവരുടെ അപേക്ഷകളെല്ലാം ദൈവം കേൾക്കുമെന്ന ഉറപ്പുണ്ട്; അതിന്റെ അടിസ്ഥാനത്തിൽ ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ അവർക്ക് ഉറപ്പാക്കാമെന്ന് 1 യോഹ. 5:14-17 വാക്യത്തിൽ കാണുന്നു.

മനുഷ്യൻ പ്രാർത്ഥിക്കുന്നതിന് പ്രധാനമായും രണ്ട് കാരണങ്ങളാണുള്ളത്. ഒന്നാമതായി, അനർത്ഥങ്ങളുടെ സമ്മർദ്ദം നിമിത്തം സഹായത്തിനായി നിലവിളിക്കാനുള്ള ആഴത്തിലുള്ള ഒരാഗ്രഹം സാർവ്വത്രികമായി എല്ലാ മനുഷ്യരുടെയും അന്തരംഗത്തിലുണ്ട്. രണ്ടാമതായി, യേശുക്രിസ്തുവിനെക്കുറിച്ചുള്ള ദൈവികസാക്ഷ്യം വിശ്വസിക്കുന്നവർക്ക് വിശ്വസിക്കുന്ന മാത്രയിൽതന്നെ നിത്യജീവൻ ലഭിക്കുന്നുവെങ്കിലും പ്രസ്തുത ജീവന്റെ പൂർണ്ണമായ അനുഭവത്തിലേക്കും അനുഗ്രഹത്തിലേക്കും ക്രിസ്തുവിശ്വാസികൾക്ക് ഈ ഐഹികജീവിതത്തിൽതന്നെ പ്രവേശിക്കുവാൻ കഴിയാത്തതിനാൽ, ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യം പ്രാപിക്കുന്നതുവരെ ഇവിടെ നമുക്ക് ആഗ്രഹങ്ങളും ആവശ്യങ്ങളും പ്രശ്നങ്ങളും പ്രതിസന്ധികളും ഉണ്ട്. ഇതിൽ പലതും നമ്മുടെ കഴിവിനും പരിതിക്കും അതീതമായതിനാലാണ് പ്രാർത്ഥന നമുക്ക് അനിവാര്യമായിരിക്കുന്നത്.

എന്നാൽ, പ്രാർത്ഥനയുടെ ആവശ്യത്തെയും സ്വഭാവത്തെയുംകുറിച്ച് ശരിയായ അറിവില്ലാത്തതുകൊണ്ട് അനേകരിന്ന് പ്രാർത്ഥിക്കുന്നില്ല; ആഗ്രഹിച്ചതുപോലെ പ്രാർത്ഥനയിൽ ദൈവം പ്രവൃത്തിക്കാത്തതുകൊണ്ട് പ്രാർത്ഥിച്ചിട്ട് യാതൊരു പ്രയോജനവുമില്ലെന്നാണ് വേറെ ചിലർ ചിന്തിക്കുന്നത്. എന്നാൽ മറ്റ് ചിലർക്ക് ഭാഗ്യക്കുറിപോലെ

പ്രാർത്ഥന ഒരു ഭാഗ്യപരീക്ഷണം മാത്രമാണ്. പ്രാർത്ഥിച്ചുനോക്കുക, ലഭിച്ചാൽ ഭാഗ്യം എന്നതാണ് അവരുടെ അന്തർഗതം എന്നാൽ പ്രാർത്ഥനയെ ഏറ്റവും അവസാനത്തെ ഒരായുധമായും കാണുന്നവരുണ്ട്. സ്വന്തകഴിവിലൂടെ പരമാവധി പരിശ്രമിച്ചിട്ടും ഒന്നും സാധിക്കാത്തതുകൊണ്ട് ഇനിയൊന്ന് പ്രാർത്ഥിച്ചുനോക്കാമെന്ന് അവർ കരുതുന്നു.

എന്നാൽ തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ പ്രാർത്ഥന വളരെ ലളിതമാണ് ആർക്കും എവിടെയും എപ്പോഴും പ്രാർത്ഥിക്കാം. എങ്കിലും പ്രാർത്ഥനയെ ദൈവം അംഗീകരിക്കണമെങ്കിൽ ദൈവികമായ ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്.

തന്റെ ജനത്തിനുവേണ്ടി ദൈവം ആഗ്രഹിക്കുന്നത് തന്റെ ജനത്തിലേക്ക് എത്തിക്കുന്ന ഒരു മുഖാന്തരമാണ് പ്രാർത്ഥന. കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥന ദൈവരാജ്യത്തിന്റെ അഭിവൃദ്ധിക്കും ദൈവഹിതം നിറവേറ്റപ്പെടുന്നതിനും ദുഷ്ടന്റെ പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനും ദൈനംദിനജീവിതത്തിലെ മറ്റ് അത്യാവശ്യങ്ങൾക്കും വേണ്ടിയുള്ളതായിരുന്നു (മത്തായി 7:9-15).

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ (15:7) ദൈവം പ്രാർത്ഥന കേൾക്കുന്നതിനുള്ള വ്യവസ്ഥ നാം ദൈവപുത്രനിൽ വസിക്കയും അവന്റെ വചനം നമ്മിൽ വസിക്കയും അതുപോലെ അവന്റെ നാമത്തിൽ നാം അപേക്ഷിക്കയും ആണെങ്കിൽ (യോഹ. 14:13-15; 16:23-24) തന്റെ ഈ ലേഖനത്തിന്റെ 3:22 ൽ ദൈവം പ്രാർത്ഥന കേൾക്കുന്നതിനുള്ള വ്യവസ്ഥ നാം അവന്റെ കല്പനകളെ പ്രമാണിക്കുകയും അവന് പ്രസാദമുള്ളത് ചെയ്യുകയുമാണ്. എന്നാൽ ഇവിടെ (1 യോഹ. 5:14-15) അവന്റെ ഇഷ്ടപ്രകാരം അപേക്ഷിക്കുക എന്നതാണ്. അവന്റെ നാമത്തിൽ എന്ത് അപേക്ഷിച്ചാലും അവൻ അത് ചെയ്തുതരുമെന്ന വാഗ്ദത്തവും അതോടൊപ്പമുണ്ട്.

5:14 ൽ ഭാഷാന്തരം ചെയ്തിരിക്കുന്ന **"എന്തെങ്കിലും"** എന്നത് എപ്പോഴെങ്കിലും (whenever) എന്നാണ് നാം മനസ്സിലാക്കേണ്ടത്. കാരണം, ഇവിടെ പ്രാർത്ഥന കേൾക്കുവാനുള്ള ദൈവികവ്യവസ്ഥ **"അവന്റെ ഇഷ്ടപ്രകാരം"** അപേക്ഷിക്കുക എന്നതാണ്. അതിൽ നിന്നും ദൈവം നമ്മുടെ അപേക്ഷ കേൾക്കുന്നതിന്റെ അടിസ്ഥാന

കാരണം അത് മനുഷ്യന്റെ ഇഷ്ടപ്രകാരം അപേക്ഷിക്കുന്നതുകൊണ്ടല്ല, മറിച്ച് ദൈവത്തിന്റെ ഇഷ്ടപ്രകാരം അപേക്ഷിക്കുന്നതുകൊണ്ടാണെന്ന് തെളിയുന്നു.

പ്രാർത്ഥിക്കുന്ന വ്യക്തിയുടെ ഹിതം പ്രാർത്ഥന കേൾക്കുന്ന ദൈവത്തിന്റെ ഹിതത്തോട് ചേർന്നുവരുമ്പോൾ മാത്രമാണ് പ്രാർത്ഥന ഫലിക്കുന്നത്. അതുകൊണ്ടാണ് ഭക്തരായ എല്ലാവരുടെയും എല്ലാ പ്രാർത്ഥനകളും അവർ ആഗ്രഹിച്ചതുപോലെ ദൈവം അനുവദിക്കാതിരുന്നത് (പുറ. 32:31-35; ആവ. 3:23-27; മർക്കൊസ് 14:36).

പാപം നിമിത്തവും (സദൃശ. 15:8,29; 28:9; യെശ. 1:15) അപേക്ഷകനെക്കുറിച്ച് ദൈവത്തിന് ഉയർന്ന ലക്ഷ്യം ഉള്ളപ്പോഴും (യിരെ. 7:16; 11:14; 14:11; 2 കൊരി. 12:7-9; എബ്രാ. 5:7-9) ദൈവം പ്രാർത്ഥന കേൾക്കാതിരുന്നതായി തിരുവെഴുത്തിൽ കാണുന്നുണ്ട്. നാം ചോദിച്ചാൽ ദൈവം അപേക്ഷ കേൾക്കുന്നതിന് വിശ്വാസം മാത്രമല്ല, വ്യവസ്ഥയായിരിക്കുന്നതെന്ന് ഇതിൽനിന്നും തെളിയുന്നു (യാക്കോബ് 4:3).

അതുകൊണ്ട് പ്രാർത്ഥന മനുഷ്യന്റെ ഇഷ്ടം നിറവേറ്റുവാനായി ദൈവത്തെ നിർബന്ധിക്കുന്നതോ ദൈവത്തോട് അപേക്ഷിക്കുന്നതോ അല്ല. മറിച്ച്, ദൈവഹിതം നമ്മിലൂടെ നിറവേറ്റുവാനുള്ള ഒരു അപേക്ഷയാണെന്നുള്ള ഒരു യാഥാർത്ഥ്യവും ഇതിലടങ്ങിയിരിക്കുന്നു (ലൂക്കൊസ് 22:42). മാത്രമല്ല, ദൈവഹിതപ്രകാരമല്ലാത്ത പ്രാർത്ഥനയെ ദൈവം കൈക്കൊള്ളുന്നുമില്ല (സങ്കീ. 66:18-20).

തിരുവെഴുത്തിലൂടെ ദൈവികവാഗ്ദത്തം നമുക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ... ദൈവാത്മാവിന്റെ നിറവിൽ നാം നടക്കുന്നുവെങ്കിൽ... ഹൃദയത്തിൽ പൂർണ്ണ ബോധ്യവും ആത്മാവിന്റെ ശക്തിയായ പ്രേരണയും നമുക്കുണ്ടെങ്കിൽ... ദൈവമഹത്വത്തിനായി കർത്താവിന്റെ നാമത്തിൽ നാം അപേക്ഷിക്കുന്നുവെങ്കിൽ ദൈവം നമ്മുടെ അപേക്ഷ കേൾക്കുമെന്നുള്ള ധൈര്യം നമുക്കുണ്ടാകും (യോഹ. 11:41-42). മാത്രമല്ല, നമ്മുടെ അപേക്ഷ അവനിൽനിന്നും ലഭിക്കുമെന്നുള്ള ഉറപ്പും അതിലൂടെ ലഭിക്കുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ദൈവത്തിന് പ്രവൃത്തിക്കാതിരിക്കുവാൻ കഴിയുകയില്ല, കാരണം ദ്വേഷികളായ മാനുഷിക പിതാക്കന്മാരെക്കാൾ വളരെ ശ്രേഷ്ഠനാണ് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് (ലൂക്കൊസ് 11:9-13).

1 യോഹ. 5:13-14 വാക്യങ്ങൾക്കിടയിലുള്ള സമുച്ചയപദം (and) സൂചിപ്പിക്കുന്നത് ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവൻ ഉള്ളതിന്റെ ഉറപ്പായി **"അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു"** (വാ. 14) എന്ന ദൈവികബോധ്യമാണ്.

എന്നാൽ ദൈവസന്നിധിയിൽ നമുക്കുള്ള ധൈര്യത്തിന് കാരണം നാം അപേക്ഷിച്ചാൽ ദൈവം നമ്മുടെ അപേക്ഷ കേൾക്കുന്നുവെന്നതല്ല. മറിച്ച്, നാം അപേക്ഷിക്കുമ്പോഴൊക്കെയും കേൾക്കുന്നുവെന്നതാണ്. ഇവിടെ **"അപേക്ഷിച്ചാൽ"** എന്നത് വ്യാകരണപ്രകാരം (ean ti aitōmetha - iterative present) ആവർത്തിച്ചാവർത്തിച്ച് സംഭവിക്കുന്നതിനെ സൂചിപ്പിക്കുന്നു. അതുപോലെ **"കേൾക്കുന്നു"** എന്നത് വ്യാകരണപ്രകാരം ഇവിടെ (akouei - customary present) വിശ്വാസികളുടെ അപേക്ഷ തുടർമാനമായി കേൾക്കുന്ന ദൈവത്തിന്റെ പ്രകൃതത്തെ സൂചിപ്പിക്കുന്നു. എന്നാൽ ഇവിടെ പ്രാർത്ഥന കേൾക്കുന്ന വ്യക്തിക്കല്ല. മറിച്ച് അപേക്ഷിക്കുന്ന വ്യക്തിക്കാണ് പ്രാധാന്യം നല്കിയിരിക്കുന്നതെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കാരണം, ദൈവഹിതപ്രകാരം നാം എപ്പോൾ ചോദിച്ചാലും ദൈവം കേൾക്കുന്നു. വെറുതെ കേൾക്കുന്നുവെന്നല്ല, മറിച്ച് അനുഭാവപൂർവ്വം കേട്ട് പ്രവൃത്തിക്കുന്നുവെന്ന അർത്ഥമാണ് ഇതിനുള്ളത്.

1 യോഹ. 3:22 ൽ ദൈവം പ്രാർത്ഥന കേൾക്കുന്നത് അവന്റെ കല്പനകളെ പ്രമാണിച്ച് അവന് പ്രസാദമുള്ളത് ചെയ്യുന്നതിനെ അടിസ്ഥാനപ്പെട്ടിരിക്കുന്നുവെങ്കിൽ ഇവിടെ (5:14) ദൈവം പ്രാർത്ഥന കേൾക്കുന്നത് നാം ദൈവഹിതപ്രകാരം ചോദിക്കുന്നതിനെ അടിസ്ഥാനപ്പെട്ടിരിക്കുന്നു. എന്നാൽ ദൈവഹിതത്തിനും ദൈവികസ്വഭാവത്തിനും എതിരായ യാതൊരു അപേക്ഷയും ദൈവം അനുഭാവപൂർവ്വം കേൾക്കുയോ പ്രവൃത്തിക്കുകയോ ചെയ്യുന്നില്ല.

ഇവിടെ, **"അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു"** (വാ. 14) എന്ന് പറയുന്നതിൽ ഒരു വർത്തമാനകാല അനുഭവത്തെ സൂചിപ്പിക്കുന്നതുകൊണ്ട് (estin-equative present) അത് ദൈനംദിനജീവിതത്തിൽ പിതാവിനോടുള്ള ബന്ധത്തിൽ നമുക്ക് ഉണ്ടാകുന്ന ധൈര്യമാകുന്നു (2:28; 3:21; 4:17; എബ്രാ. 4:16) എന്നാൽ യോഹന്നാൻ എഴുതിയ

സുവിശേഷത്തിൽ ഈ ധൈര്യം നാം പിതൃസന്നിധിയിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന ധൈര്യമാണ് (യോഹ. 14:13–14; 15:7–16; 16:23–24).

എന്നാൽ "**നാം എന്ത് അപേക്ഷിച്ചാലും** (ho ean aitōmetha - iterative present) **അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു** (akouei - customary present) **എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു**" (വാ. 15).

ഇവിടെ അവനോട് "**കഴിച്ച അപേക്ഷ**" എന്നത് വ്യാകരണ പ്രകാരം (ētēkamen - extensive perfect) പൂർത്തിയായ പ്രവൃത്തിയെ സൂചിപ്പിക്കുന്നു. അതുപോലെ അവനോട് കഴിച്ച അപേക്ഷ "**നമുക്കു ലഭിച്ചു**" എന്നത് വ്യാകരണപ്രകാരം (echomen - customary present) വിശ്വാസികളുടെ ദൈവഹിതപ്രകാരമുള്ള അപേക്ഷകൾക്ക് എപ്പോഴും മറുപടി ലഭിക്കുന്ന രീതിയെ ഇവിടെ സൂചിപ്പിക്കുന്നു.

മുൻപ് (5:14 c.f. യോഹ. 11:41–42) എപ്പോൾ അപേക്ഷിച്ചാലും എന്നും (iterative present) ഇവിടെ (5:5) എന്ത് അപേക്ഷിച്ചാലും (iterative present) എന്നും പറയുന്നതിൽനിന്നും ദൈവം അനേകം പ്രാർത്ഥനകൾ കേൾക്കാതിരിക്കുന്നതിനു കാരണം അപേക്ഷകൾ, പ്രഥമമായി ദൈവഹിതപ്രകാരമുള്ളവ അല്ലാത്തതുകൊണ്ടാണെന്നു തെളിയുന്നു. ഈ സത്യം മറ്റൊരിടത്ത് യാക്കോബും പറയുന്നുണ്ട് (യാക്കോബ് 4:2–3).

അങ്ങനെ "**അവനോടു കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു**" എന്നു നാം അറിയുന്നുവെന്നത് പ്രാർത്ഥിക്കുമ്പോൾതന്നെ ദൈവം നമ്മുടെ അപേക്ഷ കേൾക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ചിലപ്പോൾ അത് പെട്ടെന്നുതന്നെ വെളിപ്പെട്ടിട്ടില്ലായെങ്കിലും (ദാനീ. 9:20–23) പ്രാർത്ഥനയിൽ നമ്മുടെ ഉറപ്പ് നമ്മുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അല്ല, മറിച്ച് ദൈവത്തിലും അവന്റെ വാഗ്ദത്തങ്ങളുടെ അടിസ്ഥാനത്തിലും ആകുന്നു. കാരണം ഇവിടെ "**അറിയുന്നു**" (oidamen) എന്നത് ദൈവികബോധ്യത്തിൽനിന്നുള്ള അറിവിനെ സൂചിപ്പിക്കുന്നു (1 യോഹ. 2:11,20,21,29; 3:2,5,14; 5:13,15,18,19,20). എന്നാൽ വേറെ ചില ഭാഗങ്ങളിൽ (2:3,5,18; 3:24; 4:6,13; 5:20) അനുഭവത്തിൽനിന്നുള്ള മാനുഷിക അറിവിനെയാണ് (ginoskomen) സൂചിപ്പിക്കുന്നത്.

ദൈവത്തിന്റെ വാഗ്ദത്തങ്ങളെല്ലാം പൂർണ്ണമായി നിവൃത്തിയാകു

ന്നതിനു മുൻപുതന്നെ നാം മുൻപ് ചോദിച്ച അനേകം അപേക്ഷകൾ ഇപ്പോൾതന്നെ നിവൃത്തിയായിരിക്കുന്നുവെന്ന് നാം അറിയുന്നു. കാരണം, നമുക്ക് ഇപ്പോഴുള്ളതെല്ലാം നാം മുൻപ് ചോദിച്ച കാര്യങ്ങളുടെ നിവൃത്തിയാണ്. അതുകൊണ്ടാണ് ഇവിടെ **"അവനോടു കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു"** എന്നു പറയുന്നു.

പലപ്പോഴും ദൈവഹിതപ്രകാരം എന്ത് അപേക്ഷിക്കണമെന്ന് വിശ്വാസികൾ അറിയുന്നില്ല. അവന്റെ വചനത്തിൽനിന്നും അവൻ നമ്മിൽ തന്ന ആത്മാവിലൂടെയാണ് അവന്റെ ഇഷ്ടം നാം തിരിച്ചറിയുന്നത് (റോമർ 8:26). അതുകൊണ്ട്, പ്രാർത്ഥന ദൈവത്തിൽനിന്നും ഒന്നും പിടിച്ചുമേടിക്കുന്നതിനുള്ള മുഖാന്തരമല്ല. മറിച്ച് **"എന്റെ നാമത്തിൽ ചോദിക്കുന്നതൊക്കെയും"** എന്ന പ്രത്യേക ദൗത്യം നിറവേറ്റുവാനുള്ള വാഗ്ദത്തമാണ് (യോഹ. 14:26; 15:16; 16:24).

**"നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു"** എന്നറിയുന്നതുകൊണ്ട് നാം ഏറ്റവും വിലയേറിയതായി കരുതുന്ന ജീവനെ അപേക്ഷിച്ചാൽ (മത്തായി 6:25; മർക്കൊസ് 8:36) **"ദൈവം അവന് ജീവനെ കൊടുക്കും"** (വാ. 16) എന്നുതന്നെയാണ് യോഹന്നാൻ തുടർന്നുപറയുന്നത്.

ഇക്കാര്യം വിശദീകരിക്കുന്നതിനു വേണ്ടിയാണ് **"സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം..."** എന്ന് പറയുന്നത്. എന്നാൽ ഇങ്ങനെ പറയുന്നതുകൊണ്ട് ഒരാൾ മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അപരന്റെ പാപത്തെക്കുറിച്ചോ പാപത്തിന്റെ തീവ്രതയെക്കുറിച്ചോ പ്രത്യേകം എന്തെങ്കിലും അറിയണമെന്നില്ലായെങ്കിലും പാപം ചെയ്യുന്ന വിശ്വാസികൾക്കുവേണ്ടി പക്ഷവാദം ചെയ്യുമ്പോൾ ദൈവം പ്രാർത്ഥന കേൾക്കുന്നതിന് ഒരു വ്യവസ്ഥയുണ്ടെന്ന് നാം അറിഞ്ഞിരിക്കണം.

ഒന്നാമതായി, സഹോദരന്റെ പാപത്തെക്കുറിച്ച് നേരിട്ടുള്ള അറിവ് ഉണ്ടായിരിക്കണം ക്രിസ്തുവിശ്വാസികളുടെ പാപത്തെക്കുറിച്ച് യോഹന്നാൻ ഈ ലേഖനത്തിൽ പരാമർശിക്കുന്നുവെങ്കിലും (1:7–10; 2:1–2) ക്രിസ്തുവിശ്വാസികൾക്ക് പാപജീവിതം ഇല്ലായെന്നത് അവിശ്വാസികളിൽ നിന്നുള്ള പ്രധാന വ്യത്യാസമാണ് (3:8,9; 5:18).

രണ്ടാമതായി, അത് മരണകരമായ പാപം ആയിരിക്കരുത്

(യാക്കോബ് 5:19-20). കാരണം "**മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല**" (വാ. 16) എന്നും താൻ തുടർന്ന് പറയുന്നു.

എന്നാൽ "**ഏത് അനീതിയും പാപം ആകുന്നു; മരണത്തിനല്ലാത്ത പാപം ഉണ്ട് താനും**" (വാ. 17) എന്നൊരു വിശദീകരണം തുടർന്നു നല്കുന്നതിനാൽ വിശ്വാസികളുടെ ഇടയിൽ "**മരണത്തിനല്ലാത്ത പാപം**", "**മരണത്തിനുള്ള പാപം**" എന്നിങ്ങനെ രണ്ടുതരം പാപം ഉണ്ടെന്ന് തെളിയുന്നു. ഇവ തമ്മിലുള്ള വ്യത്യാസം ആദ്യത്തെ അനുവാചകർ തിരിച്ചറിഞ്ഞിരിക്കുന്നതുകൊണ്ടാണ് അപ്പൊസ്തലൻ ഇവിടെ അത് വിശദീകരിക്കാത്തത്. മാത്രമല്ല, ഇവയ്ക്കു മുമ്പിൽ വിശേഷണഭേദകം (the) ഒന്നും ഇല്ലാത്തതുകൊണ്ട് ഇവ ഏതെങ്കിലും ഒരു പ്രത്യേക പാപത്തെ സൂചിപ്പിക്കുന്നില്ലായെന്നും വ്യക്തമാണ്.

മരണത്തിനല്ലാത്ത പാപം

"**സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നത് ആരെങ്കിലും കണ്ടാൽ അപേക്ഷിക്കാം**" എന്നതിൽനിന്നും ഈ സഹോദരൻ വിശ്വാസഭവനത്തിലെ ഒരു അംഗമാണെന്നുള്ളത് സ്പഷ്ടമാണ് (1 യോഹ. 2:9-11; 3:13-17; 4:20-21).

അതുപോലെ "**പാപം ചെയ്യുന്നത്**" കണ്ടാൽ എന്നത് ഇവിടെ വ്യാകരണപ്രകാരം (hamartanonta - progressive present) ചെയ്തുകൊണ്ടിരിക്കുന്ന അഥവാ തുടരുന്ന ഒരു പ്രവൃത്തിയെ സൂചിപ്പിക്കുന്നു. എന്നാൽ "**അപേക്ഷിക്കാം**" എന്നത് ഇവിടെ വ്യാകരണപ്രകാരം (aitēisei - impreatival future) അനുവാദത്തെയല്ല, മറിച്ച് സഹവിശ്വാസിയുടെ സ്വാഭാവികമായ ധാർമ്മിക കടമയെ അഥവാ ഉത്തരവാദിത്വത്തെയാണ് സൂചിപ്പിക്കുന്നത്.

കാരണം, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കുവേണ്ടി അപേക്ഷിച്ചില്ലെങ്കിൽ, അവർ പാപത്തിൽ മുന്നോട്ടുപോയി മരണകരമായ പാപത്തിൽ അകപ്പെടുകയും അത് മരണത്തിൽ അവസാനിക്കുകയും ചെയ്യും (ലൂക്കൊസ് 23:32; 1 കൊരി. 5:5; 1 തിമൊ. 1:20).

വിശ്വാസികളുടെ പാപത്തെ തിരുവെഴുത്ത് പരാമർശിക്കുന്നുണ്ട് (മത്തായി 6:12-15; ഗലാ. 6:1; 1 തിമൊ. 5:10; എബ്രാ. 12:1; 1 പത്രൊസ്

2:1-2; 1 യോഹ. 1:7-10; 2:1-2). പാപം ചെയ്യുന്ന വിശ്വാസത്യാഗിക്ക് ഇപ്പോൾ അർഹമായ ശിക്ഷ ലഭിക്കുമെന്ന് ഉറപ്പില്ലെങ്കിലും പാപം ചെയ്യുന്ന വിശ്വാസിക്ക് ഇപ്പോൾ ശിക്ഷ ഉറപ്പാണെന്ന് തിരുവെഴുത്ത് പറയുന്നുണ്ട് (റോമർ 8:13; 1 കൊരി. 5:5; 11:26-30; എബ്രാ. 12:7-8; യാക്കോബ് 5:15).

എങ്കിലും പാപം ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന രീതി പണ്ടുമുതലുള്ളതാണ്. അതുകൊണ്ടാണ് അബ്രഹാം (ഉല്പത്തി 18:22-23); മോശെ (പുറ. 32:9-14); കർത്താവ് (ലൂക്കൊസ് 23:34); സ്തെഫാനൊസ് (അപ്പൊ. 7:60) മുതലായവർ പാപം ചെയ്യുന്നവർക്കു വേണ്ടി പ്രാർത്ഥിച്ചതായി തിരുവെഴുത്തിൽ കാണുന്നത്.

ഒരു സഹോദരൻ പാപം ചെയ്യുന്നത് കണ്ടാൽ സഹവിശ്വാസികളുടെ ആദ്യത്തെ സ്വാഭാവിക പ്രതികരണം ദൈവമുമ്പാകെ അവനു വേണ്ടി പക്ഷവാദം ചെയ്യുക എന്നത് ആയിരിക്കണം. അതിന്റെ ഫലം **"ദൈവം അവന് ജീവനെ കൊടുക്കും"** എന്നതാണ്; അർത്ഥാൽ, ദൈവം അവന് മാനസാന്തരം നല്കി അവനെ ദൈവജനത്തിന്റെ കൂട്ടായ്മയിൽ തുടരുമാറാക്കും എന്നുതന്നെയാണ് (ലൂക്കൊസ് 22:32 c.f. 2 തിമൊ. 2:25,26).

മരണത്തിനുള്ള പാപം

**"മരണത്തിനുള്ള പാപം ഉണ്ട്; അതിനെക്കുറിച്ച് അപേക്ഷിക്കേണം എന്ന് ഞാൻ പറയുന്നില്ല."**

ആത്മിക മരണത്തെയും **"മരണം"** എന്ന് വചനം പരാമർശിക്കുന്നുവെങ്കിലും (ലൂക്കൊസ് 15:24; എഫെ. 2:1; വെളി. 3:1) ദൈവിക നിയമത്തോടും വ്യവസ്ഥയോടും മത്സരിക്കുന്നവർക്കുള്ള ശിക്ഷയായ ശാരീരികമരണത്തെയാണ് **"മരണം"** എന്നതുകൊണ്ട് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്. കാരണം, ഇവിടെ പാപംചെയ്യുന്നവൻ ഒരു സഹോദരൻ ആയതുകൊണ്ടും പാപത്തിന്റെ ഫലമായുള്ള ശാരീരിക മരണത്തെ തിരുവെഴുത്ത് പരാമർശിക്കുന്നതുകൊണ്ടും ശാരീരികമരണമാണ് ഈ പശ്ചാത്തലത്തിൽ അനുയോജ്യമായിരിക്കുന്നത്.

എല്ലാ പാപങ്ങളും ദൈവമുമ്പാകെ കുറ്റകരവും ശിക്ഷാർഹവും ആണെങ്കിലും പഴയനിയമത്തിൽ ചില പാപങ്ങൾക്ക് പ്രായശ്ചിത്തം സാധ്യമായിരുന്നു. എന്നാൽ ദൈവത്തോടുള്ള മത്സരത്തിൽ ചെയ്ത

ചില പാപങ്ങൾക്ക് ശാരീരികമരണത്തോടുള്ള ബന്ധത്തിൽ പ്രായശ്ചിത്തം അസാധ്യമായിരുന്നു. അങ്ങനെ പാപം ചെയ്തവർക്കെല്ലാം ദൈവിക വ്യവസ്ഥപ്രകാരം മരണശിക്ഷ അനിവാര്യമായിരുന്നു (സംഖ്യ. 15:27-31; ആവ. 17:12;; 22:25; 1 ശമൂ. 3:14).

അതുകൊണ്ടാണ് ദൈവത്തോടുള്ള മത്സരത്തിൽ പാപം ചെയ്യുന്നർക്കുവേണ്ടി പ്രാർത്ഥിക്കരുതെന്ന് ദൈവം യിരെമ്യാവിനോട് പറഞ്ഞത് (യിരെ. 7:16; 11:14; 14:11 c.f. യെശ. 22:12-14).

**"മരണത്തിനുള്ള പാപം"** ക്ഷമിക്കപ്പെടാത്ത പാപമായും (മത്തായി 6:14-15) പരിശുദ്ധാത്മാവിന് എതിരായ പാപമായും (മത്തായി 12:31-32; മർക്കൊസ് 3:29) ചിലർ പറയുമ്പോൾ, വേറെ ചിലർ അത് വിശ്വാസത്യാഗമായും ആത്മഹത്യയായും പറയുന്നു. മറ്റുചിലർ മാനസാന്തരപ്പെടാത്ത പാപജീവിതമായും അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ശാരീരികമരണം നല്കി ശിക്ഷിക്കാവുന്ന ഏതൊരു പാപവും ഇതിന്റെ പരിതിയിൽ വരുന്നു. പഴയനിയമത്തിലും പുതിയനിയമത്തിലും ഇങ്ങനെയുള്ള പാപങ്ങളെക്കുറിച്ച് പരാമർശമുണ്ട്. (ലേവി. 24:15-16; ആവ. 22:25; അപ്പൊ. 5:1-11; റോമർ 8:13; 1 കൊരി. 5:5; 10:1-11; 11:29-30; 1 തിമൊ. 1:20; 1 യോഹ. 5:16; വെളി. 2:21-23).

മനുഷ്യരുടെ ഇടയിൽ സാധാരണയായി കാണുന്ന അവിശ്വാസം അനുസരണക്കേട് (1 കൊരി. 10:1-5; എബ്രാ. 3:15-19), മോഹം മോഷണം (യോശുവ 7), വ്യാജം കപടഭക്തി (അപ്പൊ. 5), ദുർന്നടപ്പ് (1 കൊരി. 5:5), അഭക്തി ദൈവികകാര്യങ്ങളോടുള്ള അവഗണന (1 കൊരി. 11:28-30) മുതലായ ഏതു പാപവും മരണത്തിനുള്ള പാപം ആകുന്നു.

മരണത്തിനുള്ള പാപം സംബന്ധിച്ച് ധാരാളം സൂചനകൾ തിരുവെഴുത്ത് നല്കുന്നുണ്ടെങ്കിലും ഈ ലേഖനത്തിലെ പ്രധാനവിഷയങ്ങളും യഥാർത്ഥ വിശ്വാസികളുടെ അടയാളങ്ങളുമായ ശരിയായ വിശ്വാസത്തിൽ  നിലനില്ക്കുക, വെളിച്ചത്തിൽ നടക്കുക, പാപം ഏറ്റുപറയുക, കല്പനകൾ അനുസരിക്കുക, ലോകത്തെ സ്നേഹിക്കാതിരിക്കുക, നീതി പ്രവൃത്തിക്കുക, സ്നേഹം വെളിപ്പെടുത്തുക, വചനം കേൾക്കുക, വാഗ്ദത്തങ്ങളിൽ വിശ്വസിക്കുക മുതലായ ദൈവികവ്യവസ്ഥകളെ അവഗണിക്കുന്നതും യോഹന്നാനെ സംബന്ധിച്ച് മരണത്തിനുള്ള പാപം തന്നെയാണ്.

മാനസാന്തരപ്പെട്ട് പാപങ്ങളെ ഏറ്റുപറഞ്ഞാൽ ഏത് പാപത്തിനും

മോചനവും ശുദ്ധീകരണവും പ്രായശ്ചിത്തവും കർത്താവിൽ ലഭ്യമാണെങ്കിലും (1 യോഹ. 1:7–9; 2:1) ദൈവത്തിന്റെ വിശുദ്ധിയെ വെളിപ്പെടുത്തുവാനും ദൈവസഭയുടെ പവിത്രതയെ നിലനിർത്തുവാനും ദൈവത്തോടുള്ള മത്സരത്തിൽ മനഃപൂർവ്വം പാപംചെയ്ത് ദൈവനാമം ദുഷിക്കപ്പെടുവാൻ കാരണമാക്കുന്ന എല്ലാവരെയും ദൈവം വിവിധ നിലയിൽ ശിക്ഷിക്കുന്നു (എബ്രാ. 12:4–11); ചിലരെ ബലഹീനരാക്കുന്നു, ചിലരെ രോഗികളാക്കുന്നു (യാക്കോബ് 5:15), വേറെ ചിലരെ നിർബന്ധിച്ച് മരണം എന്ന നിദ്രയിലാക്കുന്നു (1 കൊരി. 11:28–30), മറ്റുചിലരെ തൽക്ഷണം മരണത്തിനായി ശിക്ഷിക്കുന്നു (അപ്പൊ. 5:1–11 c.f. 1 കൊരി. 10:1–11).

പാപം ചെയ്യുന്നതുനിമിത്തം മരണത്തിനായി ശിക്ഷിക്കുവാൻ ദൈവം നിർണ്ണയിച്ചിരിക്കുന്നവനുവേണ്ടി അപേക്ഷിച്ചതുകൊണ്ട് അവന് മരണത്തിൽനിന്നും വിടുതലില്ല; കാരണം, ചുങ്കക്കാരനും പുറജാതിക്കാരനും എന്നപോലെ അവൻ ദൈവസഭയുടെ സംരക്ഷണത്തിന് പുറത്താണ് (മത്തായി 18:17; തീത്തൊസ് 3:10,11). അവന്റെ ആത്മാവ് കർത്താവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് അവനെ ജഡസംഹാരത്തിനായി സാത്താനെ ഏല്പിച്ചിരിക്കുകയാണ് (1 കൊരി. 5:5; 1 തിമൊ. 1:20).

വീണ്ടും ജനിച്ചിരിക്കുന്ന ഒരു വ്യക്തി ദൈവികദൃഷ്ടിയിൽ മരണകരമായ ഒരു പാപത്തിൽ അകപ്പെട്ടാൽ തന്റെ വ്യക്തിപരമായ പ്രവൃത്തിക്ക് താൻ ഉത്തരവാദിയായതുകൊണ്ട് ന്യായമായും മരണശിക്ഷ അനുഭവിക്കണമെങ്കിലും അവന്റെ ആത്മാവിന്റെ രക്ഷയെ മരണകരമായ പാപം ബാധിക്കുന്നില്ല. എന്നാൽ രക്ഷിക്കപ്പെട്ടിരിക്കുന്നുവെന്ന് അവകാശപ്പെടുകയും രഹസ്യമായോ പരസ്യമായോ പാപത്തിൽ തുടരുകയും ജീവിതാന്ത്യം വരെ മാനസാന്തരപ്പെടാതിരിക്കുകയും ചെയ്യുന്ന വ്യക്തി ദൈവത്തിൽനിന്നും ജനിച്ചവനല്ല (അപ്പൊ. 1:16–18 c.f. എബ്രാ. 12:8).

എന്നാൽ **"മരണത്തിനുള്ള പാപം"** ചെയ്യുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെ പൂർണ്ണമായി വിലക്കുകയല്ല യോഹന്നാൻ ഇവിടെ ചെയ്യുന്നത്. മറിച്ച്, അതിന്റെ ഫലമില്ലായ്മയെയാണ് യോഹന്നാൻ ഇവിടെ ഊന്നിപറയുന്നത്.

"മരണത്തിനല്ലാത്ത പാപം", "മരണത്തിനുള്ള പാപം" എന്നിങ്ങനെ രണ്ടുതരം പാപം ഉണ്ടെങ്കിലും ഒരു പാപത്തെയും യോഹന്നാൻ ഇവിടെ നിസ്സാരമായി കാണുന്നില്ല. അതുപോലെ, ഏതൊരു അനീതിയും അഥവാ അധർമ്മപ്രവൃത്തിയും പാപമാണെങ്കിലും(5:17) എല്ലാ പാപവും മരണകരമായ പാപം അല്ലായെന്നുള്ള യാഥാർത്ഥ്യമാണ് അന്യോന്യം പ്രാർത്ഥിക്കുവാൻ വിശ്വാസികൾക്ക് ധൈര്യം തരുന്നത്. ഇത് വിശ്വാസികളുടെ പൗരോഹിത്യശുശ്രൂഷയുടെ ഒരു ഭാഗമാണ്. ക്രിസ്തു നമുക്കുവേണ്ടി പിതാവിന്റെ മുമ്പിൽ പക്ഷവാദം ചെയ്യുന്നതുപോലെ (1 യോഹ. 2:1-2) പാപം ചെയ്യുന്ന വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥനയും പക്ഷവാദവും ചെയ്യുവാനുള്ള പദവിയും ഉത്തരവാദിത്വവും ക്രിസ്തുവിശ്വാസികളായ നമുക്കുണ്ട്.

ദൈവഹിതപ്രകാരമുള്ള ഏതൊരു കാര്യവും എപ്പോൾ അപേക്ഷിച്ചാലും ജീവനെ ചോദിച്ചാൽ ജീവനെ കൊടുക്കുന്ന കാര്യത്തിലും ദൈവം എപ്പോഴും അനുകൂലമായിതന്നെ പ്രതികരിക്കുന്നു. ഇങ്ങനെ ദൈവഹിതപ്രകാരമുള്ള അപേക്ഷകളെല്ലാം ദൈവം എപ്പോഴും കേൾക്കുന്നുവെന്ന ദൈവികബോധ്യം നമുക്ക് ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പാണെന്ന് യോഹന്നാൻ ഇവിടെ പറയുന്നു.

### C. ദൈവത്തിൽനിന്നും ജനിച്ചവർക്കെല്ലാം ദൈവികസംരക്ഷണം ഉണ്ടെന്നുള്ള ദൈവികബോധ്യം ഉണ്ട് (5:18-21)

ദൈവത്തിൽനിന്നും ജനിച്ചവർക്കെല്ലാം ദൈവികസംരക്ഷണം ഉണ്ടെന്നുള്ള ദൈവികബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവികകൂട്ടായ്മയുള്ള നിത്യജീവൻ ഉറപ്പാക്കുമെന്ന് 5:18-21 വാക്യങ്ങളിൽ യോഹന്നാൻ പറയുന്നു.

ദിവ്യമായ അറിവാണ് അഥവാ ദൈവികബോധ്യമാണ് ഈ വേദഭാഗത്തെ മുഖ്യവിഷയം (5:18,19,20). ഇവിടെ **"നാം അറിയുന്നു"** എന്നതിന് വ്യാകരണപ്രകാരം (oidamen - perfect with present force) നാം അറിഞ്ഞിരിക്കുകയും അറിയുകയും ചെയ്യുന്നു എന്നാണർത്ഥം. ഇത് അനുഭവത്തിന്റെ അടിസ്ഥാനത്തിലുള്ള അറിവല്ല, പഠനത്തിലൂടെ ആർജ്ജിക്കുന്ന അറിവല്ല. കേട്ടറിവുമല്ല, നാട്ടറിവുമല്ല മറിച്ച്, ആന്തരികമായ അറിവാണ്. ആത്മാവിലൂടെയുള്ള ദിവ്യമായ അറിവാണ്. മറ്റ് അനേകർക്കും പ്രത്യേകാൽ, ലോകപ്രകാരം ജ്ഞാനികൾക്കും വിവേ

കികൾക്കും മറഞ്ഞിരിക്കുന്നതും എന്നാൽ ക്രിസ്തുവിലൂടെ അവന്റെ ജനത്തിന് മാത്രം വെളിപ്പെട്ടതുമായ ദൈവികമായ അറിവാണ് (യോഹ. 3:2; വെളി. 2:17).

ദൈവികമായ ഈ അറിവിലൂടെ ദൈവത്തിൽനിന്നും ജനിച്ച വർക്കുള്ള ദൈവിക സംരക്ഷണത്തെക്കുറിച്ച് നാലു കാര്യങ്ങളിൽ നമുക്ക് ദൈവികബോധ്യം ഉണ്ട്.

1. **ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു (വാ. 18)**

മരണത്തിനല്ലാത്ത പാപത്തെക്കുറിച്ചും മരണത്തിനുള്ള പാപത്തെ ക്കുറിച്ചും പരാമർശിച്ചശേഷമാണ് ദൈവത്തിൽനിന്നും ജനിച്ചവരുടെ പ്രത്യേകതയായി **"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു"** എന്ന് പറയുന്ന ത്. കാരണം, ദൈവത്തിൽനിന്നും ജനിക്കുക, അഥവാ വീണ്ടും ജനി ക്കുക എന്നതിന് ആത്മികമായി ദൈവത്തിൽനിന്നും ആരംഭിക്കുക, ഉത്ഭവിക്കുക, ദൈവികപിതൃത്വത്തിൽനിന്ന് ജീവൻ സ്വീകരിക്കുക എന്നാണർത്ഥം. അങ്ങനെയുള്ളവർ **"ആരും പാപം ചെയ്യുന്നില്ല"** എന്നത് ദൈവികബോധ്യമാണ് അഥവാ **"നാം അറിയുന്നു"** (1 യോഹ. 3:6,9; 5:18). ഇവിടെ **"ജനിച്ചിരിക്കുന്നവൻ"** എന്നത് വ്യാക രണപ്രകാരം (gegennēmenos - gnomic extensive and intensive perfect) ഭൂതകാലത്ത് ഉണ്ടായ ഒരു സംഭവത്തിന്റെ തുടർമാനഫലത്തെ സൂചി പ്പിക്കുന്നു (2:29; 3:9; 4:7; 5:1,4). അർത്ഥാൽ, പുതിയപ്രകൃതം പുതിയജ നനത്തിൽനിന്നും ഉത്ഭവിക്കുന്നു. അതുപോലെ, **"പാപം ചെയ്യു ന്നില്ല"** എന്നതിന് ഇവിടെ വ്യാകരണപ്രകാരം (ouch hamartanei - customary present) ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ സ്വാഭാവി കമായി പാപം ചെയ്യുന്നില്ല, പാപത്തിൽ തുടരുന്നില്ല, പാപത്താൽ നിയന്ത്രിക്കപ്പെടുന്നില്ല, പാപത്താൽ അറിയപ്പെടുന്നില്ല എന്നാ ണർത്ഥം. കാരണം ദൈവത്തിൽനിന്നും ജനിച്ചവർക്ക് ദൈവിക പിതൃ ത്വവും പ്രകൃതവും ഉണ്ട് (1 യോഹ. 2:29; 3:9). അതുകൊണ്ട് ദൈവമ ക്കൾ ആയിരിക്കെ പാപം ചെയ്തുകൊണ്ടിരിക്കുന്നത് ദൈവികപ്രകൃത ത്തിനും പിതൃത്വത്തിനും ഘടകവിരുദ്ധമാണ്.

തികഞ്ഞവർ ആരുമില്ലായെന്ന് പറഞ്ഞ് ദൈവത്തിൽനിന്നും ജനി

ച്ചവരുടെ പ്രത്യേകതയെ നിർവീര്യമാക്കുവാൻ ചിലർ ശ്രമിക്കുമ്പോൾ ദൈവത്തിൽനിന്നും ജനിച്ചവർക്ക് പാപത്തിന് അടിമപ്പെടാത്ത, പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയമനുഷ്യനെ ധരിച്ച ഒരു പ്രകൃതവും (കൊലൊ. 3:9–10) ശരീരവും (റോമർ 6:12,14) അവയവങ്ങളും (6:19) പാപത്തോട് പോരാടുന്ന ജീവിതവും (എബ്രാ. 12:4) ഉപദേശിക്കുവാൻ ദൈവത്തിന്റെ ആത്മാവും (റോമർ 8:14) ഉള്ളതിനാൽ അവർ സ്വാഭാവികമായി പാപം ചെയ്യുന്നില്ല. അർത്ഥാൽ പാപത്തിൽ തുടരുകയില്ലായെന്ന് തിരുവെഴുത്ത് പറയുന്നു. ദൈവത്തോടുള്ള മത്സരത്തിൽ മനഃപൂർവ്വം പാപത്തിൽ തുടരുന്നതിനെയാണ് യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്.

കാരണം, ദിവ്യമായ ജനനം പാപത്തിനും മരണത്തിനും വേണ്ടിയുള്ളതല്ല, മറിച്ച് പാപത്തെ വിട്ട് ക്രിസ്തുവിൽ പുതിയജീവിതത്തിന് വേണ്ടിയുള്ളതാണ് (റോമർ 8:13).

എന്നാൽ 1:8–10 വാക്യങ്ങളിലെ പ്രതിപാദ്യവിഷയം ക്രിസ്തുവിശ്വാസികൾ എന്ന് അവകാശപ്പെടുന്നവർ ഈ ജീവിതത്തിൽ പാപസാന്നിധ്യത്തെ നിഷേധിക്കുന്നത് ആത്മവഞ്ചനയാകുന്നുവെന്നും എന്നാൽ പാപങ്ങളെ ഏറ്റുപറയുന്നത് യഥാർത്ഥവിശ്വാസത്തിന്റെ അടയാളമാകുന്നുവെന്നുമാണ്.

ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർ പാപം ചെയ്യുന്നില്ലായെന്ന് (പാപത്തിൽ തുടരുന്നില്ല) പറയുന്നതിനുള്ള മറ്റൊരു കാരണം **"ദൈവത്തിൽനിന്നും ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു"** എന്നതാണ്.

ശേഷം മനുഷ്യരുമായുള്ള സ്നേഹബന്ധം, സഹകരണം, സാമൂഹിക കടപ്പാടുകൾ മുതലായ സദ്ഗുണങ്ങളെ നാം മുറുകെ പിടിക്കുമ്പോഴും അങ്ങനെയുള്ള ബന്ധങ്ങളിലൂടെ ദുഷ്ടൻ തൊടാതവണ്ണം തന്നെത്താൻ സൂക്ഷിക്കേണ്ടതായ ഉത്തരവാദിത്വം നമുക്കുണ്ട്. അതിനായി അവിശ്വാസികളുമായുള്ള ബന്ധത്തിന് വിശ്വാസികൾ പരിധിവെക്കണം (2 കൊരി. 6:14; സങ്കീ. 1:1). അഭക്തരും അശുദ്ധരുമായുള്ള ബന്ധത്തിനും പരിധിവെക്കണം (1 കൊരി. 5:11; 2 തെസ്സ. 3:6–7; 2 തിമൊ. 2:19). ദുഷ്ടന്റെ തന്ത്രങ്ങളെക്കുറിച്ച് ജാഗ്രതയുള്ളവരുമാകണം (2 കൊരി. 2:11; 1 പത്രൊസ് 5:8). ഇങ്ങനെ ആത്മികജീവിതത്തിൽ തന്നെ

ത്താൻ സൂക്ഷിക്കുവാൻ വചനം വിശ്വാസിയെ ആഹ്വാനം ചെയ്യുന്നുണ്ട് (തെസ്സ. 5:22; യാക്കോബ് 1:27; യൂദ 1:1; 1 യോഹ. 3:3; 5:21).

എന്നാൽ ഇവിടെ **"ദൈവത്തിൽനിന്നും ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു"** എന്നത് വ്യാകരണപ്രകാരം (tērei - customary present) തുടർമാനമായി സൂക്ഷിക്കുന്ന സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല, ദൈവപുത്രനായ ക്രിസ്തുവിനെയാണ് **"ജനിച്ചവൻ"** എന്നതിലൂടെ യോഹന്നാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഒരു വിശ്വാസിയും പാപം ചെയ്യാതെ തന്നെത്താൻ സൂക്ഷിക്കുവാൻ പ്രാപ്തൻ അല്ലാത്തതുകൊണ്ട് ദൈവപുത്രനായ ക്രിസ്തുവാണ് ഓരോ വിശ്വാസിയെയും പാപം ചെയ്യാതെ സൂക്ഷിക്കുന്നതിന് സഹായിക്കുന്നത് (യോഹ. 17:15).

ഇവിടെ വിശ്വാസിയുടെ ദൈവത്തിൽനിന്നുള്ള ജനനത്തെ സൂചിപ്പിക്കുന്നതിന് വ്യാകരണത്തിൽ (gegennēmenos - gnomic extensive and intensive perfect) ദൈവത്തിൽനിന്നും **"ജനിച്ചിരിക്കുന്നവൻ"** എന്നും ദൈവപുത്രനായ യേശുവിന്റെ ജനനത്തെ സൂചിപ്പിക്കുന്നതിന് വ്യാകരണത്തിൽ (gennētheis - gnomic aorist) ദൈവത്തിൽനിന്നും **"ജനിച്ചവൻ"** എന്നും രണ്ടു കാലങ്ങൾ യോഹന്നാൻ ഉപയോഗിക്കുന്നതുകൊണ്ടും (മത്തായി 1:16), തന്നിൽ വിശ്വസിക്കുന്നവരെ ക്രിസ്തു സൂക്ഷിക്കുന്നതായി വചനം വ്യക്തമായി പറയുന്നതുകൊണ്ടും (ലൂക്കൊസ് 22:31; യോഹ. 17:12; യൂദ 1:24,25; വെളി. 3:10) അവർ ദിവ്യശക്തിയാൽ കാക്കപ്പെടുന്നു എന്നു കാണുന്നതുകൊണ്ടും (യോഹ. 10:28,29; 2 തിമൊ. 4:18; 1 പത്രൊസ് 1:4) **"തന്നെത്താൻ"** എന്നൊരു വാക്ക് ഈ വാക്യത്തിൽ മൂലഭാഷയിൽ ഇല്ലാത്തതുകൊണ്ടും ഇതു വിശ്വാസിയെ സൂചിപ്പിക്കുന്നതാണെങ്കിൽ പ്രസ്തുതവാക്ക് ഇവിടെ അനിവാര്യമായതുകൊണ്ടും, ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവനെ ദിവ്യമായ സംരക്ഷണം നല്കി പാപം ചെയ്യാതെയും ദുഷ്ടന്റെ കയ്യിൽ അകപ്പെടാതെയും സൂക്ഷിക്കുന്നത് ദൈവത്തിൽനിന്നും ജനിച്ചവനായ ദൈവപുത്രനായ ക്രിസ്തുവാണെന്ന് തെളിയുന്നു.

കാരണം, ക്രിസ്തുവിലൂടെ ദൈവം വിവിധനിലയിൽ വിശ്വാസിയെ സംരക്ഷിക്കുന്നതായി പുതിയനിയമത്തിൽ കാണുന്നുണ്ട് (യോഹ. 17:11,12,15; 1 പത്രൊസ് 1:5; യൂദ 1:24; വെളി. 3:10). ക്രിസ്തു നമുക്ക് നിത്യജീവൻ നല്കുന്നു (യോഹ. 5:21) സകല അനീതിയും പോക്കി

ശുദ്ധീകരിക്കുന്നു (1 യോഹ. 1:7,9), നമുക്കുവേണ്ടി പ്രായശ്ചിത്തമായിരിക്കുന്നു, പക്ഷവാദം ചെയ്യുന്നു (2:1-2), ആത്മാവിനാൽ അഭിഷേകം ചെയ്യുന്നു (2:20), ദുഷ്ടന്റെ പ്രവൃത്തികളെ അഴിക്കുന്നു (3:8), ദൈവസ്നേഹം പഠിപ്പിക്കുന്നു (3:16), പിതാവിന്റെ സന്നിധിയിൽ നമുക്കു ധൈര്യത്തോടെ പ്രവേശനം സാധ്യമാക്കുന്നു (എബ്രാ. 4:15-16) മുതലായ പ്രവൃത്തികൾ പ്രസ്തുത വാദത്തെ സാധൂകരിക്കുന്നു.

ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവരെ ദൈവത്തിൽനിന്നും ജനിച്ചവൻ സൂക്ഷിക്കുന്നതിന്റെ ഫലമായി **"ദുഷ്ടൻ അവനെ തൊടുന്നതുമില്ല"** എന്ന് യോഹന്നാൻ തുടർന്ന് പറയുന്നു. ഇവിടെ **"തൊടുന്നതുമില്ല"** എന്നത് വ്യാകരണപ്രകാരം (ouch haptetai - customary present) ദ്രോഹം ചെയ്യാൻ ഇച്ഛിച്ച് തന്റെ പിടിമുറുക്കുവാനും അതിൽ തുടരുവാനും കഴിയുന്നില്ല എന്നാണർത്ഥം (c.f. യോഹ. 10:28-29; 17:11-12,15; 20:17; റോമർ 8:35-39; യൂദ 1:1).

2. **ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവരെല്ലാം ദൈവത്തിൽനിന്നും ഉത്ഭവിച്ചവർ തന്നെ ആകുന്നുവെന്നും നാം അറിയുന്നു**

**"നാം ദൈവത്തിൽനിന്നുള്ളവർ എന്നു നാം അറിയുന്നു"** (വാ. 19) എന്ന് പറയുന്നതിലൂടെ ദൈവികസംരക്ഷണവുമായി ബന്ധപ്പെട്ട് ദൈവത്തിൽനിന്നും ഉത്ഭവിച്ചവരും ഉത്ഭവിക്കാത്തവരും തമ്മിലുള്ള വ്യത്യാസമാണ് ലേഖകൻ ഈ വാക്യത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ദൈവത്തിൽനിന്നും ജനിച്ചവർക്ക് അവരുടെ ഉത്ഭവത്തെക്കുറിച്ച് നല്ല അവബോധമുണ്ട്. ദൈവപുത്രനിൽ വിശ്വസിക്കുന്നവർ ദൈവത്തിൽനിന്നുള്ളവരും (1 യോഹ. 4:4) ദൈവത്തിൽനിന്നും ജനിച്ചവരും (1 യോഹ. 1:13) ദൈവത്തിന്റെ വിത്ത് വസിക്കുന്നവരും (1 യോഹ. 3:9) ആദാമ്യപ്രകൃതമുള്ള പഴയമനുഷ്യനെ ഉപേക്ഷിച്ച് ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചിരിക്കുന്നവരും (എഫെ. 4:22-24; കൊലൊ. 3:9-10) ദൈവം അവനെ വിലക്ക് വാങ്ങിയിരിക്കയാൽ അവർ ദൈവത്തിന്റെ അവകാശവും (1 കൊരി. 6:19) അവർ ഇവിടെ ദൈവശക്തിയാൽ കാക്കപ്പെടുന്നവരുമാണ് (1 പത്രൊസ് 1:4). അവർ ഒരിക്കൽ ലോകക്കാർ ആയിരുന്നുവെങ്കിലും ദൈവം അവരെ ക്രിസ്തുവിലൂടെ ലോകത്തിൽനിന്നും വീണ്ടെടുത്ത് ദൈവരാജ്യത്തിൽ ആക്കിയിരിക്കുന്നു (യോഹ. 15:19; ഗലാ. 1:3; കൊലൊ. 1:13-14).

എന്നാൽ "**സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിട ക്കുന്നു**" (വാ. 19) എന്നും യോഹന്നാൻ തുടർന്നു പറയുന്നു.

വ്യാകരണപ്രകാരം (keitai - customary present) തുടർമാനമായി എപ്പോഴും കിടക്കുന്നതിനെ ഇവിടെ സൂചിപ്പിക്കുന്നു (ലൂക്കൊസ് 4:5-7). കാരണം, ദൈവപുത്രനിൽ വിശ്വസിക്കാത്ത എല്ലാവരും അർത്ഥാൽ, അവിശ്വാസികളുടെ ലോകം മുഴുവനും എപ്പോഴും ദുഷ്ടന്റെ അധീന തയിൽതന്നെ കിടക്കുന്നു. ഈ ലോകക്കാർ ദുഷ്ടനിൽനിന്നും ഉത്ഭ വിച്ചവരല്ലായെങ്കിലും ദൈവപുത്രനെ അംഗീകരിക്കാത്ത മനുഷ്യ സമൂഹം മുഴുവനും പാപത്തിന്റെ പിടിയിലും ദുഷ്ടന്റെ അധീനതയിലും നിസ്സഹായ അവസ്ഥയിലും കഴിയുന്നു (യോഹ. 3:16; 12:31; 14:30; 16:11; റോമർ 16:20; ഗലാ. 1:3; 1 യോഹ. 2:15-16; 4:3-5).

3. **ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവരെല്ലാം ദൈവപുത്രൻ വന്നു എന്നും ആത്മിക പരിജ്ഞാനം തന്നു എന്നും അറിയുന്നു (വാ. 20)**

ഈ ലോകത്തിന്റെ മേൽ ആധിപത്യം ഉള്ള ദുഷ്ടന്റെ പ്രവൃത്തി കൾക്ക് അതീതമായി ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർ ദൈവ പുത്രന്റെ ആഗമനത്തിലൂടെ ആത്മികപരിജ്ഞാനം ഉള്ളവർ ആകുന്നു വെന്നും നാം അറിയുന്നു.

ഇവിടെ, "**ദൈവപുത്രൻ വന്നു**" എന്നതിൽ ദൈവത്തെ വെളി പ്പെടുത്തുവാൻ ദൈവപുത്രൻ വന്നു തന്റെ ശുശ്രൂഷ നിവർത്തിച്ചു എന്നാണർത്ഥം (യോഹ. 1:18). വ്യാകരണപ്രകാരം ഇവിടെയിത് (hēkei - perfective present) വർത്തമാനകാലക്രിയ ആണെങ്കിലും വന്നിരി ക്കുന്നു എന്നാണ് ഇതിന് ഇവിടെ അർത്ഥം. പൂർത്തിയായ ഒരു പ്രവൃ ത്തിയുടെ തുടരുന്ന ഫലത്തെയാണ് അതു സൂചിപ്പിക്കുന്നത് (c.f. 1 യോഹ. 2:8).

ദൈവപുത്രൻ ആളത്വത്തിൽ ഇവിടെ സന്നിഹിതനല്ലായെങ്കിലും തന്റെ "**വന്നു**" എന്ന പ്രവൃത്തിയുടെ ഫലം ഇന്നും ഇവിടെ നില നില്ക്കുന്നു. അർത്ഥാൽ, ദൈവപുത്രൻ വന്ന് "**സത്യദൈവത്തെ അറി വാൻ നമുക്ക് വിവേകം തന്നു എന്നും നാം അറയുന്നു.**" അതുകൊണ്ട് വന്നതിന്റെ ഫലമായി "**തന്നു**" എന്നാണ് വ്യാകരണം (dedōken - extensive perfect) ഇവിടെ സൂചിപ്പിക്കുന്നത്. അതുപോലെ "**വിവേകം തന്നു**" എന്നതുകൊണ്ട് മനസ്സിന് ഉൾക്കാഴ്ച

തന്നിരിക്കുന്നു അഥവാ, ആത്മികപരിജ്ഞാനം തന്നിരിക്കുന്നു എന്നാണർത്ഥം (എഫെ. 4:18). യഥാർത്ഥവിശ്വാസികൾക്ക് സത്യം അറിയുവാൻ മാത്രമല്ല, സത്യമായവനെ അറിയുവാനും ഉൾകാഴ്ച ലഭിച്ചിരിക്കുന്നു (യോഹ. 1:18; 14:16,9,10 c.f. 1 കൊരി. 2:12-16; 8:5,6; 1 യോഹ. 2:20-21). യഥാർത്ഥവിശ്വാസികൾ എല്ലാം ദൈവപുത്രനിലൂടെ ദൈവത്തെ അറിഞ്ഞിരിക്കുകയും അറിയുകയും ചെയ്യുന്നു. "**ദൈവപുത്രൻ വന്നു**" എന്നത് വസ്തുതയും ചരിത്രവുമായി അറിഞ്ഞിരിക്കുകയും, സത്യമായവനെ അഥവാ "**സത്യദൈവത്തെ അറിവാൻ നമുക്ക് വിവേകം തന്നു**" എന്നത് അനുഭവമായി അറിയുകയും ചെയ്യുന്നു.

സത്യദൈവം എന്നതുകൊണ്ട് ദൈവത്തിന്റെ യഥാർത്ഥ സ്വഭാവത്തെയാണ് സൂചിപ്പിക്കുന്നത് (യെശ. 65:16; യോഹ. 1:9; 7:28; 17:3; 1 തെസ്സ. 1:9; വെളി. 3:7,14; 6:10; 15:3).

4. **ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവരെല്ലാം സത്യമായവനിൽ, അവന്റെ പുത്രനായ യേശുക്രിസ്തുവിൽതന്നെ ആകുന്നു എന്നും നാം അറിയുന്നു (വാ. 20)**

ദൈവപുത്രന്റെ വരവിന്റെ ലക്ഷ്യം സത്യദൈവത്തെക്കുറിച്ച് ചില ആത്മികയാഥാർത്ഥ്യങ്ങൾ നമ്മെ അറിയിക്കുക മാത്രമായിരുന്നില്ല, മറിച്ച് സത്യദൈവത്തെ വ്യക്തിപരമായി അറിയുന്നതിലൂടെ ദൈവിക കൂട്ടായ്മയുള്ള നിത്യജീവൻ ഉള്ളവരും നിത്യജീവന്റെ ഉറപ്പുള്ളവരാക്കിത്തീർക്കുക എന്നതുമായിരുന്നു (ഗലാ. 4:8-9). അതുകൊണ്ട് ദൈവത്തെ അവന്റെ പുത്രനിലൂടെ അറിഞ്ഞ "**നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽതന്നെ ആകുന്നു**" എന്ന ഉറച്ച ദൈവിക ബോധ്യവും നമുക്കുണ്ട്. അവനിൽ ആകുക എന്നത് ഒരു അവസ്ഥയാണ്. യഥാർത്ഥവിശ്വാസികൾ ദൈവത്തിലും ദൈവപുത്രനിലുമാണ് വസിക്കുന്നത് (യോഹ. 10:27-30; 17:21; 2 തെസ്സ. 1:1; 1 യോഹ. 2:23-24). യേശു പിതാവിൽ ഇരിക്കുന്നതുപോലെ പിതാവ് പുത്രനിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും ഇരിക്കുന്നു എന്ന് കർത്താവു തന്നെ പറഞ്ഞു (യോഹ. 14:20,23). വീണ്ടും ജനിച്ചവർ സ്ഥാനീയമായി പുത്രനിലും പിതാവിലും ഇരിക്കുന്നുവെങ്കിലും പ്രായോഗികതലത്തിൽ അനുസരണത്തിലൂടെ മാത്രമാണ് ഇത് അനുഭവിക്കുവാൻ കഴിയുന്നത് (1 യോഹ. 3:23,24).

മാത്രമല്ല, ഈ ദൈവപുത്രൻ തന്നെ **"സത്യദൈവവും നിത്യ ജീവനും ആകുന്നു"** എന്ന അറിവും അവർക്കുണ്ട്. ദുരുപദേഷ്ടാക്കൾ നിഷേധിച്ചുവന്ന യേശു സാക്ഷാൽ ആരാണെന്ന് അനുവാചകർ അറിയുവാൻ യോഹന്നാൻ ഇവിടെ വ്യക്തമാക്കുന്നു (ഫിലി. 2:6–11; കൊലൊ. 29; എബ്രാ. 1:3–12; വെളി. 19:16). **"സത്യദൈവം"** പിതാവിനെയും (യോഹ. 17:3) **"നിത്യജീവൻ"** പുത്രനെയും സൂചിപ്പിക്കുന്നുവെങ്കിലും (യോഹ. 11:25; 14:6; 1 യോഹ. 1:2) അന്തസത്തയിൽ പിതാവും പുത്രനും ഒന്നാകുന്നു (യോഹ. 10:30). അപ്പൊസ്തലനായ യോഹന്നാന്റെ കാഴ്ചപ്പാടിൽ മനുഷ്യനായ ഈ യേശുതന്നെ മശിഹയും ദൈവപുത്രനും ദൈവവും നിത്യജീവൻ വ്യക്തിത്വം പ്രാപിച്ചവനും ആകുന്നു. കാരണം ദൈവപുത്രനായ യേശു പിതാവിനെ തന്റെ സ്വരൂപത്തിലൂടെയും ജീവിതത്തിലൂടെയും ഉപദേശത്തിലൂടെയും അടയാളങ്ങളിലൂടെയും സകലത്തിന്റെയും അധികാരി എന്ന നിലയിലും ജീവന്റെ പരമാധികാരി എന്ന നിലയിലും നിത്യജീവന്റെ ദാതാവ് എന്ന നിലയിലും പൂർണ്ണമായി വെളിപ്പെടുത്തിയതിനാൽ (കൊലൊ. 2:9) അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. അവനിൽ ജീവൻ ഉണ്ടായിരുന്നു. ആ ജീവനാണ് നമുക്ക് ആത്മികജീവനും ആത്മികവെളിച്ചവുമായിരിക്കുന്നത് (1 യോഹ. 1:4). ക്രിസ്തുവിലൂടെ നമുക്ക് നിത്യജീവൻ ലഭിക്കുന്നുവെങ്കിലും ജീവന്റെ ഉത്ഭവം ദൈവമാണ് (1 യോഹ. 5:11,12). ഈ ദൈവത്തെ ക്രിസ്തുവിലൂടെ അറിയുന്നതാണ് നമുക്ക് നിത്യജീവൻ യാഥാർത്ഥ്യമാക്കുന്നത് (യോഹ. 17:3). അർത്ഥാൽ, പുത്രനെ ദൈവമായും (യോഹ. 1:1; 5:26; 20:28) ജീവന്റെ മുഖാന്തരമായും യോഹന്നാൻ ചിത്രീകരിക്കുന്നു (യോഹ. 11:25; 14:6; 1 യോഹ. 1:2; 5:12).

എന്നാൽ ഈ ആത്മിക യാഥാർത്ഥ്യങ്ങൾക്കും ദൈവികബോധ്യങ്ങൾക്കും എതിരായി നില്ക്കുന്ന എല്ലാ ഉപദേശവും ഉപദേഷ്ടാക്കളും പ്രസ്ഥാനങ്ങളും വ്യാജവും നിർജ്ജീവവും ആകുന്നു. അർത്ഥാൽ, അവയെല്ലാം വിഗ്രഹങ്ങൾ മാത്രമാകുന്നു. ദൈവമക്കൾ അതിൽനിന്നെല്ലാം അകന്ന് നില്ക്കേണ്ടവർ ആകുന്നു (2 കൊരി. 6:16–18). അതുകൊണ്ടാണ് **"കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്ന് സൂക്ഷിച്ചുകൊൾവിൻ"** (വാ. 21) എന്നുള്ള മുന്നറിയിപ്പോടെ യോഹന്നാൻ തന്റെ ആലേഖനം ഉപസംഹരിക്കുന്നത്. ഇവിടെയിത് അടിയന്തിരമായ ഒരു കല്പനയാണ്. മാത്രമല്ല, വ്യക്തിപരമായി തുടർമാനമായ ഒരു ജാഗ്രതയും ഇത് നിർദ്ദേ

ശിക്കുന്നു.

**"വിഗ്രഹങ്ങൾ"** എന്നതുകൊണ്ട് യോഹന്നാൻ ഇവിടെ ഉദ്ദേശിക്കുന്നത് ജീവനില്ലാത്ത ബിംബങ്ങൾ ആകുന്നുവെങ്കിൽ അവയിൽനിന്നും അകന്നുനില്ക്കുക എന്നും ആത്മികജീവൻ ഇല്ലാത്ത മനുഷ്യബിംബങ്ങൾ ആകുന്നുവെങ്കിൽ അതിനോട് എതിർത്തുനില്ക്കുക എന്നുമാണ് ഇതിനർത്ഥം.

മാത്രമല്ല, **"വിഗ്രഹങ്ങൾ"**ക്കു മുമ്പിൽ വിശേഷണഭേദകം (the) ഉള്ളതുകൊണ്ട് ഏതെങ്കിലും വിഗ്രഹങ്ങളെയല്ല, മറിച്ച് അനുവാചകർ അറിയുന്നതും അവർക്ക് അപ്പൊസ്തലന്മാരിലൂടെ മുന്നറിയിപ്പായി ലഭിച്ചിട്ടുള്ളതുമായ വിഗ്രഹങ്ങളെയാണ് ഇതു സൂചിപ്പിക്കുന്നത്. വ്യാകരണപ്രകാരം നോക്കുമ്പോൾ (phylaxate - imperative of command) ഇവിടെ അപ്രതീക്ഷിതമായ ഒരു അപകടം മുന്നിൽ കണ്ടയുടനെ അനുസരിക്കേണ്ടതായ ഒരു പ്രത്യേകകല്പനയായിട്ടാണ് ഇതിരിക്കുന്നത്.

ലോകത്തെല്ലായിടത്തും വിഗ്രഹാരാധന സാധാരണമായിരുന്ന അക്കാലത്ത് സഭ അഭിമുഖീകരിച്ചിരുന്ന മുഖ്യപ്രശ്നം വിഗ്രഹാരാധനയായിരുന്നുവെന്നതും (റോമർ 1:23; 1 കൊരി. 8:4-7; 10:14.19; 2 കൊരി. 6:16; 1 തെസ്സ. 1:9,10) സഭകൾക്കുവേണ്ടി അപ്പൊസ്തലന്മാരും മൂപ്പന്മാരും യെരൂശലേമിൽനിന്ന് എഴുതിയതിൽ വിഗ്രഹാർപ്പിതം വിട്ടുനില്ക്കേണം എന്ന് പ്രത്യേകം സൂചിപ്പിച്ചതും (അപ്പൊ. 15:20,29; 21:25) ഇവിടെ വിസ്മരിക്കുന്നില്ല.

എങ്കിലും യോഹന്നാനെ സംബന്ധിച്ച് ദൈവത്തെയും ദൈവപുത്രനെയും വചനം വെളിപ്പെടുത്തുന്നതിൽനിന്നും വ്യത്യസ്തമായി ചിത്രീകരിക്കുന്നതും അങ്ങനെ രൂപപ്പെടുത്തിയ ഉപദേശങ്ങൾ (c.f. റോമർ 6:17) സ്വീകരിക്കുന്നതും വിഗ്രഹാരാധനയാണ്. ഇതായിരുന്നു അക്കാലത്തെ ദുരുപദേഷ്ടാക്കൾ പ്രധാനമായും ചെയ്തുകൊണ്ടിരുന്നത്. എന്നാൽ ദൈവത്തിൽനിന്നും ജനിച്ചിരിക്കുന്നവർക്കെല്ലാം ദൈവിക സംരക്ഷണവും ആത്മികപരിജ്ഞാനവും ഉണ്ട്. അതുകൊണ്ട് അവർ ഈ നിലയിൽ പാപം ചെയ്യുന്നില്ല. ദുഷ്ടന് അവരെ തൊടുവാൻ കഴിയുന്നുമില്ല. ഇക്കാര്യങ്ങളെക്കുറിച്ച് അവർക്കുള്ള ദൈവിക ബോധ്യം അടിസ്ഥാനമാക്കി ദൈവികകൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവർ ആകാമെന്ന് യോഹന്നാൻ ഇവിടെ വ്യക്തമാക്കുന്നു.

ക്രിസതുവിശ്വാസികൾ എന്ന് അവകാശപ്പെടുന്നവർക്ക് ഇന്ന് എങ്ങനെ ദൈവിക കൂട്ടായ്മയുള്ള നിത്യജീവന്റെ ഉറപ്പുള്ളവർ ആകാം എന്നാണ് യോഹന്നാൻ ഈ ലേഖനത്തിലൂടെ പറയുന്നത്.

i. ദൈവിക സുവിശേഷത്തിൽ വിശ്വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (1:1-4).

ii. ദൈവിക വെളിച്ചത്തിൽ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ (1:5-2:2).

iii. ദൈവിക കല്പനകൾ പ്രമാണിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:3-17).

iv. ദൈവപുത്രനിൽ വസിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:18-28).

v. ദൈവിക നീതി പ്രവൃത്തിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (2:29-3:10).

vi. ദൈവിക സ്നേഹം വെളിപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ (3:11-24).

vii. ദൈവിക ഉപദേശം സ്വീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (4:1-6).

viii. ദൈവിക സ്നേഹത്തിൽ വിജയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (4:7-5:5).

ix. ദൈവിക ബോധ്യത്തിൽ ആശ്രയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (5:6-21).

***